ശ്രീശങ്കരഭഗവത്പാദ കൃത

സർവവേദാന്തസിദ്ധാന്ത സാരസംഗ്രഹം

(ഭാഷാവ്യാഖ്യാനസഹിതം)

സ്വാമി ജ്ഞാനാനന്ദസരസ്വതി



ശ്രീശങ്കരഭഗവത്പാദ കൃത

സർവവേദാന്തസിദ്ധാന്ത സാരസംഗ്രഹം

(ഭാഷാവ്യാഖ്യാനസഹിതം)

സ്വാമി ജ്ഞാനാനന്ദസരസ്വതി

E-book Published By
http://malayalamebooks.org/
February 2011

ഉള്ളടക്കം

മുഖവുര

എണ്ണത്തിൽ ഏഴുപതിലധികം വരുന്ന ശ്രീശങ്കരഭഗവൽപാദരുടെ വേദാന്തപ്രകരണങ്ങളിൽ എല്ലാംകൊണ്ടും ബൃഹത്തും മഹത്തുമായ പ്രകരണമാണ് സർവ്വവേദാന്തസിദ്ധാന്തസാര സംഗ്രഹം. ഈ ഒരു പ്രകരണത്തെമാത്രം ശരിയായി പഠിച്ചാൽ തന്നെ ഒരാൾക്ക് അദ്വൈത വേദാന്തത്തിൽ നിസ്സംശയമായ അറിവുണ്ടാവാം. അത്രമാത്രം വിപുലവും സമ്പൂർണ്ണവുമാണ് ഇതിലെ പ്രതിപാദനം. പ്രായേണ ശാസ്ത്രത്തിന്റെ എല്ലാവശങ്ങളേയും സ്പർശിക്കുകയും ആവശ്യമുള്ളിടത്തു പൂർവ്വപക്ഷങ്ങളെ അവതരിപ്പിക്കുകയും സിദ്ധാന്തങ്ങളെ സമർത്ഥിക്കുകയും ചെയ്തിട്ടുണ്ട്. അതിനാൽ വേദാന്ത വിദ്യാർത്ഥികൾക്കും, ജിജ്ഞാസുക്കൾക്കും ഈ പ്രകരണം വലിയൊരനുഗ്രഹം തന്നെയാണ്. അവസ്ഥാത്രയവും, പഞ്ചകോശങ്ങളുമാകുന്ന അജ്ഞാനകാര്യങ്ങളിൽ ഭ്രമിച്ച് സത്യബുദ്ധിയോടെ ജനനമരണങ്ങളേയും, സുഖദുഃഖങ്ങളേയും അനുഭവിച്ചുകൊണ്ടിരി ക്കുന്ന ആർത്തനായ ജീവനെ അങ്ങനെയുള്ള ദയനീയാവസ്ഥയിൽ നിന്നുദ്ധരിച്ച് അമൃതത്വത്തെ പ്രാപിപ്പിക്കുന്നതിൽപ്പരം ശ്രേഷ്ഠമായൊരനുഗ്രഹം മറ്റെന്താണുള്ളത്? ആ മഹത്തായ കൃത്യമാണ് പ്രകരണങ്ങൾ വഴിക്ക് ആചാര്യന്മാർ ചെയ്തിരിക്കുന്നത്. മഹത്തായ ആ സേവനത്തെ എത്രതന്നെ വാഴ്ത്തിയാലും അധികമാവുന്നില്ല.

പല ആചാര്യന്മാരും വേദാന്തശാസ്ത്രത്തെ പ്രകരണസ്വരൂപേണ അവതരിപ്പിച്ചിട്ടുണ്ട്. എങ്കിലും ശ്രീശങ്കരഭഗവൽപാദരോളം ആ വിഷയത്തിൽ വിജയം കൈവരിച്ചവർ

മറ്റാരുമുണ്ടെന്നു തോന്നുന്നില്ല. പല വലുപ്പത്തിലും എഴുപതി ലധികം പ്രകരണങ്ങളെയാണ് ആചാര്യപാദരവതരിപ്പിച്ചിരിക്കു ന്നത്. അവയെല്ലാം ഒരേ വിഷയത്തെമാത്രം കൈകാര്യം ചെയ്യുന്നവയാണെങ്കിലും ആകൃതിയിലും പ്രകൃതിയിലും പ്രത്യേക സ്വഭാവവും പുതുമയുമുള്ളവയാണുതാനും. അങ്ങനെ യുള്ള പ്രകരണങ്ങളിൽ എല്ലാ പ്രകാരത്തിലും വളരെ ശ്രേഷ്ഠവും ആകർഷകവുമായിട്ടുണ്ട്. സർവ്വവേദാന്തസിദ്ധാന്തസാരസംഗ്രഹ മെന്ന ഈ പ്രകരണം. ഇതിനെ മലയാള വ്യാഖ്യാനത്തോടുകൂടി അച്ചടിപ്പിച്ച് വായനക്കാരുടെ മുമ്പിൽ അവതരിപ്പിക്കാൻ കഴിഞ്ഞതിൽ ഞങ്ങൾക്കതിയായ സന്തോഷമുണ്ട്. വ്യാഖ്യാനം എത്രത്തോളം പ്രയോജനപ്പെട്ടിട്ടുണ്ടെന്നു വായനക്കാർ തീർച്ച പ്പെടുത്തട്ടെ.

ഈ പുസ്തകത്തിന്റെ ഭാരിച്ച അച്ചടിച്ചിലവ് മുഴുവൻ നിർവ്വഹിച്ചത് ഉദാരനിധിയായ ഒരു ഭക്തനാണ്. അദ്ദേഹത്തിന്റെ പേർ വെളിപ്പെടുത്തുന്നത് അദ്ദേഹത്തിനിഷ്ടമില്ലാത്തതിനാൽ വ്യക്തമാക്കുന്നില്ല. അനുഗൃഹീതനായ അദ്ദേഹത്തിന്റെ ത്യാഗ വേദിയിൽ ഞങ്ങളുടെ വിനീതമായ കൂപ്പുകൈ അർപ്പിച്ചു കൊള്ളുന്നു.

ആനന്ദകുടിരം
കന്യാകുമാരി.4–2–1995
സ്വാമി ജ്ഞാനാനന്ദസരസ്വതി

1. വന്ദനം

അഖണ്ഡാനന്ദസംബോധോ വന്ദനാദ്യസ്യ ജായതേ
ഗോവിന്ദം തമഹം വന്ദേ ചിദാനന്ദതനും ഗുരും 1

ആരുടെ പാദവന്ദനം ഹേതുവായിട്ട് അഖണ്ഡാനന്ദസ്വരൂപമായ ബ്രഹ്മജ്ഞാനമുണ്ടാവുന്നുവോ, ചിദാനന്ദമൂർത്തിയായ ആ ഗോവിന്ദാചാര്യനെ ഞാൻ വന്ദിക്കുന്നു. ആചാര്യാനുഗ്രഹമാണ് ആത്മജ്ഞാനത്തിന്നു മുഖ്യഹേതു. തന്നെ ആശ്രയിച്ചവരെ പൂർണ്ണമായനുഗ്രഹിക്കുകയെന്നതു ദയാശീലന്മാരായ ആചാര്യന്മാരുടെ സ്വഭാവവുമാണ്. അതിനാൽ ഒരു പ്രാവശ്യം പാദത്തിൽ നമസ്കരിക്കുമ്പോൾത്തന്നെ കാരുണ്യാതിരേകത്താൽ ശിഷ്യനെ പൂർണ്ണമായനുഗ്രഹിച്ചു ജ്ഞാനസമ്പന്നനും കൃതകൃത്യനുമാക്കിത്തീർക്കുന്നുവെന്നു താൽപര്യം. അപ്രകാരമുള്ള ജ്ഞാനസ്വരൂപിയും കരുണാമയനുമായ ഗോവിന്ദാചാര്യരെ ഞാൻ വന്ദിക്കുന്നു. അല്ലെങ്കിൽ ചിൽസ്വരൂപിയും കരുണാനിധിയുമായ ഗോപാലകൃഷ്ണപരമാത്മാവിനെ ഞാൻ വന്ദിക്കുന്നു. ശ്രീകൃഷ്ണപരമാത്മവിനും ഗോവിന്ദാചാര്യനും തുല്യഗുണമുള്ളവരാണെന്നും അല്ലെങ്കിൽ അവർ രണ്ടാളല്ല, ഒരാൾ തന്നെ എന്നും താൽപര്യം.

അഖണ്ഡം സച്ചിദാനന്ദം അവാങ്മനസഗോചരം
ആത്മാനമഖിലാധാരം ആശ്രയേƒഭീഷ്ടസിദ്ധയേ 2

വാക്കിന്നും മനസ്സിന്നും പിടിക്കിട്ടാത്തതും വാക്കുകൊണ്ടു പറയാനോ മനസ്സുകൊണ്ടു വിചാരിക്കാനോ കഴിയാത്തതും എന്നാൽ എല്ലാ ചരാചരജന്തുക്കളുടെയും ഹൃദയാന്തർഭാഗത്ത്

എപ്പോഴും വിളങ്ങിക്കൊണ്ടിരിക്കുന്നതുമാണ് ജഗത്തിന്നാധാരമായ ആത്മതത്ത്വം. സത്ത്, ചിത്ത്, ആനന്ദം എന്നീ ലക്ഷണങ്ങളിലൂടെ മാത്രമേ ആത്മാവിനെ അറിയാൻ സാധിക്കൂ. സച്ചിദാനന്ദസ്വഭാവം മറ്റു വസ്തുക്കൾക്കൊന്നുമില്ലാത്തതും ആത്മാവിന്നുമാത്രം ഉള്ളതുമായ ലക്ഷണമാണ്. അതിനാൽ പ്രസ്തുതലക്ഷണങ്ങളിലൂടെ ചിത്തശുദ്ധിയുള്ളൊരാൾക്ക് ആത്മാവിനെ അറിയാം. അറിഞ്ഞു സാക്ഷാൽകരിക്കുമ്പോൾ ദൃഷ്ടാദൃഷ്ടങ്ങളായ ലോകങ്ങൾക്കു മുഴുവൻ ആധാരവും അപരിച്ഛിന്നവുമാണ് ആത്മാവെന്നു ബോദ്ധ്യമാവും. വസ്തുക്കളിലോരോന്നിലും അവയുടെ സത്തയായി വിളങ്ങുന്ന ആത്മചൈതന്യം വസ്തുക്കളുടെ നാനാത്വംകൊണ്ട് പലതാണെന്നു തോന്നാമെങ്കിൽക്കൂടി പലതല്ല; ഏകവും അദ്വൈതവുമാണ്. എല്ലാ ജഗത്തും ആത്മാവിൽ നിന്നുണ്ടായി, ആത്മാവിൽ നിലനിന്ന്, ആത്മാവിൽത്തന്നെ ലയിക്കുന്നവയാണ്. അതിനാൽ ആത്മാവു മാത്രമാണ് പരമമായ സത്യവസ്തു. ആ സത്യവസ്തുവിന്റെ ആനുകൂല്യം കൊണ്ടാണ് എല്ലാവരുടേയും എല്ലാ അഭീഷ്ടങ്ങളും നിറവേറ്റുന്നത്. അതിനാൽ എന്റെ അഭീഷ്ടസിദ്ധിക്കായിക്കൊണ്ടു ഞാനും സർവ്വാശ്രയമായ ആത്മചൈതന്യത്തെ സമ്പൂർണ്ണമായാശ്രയിക്കുന്നു.

യദാലംബോ ദരം ഹന്തി സതാം പ്രത്യുഹസംഭവം
തദാലംബേ ദയാലംബം ലംബോദരപദാംബുജം **3**

സജ്ജനങ്ങൾക്കു മിക്കപ്പോഴും ഉണ്ടാവാറുള്ളതാണ്, നല്ല കാര്യങ്ങൾ വല്ലതും ചെയ്യാൻ തുടങ്ങുമ്പോൾ വിഘ്നമുണ്ടാവുമോ എന്ന ഭയം. എന്നാൽ അങ്ങനെയുള്ള പ്രതിബന്ധഭയം കൊണ്ട് ആരും നല്ല കാര്യങ്ങളൊന്നും ചെയ്യാറില്ല എന്നു പറഞ്ഞുകൂടാ. ചെയ്യുന്നവരൊക്കെ വിഘ്നഹന്താവായ

വിഘ്നേശ്വരന്റെ പാദകമലങ്ങളെ ആശ്രയിച്ചാണ് ചെയ്യാറുള്ളത്. അതിനാൽ അവയ്ക്കു വിഘ്നബാധയുണ്ടാവാറുമില്ല. അതു കൊണ്ടു ഞാനും തുടങ്ങുവാൻ പോവുന്ന സർവ്വവേദാന്തസാരസംഗ്രഹ മെന്ന പ്രകരണത്തിന്റെ നിർവ്വിഘ്നപ്രസമാപ്തിക്കുവേണ്ടി ദയാ പൂർണ്ണമായ ഹേരംബപാദങ്ങളെ പൂർണ്ണമായാശ്രയിക്കുന്നു.

2. സാധനചതുഷ്ടയം

വേദാന്തശാസ്ത്രസിദ്ധാന്തസാരസംഗ്രഹ ഉച്യതേ
പ്രേക്ഷാവതാം മുമുക്ഷൂണാം സുഖബോധോപപത്തയേ 4

തത്ത്വാന്വേഷകരും ജിജ്ഞാസുക്കളുമായ മോക്ഷേച്ഛുക്ക ൾക്കു സുഗമമായി വേദാന്തശാസ്ത്രസിദ്ധാന്തരൂപമായ തത്ത്വ ത്തെ ഗ്രഹിക്കാൻവേണ്ടി സർവ്വവേദാന്തസിദ്ധാന്തസാരസംഗ്രഹ മെന്ന പ്രകരണത്തെപ്പറയാൻ തുടങ്ങുകയാണ്. ശാസ്ത്രത്തിൽ പറയാത്ത ഒരു പുതിയ കാര്യത്തെയല്ല പറയാൻ തുടങ്ങുന്നത്. ശാസ്ത്രസിദ്ധാന്തങ്ങളെതന്നെ ലളിതഭാഷയിൽ അവതരിപ്പിക്കുക മാത്രമാണ് ചെയ്യുന്നത്. ശാസ്ത്രമുണ്ടായിരിക്കെ അതിലെ സിദ്ധാന്തങ്ങളെ മറ്റൊരാളവതരിപ്പിക്കേണ്ട ആവശ്യമെന്തെന്നാ ണെങ്കിൽ ശാസ്ത്രം ദുർഗ്രഹമാണ്. അല്പബുദ്ധികൾക്കു സൂക്ഷ്മ ങ്ങളും നിഗൂഢങ്ങളുമായ ശാസ്ത്രസിദ്ധാന്തങ്ങളെ ഗ്രഹിക്കാൻ കഴിഞ്ഞെന്നുവരില്ല. അങ്ങനെയുള്ളവർക്കു തത്ത്വബോധത്തിനു അതുവഴി ജന്മസാഫല്യത്തിനും ഈ പ്രകരണം അവതരിപ്പിക്ക പ്പെടുന്നു.

അസ്യ ശാസ്ത്രാനുസാരിത്വാൽ അനുബന്ധചതുഷ്ടയം
യദേവ മൂലം ശാസ്ത്രസ്യ നിർദ്ദിഷ്ടം തദിഹോച്യതേ 5

അനുബന്ധചതുഷ്ടയം ശാസ്ത്രത്തിന്റെ അടിസ്ഥാനമാണെന്നു പറയാറുണ്ട്. അവയുടെ അതിർത്തിൽ നിന്നുകൊണ്ടു വേണം ശാസ്ത്രത്തെ പ്രതിപാദിക്കാൻ. അതിന്റെ പുറത്തുള്ള വിഷയ ങ്ങളെ കൈകാര്യം ചെയ്യരുതെന്നാണ് നിയമം. ശാസ്ത്രത്തെ അനുസരിച്ചാണ് ഈ പ്രകരണം അവതരിപ്പിക്കുന്നതെന്ന കാരണത്താൽ അനുബന്ധചതുഷ്ടയത്തെ ഇവിടെയും പറയേണ്ടിവന്നിരിക്കുന്നു. അതുകൊണ്ട് അതിനെപ്പറയാം.

അധികാരീ ച വിഷയഃ സംബന്ധശ്ച പ്രയോജനം
ശാസ്ത്രാരംഭഫലം പ്രാഹുരനുബന്ധചതുഷ്ടയം 6

അധികാരി, വിഷയം, സംബന്ധം, പ്രയോജനം എന്നീ നാലിനെയാണ് അനുബന്ധചതുഷ്ടയമെന്നു പറയുന്നത്. ഈ ശാസ്ത്രത്തെ പഠിക്കാൻ ആരാണധികാരി, എന്തു വിഷയ മാണിതിൽ പ്രതിപാദിക്കാൻ പോവുന്നത്, ഏതിനോടു സംബന്ധപ്പെട്ടതാണ്, ഈ ശാസ്ത്രം പഠിക്കുന്നതുകൊണ്ടുള്ള പ്രയോജനമെന്താണ് എന്നു ക്ലപ്തപ്പെടുത്തുകയാണ് അനുബന്ധചതുഷ്ടയംകൊണ്ട് ചെയ്യുന്നതു. ശാസ്ത്രത്തിന്റെ ആരംഭഫലമാണ് അങ്ങനെ ചെയ്യുന്നതെന്നും പറയാറുണ്ട്.

ചതുർഭിഃ സാധനൈഃ സമ്യക് സമ്പന്നോ യുക്തിദക്ഷിണഃ
മേധാവീ പുരുഷോ വിദ്വാൻ അധികാര്യത്ര സമ്മതഃ 7

ജ്ഞാനസമ്പാദനത്തിന്നൊഴിക്കാൻപാടില്ലാത്ത നാലു സാധനങ്ങൾ വേണ്ടപോലെ ഇണങ്ങിച്ചേർന്നവനായിരിക്കണം. (ആത്മാനാത്മവിവേകം, ഇഹാമുത്രഫലഭോഗവിരാഗം, ശമാദി ഷൾക്കസമ്പത്തി, മുമുക്ഷുത്വം ഇവയാണ് നാലു സാധനങ്ങൾ. അവയെ മേലിൽ നിരുപിക്കുന്നുമുണ്ട്). യുക്തിവിചാരം ചെയ്യുന്നതിൽ സമർത്ഥനും ബുദ്ധിമാനുമായിരിക്കണം. കൂടാതെ

അന്യശാസ്ത്രങ്ങളെ പഠിച്ച ആളുമായിരിക്കണം അങ്ങനെയുള്ള പുരുഷനാണ് വേദാന്തശാസ്ത്രം പഠിക്കാൻ സമ്മതനായ അധികാരി, അധികാരത്തിന്റെ കുറവുകൊണ്ട് വേണ്ടപോലെ പഠിച്ചാൽക്കൂടി വേണ്ടത്ര പ്രയോജനമുണ്ടാവാത്തതു, ശാസ്ത്രാധികാരം പൂർണ്ണമാവുമ്പോൾ വേഗത്തിൽ പ്രയോജനപ്പെടുക്കയും ചെയ്യും.

വിഷയഃ ശുദ്ധചൈതന്യം ജീവബ്രഹ്മൈക്യലക്ഷണം
യത്രൈവ ദൃശ്യതേ സർവ്വവേദാന്താനം സമന്വയം 8

ജീവാത്മപരമാത്മൈക്യമാകുന്ന ലക്ഷണത്തോടുകൂടിയ നിർഗ്ഗുണബ്രഹ്മമാകുന്ന ശുദ്ധചൈതന്യമാണ് വേദാന്തശാസ്ത്രത്തിലെ പ്രതിപാദ്യവിഷയം. വേദാന്തശാസ്ത്രത്തിലെ എല്ലാ ഗ്രന്ഥങ്ങളും പ്രതിപാദന ശൈലി വ്യത്യസ്തയായിരുന്നാൽ ക്കൂടി പ്രതിപാദ്യവസ്തുവിൽ സമന്വയിക്കുന്നുണ്ട്. മറ്റൊരു വിഷയം വേദാന്ത ശാസ്ത്രത്തിന്നു കൈകാര്യം ചെയ്യാനില്ല. അതിനാൽ ഏതു വേദാന്ത ഗ്രന്ഥമായാലും ശുദ്ധബ്രഹ്മതത്ത്വനിരൂപണം മാത്രമാണ് വിഷയം. അതുതന്നെ ഈ പ്രകരണത്തിലും പ്രതിപാദ്യവിഷയം.

ഏതദൈക്യപ്രമേയസ്യ പ്രമാണസ്യാപി ച ശ്രുതേഃ
സംബന്ധഃ കത്ഥ്യതേ സത്ഭിർബ്ബോധ്യബോധകലക്ഷണഃ 9

ജീവാത്മപരമാത്മതത്ത്വങ്ങളുടെ ഐക്യമാകുന്ന പ്രമേയവും ശ്രുതിവാക്യങ്ങളാകുന്ന പ്രമാണവും തമ്മിലുള്ള യോജിപ്പാണ് സംബന്ധം. ശ്രുതിപ്രാമാണ്യത്തോടുകൂടാതെ സ്വേച്ഛയായി ഒന്നും തന്നെ പറഞ്ഞിട്ടില്ല. ശ്രുതിപ്രമാണങ്ങളെ മുൻനിർത്തിക്കൊണ്ടുള്ള പ്രതിപാദനംതന്നെ സംബന്ധം ശ്രുതിവിരുദ്ധമായ

പ്രതിപാദനമില്ലായ്മയും ശ്രുതികളോടുള്ള യോജിപ്പും തന്നെ സംബന്ധമെന്നു താൽപര്യം.

ബ്രഹ്മാത്മൈകത്വവിജ്ഞാനം സന്തഃ പ്രാഹുഃ പ്രയോജനം
യേന നിശ്ശേഷസംസാരബന്ധാൽ സദ്യഃ പ്രമുച്യതേ 10

ആത്മബ്രഹ്മൈക്യസ്വരൂപമായ അദ്വൈതജ്ഞാനം തന്നെ പ്രയോജനം. അനാദികാലം മുതൽക്കാരംഭിച്ച ജനനമരണ സ്വരൂപേണ നാനാകാലദേശയോനികളിൽ ഒഴുകിക്കൊണ്ടിരിക്കുന്ന അജ്ഞാനപ്രവാഹത്തിന്റെ സദ്യോനിവൃത്തിയുണ്ടാവുന്നു പ്രസ്തുതജ്ഞാനംകൊണ്ട്. ജന്മസാഫല്യംതന്നെ പ്രയോജനമെന്നു ചുരുക്കം.

പ്രയോജനം സംപ്രവൃത്തേഃ കാരണം ഫലലക്ഷണം
പ്രയോജനമനുദ്ദിശ്യ ന മന്ദോപി പ്രവർത്തതേ 11

പ്രയോജനമാണ് പ്രവൃത്തിക്കു കാരണം. ഒരു ഫലവുമില്ല ഒരു പ്രവൃത്തിക്കെന്നറിയുമ്പോൾ കേവലം ബുദ്ധിശൂന്യന്മാർ പോലും അതു ചെയ്യാനൊരുങ്ങില്ല. അതുപോലെ ധാരാളം ഫലാനുഭൂതിയോടുകൂടിയതാണ് ഒരു പ്രവൃത്തിയെന്നറിയുമ്പോൾ അതു ചെയ്യാൻ പലർക്കും ഉത്സാഹമുണ്ടാകും. എന്തുകൊണ്ടെന്നാൽ പ്രവൃത്തിയെയല്ല ആരും ഇഷ്ടപ്പെടുന്നതു; ഫലത്തെയാണ്. ഫലം കുറവാണ് ഒരു പ്രവൃത്തിക്കെന്നറിയുമ്പോൾ അതു ചെയ്യുന്നവരുടെ ഉത്സാഹവും കുറയും. അതിനാൽ ഫലപ്രഖ്യാപനം അത്യാവശ്യമാണ്.

സാധനചതുഷ്ടയസമ്പത്തിര്യസ്യാസ്തി ധീമതഃ പുംസഃ
തസ്യൈവൈതൽ ഫലസിദ്ധിർനാന്യസ്യ കിഞ്ചിദൂനസ്യ 12

ബുദ്ധിമാനും, സാധനചതുഷ്ടയസമ്പന്നനുമായ പുരുഷനാണ് വേദാന്തശാസ്ത്രത്തിൽ വേണ്ടപോലെ പ്രവർത്തിച്ചാലും വേഗത്തിൽ ഫലസിദ്ധിയുണ്ടാവുന്നത്. സാധനചതുഷ്ടയത്തിൽ ഏതെങ്കിലും ഒന്നിന്റെ കുറവുണ്ടെങ്കിൽ ഫലസിദ്ധിക്കു കാലതാമസമെങ്കിലും നേരിടുമെന്നതു തർക്കമറ്റ സംഗതിയാണ്. അതിനാൽ ഫലാനുഭൂതിക്കുള്ള പ്രയത്നം തുടങ്ങുന്നതിനു മുമ്പുതന്നെ സാധനചതുഷ്ടയത്തെ വേണ്ടപോലെ ഉറപ്പിക്കാനാണ് സാധകൻ ശ്രദ്ധിക്കേണ്ടത്.

ചത്വാരി സാധനാന്യത്ര വദന്തി പരമർഷയഃ
മുക്തിർയ്യേഷാം നു സത്ഭാവേ നാഭാവേ സിദ്ധ്യതി ധ്രുവം 13

മഹാജ്ഞാനനിധികളായ ഋഷികൾ പോലും വേണ്ടപോലെ വളർത്തപ്പെട്ട നാലു സാധനങ്ങളാണ് മുക്തിക്കു ഹേതുവെന്നു പറയുന്നു. അവ വേണ്ടപോലെ വളർന്നിരിക്കുമ്പോൾ മുക്തി സുഗമമാണ്. അതുപോലെ അവയുടെ അഭാവത്തിൽ മുക്തി വിദൂരസ്ഥിതയാവുകയെങ്കിലും ചെയ്യും. അപ്രകാരമുള്ള സാധനചതുഷ്ടയത്തെ നിരൂപിക്കാം.

ആദ്യം നിത്യാനിത്യവസ്തുവിവേകഃ സാധനം മതം
ഇഹാമുത്രാർത്ഥഫലഭോഗവിരാഗോ ദ്വിതീയകം 14

മുൻ പറഞ്ഞ സാധനചതുഷ്ടയത്തെ നിരൂപിക്കാൻ തുടങ്ങുകയാണ്. നിത്യാനിത്യവിവേകം ഒന്നാമത്തേയും, ഇഹാമുത്ര ഫലഭോഗവിഭാഗം രണ്ടാമത്തെയും സാധനങ്ങളാണ്. ഒന്നാമത്തെ, രണ്ടാമത്തെ എന്നിങ്ങനെ എണ്ണുന്നത് ആദ്യത്തേതുണ്ടായാൽ മാത്രമേ അനന്തരസാധനമുണ്ടാവു എന്നു കാണിക്കാനാണ്.

ശമാദിഷൾക്കസമ്പത്തിസ്തൃതീയം സാധനം മതം

തുരീയം തു മുമുക്ഷത്വം സാധനം ശാസ്ത്രസമ്മതം 15

ശമം, ദമം, തിതിക്ഷ, ഉപരതി, ശ്രദ്ധ, സമാധാനം എന്നീ ആറു ധർമ്മങ്ങൾ കൂടിയ ശമാദിഷൾക്കമെന്നു പറയുന്നതു. അത് മൂന്നാമത്തെ സാധനമാണ്. മുമുക്ഷുത്വം അല്ലെങ്കിൽ മോക്ഷേച്ഛ നാലാമത്തേയും സാധനമാണെന്നാണ് ശാസ്ത്ര സിദ്ധാന്തം, ആദ്യമാദ്യം പറഞ്ഞവ ഉണ്ടായി വളർന്നാൽ മാത്രമെ പിന്നീട് പറയുന്നവയുണ്ടാവാൻ പോവുന്നുള്ളു.

3. വിവേകം

ബ്രഹ്മൈവ നിത്യമന്യത്തു ഹ്യനിത്യമിതി വേദനം
സോയം നിത്യാനിത്യവസ്തുവിവേക ഇതി കഥ്യതേ 16

പറയപ്പെട്ട നാലു സാധനങ്ങളേയും വേർതിരിച്ചു നിരൂപിക്കുകയാണ് ഇതുമുതൽ ഏതാനും ശ്ലോകങ്ങളെക്കൊണ്ടു ചെയ്യുന്നത്. ബ്രഹ്മതത്ത്വം ഒന്നുമാത്രമാണ് നിത്യവസ്തുവായിട്ടിരിക്കുന്നത്. ബ്രഹ്മേതരങ്ങളായ മറ്റു വസ്തുക്കളെല്ലാം ക്ഷണികങ്ങളും അനിത്യങ്ങളുമാണെന്ന ഉറച്ച വിശ്വാസമാണ് ഒന്നാമത്തെ സാധനമായ നിത്യാനിത്യവസ്തുവിവേകം. അതാണ് ആദ്യമുണ്ടാവേണ്ടതും.

മൃദാദികാരണം നിത്യം ത്രിഷു കാലേഷു ദർശനാൽ
ഘടാദ്യനിത്യം തൽകാര്യം യതസ്തന്നാശ ഈക്ഷ്യതേ 17

ഘടം തുടങ്ങിയ പാത്രങ്ങൾക്കു മണ്ണു കാരണമാണ്. ഘടമുണ്ടാവുന്നതിന്നു മുമ്പും ഘടമുണ്ടായപ്പോഴും ഘടം നശിച്ചുകഴിഞ്ഞാലും മണ്ണിന്നു വ്യത്യാസമൊന്നും സംഭവിക്കുന്നില്ല. ഇടക്ക് ഉണ്ടാവുന്നതും നശിക്കുന്നതും ഘടാദിവസ്തുക്കളാണ്. അപ്പൊഴൊന്നും മണ്ണിനു വ്യത്യാസം സംഭവിക്കുന്നില്ല. അതിനാൽ

ഘടാദികാരണമായ മണ്ണു നിത്യമെന്നും മൃൽകാര്യങ്ങളായ ഘടാദിവസ്തുക്കൾ അനിത്യങ്ങളെന്നും സിദ്ധമാവുന്നു.

തദ്വൈദൈവതൽ ജഗൽ സർവ്വമനിത്യം ബ്രഹ്മകാര്യതഃ
തൽകാരണം പരംബ്രഹ്മ ഭവേന്നിത്യം മൃദാദിവൽ 18

അതുപോലെ ബ്രഹ്മകാര്യങ്ങളായ ജഗൽപദാർത്ഥങ്ങളെല്ലാം അനിത്യങ്ങളാണ്. എന്തുകൊണ്ടെന്നാൽ അവ ഉണ്ടാവുകയും നശിക്കുകയും ചെയ്യുന്നതായി കാണുന്നുണ്ട്. എന്നാൽ ഏതു കാലത്തും മാറ്റമോ ഏറ്റക്കുറവുകളോ ഇല്ലാതെ ബ്രഹ്മതത്ത്വം എല്ലാറ്റിനെയും അതിവർത്തിച്ചു നിലനിലക്കുകയും ചെയ്യുന്നു. അതിനാൽ ജഗൽകാരണമായ ബ്രഹ്മം നിത്യമെന്നും ബ്രഹ്മ കാര്യമായ ജഗത്ത് അനിത്യമെന്നും സിദ്ധമാവുന്നു.

സർഗ്ഗം വക്ത്യത്ര തസ്മിദ്വാ ഏതസ്മാദിത്യപി ശ്രുതിഃ
സകാശാൽ ബ്രഹ്മണസ്തസ്മാദനിത്യത്വേന സംശയഃ 19

ബ്രഹ്മത്തിൽനിന്നാണ് ജഗത്തുണ്ടായതെന്നതിനെന്താണ് എന്നാണെങ്കിൽ ശ്രുതിയിൽ പറയുന്നുണ്ട്, 'ഏതസ്മാൽ ജായതേ' എന്നാരംഭിക്കുന്ന മന്ത്രം ജഗദുല്പത്തി മൃത്തിൽ നിന്നു ഘടമെന്നപോലെ ബ്രഹ്മത്തിൽനിന്നാണെന്നു വ്യക്തമാക്കുന്നുണ്ട്. ബ്രഹ്മത്തിൽനിന്നുണ്ടാവുകയും ബ്രഹ്മത്തിൽ ലയിക്കുകയും ചെയ്യുന്ന ജഗത്തിന്റെ കാരണം ബ്രഹ്മമല്ലാതെ മറ്റൊന്നാവാൻ വയ്യല്ലോ. അതിനാൽ ബ്രഹ്മത്തെ അപേക്ഷിച്ചു ജഗത്തു അനിത്യവും ജഗത്തിനെ അപേക്ഷിച്ചു ബ്രഹ്മം നിത്യവുമാണെന്നതിനു സംശയമില്ല.

സർവ്വസ്യാനിത്യത്വേ സാവയവത്വേന സർവ്വതഃ സിദ്ധേ
വൈകുണ്ഠാദിഷു നിത്യത്വമതിർഭ്രമ ഏവ മൂഢബുദ്ധിനാം 20

അങ്ങനെ ശ്രുതിയുക്ത്യനുഭവങ്ങളെ അനുസരിച്ചു ചിന്തിക്കുമ്പോൾ ബ്രഹ്മേതരങ്ങളായ ജഗത്തും ജഗദ്വസ്തുക്കളുമെല്ലാം അനിത്യങ്ങളും നശ്വരങ്ങളുമെന്നു സ്പഷ്ടമാവുന്നു. ആ സ്ഥിതിക്കു വൈകുണ്ഠം, കൈലാസം തുടങ്ങിയ ചില ലോകങ്ങൾ ശാശ്വതങ്ങളാണെന്നു ചിലർ ധരിക്കുന്നുവെങ്കിൽ അത് മൂഢതയല്ലാതെന്താണ്?

അനിത്യത്വം ച നിത്യത്വമേവം യത് ശ്രുതിയുക്തിഭിഃ
വിവേചനം നിത്യാനിത്യവിവേക ഇതി കഥ്യതേ 21

ഇങ്ങനെ ശ്രുതിയുക്തികളെക്കൊണ്ട് അനിത്യവസ്തുവിനെയും നിത്യവസ്തുവിനെയും വിവേചിച്ചറിഞ്ഞു ബോധ്യപ്പെടലാണ് സാധനചതുഷ്ടയത്തിലെ നിത്യാനിത്യവസ്തുവിവേകമെന്ന ഒന്നാമത്തെ സാധനം. അതു സാധിക്കുമ്പോൾ ബ്രഹ്മം മാത്രം സത്യവും മറ്റുള്ള ജഗത്തെല്ലാം മിഥ്യയുമാണെന്നു ബോധ്യമാവും.

4. നിസ്പൃഹത

ഐഹികാമുഷ്മികാർത്ഥേഷു ഹ്യനിത്യത്വേന നിശ്ചയാൽ
നൈസ്പൃഹം തുച്ഛബുദ്ധ്യാ യത്തദ്വൈരാഗ്യമിതീര്യതെ 22

രണ്ടാമത്തെ സാധനമായ വൈരാഗ്യത്തെ നിരൂപിക്കാൻ തുടങ്ങുന്നു. നിത്യാനിത്യവിവേകം വന്നൊരാൾക്കാണ് വൈരാഗ്യത്തിന്നർഹതയുള്ളത്. എന്തുകൊണ്ടെന്നാൽ അതു സാധിച്ചിട്ടില്ലാത്ത ആൾക്കു ജഗത്തിൽ സത്യബുദ്ധിയുണ്ടാവും. എന്നാൽ നിത്യാനിത്യവിവേകം സിദ്ധിച്ചൊരാൾക്കു ദൃഷ്ടങ്ങളായ പൃഥിവ്യാദി ലോകങ്ങളും, ശ്രുതങ്ങളായ സ്വർഗ്ഗാദിലോകങ്ങളുമെല്ലാം നശ്വരങ്ങളുമാണെന്നറിയാം. ആ സ്ഥിതിക്ക് അവിടങ്ങ

ളിലുള്ള അനുഭവങ്ങളെല്ലാം നശ്വരങ്ങളാണെന്നറിയാം. നശ്വര മായ വസ്തുവിൽ അതെത്രയൊക്കെ നല്ലതായാൽക്കൂടി തുച്ഛ ബുദ്ധിയുണ്ടാവുകയെന്നതു സ്വാഭാവികമാണ്. തുച്ഛത്വം തോന്ന പ്പെട്ട വസ്തുക്കളിൽ നിന്നു മനസ്സു വിട്ടുപോരികയും ചെയ്യും. അങ്ങനെ ദൃഷ്ടശ്രുതലോകങ്ങളിലെ എല്ലാ അനുഭവങ്ങളിലും തുച്ഛബുദ്ധിയുദിച്ച് അവയിൽ നിന്നെല്ലാം മനസ്സു നിവർത്തിക്കു ന്നതാണ് വൈരാഗ്യം.

നിത്യാനിത്യപദാർത്ഥ
വിവേകാൽ പുരുഷസ്യ ജായതേ സദ്യഃ
സ്രക്ചന്ദനവനിതാദൗ
സർവ്വത്രാനിത്യവസ്തുനി വിരക്തിഃ 23

പദാർത്ഥങ്ങളുടെ നിത്യാനിത്യവിവേകം വേണ്ടപോലെ ദൃഢപ്പെട്ടൊരാൾക്കു പറയപ്പെട്ട വൈരാഗ്യം പെട്ടെന്നുണ്ടാവാം. മാല, ചന്ദനം, സ്ത്രീ തുടങ്ങി ആഗ്രഹിക്കത്തക്ക എന്തെല്ലാം വസ്തുക്കളുണ്ടോ, അവയെല്ലാം അനിത്യങ്ങളാണെന്നു ബോധ്യ മുള്ളതിനാൽ ഒരു വസ്തുവിലും അല്പംപോലും ആഗ്രഹമില്ലാതെ തീവ്രവിരക്തിയുണ്ടാവാം.

കാകസ്യ വിഷ്ഠാവദസഹ്യബുദ്ധി
ഭോഗ്യേഷു സാ തീവ്രവിരക്തിരിഷ്യതേ
വിരക്തിതീവ്രത്വനിദാനമാഹുഃ
ഭോഗ്യേഷു ദോഷേക്ഷണമേവ സന്തഃ 24

തീവ്രവൈരാഗ്യത്തിന്റെ സ്വരൂപത്തെപ്പറയുന്നു. എപ്പോഴെ ങ്കിലും ശരീരത്തിൽ കാകപുരീഷം വീഴാനിടവന്നാൽ എത്ര മാത്രം അസഹ്യത തോന്നുമോ, അതുപോലെ എല്ലാ ഭോഗ്യ പദാർത്ഥങ്ങളെസ്സംബന്ധിച്ചും അറപ്പും വെറുപ്പുമുണ്ടാവുന്നതും,

അവയുടെ ദർശനംപോലും ഇഷ്ടമില്ലാതായിതീരുന്നതും തീവ്ര വൈരാഗ്യത്തിന്റെ സ്വരൂപങ്ങളാണ്. വിഷയങ്ങളിൽ ദോഷദൃഷ്ടി വേണ്ടത്ര വളരാനിടവന്നാൽ ഈ തീവ്രവൈരാഗ്യമുണ്ടായി ത്തീരുമെന്നാണ് സജ്ജനങ്ങളുടെ അഭിപ്രായം.

പ്രദൃശ്യതേ വസ്തുനി യത്ര ദോഷോ
ന തത്ര പുംസോസ്തി പുനഃ പ്രവൃത്തിഃ
അന്തർമ്മഹാരോഗവതീഃ വിജാനാൻ
കോ നാമ വേശ്യാമപി രൂപിണീം വ്രജേൽ 25

അസഹ്യമായ ദോഷം ഏതൊരു വസ്തുവിൽ കാണപ്പെ ടുന്നുവോ, അതിനെ ഉപേക്ഷിക്കുകയെന്നതു ലോകസ്വഭാവ മാണ്. വീണ്ടും അതിനെത്തന്നെ ഇഷ്ടപ്പെടുകയോ അനുഭവിക്കു കയോ ചെയ്യാൻ ആരും ഒരുങ്ങില്ല. ദുഷ്ടവസ്തുവിനെത്തന്നെ വീണ്ടും വീണ്ടും അനുഭവിക്കുന്നു ഒരാളെന്നു വന്നാൽ അതിന്റെ ദോഷത്തെ അറിയാൻ കഴിഞ്ഞിട്ടില്ലെന്നാണർത്ഥം. അറിഞ്ഞു കഴിഞ്ഞാൽ പിന്നെ ആരും അതിനെ ഇഷ്ടപ്പെടില്ല. വളരെ രൂപവതിയായ വേശ്യയാണെങ്കിലും, പകരാവുന്ന മഹാരോഗം അവളുടെ ദേഹത്തിലുണ്ടെന്നറിഞ്ഞാൽ പിന്നെ ആരും അവളെ സമീപിക്കാറില്ല. അതുപോല ഏതു വസ്തുവിന്റെയും ദോഷ ത്തെ അറിയുമ്പോൾ അതിൽ വെറുപ്പുണ്ടാവും. അതിനാൽ വിഷയങ്ങളുടെയെല്ലാം ദോഷത്തെ അറിഞ്ഞയാൾക്കു തീവ്ര വൈരാഗ്യമുണ്ടാവുകയെന്നതു സ്വാഭാവികമാണ്.

അത്രാപി ചാന്യത്ര ച വിദ്യമാന
പദാർത്ഥസമ്മർശനമേവ കാര്യം
യഥാ പ്രകാരാർത്ഥഗുണാഭിമർശനം
സന്ദർശയത്യേഷ തദീയദോഷം 26

പദാർത്ഥം ഇവിടെയുള്ളതെന്നോ, സ്വർഗ്ഗത്തിലുള്ളതെന്നോ അല്ലെങ്കിൽ നല്ലതെന്നോ, ചീത്തയെന്നോ ഉള്ള പരാമർശ ങ്ങളൊന്നുമില്ല. വിഷയമാണോ, എന്നാൽ ദോഷസംഘുല്ലമാണ്. അതാണ് ധരിക്കേണ്ടിയിരിക്കുന്നത്. യഥാതഥമായ ഗുണദോഷ വിവേകത്തിൽ അതു ബോദ്ധ്യപ്പെടുകയും ചെയ്യും. ആ സ്ഥിതി ക്കു ശരിക്കു നിത്യാനിത്യാവിവേകമുള്ളൊരാൾക്കു സ്വീകരി ക്കത്തക്കതോ ആഗ്രഹിക്കത്തക്കതോ ആയിട്ടെന്തു പദാർത്ഥ മാണുള്ളത്? തീവ്രവൈരാഗ്യമുള്ളൊരാൾ ഒരു വിഷയത്തെയും സ്പർശിക്കയുമില്ല. സർവ്വഥാ വിഷയനിരാസമാണ് കാര്യം.

കുക്ഷൗ സ്വമാതുർമ്മലമൂത്രമധ്യേ
സ്ഥിതിം തദാ വിട്കൃമിദംശനം ച
തദീയകൗക്ഷേയകവഹ്നിദാഹം
വിചാര്യ കോവാ വിരതിം നയാതി **27**

ജനനത്തിനുമുമ്പു ഗർഭവാസകാലത്ത് അമ്മയുടെ ഗർഭോദര ത്തിനുള്ളിൽ മലമൂത്രങ്ങളുടെ മദ്ധ്യത്തിലുള്ള ഇരിപ്പും, അപ്പോൾ അനുഭവിച്ചുവന്ന് മലകൃമികളുടെ കടിയും, അമ്മയുടെ ജഠരാഗ്നി കൊണ്ടുള്ള ചുട്ടുനീറലും ഒന്നോർമ്മിച്ചാൽതന്നെ ആർക്കാണ് സംസാരത്തിൽ വൈരാഗ്യമുണ്ടാവാത്തത്! മേലിലെങ്കിലും അങ്ങനെയുള്ള അനുഭവം കൂടാതെ കഴിക്കണമെന്ന മോഹമാർക്കാണുണ്ടാവാത്തത്? അതിനുവേണ്ടി എന്തു ത്യാഗ മാണ് സഹിക്കാനൊരുങ്ങാത്തത്? അതിനാൽ വൈരാഗ്യമുണ്ടാ വുന്നവെന്നതത്ഭുതമല്ല. ആ ദയനീയയാവസ്ഥയെ ഓർമ്മിച്ചിട്ടും വൈരാഗ്യമുണ്ടാവുന്നില്ലെങ്കിൽ അതാണാശ്ചര്യം.

സ്വകീയവിണ്മൂത്രവിസർജ്ജനം ത
ച്ചോത്താനഗത്യാ ശയനം തദാ യൽ
ബാലഗ്രഹാദ്യാഹതിഭാക് ച ശൈശവം

വിചാര്യ കോ വാ വിരതിം ന യാതി 28

ജനനത്തിനുശേഷം തന്റെ ശൈശവാവസ്ഥയിലും നല്ല അനുഭവമല്ല ആരും അനുഭവിക്കുന്നത്. മലർന്നുകിടക്കുന്ന കിടപ്പിൽനിന്നെഴുന്നേൽക്കാനോ, കമിഴാൻപോലുമോ കഴിയാതെ അവശനായിക്കിടക്കുന്നു. കിടന്ന കിടപ്പിൽതന്നെ മലമൂത്രങ്ങളെ വിസർജ്ജിക്കുന്നു. തന്റെ മലമൂത്രങ്ങളിൽതന്നെ താൻ കിടന്നു രുളുന്നു. കൂടാതെ അപസ്മാരം തുടങ്ങിയ ബാലഗ്രഹപീഡ കളനുഭവിക്കേണ്ടിവരുന്നു. ഇങ്ങനെയൊക്കെയുള്ള ശൈശവ ദശയെ ഓർമ്മിച്ചാലും ആർക്കാണ് വൈരാഗ്യമുണ്ടാവാത്തത്!

സ്വീയൈഃ പരൈസ്താഡനമജ്ഞഭാവ–
മത്യന്തചാപല്യമസൽക്രിയാം ച
കുമാരഭാവേ പ്രതിഷിദ്ധവൃത്തിം
വിചാര്യ കോ വാ വിരതിം ന യാതി 29

അങ്ങനെ ശൈശവദശയിലെ പീഡകളെല്ലാമനുഭവിച്ചു കൗമാരപ്രായത്തിലെത്തിയാലും അനുഭവങ്ങൾ മോശംതന്നെ. ഒന്നിന്റെയും ശരിയായ തിരിച്ചറിവുണ്ടാവില്ല. അറിവില്ലാതെ എന്തെങ്കിലും അപകടങ്ങളൊക്കെച്ചെയ്യും. അതുകണ്ടു സ്വന്തം രക്ഷിതാക്കന്മാരും ഗുരുജനങ്ങളും മറ്റുള്ളവരും ക്രോധിക്കും. പലരുടെയും ശകാരങ്ങളെ കേൾക്കും. പലപ്പോഴും പലരുടെയും താഡനപീഡനങ്ങളേയും അനുഭവിക്കേണ്ടിവരും. നല്ല പ്രവൃത്തി കൾ ചെയ്യാനറിവുണ്ടാവില്ല. എന്നാൽ ഒന്നും ചെയ്യാതിരിക്കയു മില്ല. ചെയ്യുന്നതൊക്കെ അപകടങ്ങളായിരിക്കും. അതു കണ്ടു പലരും ചൊടിക്കും. അങ്ങനെ പലരുടെയും അനിഷ്ടത്തിനും താഡനപീഡനങ്ങൾക്കും ശകാരത്തിന്നുമെല്ലാം പാത്രമായി ത്തീരുന്ന ദുഃഖഭൂയിഷ്ഠമായ കൗമാരകാലത്തെക്കുറിച്ചോർമ്മി ച്ചാലും ആർക്കാണ് വൈരാഗ്യമുണ്ടാവാത്തത്?

മദോദ്ധതിം മാന്യതിരസ്കൃതിം ച
കാമാതുരത്വം സമയാതിലംഘനം
താം താം യുവത്വോദിതദുഷ്ടചേഷ്ടാം
വിചാര്യ കോ വാ വിരതിം ന യാതി 30

കൗമാരവും കഴിഞ്ഞ് യൗവനത്തിലേയ്ക്കെത്തിയാൽ കുഴപ്പങ്ങളവസാനിച്ചുവെന്നു വിചാരിക്കേണ്ടാ. യൗവനം മറ്റെല്ലാ ദശകളെക്കാളും ആപൽക്കരമാണ്. അഹങ്കാരം വർദ്ധിക്കും; മാന്യന്മാരെയും ഗുരുജനങ്ങളെയും വേണ്ടപോലെ ആദരിക്കാനും സേവിക്കാനും തന്നെ തോന്നില്ല. അടക്കാൻ കഴിയാത്ത കാമചാപല്യങ്ങളെക്കൊണ്ടു ധർമ്മാധർമ്മചിന്തയില്ലാതെ പല പാപകൃത്യങ്ങളെയും ചെയ്യും. ആയുസ്സിന്റെ വിലയറിയാതെ അതിനെ അനാവശ്യമായി നശിപ്പിക്കും. എന്നുവേണ്ടാ, യുവത്വത്തിന്നുണ്ടാകാവുന്ന എല്ലാ ചാപല്യങ്ങൾക്കും വിധേയനായി പല ദുഷ്കർമ്മങ്ങളെയും ചെയ്തു ദുരിതം വർദ്ധിപ്പിക്കും. അതിന്റെയൊക്കെ ചീത്ത ഫലങ്ങൾ താൻതന്നെ അനുഭവിക്കണമെന്ന ഓർമ്മ അപ്പോഴുണ്ടാവില്ല. ഉണ്ടായാലും എല്ലാവിധ അപകടങ്ങൾക്കും അതു ഹേതുവായിട്ടുണ്ടാവുന്ന അധഃപതനത്തിനും നിദാനമായ യൗവനത്തെ ഓർമ്മിച്ചാലും ആർക്കാണ് വൈരാഗ്യമുദിക്കാത്തത്?

വിരൂപതാം സർവ്വജനാദവജ്ഞാം
സർവ്വത്ര ദൈന്യം നിജബുദ്ധിഹൈന്യം
വൃദ്ധത്വസംഭാവിതദുർദ്ദശാം താം
വിചാര്യ കോ വാ വിരതിം ന യാതി 31

വാർദ്ധക്യാവസ്ഥയും സമാധാനപരമോ തൃപ്തികരമോ അല്ല. ശരീരം മുഴുവൻ ചുക്കിച്ചുളിയുകയും ഇന്ദ്രിയങ്ങൾ ദുർബ്ബലങ്ങളാവുകയും ചെയ്യുന്നു വാർദ്ധക്യത്തിൽ. യൗവന

ത്തിലെ ശരീരകാന്തിയും ആകർഷകത്വവുമെല്ലാം നഷ്ടപ്പെട്ടു. അതുവരെയില്ലാത്ത് ഒരു വൈരൂപ്യം വന്നുചേരുന്നതിനാൽ എല്ലാവരിൽനിന്നും അവജ്ഞ മാത്രമാണ് കിട്ടുന്നത്. അതോടൊപ്പം പല രോഗങ്ങളും ക്ലേശങ്ങളും വന്നു ചേരുകയും ചെയ്യും. നേരത്തെ ജ്ഞാനസമ്പാദനം ചെയ്യാത്തതുകൊണ്ട് അപ്പോഴും മൂഢതയാണ് കൈമുതലായിട്ടിരിക്കുന്നത്. അതിനാൽ അന്ധങ്ങളും നിരാശാജനകങ്ങളുമായ വിചാരങ്ങൾ വളർന്നു കൊണ്ടിരിക്കും. അങ്ങനെയുള്ള വാർദ്ധക്യദശയെ ഓർമ്മിച്ചാലും ആർക്കാണ് വൈരാഗ്യമുണ്ടാവാത്തത്?

പിത്തജ്വരാർശഃ ക്ഷയഗുല്മശൂല
ശ്ലേഷ്മാദിരോഗോദിതതീവ്രദുഃഖം
ദുർഗ്ഗന്ധമസ്വാസ്ഥ്യമനൂനചിന്താം
വിചാര്യകോ വാ വിരതിം ന യാതി 32

വൃദ്ധനായിക്കഴിഞ്ഞോരാൾക്കും പിന്നെ മരണത്തെ മാത്ര മാണ് പ്രതീക്ഷിക്കാനുള്ളത്. വാർദ്ധക്യം അതിന്റെ ഉച്ചാവസ്ഥ യിലെത്തുമ്പോൾ എല്ലാവിധത്തിലുള്ള പാരതന്ത്ര്യങ്ങളും ദൗർബ്ബല്യങ്ങളും ഒന്നിച്ചു കൂടിച്ചേരും. അവശനാവും. പതുക്കെ പതുക്കെ മരണശയ്യയിലേയ്ക്കു നീങ്ങുകയായി. ഒട്ടുംതന്നെ ഇഷ്ടമല്ല ആ അവസ്ഥയെന്നു പറയേണ്ടതില്ലാല്ലോ. പലതരത്തി ലുള്ള രോഗങ്ങൾ വന്നു ചേരും. പിത്തം, ജ്വരം, അർശസ്സ്, ക്ഷയം, ഗുല്മം, ശൂലം, ശ്ലേഷം തുടങ്ങിയ അനേകരോഗങ്ങളിൽ ചിലതോ പലതോ വന്നുചേരും. അതിന്റേതായ ദുഃഖങ്ങളെല്ലാം അനുഭവിക്കാൻ തുടങ്ങും. മറ്റുള്ളവർ വെറുക്കത്തക്ക നിലയി ലുള്ള ദുർഗ്ഗന്ധം, എല്ലാ പ്രകാരത്തിലുമുള്ള അസ്വസ്ഥത, മുറിവില്ലാത്ത ചിന്തകൾ, നിരാശ എന്നിങ്ങനെയുള്ള ദയനീയാനു

ഭവത്തോടുകൂടിയ മരണശയ്യയിലെ കിടപ്പിനെ ഒന്നോർമ്മിച്ചാലും ആർക്കാണ് വൈരാഗ്യമുണ്ടാവാത്തത്?

യമാവലോകോദിതഭീതികമ്പ–
മർമ്മവ്യഥോച്ഛ്വാസഗതിശ്ച വേദനാം

പ്രാണപ്രയാണേ പരിദൃശ്യമാനാം
വിചാര്യ കോ വാ വിരതിം ന യാതി 33

പലവിധ ക്ലേശങ്ങളോടുകൂടി മരണശയ്യയിൽ അങ്ങനെ കുറച്ചു ദിവസം കിടക്കുമ്പോൾ പ്രാരബ്ധം അവസാനിപ്പിച്ചു ദൈവഗത്യാ മരണം വന്നുചേരുന്നു. ആ സന്ദർഭം മറ്റെല്ലാ അനുഭവങ്ങളെക്കാളും ഭയങ്കരവും ദുഃഖഭൂയിഷ്ഠവുമാണ്. തന്നെ കൊണ്ടുപോവാൻ വരുന്ന യമനെ കാണുമ്പോഴുള്ള ഭയവും അതു ഹേതുവായിട്ടുള്ള വിറയലും ജീവൻ ശരീരത്തെ വിടാൻ വേണ്ടിയുള്ള മർമ്മവേദനകളും ശ്വാസത്തിന്റെ വിപരീതഗതിയും എല്ലാംകൂടി മരണസമയത്തു ജീവനനുഭവിക്കുന്ന വേദന ഇന്ന പ്രകാരത്തിലെന്നു വാക്കുകൊണ്ട് പറയാൻ വയ്യാ. അങ്ങനെ യുള്ള അനുഭവങ്ങൾ പലപ്പോഴും പലരും കണ്ടിട്ടുമു ണ്ടാവും. താനും അതുപോലുള്ള അനുഭവത്തെ അനുഭവിക്കേണ്ടവനാ ണെന്നോർമ്മിച്ചാലും ആർക്കാണ് വൈരാഗ്യമുണ്ടാവാത്തത്?

അംഗാരനദ്യാം തപനേ ച കുംഭീ–
പാകേപി വീച്യാമസീപത്രകാനനേ
ദൂതൈർയമസ്യ ക്രിയമാണബാധാം
വിചാര്യ കോ വാ വിരതിം ന യാതി 34

മരണത്തോടുകൂടി എല്ലാം കഴിഞ്ഞു, പിന്നെ ബാധയൊന്നു മില്ല എന്നു വിചാരിക്കേണ്ടാ. മരണാനന്തരവും സൂക്ഷ്മലോക

ത്തുവെച്ചു കർമ്മാനുരൂപങ്ങളായ ഫലങ്ങളെ അനുഭവിപ്പിക്കുന്നു. തീപ്പുഴയിൽ മുക്കൽ, കുംഭീപാകം, അവീചി, അസിപത്രവനം തുടങ്ങിയ നരകങ്ങളിലെ യാതനകളെ അനുഭവിപ്പിക്കൽ തുടങ്ങി യമദൂതന്മാർ അനുഭവിപ്പിക്കുന്ന എല്ലാത്തിനും തയ്യാറാവണം. അങ്ങനെയുള്ള മരണാനന്തരഗതിയെക്കുറിച്ചോർമ്മിച്ചാലും ആർക്കാണ് വൈരാഗ്യമുണ്ടാവാത്തത്?

പുണ്യക്ഷയേ പുണ്യകൃതോ നഭസ്ഥൈ-
ർന്നിപാത്യമാനാൻ ശിഥിലീകൃതാംഗാൻ
നക്ഷത്രരൂപേണ ദിവശ്ച്യുതാംസ്താൻ
വിചാര്യ കോ വാ വിരതിഃ ന യാതി 35

മുൻപറഞ്ഞ അനുഭവങ്ങളൊക്കെ പാപികൾക്കുള്ളതാണല്ലോ. പുണ്യംമാത്രം ചെയ്ത സുകൃതികൾക്ക് അങ്ങനെയുള്ള ഭയാശങ്കകൾക്കൊന്നും അർഹതയില്ല എന്നാണെങ്കിൽ വിഷയി യായി ജീവിക്കുന്ന ഏതൊരാളാണ് പാപം ചെയ്യാത്തത്? പുണ്യം മാത്രം ചെയ്തുകൊണ്ട് ആയുഷ്കാലം മുഴുവൻ കഴിച്ചുകൂട്ടുന്ന സുകൃതികൾ വളരെ വിരളമാണ്. തീരെ പാപം ചെയ്യാത്തവർ കുറവാണെങ്കിലും പുണ്യാധിക്യമുള്ളവർ ധാരാളമുണ്ടാവാം. അങ്ങനെയുള്ളവർക്കു പുണ്യഫലാനുഭൂതിയുണ്ടാവുമെന്നല്ലാതെ മറ്റു പ്രത്യേകതകളൊന്നുമില്ല. എപ്രകാരം പാപഫലാനുഭൂതി അവസാനിക്കുമ്പോൾ യമദൂതന്മാർ നരകലോകത്തുനിന്നു പുറത്തേയ്ക്കു തള്ളുന്നുവോ, അതുപോല പുണ്യഫലാനുഭൂതി അവസാനിക്കുമ്പോൾ ദേവന്മാരാൽ സ്വർഗ്ഗത്തിൽ നിന്നും താഴോട്ടു തള്ളപ്പെടുന്നു. പുണ്യക്ഷയത്തിൽ കീഴ്പ്പോട്ടു വീഴുന്ന ജീവന്മാരെയാണ് പതിക്കുന്ന നക്ഷത്രങ്ങളായി പലപ്പോഴും കാണുന്നത്. പിന്നെയും ഭൂമിയിൽ കർമ്മാനുരൂപേണ ഏതെങ്കിലും യോനിയിൽ ജനിക്കാൻതന്നെയാണ്. ഈ

പരമാർത്ഥത്തെ അറിഞ്ഞ് ഓർമ്മിക്കുമ്പോഴും ആർക്കാണ് സംസാരത്തിൽ തീവ്രമായ വൈരാഗ്യമുണ്ടാവാത്തത്?

വായ്വർക്കവഹ്നീന്ദ്രമുഖാൻ സുരേന്ദ്രാ–
നീശോഗ്രഭീത്യാ ഗ്രഥിതാന്തരാംഗാൻ
വിപക്ഷലോകൈഃ പരിദൂയമാനാൻ
വിചാര്യ കോ വാ വിരതിം ന യാനി 36

വായു, ആദിത്യൻ, അഗ്നി, ഇന്ദ്രൻ തുടങ്ങിയ ദേവന്മാരിൽ ആരെയെങ്കിലും ഒരാളെയോ, അല്ലെങ്കിൽ പലരെയുമോ മുഢതകൊണ്ടു സർവ്വശക്തനും, ജഗന്നിയന്താവുമായ ഈശ്വര നാണെന്നു ബോധിക്കും. ഭയഭക്തിബഹുമാനങ്ങളോടെ തന്റെ ഈശ്വരനെ ആരാധിക്കുകയും ഉപാസിക്കുകയും ചെയ്യും. തന്റെ അഭീഷ്ടങ്ങളെ സാധിപ്പിച്ചുതരാനായി പ്രാർത്ഥിക്കും. വന്നു ചേരുന്ന അനുഭങ്ങളൊക്കെ തന്റെ ഇഷ്ടദേവൻ പ്രസാദിച്ചു തരുന്നതാണെന്നു വിശ്വസിക്കുകയും ചെയ്യും. എന്നാലും സർവ്വാദ്ധ്യക്ഷനായ ഈശ്വരനെ അറിവാനും ഉപാസിക്കാനുള്ള അറിവുണ്ടാവില്ല. അന്തര്യാമിയായ ഈശ്വരനെ മറന്നു മറ്റെന്തിനെയൊക്കെയോ ശരണം പ്രാപിക്കും. അജ്ഞതയുടെ പാരമ്യംകൊണ്ടു തന്റെ വിചാരങ്ങളൊക്കെ ശരിയാണെന്നും വിശ്വസിക്കും. അങ്ങനെയിരിക്കെ മറ്റു ചില ദേവന്മാരെ ഈശ്വര ബുദ്ധിയോടെ ഉപാസിക്കുന്ന ചിലരെക്കാണാനിടവരും. അവർ തന്റെ ദേവനെ നിരസിക്കുകയും നിന്ദിക്കുകയും ചെയ്യും. അപ്പോൾ വാദപ്രതിവാദമായി. രണ്ടുപേരും സത്യമറിയാത്ത മൂഢന്മാരായതു കൊണ്ടു വാദം അവസാനിക്കില്ല. അപ്പോൾ തനിക്കുതന്നെ തന്റെ ഈശ്വരനെക്കുറിച്ച് ഈശ്വരനല്ലായിരി ക്കുമോ എന്ന സംശയമുദിക്കുകയായി. ഇങ്ങനെയുള്ള പരമ

മൂഢവും അന്ധവുമായ ജീവിതത്തെക്കുറിച്ചോർമ്മിച്ചാലും ആർക്കാണ് സംസാരത്തിൽ തീവ്രവൈരാഗ്യമുണ്ടാവാത്തത്?

ശ്രുത്യാ നിരുക്തം സുഖതാരതമ്യം
ബ്രഹ്മാന്തമാരഭ്യ മഹീമഹേശം
ഔപാധികം തത്തു ന വാസ്തവം ചേ-
ദാലോച്യ കോ വാ വിരതിം ന യാതി 37

വളരെ പുണ്യം ചെയ്തവർക്കുമാത്രമേ മനുഷ്യശരീരം തന്നെ കിട്ടലുള്ളൂ. യക്ഷൻ, ഗന്ധർവ്വൻ, സിദ്ധൻ, സാധ്യൻ, വിദ്യാധരൻ, ദേവൻ തുടങ്ങിയ ശരീരങ്ങളുടെയും ലോകങ്ങളുടെയും പ്രാപ്തിക്കാവട്ടെ പറയേണ്ടതില്ല. അനേക സുകൃതങ്ങളെ നേടുകതന്നെ വേണം. ഓരോ ജീവിതത്തിലെയും സുഖത്തിന്നു വ്യത്യാസവുമുണ്ട്. മനുഷൻ മുതൽ ബ്രഹ്മാവുവരെയുള്ള ശരീരങ്ങളിലെ സുഖങ്ങൾക്കും അനുഭവങ്ങൾക്കും വളരെ വ്യതാസമുണ്ട്. ഒരു ദേവന്റെ സുഖാനുഭൂതി ഒരു കാലത്തും ഒന്നുകൊണ്ടും മനുഷ്യനു കിട്ടാൻ പോവുന്നില്ല. യക്ഷാദികളുടെ സുഖസമ്പത്തിയെത്തന്നെ മനുഷ്യൻ നേടാൻ കഴിയില്ലെന്നിരിക്കെ ദേവന്മാരുടെയും ദേവശ്രേഷ്ഠന്മാരുടെയും ബ്രഹ്മാവിന്റെയുമൊക്കെ അനുഭവം മനുഷ്യർക്കെങ്ങനെയുണ്ടാവും? ഒരു കാലത്തുമുണ്ടാവാൻപോവുന്നില്ല. എന്നാൽ സുകൃതാധിക്യം കൊണ്ട് ചിലപ്പോൾ ഗന്ധർവ്വനോ വിദ്യധരനോ ദേവനോ ഒക്കെയായി ജനിക്കാൻ കഴിഞ്ഞേയ്ക്കാം. പക്ഷേ വളരെ സുകൃതം സമ്പാദിക്കുകതന്നെ വേണം. ഇരിക്കട്ടെ; കുറെ കാലം ക്ലേശിച്ചു കുറെ പുണ്യം സമ്പാദിച്ചാൽ മതിയല്ലോ. അതു കൊണ്ടെങ്കിലും ദേവനായി ജനിച്ചു സുഖിയായിട്ടിരിക്കാമല്ലോ എന്നു വിചാരിക്കുന്നപക്ഷം നല്ലതുതന്നെ. പക്ഷേ ദേവശരീരവും സ്ഥിരമായി നിൽക്കുന്നതല്ല. പുണ്യത്തിന്റെ ആധിക്യംകൊണ്ടു

കിട്ടിയ ദേവശരീരം പുണ്യത്തിന്റെ ക്ഷയത്തിൽ വീണുപോവുകയും ചെയ്യുമെന്നാണിരിക്കുന്നത്. ആ സ്ഥിതിക്കു ദേവശരീരം കിട്ടീട്ടുമെന്തു കാര്യം? എത്രയൊക്കെ പുണ്യം ചെയ്തു ഏതെല്ലാം ലോകങ്ങളെയോ, ശരീരങ്ങളെയോ എന്തൊക്കെ നേടിയാലും അവയൊക്കെ പുണ്യക്ഷയത്തിൽ നശിക്കും. അതാതു ലോകങ്ങളിലോ, ശരീരങ്ങളിലോ ഇരിക്കുമ്പോഴുള്ള സുഖവും അവയെ വിടുമ്പോഴുണ്ടാവുന്നില്ല. കേവലം ഉപാധിധർമ്മങ്ങൾ മാത്രമാണ് തത്തൽസുഖങ്ങളെന്നും വരുന്നു. ആ സ്ഥിതിക്കു സംസാരത്തിൽ എന്തു ചെയ്തിട്ടും, എന്തിനെ നേടീട്ടും എന്താണ് കാര്യം? എല്ലാം ക്ഷണികവും നശ്വരവും തന്നെ എന്നിങ്ങനെ സംസാരത്തിലെ എല്ലാ അനുഭവങ്ങളുടെയും നശ്വരതയെ ഓർക്കുമ്പോഴും ആർക്കാണ് വൈരാഗ്യമുണ്ടാവാത്തത്?

സാലോകൃസാമീപ്യസരൂപതാദി
ഭേദസ്തു സത്കർമ്മവിശേഷസിദ്ധഃ
ന കർമ്മസിദ്ധസ്യ തു നിത്യതേതി
വിചാര്യ കോ വാ വിരതിം ന യാതി 38

അങ്ങനെ സംസാരത്തിലെ എല്ലാ അനുഭവങ്ങളും എല്ലാ ലോകങ്ങളും ഒരുപോലെ തുച്ഛങ്ങളും ക്ഷണികങ്ങളുമാണെങ്കിലും സാലോക്യാദിമുക്തിവിശേഷങ്ങൾ ശ്രേഷ്ഠങ്ങളും ശാശ്വതങ്ങളുംതന്നെ എന്നു കരുതുന്നുവെങ്കിൽ അതും ശരിയല്ല. എന്തുകൊണ്ടെന്നാൽ സാലോക്യം, സാമീപ്യം, സാരൂപ്യം എന്നീ മുക്തിവിശേഷങ്ങളും കർമ്മത്തിന്റെ ഫലങ്ങളാണ്. ചില പ്രത്യേക പുണ്യകർമ്മങ്ങളുടെ ഫലംമായിട്ടാണ് സത്യലോകത്തോ, കൈലാസത്തിലോ, ശ്രീവൈകുണ്ഠലോകത്തോ പോവാനും, ബ്രഹ്മാവ്, പരമേശ്വരൻ, വിഷ്ണുഭഗവാൻ എന്നിവരിൽ

ആരുടെയെങ്കിലും സമീപത്തെത്താനോ, അവരെപ്പോലെയുള്ള സ്വരൂപത്തോടുകൂടിയവനായിത്തീരാനോ ഒക്കെ സാധിക്കുന്നത്. അതൊക്കെയാണല്ലോ സാലോക്യദിമുക്തി വിശേഷങ്ങൾ, കർമ്മങ്ങളുടെ ഫലം എത്രയൊക്കെ ശ്രേഷ്ഠമായിരുന്നാലും അതു കർമ്മമെന്നപോലെത്തന്നെ ക്ഷണികവും നശ്വരവുമാണ്. അതിനാൽ അവയും നശ്വരങ്ങൾതന്നെ എന്നോർമ്മിക്കുമ്പോഴും ആർക്കാണ് വൈരാഗ്യമുണ്ടാവാത്തത്?

യത്രാസ്തി ലോകേ ഗതിതാരതമ്യം
ഉച്ചാവചത്വാന്വിതമത്ര തത്കൃതം
യഥേഹ തദ്വൽ ഖലു ദുഃഖമസ്തീ–
ത്യാലോച്യ കോ വാ വിരതിം ന യാതി 39

ലോകത്തിൽ എവിടെയൊക്കെ അനുഭവങ്ങൾക്കു താരതമ്യങ്ങളുണ്ടോ, അവിടെയൊക്കെ ഉച്ചനീചത്വങ്ങളുമുണ്ട്. ഉച്ചനീചത്വങ്ങളുടെ അടിസ്ഥാനം ദുഃഖത്തിന്റെ ഏറ്റക്കുറവുകളാവണമല്ലോ. ഏതു ലോകത്തെ ഏതനുഭവത്തിലാണ് ഉച്ചനീചത്വമാകുന്ന അവസ്ഥയില്ലാത്തത് എല്ലായിടത്തും എല്ലാറ്റിലുമുണ്ട്. അപ്പോൾ സംസാരത്തിലെ ഏതനുഭവമായാലും അതെത്രയൊക്കെ ശ്രേഷ്ഠമായിരുന്നാലും അതൊക്കെ ദുഃഖസങ്കലിതമാണ്. ദുഃഖസ്പർശമില്ലാത്തൊരനുഭവം സംസാരത്തിലില്ല എന്നോർക്കുമ്പോഴും ആർക്കാണ് സംസാരാനുഭവങ്ങളിൽ വൈരാഗ്യമുണ്ടാവാത്തത്?

കോ നാമ ലോകേ പുരുഷോ വിവേകീ
വിനശ്വരേ തുച്ഛസുഖേ ഗൃഹാദൗ
കര്യാദ്രതിം നിത്യമവേക്ഷമാണോ
വൃഥൈവ മോഹാൽ മ്രിയമാണ ജന്തൂൻ 40

വിവേകമുള്ള ഏതൊരു പുരുഷനാണ് സംസാരത്തിലെ തുച്ഛസുഖങ്ങളായ ഗൃഹാദികളിൽ താല്പര്യപ്പെടുന്നത്! അല്ല മെങ്കിലും വിവേകമുള്ള ഏതൊരാൾക്കും താൽപര്യമുണ്ടാവില്ല. എന്തുകൊണ്ടെന്നാൽ അവയെ നിത്യസുഖങ്ങളായിക്കരുതു ന്നവരൊക്കെ ദുഃഖിക്കുകയും മരിക്കുകയും ചെയ്യുന്നതു നിത്യേന കാണുന്നു. ആ സ്ഥിതിക്കു തനിക്കും അതേ ഗതിയാണ് വരാൻപോവുന്നതെന്നതിനു സംശയമില്ലല്ലോ. മിത്ഥ്യാമോഹംകൊണ്ടാണ് സംസാരത്തിൽ സത്യബുദ്ധിയെ ക്കരുതുന്നതെന്നും അതുകൊണ്ട് നിശ്ചയിക്കാം. ആ സ്ഥിതിക്കു വിവേകമുള്ളൊരാൾ അവയിൽന്നിന്നകന്നുപോവലല്ലാതെ അടുക്കാൻ ശ്രമിക്കില്ലെന്നു പറയേണ്ടതില്ലല്ലോ. സംസാരാനു ഭവങ്ങിൽ സത്യബുദ്ധിയോടെ പറ്റിക്കൂടി നിൽക്കുന്നവർ വിവേക മില്ലാത്തവരാണെന്നു താൽപര്യം.

സുഖം കിമസ്ത്യത്ര വിചാര്യമാണേ
ഗൃഹേപി വാ യോഷിതി വാ പദാർത്ഥേ
മായതമോഽന്ധീകൃതചക്ഷുഷോ യേ
ത ഏവ മുഹ്യന്തി വിവേകശൂന്യാഃ 41

അല്ലെങ്കിൽ വിചാരശീലനായ ഓരാൾക്കു ഗൃഹത്തിലോ, സ്ത്രീയിലോ, പദാർത്ഥത്തിലോ എന്തു സുഖമാണ് കാണാൻ കഴിയുന്നത് ഒന്നുംതന്നെ കാണാൻ കഴിയില്ല. അത്രമാത്രം ദുഃഖപൂർണ്ണവും അനർത്ഥബഹുലവുമാണ് അവയെല്ലാം. മായാമോഹംകൊണ്ട് ജ്ഞാനദൃഷ്ടിയടഞ്ഞ അവിവേകികൾക്കു മാത്രമേ അവയെല്ലാം സുഖമായിട്ടു കാണാൻ കഴിയൂ. അവർ അങ്ങനെ കാണുന്നുണ്ട്. അതിന്റെ ഫലമായി അനർത്ഥ ഗർത്തങ്ങളിൽ വീണടിയുന്നുമുണ്ട്.

അവിചാരതരമണീയം
സർവ്വമുദുംബരഫലോപമം ഭോഗ്യം
അജ്ഞാനാമുപഭോഗ്യം
ന തു തജ്ഞാനാം യോഷിതിവാ പദാർത്ഥേ 42

കയ്പുള്ള ചുരുങ്ങ അതിന്റെ വള്ളിയിൽ തൂങ്ങി നിൽക്കുന്നതായി കാണുമ്പോൾ അതു നല്ലൊരു ഫലമാണെന്നും, വ്യഞ്ജനമുണ്ടാക്കിയാൽ സ്വാദിഷ്ടമായിരിക്കുമെന്നും തോന്നും. അതിന്റെ ഗുണദോഷമറിയാത്തവന്. അവനതിനെ പറിച്ചുകൊണ്ടുപോയി ലവണമരീചാദി പദാർത്ഥങ്ങൾ ചേർത്തു എന്തെങ്കിലും ഉപദംശമുണ്ടാക്കിയെന്നും വരും. എന്നാൽ കഴിക്കാൻ തുടങ്ങുമ്പോഴാണ് അതിന്റെ കയ്പുരസം പ്രത്യക്ഷപ്പെടുന്നത്. അതിന്റെ സമ്പർക്കംകൊണ്ട് മറ്റുള്ള നല്ല പദാർത്ഥങ്ങൾപോലും ദുഷിച്ച്കഴിഞ്ഞു എന്നും അപ്പോഴാണറിയുന്നത്. അതുപോലെയാണ് സംസാരാനുഭവങ്ങളെല്ലാം. മൂഢന്മാർക്കു മനോഹരങ്ങളായിത്തോന്നും. അല്ലാതെ വിചാരശീലന്മാരായ വിവേകികൾക്ക്, അവ ആകർഷകങ്ങളോ സുഖവസ്തുക്കളോ ആണെന്നു തോന്നില്ല. മാത്രമല്ല, അനർത്ഥസ്വരൂപങ്ങളായ ഉപദ്രവങ്ങളായി തോന്നുകയും ചെയ്യും. അതിനാൽ അവരവയിൽനിന്ന് പോരും. പരമാർത്ഥത്തെ അറിയാൻ കഴിയാത്ത അജ്ഞന്മാരാണ് സംസാരപദാർത്ഥങ്ങളുടെ ഭോക്താക്കൾ.

ഗതേപി തോയേ സുഷിരം കുളീരോ
ഹാതും ഹ്യശക്തോ മ്രിയതേ വിമോഹാത്
യഥാ തഥാ ഗേഹസുഖാനുഷക്തോ
വിനാശമായാതി നരോ ഭ്രമേണ 43

വെള്ളമില്ലാതായിക്കഴിഞ്ഞാലും ഞണ്ടിനു തന്റെ മാളത്തോടുള്ള മമതകൊണ്ട് അതിനെ വിട്ടുപോവാൻ തോന്നില്ല. അതിനാൽ വെയിലിന്റെ ശക്തികൊണ്ട് മാളത്തിൽകിടന്നു പൊരിഞ്ഞു ചാവുന്നു ഞണ്ട്. അതുപോലെയാണ് അവിവേകികളായ സംസാരികളും. അവരുദ്ദേശിക്കുന്ന സുഖമില്ല ഗൃഹത്തിലെന്നറിഞ്ഞാലും മമതകൊണ്ടു ഗൃഹത്തെയോ കുടുംബത്തെയോ വിട്ടുപോവാൻ കഴിയുന്നില്ല. അതിന്റെ ഫലമായി അവരും ഞണ്ടുകളെപ്പോലെ ഗൃഹത്തിൽകിടന്നു പൊരിഞ്ഞു ചാവുന്നു. ഞണ്ടുകൾ ആദിത്യതാപത്തിലാണ് പൊരിയുന്നതെങ്കിൽ സംസാരികൾ താപത്രയാഗ്നിയിലാണ് പൊരിയുന്നതെന്നുമാത്രം.

കോശക്രിമിസ്തന്തുഭിരാത്മദേഹം
ആവേഷ്യ ചാവേഷ്ട്യ ച ഗുപ്തിമിച്ഛൻ
സ്വയം വിനിർഗ്ഗന്തുമശക്ത ഏവ
സംസ്തസ്തദന്തേ മ്രിയതേ ച ലഗ്നഃ 44

ഒച്ച് എന്നൊരു കൃമിയുണ്ട്. അതു ശീതോഷ്ണങ്ങളിൽ നിന്നും ശത്രുബാധയിൽനിന്നും രക്ഷപ്പെട്ടു സുഖമായികഴിയാൻ വേണ്ടി തന്റെ ശരീരത്തെ ബലമുള്ള ഒരുവിധം ഓടുകൊണ്ട് ആവരണം ചെയ്യുന്ന്. പ്രസ്തുതാവരണത്തിന്നുള്ളിൽ ചുരുണ്ടു കിടക്കുമ്പോൾ താൻ സുഖിയും സുരക്ഷിതനുമാണെന്നു വ്യാമോഹിക്കുകയും ചെയ്യുന്നു. എങ്കിലും ആവരണംചെയ്ത ഓടിന്റെ ഭാരംകൊണ്ട് സ്വച്ഛന്ദമായി സഞ്ചരിക്കാനോ, ആഹാര ത്തെ സംഭരിക്കാനോ കഴിയാതെ ആ ഓടിന്നുള്ളിൽ ക്കിടന്നുതന്നെ മരിക്കുന്നു. അതുപോലെയാണ് സംസാരിയായ ഗൃഹസ്ഥനും, എങ്ങനെയെന്നാൽ,

യഥാ തഥാ പുത്രകളത്രമിത്ര
സ്നേഹാനുബന്ധൈർഗ്രഥിതോ ഗൃഹസ്ഥഃ
കദാപി വാ താൻ പരിമുച്യ ഗേഹാൽ
ഗന്തും ന ശക്തോ മ്രിയതേ മുധൈവ 45

മക്കളുടെയും ഭാര്യയുടെയും ബന്ധുക്കളുടെയും സ്നേഹ തന്തുക്കളെക്കൊണ്ടു തന്നെ ആവരണംചെയ്തു ചെയ്ത് ഒരു നേരമെങ്കിലും അവരെ വിട്ടുപോവാൻ കഴിയാതായിത്തീരുന്നു. അവരുടെ ഇടയിലിരിക്കുമ്പോൾ ഗൃഹസ്ഥനും ഒച്ചിനെപ്പൊലെ താൻ സുഖിയും സുരക്ഷിതനുമാണെന്നു വ്യാമോഹിക്കുന്നു. എന്നാൽ കുടുംബബന്ധമാകുന്ന ഭാരംകൊണ്ട് കാര്യമായ മോക്ഷത്തെക്കുറിച്ചു ചിന്തിക്കാനോ അന്വേഷിക്കാനോ കഴിയാതെ അവിടെക്കിടന്നുതന്നെ വെറുതെ മരിക്കുന്നു. ജനിച്ചതും മരിക്കുന്നതും എന്തിനെന്നുപോലും അറിയുന്നില്ല.

കാരാഗൃഹസ്യാസ്യ ച കോ വിശേഷഃ
പ്രദൃശ്യതേ സാധു വിചാര്യമാണേ
മുക്തേഃ പ്രതിപത്ഥമിഹാപി പുംസഃ
കാന്താസുഖാഭ്യുത്ഥിതമോഹപാശൈഃ 46

വാസ്തവത്തിൽ ഗൃഹവും ജയിലും തമ്മിലെന്താണ് വ്യതാസം? ശരിയായി ആലോചിക്കുന്നൊരാൾക്കു യതൊരു വ്യത്യാസവുമില്ല. രണ്ടും തുല്യമാണെന്നു ബോദ്ധ്യമാവും. എന്നാൽ ജയിലിൽ ബന്ധനമുണ്ട്; ഗൃഹത്തിൽ ബന്ധനമില്ലല്ലോ എന്നാണെങ്കിൽ അതു ശരിയല്ല. ഭാര്യസുഖാദി ചിന്തകളാകുന്ന കയറുകളെക്കൊണ്ടാണ് ഗൃഹത്തിൽ ബന്ധിക്കപ്പെടുന്നതെന്നു മാത്രം. അല്ലെങ്കിൽ ജയിലിനേക്കാൾ ഗൗരവവും ആപൽക്കര വുമാണ് ഗൃഹബന്ധനമെന്നുപോലും കരുതണം. എന്തു കൊണ്ടെന്നാൽ ജയിൽ ബന്ധനത്തിന്നു കൃത്യമായ അവധി

യുണ്ട്. അത് കഴിഞ്ഞാൽ ജയിലിൽ നിന്നു വിടുതികിട്ടും. എന്നാൽ ഗൃഹബന്ധനത്തിന്ന് അവധിയില്ല. എത്രകാലമാണ് അതിൽ കഴിഞ്ഞുകൂടേണ്ടതെന്നാർക്കുമറിഞ്ഞുകൂടാ. വിവേകമുണ്ടാവുന്നതുവരെ അതിൽനിന്നു രക്ഷപ്പെടുത്താനാർക്കും സാദ്ധ്യമല്ല. അതിനാൽ സന്ദർഭം കിട്ടുമ്പോൾ ഗൃഹബന്ധനത്തിൽനിന്നു രക്ഷപ്പെടാൻ ഓരോരുത്തരും പരിശ്രമിക്കേണ്ടതാണ്.

ഗൃഹസ്പൃഹാ പാദനിബദ്ധശൃംഖലാ
കാന്താസുതാശാ പടുകണ്ഠപാശഃ
ശീർഷേപതൽ ഭൂര്യശനിർഹി സാക്ഷാൽ
പ്രാണാന്തഹേതുഃ പ്രബലാ ധനാശാ 47

ഗൃഹത്തിലുള്ള മമതയും താൽപര്യവും തന്നെത്തന്നെ കെട്ടിയിടുന്ന പാദശൃംഖലയാണെന്നു പറയണം. എന്തുകൊണ്ടെന്നാൽ ഗൃഹസ്ഥനു ഗൃഹം വിട്ടെവിടെയും പോവാൻ വയ്യെന്നതിനാൽ കെട്ടിയിട്ടപോലെയാണ്. എന്നാൽ മറ്റാരുമല്ല, താൻതന്നെയാണ് തന്നെ കെട്ടിയിരിക്കുന്നതെന്നു മാത്രം. അതുപോലെ ഭാര്യാപുത്രന്മാരിലുള്ള ആശ കണ്ഠത്തെ കുടുക്കിയ കയറുമാണ്. ഭാര്യാപുത്രാദികളോടുകൂടിക്കഴിയുന്നൊരാളെപ്പോഴും അവരുടെ ഹിതത്തെയും താൽപര്യത്തെയും അറിയുകയും ആചരിക്കുകയും ചെയ്യേണ്ടിവരും. തന്റെ സ്വന്തകാര്യമായ മോക്ഷത്തെയോ ആത്മജ്ഞാനത്തെയോ പറ്റി ചിന്തിക്കാൻപോലും അവസരമുണ്ടാവില്ല. ഒരു പ്രകാരത്തിൽ ആപത്കരമായൊരു കണ്ഠബന്ധനംതന്നെയാണത്. എന്നാൽ പറയപ്പെട്ട രണ്ടുവിധ ആശകളാകുന്ന ബന്ധനങ്ങളും വളരെ സുഖമാണെന്നു തോന്നത്തക്ക വിലയിൽ ആപത്ക്കരങ്ങളാണ് ധനാശയാകുന്ന ബന്ധനം. അതൊരുപ്രകാരത്തിൽ പറഞ്ഞാൽ

പെട്ടെന്നു നാശമുണ്ടാക്കുന്ന ഇടിത്തീയാണെന്നു പറയാം. ശിരസ്സിൽ ഇടിത്തീ വീണാൽ എപ്രകാരം അയാൾക്കു രക്ഷയില്ലയോ, അതുപോലെയാണ് പ്രബലമായ ധനാശയും. അതു വന്നുചേർന്നാൽ നശിക്കലല്ലാതെ യാതൊരു രക്ഷയുമില്ല. അതിനാൽ അങ്ങനെയുള്ളവയിൽനിന്നു രക്ഷപ്പെടാൻ വേണ്ടി ത്തന്നെയാണൊരാൾ നോക്കേണ്ടതു.

5. ആസക്തിയില്ലായ്മ

ആശാപാശശതേന പാശിതപദോ
നോത്ഥാതുമേവ ക്ഷമഃ
കാമക്രോധമദാദിഭിഃ പ്രതിഭടൈഃ
സംരക്ഷ്യമാണോ*f*നിശം
സംമോഹാവരണേന ഗോപനവതഃ
സംസാരകാരാഗൃഹാൽ
നിർഗ്ഗന്തും ത്രിവിധേഷണാപരവശഃ
കഃ ശക്നുയാദ്രാഗിഷു **48**

ഗൃഹാദിപദാർത്ഥങ്ങളിൽ ആഗ്രഹം വളർന്ന രാഗികളായ സംസാരികളുടെ കഥ ശോചനീയംതന്നെയാണ്. എന്തുകൊണ്ടെന്നാൽ അവർക്കെപ്പോഴാണ് സംസാരബന്ധനത്തിൽനിന്ന് മോചനം കിട്ടാൻപോവുന്നതെന്നാർക്കുമറിഞ്ഞുകൂടാ. രാജകീയമായ കാരാഗൃഹത്തിലെ ബന്ധനത്തിന്നു ചില നിയമങ്ങളും അവധികളുമൊക്കെയുണ്ട്. പരമാവധി ആയുഷ്ക്കാലം മുഴുവൻ വേണ്ടിവന്നാലും അടുത്ത ജന്മത്തെങ്കിലും ബാധയില്ലാതാവും രാജകീയശിക്ഷ. എന്നാൽ സംസാരബന്ധനത്തിന്റെ കഥ അങ്ങനെയൊന്നുമല്ല. എത്ര ജന്മം കഴിഞ്ഞാലും അതിന്റെ ബാധയിൽനിന്നൊഴിവായിത്തീരുകയെന്നതെളുപ്പമല്ല. രണ്ടു

കാലുകളും ബലമുള്ള കയറുകൊണ്ട് കെട്ടി മുറുക്കി എഴുന്നേൽക്കാൻപോലും വയ്യാതെ കിടക്കുന്ന മർദ്ദിതനും അവശനും അനേകഭടന്മാരാൽ സൂക്ഷിക്കപ്പെടുന്നവനും പൂട്ടിയ ജയിൽമുറിയിൽ കിടക്കുന്നവനുമായ തടവുകാരന്റെ അവസ്ഥ യാണ് സംസാരിയുടേത്. അതിൽനിന്നു മോചിച്ചു പോരികയെ ന്നതു വിഷമംപിടിച്ചൊരു കാര്യംതന്നെയാണ്. അർത്ഥദാര പുത്രേഷണങ്ങളുടെ പീഡയാകുന്ന മർദ്ദനംകൊണ്ട് സ്വതവേ തന്നെ അവശനാണ് സംസാരി. തെറ്റിദ്ധാരണയാകുന്ന കരിങ്കൽ മുറിയിലാണ് താമസം. എത്രയൊക്കെ വിഷമിച്ചാലും അതിനെ പൊളിക്കാൻ കഴിയില്ല. അത്ര വമ്പിച്ചതാണ് അവന്റെ മൂഢത അല്ലെങ്കിൽ അജ്ഞാനം. പിന്നെ നൂറുകണക്കിലുള്ള ആഗ്രഹ ങ്ങളാകുന്ന കയറുകളെക്കൊണ്ട് കാലുരണ്ടും കെട്ടിവരിഞ്ഞിരി ക്കുന്നു. എഴുന്നേൽക്കാൻപോലും കഴിയില്ലെന്നുവന്നാൽ പിന്നെ ഓടിപ്പോവാൻ വയ്യെന്നു പറയേണ്ടതില്ലല്ലോ. അജ്ഞാനപര ങ്ങളായ ആഗ്രഹങ്ങളുടെ ദൃഢതകൊണ്ടു തന്റെ സാഹചര്യ ങ്ങളെ വിട്ടുനീങ്ങാനയാൾക്കു സാധ്യമേ അല്ല. കൂടാതെ കാമം, ക്രോധം, മദം തുടങ്ങിയ ഭയങ്കരന്മാരായ ശത്രുഭടന്മരാൽ സൂക്ഷിക്കപ്പെടുകയും ചെയ്യുന്നു. തന്റെ കാമാദിവികാരങ്ങളെ അതിക്രമിക്കാനുള്ള കഴിവ് അയാൾക്കില്ല. അതിനാൽ അവയ്ക്കു കീഴൊതുങ്ങിത്തന്നെ കഴിയുന്നു. അങ്ങനെയുള്ള സംസാരമാ കുന്ന അജ്ഞാനക്കരിങ്കൽത്തുറുങ്കിൽനിന്നു രക്ഷപ്പെടാൻ രാഗിയായൊരാൾക്കു സാദ്ധ്യമല്ലെന്നു തന്നെ പറയണം.

കാമാന്ധകാരേണ നിരുദ്ധദൃഷ്ടിർ–
മ്മുഹ്യത്യസത്യപ്യബലാസ്വരൂപേ
ന ഹ്യന്ധദൃഷ്ടേരസതഃ സതോ വാ
സുഖത്വദുഃഖത്വവിചാരണാസ്തി 49

കാമവികാരമാകുന്ന അന്ധതകൊണ്ടു പ്രജ്ഞാദൃഷ്ടി നഷ്ടപ്പെട്ട മൂഢനാണ് അസത്തായിരിക്കുന്ന സ്ത്രീസ്വരൂപത്തിൽ മോഹിക്കുന്നത്. സത്തിന്റെയും അസത്തിന്റെയും ഒന്നിന്റെയും വിവരമില്ലാത്ത അന്ധനായ മൂഢനു സുഖദുഃഖങ്ങളുടെ വിവേകമുണ്ടാവാത്തതിലും അത്ഭുതപ്പെടാനില്ല. എന്തുകൊണ്ടെന്നാൽ ഏതെങ്കിലും ഒന്നിന്റെ പരമാർത്ഥരൂപത്തെ അറിയുന്നുവെങ്കിൽ അവനല്പമെങ്കിലും വിവേകമുണ്ടെന്നു വിചാരിക്കാം. എന്നാൽ ഒന്നിന്റെയും പരമാർത്ഥതയെ അറിയാത്തവനു സുഖദുഃഖങ്ങളുടെ വിവേകമെങ്ങനെയുണ്ടാവും? സുഖദുഃഖങ്ങളുടെ വിവേകമോ സത്യാസത്യങ്ങളുടെ തിരിച്ചറിവോ ഉള്ള ഏതൊരാളും ജഡവും മലിനവുമായ സ്ത്രീശരീരത്തിൽ ഇച്ഛയെ പുലർത്തില്ലെന്നർത്ഥം. എന്തുകൊണ്ടെന്നാൽ പറയാം.

ശ്ലേഷ്മോൽഗാരി മുഖം സ്രവന്മലവതീ
നാസാശ്രുമല്ലോചനം
സ്വേദസ്രാവി മലാഭിപുർണ്ണമഭിതോ
ദുർഗന്ധദുഷ്ടം വപുഃ
അന്യദ്വക്തുമശക്യമേവ മനസാ
മന്തും ക്വചിന്നാർഹതി
സ്ത്രീരൂപം കഥമീദൃശം സുമനസാം
പാത്രീഭവേന്നേത്രയോഃ 50

എല്ലാ ദ്വാരങ്ങളിൽക്കൂടേയും കഫമൊഴുകിക്കൊണ്ടിരിക്കുന്നതും കഫത്താൽ നിറയപ്പെട്ടതുമായ മുഖം; മലിനമായ കഫനീരൊഴുകിക്കൊണ്ടിരിക്കുന്ന മൂക്ക്; അശ്രുമാലിന്യംകൊണ്ട് പൂർണ്ണമായ കണ്ണ്; മിക്കപ്പോഴും മലിനമായ വിയർപ്പൊഴുകിക്കൊണ്ടിരിക്കുന്ന മറ്റവയവങ്ങൾ; ഒട്ടാകെ ചുറ്റുപാടും ദുർഗ്ഗന്ധത്തെ പരത്തിക്കൊണ്ടിരിക്കുന്ന ശരീരം; ഇതാണ് സ്ത്രീരൂപം.

ഇതിനെ നല്ലതെന്നോ, അഭികാമ്യമെന്നോ, സുഖസ്വരൂപമെന്നോ പറയാനോ വിചാരിക്കാനോ യാതോരർഹതയുമില്ല. എന്നിട്ടും അതിനെ ആഗ്രഹിക്കാനും അഭികാമ്യമെന്നു വിചാരിക്കാനും തോന്നുന്നുവെങ്കിൽ മൂഢതയെന്നല്ലാതെ മറ്റെന്താണ് പറയാനുള്ളത്! അതിനെ കാണണമെന്നും, അതിനെ ആസ്വദിക്കണമെന്നുമുള്ള ആഗ്രഹം വിവേകികൾക്കെങ്ങിനെയുണ്ടാവും? ഒരു കാലത്തുമുണ്ടാവുമെന്നു പറവാൻ വയ്യ.

ദൂരാദവേക്ഷ്യാഗ്നിശിഖാം പതംഗോ
രമ്യത്വബുദ്ധ്യാ വിനിപത്യ നശ്യതി
യഥാ തഥാ നഷ്ടദൃഗേഷ സൂക്ഷ്മം
കഥം നിരീക്ഷേത വിമുക്തിമാർഗ്ഗം **51**

വിദൂരത്തിൽ കത്തിജ്വലിച്ചുകൊണ്ടിരിക്കുന്ന അഗ്നിജ്വാലയെ കാണുന്ന പാറ്റ, അതെന്തോ മനോഹരമായൊരു വസ്തുവാണെന്നും, തിന്നാൻ പറ്റിയതാണെന്നും തെറ്റിദ്ധരിച്ച് അഗ്നികുണ്ഡത്തിൽ പോയി വീണു ദഹിച്ചുനശിക്കുന്നു. അതുപോലെ വിവേകമില്ലാത്ത പ്രാകൃതനായ മനുഷ്യൻ സ്ത്രീരൂപം തുടങ്ങിയ മലിനങ്ങളായ മായവസ്തുക്കളെ മനോഹര വസ്തുക്കളാണെന്നും, തനിക്കു സുഖിയ്ക്കാനുള്ള ദിവ്യഭോഗങ്ങളാണെന്നും തെറ്റിദ്ധരിച്ച് അവയിൽപോയി വീണു വികാരാഗ്നിയിൽ തന്റെ പ്രജ്ഞാദൃഷ്ടിയെ നശിപ്പിക്കുന്നു. പിന്നെ അവനെങ്ങനെ സൂക്ഷ്മമായ മോക്ഷമാർഗ്ഗത്തെക്കാണും? കാണ്മാൻ വയ്യാ. അഥവാ, വളരെ മങ്ങിയതോതിൽ ചിലപ്പോൾ കണ്ടാലും, അവനു പ്രയോജനപ്പെടാനും വയ്യാ.

കാമേന കാന്തം പരിഗൃഹ്യ തദ്വൽ
ജനോപ്യയം നശ്യതി നഷ്ടദൃഷ്ടിഃ
മാംസാസ്ഥിമജ്ജാ മലമൂത്രപാത്രം

സ്ത്രീയം സ്വയം രമ്യതയൈവ പശ്യതി 52

പാറ്റ അഗ്നികുണ്ഡത്തിൽ വീണു ദഹിക്കുംപോലെ പ്രാകൃത മനുഷ്യനും കാമവികാരത്തിൽ പ്രേരിതനായിട്ടു ഭര്യായാകുന്ന അഗ്നികുണ്ഡത്തിൽ ചെന്നുവീഴുന്നു. വീണ ഉടനെത്തന്നെ ദൃഷ്ടി നഷ്ടപ്പെടുന്നു. ഗൃഹസ്ഥനായിക്കഴിഞ്ഞാൽ അധികം താമസി യാതെ വല്ല വിവേകവുമുണ്ടെങ്കിൽ അത് നഷ്ടപ്പെടുന്നുവെന്നു താത്പര്യം. പിന്നെ എന്റെ ഗൃഹം എന്റെ ഭാര്യ, എന്റെ പുത്രൻ എന്നീ മമതകൊണ്ട് ധർമ്മാധർമ്മചിന്തയില്ലതേയും, ജീവിത ലക്ഷ്യത്തെ അറിയാതേയും പലതും ചെയ്തു നശിക്കുകയും ചെയ്യുന്നു. എന്നാൽ അങ്ങിനെ സംഭവിക്കുന്നതിൽ അത്ഭുത മില്ല. എന്തുകൊണ്ടെന്നാൽ മാംസം, അസ്ഥി, മജ്ജ, മലം, മൂത്രം തുടങ്ങിയ മലിനവസ്തുക്കളുടെ സംഘാതമാണു, സ്ത്രീസ്വരൂപ മെന്നത്. അതാർക്കും, ഹൃദ്യമാവാൻ വയ്യാത്തതാണ്. എന്നിരു ന്നാലും അതിനെ മനോഹരവും ആകർഷകവുമായ വസ്തു വായിട്ടാണ് കാണുന്നതെങ്കിൽ എത്ര മൂഢതയുണ്ടാവണം! അത്രയും മൂഢനായൊരാൾക്കെന്താണ് വയ്യാത്തത്.

കാമ ഏവ യമഃ സാക്ഷാൽ കാന്താ വൈതരണീനദീ
വിവേകീനാം മുമുക്ഷൂണാം നിലയസ്തു യമാലയഃ 53

മോക്ഷേച്ഛുക്കളായ വിവേകികളുടെ ദൃഷ്ടിയിൽ കാമവികാരം തന്നെയാണ് യമൻ, യമനേക്കാൾ വലിയ ഉപദ്രവം കാമവികാരം കൊണ്ടാണ് മുമുക്ഷുവിനുണ്ടാവുന്നത്. അതുപോലെ യമലോക ത്തുണ്ടെന്നു പറയപ്പെടുന്ന വൈതരിണീനദി ഭാര്യതന്നെയാണ്. എന്തുകൊണ്ടെനാൽ പരലോകത്തെത്തുന്ന പാപിക്കു വൈതരിണീനദി എത്രമാത്രം ആപൽക്കരമാണോ, അതുപോലെ മുമുക്ഷുവിന്റെ ലക്ഷ്യപ്രാപ്തിക്കു ഭാര്യയും ആപൽക്കരമാണ്.

ഗൃഹം യമപുരിയുമാണ്. അതിനാൽ വിവേകികളായ മുമുക്ഷു ക്കൾ എപ്പോഴും അവയിൽനിന്നകന്നിരിക്കുന്നു.

യമാലയേ വാപി ഗൃഹേ*ƒ*പി നോ നൃണാം
താപത്രയക്ലേശനിവൃത്തിരസ്തി
കിഞ്ചിൽ സമാലോക്യ തു തദ്വിരാമം
സുഖാത്മനാ പശ്യതി മൂഢലോകഃ 54

ആദ്ധ്യാത്മികം, ആധിഭൗതികം, ആധിദൈവികം എന്നിങ്ങനെ മൂന്നായി തരംതിരിക്കപ്പെട്ടിരിക്കുന്നു ജീവികളുടെ ദുഃഖങ്ങൾ. തന്നിൽനിന്നുതന്നെയുണ്ടാവുന്ന രോഗങ്ങൾ, ക്ഷുൽപിപാസ ങ്ങൾ മനോദുഃഖങ്ങൾ തുടങ്ങി ജനനമരണങ്ങളടക്കമുള്ളവ യാണ് ആദ്ധ്യാത്മിക ദുഃഖങ്ങൾ. തന്നിൽനിന്നു അന്യന്മാരായ വരിൽനിന്ന് നേരിടേണ്ടിവരുന്ന ദുഃഖങ്ങളാണ് ആധിഭൗതികം. കള്ളന്മാർ, ദുഷ്ടന്മാർ, ക്രൂരജന്തുക്കൾ തുടങ്ങിയവരിൽനിന്നുള്ള ദുഖങ്ങളെല്ലാം ആ വകുപ്പിൽപ്പെടും. ദൈവീകങ്ങളായ ദുഃഖ ങ്ങൾ ആധിദൈവികവുമാണ്. ഇവ മൂന്നും പ്രായേണ എല്ലാ ജീവികളേയും പീഡിപ്പിച്ചുകൊണ്ടിരിക്കുന്നുണ്ട്. അവയുടെ നിവൃത്തിയാണ് ഓരോ ജീവിയും എല്ലാ സമയത്തും അന്വേഷി ക്കുന്നത്. എത്രയൊക്കെ അന്വേഷിച്ചാലും അവയുടെ നിവൃത്തി യാണ് കിട്ടാത്തതും. പാപശക്തികൊണ്ട് മരണശേഷം യമ ലോകത്ത് പോവേണ്ടിവന്ന ഒരു ജീവനു എപ്രകാരം മുൻപറഞ്ഞ താപത്രയംകൊണ്ടുള്ള ക്ലേശത്തിന്റെ നിവൃത്തി അവിടെവെച്ചു കിട്ടില്ലയോ, അതുപോലെ ഗൃഹത്തിൽവെച്ചും ഒരാൾക്കു താപത്രയനിവൃത്തിയെ സമ്പാദിക്കാൽ വയ്യാ. എന്തുകൊണ്ടെ ന്നാൽ താപത്രയത്തിന്റെ ഇരിപ്പിടമാണ് യമലോകമെന്നപോലെ ഗൃഹവും, ചിലപ്പോൾ ഏതെങ്കിലും ചില താപത്തിന്ന് അല്പം കുറവുണ്ടായിക്കാണുമ്പോൾ സുഖസ്വരൂപമാണ് ഗൃഹമെന്നു

തെറ്റിദ്ധരിക്കുകമാത്രമാണ് ചെയ്യുന്നത്. എപ്രകാരം യമലോക ത്തുവെച്ചു താപത്രയനിവൃത്തിയെ പ്രതീക്ഷിക്കാൻ അർഹത യില്ലയോ, അതുപോലെ ഗൃഹത്തിൽവെച്ചും പ്രതീക്ഷിക്കാൻ അർഹതയില്ല. അതുകൊണ്ടാണ് ഗൃഹം യമപുരിയാണെന്നു പറഞ്ഞത്.

യമസ്യ കാമസ്യ ച താരതമ്യം
വിചാര്യമാണേ മഹദസ്തി ലോകേ
ഹിതം കരോത്യസ്യ യമോfപ്രിയഃ സൻ
കാമസ്ത്വനർത്ഥം കുരുതേ പ്രിയസ്സൻ 55

കാമവികാരം യമൻതന്നെയാണെന്നു പറഞ്ഞുവെങ്കിലും വാസ്തവത്തിൽ അങ്ങിനെ പറയാൻ പാടില്ല. കാമനും യമനും തമ്മിൽ വളരെ അന്തരമുണ്ട്. വിചാരംചെയ്തു നോക്കുമ്പോഴേ അതു വ്യക്തമായറിയൂ. യമൻ എല്ലാവർക്കും അപ്രിയനാണ്; ആരും യമനെ ഇഷ്ടപ്പെടാറില്ല. എങ്കിലും അദ്ദേഹം ഓരോരു ത്തർക്കും ചെയ്യുന്ന പ്രവൃത്തി ഹിതമാണ്. നരകയാതനകളെ ക്കൊണ്ട് പാപങ്ങളെ നശിപ്പിച്ച് ഓരോരുത്തരേയും ശുദ്ധന്മാരാ ക്കുകയാണ് ചെയ്യുന്നത്. പ്രത്യക്ഷത്തിൽ അപ്രിയങ്ങളായ കാര്യങ്ങളാണ് യമൻ ചെയ്യുന്നതെങ്കിലും പരോക്ഷമായി അവയെല്ലാം ഹിതമാണ്. എന്നാൽ കാമന്റെ കഥ അതല്ല; കാമനെല്ലാവർക്കും പ്രിയനാണ്. പക്ഷെ ചെയ്യുന്നതാകട്ടെ അനർത്ഥമുമാണ്. അപ്പോൾ എത്ര വ്യത്യാസമുണ്ട് രണ്ടുപേരും തമ്മിൽ. യമൻ അപ്രിയനായിട്ട് ഹിതത്തെ ചെയ്യുമ്പോൾ കാമൻ പ്രിയനായിട്ട് അനർത്ഥത്തെ ചെയ്യുന്നു. ആ സ്ഥിതിക്കു യമനെ യാണ് കാമനേക്കാൾ കൂടുതൽ ഇഷ്ടപ്പെടേണ്ടത്.

യമോfസതാമേവ കരോത്യനർത്ഥം
സതാം തു സൗഖ്യം കുരുതേ ഹിതസ്സൻ

കാമഃ സതാമേവ ഗതിം നിരുന്ധൻ
കരോത്യനർത്ഥം ഹ്യസതാം നു കാ കഥാ 56

കൂടാതെ യമൻ ദുർജ്ജനങ്ങളെ മാത്രമെ പീഡിപ്പിക്കാറുള്ളു. അവർക്കു മാത്രമാണ് യമൻ അപ്രിയനായിട്ടിരിക്കുന്നതും. സജ്ജനങ്ങൾക്കു പ്രിയനായിട്ട് സുഖത്തെ കൊടുക്കലാണ് പതിവ്. എന്നാൽ കാമൻ സജ്ജനങ്ങളുടെതന്നെ ഗതിമുട്ടിച്ചു അനർത്ഥമുണ്ടാക്കി തീർക്കുന്നു. ആ സ്ഥിതിക്കു ദുർജ്ജനങ്ങൾക്ക് എന്തെന്തുപദ്രവങ്ങളാണ് ചെയ്യാത്തത്? അതിനാൽ കാമനിൽനിന്നു അകന്നുപോകുന്നവർക്കു മാത്രമെ രക്ഷയുള്ളു.

വിശ്വസ്യ വൃദ്ധിം സ്വയമേവ കാംക്ഷൻ
പ്രവർത്തകം കാമിജനം സസർജ്ജ
തേനൈവ ലോകഃ പരിമുഹ്യമാനഃ
പ്രവർദ്ധതേ ചന്ദ്രമസേവ ചാബ്ധിഃ 57

ജഗത്തിന്റെ വർദ്ധനയ്ക്കുവേണ്ടിയാണ് പ്രവൃത്തിസ്വരൂപന്മാരായ കാമിജനങ്ങളെ സൃഷ്ടിച്ചത് ബ്രഹ്മദേവനെന്നു കരുതുന്നതിൽ തെറ്റില്ല. എന്തുകൊണ്ടെന്നാൽ ചന്ദ്രോദയത്തിൽ സമുദ്രമെന്നപോലെയാണ് അവരുടെ പ്രവൃത്തികൊണ്ട് ഈ ലോകം വർദ്ധിക്കുന്നത്. വളർച്ചയെന്നത് എന്തിന്റെയായാലും അഭികാമ്യമാണെന്ന് പറയാറുണ്ട്. എന്നാൽ ദുഃഖത്തിന്റേയോ, അജ്ഞാനത്തിന്റെയോ വളർച്ച അഭികാമ്യമല്ല. കാമിജനങ്ങളുടെ പ്രവൃത്തികൊണ്ട് അജ്ഞാനമാണ് വളരുന്നത്. അതു കൂടുതൽ ദുഃഖത്തിനേ കാരണമാവു എന്നു പറയേണ്ടതില്ലല്ലോ. അതിനാൽ ജഗത്തിന്റെ വളർച്ചയെന്നാൽ അജ്ഞാനത്തിന്റെ വളർച്ചതന്നെ.

കാമോ നാമ മഹാൻ ജഗൽഭ്രമയിതാ
സ്ഥിത്വാന്തരംഗേ സ്വയം

സ്ത്രീപുംസാവിതരേതരാംഗകഗുണൈ
ർഹാസൈശ്ച ഭാവൈഃ സ്ഫുടം
അന്യോന്യം പരിമോഹ്യ നൈജതമസാ
പ്രേമാനുബന്ധേന തൗ
ബദ്ധ്വാ ഭ്രാമയതി പ്രപഞ്ചരചനാം
സംവർദ്ധയൻ ബ്രഹ്മഹാ 58

കാമനെന്നു പേരായ ഒരു വലിയ ശത്രു എല്ലാ സ്ത്രീ പുരുഷന്മാരുടെയും ഹൃദയാന്തർഭാഗത്ത് അധിവസിക്കുന്നു. എല്ലാവരെയും എപ്പോഴും വ്യാമോഹിപ്പിയ്ക്കലാണ് അയാളുടെ മുഖ്യമായ പ്രവൃത്തി. പുരുഷന്മാരെ സ്ത്രീസ്വരൂപാവയവങ്ങളെ ക്കൊണ്ടും, സ്ത്രീകളെ പുരുഷാവയവങ്ങളെകൊണ്ടും പുഞ്ചിരി കൊണ്ടും ഭാവഹാവങ്ങളെകൊണ്ടുമാണ് മോഹിപ്പിക്കുകയും ദുർബ്ബലരാക്കുകയും ചെയ്യുന്നത്. പിന്നെ അവരവരിൽതന്നെ യുള്ള തമസ്സു കൊണ്ട് പ്രേമമെന്ന കയറുണ്ടാക്കി കെട്ടിയിടു കയും ചെയ്യുന്നു. അങ്ങനെ കെട്ടപ്പെട്ടവരിൽക്കൂടെ ഈ പ്രപഞ്ച നിർമ്മിതിയെ വർദ്ധിപ്പിക്കുകയും ചെയ്യുന്നു. പ്രസ്തുത കാമനാ കുന്ന ശത്രുവാണ് എല്ലാവരേയും വഴിതെറ്റിക്കുന്നത്. ഇതിലും വലിയ ഒരു ബ്രഹ്മഹന്താവു വേറെയില്ലെന്നു പറയണം. അയാളുള്ളിടത്തെവിടേയും ബ്രഹ്മജ്ഞാനമുണ്ടാവില്ല.

അതോന്തരംഗസ്ഥിത കാമവേഗാൽ
ഭോഗ്യേ പ്രവൃത്തിഃ സ്വത ഏവ സിദ്ധാ
സർവ്വസ്യ ജന്തോർധ്രുവമന്യഥാ ചേ-
ദബോധിതാർത്ഥേഷു കഥം പ്രവത്തിഃ 59

മുൻപറഞ്ഞ തോതിൽ കാമനാകുന്ന ശത്രു അകത്തു ഹൃദയത്തിലിരുന്നു പ്രേരിപ്പിക്കുന്നതുകൊണ്ടാണ് എല്ലാ ജീവി കളും ഭോഗ്യവസ്തുക്കളെ അന്വേഷിക്കുന്നതും പ്രാപിക്കുന്നതും

അനുഭവിക്കുന്നതുമെല്ലാംതന്നെയും അല്ലെങ്കിൽ അശിക്ഷിത കാര്യങ്ങളെ എങ്ങനെ പ്രവർത്തിക്കും?

തേനൈവ സർവ്വജന്തൂനാം കാമനാ ബലവത്തരാ
ജീര്യത്യപി ച ദേഹേസ്മിൻ കാമനാ നൈവ ജീര്യതെ 60

എല്ലാ ജീവികൾക്കും ആഗ്രഹം കാണുന്നുണ്ട്. അത് ഏതെങ്കിലും ഒരു വസ്തുവിനേയോ, അനുഭവത്തെയോ സംബന്ധി ച്ചൊന്നുമില്ല. എല്ലാ ഭോഗ്യപദാർത്ഥങ്ങളിലും, എല്ലാ ഭോഗാനു ഭവങ്ങളിലും പ്രായേണ എല്ലാ ജീവികൾക്കും കാമനയുണ്ടായി കാണാറുണ്ട്. എല്ലാ ഭോഗങ്ങളേയും അനുഭവിക്കുന്നത് ശരീരം കൊണ്ടാണ്. എന്നാൽ അങ്ങനെയുള്ള ശരീരം ജീർണ്ണമായി ത്തീരുമ്പോൾ കാമനകളും ജീർണ്ണതയെ പ്രാപിക്കേണ്ടതാണ്. എന്നാൽ അങ്ങനെ സംഭവിച്ചു കാണാറുമില്ല. അതുകൊണ്ട് തെളിയുന്നു. ഹൃദയവർത്തിയായ കാമനാണ് എല്ലാവരിലും കാമനകളെ വളർത്തുന്നതെന്ന്. കാമത്തിന്നു ജീർണ്ണതയില്ലാത്ത തുകൊണ്ടാണ് ശരീരം ജീർണ്ണിച്ചാലും കാമനകളടങ്ങാത്തത്.

അവേക്ഷ്യ വിഷയേ ദോഷം ബുദ്ധിയുക്തോ വിചക്ഷണഃ
കാമപാശേന യോ മുക്തഃ സ മുക്തേഃ പഥി ഗോചരഃ 61

ബുദ്ധിമാനും, സമർത്ഥനുമായ സാധകൻ വിഷയദോഷ ങ്ങളെ ശരിയ്ക്കറിഞ്ഞു കാമപാശത്തിൽനിന്നു രക്ഷപ്പെടുന്നു വെങ്കിൽ അവൻ മുക്തിമാർഗ്ഗത്തെക്കാണും. അല്ലാത്തവർക്കു കാണാൻ വിഷമമാണ്. കാമപാശംകൊണ്ടുള്ള ബന്ധമഴിയാതെ മറ്റു ബന്ധങ്ങളിൽനിന്ന് മുക്തി കിട്ടാൻ പോവുന്നില്ല.

കാമസ്യ വിജയോപായം സൂക്ഷ്മം വക്ഷ്യാമ്യഹം സതാം
സങ്കല്പസ്യ പരിത്യാഗ ഉപായഃ സുലഭോ മതഃ 62

ശക്തിയേറിയ പ്രസ്തുത കാമപാശത്തെ ജയിക്കാനുള്ള ഉപായം പറയാം. വളരെ എളുപ്പവും എന്നാൽ അതേ സമയത്ത് സുശക്തവുമാണ്. സങ്കല്പങ്ങളാണ് കാമത്തിന്റെ നിലനില്പിന്ന് ഹേതു. ഒരു സങ്കല്പവുമില്ലാതായാൽ കാമം സ്വാഭാവികമായി ത്തന്നെ നശിക്കും. അതിനാൽ സാധകനമാരെപ്പോഴും നിസ്സങ്കല്പ ന്മാരായിരിയ്ക്കേണ്ടതാണ്.

ശ്രുതേ ദൃഷ്ടേƒപി വാ ഭോഗ്യേ യസ്മിൻ കസ്മിംശ്ച വസ്തുനി
സമീചിനത്വധീത്യാഗാൽ കാമോ നോദേതി കർഹിചിൽ 63

കണ്ടതും കേട്ടതും അനുഭവിച്ചതുമായ ഭോഗ്യവസ്തുക്കളെ തുടർച്ചയായി ഓർമ്മിക്കുകയും, അവയിൽ നന്മയെ സങ്കല്പി ക്കുകയും ചെയ്യുന്നതുകൊണ്ടാണ് പിന്നേയും ആഗ്രഹങ്ങൾ ഉണ്ടാവുകയും വളരുകയും ചെയ്യുന്നത്. ഒന്നിനേയും ഓർമ്മിക്കാ തേയും സങ്കല്പിയ്ക്കാതേയും ഇരിക്കുന്നൊരാൾക്കു ഒരാഗ്രഹവു മുണ്ടാവില്ല. അതിനാൽ സാധകന്മാർ വൈഷയികങ്ങളായ ഓർമ്മകളേയും സങ്കല്പങ്ങളേയും അകറ്റേണ്ടതത്യാവശ്യമാണ്.

കാമസ്യ ബീജം സങ്കല്പഃ സങ്കല്പാദേവ ജായതേ
ബീജേ നഷ്ടേƒങ്കുര ഇവ തസ്മിൻ നഷ്ടേ വിനശ്യതി 64

കാമത്തിന്റെ ബീജം സങ്കല്പമാണ്. സങ്കല്പമില്ലാത്തിടത്ത് കാമം സ്ഫുരിക്കുവാൻ വയ്യ. അതിനാൽ സങ്കല്പത്തെ അകറ്റി യാൽ, വിത്തു നശിക്കുമ്പോൾ മുളയും നശിക്കുന്നതുപോലെ, എല്ലാ കാമങ്ങളും നശിക്കും. സങ്കല്പങ്ങളുള്ളേടത്തോളം കാലം മറ്റെന്തൊക്കെയുണ്ടായാലും കാമങ്ങൾ കേവലം നശിക്കലുമില്ല. അതിനാൽ സാധകന്മാർ സങ്കൽപ്പങ്ങളെ അകറ്റേണ്ടതത്യാ വശ്യമാണ്.

ന കോപി സമ്യക്ത്വധിയാ വിനൈവ
ഭോഗ്യം നരഃ കാമയിതും സമർത്ഥഃ
യതസ്തതഃ കാമജയേച്ഛുരേതാം
സമ്യക്ത്വബുദ്ധിം വിഷയേ നിഹന്യാൽ 65

വിഷയങ്ങളിൽ സത്യബുദ്ധിയുള്ളതുകൊണ്ടാണ് അവയെ ആഗ്രഹിക്കാനും അനുഭവിക്കാനും ഇടയാവുന്നത്. സ്വപ്ന ദൃഷ്ടപദാർത്ഥമെന്നപോലെ അസദ്വസ്തുക്കളാണ് വിഷയങ്ങളെന്ന് ബോധ്യമുണ്ടായാൽ പിന്നെ ആരാണവയെ കാംക്ഷിക്കുന്നത്? എന്നാൽ വാസ്തവത്തിൽ ഭ്രമമാത്രങ്ങളായ അസദ്വസ്തുക്കളാണല്ലോ വിഷയങ്ങളെല്ലാം തന്നെയും. ആ ബോധമില്ലാത്തതുകൊണ്ടും സുഖപ്രതീക്ഷയുള്ളതുകൊണ്ടുമാണ് എല്ലാവരും വിഷയങ്ങളെ അനുഭവിക്കുന്നത്. അതിനാൽ വിചാരംകൊണ്ട് ഭ്രമത്തെ നീക്കി വിഷയങ്ങളുടെ അസൽഭാവത്തെ ബോധിച്ച് സത്യബുദ്ധിയെ അകറ്റേണ്ടതാണ്. എങ്കിലേ വിഷയയാനുഭവങ്ങളിലുള്ള ആഗ്രഹമടങ്ങു.

ഭോഗ്യേ നരഃ കാമജയേച്ഛുരേതാം
സുഖത്വബുദ്ധിം വിഷയേ നിഹന്യാൽ
യാവൽ സുഖത്വഭ്രമധീഃ പദാർത്ഥേ
താവന്ന ജേതും പ്രഭവേദ്ധി കാമം 66

ഭോഗ്യപദാർത്ഥങ്ങളിലെ ആഗ്രഹത്തെ ജയിക്കണമെന്നുണ്ടെങ്കിൽ അതിൽ സുഖബുദ്ധിയില്ലാതാവണം. ഭോഗ്യപദാർത്ഥങ്ങളൊക്കെ സുഖസ്വരുപങ്ങളായി കാണപ്പെടുമ്പോൾ അവയെ എങ്ങനെ ഇഷ്ടപ്പെടാതിരിക്കും? വാസ്തവത്തിൽ അവ സുഖസ്വരൂപങ്ങളോ ഉള്ളവപോലുമോ അല്ല. ഭ്രമംകൊണ്ട് അങ്ങനെ പലതും തോന്നുന്നു എന്നുമാത്രം. വിചാരംകൊണ്ട് വിഷയ

ങ്ങളിലെ സൽബുദ്ധിയും സുഖപ്രതീതിയും നീങ്ങുമ്പോൾ മാത്രമെ ഒരാൾക്ക് കാമത്തെ ജയിക്കാൻ സാധിക്കൂ.

സങ്കല്പാനുദയേ ഹേതുർയഥാ ഭൂതാർത്ഥദർശനം
അനർത്ഥചിന്തനം ചാഭ്യാം നാവകാശോസ്യ വിദ്യതേ 67

വസ്തുക്കളെ യഥാതഥമാകുംവണ്ണം കാണാൻ തുടങ്ങുമ്പോൾ സങ്കൽപങ്ങളടങ്ങും. സ്വതവെ എങ്ങനെയുള്ളവയാണോ; അങ്ങനെയല്ലാതെ മറ്റൊരു പ്രകാരത്തിൽ അവയെ കാണുമ്പോ ഴാണ് പല മിത്ഥ്യാസങ്കല്പങ്ങളും പ്രതീതികളുമുണ്ടായിത്തീരു ന്നത്. അതിനാൽ വിഷയങ്ങളെ അവയുടെ യഥാർത്ഥമായ മിത്ഥ്യാസ്വരൂപത്തിൽ വീക്ഷിക്കുകയും, അവയുടെ സമ്പർക്കം ഹേതുവായിട്ടുണ്ടാവുന്ന അനർത്ഥങ്ങളെ ചിന്തിക്കുകയും ചെയ്യുന്ന ഒരാൾക്ക് കാലംകൊണ്ടു കാമത്തെ ജയിക്കുവാൻ സാധിക്കും. അങ്ങനെ ചെയ്യാതെ ജീവിക്കാൻ വിഷമവുമാണ്.

രത്നേ യദി ശിലാബുദ്ധിർജ്ജായതേ വാ ഭയം തതഃ
സമീചീനത്വധീർന്നൈതി നോപാദേയത്വധീരപി 68

വിശിഷ്ടമായൊരു രത്നത്തെ കാണുമ്പോൾ അതൊരു ശിലാ ഖണ്ഡം മാത്രമാണെന്നൊരാൾക്കു തോന്നുന്നുതെങ്കിൽ യാതൊരു കുഴപ്പവുമില്ല. അതു നല്ലതാണെന്നോ, വിലപിടിച്ച താണെന്നോ, അതിനെ എടുത്ത് സൂക്ഷിയ്ക്കണമെന്നോ ഒന്നും തോന്നാനിടവരില്ല. അതിനെ സംബന്ധിച്ച് സങ്കല്പങ്ങളും പിന്നീടുണ്ടാവില്ല. നേരെ മറിച്ച് അത് ശിലാഖണ്ഡമല്ല; വളരെ വിശേഷപ്പെട്ട രത്നമാണെന്നാണ് തോന്നിയെതെങ്കിൽപിന്നെ അനേകം സങ്കല്പങ്ങളും അനർത്ഥങ്ങളും അതു ഹേതുവാ യിട്ടുണ്ടാവുകയും ചെയ്യും.

യഥാർത്ഥദർശനം വസ്തുന്യനർത്ഥസ്യാപി ചിന്തനം
സങ്കല്പസ്യാപി കാമസ്യ തദ്വധോപായ ഇഷ്യതേ 69

വസ്തുക്കളുടെ യഥാർത്ഥസ്വരൂപത്തെ കാണലും, അവയുടെ സംബന്ധംകൊണ്ടുണ്ടാവുന്ന അനർത്ഥങ്ങളെ ചിന്തിക്കലുമാണ് സങ്കല്പത്തേയും കാമത്തേയും ജയിക്കാനുള്ള ഒരേ ഒരു മാർഗ്ഗം. ഭ്രമംകൊണ്ട് പദാർത്ഥങ്ങളെ അന്യഥാസ്വരൂപത്തിൽ വിക്ഷിക്കലും അവയിൽ സുഖബുദ്ധിയുണ്ടായിത്തീരലുമാണ് സങ്കല്പങ്ങളും, ആഗ്രഹങ്ങളും വളരാൻ കാരണം. അതിനാൽ എല്ലാറ്റിലും സമ്യക്ദർശനത്തെ വളർത്തുന്നത് സങ്കല്പകാമങ്ങളുടെ വിജയത്തിനു ഹേതുവാണ്.

6. നിർലോഭത്വം

ധനം ഭയനിബന്ധനം സതതദുഃഖസംവർദ്ധനം
പ്രചണ്ഡതരകർദ്ദനം സ്ഫുടിതബന്ധുസംവർദ്ധനം
വിശിഷ്ടഗുണബാധനം കൃപണധീസമാരാധനം
ന മുക്തിഗതിസാധനം ഭവതി നാപി ഹൃച്ഛോധനം 70

സ്ത്രീമാലാചന്ദനാദികളോ, വിശിഷ്ടാന്നപേയാദികളോ ആകുന്ന ഭോഗ്യപദാർത്ഥങ്ങളെ അപേക്ഷിച്ചു വളരെയധികം ആപൽക്കരവും, ദുഃഖകാരണവുമാണ് ധനത്തിലുള്ള ആശ. എല്ലാവിധ ഭയങ്ങളുടേയും, ദുഃഖങ്ങളുടേയും ഏക ഹേതു വാണ് ധനം. കഠിനങ്ങളായ ദുഷ്ക്കർമ്മങ്ങളെ ചെയ്യിക്കുന്നതും, ബന്ധുക്കളെയും ബന്ധങ്ങളേയും വളർത്തുന്നതും ധനമല്ലാതെ മറ്റൊന്നുമില്ല. സൽഗുണങ്ങൾ വല്ലതുമുണ്ടെങ്കിൽ അവയെ ഇല്ലാതാക്കിത്തീർക്കുന്നതും. ദുർഗ്ഗുണങ്ങളെ വളർത്തുന്നതും ധനമാണ്. കൂടാതെ മൂഢന്മാരേയും, കൃപണന്മാരേയും ആരാധിക്കാനും, സജ്ജനങ്ങളെ തിരസ്കരിക്കാനും കൂടി ഇടയാക്കിത്തീർക്കും

ധനാശ. ധനംകൊണ്ട് ചിത്തശുദ്ധിയുണ്ടാവുകയോ, മുക്തി മാർഗ്ഗം തെളിയുകയോ ചെയ്യില്ലെന്നത് നിസ്സംശയമാണ്. ചിത്തത്തിന്നു സ്വതവേ വല്ല ശുദ്ധിയുമുണ്ടെങ്കിൽ അതുകൂടി ഇല്ലാതാവലും, മുക്തിമാർഗ്ഗത്തിന് വല്ല തെളിവുമുണ്ടെങ്കിൽ അതുംകൂടി മങ്ങലും മാത്രമാണ് ധനാശകൊണ്ടുള്ള ഫലം. അതിനാൽ ധനത്തിൽ ഒരിയ്ക്കലും ആശയുണ്ടാവാതിരിയ്ക്കാൻ സാധകന്മാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

രാജ്ഞോ ഭയം ചോരഭയം പ്രമാദാൽ
ഭയം തഥാ ജ്ഞാതിഭയം ച വസ്തുതഃ
ധനം ഭയഗ്രസ്തമനർത്ഥമൂലം
യതഃ സതാം നൈവ സുഖായ കല്പതേ 71

കൂടാതെ ധനമുള്ളൊരാൾക്കു രാജാവിൽനിന്നും, കള്ളന്മാരിൽനിന്നും, സ്വന്തം ആളുകളിൽനിന്നും എപ്പോഴും ഭയമുണ്ടാവും. ചുരുക്കത്തിൽ ഭയത്തിന്റേയും അനർത്ഥങ്ങളുടേയും ഇരിപ്പിടമാണ് ധനമെന്നു പറയണം. ആർക്കും ധനത്തിൽനിന്നു സുഖം കിട്ടാറില്ല. ദുഃഖവും അനർത്ഥവും എല്ലാവർക്കും കിട്ടാറുമുണ്ട്. എന്നാലും വ്യമോഹംകൊണ്ട് ധനത്തെ സുഖവസ്തുവെന്നു തെറ്റിദ്ധരിച്ച് അതിനെ സമ്പാദിക്കാനും സൂക്ഷിക്കാനും ഒരുങ്ങുന്നു അജ്ഞന്മാർ. വിവേകികൾ ധനം അനർത്ഥഹേതുവാണെന്നറിഞ്ഞു നേരത്തെതന്നെ അതിനെ വിട്ടുപോരുന്നു. അതിനാൽ അവർക്കതിന്റെ പീഡയേൽക്കേണ്ടിവരാറുമില്ല.

ആർജ്ജനേ രക്ഷണേ ദാനേ വ്യയേ വാചി ച വസ്തുതഃ
ദുഃഖമേവ സദാ നൃണാം ന ധനം സുഖസാധനം 72

ധനം സമ്പാദിക്കുമ്പോഴും സൂക്ഷിക്കുമ്പോഴും, മറ്റൊരാൾക്കു കൊടുക്കുമ്പോഴും, തനിക്കുവേണ്ടി ചിലവാക്കുമ്പോഴുമെല്ലാം

ദുഃഖം മാത്രമാണ് മനുഷ്യനനുഭവിക്കുന്നത്. അതിനാൽ ഒരിക്കലും ആർക്കും സുഖഹേതുവല്ല ധനം.

സതാമപി പദാർത്ഥസ്യ ലാഭാല്ലോഭഃ പ്രവർദ്ധതേ
വിവേകോ ലുപ്യതേ ലോഭാൽ തസ്മിൻ ലുപ്തേ വിനശ്യതി 73

വിവേകികളായ സജ്ജനങ്ങളായാലും ധനമുണ്ടായിക്കഴിഞ്ഞാൽ ലോഭം വർദ്ധിക്കും. അതു വസ്തുസ്വഭാവമാണ്. അഗ്നിയെ സ്പർശിച്ചാൽ ആർക്കായാലും പൊള്ളുമല്ലോ. അത് അഗ്നിയുടെ വസ്തുധർമ്മമാണ്. അതുപോലെ ധനമുണ്ടായാൽ ലോഭവുമുണ്ടാവും. അതു ധനത്തിന്റെയും വസ്തുധർമ്മമാണ്. ലോഭം വളർന്നാൽ വിവേകം കുറയുമെന്നു പറയേണ്ടതില്ലല്ലൊ. വിവേകനാശത്തിൽ വ്യക്തിതന്നെ ജന്മസാഫല്യത്തെ പ്രാപിക്കാനിട വരാതെ നശിക്കുകയും ചെയ്യുന്നു. അതിനാൽ എന്തുചെയ്യും സാധകന്മാർ ധനാശയിൽനിന്നു രക്ഷപ്പെടുകതന്നെ വേണം.

ദഹത്യലാഭേ നിഃസ്വത്വം ലാഭേ ലോഭോ ദഹത്യമും
തസ്മാൽ സന്താപകം വിത്തം കസ്യ സൗഖ്യം പ്രയച്ഛതി 74

ധനമില്ലാത്തവനെ ദാരിദ്രവും ധനമുള്ളവനെ ലോഭവും ദഹിപ്പിക്കുന്നു. ഉണ്ടായാലും ഇല്ലാതിരുന്നാലും ദുഃഖമാണ് ഫലം, ധനത്തെക്കുറിച്ചു ചിന്തിച്ചാൽതന്നെ ദുഃഖിക്കാനിടയാവുന്നു എന്നല്ലേ അതു കാണിക്കുന്നത്. ആ സ്ഥിതിക്ക് ആർക്കാണ് ധനം കൊണ്ട് സുഖമുള്ളത്?

ഭോഗേന മത്തതാ ജന്തോർദ്ദാനേന പുനരുത്ഭവഃ
വൃഥൈവോഭയഥാ വിത്തം നാസ്ത്യേവ ഗതിരന്യഥാ 75

ധനമെത്രയുണ്ടായാലും അതിന്റെ അനുഭവംകൊണ്ടു അഹങ്കാരം വർദ്ധിയ്ക്കലാണ് ഫലം. അഹങ്കാരം വളർന്നാൽ

മറ്റെല്ലാ ദോഷങ്ങളും അതുകൊണ്ടുണ്ടാവുകയും ചെയ്യും. അപ്പോൾ സ്വയം അനുഭവിക്കാൻ കൊള്ളുന്ന സുഖസാധനമല്ല പണമെന്നാണല്ലോ അതിൽനിന്നു മനസ്സിലാവുന്നത്. എന്നാൽ മറ്റുള്ളവർക്കു ദാനം ചെയ്താലോ എന്നാണെങ്കിൽ അതു കൊണ്ട് പിന്നേയും ധനം വർദ്ധിക്കുമെന്നുള്ളതല്ലാതെ മറ്റു ദോഷങ്ങളൊന്നുമില്ല. എത്ര വർദ്ധിച്ചാലും തനിക്കനുഭവിക്കാൻ കൊള്ളരുതാത്തതാണെങ്കിൽ പിന്ന അതുകൊണ്ടെന്താണ് പ്രയോജനം? ഒന്നുകിൽ താനനുഭവിക്കുക; അല്ലെങ്കിൽ മറ്റുള്ളവർക്കു കൊടുക്കുക. ഇങ്ങിനെ രണ്ടു കാര്യമല്ലാതെ മൂന്നാമതൊന്നും ചെയ്യാൻ വയ്യല്ലോ ധനംകൊണ്ട്. പ്രസ്തുത രണ്ടു കാര്യങ്ങളും ദുഃഖത്തിനല്ലാതെ സുഖത്തിന് കാരണമാവി ല്ലെങ്കിൽ ധനം നിഷ്പ്രയോജനമാണെന്നല്ലാതെ മറ്റെന്താണു പറയേണ്ടത്. അങ്ങനെ ഉപയോഗശൂന്യവും ദുഃഖസ്വരൂപവുമായ പദാർത്ഥത്തെ സമ്പാദിക്കാൻവേണ്ടി ആയുഷ്ക്കാലംമുഴുവൻ ചിലവഴിക്കുന്നുവെന്ന് വന്നാൽ അതിൽപ്പരം മൂഢത മറ്റെന്താ ണുള്ളത്?

ധനേന മദവൃദ്ധിഃ സ്യാൽ മദേന സ്മൃതിനാശനം
സ്മൃതിനാശാൽ ബുദ്ധിനാശോ ബുദ്ധിനാശാൽ പ്രണശ്യതി 76

എത്രതന്നെ വിവേകിയായാലും, ധനമുണ്ടായിക്കഴിഞ്ഞാൽ കുറച്ചെങ്കിലും അഹങ്കാരമുണ്ടാവാതിക്കില്ല. എന്തുകൊണ്ടെ ന്നാൽ അതു ധനത്തിന്റെ ധർമ്മമാണ്. ആ സ്ഥിതിക്ക് വിവേകം കൂടിയില്ലെങ്കിലത്തെ സ്ഥിതിയെന്താവും? അഹങ്കാരത്തിന്റെ വളർച്ചയിൽക്കൂടെ എല്ലാ ദുർഗ്ഗുണങ്ങളും അവനിൽ തല പൊക്കാൻ തുടങ്ങും, മാത്രമല്ല, ആത്മസ്മൃതിയും ചിത്തത്തിന്റെ ഏകാഗ്രതയും കേവലം നഷ്ടപ്പെടും. അവ നഷ്ടപ്പെട്ടുകഴിഞ്ഞാൽ വളരെ സാഹസപ്പെട്ടു സമ്പാദിച്ച അദ്വൈതവും നിരുപാധിക വുമായ ആത്മജ്ഞാനം കേവലം നശിക്കുകതന്നെ ചെയ്യും.

ആത്മജ്ഞാനം നശിച്ചുകഴിഞ്ഞ ഒരാൾക്കു നാശമല്ലാതെ മറ്റെന്താണനുഭവിക്കാനുള്ളത്? അതിനാൽ സർവ്വാനർത്ഥങ്ങളുടേയും ഹേതുവാണ് ധനം.

സുഖയതി ധനമേവേത്യന്തരാശാപിശാച്യാ
ദൃഢതരമുപഗൂഢോ മുഢലോകോ ജഡാത്മാ
നിവസതി തദുപാന്തേ സന്തതം പ്രേക്ഷമാണോ
വ്രജതി തദപി പശ്ചാൽ പ്രാണമേതസ്യ ഹൃത്വാ 77

പരമാർത്ഥമായ വിവേകമില്ലാത്ത ജഡന്മാരും മൂഢബുദ്ധികളുമായ ജനങ്ങൾക്കു ധനം സുഖസാധനമാണ്. അതിനാൽ ധാരാളം ധനം സമ്പാദിയ്ക്കപ്പെട്ടാൽ താൻ സുഖിയായിത്തീരുമെന്നു തെറ്റിദ്ധരിക്കുന്നു. അതിനാൽ എപ്പോഴും തന്നിലധിവസിക്കുന്ന ധനാശയാകുന്ന പിശാചിനാൽ ആലിംഗനം ചെയ്യപ്പെട്ടുകൊണ്ടുതന്നെ കഴിഞ്ഞുകൂടുന്നു. അൽപ്പം വല്ല ധനവും സമ്പാദിക്കാൻ കഴിഞ്ഞാൽ അതിനെ തനിക്കുവേണ്ടി ചിലവഴിക്കാനോ മറ്റുള്ളവർക്കു കൊടുക്കാനോ രണ്ടിനും സാധിക്കാതെ അതിനെതന്നെ നോക്കിക്കൊണ്ടിരിക്കുന്നു. അങ്ങിനെ അവന്റെ ആയുഷ്ക്കാലം മറ്റൊന്നിനും ഉപയോഗപ്പെടാതെ ധനചിന്തകൊണ്ട് നശിക്കുന്നു. അവസാനം ആ ധനാശ അവന്റെ പ്രാണനേയും കൊണ്ടുപോവുകയും ചെയ്യും. അതുകൊണ്ട് തന്നെ മരിക്കുന്നവെന്നു താൽപര്യം.

സമ്പന്നോ ƒന്ധവദേവകിഞ്ചിദപരം
നോ വീക്ഷതേ ചക്ഷുഷാ
സത്ഭിർവ്വർജ്ജിതമാർഗ്ഗ ഏവ ചരതി
പ്രോത്സാരിതോ ബാലിശൈഃ
തസ്മിന്നേവ മുഹുഃ സ്ഖലൻ പ്രതിപദം
ഗത്വാ ƒന്ധകൂപേ പത–

ത്യസ്യാ സ്ധത്വനിവർത്തകൗഷധമിദം
ദാരിദ്ര്യമേവാഞ്ജനം 78

ഒരു അന്ധൻ വഴിയിൽക്കൂടെ പോവുമ്പോൾ മറ്റെവിടേക്കും നോക്കാതെ തന്റെ വഴിയിൽക്കൂടെ തപ്പിത്തപ്പിപോവുന്നു. ഏതാണ്ടതുപോലെയാണ് സമ്പന്നന്മാരുടേയും അവസ്ഥ. വിവേകദൃഷ്ടിയടഞ്ഞ ഒരുതരം അന്ധന്മാർ തന്നെയാണ് ധനവാന്മാർ. അവർക്കു ധനത്തിലെയ്ക്കല്ലാതെ മറ്റൊന്നിലേക്കും ദൃഷ്ടിയില്ല. ധനത്തെ സമ്പാദിക്കാനും, നിലനിർത്താനും പറ്റുന്ന മാർഗ്ഗത്തിലൂടെ അവ മറ്റൊന്നിലേക്കും നോക്കാതെ തപ്പിതപ്പി പോയിക്കൊണ്ടിരിക്കും.അതാണവരുടെ ജീവിതം. അങ്ങനെ പോവുന്ന മാർഗ്ഗം സജ്ജനങ്ങൾക്ക് പറ്റാത്തതാണെങ്കിലും, എത്രയൊക്കെ ദുഷിച്ചതാണെന്നിരുന്നാൽക്കൂടിയും അവരതിനെ ഉപേക്ഷിയ്ക്കയില്ല. എന്തുകൊണ്ടെന്നാൽ അവരുടെ ലക്ഷ്യം ധനമാണ്. അപ്പോൾ മാർഗ്ഗത്തെപ്പറ്റി വലിയ ചിന്തയൊന്നുമുണ്ടാവില്ല. പോരെങ്കിൽ അതു ശതിയാണെന്നു പറഞ്ഞു പ്രേരിപ്പിക്കാൻ അവരെപ്പോലെ ചില ബാലിശന്മാരുണ്ടാവുകയും ചെയ്യും. ആ സ്ഥിതിക്കു മറ്റുള്ളവരെന്തു പറഞ്ഞാലും അവരാ മാർഗ്ഗത്തെത്തന്നെ പിൻതുടരലേ ഉള്ളു. അങ്ങനെ അധാർമ്മികമായ ധനാഗമമാർഗ്ഗത്തിൽക്കൂടേ വിവേകമില്ലാതെ പോയിക്കൊണ്ടിരിക്കുന്ന മൂഢനു പലപ്പോഴും പതനം സംഭവിച്ചുകൊണ്ടിരിക്കും. എന്നാലും അതൊക്കെ തന്റെ ആലോചനക്കുറവുകൊണ്ടാണെന്നു ധരിയ്ക്കലല്ലാതെ ഒരിക്കലും ആ മർഗ്ഗത്തിൽനിന്നു പിന്മടങ്ങില്ല. അതിന്റെ ഫലമായി അവസാനം ഏറ്റവും വമ്പിച്ച അന്ധകൂപത്തിൽ അല്ലെങ്കിൽ നാശഗർത്തത്തിൽ പതിക്കുന്നു. അങ്ങനെയുള്ള മൂഢന്മാരുടെ അടഞ്ഞുപോയ വിവേകദൃഷ്ടി മിഴിപ്പിക്കാൻ ഒരേ ഒരു മരുന്നേ ഉള്ളു. ദാരിദ്ര്യമാകുന്ന അഞ്ജനം. അതിനെ കൊടുക്കുന്നു ഈശ്വരൻ.

ലോഭഃ ക്രോധശ്ച ദംഭശ്ച മദോ മത്സര ഏവ ച
വർദ്ധതേ വിത്തസമ്പ്രാപ്ത്യാ കഥം തച്ചിത്തശോധനം 79

ഒരു മഹാരാജവ് ഒരിടത്തേയ്ക്കു വരുമ്പോൾ അദ്ദേഹത്തിന്റെ പരിവാരജനങ്ങളെല്ലാം മുമ്പിലും പിന്നിലുമായി അവിടെ എത്തിച്ചേരുന്നതെപ്രകാരമോ, അതുപോലെയാണ് ഒരാൾക്കു ധനമുണ്ടായിത്തീരുമ്പോൾ ധനത്തിന്റെ പരിജനങ്ങളും അവിടെ എത്തിച്ചേരുന്നത്. ലോഭം, ക്രോധം, ദംഭം, മദം, മത്സരം തുടങ്ങിയവയാണ് ധനത്തിന്റെ പരിജനങ്ങൾ. ധനമുള്ളിടത്ത് അവയെല്ലാം വന്നുചേരാതിക്കില്ല. അവയുള്ളിടത്താവട്ടെ സുഖസമാധാനങ്ങളുണ്ടാവാൻ വയ്യ. ദുഃഖവും നാശവും ഉണ്ടാവാതിരിക്കാനും വയ്യ.

അലാഭാൽ ദ്വിഗുണം ദുഃഖം വിത്തസ്യ വ്യയസംഭവേ
തതോപി ത്രിഗുണം ദുഃഖം ദുർവ്യയേ വിദുഷാമപി 80

തന്റെ ചപലമായ മനസ്സുകൊണ്ട് എന്തൊക്കയോ ഉദ്ദേശങ്ങൾ കരുതി പ്രവർത്തിച്ചശേഷം ഉദ്ദേശിച്ചപോലുള്ള ധനലാഭമുണ്ടായില്ലെങ്കിൽ വ്യസനമായി. എന്നാൽ ആ ദുഃഖത്തിന്റെ ഇരട്ടിയാണ് കയ്യിലുള്ള ധനം ചിലവഴിക്കേണ്ടിവരുമ്പോഴുള്ള ദുഃഖം. അങ്ങനെ ചിലവഴിക്കുന്നത് അത്യാവശ്യമായ കാര്യത്തിനല്ല എന്നും കൂടി വന്നാൽ പറയേണ്ട; വളരെ വലിയതാണ്. പിന്നത്തെ ദുഃഖം.

നിത്യാഹിതേന വിത്തേന ഭയചിന്താനപായിനാ
ചിത്തസ്വാസ്ഥ്യം കുതോ ജന്തോർഗൃഹസ്ഥേനാഹിനാ യഥാ 81

ഇങ്ങനെ എല്ലാ സമയത്തും, എല്ലാവർക്കും, എല്ലാപ്രകാരത്തിലും ദുഃഖത്തെമാത്രം പ്രദാനംചെയ്യുന്നതും, ഭയത്തെയും ചിന്തയെയും എപ്പോഴും വളർത്തിക്കൊണ്ടിരിക്കുന്നതുമായ ധനം

കൊണ്ട് എന്തൊരു സമാധാനമാണ് ഓരാൾക്കു കിട്ടുന്നത്! വീട്ടിനകത്തു ഒരു പാമ്പു കടന്നുകൂടിയെന്നറിഞ്ഞാൽ എപ്രകാരമാണോ ആ ഗൃഹത്തിൽ താമസിക്കുന്നവർക്കു മനസ്സിനു സ്വസ്ഥതയില്ലാതായിത്തീരുന്നത്, അതുപോലെയാണ് ധനത്തിന്റെ സമ്പർക്കംകൊണ്ടുള്ള അസ്വസ്ഥതയും. ഒരു പ്രകാരത്തിലും ധനംകൊണ്ടു ചിത്തസമാധാനമുണ്ടാവില്ലെന്നുമാത്രമല്ല; എല്ലാ പ്രകാരത്തിലുള്ള അസമാധാനങ്ങളുമുണ്ടാവുകയും ചെയ്യും. അതിനാൽ ധനത്തിന്റെ ഓർമ്മതന്നെ അകറ്റപ്പെടേണ്ടതാണ്.

കാന്താരേ വിജനേ വനേ ജനപദേ
സേതൗ നിരീതൗ ച വാ
ചോരൈർവാപി തഥേതരൈർന്നരവരൈർ
യ്യുക്തോ വിയുക്തോപി വാ
നിഃസ്വഃ സ്വസ്ഥതയാ സുഖേന വസതി
ഹ്യാദ്രീയമാണോ ജനൈഃ
ക്ലിശ്നാത്യേവ ധനീ സദാകുലമതിർ
ഭീതശ്ച പുത്രാദപി 82

എന്നാൽ കേവലം ധനമില്ലാതിരുന്നാലും ബുദ്ധിമുട്ടല്ലേ? എങ്ങനെ കഴിഞ്ഞുകൂടും നിർദ്ധനനായ ഒരാൾ എന്നാണെങ്കിൽ ആത്മജ്ഞാനംകൊണ്ടു തൃപ്തിപ്പെടുന്ന വിവേകിക്കു ധനത്തിന്റെ ആവശ്യമില്ല. അല്ലാത്തവർ ധനത്തോടൊപ്പം അതിന്റെ ദോഷങ്ങളെയും അനുഭവിക്കാൻ തയ്യാറാവേണ്ടിവരും എന്നാണ് പറഞ്ഞതിന്റെ താൽപര്യം. നിസ്വനായ ഒരാളെല്ലാപ്രകാരത്തിലും സുഖിയാണ്, എന്നാൽ അതേസമയത്തു ധനവാൻ ദുഃഖിയുമാണ്. പെരുംകാട്ടിലോ, വിജനമായ വനപ്രദേശത്തോ, ഗ്രാമത്തിലോ, നദീതീരത്തോ എവിടെയായാലും കയ്യിലൊന്നുമില്ലാത്ത നിഃസ്വൻ സുഖിയും സുരക്ഷിതനുമാണ്. അതുപോലെ

കള്ളന്മാരുടെയിടയിലോ, അല്ലെങ്കിൽ മര്യാദക്കാരുടെയിടയിലോ താമസിച്ചാലും നിഃസ്വൻ സുഖിയാണ്. ആരുമില്ലാതെ വിജന ത്തിൽ ഒറ്റയ്ക്കു കഴിയുന്നതും അദ്ദേഹത്തിനു സുഖത്തിനല്ലാതെ ദുഃഖത്തിനു കാരണമാവുന്നില്ല. എവിടെപ്പോയാലും ഇല്ലെങ്കിലും ഏതു നിലയിലുള്ള ആളുകളുടെയും സ്നേഹത്തിന്നു ഔദാര്യ ത്തിന്നും മാത്രമേ നിഃസ്വൻ പാത്രമാവുന്നുള്ളൂ. എന്നാൽ അതേസമയത്തു ധനവാനാകട്ടെ എപ്പോഴും എവിടെയും ക്ലേശി ക്കുകയും തന്റെ പുത്രനടക്കം എല്ലാവരെയും ഭയപ്പെടുകയും ചെയ്യുന്നു. എന്തൊരന്തരമാണ്. ഈ സ്ഥിതിക്കു ധനംകൊണ്ട് സുഖിക്കാമെന്നു കരുതുന്നുവെങ്കിൽ അതിൽപ്പരം വ്യാമോഹം മറ്റെന്താണുള്ളത്!

തസ്മാദനർത്ഥസ്യ നിദാനമർത്ഥഃ
പുമർത്ഥസിദ്ധിർന്ന ഭവത്യനേന
തതോ വനാന്തേ നിസവന്തി സന്തഃ
സംന്യസ്യ സർവ്വം പ്രതികൂലമർത്ഥം **83**

അതിനാൽ അനർത്ഥമല്ലാതെ മറ്റൊന്നും ധനത്തിൽ നിന്നാർക്കും കിട്ടാറില്ല. പരമപുരുഷാർത്ഥം സാധിക്കണമെന്നു ദ്ദേശിച്ചു സാധനചെയ്യുന്ന സാധകൻ ധനത്തെ ആശ്രയിക്കാനിട യാവുന്നുവെന്നുവന്നാൽ അതിൽപരം വലിയൊരാപത്തുണ്ടാ വാനില്ല. എന്തുകൊണ്ടെന്നാൽ ധനംകൊണ്ടാർക്കും പുരുഷാർ ത്ഥാനുഭൂതിയുണ്ടാവാനില്ല. മാത്രമല്ല, പുരുഷാർത്ഥത്തിന്നു പല തരത്തിലുള്ള വിഘാതങ്ങൾ ധനംകൊണ്ടുണ്ടാവാറുമുണ്ട്. അതുകൊണ്ടാണ് മുമുക്ഷുക്കളായ സജ്ജനങ്ങൾ പുരുഷാർത്ഥ ത്തിന്നു പ്രതികൂലങ്ങളായ എല്ലാ സംസാരധർമ്മങ്ങളെയും സന്യസിച്ച് ഏകാന്തമായ വനത്തിൽപ്പോയി കഴിഞ്ഞുകൂട്ടുന്നത്.

ശ്രദ്ധാഭക്തിമതീം സതീം ഗുണവതീം
പുത്രാൻ ശ്രുതാൻ സമ്മതാൻ
അക്ഷയ്യം വസുധാനുഭോഗവിഭവൈഃ
ശ്രീസുന്ദരം മന്ദിരം
സർവ്വം നശ്വരമിത്യവേത്യ കവയഃ
ശ്രുത്യുക്തിഭിര്യുക്തിഭിഃ
സംന്യസ്യന്ത്യപരേ തു തൽ സുഖമിതി
ഭ്രാമ്യന്തി ദുഃഖാർണ്ണവേ 84

സർവ്വസൽഗുണങ്ങളുമൊത്തുചേർന്നവളും ശ്രദ്ധാഭക്തികളോടുകൂടി തന്നെ ശുശ്രൂഷിക്കുന്ന പതിവ്രതയുമായ പത്നിയും, ഗുണപൂർണ്ണന്മാരും യോഗ്യന്മാരുമായ പുത്രന്മാരും, എല്ലാവിധ ഐശ്വര്യങ്ങളും നിറഞ്ഞ സുന്ദരമായ ഗൃഹവും എല്ലാമുണ്ടെങ്കിലും അവയൊന്നും ആർക്കും സ്ഥിരമില്ല. ഏതു നിമിഷത്തിലും അവയൊക്കെ നശിക്കാം. അങ്ങിനെ അവ തന്നെ വിട്ടുപോവുന്നതിന് മുമ്പുതന്നെ താൻ അവയെ വിടുന്നതാണ് നല്ലതെന്നു കരുതി വിവേകളായ സജ്ജനങ്ങൾ യുക്തിപൂർണ്ണങ്ങളായ ശ്രുതിവാക്യങ്ങളെ വിചാരംചെയ്തു തത്വത്തെ അറിഞ്ഞ് എല്ലാറ്റിനേയും സംന്യസിച്ചു ചരിതാർത്ഥന്മാരാവുന്നു. എന്നാൽ വിവേകമില്ലാത്ത പ്രാകൃതന്മാരാകട്ടെ ഇതുതന്നെയാണ് സുഖമെന്നു കരുതി സംസാരമാകുന്ന ദുഃഖസമുദ്രത്തിൽ ഭ്രമിച്ചുകൊണ്ട് കഴിഞ്ഞുകൂടുകയും ചെയ്യുന്നു.

സുഖമിതി മലരാശൗ യേ രമന്തേƒത്ര ഗേഹേ
കൃമയ ഇവ കളത്രക്ഷേത്രപുത്രാനുഷക്ത്യാ
സുരപദ ഇവ തേഷാം നൈവ മോക്ഷപ്രസംഗ–
സ്ത്വപി തു നിരയഗർഭാവാസുദുഃഖപ്രാവാഹഃ 85

മലഗർത്തത്തിൽ കൃമികളെന്നപോലെയാണ് ഭാര്യ, പുത്രൻ, സമ്പത്തു, തുടങ്ങിയ സംസാരവസ്തുക്കളിൽ ആസക്തിയോടുകൂടി ഗൃഹത്തിൽ കഴിഞ്ഞുകൂടുന്നത്. ചിത്തത്തിന്റെ മിഥ്യാസങ്കല്പം കൊണ്ട് അവയിലൊക്കെ സുഖമുണ്ടെന്നു. മലഗർത്തങ്ങളിലിഴയുന്ന കൃമികൾക്കും അതു സുഖമായിട്ട് തോന്നുമല്ലോ; അതുപോലെ എന്നാൽ സർഗ്ഗലോകത്തിലെന്നപോലെ ജന്മസാഫല്യമാകുന്ന കൈവല്യത്തിന്റെ ഗന്ധംപോലും ഗാർഹികജീവിതത്തിലുണ്ടാവില്ലെന്നു പറയേണ്ടതില്ലല്ലോ. പക്ഷേ ജനനമരണ പ്രാവഹത്തിനും നരകയാതനകൾക്കും കുറവില്ലതാനും. ഇതാണ് ഗാർഹികജീവിതത്തിന്റെ സ്വാഭാവമെന്നറിയുമ്പോൾ വിവേകമുള്ള ഏതൊരാളാണതിനെ ഇഷ്ടപ്പെടുന്നത്?

യേഷാമശാന്തിരാശാസ്യാൽ ദാരാപത്യധനാദിഷു
തേഷാം സിധ്യതി നാന്യേഷാം മോക്ഷാശാഭിമുഖീ ഗതിഃ 86

ഭാര്യ, പുത്രൻ, സമ്പത്ത്, തുടങ്ങിയ വസ്തുക്കളാണ് സംസാരവൃക്ഷത്തിന്റെ ആണിവേര്. അവയിൽ ആഗ്രഹമോ, സമ്പർക്കമോ, ഉള്ളേടത്തോളം കാലം ഒരാൾക്കു മോക്ഷമാർഗ്ഗം തെളിയാൻ പോവുന്നില്ല. ചിത്തം നിസ്സംഗരൂപേണ അവയിൽ നിന്നെല്ലാം നിശ്ശേഷം വിട്ടുപോന്നാൽ മാത്രമെ മോക്ഷമാർഗ്ഗത്തിന്നഭിമുഖമായിത്തീരാനും മോക്ഷധർമ്മങ്ങളെ അറിഞ്ഞു പ്രവർത്തിക്കാനും സാധിക്കൂ. അതിനാൽ സംസാരത്തിൽ ഏതെങ്കിലും പ്രകാരത്തിൽ സംബന്ധപ്പെട്ട് ഒട്ടിപ്പറ്റിക്കൂടി കൊണ്ടിരിക്കും കാലത്തോളം ആ ചിത്തം മോക്ഷധർമ്മത്തെ ശരിക്കറിയുകയോ പ്രവർത്തിക്കുകയോ ചെയ്യില്ല. സംസാരനിവൃത്തന്മാരായവർക്കേ മോക്ഷമാർഗ്ഗം തെളിഞ്ഞു പ്രകാശിക്കൂ. അതുകൊണ്ട് മുമുക്ഷുക്കൾ ആദ്യംതന്നെ സംസാരത്തിൽനിന്നു നിവർത്തിക്കലാണാവശ്യം.

സത്കർമ്മക്ഷയപാപ്മാനാം ശ്രുതിമതാം
സിദ്ധാത്മനാം ധീമതാം
നിത്യാനിത്യപദാർത്ഥശോധനമിദം
യുക്ത്യാ മുഹുഃ കുർവ്വതാം
തസ്മാദുത്ഥമഹാവിരക്ത്യസിമതാം
മോക്ഷൈകകാംക്ഷാവതാം
ധന്യാനാം സുലഭം സ്ത്രീയാദിവിഷയേ-
ഷ്വാശാലതാച്ഛേദനം 87

പാപവാസനകൾ ചിത്തത്തിൽ നിറഞ്ഞിരിക്കുമ്പോൾ ആർക്കും സംസാരനിവൃത്തിയോ വൈരാഗ്യമോ ഒന്നുമുണ്ടാ വില്ല. അതിനാൽ ചിത്തത്തിലെ കന്മഷങ്ങളെ നീക്കി പവിത്ര മാക്കിത്തീർക്കലാണാദ്യംതന്നെ സാധിക്കേണ്ടത്. സത്കർമ്മ ങ്ങളെ ധാരാളം ചെയ്തും വിപരീതകർമ്മങ്ങളെ ചെയ്യാതേയും ധാർമ്മികനായി ജീവിക്കുമ്പോൾ കാലംകൊണ്ട് ചിത്തത്തിലെ കന്മഷങ്ങളൊക്കെ നീങ്ങും. പവിത്രവും വീര്യവത്തും സൂക്ഷ്മ വുമായിത്തീർന്ന ചിത്തംകൊണ്ട് വേദശാസ്ത്രങ്ങളുടെ താത്പര്യ ത്തെ അറിയാൻ ശ്രമിക്കുകയും അറിഞ്ഞതിനെ മനനംചെയ്ത് ബുദ്ധിയുടെ കഴിവിനെ വളർത്തുകയുംചെയ്യണം. സത്യാസത്യ ങ്ങളെ വിചാരംചെയ്തറിഞ്ഞു ദൃഢമായി ബോധിപ്പിച്ചുറപ്പി ക്കണം, അങ്ങിനെയൊക്കെ അഭ്യസിക്കുന്ന ജിജ്ഞാസുവാ യൊരാൾക്ക് കാലംകൊണ്ട് മുമുക്ഷുത്വവും വൈരാഗ്യവും വളരും. വൈരാഗ്യം വേണ്ടത്ര വളർന്ന ധന്യന്മാർക്കു സംസാരത്തിൽനിന്നു നിവർത്തിക്കാൻ വിഷമമില്ല. അല്ലാത്ത വർക്കൊക്കെ വിഷമംതന്നെ.

സംസാരമൃത്യോർബ്ബലിനഃ പ്രവേഷ്ടും
ദ്വാരാണി തു ത്രീണി മഹാന്തി ലോകേ

കാന്താ ച ജിഹ്വാ കനകം ച താനി
രുണദ്ധി യസ്തസ്യ ഭയം ന മൃത്യോഃ   88

ഭാര്യാനുരാഗം, രസാസക്തി, ധനാശ എന്നീ മൂന്നൂ ധർമ്മങ്ങളാണ് ഏറ്റവും അപകടം പിടിച്ചവ. സംസാരപീഡയും മൃത്യുഭയവും പ്രസ്തുത മൂന്നു താവളങ്ങളിലാണ് പതിയിരിക്കുന്നത്. അല്ലെങ്കിൽ അവ ജീവനെ ആക്രമിക്കാൻ സംസാരപീഡയും മൃത്യുഭയവും പ്രവേശിക്കുന്ന പ്രവേശന ദ്വാരങ്ങളാണ് അവയെന്നും പറയാം. ഏതായാലും പ്രസ്തുത മൂന്നു ധർമ്മങ്ങളേയും നിരോധിക്കുന്നൊരാളെ മരണഭയത്തിന്നാക്രമിക്കാൻ വയ്യ. അതിനാൽ മുമുക്ഷു സർവ്വഥാ അവയെ അകറ്റുതന്നെ വേണം.

മുക്തിശ്രീനഗരസ്യ ദുർജ്ജയതരം
ദ്വാരം യദസ്യാദിമം
തസ്യ ദ്വേ അരരേ ധനം ച യുവതീ
താഭ്യാം പിനദ്ധം ദൃഢം
കാമാഖ്യാർഗ്ഗളദാരുണാ ബലവതാ
ദ്വാരം തദേതത്ത്രയം
ധീരോ യസ്തു ഭിനത്തി സോർഹതിസുഖം
ഭോക്തും വിമുക്തിശ്രിയഃ   89

മുക്തിയാകുന്ന ശ്രീദേവിയുടെ പട്ടണത്തിലേയ്ക്കു കടക്കാൻ കഴിയാത്ത നിലയിൽ അടച്ചു പൂട്ടിയിട്ട പ്രവേശനദ്വാരമാണ് കാന്താനുരാഗം. അതിനെ ചവിട്ടിപ്പൊളിക്കുന്ന ധീരനുമാത്രമേ മുക്തിപട്ടണത്തിൽ പ്രവേശിക്കാനും ബാധയില്ലാത്ത കൈവല്യാനന്ദത്തെ അനുഭവിക്കാനും സാധിക്കൂ. പക്ഷേ പ്രസ്തുത വാതിലിനെ ചവിട്ടിപ്പൊളിക്കുകയെന്നതെളുപ്പമല്ല. ധനാശയും സ്ത്രീജനസമ്പർക്കവുമാകുന്ന രണ്ടു സാക്ഷകളെക്കൊണ്ടു ബലമായി പൂട്ടീട്ടുണ്ട്. കൂടാതെ കാമവികാരമാകുന്ന ചീർപ്പു

കൊണ്ടും ബലമായി ബന്ധിച്ചിട്ടുണ്ട്. അതിനാൽ വൈരാഗ്യ ധീരതയും തപോബലവും വേണ്ടത്ര ഉള്ളൊരാൾക്കു മാത്രമേ അതിനെ ചവിട്ടിപ്പൊളിക്കാൻ സാധിക്കൂ. അങ്ങിനെ സാധിക്കു ന്നവൻ മുക്തനും സുഖിയുമായിത്തീരുകയും ചെയ്യും.

ആരൂഢസ്യ വിവേകാശ്വം തീവ്രവൈരാഗ്യഖൾഗിനഃ
തിതിക്ഷാവർമ്മയുക്തസ്യ പ്രതിയോഗീ ന ദൃശ്യതേ 90

തിതിക്ഷയാകുന്ന കവചമണിഞ്ഞ്, തീവ്രവൈരാഗ്യമാകുന്ന വാളോടുകൂടി വിവേകമാകുന്ന കുതിരപ്പുറത്തു കയറിച്ചെല്ലുന്ന മുമുക്ഷുവാകുന്ന യോദ്ധാവിനു പ്രസ്തുത ദ്വാരത്തെ തുറന്ന് അകത്തു കടക്കാൻ കഴിഞ്ഞേയ്ക്കാം. എന്നാൽ പറയപ്പെട്ടവയിൽ എന്തെങ്കിലും കുറവുണ്ടെങ്കിൽ പരാജയം പറ്റാൻ വിഷമവുമില്ല.

വിവേകജാം തീവ്രവിരക്തിമേവ
മുക്തേർന്നിദാനം നിഗദന്തി സന്തഃ
തസ്മാദ്വിവേകീ വിരതിം മുമുക്ഷുഃ
സംപാദയേത്താം പ്രഥമം പ്രയത്നാൽ 91

സത്യാസത്യങ്ങളുടെ ശരിയായ വിവേകമുണ്ടാവുമ്പോൾ സ്വാഭാവികമായി വളരുന്ന ത്രീവമായ വൈരാഗ്യംതന്നെയാണ് മുക്തിക്കു ശരിയായ ഹേതു. വിരക്തി തീവ്രമായിരിക്കണം. അതു പ്രകടമാവരുത്; പരമാർത്ഥികയായിരിക്കുകയും വേണം. എങ്കിലേ സംസാരത്തിൽനിന്നു നിവൃത്തിയുണ്ടായിത്തീരൂ. സംസാരനിവൃത്തിയാണ് മുക്തിയെ സാധിപ്പിക്കുന്നത്. വിവേകം കൊണ്ടതു സാധിക്കും. അതിനാൽ മുമുക്ഷു ആദ്യത്തിൽ ശരിയായ സത്യാസത്യവിവേകത്തെയും തീവ്രവൈരാഗ്യത്തെ യും സമ്പാദിക്കണം.

പുമാനജാതനിർവ്വേദോ ദേഹബന്ധം ജിഹാസിതും
ന ഹി ശക്തോതിനിർവ്വേദോ ബന്ധഭേദോ മഹാനസൗ 92

വൈരാഗ്യത്തെ സമ്പാദിക്കാതെ വിഷായസക്തനായിരിക്കു ന്നൊരാൾ ബന്ധമോക്ഷത്തിനായി പരിശ്രമിക്കുന്നുവെന്നുങ്കിൽ അതൊരു മിഥ്യാപരിശ്രമംതന്നെയാണ്. വിഷയാസക്തിയും ശരീരാഭിമാനവുമാണ് ബന്ധഹേതുവെന്നിരിക്കേ അതിനെ നീക്കാതെങ്ങെനെ മുക്തനാവും? അതു അസാദ്ധ്യംതന്നെ. ബന്ധമോക്ഷത്തിന്റെ വിഷയത്തിൽ വൈരാഗ്യമെന്നതു വളരെ ശക്തിയുള്ളൊരഭ്യാസം തന്നെ. അതിനാൽ തീവ്രവൈരാഗ്യം കൊണ്ട് സംസാരത്തിൽ നിന്നു നിവർത്തിച്ചശേഷമാണ് മുക്തി ക്കു പരിശ്രമിക്കേണ്ടത്.

വൈരാഗ്യരഹിതാ ഏവ യമാലയ ഇവാലയെ
ക്ലിശ്നന്തി ത്രിവിധൈസ്താപൈർമോഹിതാ അപി പണ്ഡിതാഃ 93

കേവലം വൈരാഗ്യമില്ലാത്ത വിഷയാലുക്കളായ ജനങ്ങൾ പണ്ഡിതന്മാരാണെങ്കിൽക്കുടി അവരുടെ ഗാർഹികജീവിതം യമാലയത്തിലെ ജീവിതംപോലെയാണ്. ആദ്ധ്യാത്മികങ്ങളും ആധിഭൗതികങ്ങളും ആധിദൈവികങ്ങളുമായ മൂന്നുവിധതാപ ങ്ങളും എപ്പോഴും അവരെ പീഡിപ്പിച്ചുകൊണ്ടിരിക്കും. സുഖ ത്തിന്റെ ഗന്ധംപോലും അവർക്കു കിട്ടാനുംപോവുന്നില്ല.

ശമോദമസ്തിതിക്ഷോപരതിഃ ശ്രദ്ധാ തതഃ പരം
സമാധാനമിതി പ്രോക്തം ഷഡേവൈതേ ശമാദയഃ 94

സാധനചതുഷ്ടയത്തിലെ ആത്മാനാത്മവിവേകം, ഇഹാമുത്ര ഫലഭോഗവിരാഗം എന്നീ രണ്ടു സാധനങ്ങളെയാണ് ഇതു വരെ നിരൂപിച്ചത്. ശമാദിഷൾക്കസമ്പത്തിയെന്ന മൂന്നാമത്തെ സാധനയാണ് ഈ ശ്ലോകം മുതൽക്കു നിരൂപിക്കുന്നത്. ശമം,

ദമം, തിതിക്ഷ, ഉപരതി, ശ്രദ്ധ, സമാധാനം എന്നീ ആറു ധർമ്മങ്ങളാണ് ശമാദിഷൾക്കമെന്നു പറയുന്നത്. ആദ്യമാദ്യം പറഞ്ഞവയിൽനിന്നാണ് പീന്നീടു പറഞ്ഞവയുണ്ടാവേണ്ടത്. അതിനാൽ ശൃംഖലാന്യായപ്രകാരം പ്രസ്തുത ആറു ധർമ്മങ്ങളും ഒന്നാണ്. അതാണ് ആറിനേയുംകൂടി ഒന്നാക്കിക്കണക്കാക്കിയത്. ഇനി അവയിൽ ഓരോന്നിനെയും നിരൂപിക്കാം.

7. ശമം (മനോനിഗ്രഹം)

ഏകവൃത്ത്യൈവ മനസഃ സ്വലക്ഷ്യേ നിയതസ്ഥിതിഃ
ശമ ഇത്യുച്യതേ സദ്ഭിഃ ശമലക്ഷണവേദിഭിഃ 95

എപ്പോഴും പല വൃത്തികളും പ്രവഹിച്ചുകൊണ്ടിരിക്കുന്ന മനസ്സ്, ഒരു വൃത്തിമാത്രമായിത്തീരുകയും ലക്ഷ്യമായ ആത്മ തത്ത്വത്തിന്നഭിമുഖമായി ഉറച്ചുനിൽക്കുകയും ചെയ്യുന്നതാണ് ശമം. ഒരിക്കലും ലക്ഷ്യത്തെ വിസ്മരിക്കുകയോ മറ്റൊന്നിനെ ഓർമ്മിക്കുകയോ ചെയ്യാതിരിക്കൽ തന്നെ ശമം. ഈ ശമത്തിൽ നിന്നാണ് ദമാദിധർമ്മങ്ങളുണ്ടാവേണ്ടത്. അതിനാൽ ശമമില്ലാ ത്തവർക്കു മറ്റുള്ളവയുണ്ടാവില്ലെന്നു താല്പര്യം.

ഉത്തമോ മധ്യമശ്ചൈവ ജഘന്യ ഇതി ച ത്രിധാ
നിരൂപിതോ വിപശ്ചിത്ഭിഃ തത്ത്വലക്ഷണവേദിഭിഃ 96

പറയപ്പെട്ട ശമംതന്നെ ഉത്തമം, മദ്ധ്യമം, അധമം എന്നിങ്ങനെ മൂന്നുപ്രകാരത്തിലുണ്ടെന്ന് അറിവുള്ളവർ പറയുന്നു. സംസ്കാര ത്തിന്റെ ഏറ്റക്കുറവുകൾക്കനുസരിച്ച് അവ വ്യത്യാസപ്പെട്ടിരി ക്കുകയും ചെയ്യും.

സ്വവികാരം പരിത്യജ്യ വസ്തുമാത്രതയാ സ്ഥിതിഃ
മനസഃ സോത്തമാ ശാന്തിഃ ബ്രഹ്മനിർവ്വാണലക്ഷണാ 97

വാസനാപ്രചോദനം ഹേതുവായി മനസ്സിന്ന് സ്വാഭാവികമായിട്ടുള്ള വൃത്തികളേയും, വികാരങ്ങളേയും മുഴുവൻ വിട്ട് ലക്ഷ്യമായ ആത്മസ്വരുപമായിത്തന്നെ മനസ്സ് നിൽക്കുന്നവെങ്കിൽ അതാണ് ശമത്തിന്റെ ഉത്തമമായ സ്വരൂപം. അതു ഉത്തമമായ ശാന്തിയും ബ്രഹ്മനിർവ്വണമാകുന്ന ലക്ഷണത്തോടുകൂടിയതുമായിരിക്കും. എന്നാൽ അതു സംഭവിക്കുന്നതിനു വാസനാക്ഷയവും, മനസ്സിന്ന് ആത്യന്തികശുദ്ധിയും അവശ്യം ഉണ്ടാവുകയും വേണം. എങ്കിലേ എല്ലാ വികാരങ്ങളുടമടങ്ങി മനസ്സ് വസ്തുസ്വരൂപമായി നിൽക്കൂ.

പ്രത്യക്പ്രത്യയ സന്താന പ്രവാഹകരണം ധിയഃ
യദേഷാ മദ്ധ്യമാ ശാന്തിഃ മിശ്രസത്വൈകലക്ഷണാ 98

ചിത്തത്തെ എപ്പോഴും അന്യവിഷയങ്ങളിൽനിന്ന് വലിച്ചെടുത്ത്, ലക്ഷ്യമായ ആത്മാവിന്നഭിമുഖമാക്കിത്തീർത്തുകൊണ്ടിരിക്കുന്ന അഭ്യാസം മദ്ധ്യമയായ ശാന്തിയാണ്. അതിനെ സാധിക്കാനും രജസ്തമസ്സുകളടങ്ങി സത്വഗുണം വളർന്നിരിക്കണം. എങ്കിലേ അതും സാധിക്കൂ എന്നു പറയണം.

വിഷയവ്യാപൃതിഃ ത്യക്ത്വാ ശ്രവണൈകമനഃസ്ഥിതിഃ
മനസശ്ചേതരാ ശാന്തിർമ്മിശ്രസത്വൈകലക്ഷണാ 99

ചിത്തത്തിന്റെ വിഷയവ്യവഹാരത്തെ കേവലം വിട്ടു എപ്പോഴും വസ്തുസ്വരൂപത്തിന്റെ ശ്രവണമനനങ്ങളിൽ ബദ്ധശ്രദ്ധമാക്കി വെച്ചുകൊണ്ടിരിക്കുന്നത് അധമമായ ശമവുമാണ്. എന്നാൽ അതിനും രജസ്തമസ്സുകളോടൊപ്പമെങ്കിലും സത്വഗുണം വളർന്നിരിക്കണം. എങ്കിലേ അതും സാധിക്കാൻ പോവുന്നുള്ളു. ചുരുക്കത്തിൽ ചിത്തം സംസാരത്തെ വിട്ട് ആത്മതത്വത്തെ ഉപാസിക്കാൻ തുടങ്ങലാണ് ശമത്തിന്റെ സ്വരൂപമെന്നു താല്പര്യം.

പ്രാച്യോദീച്യംഗസൽഭാവേ ശമഃ സിദ്ധ്യതി നാന്യഥാ
തീവ്രാ വിരക്തിഃ പ്രാച്യാംഗമുദീച്യാംഗം ദമാദയഃ 100

ശമത്തിന്റെ അനുഭൂതിക്കുള്ള കാരണങ്ങളെ പൂർവ്വാംഗ മെന്നും, പശ്ചിമാംഗമെന്നും, രണ്ടായി വേർതിരിക്കാം. തീവ്ര വൈരാഗ്യം പൂർവ്വാംഗവും, ദമാദികൾ പശ്ചിമാംഗങ്ങളുമാണ്. അവ രണ്ടും വേണ്ടപോലെ വളരുമ്പോഴാണ് ശമവും നല്ല നിലയിൽ വളരുകയും ദൃഢപ്പെടുകയും ചെയ്യുന്നത്.

കാമഃ ക്രോധശ്ച ലോഭശ്ച മദോ മോഹശ്ച മത്സരഃ
ന ജിതാഃ ഷഡിമേ യേന തസ്യ ശാന്തിർന്ന സിദ്ധ്യതി 101

കാമം, ക്രോധം, ലോഭം, മദം, മോഹം, മത്സരം, എന്നി ആറു ധർമ്മങ്ങൾ ശമത്തിന്നു അത്യന്തവിരുദ്ധങ്ങളാണ്. അതിനാൽ അവയെ ആദ്യംതന്നെ ജയിക്കാത്ത ഒരാൾക്ക് ശമം ഒരിക്കലു മുണ്ടാവാൻ വയ്യ. അതിനാൽ ശമസമ്പാദനത്തിനാദ്യമായി ചെയ്യേണ്ടത് പ്രസ്തുത ആറു ധർമ്മങ്ങളെ അകറ്റലാണ്.

ശബ്ദാദിവിഷയേഭ്യോ യോ വിഷവന്ന നിവർത്തതേ
തീവ്രമോക്ഷേച്ഛയാ ഭിക്ഷോസ്തസ്യ ശാന്തിർന്ന സിദ്ധ്യതി 102

ശബ്ദസ്പർശരൂപരസഗന്ധങ്ങളാകുന്ന അഞ്ച് വിഷയങ്ങളെ കൊണ്ട് നിറയപ്പെട്ടതാണ് പ്രപഞ്ചം. ആറാമതൊന്നും ജഗത്തി ലില്ലതാനും. അതിനാൽ വിഷയനിവൃത്തനായൊരാൾക്ക് ഈ ജഗത്തിൽനിന്നൊന്നിനേയും സ്വീകരിക്കാനാവില്ല. മോക്ഷവും വിഷയഭുക്തിയും ജീവിതവും വിഷവുമെന്നപോലെ അന്യോന്യ വിരുദ്ധങ്ങളാണ്. അതിനാൽ മുമുക്ഷു അവശ്യം വിഷയ നിവൃത്തനായിരിക്കുകതന്നെ വേണം. വിഷയനിവൃത്തി വേണ്ടത്ര യില്ലെങ്കിൽ ഭിക്ഷുവായാൽപോലും അദ്ദേഹത്തിനു ശാന്തിയു ണ്ടാവാൻ വിഷമമാണ്.

യേന നാരാധിതോ ദേവോ യസ്യ നോ ഗുർവ്വനുഗ്രഹഃ
ന വശ്യം ഹൃദയം യസ്യ തസ്യ ശാന്തിർന്ന സിദ്ധ്യതി 103

ഈശ്വരനെ ഇഷ്ടദേവതാസ്വരൂപേണ ഭക്തിയോടുകൂടും വണ്ണം ഉപാസിച്ച് അവിടുത്തെ അനുഗ്രഹത്തിന്നു പാത്രമായി ത്തീരണം. അതുപോലെ ആചാര്യന്റെ കരുണാപൂർണ്ണമായ അനുഗ്രഹത്തിനും പാത്രമായിത്തീരണം. അങ്ങിനെയുള്ള സാധകനു സുഗമായി ചിത്തശാന്തിയുണ്ടാവും. അതുപോലെ ആത്മനിയന്ത്രണവും അവശ്യമുണ്ടാവണം. അവയൊന്നുമി ല്ലാതെ ചിത്തശാന്തിക്കുള്ള പരിശ്രമം മിക്കവാറും വിഫലം കൂടിയാണെന്നു പറയണം. ഈശ്വരകാരുണ്യവും, ആചാര്യാ നുഗ്രഹവും ആത്മനിയന്ത്രണവുമില്ലാതെ ശമത്തിന്റെ അനുഭൂതി യുണ്ടാവുകയെന്നത് വിഷമംതന്നെ. ഭക്തിയോടുകൂടിയ ഈശ്വരോപാസനമുണ്ടെങ്കിൽ ഭഗവദനുഗ്രഹംകൊണ്ട് ബാക്കിയു ള്ളതെല്ലാം കാലംകൊണ്ട് വന്നുചേരും. എന്നാൽ അതുമില്ലെ ങ്കിൽ ശമാനുഭൂതിക്കുള്ള പ്രയത്നം വിഫലംതന്നെ.

8. മനഃപ്രസാദം

മനഃ പ്രസാദസിദ്ധ്യർത്ഥം സാധനം ശ്രൂയതാം ബുധൈഃ
മനഃപ്രസാദോ യൽസത്വേ യദഭാവേ ന സിദ്ധ്യതി 104

മനസ്സിന്റെ പ്രസാദത്തിന്ന് അല്ലെങ്കിൽ തൃപ്തിക്കുള്ള സാധനങ്ങളെപ്പറയാം. വിദ്യാസമ്പന്നന്മാർക്കു വളരെ പ്രയോജന മായിട്ടുള്ള ഒന്നാണ് മനസ്സംതൃപ്തി. അതിനാൽ അതിന്റെ സാധനത്തെ അവശ്യം അറിയുകതന്നെ വേണം. സത്വഗുണം വളരാതെ ഒരിക്കലും മനസ്സിനു പ്രീതിയുണ്ടാവാൻ വയ്യ. എന്നാൽ സത്വത്തിന്റെ വളർച്ചയാകട്ടെ എന്തുകൊണ്ടാണെന്നാ ണെങ്കിൽ പറയാം.

ബ്രഹ്മചര്യമഹിംസാ ച ദയാ ഭൂതേഷ്വവക്രതാ
വിഷയേഷ്വതിവൈതൃഷ്ണ്യം ശൗചം ദംഭവിവർജ്ജനം 105

സത്യം നിർമ്മമതാ സ്ഥൈര്യമഭിമാനവിസർജ്ജനം.
ഈശ്വരദ്ധ്യാനപരതാ ബ്രഹ്മവിത്ഭിഃ സഹസ്ഥിതിഃ 106

ജ്ഞാനശാസ്ത്രൈകപരതാ സമതാ സുഖദുഃഖയോഃ
മാനാനാസക്തിരേകാന്തശീലതാ ച മുമുക്ഷതാ 107

യസ്യൈതദ്വിദ്യതേ സർവ്വം തസ്യ ചിത്തം പ്രസീദതി
ന ത്വേതദ്ധർമ്മശൂന്യസ്യ പ്രകാരാന്തരകോടിഭിഃ 108

ബ്രഹ്മചര്യം, ജീവകാരുണ്യം, ജീവികളിൽ നിഷ്കപടനായിരിക്കൽ, വിഷയങ്ങളിൽ തീവ്രവിരക്തി, ബാഹ്യാഭ്യന്തരശുദ്ധി, ദംഭരാഹിത്യം, സത്യപരിപാലനം, ഒന്നിലും ഞാനെന്നോ എന്റേതെന്നോ അഭിമാനമില്ലാതിരിക്കൽ, ഈശ്വരദ്ധ്യാനപരത്വം, ബ്രഹ്മജ്ഞാനികളായ സജ്ജനങ്ങളോടുകൂടിച്ചേർന്ന് സഹവസിക്കൽ, ജ്ഞാനശാസ്ത്രത്തിൽ അത്യന്തതാല്പര്യം, സുഖദുഃഖങ്ങളിൽ തുല്യഭാവം, മാന്യതയിൽ ആഗ്രഹമില്ലായ്മ, ഏകാന്തവാസത്തിൽ താല്പര്യം, മോക്ഷൈകശരണത്വം എന്നിങ്ങനെയുള്ള ധർമ്മങ്ങളെല്ലാം ആരിൽ പൂർണ്ണമായി വിളങ്ങുന്നുവോ അദ്ദേഹത്തിന്നു സത്വഗുണം വളരുകയും, ചിത്തം പ്രസന്നമായിത്തീരുകയും ചെയ്യും. എന്നാൽ പറയപ്പെട്ട ധർമ്മങ്ങളെയൊക്കെ അനാദരിച്ചുകൊണ്ടാണ് ഒരാൾ ചിത്തതുഷ്ടിക്കുവേണ്ടി പ്രയത്നിക്കുന്നതെന്നു വന്നാൽ മറ്റെന്തെല്ലാം ഉപായങ്ങളുണ്ടായാൽകൂടി അസാദ്ധ്യമാവുമെന്നും പറയണം.

സ്മരണഃ ദർശനം സ്ത്രീണാം ഗുണകർമ്മാനുകീർത്തനം
സമീചീനത്വധീസ്താസു പ്രീതിഃ സംഭാഷണം മിഥഃ 109

സഹവാസശ്ച സംസർഗ്ഗോ*ƒ*ഷ്ടധാ മൈഥുനം വിദുഃ
ഏതദ്വിലക്ഷണം ബ്രഹ്മചര്യം ചിത്തപ്രസാദകം 110

മുൻപറഞ്ഞ ബ്രഹ്മചാര്യാദി ധർമ്മങ്ങളുടെ ലക്ഷണങ്ങളെ പ്പറയുന്നു. സ്ത്രീകളെ ഓർത്തുകൊണ്ടിരിയ്ക്കൽ, കാണൽ, അവരുടെ നന്മകളേയും പ്രവർത്തികളേയും കീർത്തിക്കൽ, അവരിൽ തരക്കേടില്ലെന്ന അഭിപ്രായത്തെ വളർത്തൽ, അവരോട് പ്രത്യേകമായ സന്തോഷം, അവരോടുകൂടി സംസാരി ക്കൽ, സഹവസിക്കൽ, സംസർഗ്ഗം ചെയ്യൽ എന്നി എട്ടുവിധ ധർമ്മങ്ങളേയും മൈഥുനമായിട്ടാണ് കണക്കാക്കുന്നത്. അതിനാ ൽ പ്രസ്തുത എട്ടുവിധ ധർമ്മങ്ങളോടും കൂടാതെയുള്ള ജീവിതമാണ് ബ്രഹ്മചര്യം. അങ്ങിനെ അനുഷ്ഠിക്കപ്പെടുന്ന ബ്രഹ്മചര്യമാകട്ടെ ചിത്തസംതൃപ്തിക്ക് കാരണവുമാണ്.

അഹിംസാ വാങ്മനഃകായൈഃ പ്രാണിമാത്രാപ്രപീഡനം
സ്വാത്മവൽ സർവ്വഭൂതേഷു കായേന മനസാ ഗിരാ 111

മനസ്സുകൊണ്ടോ, വാക്കുകൊണ്ടോ, ശരീരംകൊണ്ടോ ഒരു ജീവിക്കെങ്കിലും ഉപദ്രവകാരിയാവാതിരിക്കുക. എല്ലാ ജീവിക ളേയും തന്നെപ്പോലെ കാണുകയും അതുപോലെ അവരോടു പെരുമാറുകയും ചെയ്യുക എന്നതാണ് അഹിംസ.

അനുകമ്പാ ദയാ സൈവ പ്രോക്താ വേദാന്തവേദിഭിഃ
കരണത്രിതയേഷ്വേകരൂപതാ*ƒ*വക്രതാ മതാ 112

ശരീരവാങ്മനസ്സുകളെക്കൊണ്ട് ചെയ്യുന്ന എല്ലാ പ്രവർത്തി കളും എപ്പോഴും ജീവകാരുണ്യത്തോടുകുടിയവയായിരിക്കണം. ഒരു ജീവിക്കെങ്കിലും തന്റെ ഒരു വാക്കുകൊണ്ടോ, ഒരു വിചാരം കൊണ്ടോ, ഒരു പ്രവർത്തികൊണ്ടോ, അല്പമായ അസുഖം

പോലും ഉണ്ടാവാനിടയാവരുത്. ആ സമ്പ്രദായത്തിനെയാണ് 'അവക്രത' യെന്ന് അറിവുള്ളവർ പറയുന്നത്.

ബ്രഹ്മാദിസ്ഥാവരാന്തേഷു വൈരാഗ്യം വിഷയേഷ്വനു
യഥൈവ കാകവിഷ്ഠായാം വൈരാഗ്യം തദ്ധി നിർമ്മലം 113

ബ്രഹ്മാവു മുതൽ സ്ഥാവരവസ്തുക്കൾവരെയുള്ള എല്ലാ പദാർത്ഥങ്ങളിലും ഒരുപോലെ വൈരാഗ്യമുണ്ടാവലാണ് വിരക്തി. കാകവിഷ്ഠ തുടങ്ങിയ മലിനവസ്തുക്കളെ കാണുമ്പോൾ എപ്രകാരമാണോ അവയിൽ അറപ്പും വെറുപ്പുമുണ്ടായിത്തീരുന്നത്; അതുപോലെ എല്ലാ വിഷയങ്ങളിലും സ്വാഭാവികമായി അറപ്പും വെറുപ്പുമുണ്ടാവലാണ് വൈരാഗ്യമെന്ന് കൂടി ധരിക്കണം. എങ്കിലേ നിർമ്മലമായ വൈരാഗ്യമായിത്തീരൂ.

ബാഹ്യമാഭ്യന്തരം ചേതി ദ്വിവിധം ശൗചമുച്യതേ
മൃജ്ജലാഭ്യാം കൃതം ശൗചം ബാഹ്യം ശാരീരികം സ്മൃതം 114

ശൗചം രണ്ടു പ്രാകാരത്തിലുണ്ട്. അവയ്ക്ക് ബാഹ്യശൗചമെന്നും, അഭ്യന്തരശൗചമെന്നും പറയും. മണ്ണ്, ജലം മുതലായവ കൊണ്ട് ചെയ്യപ്പെടുന്ന സ്നാനശൗചാചമനാദികൾ ഒരു തരം ശൗചമാണ്. പക്ഷെ അതു ബാഹ്യവും ശാരീരികവുമായ ശൗചം മാത്രമാണ്. ശരീരശുദ്ധിക്കതു മതി. എന്നാൽ മനഃശുദ്ധിക്കതു പോരാ. ആഭ്യന്തരശൗചംകൊണ്ടേ മനഃശുദ്ധിയുണ്ടായിത്തീരൂ. മനഃശുദ്ധിക്കാണ് പ്രാധാന്യവും.

അജ്ഞാനദൂരീകരണം മാനസം ശൗചമാന്തരം
അന്തശ്ശൗചേ സ്ഥിതേ സമ്യക് ബാഹ്യം നാവശ്യകം നൃണാം 115

ശാസ്ത്രാഭ്യാസംകൊണ്ടും തത്വത്തിന്റെ ശ്രവണമനനങ്ങളെക്കൊണ്ടും അജ്ഞാനത്തെ അകറ്റി സത്യവും അദ്വിതീയവുമായ

വസ്തുബോധത്തെ നിലനിർത്തലാണ് ആഭ്യന്തരശൗചം. ഒരിക്കലും ദ്വൈതസ്വരൂപമായ അജ്ഞാനത്തിന്റെ സ്ഫുരണം പോലുമില്ലാത്ത നിലയിൽ അന്തഃശുദ്ധി നിലനിൽക്കുന്നുവെങ്കിൽ സ്നാനപാനാദി ബാഹ്യശൗചം ഇല്ലെങ്കിൽ ദോഷമില്ല. എന്തു കൊണ്ടെന്നാൽ ചിത്തശുദ്ധിയാണ് പ്രധാനം. അതു സാധിക്കാനുള്ള സാധനം മാത്രമാണ് ബാഹ്യശൗചം. സാദ്ധ്യത്തെ സാധിച്ചു കഴിഞ്ഞൊരാൾക്കു സാധനത്തിന്റെ അപേക്ഷയില്ലല്ലോ.

ധ്യാനപൂജാദികം ലോകേ ദൃഷ്ടർയ്യേവ കരോതി യഃ
പാരമർത്ഥികധീഹീനഃ സ ദംഭാചാര ഉച്യതേ 116

ധ്യാനം, പൂജ മുതലായ ആരാധനങ്ങൾ ജഗത്തിന്റെ ദൃഷ്ടാവിലല്ല ചെയ്യേണ്ടത്; സാക്ഷിചൈതന്യത്തിലാണ്. പരമാർത്ഥമായ അറിവില്ലാത്തവരാണ് അങ്ങിനെ ദൃഷ്ടാവിൽ ചെയ്യുന്നത്. അതുകൊണ്ട് ദംഭം വളരലല്ലാതെ ചിത്തശുദ്ധിയോ, പരമാർത്ഥജ്ഞാനമോ, നിഷ്കളങ്കഭക്തിയോ ഒന്നുമുണ്ടാവാൻ വയ്യ. ജഗൽസാക്ഷിയായ പരമേശ്വരചൈതന്യത്തിൽ ഭക്തിയോടുകൂടുംവണ്ണം ചെയ്യപ്പെടുന്ന ആരാധനമാണ് ധ്യാനം.

പുംസഃ തഥാനാചരണമദംഭിത്വം വിദുർബ്ബുധാഃ
യൽ സ്വേന ദൃഷ്ടം സമ്യക് ച ശ്രുതം തസ്യൈവ ഭാഷണം 117

മുൻപറഞ്ഞ തോതിൽ ദൃഷ്ടാവിനെ ആരാധിക്കാതെയും സാക്ഷിചൈതന്യത്തെ ആരാധിച്ചും കഴിയുന്ന സമ്പ്രദായത്തിനെയാണ് അദംഭിത്വമെന്നു പറയുന്നത്. ആത്മതത്വത്തെ ശരിക്ക് സാക്ഷാൽക്കരിച്ചനുഭവിച്ച മഹാത്മവിന്റെ വാക്കിനെയാണ് ശ്രുതമെന്നും പറഞ്ഞുവരുന്നത്.

സത്യമിത്യുച്യതേ ബ്രഹ്മ സത്യമിത്യഭിഭാഷണം
ദേഹാദിഷു സ്വകീയത്വദൃഢബുദ്ധിവിസർജ്ജനം 118

നിർമ്മമത്വം സ്മൃതം യേന കൈവല്യം ലഭതേ ബുധഃ 119

ബ്രഹ്മത്തെയാണ് സത്യമെന്നു പറയുന്നത്. ഉള്ളതിനെ ഉള്ളപോലെ പറയുന്ന വാക്കിനെയും സത്യമെന്നു പറയുന്നു. പ്രസ്തുത ബോധത്തേയും ആചാരത്തേയും നിലനിർത്തലാണ് സത്യപരിപാലനം. ശരീരം തുടങ്ങിയ ഉപാധികളിലൊന്നിലും എന്റേതെന്ന ഭാവമില്ലതിരിക്കലാണ് നിർമ്മമത്വം. അതിനെ വേണ്ടപോലെ പാലിക്കുന്ന വിവേകി അതുകൊണ്ടുതന്നെ മുക്തൻ പോലുമായിത്തീരുന്നു.

ഗുരുവേദാന്തവചനൈർനിശ്ചിതാർത്ഥേ ദൃഢസ്ഥിതിഃ
തദേകവൃത്ത്യാ തൽസ്ഥൈര്യം നൈശ്ചല്യം ന തു വർഷ്മണഃ 120

ഗുരുപദേശംകൊണ്ടും ശാസ്ത്രാഭ്യാസംകൊണ്ടും, വാക്യാർത്ഥ വിചാരം കൊണ്ടും ബോദ്ധ്യപ്പെട്ട പരമതത്വത്തിൽ ചിത്തത്തിന്റെ ഏകാഗ്രസ്ഥിതിയും, താദാത്മ്യഭാവവുമാണ് സ്ഥൈര്യമെന്നത്. അല്ലാതെ ശരീരത്തെ അനക്കാതെ മിണ്ടാതൊരിടത്തിരിക്കലല്ല.

വിദ്യൈശ്വര്യതപോരൂപകുലവർണ്ണാശ്രമാദിഭിഃ
സഞ്ജാതാഹംകൃതിസ്ത്യാഗസ്ത്വഭിമാനവിസർജ്ജനം 121

വിദ്യാഭ്യാസം, സമ്പൽപ്രൗഢി, തപസ്സ്, സൗഭാഗ്യം, വംശ മഹിമ, വർണ്ണപ്രൗഢി, ആശ്രമഭാവം എന്നിവകളെക്കൊണ്ടു സ്വാഭാവികമായുണ്ടാവുന്ന അഹങ്കാരത്തിന്റെ ബാധയില്ലാതെ വിനയശീലനായിരിക്കലാണ് അഭിമാനവിസർജ്ജനമെന്നു പറയുന്നത്.

ത്രിഭിശ്ച കരണൈസ്സമ്യക് ഹിത്വാ വൈഷയികീം ക്രിയാം
സ്വാത്മൈകചിന്തനം യത്തദീശ്വരദ്ധ്യാനമീരിതം
ഛായേവ സർവ്വദാ വാസോ ബ്രഹ്മവിത്ഭിഃ സഹ സ്ഥിതിഃ 122

ശരീരം, വാക്ക്, മനസ്സ് എന്നീ മൂന്നു കാരണങ്ങളെയും വിഷയങ്ങളിൽനിന്നു കേവലം വിടർത്തി ആത്മൈകശരണനായി എപ്പോഴും ആത്മോപാസനം ചെയ്തുകൊണ്ടിരിക്കലാണ് ഈശ്വരധ്യാനം. അതുപോലെ നിഴലെന്നപോലെ ഒരിക്കലും വിട്ടുമാറാതെ എപ്പോഴും ബ്രഹ്മജ്ഞാന്മാരോടുകൂടിച്ചേർന്നു കഴിയലാണ് സഹവാസവും.

യദ്യദുക്തം ജ്ഞാനശാസ്ത്രേ ശ്രവണാദികമേഷു യഃ
നിരതഃ കർമ്മധീഹീനഃ ജ്ഞാനനിഷ്ഠസ്സ ഏവ ഹി 123

ജ്ഞാനശാസ്ത്രമാകുന്ന വേദാന്തശാസ്ത്രത്തിൽ എന്തെല്ലാം കാര്യങ്ങളെപ്പറഞ്ഞിട്ടുണ്ടോ; അവയെയൊക്കെ പറഞ്ഞും കേട്ടും മനനം ചെയ്തും വസ്തുബോധത്തെ ദൃഢപ്പെടുത്തിക്കൊണ്ടിരിക്കലാണ് ജ്ഞാനനിഷ്ഠ. കർമ്മശ്രദ്ധയില്ലാതെ എപ്പോഴും അതിൽ തന്നെ മുഴുകിക്കൊണ്ടിരിക്കുന്നവൻ ജ്ഞാനനിഷ്ഠനാണ്.

ധനകാന്തജ്വരാദീനാം പ്രാപ്തകാലേ സുഖാദിഭിഃ
വികാരഹീനതൈവ സ്യാൽ സുഖദുഃഖസമാനതാ 124

ധനം വന്നു ചേരുക, ഭാര്യപ്രാപ്തിയുണ്ടാവുക തുടങ്ങിയ ഇഷ്ടകാര്യങ്ങളിൽ സന്തോഷിക്കുകയോ, ജ്വരം തുടങ്ങിയ രോഗബാധയാകുന്ന അനിഷ്ടകാര്യങ്ങളിൽ വ്യസനിക്കുകയോ ചെയ്യാതിരിക്കുക. ഇഷ്ടമോ, അനിഷ്ടമോ ആയ ഏതൊരനുഭവം വന്നുചേരുമ്പോഴും സുഖദുഃഖഭാവങ്ങളില്ലാതെ നിർവ്വികാരനായിരിക്കുക എന്നതാണ് സുഖദുഃഖസമാനത്വം.

ശ്രേഷ്ഠം പൂജ്യം വിദിത്വാ മാം മാനയന്തു ജനാ ഭുവി
ഇത്യാസക്ത്യാ വിഹീനത്വം മാനാനാസക്തിരുച്യതേ 125

ഞാൻ എല്ലാവരേക്കാളും ശ്രേഷ്ഠനും, എല്ലാവർക്കും ആരാദ്ധ്യനുമാണ് എന്നു കരുതി ജനങ്ങളൊക്കെ എന്നെ മാനിയ്ക്കണം എന്ന പൊങ്ങച്ചം കാണിക്കാതെ എല്ലാവരോടും എപ്പോഴും വിനയശീലനായിരിക്കലാണ് മാന്യതയിലുള്ള അനാസാക്തി.

സച്ചിന്തനസ്യ സംബാധോ വിഘ്നോയം നിർജ്ജനേ യതഃ
സ്ഥേയമിത്യേക ഏവാസ്ഥി ചേൽ സൈവൈകാന്തശീലതാ 126

ജനമദ്ധ്യത്തിലുള്ള താമസംകൊണ്ട് എന്റെ നിഷ്ഠക്കും ചിന്തനത്തിന്നും കാര്യമായ തടസ്ഥം നേരിടുന്നുണ്ട്. അതിനാൽ വിജനമായ സ്ഥലത്തെവിടേയെങ്കിലും താമസിയ്ക്കണം. എന്ന ചിന്ത മിക്കപ്പോഴും ഉണ്ടാവുകയും നിർജ്ജനസ്ഥലങ്ങളിൽ താമസിക്കുകയും ചെയ്യുന്നതാണ് ഏകാന്തശീലത.

സംസാരബന്ധനിർമ്മുക്തിഃ കദാ ഝടിതി മേ ഭവേൽ
ഇതി സാ സുദൃഢാ ബുദ്ധിരീരിതാ സാ മുമുക്ഷതാ 127

എത്രയും കഴിയുന്ന വേഗത്തിൽ എപ്പോഴാണ് എനിക്കു സംസാരമുക്തി കിട്ടുന്നത്? എത്രയോ ജന്മങ്ങൾ ഇതിനുമുമ്പ് കഴിഞ്ഞുപോയി. ഇത്രയും കാലം കഴിഞ്ഞു. എന്നിട്ടും മുക്തനായില്ല. ഇനി എപ്പോൾ മരിക്കുമെന്നാരു കണ്ടു! ഈ നിമിഷത്തിൽതന്നെയെങ്കിലും എനിക്കു സംസാരമുക്തിയുണ്ടാവാനെന്താണ് മാർഗ്ഗം. എന്നിങ്ങിനെ ദൃഢതയോടുകൂടിയ വിചാരം എപ്പോഴും ഉണ്ടാവുകയും, അതിനനുരൂപമായി പ്രവർത്തിക്കുകയും ചെയ്യുന്നതുതന്നെ മുമുക്ഷതാ.

ബ്രഹ്മചര്യാദിഭിർദ്ധർമ്മൈർബ്ബുദ്ധേർദ്ദോഷനിവൃത്തയേ
ദണ്ഡനം ദമ ഇത്യാഹുർദ്ദമശബ്ദാർത്ഥകോവിദാഃ 128

പലതരത്തിലുള്ള സംസാരവാസനകളെക്കൊണ്ടും ദുർവൃത്തികളെക്കൊണ്ടും ദുഷിച്ചതാണ് പ്രായേണ ഓരോരുത്തരുടേയും ബുദ്ധി. ബുദ്ധിദോഷങ്ങൾ നീങ്ങാതിരിക്കും കാലത്തോളം സത്യമായ ജ്ഞാനമോ, ഭക്തിയോ, വൈരാഗ്യമോ ഒന്നുമുണ്ടാവാൻ വയ്യ. അതിനാൽ സാധകന്മാരുടെ അതിപ്രധാനമായൊരു വിഷയമാണ് ബുദ്ധിദോഷങ്ങളെ നീക്കൽ, സത്യം, അഹിംസ, ബ്രഹ്മചര്യം, അസ്തേയം, അപരിഗ്രഹം എന്നീ ധർമ്മങ്ങളെ നിഷ്കർഷയോടെ പാലിക്കലും അഭ്യസിക്കലുമാണ് ബുദ്ധിദോഷങ്ങളെ നീക്കാനുള്ള മാർഗ്ഗം. ആ സമ്പ്രദായത്തിനെ ദമമെന്ന് അറിവുള്ളവർ പറയുന്നു.

തത്തദ്വൃത്തിനിരോധേന ബാഹ്യേന്ദ്രിയവിനിഗ്രഹഃ
യോഗിനോ ദമ ഇത്യാഹുർമ്മനസഃ ശാന്തിസാധനം 129

ദൃക് തുടങ്ങിയ ബാഹ്യേന്ദ്രിയങ്ങളിൽ ഓരോന്നിന്റെയും വൃത്തിയെ ബലാൽക്കാരേണ നിരോധിച്ച് ഇന്ദ്രിയങ്ങളെ അടക്കലാണ് ദമമെന്ന് യോഗികൾ പറയുന്നു. ഇന്ദ്രിയങ്ങളെ അടക്കലോ, ബുദ്ധിയെ ശുദ്ധീകരിക്കലോ രണ്ടായാലും ചിത്തശാന്തിയാണ് ദമത്തിന്റെ ഫലം. ഇന്ദ്രിയങ്ങളെ അടക്കിയാലും, അന്തഃകരണത്തെ അടക്കിയാലും ചിത്തശാന്തിയുണ്ടാവും. ഒരു പ്രകാരത്തിൽ പറഞ്ഞാൽ മനസ്സും ഇന്ദ്രിയങ്ങളും രണ്ടല്ല; ഒന്നുതന്നെ. ഇന്ദ്രിയങ്ങൾ പുറത്തേയും, അന്തഃകരണം അകത്തേയും കരണങ്ങളാണ്. രണ്ടിന്നും വൃത്തികളുണ്ട്; രണ്ടും വിഷയങ്ങളിൽ മുഴുകിയവയുമാണ്. അതിനാൽ ഏതെങ്കിലും ഒന്നിനെ അടക്കിയാൽതന്നെ രണ്ടും അടങ്ങും. ഉപശമമനുഭവപ്പെടുകയും ചെയ്യും. അതിനാൽ കരണങ്ങളെ

അടക്കി മനസ്സിനെ ഉപശാന്തമാക്കലാണ് ദമത്തിന്റെ സ്വരൂപമെന്നു താല്പര്യം.

ഇന്ദ്രിയേഷ്വിന്ദ്രിയാർത്ഥേഷു പ്രവൃത്തേഷു യദൃച്ഛയാ
അനുധാവതി താന്യേവ മനോവായുമിവാനലഃ 130

ദൃഗാദി ഇന്ദ്രിയങ്ങൾ രൂപാദി വിഷയങ്ങളിൽ പ്രവർത്തിക്കാൻ തുടങ്ങിയാൽ താമസമില്ല; കാറ്റിനെ അഗ്നിയെന്നപോലെ മനസ്സ് അവയെ പിന്തുടർന്നുകൊണ്ടിരിക്കും. ഇന്ദ്രിയങ്ങൾ വിഷയങ്ങളിൽ നിന്നു നിവർത്തിക്കാതെ മനസ്സടങ്ങില്ലെന്നു പറയുന്നതുകൊണ്ടാണ് മനസ്സിന്റെ അഞ്ചപ്രകാരത്തിലുള്ള ബഹിഃസ്ഫുരണങ്ങളാണ് ഇന്ദ്രിയങ്ങളെന്നുപോലും പറയാറുണ്ട്. അതിനാൽ ഇന്ദ്രിയങ്ങളടങ്ങാതെ മനസ്സ് ഉപശാന്തമാവാൻ വയ്യ.

ഇന്ദ്രിയേഷു നിരുദ്ധേഷു ത്യക്ത്വാ വേഗം മനഃ സ്വയം.
സത്വഭാവമുപാദത്തേ പ്രസാദസ്തേന ജായതേ
പ്രസന്നേ സതി ചിത്തേഽസ്യ മുക്തിഃ സിദ്ധ്യതി നാന്യഥാ 131.

ബാഹ്യേന്ദ്രിയങ്ങളെ അതാതിന്റെ വിഷയങ്ങളിൽ നിന്ന് നിവർത്തിപ്പിച്ച് ഫലപ്രദമാംവണ്ണം അടക്കാൻ കഴിഞ്ഞാൽ മനസ്സിന്റെ ഓട്ടം നിൽക്കും. ക്രമേണ മനസ്സു ശാന്തമാവും. ശാന്തമായ മനസ്സു കാലംകൊണ്ട് വൃത്തിരഹിതവും, സത്വസ്വരൂപം കൂടിയുമാവും. സത്വസമ്പന്നമായചിത്തം പ്രസന്നവും, സന്തുഷ്ടവും, സുഖാത്മകവുമാണ്. അങ്ങിനെയുള്ള ചിത്തമാണ് മുക്തിക്കുള്ള മുഖ്യോപകരണം. ചിത്തത്തെ ആ നിലയിലാക്കാൻ കഴിഞ്ഞില്ലെങ്കിൽ മറ്റെന്തൊക്കെ പ്രയത്നം ചെയ്താൽകൂടി സാധകൻ മുക്തനാവുന്ന കാര്യം വിഷമം തന്നെ.

മനഃ പ്രസാദസ്യ നിദാനമേവ
നിരോധനം യൽ സകലേന്ദ്രിയാണാം

ബാഹ്യേന്ദ്രിയേ സാധു നിരുദ്ധ്യമാനേ
ബാഹ്യാർത്ഥഭോഗോ മനസോ വിയുജ്യതേ 132

മനസ്സിന്റെ പ്രസന്നതക്കു മുഖ്യകാരണം ഇന്ദ്രിയജയമാണ്. ഏതെങ്കിലും പ്രകാരത്തിൽ വിഷയങ്ങളുടെ സമ്പർക്കമുള്ളേട ത്തോളംകാലം മനസ്സിന്റെ പ്രീതി നഷ്ടപ്പെട്ടുകൊണ്ടിരിക്കുക തന്നെ ചെയ്യും. ബാഹ്യേന്ദ്രിയങ്ങൾ അടങ്ങാതെ മനസ്സിന്റെ വിഷയസമ്പർക്കം വിട്ടുമാറുകയുകില്ല. ഇന്ദ്രിയങ്ങളടങ്ങിയാൽ ബാഹ്യവിഷയങ്ങളും മനസ്സും തമ്മിലുള്ള സംബന്ധം കേവലം ഇല്ലാതായിത്തീരും. എന്തുകൊണ്ടെന്നാൽ മനസ്സ് ബാഹ്യവിഷയ ങ്ങളുമായി ബന്ധപ്പെടുന്നത് ഇന്ദ്രിയങ്ങൾ മുഖേനയാണ്. അതിനാൽ മനസ്സിന്റെ പ്രസന്നതക്ക് ഇന്ദ്രിയങ്ങളെ അടക്കുക തന്നെ വേണം. വിഷയനിവൃത്തി മാത്രമാണ് മനസ്സിന്റെ പ്രസാദ ത്തിന്നു മുഖ്യഹേതു.

തേന സ്വദൗഷ്ട്യം പരിമുച്യ ചിത്തം
ശനൈഃ ശനൈഃ ശാന്തിമുപാദദാതി
ചിത്തസ്യ ബാഹ്യാർത്ഥവിമോക്ഷമേവ
മോക്ഷം വിദുർമ്മോക്ഷണലക്ഷണജ്ഞാഃ 133

ഇന്ദ്രിയങ്ങളടങ്ങി ബാഹ്യ വിഷയങ്ങളുടെ സംബന്ധമില്ലാ തായിത്തീരുമ്പോൾ പതുക്കെപ്പതുക്കെ മനസ്സു തന്റെ ദുർവൃത്തി കളെ വിട്ടു ശാന്തിയെ പ്രാപിക്കാൻ തുടങ്ങും. പ്രശാന്തമായ ചിത്തം മോക്ഷാനുഭൂതിക്കുപോലും കാരണമാണ്. അതിനാൽ ചിത്തത്തിന്റെ ബാഹ്യവിഷയങ്ങളോടുള്ള സംബന്ധമില്ലായ്മയെ ത്തന്നെയാണ് മോക്ഷമെന്നു പറയേണ്ടതെന്നുപോലും അഭിജ്ഞ ന്മാർ പറയുന്നു.

ദമം വിനാ സാധു മനഃ പ്രസാദ
ഹേതും ന വിദ്മഃ സുകരം മുമുക്ഷോഃ
ദമേന ചിത്തം നിജദോഷജാതം
വിസൃജ്യ ശാന്തിം സമുപൈതി ശീഘ്രം 134

മുൻപറയപ്പെട്ട ദമത്തോടുകൂടാതെ എളുപ്പത്തിൽ മനസ്സ് പ്രസന്നമായിത്തീരാൻ മാർഗ്ഗങ്ങളൊന്നുമില്ല. ചിത്തപ്രസാദ ത്തിന് ഏറ്റവും സുഗമമായ മാർഗ്ഗമാണ് ദമം. അതിനാൽ മുമുക്ഷുവായ സാധകൻ ദമത്തെ അവശ്യം പരിശീലിക്കുക തന്നെ വേണം. ദമത്തെ വേണ്ടപോലെ അഭ്യസിക്കുന്നപക്ഷം മനസ്സിന്റെ ദുഷിച്ച വൃത്തികൾ മുഴുവൻ നിങ്ങും. കാലംകൊണ്ട് ചിത്തം ഉപശാന്തമായിത്തീരുകയും ചെയ്യും.

പ്രാണായാമൽ ഭവതി മനസോ നിശ്ചലത്വം പ്രസാദോ
യസ്യാപ്യസ്യ പ്രതിനിയതദിക്ദേശകാലാദ്യവേക്ഷ്യ
സമ്യക്ദൃഷ്ട്യാ ക്വചിദപി തയാ നോ ദമോ ഹന്യതേ തൽ
കുര്യാൽ ധീമാൻ ദമമനലസശ്ചിത്തശാന്ത്യൈ പ്രയത്നാൽ 135

ഫലപ്രദമാംവണ്ണം ചെയ്യപ്പെടുന്ന പ്രാണായാമംകൊണ്ട് ചിത്തശാന്തിയുണ്ടാവുമല്ലോ. പിന്നെയെന്തിനാണ് വളരെ ബുദ്ധി മുട്ടി ദമത്തെ അഭ്യസിക്കുന്നതെന്നാണെങ്കിൽ പറയാം. കാലം, ദേശം, അധികാരം, തുടങ്ങി പല ഉപാധികളേയും ആശ്രയിച്ചുള്ള താണ് പ്രാണായാമാദി അഭ്യാസം. ഏതെങ്കിലും ഒരുപാധിക്കു വൈകല്യം വന്നാൽ മറ്റെല്ലാം അലങ്കോലപ്പെടും. അതുവരേത്തെ പ്രയത്നം വിഫലമായെന്നും വന്നേയ്ക്കാം. ഇങ്ങിനെയുള്ള കുഴപ്പ ങ്ങളൊക്കെയുണ്ട് പ്രാണായാമാദി അഭ്യാസങ്ങൾക്ക്. അതിനാൽ സർവ്വസാധാരണമായി എല്ലാ കാലത്തും, എല്ലാ ദേശത്തുമുള്ള എല്ലാ ജനങ്ങൾക്കും ഒരുപോലെ പ്രയോഗികമാണ്. അതു കൊണ്ട് ബുദ്ധിമാന്മാർ ആലസ്യം കൂടാതെ ദമത്തെ പരിശീലിക്ക

യാണ് വേണ്ടത്. അതുകൊണ്ടു വളരെ വേഗത്തിൽ ചിത്തശാന്തിയുണ്ടാവുകയും ചെയ്യും.

സർവ്വേന്ദ്രിയാണാം ഗതിനിഗ്രഹേണ
ഭോഗ്യേഷു ദോഷാദ്യവമർശനേന
ഈശപ്രസാദച്ച ഗുരോഃ പ്രസാദാൽ
ശാന്തിം സമായത്യചിരേണ ചിത്തം 136

എപ്പോഴും വിഷയങ്ങളിലേക്ക് ഓടിക്കൊണ്ടിരിക്കുന്ന ഇന്ദ്രിയങ്ങളെ ഫലപ്രദമാകുംവണ്ണം തടയുകതന്നെ വേണം. ഭോഗ്യവസ്തുക്കളാകുന്ന വിഷയങ്ങളുടെ ദോഷങ്ങളെ എപ്പോഴും നിരൂപിക്കുന്നതുകൊണ്ട് അതിനു വിഷമമുണ്ടാവില്ല. വിഷയങ്ങൾ നല്ലതാണെന്നും, അവയുടെ അനുഭവംകൊണ്ടു സുഖമുണ്ടാവുമെന്നുമുള്ള തെറ്റിദ്ധാരാണകൊണ്ടാണ് എപ്പൊഴും ഇന്ദ്രിയങ്ങൾ വിഷയങ്ങളിലേക്കോടിക്കൊണ്ടിരിക്കുന്നത്. അങ്ങിനെ അനിയന്ത്രിതമാംവണ്ണം വിഷയങ്ങളിലെയ്ക്കോടിക്കൊണ്ടിരിക്കുന്നത്. അങ്ങിനെ അനിയന്ത്രിതമാംവണ്ണം വിഷയങ്ങളിലെയ്ക്കോടിക്കൊണ്ടിരിക്കുന്ന ഇന്ദ്രിയങ്ങളുടെ ഓട്ടത്തെ ഫലപ്രദമാംവണ്ണം തടയുകയും അതോടൊപ്പം ഈശ്വരകാരുണ്യത്തിന്നും, ആചാര്യാനുഗ്രഹത്തിന്നും പാത്രമായിത്തീരുകയും ചെയ്യുന്ന ഒരാളുടെ ചിത്തം കാലംകൊണ്ടു ശാന്തിയെ പ്രാപിക്കും.

ആദ്ധ്യാത്മികാദി യൽ ദുഃഖം പ്രാപ്തം പ്രാരബ്ധവേഗതഃ
അചിന്തയാ തൽസഹനം തിതിക്ഷേതി നിഗദ്യതേ 137

തിതിക്ഷയുടെ ലക്ഷണത്തെപ്പറയുകയാണ്. ഈ ജഗത്തു ദുഃഖസ്വരൂപവും ജനങ്ങൾ മിക്കവാറും നിർഭാഗ്യവാന്മാരുമാണ്. ആസ്ഥിതിക്കു മിക്കപ്പോഴും മിക്കപേരും ദുഃഖിക്കേണ്ടിവരുന്നുവെന്നത് സ്വാഭാവികം മാത്രമാണ്. അനുഭവിക്കേണ്ടിവരുന്ന

ആദ്ധ്യാത്മികം, ആധിഭൗതികം, ആധിദൈവികം എന്നീ മൂന്നു വിധദുഃഖങ്ങളെക്കൊണ്ടും എപ്പോഴും പ്രക്ഷുബ്ധനായിരിക്കുന്നൊ രാൾക്കെപ്പോഴും ശാന്തിയുണ്ടാവാൻ വയ്യ. കൂടാതെ അപ്പഴ പ്പോൾ വന്നുചേരുന്ന ദുഃഖങ്ങളെല്ലാംതന്നെയും പ്രാരബ്ധാനുഭവ ങ്ങളാണ്. അനുഭവത്തോടുകൂടാതെ മറ്റു പ്രതിവിധികളെ ക്കൊണ്ടൊന്നും അവ അകറ്റപ്പെടാവുന്നതുമല്ല. അതിനാൽ ചിന്തയോടും ആവലാതിയോടും കൂടാതെ എല്ലാ ദുഃഖങ്ങളെയും സഹിക്കാറാവണം. ആ കഴിവിനെയാണ് തിതിക്ഷയെന്നു പറയുന്നത്. തിതിക്ഷയില്ലാത്തൊരാൾക്കൊരിക്കലും ശാന്തിയു ണ്ടാവാൻ വയ്യ.

രക്ഷാ തിതിക്ഷാസദൃശീ മുമുക്ഷോർ
ന വിദ്യതേƒസൗ പവിനാ ന ഭിദ്യതേ
യാമേവ ധീരാഃ കവചീവ വിഘ്നാൻ
സർവ്വാൻ തൃണീകൃത്യ ജയന്തി മായാം 138

മുമുക്ഷുവായ സാധകനു തിതിക്ഷയെപ്പോലെ രക്ഷാകരമായ ഒരു ശക്തി മറ്റൊന്നുംതന്നെയില്ല. വജ്രായുധം പോലും തിതിക്ഷ യുള്ളവനേൽക്കില്ലെന്നു പറയാറുണ്ട്. യോദ്ധാക്കന്മാർ ശത്രുക്ക ളോടേറ്റുമുട്ടാൻ പോവുമ്പോൾ ശക്തിയേറിയ പോർച്ചട്ടകളെ ധരിയ്ക്കാറുണ്ട്. ശത്രുക്കളുടെ പ്രബലങ്ങളായ ആയുധങ്ങൾ പോലും ഏല്ക്കാതിരിക്കാൻവേണ്ടിയാണ് അങ്ങനെ ചെയ്യുന്നത്. മായാശക്തികളാകുന്ന യോദ്ധാവാണ് സാധകൻ. അദ്ദേഹത്തെ സുരക്ഷിതനാക്കുന്ന പോർച്ചട്ടയാണ് തിതിക്ഷ. അതിനാൽ സാധകന്മാർ തിതിക്ഷയെ വേണ്ടത്ര വളർത്തേണ്ടതത്യാവശ്യ മാണ്.

ക്ഷമാവതാമേവ ഹി യോഗസിദ്ധിഃ
സ്വരാജ്യലക്ഷ്മീസുഖഭോഗസിദ്ധിഃ

ക്ഷമാവിഹീനാ നിപതന്തി വിഘ്നൈർ –
വ്വാതൈർഹതാഃ പർണ്ണചയാ ഇവ ദ്രുമാൽ 139

ക്ഷമാശീലന്മാരായ സുകൃതികൾക്കു മാത്രമെ കുറെയൊക്കെ അഭ്യസിച്ചാലും ഫലാനുഭൂതിയുണ്ടാവു. ക്ഷമാഹീനന്മാർക്കു മിക്കപ്പോഴും പലതരത്തിലുള്ള വിഘ്നങ്ങളേയും നേരിടേണ്ടി വന്നേക്കാം. ഇലകളെന്നപോലെയാണ് അവരുടെ മാർഗ്ഗത്തിൽ വിഘ്നങ്ങൾ വന്നു വീഴുന്നത്. അതിനാൽ മറ്റെന്തെല്ലാം കുറവു കളുണ്ടെങ്കിൽക്കൂടി സാധകന്മാർ അവശ്യം ക്ഷമാശീലന്മാരായിരി ക്കേണ്ടതാണ്.

തിതിക്ഷയാ തപോദാനം യജ്ഞസ്തീർത്ഥം വ്രതം ശ്രുതം
ഭൂതിസ്സ്വർഗ്ഗോപവർഗ്ഗശ്ച പ്രാപ്യതേ തത്തദർത്ഥിഭിഃ 140

യജ്ഞം, തീർത്ഥം, വ്രതം വേദജ്ഞാനം, ഐശ്വര്യം, സ്വർഗ്ഗാ നുഭൂതി, മോക്ഷം എന്നിങ്ങനെ പലതിലും ഇച്ഛയുള്ളവരുണ്ടാ വാം. അതാതിച്ഛയോടുകൂടിയാവാം ഓരോരുത്തരും സാധനാനു ഷ്ഠാനം ചെയ്യുന്നത്. എന്നാൽ ഏതു തരത്തിലുള്ള ഇച്ഛകൊണ്ടാ യാലും അവരവശ്യം തിതിക്ഷുക്കളാവണം. തിതിക്ഷയില്ലാത്ത വർക്കു സാധനാനുഭൂതിയുണ്ടാവാൻ വിഷമം തന്നെ.

ബ്രഹ്മചര്യമഹിംസാ ച സാധൂനാമപ്യഗർഹണം
പരാക്ഷേപാദിസഹനം തിതിക്ഷോരേവ സിദ്ധ്യതി 141

ദൃഢമായ ബ്രഹ്മചര്യനിഷ്ഠ, ഹിംസാരാഹിത്യം, സജ്ജന ങ്ങളെ ആദരിക്കൽ, മറ്റുള്ളവരുടെ ആക്ഷേപങ്ങളെ സഹിക്കൽ തുടങ്ങി സാധകന്മാർക്കുണ്ടാവേണ്ടവയായ ഉൽകൃഷ്ടഗുണങ്ങ ളെല്ലാം തിതിക്ഷയുള്ളവരിൽ മാത്രമേ ഉണ്ടാവൂ. പ്രക്ഷുബ്ധമാണ് അന്തഃക്കരണമെങ്കിൽ അവയെയൊന്നും നേടാൻ കഴിയില്ല. അവയൊന്നും സമ്പാദിക്കാൻ കഴിഞ്ഞില്ലെങ്കിൽ സാധനാനു

ഭൂതിയും ദുർല്ലഭമായിത്തീരും. അതിനാൽ തിതിക്ഷയിൽ പ്രത്യേകം ശ്രദ്ധിക്കുകതന്നെ വേണം.

സാധനേഷ്വപി സർവേഷു തിതിക്ഷോത്തമസാധനം
യത്ര വിഘ്നാഃ പലായന്തേ ദൈവികാ അപി ഭൗതികാഃ 142

എല്ലാവിധ സാധനങ്ങളിലുംവെച്ച് ഒരു സാധകനു ശ്രേഷ്ഠ മായിരിക്കുന്ന സാധനം തിതിക്ഷയാണ്. എന്തുകൊണ്ടെന്നാൽ പ്രതിബന്ധനിവൃത്തിക്ക് അത്രയും പറ്റിയ സാധനം മറ്റൊന്നും തന്നെയില്ല. ദൈവികങ്ങളോ, ഭൗതികങ്ങളോ ആയ എന്തെല്ലാം വിഘ്നങ്ങളുണ്ടായാലും അവയൊന്നും ഒരു തിതിക്ഷുവിനു ബാധകമാവുന്നില്ല. കാറ്റിൽ കരിയിലയെന്നപോലെയാണ് തിതിക്ഷയുണ്ടാവുമ്പോൾ വിഘ്നങ്ങൾ പറക്കുന്നത്.

തിതിക്ഷോരേവ വിഘ്നേഭ്യഃ ത്വനിവർത്തിതചേതസഃ
സിദ്ധ്യന്തി സിദ്ധയഃ സർവ്വാഃ അണിമാദ്യാഃ സമൃദ്ധയഃ 143

തിതിക്ഷകൊണ്ടു മാത്രമെ പ്രതിബന്ധങ്ങളെ അതിവർത്തി ക്കാൻ സാധിക്കു. ഏതു കാര്യത്തിന്നും ലോകത്തിൽ പ്രതിബന്ധ ങ്ങളുണ്ടാവും. ആദ്ധ്യാത്മികകാര്യത്തിനു പ്രത്യേകമായും പ്രതി ബന്ധങ്ങളുണ്ടാവും. അവയെ കീഴ്പ്പെടുത്തി സാധനയെ മുന്നോട്ടുകൊണ്ടുപോവാൻ കഴിഞ്ഞിട്ടില്ലെങ്കിൽ സിദ്ധിയുണ്ടാ വുന്ന കാര്യം വളരെ സംശയമാണ്. എന്നാൽ തിതിക്ഷകൊണ്ട് എല്ലാ പ്രതിബന്ധങ്ങളെയും ജയിക്കാൻ കഴിഞ്ഞൊരാൾക്ക് അണിമാദിസിദ്ധികളോ, മോക്ഷംപോലുമോ ദുർല്ലഭമല്ലതാനും.

തസ്മാന്മുമുക്ഷോരധികാ തിതിക്ഷാ
സമ്പാദനീയേപ്സിതകാര്യസിദ്ധയേ
തീവ്രാ മുമുക്ഷാ ച മഹത്യപേക്ഷാ
ചോഭേ തിതിക്ഷാസഹകാരികാരണം 144

അതിനാൽ മുമുക്ഷുവായ സാധകൻ തന്റെ കാര്യസാദ്ധ്യ ത്തിന്നുള്ള ഉപായങ്ങളിൽ അതിപ്രധാനമായതു തിതിക്ഷയാ ണെന്ന് ധരിക്കണം. അതിനെ വളർത്താൻ വേണ്ടത്ര പരിശ്രമി ക്കുകയും ചെയ്യേണ്ടതാണ്. ഏറ്റവും തീവ്രമായ മോക്ഷേച്ഛയും വിഷയങ്ങളിൽ ഉപേക്ഷാഭാവവുമുണ്ടെങ്കിൽ വളരെ വേഗത്തിൽ തിതിക്ഷയെ വളർത്താൻ കഴിയും. എന്തുകൊണ്ടെന്നാൽ അവ തിതിക്ഷയുടെ സഹകാരികാരണങ്ങളാണ്.

തത്തൽകാലസമാഗതാമയതതേഃ
ശാന്ത്യൈ പ്രവൃത്തോ യദി
സ്യാൽ തത്ത്പരിഹാരകൗഷധരത
സ്തച്ചിന്തനേ തൽപ്പരഃ
തൽ ഭിക്ഷുഃ ശ്രവണാദിധർമ്മരഹിതോ
ഭൂത്വാ മൃതശ്ചേത്തതഃ
കിം സിദ്ധിം ഫലമാപ്നുയാദുഭയഥാ
ഭ്രഷ്ടോ ഭവേൽ സ്വാർത്ഥതഃ 145

രോഗങ്ങളുടെ ഗൃഹമാണ് ശരീരമെന്ന് പറയാരുണ്ട്. മിക്ക പ്പോഴും എന്തെങ്കിലും ഒരു രോഗം മിക്ക ശരീരങ്ങളിലും കണ്ടേ ക്കും. എന്നാൽ അങ്ങനെ എന്തെങ്കിലും ഒരു രോഗമുണ്ടായി ക്കഴിഞ്ഞാൽ ഉടനെ വൈദ്യനേയും, മരുന്നിനേയും, ചികിത്സ യേയും അന്വേഷിക്കലായി. ഏതു തരത്തിലുള്ള ജീവിതത്തിന്നും എത്ര ചെറിയ രോഗവും പ്രതിബന്ധമാണ്. എന്നാൽ അദ്ധ്യാത്മ സാധകനു മറ്റെല്ലാരേക്കാളും പ്രതിബന്ധമാണ് രോഗം. രോഗം പ്രതിബന്ധമാണെങ്കിലും രോഗത്തേക്കാൾ പ്രതിബന്ധമാണ് രോഗത്തിന്നുള്ള ചികിത്സ. അതിനാൽ സാധകൻ രോഗം വരാതി രിക്കാനും വന്നാൽ തന്നെ അതിൽ തനിക്ക് ചിന്തയില്ലാതിരി ക്കാനും പ്രത്യേകം അഭ്യസിക്കുകതന്നെ വേണം. അതൊക്കെ

തിതിക്ഷകൊണ്ട് മാത്രമെ സാധിക്കയുമുള്ളു. സാധനനുഷ്ഠാനങ്ങളൊന്നുംചെയ്യാത്ത ഒരാളും, ചെയ്തു വരുന്നൊരാൾ പ്രതിബന്ധങ്ങളെക്കൊണ്ട് തടയപ്പെട്ടവനാവുമ്പോഴും എന്താണ് വ്യത്യാസം. വാസ്തവത്തിൽ യാതൊരു വ്യത്യാസവുമില്ല. എന്തുകൊണ്ടെന്നാൽ രണ്ടുകൂട്ടർക്കും ജന്മസാഫല്യമായ കേവലാനുഭൂതിയുണ്ടാവാൻ പോവുന്നില്ല. അതിനാൽ പ്രതിബന്ധങ്ങളെക്കൊണ്ട് തടയപ്പെടാതെ സാധനാനുഷ്ഠാനങ്ങൾ മുന്നേറുകതന്നെ വേണം. എങ്കിലെ ഫലാനുഭൂതിയുണ്ടാവാൻ പോവുന്നുള്ളു. അങ്ങനെ സാധിക്കണമെങ്കിൽ സാധകൻ അവശ്യം മുമുക്ഷുവായിരിക്കുകയും വേണം.

യോഗമഭ്യസ്യതോ ഭിക്ഷോര്യോഗാൽ ചലിതചേതസഃ
പ്രാപ്യ പുണ്യകൃതാൻ ലോകാനിത്യാദി പ്രാഹ കേശവഃ 146

യോഗത്തെ ശരിയായഭ്യസിച്ചുകൊണ്ടിരിക്കുന്ന സാധകനായാലും അഭ്യാസം വേണ്ടത്ര ചെയ്യാൻ കഴിയാതേയോ, യോഗമാർഗ്ഗത്തിൽനിന്ന് തെറ്റി അന്യമാർഗ്ഗത്തിൽ വ്യാപരിക്കാനിടയാവുകയോ, ചെയ്യുന്നപക്ഷം പുണ്യലോകങ്ങളെ പ്രാപിക്കുമെന്നും, അല്ലെങ്കിൽ മനുഷ്യരുടെ ശ്രേഷ്ഠമായ കുലത്തിൽ ജനിക്കുമെന്നുമൊക്കെ ഭഗവൽഗീതയിൽ ഭഗവാൻ അരുളിച്ചെയ്തിട്ടുണ്ട്. അതിന്റെ താല്പര്യം അശ്രദ്ധകൊണ്ട് സാധനക്ക് ഭംഗം വന്നാൽ ഫലാനുഭൂതിക്ക് പൂർണ്ണതയുണ്ടാവാൻ വയ്യെന്നാണല്ലോ. അതിനാൽ സാധകൻ വേണ്ടത്ര ശ്രദ്ധാലുവായിരിക്കുകതന്നെ വേണം.

ന തു കൃത്വൈവ സന്യാസം തുഷ്ണീമേവ മൃതസ്യ ഹി
പുണ്യലോകഗതിം ബ്രൂതേ ഭഗവാൻ ന്യാസമാത്രതഃ 147

സന്യാസമാത്രംകൊണ്ടു മുക്തനായിത്തീരുമെന്നോ, ദിവ്യഗതിയുണ്ടാവുമെന്നോ ആരും എവിടേയും പറഞ്ഞിട്ടില്ല.

സാധനാനുഷ്ഠാനംകൊണ്ട് വേണ്ടത്ര പുരോഗമിച്ചാൽ മാത്രമേ കൈവല്യാനുഭൂതിയുണ്ടാവു എന്നാണ് ഭഗവൽഗീതാവചനത്തിന്റെ താല്പര്യം. അല്ലാതെ സന്യാസംവരിച്ചു വെറുതെ ജീവിച്ചു സാധാരണ നിലയിൽ മരിക്കുന്നൊരാൾക്കു പ്രത്യേകമായ ദിവ്യാനുഭവങ്ങളോ പുണ്യലോകങ്ങളോ ലഭിക്കുമെന്നു പറയപ്പെട്ടിട്ടില്ല. അതിനാൽ വേണ്ടത്ര ശ്രദ്ധയോടും തിതിക്ഷയോടുകൂടി സാധനനുഷ്ഠാനങ്ങളെ ചെയ്ത് സംസാരത്തെ അതിവർത്തിക്കുകതന്നെവേണം.

ന ച സന്യസനാദേവ സിദ്ധിം സമധിഗച്ഛതി
ഇത്യനുഷ്ഠേയസന്ത്യാഗാൽ സിദ്ധ്യാഭാവമുവാച ഹ 148

സന്യാസംകൊണ്ടുമാത്രം ആർക്കും സിദ്ധിയുണ്ടാവാൻ പോവുന്നില്ല. എന്നിങ്ങനെ ഭഗവൽഗീതയിൽ ഭഗവാൻ വ്യക്തമായിപ്പറഞ്ഞിട്ടുണ്ട്. അതിന്റെ താല്പര്യം സാധനാനുഷ്ഠാനങ്ങളില്ലാതെ സിദ്ധിയുണ്ടാവില്ലെന്നുതന്നെയാണ്. അതിനാൽ മുമുക്ഷുക്കൾ അശ്രദ്ധകൊണ്ട് ഒരു നിമിഷവും വെറുതെ കളയാതെ അവശ്യം സാധനനുനുഷ്ഠാനങ്ങളെച്ചെയ്യുകതന്നെ വേണം.

തസ്മാൽ തിതിക്ഷയാ സോഢ്വാ തത്തൽ ദുഃഖമുപാഗതം
കര്യാൽ ശക്ത്യനുരൂപേണ ശ്രവണാദി ശനൈഃ ശനൈഃ 149

അതിനാൽ സാധകൻ നേരത്തെ തന്നെ തിതിക്ഷയേ വേണ്ടപോലേ വളർത്തി അപ്പഴപ്പോൾ വന്നുചേരുന്ന ദുഃഖങ്ങളേയും പ്രതികൂലാനുഭവങ്ങളേയും സഹിക്കാനുള്ള കഴിവ് സമ്പാദിക്കണം. പ്രതികൂലാനുഭവങ്ങളെ സഹിക്കാനുള്ള കഴിവില്ലെങ്കിൽ പിന്നെ ശ്രവണമനനാദി അഭ്യാസങ്ങളെക്കൊണ്ടും വിശേഷിച്ചു പ്രയോജനമൊന്നുമുണ്ടെന്നു പറഞ്ഞുകൂടാ. എല്ലാ

പ്രതികൂലങ്ങളേയും സഹിക്കാനുള്ള ക്ഷമയുണ്ടാവുകതന്നെ വേണം. തിതിക്ഷാശീലനായ ഒരാൾക്കതുണ്ടാവുകയും ചെയ്യും. അങ്ങനെയായിക്കഴിഞ്ഞാൽ ശ്രവണാദി അഭ്യാസങ്ങൾ വളരെ ഫലത്തെ ചെയ്യും.

പ്രയോജനം തിതിക്ഷായാഃ സാധിതായഃ പ്രയത്നതഃ
പ്രാപ്തദുഃഖാസഹിഷ്ണുത്വേ ന കിഞ്ചിദപി ദൃശ്യതേ 150

കുറെയൊക്കെ സാഹസപ്പെടേണ്ടിവന്നാലും ക്ലേശത്തോടു കൂടിയെങ്കിലും തിതിക്ഷയെ വളർത്തുകതന്നെവേണം. എന്തു കൊണ്ടെന്നാൽ ദുഃഖഭൂയിഷ്ഠമാണ് ജഗത്ത്. ജനങ്ങൾ മിക്കവാറും നിർഭാഗ്യവാന്മാരുമായിരിക്കും. ആ സ്ഥിതിക്കു മിക്കപ്പോഴും ക്ലേശങ്ങളും പ്രതികൂലാനുഭവങ്ങളും അനുഭവപ്പെട്ടുകൊണ്ടിരിക്കും. അപ്പോഴൊക്കെ ഒരാളുടെ മനസ്സിന്നു ക്ഷോഭം വരുന്നുവെങ്കിൽ പിന്നെ സമാധാനമെങ്ങനെ കിട്ടും? അതിനാൽ തന്റെ ലക്ഷ്യമായ പരമതത്വത്തിൽ എപ്പോഴും ചിത്തത്തെ നിർത്തിയും, വന്നുചേരുന്ന അനുഭവങ്ങളിൽ ചിന്തയില്ലാതേയും കഴിയാറാവുകതന്നെ വേണം. എങ്കിലേ കാലംകൊണ്ടെങ്കിലും അനുഭൂതിയുണ്ടാവാൻപോവുന്നുള്ളു. തിതിക്ഷുവല്ലാത്തൊരാളുടെ ചിത്തമെപ്പോഴും ക്ഷോഭിച്ചുകൊണ്ടിരിക്കും. അങ്ങിനെയുള്ള ഒരാൾക്ക് ആത്മീയമായ യാതൊരുയർച്ചയുമുണ്ടാവാനും പോവുന്നില്ല.

9. സന്യാസം

സാധനത്വേന ദൃഷ്ടാനാം സർവ്വേഷാമപി കർമ്മണാം
വിധിനാ യഃ പരിത്യാഗഃ സ സന്യാസഃ സതാം മതഃ 151

വേദോക്തങ്ങളോ അല്ലാത്തവയോ ആയ എല്ലാവിധ കർമ്മങ്ങളേയും അവയുടെ ഫലങ്ങളോടുകൂടി വിധിയാംവണ്ണം പരി

ത്യാഗം ചെയ്യുന്നുവെന്നതാണ് സന്യാസം. കർമ്മങ്ങളുടേയും കർമ്മഫലങ്ങളുടേയും സമുച്ചയമാണല്ലോ സംസാരം. അതിനാൽ കർമ്മങ്ങളേയും ഉപേക്ഷിക്കുകയെന്നതു സംസാരത്തെ ഉപേക്ഷിക്കൽതന്നെയാണ്. സംസാരനിവൃത്തിതന്നെ സന്യാസം. എന്നാണ് സജ്ജനങ്ങളുടെ അഭിപ്രായം. അതിനാൽ ചില കർമ്മങ്ങളെ ഉപേക്ഷിക്കലോ, ചെയ്യലോ അല്ല; എല്ലാ കർമ്മങ്ങളേയും ഉപേക്ഷിക്കലാണ് സന്യാസം.

ഉപരമയതി കർമ്മാണീ–
ത്യുപരതി ശബ്ദേന കഥ്യതേ ന്യാസഃ
ന്യാസേന ഹി സർവ്വേഷാം
ശ്രുത്യാ പ്രോക്തോ വികർമ്മണാം ത്യാഗഃ 152

കർമ്മങ്ങളെയെല്ലാം ഉപരമിപ്പിക്കുന്നു അല്ലെങ്കിൽ അവസാനിപ്പിക്കുന്നു എന്ന അർത്ഥത്തിലാണ് 'ഉപരതി' യെന്ന ശബ്ദംതന്നെ ഉണ്ടായിരിക്കുന്നതെന്നു പറയണം. സംന്യാസംകൊണ്ടും അതുതന്നെയല്ലേ സാധിക്കുന്നത്. പിന്നെയെന്തിനാണ് ഒരേ ആവശ്യത്തിന് രണ്ടു സാധനങ്ങൾ അല്ലെങ്കിൽ സംസ്കാരങ്ങൾ എന്നാണെങ്കിൽ പറയാം. കർമ്മത്തെ കർമ്മം, അകർമ്മം, വികർമ്മം എന്നിങ്ങിനെ മൂന്നായി തരം തിരിച്ചിട്ടുണ്ട് ശ്രുതി. വിധിയെ കർമ്മമെന്നും, നിഷേധത്തെ അകർമ്മമെന്നും പ്രസ്തുത രണ്ടു വിഭാഗത്തിലും പെടാത്തവയെ വികർമ്മമെന്നും പറയുന്നു. ഈ വികർമ്മങ്ങളേയാണ് സംന്യാസംകൊണ്ട് ത്യാഗം ചെയ്യുന്നത്. അകർമ്മവിഭാഗത്തെ നേരത്തെതന്നെ ഉപേക്ഷിച്ചിരിക്കയാൽ വിഹിതകർമ്മങ്ങളൊഴിച്ച് മറ്റെല്ലാ കർമ്മങ്ങളേയും ത്യാഗം ചെയ്യലാണ് സംന്യാസംകൊണ്ട് സാധിക്കുന്നത്. എന്നാൽ ഉപരതി കൊണ്ടാവട്ടെ എല്ലാവിധ കർമ്മങ്ങളേയും ത്യാഗം ചെയ്യലാണ് സാധിക്കുന്നത്.

കർമ്മണാ സാദ്ധ്യമാനസ്യാƒനിത്യത്വം ശ്രൂയതേ യതഃ
കർമ്മണാനേന കിം നിത്യഫലേപ്സോഃ പരമാർത്ഥിനഃ 153

കർമ്മംകൊണ്ട് കിട്ടാവുന്ന ഫലങ്ങൾ എന്തൊക്കെയായാലും അവ എത്രയൊക്കെ ശ്രേഷ്ഠങ്ങളായാലും അവയൊന്നും ശാശ്വത ങ്ങളല്ല; ക്ഷണികങ്ങളും നശ്വരങ്ങളുമാണെന്നു വ്യക്തമായ ഭാഷയിൽ ശ്രുതി സിദ്ധാന്തിക്കുനു. ആ സ്ഥിതിക്കു നിത്യ ഫലത്തെ ആഗ്രഹിക്കുന്നൊരാൾക്ക് കർമ്മംകൊണ്ടെന്തു കിട്ടാനാണ്! നിത്യഫലേച്ഛുവായ ഒരാൾക്കു ക്ഷണികങ്ങളായ കർമ്മഫലങ്ങളെക്കൊണ്ട് ഒരിക്കലം തൃപ്തിപ്പെടാൻവയ്യ. അതാണ് ഉപരതികൊണ്ട് എല്ലാ കർമ്മങ്ങളേയും ഉപേക്ഷിക്കുന്ന തിന്റെ ആവശ്യം.

ഉൽപാദ്യമാപ്യം സംസ്കാര്യം വികാര്യം പരിഗണ്യതേ
ചതുർവ്വിധം കർമ്മസാദ്ധ്യം ഫലം നാന്യദിതഃ പരം 154

ഇല്ലാത്ത പദാർത്ഥത്തെ ഉണ്ടാക്കിത്തീർക്കുക; ഉള്ളതിനെ ഇല്ലാതാക്കിത്തീർക്കുക. അല്ലെങ്കിൽ നന്നാക്കിത്തീർക്കുക; അതു മല്ലെങ്കിൽ രൂപാന്തരപ്പെടുത്തുക എന്നിങ്ങിനെ നാലു രൂപത്തി ലാണ് കർമ്മഫലം. പറയപ്പെട്ട നാലു പ്രകാരത്തിലല്ലാതെ അഞ്ചാമതൊരു ഫലം കർമ്മംകൊണ്ടുണ്ടാവാൻ വയ്യ. അതി നാൽ ചിത്തവിശ്രാന്തിയോ, മോക്ഷപ്രാപ്തിയോ കർമ്മത്തിന്റെ ഫലമായി ആർക്കും കിട്ടാൻ പോവുന്നില്ലെന്നു താല്പര്യം. അല്ലെ ങ്കിൽ ശാശ്വതമായ ഫലാനുഭൂതിയും കർമ്മകൊണ്ടുണ്ടാവുന്നില്ല.

നൈതദന്യതരം ബ്രഹ്മ കദാ ഭവിതുമർഹതി
സ്വതഃസിദ്ധം സർവ്വദാപ്തം ശുദ്ധം നിർമ്മലമക്രിയം 155

മുൻശ്ലോകത്തിൽ നാലുപ്രകാരത്തിലുള്ള കർമ്മഫലങ്ങളുടെ സ്വഭാവത്തെപ്പറഞ്ഞുവല്ലോ. പ്രസ്തുതനാലുതരത്തിലുള്ള ഫലങ്ങ

ശ്ക്കും വിധേയമല്ല ബ്രഹ്മതത്വം. സ്വഭാവേനതന്നെ എല്ലായിട ത്തുമുള്ളതാകായാൽ ഉണ്ടാകേണ്ടതായിട്ടിരിക്കുന്നില്ല. എപ്പോഴും ഉള്ളതാകായാൽ നശിപ്പിക്കാവുന്നതല്ല. സ്വഭാവേന ശുദ്ധമാണ് ബ്രഹ്മമെന്നതിനാൽ സംസ്കരിക്കേണ്ടതില്ല. അക്രിയമാണെന്നതി നാൽ രൂപാന്തരപ്പെടുത്താവുന്നതുമല്ല. ഈവക കാരണങ്ങളെ വെച്ചുനോക്കുമ്പോൾ ഒരുപ്രകാരത്തിലും കർമ്മത്തിന്നു വിധേയ മായിത്തിരുന്നില്ല ബ്രഹ്മം. അതിനാൽ കർമ്മത്തിന്റെ ഫലമായി ബ്രഹ്മജ്ഞാനമോ, ബ്രഹ്മപ്രാപ്തിയോ ഉണ്ടാവുന്നില്ലെന്നു താല്പര്യം.

ന ചാസ്യ കശ്ചിൽ ജനിതേത്യാഗമേന നിഷിദ്ധ്യതേ
കാരണം ബ്രഹ്മ തൽ തസ്മാൽ ബ്രഹ്മ നോൽപാദ്യമിഷ്യതേ 156

ബ്രഹ്മതത്വം ഉണ്ടാക്കിത്തീർക്കാവുന്ന ഒന്നല്ലെന്നു ശ്രുതി പറയുന്നു. അതിനാൽ ആരും ബ്രഹ്മത്തിന്റെ ജനിതാവാവുന്നില്ല. ജനിതാവെന്ന അഭിപ്രായത്തെ ശ്രുതി നിഷേധിക്കുന്നുമുണ്ട്. കൂടാതെ മറ്റെല്ലാറ്റിന്നും ബ്രഹ്മം കാരണമായിത്തീരുകയെ ന്നല്ലാതെ ബ്രഹ്മത്തിന്നു ഒന്നുംതന്നെ കാരണമാവുന്നില്ല. ഇക്കാണുന്ന വസ്തുക്കളൊന്നുമുണ്ടാവുന്നതിനു മുമ്പും, ഇവ യെല്ലാം നശിച്ചുകഴിഞ്ഞതിനു ശേഷവും, ബ്രഹ്മം മാത്രമാണുള്ള തെന്നതുകൊണ്ട് ബ്രഹ്മത്തിനു ഒന്നുംതന്നെ കാരണമല്ല. ബ്രഹ്മം എല്ലാറ്റിനും കാരണമാണുതാനും, അതുകൊണ്ടും ബ്രഹ്മതത്വം ഉൽപ്പാദിപ്പിക്കാവുന്നതല്ല. ഉൽപ്പാദിപ്പിക്കാവുന്ന തല്ലെങ്കിൽ കർമ്മം ആപേക്ഷികമല്ല ബ്രഹ്മപ്രാപ്തിക്കെന്നു സിദ്ധമാവുകയും ചെയ്യുന്നു.

ആപ്ത്രാപ്യയോസ്തു ഭേദശ്ചേൽ ആപ്ത്രാ ചാപ്യമവാപ്യതേ
ആപ്തൃസ്വരൂപമേവൈതൽ ബ്രഹ്മ നാപ്യം കദാചന 157

ആപ്താവും, ആപ്യവും ഒന്നല്ല; ഭേദത്തോടുകൂടിയിരിക്കുന്നു. അതിനാൽ ബ്രഹ്മത്തിനു അദ്വൈതത്വം സിദ്ധമാവാൻവയ്യ എന്നു പറയുന്നുവെങ്കിൽ അതു ശരിയല്ല. ദ്രഷ്ടാവും, ദൃശ്യവും അല്ലെങ്കിൽ ഭോക്താവും ഭോജ്യവും തന്നെയാണ് ആപ്താവും ആപ്യവുമായിട്ടിരിക്കുന്നത് ഭോക്താവിൽനിന്നു വേറെയല്ല ഭോജ്യമെന്നു വ്യക്തമാണ്. എന്തുകൊണ്ടെന്നാൽ അവ രണ്ടും വേറെയായിരുന്നെങ്കിൽ ഭുക്തിക്കു ശേഷം രണ്ടിനേയും വേർതിരിക്കാൻ കഴിയുമായിരുന്നു. എന്നാൽ അതു സാദ്ധ്യമല്ലെന്നതു കൊണ്ടുതന്നെ അവ രണ്ടും ഒന്നാണെന്നു തെളിയു ന്നുണ്ട്. അതുപോലെ പ്രാപ്തിക്കുശേഷം ആപ്താവിനേയും, ആപ്യത്തേയും വേർതിരിച്ചറിയാൻ പറ്റില്ലെന്നതുകൊണ്ട് അവയും രണ്ടല്ലെന്നു തെളിയുന്നുണ്ട്. ആപ്താവുതന്നെയാണ് ആപ്യമായിത്തീരുന്നതെന്നതിനാൽ ആപ്താവ് ആപ്താവിനെത്തന്നെയാണ് പ്രാപിക്കുന്നത്. അതിനാൽ ബ്രഹ്മത്തിന്റെ അദ്വൈതഭാവത്തിന്നു ഭംഗമില്ല.

മലിനസ്യൈവ സംസ്കാരോ ദർപ്പണാദേരിഹേഷ്യതേ
വ്യോമവൽ നിത്യശുദ്ധസ്യ ബ്രഹ്മണോ നൈവ സംസ്ക്രിയാ 158

ചളിപുരണ്ടു മലിനമായിത്തീർന്ന വസ്തുവിനേ സംസ്കാരമാവശ്യമുള്ളു. അങ്ങിനെയുള്ളതിനെ മാത്രമെ സംസ്കരിക്കാനും സാധിക്കൂ. കണ്ണാടി മുതലായ വസ്തുക്കളിൽ ചളിയൊന്നും പറ്റാതിരിക്കും കാലത്തോളം യാതൊരു സംസ്കാരവം ആവശ്യമില്ല. അങ്ങിനെയുള്ള ആകാശത്തിനു ഏതുകാലത്തും യാതൊരു സംസ്കാരവുമാവശ്യമില്ല. എന്നാൽ ആകാശത്തേക്കാൾ നിർമ്മലവും ഒരിക്കലും ഒന്നുകൊണ്ടും മാലിന്യം പറ്റാത്തതുമായ ബ്രഹ്മത്തിന്നു പിന്നെയെന്തു സംസ്കാരമാണ് ചെയ്യേണ്ടതായിട്ടിരിക്കുന്നത്? ഒരു സംസ്കാരവും ആവശ്യമില്ല.

കേന ദുഷ്ടേന യുജ്യേത വസ്തു നിർമ്മലക്രിയം
യദ്യോഗാദാഗതം ദോഷം സംസ്കാരോ വിനിവർത്തയേൽ 159

അല്ലെങ്കിൽ ബ്രഹ്മവസ്തു അദ്വൈതമാണെന്നിരിക്കെ ഏതൊരു ദോഷവസ്തുവാണ് പിന്നെ ബ്രഹ്മത്തോടുകൂടിച്ചേർന്ന് ബ്രഹ്മത്തെ ദുഷിപ്പിക്കുന്നത് ഏതൊരു വസ്തുവിന്റെ ചേർച്ചകൊണ്ടുണ്ടായ ദോഷത്തെക്കളയാനാണ് ബ്രഹ്മത്തിന്നു സംസ്കാരം ചെയ്യേണ്ട തായിട്ടിരിക്കുന്നത്? അങ്ങിനെയൊന്നില്ലെന്നു താല്പര്യം. നിത്യ ശുദ്ധമായ ബ്രഹ്മത്തെ ശുദ്ധീക്കരിക്കാൻ മറ്റൊന്നുമില്ല. മറ്റൊന്നി ന്റേയും ആവശ്യവുമില്ല. നിത്യശുദ്ധി ഹേതുവായിട്ട് ബ്രഹ്മ സംബന്ധം കൊണ്ട് മറ്റുള്ളവയുടെ അശുദ്ധിപോലും നീങ്ങ ലാണ് പതിവെന്നർത്ഥം.

നിർഗ്ഗുണസ്യ ഗുണാധാനമപി നൈവോപപദ്യതേ
കേവലോ നിർഗ്ഗുണശ്ചേതി നൈർഗ്ഗുണ്യം ശ്രൂയതേ യതഃ 160

അതുപോലെ പരമനിർഗ്ഗുണമാണ് ബ്രഹ്മമെന്നിരിക്കെ സത്വാദിഗുണങ്ങളുടെ ആരോപണവും ശരിയല്ല. ബ്രഹ്മം കേവലവും നിർഗ്ഗുണവുമാണെന്നു ശ്രുതി അനേകപ്രാവശ്യം പറഞ്ഞിട്ടുണ്ട്.

സാവയവസ്യ ക്ഷീരാദേർവ്വസ്തുനഃ പരിണാമിനഃ
യേന കേന വികാരിത്വം സ്യാൽ നോ നിഷ്കർമ്മവസ്തുനഃ 161

അവയവങ്ങളുള്ളതും, പരിണാമത്തോടുകൂടിയതുമായ പാൽ തുടങ്ങിയ വസ്തുക്കൾക്ക് വികാരിത്വം അല്ലെങ്കിൽ രൂപാന്തര മുണ്ടാവും. എന്നാൽ അവയവമോ, വികാരമോ ഇല്ലാത്ത ശുദ്ധചൈതന്യമായ നിഷ്ക്കർമ്മവസ്തുവാണ് ബ്രഹ്മം. പിന്നെ ബ്രഹ്മത്തിനെങ്ങനെ പരിണാമാദി ഭാവങ്ങളുണ്ടാവും? ഒരിക്കലും ഉണ്ടാവാൻ വയ്യെന്നർത്ഥം.

നിഷ്കലം നിഷ്ക്രിയം ശാന്തം നിരവദ്യം നിരഞ്ജനം
ഇത്യേവ വസ്തുനസ്തത്വം ശ്രുതിയുക്തിവ്യവസ്ഥിതം 162

കലകളോ, ക്രിയകളോ, ദേദങ്ങളോ ഇല്ലാതെകേവലവും, നിശ്ചലവും, നിത്യശുദ്ധവും, ശാന്തവുമായിരിക്കുന്നു ബ്രഹ്മം. ഈ വസ്തുത ശ്രുതിയുക്തികളെക്കൊണ്ട് തെളിയപ്പെട്ടുകഴിഞ്ഞിട്ടുള്ള തുമാണ്. പിന്നെ ബ്രഹ്മവസ്തുവിനെങ്ങനെ ഭേദപരിണാമാദി ഭാവ ങ്ങളുണ്ടാവും?

തസ്മാന്ന കർമ്മസാദ്ധ്യത്വം ബ്രഹ്മണോസ്തി കുതശ്ചന
കർമ്മസാദ്ധ്യം ത്വനിത്യം ഹി ബ്രഹ്മ നിത്യം സനാതനം 163

അതിനാൽ കർമ്മങ്ങളെക്കൊണ്ട് സാധിക്കാവുന്നതല്ല ബ്രഹ്മ പ്രാപ്തി. കർമ്മങ്ങൾക്കു വിധേയമല്ല ബ്രഹ്മമെന്നു വന്നപ്പോൾ തന്നെ കർമ്മംകൊണ്ട് സാധിക്കവുന്നതല്ലെന്നു സ്പഷ്ടമായി. കർമ്മങ്ങളെക്കൊണ്ട് സാധിക്കാവുന്ന ചിലതുണ്ട്. അവയൊക്കെ കർമ്മമെന്നപോലെത്തന്നെ നശ്വരങ്ങളുമാണ്. എന്നാൽ ബ്രഹ്മം ശാശ്വതവും സനാതനവുമാണ്. നശ്വരവും ക്ഷണികവുമായ കർമ്മംകൊണ്ട് ശാശ്വതവും സത്താമാത്രവുമായ ബ്രഹ്മത്തെ പ്രാപിക്കാവുന്നതല്ല.

ദേഹാദിഃ ക്ഷീയതേ ലോകോ യഥൈവം കർമ്മണാ ചിതഃ
തഥൈവാമുഷ്മികോ ലോകോ സഞ്ചിതഃ പുണ്യകർമ്മണാ 164

ശരീരം തുടങ്ങിയ ജീവോപാധികളെല്ലാം നശ്വരങ്ങളാണ്. ഇന്നല്ലങ്കിൽ നാളെ അവയെല്ലാം നശിക്കുന്നു. അതുപോലെ ഈ ലോകത്തിലുള്ള എല്ലാ വസ്തുക്കളും ലോകംതന്നെയും നശിക്കുന്നു. എന്തുകൊണ്ടെന്നാൽ അവയെല്ലാം കർമ്മംകൊണ്ടു സമ്പാദിക്കപ്പെട്ടവയും കർമ്മഫലങ്ങളുമാണ്. അതിനാൽ അവ യെല്ലാം കർമ്മത്തെപ്പോലെ തന്നെ നശ്വരങ്ങളും ക്ഷണികങ്ങളു

മാണ്. ഈ ലോകമെന്നപോലെ പരലോകവും കർമ്മസഞ്ചിതം മാത്രമാണ്. അതിനാൽ അതു നശ്വരംതന്നെ.

കൃതകത്വമനിത്യത്വേ ഹേതുർജ്ജാഗർത്തി സർവ്വദാ
തസ്മാദനിത്യേ സ്വർഗ്ഗാദൗ പണ്ഡിതഃ കോ നു മുഹ്യതി 165

അനിത്യവസ്തുക്കൾ എത്രയൊക്കെ ആകർഷകങ്ങളോ നല്ലവ യോ ആണെന്നു തോന്നിയാൽപ്പോലും അവ കൃതിമങ്ങളും ദുഃഖ ഹേതുക്കളുമാണെന്നതിനു യാതൊരു സംശയവുമില്ല. ആ സ്ഥിതിക്കു സ്വർഗ്ഗാദിലോകങ്ങൾ സുഖസ്വരൂപങ്ങളാനെന്നു തോന്നിയാൽപോലും അവ അനിത്യങ്ങളാണെന്നറിയുന്ന പണ്ഡിതൻ എങ്ങനെ അവയെ ഇഷ്ടപ്പെടും?

ജഗദ്ധേതോസ്തു നിത്യത്വം സർവ്വേഷാമപി സമ്മതം
ജഗദ്ധേതുത്വമസ്യൈവ വാവദീതി ശ്രുതിർമ്മുഹുഃ 166

ജഗത്ത് അനിത്യവും, ക്ഷണികവുമാണെങ്കിൽകൂടി ജഗത്തി ന്റെ കാരണവസ്തു നിത്യവും, ശാശ്വതവുമാണെന്ന് എല്ലാവരും വിശ്വസിക്കകയും സമ്മതിക്കുകയും ചെയ്യുന്നു. എല്ലാ ശാസ്ത്ര ങ്ങൾക്കും ശാസ്ത്രകാരന്മാർക്കും പ്രായേണ സമ്മതമാണ് വിശ്വ കാരണവസ്തു സത്യവും സനാതവുമാണെന്ന്. എന്നാൽ അതെന്താണെന്ന വിഷയത്തിൽ മാത്രമെ തർക്കമുള്ളു. എന്നാൽ സത്യവാക്കായ ശ്രുതിയാകട്ടെ സത്യവും, അദ്വൈതവും, സത്താ മാത്രവുമായ ബ്രഹ്മമാണ് ജഗൽക്കാരണമെന്ന് അനേകപ്രാവശ്യം പറഞ്ഞിട്ടുണ്ട്. അതിൽനിന്ന് അന്യങ്ങളായ കാരണവാദങ്ങളെ യൊക്കെ ഖണ്ഡിച്ചിട്ടുമുണ്ട്.

ഐതദാത്മ്യമിദം സർവ്വം തൽ സത്യമിതി ച ശ്രുതിഃ
അസ്യൈവ നിത്യതാം ബ്രൂതേ ജഗദ്ധേതോഃ സതഃ സ്ഫുടം 167

ബ്രഹ്മമയമാണ് ജഗത്തെന്നും ബ്രഹ്മം സത്യമാണെന്നും അനേകപ്രാവശ്യം ശ്രുതി സിദ്ധാന്തിച്ചിട്ടുണ്ട്. എന്നാൽ ജഗത്തു ബ്രഹ്മമയമാണെന്നും, ബ്രഹ്മം സത്യമാണെന്നും പറഞ്ഞതു കൊണ്ട് ജഗത്തു സത്യമാണെന്നു വരുന്നില്ല. ജഗൽക്കാരണവും സത്താമാത്രവുമയ ബ്രഹ്മചൈതന്യത്തിനാണ് സത്യത്വം സിദ്ധാന്തിച്ചത്. മണ്ണിൽ തോന്നപ്പെടുന്ന പാത്രബുദ്ധിപോലേയും, സ്വർണ്ണത്തിൽ തോന്നപ്പെടുന്ന ആഭരണബുദ്ധിപോലെയും ബ്രഹ്മത്തിൽ തോന്നപ്പെടുന്ന പ്രതിഭാസം അല്ലെങ്കിൽ ഭ്രമം മാത്ര മാണ് ജഗത്ത്. അതിനു സത്യത്വമുണ്ടാവാൻ വയ്യ. ജഗത്ത് അസത്യവും ഭ്രമമാത്രവുമാണെന്ന് അനേകപ്രാവശ്യം ശ്രുതി സിദ്ധാന്തിച്ചിട്ടുമുണ്ട്. മണ്ണിന്നും സ്വർണ്ണത്തിന്നും സത്യത്വമു ണ്ടെങ്കിലും അവയിൽ തോന്നപ്പെടുന്ന ഘടശരാവാദിപാത്രങ്ങൾ ക്കും, കടകകുണ്ഡലാദി ആഭരണങ്ങൾക്കും സത്യത്വമില്ലാത്തതു പോലെ ബ്രഹ്മത്തിനു സത്യത്വമുണ്ടെങ്കിലും ബ്രഹ്മത്തിൽ തോന്നപ്പെടുന്ന പ്രതിഭാസദൃശ്യമാകുന്ന ജഗത്തിന്ന് സത്യത്വ മില്ല.

ന കർമ്മണാ ന പ്രജയാ ധനേനേതി സ്വയം ശ്രുതിഃ
കർമ്മണോ മോക്ഷഹേതുത്വം സാക്ഷാദേവ നിഷേധതി 168

നാനപ്രകാരത്തിലുള്ള വൈദികകർമ്മങ്ങളെക്കൊണ്ടോ, സൽപുത്രന്മാരെക്കൊണ്ടൊ, ധനംകൊണ്ടൊ മോക്ഷാനുഭൂതി യുണ്ടാവാൻ പോവുന്നില്ല എന്നു വ്യക്തമായ ഭാഷയിൽതന്നെ ശ്രുതി ഉൽഘോഷിക്കുന്നുണ്ട്. അങ്ങനെ കർമ്മത്തിന്നു മോക്ഷ ഹേതുത്വമുണ്ടെന്ന ചിലരുടെ അഭിപ്രായത്തെ പ്രത്യക്ഷമായി ത്തന്നെ ശ്രുതി നിഷേധിച്ചിട്ടുണ്ട്. അജ്ഞാനമാണ് ബന്ധഹേതു. കർമ്മങ്ങളും അജ്ഞാനസ്വരൂപങ്ങളാണ്. ആ സ്ഥിതിക്ക് കർമ്മ ങ്ങൾ മോക്ഷഹേതുവായിത്തീരുമെന്നു കരുതുന്നതു ഭ്രമംമാത്ര

മാണെന്നു താല്പര്യം. സത്യവും അദ്വൈതവുമായ ജ്ഞാനം ഒന്നു മാത്രമാണ് മോക്ഷഹേതു.

പ്രത്യക്ബ്രഹ്മവിചാരപൂർവ്വമുഭയോ–
രേകത്വബോധാദിനാ
കൈവല്യം പുരുഷസ്യ സിദ്ധ്യതി
പരബ്രഹ്മാത്മതാലക്ഷണം
ന സ്നാനൈരപി കീർത്തനൈരപിജപൈർ–
ന്നോ കൃച്ഛ്രചാന്ദ്രായാണൈർ
നോ വാപ്യദ്ധ്വരയജ്ഞദാനനിഗമൈർ–
ന്നോ മന്ത്രതന്ത്രൈരപി 169

ശാസ്ത്രവാക്യങ്ങളെ അനുസരിച്ച് ആത്മവിചാരം ചെയ്തു പ്രത്യഗാത്മാവും ചിദാഭാസനും ഒന്നെന്ന അഭേദാത്മകമായ ജ്ഞാനം ഒന്നുകൊണ്ടുമാത്രമാണ് ഒരാൾ മുക്തനായിത്തീരുന്നത്. അങ്ങിനെയുള്ള അഭേദസ്വരൂപമായ അദ്വൈതജ്ഞാനമാവട്ടെ ശരിയായ ആത്മവിചാരം കൊണ്ടല്ലാതെ മറ്റൊന്നുകൊണ്ടുമുണ്ടാവുന്നതുമല്ല. സ്നാനം, കീർത്തനം, ജപം, കൃച്ഛ്രചാന്ദ്രായണാദിവൃതങ്ങൾ, യാഗങ്ങൾ, യജ്ഞങ്ങൾ, ദാനങ്ങൾ, വേദാദ്ധ്യായനം, മന്ത്രജപം, താന്ത്രികചര്യകൾ തുടങ്ങിയവയെല്ലാം ചിത്തശുദ്ധിക്കും ഭക്തിയുടെ വളർച്ചക്കും നല്ലതുതന്നെ. എന്നാൽ അഭേദാത്മകമായ കേവലജ്ഞാനത്തിന്നോ കൈവല്യപ്രാപ്തിക്കോ ഇവയൊന്നും കാരണമല്ല. അതിനാൽ ആത്മവിചാരം ചെയ്യാറായിക്കഴിഞ്ഞൊരാൾ അതിനെ ചെയ്യാതെ മറ്റോരോ ചര്യകളെക്കൊണ്ടു സമയം കഴിക്കുന്നതു നഷ്ടവും ആയുസ്സിന്റെ വൃഥാക്ഷയവുമാണ്.

ജ്ഞാനാദേവ തു കൈവല്യമിതി ശ്രുത്യാ നിഗദ്യതേ
ജ്ഞാനസ്യ മുക്തിഹേതുത്വമന്യവ്യാവൃത്തിപൂർവ്വകം 170

ജ്ഞാനം ഒന്നുമാത്രമാണ് മുക്തിക്ക് ഏകഹേതുവെന്നു ശ്രുതി അനേകപ്രാവശ്യം സിദ്ധാന്തിച്ചിട്ടുണ്ട്. യുക്തിപൂർവ്വം ചിന്തിക്കുന്നൊരാൾക്കു അജ്ഞാനസ്വരൂപമായ ബന്ധത്തിന്നു ഏകപരിഹാരം അദ്വൈതജ്ഞാനം മാത്രമാണെന്നു ബോധിക്കുകയും ചെയ്യാം. അദ്വൈതജ്ഞാനം മാത്രമാണ് മുക്തിഹേതുവെന്നു വേദാന്തശാസ്ത്രം മാത്രമല്ല, അന്യശാസ്ത്രങ്ങളും അനുവദിക്കുന്നുമുണ്ട്.

വിവേകിനോ വിരക്തസ്യ ബ്രഹ്മനിത്യത്വവേദിനഃ
തത്ഭാവേച്ഛോരനിത്യാർത്ഥേ തൽസാമഗ്ര്യേ കുതോ രതിഃ 171

ആത്മാവിനേയും അനാത്മവിനേയും തിരിച്ചറിഞ്ഞ് അനാത്മസ്വരൂപമായ ജഗത്തിൽ തീവ്രവൈരാഗ്യത്തെ വളർത്തി ജഗത്തു മിത്ഥ്യയും, ബ്രഹ്മം സത്യവുമാണെന്നു ബോദ്ധ്യം വന്നൊരാൾക്ക് കഴിയുന്ന വേഗത്തിൽ ബ്രഹ്മഭാവത്തെ പ്രാപിക്കണമെന്ന ഇച്ഛയുണ്ടാവുന്നതു സ്വഭാവികമാണ്. എന്നാൽ അങ്ങനെയുള്ളൊരാൾക്ക് അനിത്യവും, ദുഃഖപൂർണ്ണവുമായ ജഗത്തിലോ, ജഗൽ പദാർത്ഥങ്ങളിലോ ഇച്ഛയുണ്ടാവാൻ വയ്യ. വിഷയങ്ങളിൽ ധാരാളം ഇച്ഛയും, പ്രവൃത്തിയുമുണ്ടെങ്കിൽ അയാൾക്കു വിവേകമോ വൈരാഗ്യമോ ഉണ്ടെന്നു പറയാനും വയ്യ.

തസ്മാദനിത്യേ സ്വർഗ്ഗാദൗ സാധനത്വേന ചോദിതം
നിത്യം നൈമിത്തികം ചാപി സർവ്വം കർമ്മ സസാധനം 172

മുമുക്ഷുണാ പരിത്യാജ്യം ബ്രഹ്മഭാവമഭീപ്സുനാ
മുമുക്ഷോരപി കർമ്മാസ്തു ശ്രവണം ചാപിസാധനം 173

അതിനാൽ ഒരിയ്ക്കലും ശാശ്വതല്ലാത്തവയും ക്ഷണികങ്ങളുമായ സ്വർഗ്ഗാദിലോകങ്ങളേയോ, അവിടങ്ങളിലുള്ള ഭോഗാനുഭവങ്ങളേയോ ഉദ്ദേശിച്ചുകൊണ്ടുള്ള എല്ലാ നിത്യനൈമിത്തിക

കർമ്മങ്ങളേയും, അവയുടെ സാഹചര്യങ്ങളേയും മോക്ഷേച്ഛ യുള്ളൊരാളുപേക്ഷിയ്ക്കേണ്ടതാണ്. കർമ്മം വളരും തോറും ജന്മങ്ങൾ വർദ്ധിയ്ക്കാതിരിക്കില്ല. ജന്മങ്ങളെക്കൊണ്ടു കർമ്മ ങ്ങളും, കർമ്മങ്ങളെക്കൊണ്ട് ജന്മങ്ങളും ആധാരാധേയ സ്വരൂപേണ വർദ്ധിയ്ക്കലാണ് സംസാരം സ്വഭാവം. ആ പ്രവാഹ ത്തിൽനിന്നു നീങ്ങാൻ തെയ്യാറില്ലാത്തൊരാളെങ്ങനെ മുക്ത നാവും? അതിനാൽ അജ്ഞാനസ്വരൂപമായ സംസാര ത്തിൽ നിന്നു മുക്തനായി ബ്രഹ്മഭാവത്തെ പ്രാപിയ്ക്കലാണ് ആവശ്യ മെങ്കിൽ തീർച്ചയായും എല്ലാ കർമ്മങ്ങളിൽനിന്നും നിവർത്തി ക്കുകതന്നെ വേണം. ബ്രഹ്മഭാവംകൊണ്ടല്ലാതെ ആരും ഈ ലോകത്തിൽ ചരിതാർത്ഥനാവാൻ പോവുന്നില്ല. എന്നാൽ മുമുക്ഷുവിന് ഒരു കർമ്മവും ചെയ്യാൻ പാടില്ലെന്നുണ്ടെങ്കിൽ എങ്ങനെ ജീവിക്കും? ഒന്നുചെയ്യാതെ ആരും ജീവിക്കപോലും ചെയ്യുന്നില്ലല്ലോ. എന്നാണെങ്കിൽ ഒന്നും ചെയ്യാൻ പാടില്ലെന്നു പറഞ്ഞിട്ടില്ല. മുമുക്ഷുവിന്നു ചെയ്യാവുന്നതും ചെയ്യേണ്ടതുമായ ചില കർമ്മങ്ങളുണ്ട്. അവയെയാണ് മോക്ഷേച്ഛു ആചരി ക്കേണ്ടത്. ശ്രവണം, മനനം, നിദിദ്ധ്യാസം എന്നിവയാണ് മുമുക്ഷുവിന്റെ കർമ്മങ്ങൾ, അവയെ നിഷ്ഠയോടുകൂടി ആചരി ക്കുകയും വേണം.

ഹസ്തവൽ ദ്വയമേതസ്യ സ്വകാര്യം സാധയിഷ്യതി
യദാ വിജൃംഭതേ ദീപോ ഋജൂകരണ കർമ്മണാ 174

തഥാ ശ്രവണജോ ബോധഃ പുംസോ വിഹിതകർമ്മണാ
അതഃ സാപേക്ഷിതം ജ്ഞാനമഥവാപി സമുച്ചയം 175

തന്റെ കാര്യങ്ങൾ സാധിക്കാൻ രണ്ടു കൈകളും എപ്രകാരം ഉപയോഗപ്പെടുന്നുവോ അതുപോലെയാണ് ആത്മജ്ഞാന ത്തിന്നു ശ്രവണമനനങ്ങൾ ഉപയോഗപ്പെടുന്നത്. കയ്യില്ലാത്തൊ

രാൾക്ക് എപ്രകാരം തന്റെ കാര്യങ്ങൾ ഇഷ്ടംപോലെ നിറവേറ്റാൻ സാധിക്കുന്നില്ലയോ, അതുപോലെ ശ്രവണമനനങ്ങൾ വേണ്ട പോലെ ചെയ്യാത്തൊരാൾക്ക് ആത്മീയാനുഭൂതിയും അഭീഷ്ടത്തി ന്നനുസരിച്ചു നിറവേറുകയോ, അതുവഴിക്കുള്ള സംതൃപ്തി ഉണ്ടാവുകയോ ചെയ്യുന്നില്ല. മങ്ങിക്കൊണ്ടിരിക്കുന്ന വിളക്കിലെ തിരിനീട്ടി കരി തട്ടികളഞ്ഞാൽ എങ്ങനെ തെളിഞ്ഞു പ്രകാശി ക്കുമോ, അതുപോലെ ശ്രവണംകൊണ്ടു പ്രകാശിക്കുന്ന ബോധം മനനംകൊണ്ട് തെളിഞ്ഞു പ്രകാശിക്കുകയും പരമാർത്ഥജ്ഞാനമായി ഉയരുകയും ചെയ്യും.

മോക്ഷസ്യ സാധനമിതി വദന്തി ബ്രഹ്മവാദിനഃ
മുമുക്ഷോർയുജ്യതേ ത്യാഗഃ കഥം വിഹിതകർമ്മണഃ 176

ഇതി ശങ്കാ ന കർത്തവ്യ മൂഢവൽ പണ്ഡിതോത്തമൈഃ
കർമ്മണഃ ഫലമന്യൽ തു ശ്രവണസ്യ ഫലം പൃഥക് 177

മോക്ഷസമ്പാദനത്തിന്നുള്ള സാധനങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ് ത്യാഗമെന്ന് ബ്രഹ്മജ്ഞാനികളൊക്കെത്തന്നെയും പറ യാറുണ്ട്. അതു ശരിയുമായിരിക്കാം. എന്നാൽ ത്യാഗം വിഷയ ങ്ങളുടേതല്ലാതെ വിഹിതകർമ്മങ്ങളുടേതാവുന്നതെങ്ങനെ? ഏതൊരു കാരണവശാലും ഉപേക്ഷിക്കാൻ പാടില്ലാത്തവയാണ് നിത്യനൈമിത്തകങ്ങളായ കർമ്മങ്ങളെന്നു ശ്രുതി ശക്തിയായ ഭാഷയിൽതന്നെ അനുശാസിക്കുന്നു. ആ സ്ഥിതിക്കു ശ്രുതി വിഹിതങ്ങളായ നിത്യനൈമിത്തിക കർമ്മങ്ങളെയൊക്കെ ഉപേക്ഷിച്ചിട്ടെന്തു മോക്ഷമാണ് കിട്ടാൻ പോവുന്നത്. എന്നി ങ്ങനെ മൂഢന്മാരെപ്പോലെ പണ്ഡിതന്മാരും അന്ധമായി ചിന്തിച്ചു കർമ്മത്യാഗത്തിൽ ഭീരുക്കളാവരുത്. എന്തുകൊണ്ടെന്നാൽ കർമ്മത്തിന്റെ ഫലം വേറെത്തന്നെയാണ്. വേദാന്തശ്രവണഫലം ഒരു കർമ്മ ംകൊണ്ടും കിട്ടാൻ പോവുന്നില്ല. എത്രയൊക്കെ

ശ്രേഷ്ഠമായ കർമ്മമായാലും മോക്ഷഹേതുവാവില്ല. കർമ്മ മെന്നു മറക്കരുത്. നിരുപാധികവും അദ്വൈതവുമായ പരമ ജ്ഞാനം മാത്രമാണ് മോക്ഷഹേതു. അങ്ങനെയുള്ള ജ്ഞാന ത്തിനു തടസ്ഥമാവലല്ലാതെ ഒരിക്കലും ഹേതുവായിത്തീരലില്ല കർമ്മം. അതിനാൽ മുമുക്ഷു നിസ്സങ്കോചം കർമ്മങ്ങളെ അകറ്റി ശ്രവണമനനങ്ങളെ അഭ്യസിക്കുകതന്നെ വേണം.

വൈലക്ഷണ്യം ച സാമഗ്ര്യോശ്ചോഭയത്രാധികാരിണോഃ
കാമീ കർമ്മണ്യധികൃതോ നിഷ്കാമീ ശ്രവണേ മതഃ 178

കർമ്മജ്ഞാനങ്ങൾക്കെന്നപോലെ അവയുടെ അധികാരിക ൾക്കും ഉപകരണങ്ങൾക്കും തമ്മിലും ഗണ്യമായ വ്യത്യാസം അല്ലെങ്കിൽ വൈരുദ്ധ്യം തന്നെയുണ്ട്. കർമ്മത്തിന്റെ അധികാരി കർമ്മത്തിനല്ലാതെ ജ്ഞാനത്തിനധികാരിയാവാൻ പോവുന്നില്ല. ആഗ്രഹങ്ങളും സങ്കല്പങ്ങളും അടങ്ങീട്ടില്ലാത്ത കാമിയാണ് കർമ്മത്തിന്നധിരിയായിട്ടിരിക്കുന്നത്. ആ നിലയിൽ അയാൾക്കു കർമ്മത്തിനല്ലാതെ വേദാന്തശ്രവണത്തിനധികാരമില്ലതാനും. എന്തുകൊണ്ടെന്നാൽ വിഷയങ്ങളെ സംബന്ധിച്ച എല്ലാവിധ ആഗ്രഹങ്ങളും സങ്കല്പങ്ങളുമടങ്ങിയ നിഷ്ക്കാമിയാണ് ശ്രവണ മനനങ്ങൾക്കധികാരിയായിട്ടിരിക്കുന്നത്.

അർത്ഥീ സമർത്ഥ ഇത്യാദി ലക്ഷണം കർമ്മിണോ മതം
പരീക്ഷ്യ ലോകാനിത്യാദി ലക്ഷണം മോക്ഷകാംക്ഷിണഃ 179

ധനവാനായിരിക്കണം; സമർത്ഥനായിരിക്കണം എന്നൊക്കെ കർമ്മാധികാരിയുടെ ലക്ഷണങ്ങളായി പറയപ്പെട്ടുവരുന്നു. കർമ്മികൾക്കു അവ ഹിതങ്ങളുമാണ്. എന്നാൽ ശ്രവണാധി കാരിയുടെ ലക്ഷണങ്ങൾ അതൊന്നുമല്ല. 'പരീക്ഷ്യ ലോകാൻ കർമ്മചിതാൻ ബ്രാഹ്മണോ നിർവ്വേദമായാൽ നാസ്ത്യകൃതഃ

കൃതേന'. എന്നിങ്ങിനെയുള്ള മന്ത്രങ്ങളെക്കൊണ്ട് ശ്രുതി ജിജ്ഞാസുവിന്റെ ലക്ഷണങ്ങളെ പറഞ്ഞിട്ടുണ്ട്. കർമ്മംകൊണ്ട് സമ്പാദിയ്ക്കപ്പെട്ട ലോകങ്ങളുടെയും അനുഭവങ്ങളുടെയും അസ്ഥിരതയേയും ദുഃഖത്മകതയേയും പരീക്ഷിച്ചറിഞ്ഞ് ഒരിക്കലും കർമ്മംകൊണ്ട് മുക്തനാവാൻ പോവുന്നില്ലെന്നു ബോദ്ധ്യംവന്ന് എല്ലാ കർമ്മങ്ങളേയും, കർമ്മഫലങ്ങളേയും ത്യാഗംചെയ്ത വിരക്തനാണ് വേദാന്തശ്രവണത്തിന്നും മോക്ഷത്തിന്നും അധികാരിയെന്ന് ശ്രുതി വ്യക്തമായ ഭാഷയിൽ തന്നെ പറഞ്ഞിട്ടുണ്ട്.

മോക്ഷാധികാരീ സന്യാസി ഗൃഹസ്ഥഃ കില കർമ്മണി
കർമ്മണഃ സാധനം ഭാര്യാ സ്രുക്സ്രുവാദി പരിഗ്രഹഃ 180

മോക്ഷത്തിന്നു സന്യാസിയും കർമ്മത്തിന്ന് ഗൃഹസ്ഥനുമാണ് അധികാരിയെന്നും ശ്രുതി വിധിച്ചിട്ടുണ്ട്. സർവ്വസംഗപരിത്യാഗം ചെയ്ത തീവ്രവിരക്തനാണ് സന്യാസി. എന്നാൽ അതേ സമയത്ത് ഒന്നിനേയും ത്യാഗം ചെയ്യാതെ പല ആഗ്രഹങ്ങളേയും സങ്കല്പങ്ങളേയും വളർത്തിക്കൊണ്ടിരിക്കുന്നവനുമാണ് ഗൃഹസ്ഥൻ. ഭാര്യ, സ്രുക്, സ്രവം തുടങ്ങി അനേകം ഉപകരണങ്ങളാണ് കർമ്മത്തിന്റെ സാധനം. അവയെക്കൊണ്ടൊക്കെ സാധിക്കപ്പെടേണ്ടതാണ് കർമ്മം.

നൈവാന്യസാധനാപേക്ഷാ ശുശ്രൂഷോസ്തു ഗുരും വിനാ
ഉപര്യുപര്യഹങ്കാരോ വർദ്ധതേ കർമ്മണാ ദൃശം 181

എന്നാൽ വേദാന്തശ്രവണത്തിനാകട്ടെ തന്റെ ഗുരുവൊഴിച്ച് മറ്റു യാതൊരു സാധനത്തിന്റേയും അപേക്ഷയില്ല. പദാർത്ഥങ്ങളുടേയും കാലദേശങ്ങളുടേയും അപേക്ഷയില്ലാതെ സാധിക്കാവുന്ന ഒന്നുണ്ടെങ്കിൽ അതു നിരുപാധികമായ ആത്മ

ജ്ഞാനം മാത്രമാണ്. ശ്രവണമനനങ്ങൾ മാത്രമാണതിന്റെ ഉപകരണങ്ങൾ. അതുപോലെ ജ്ഞാനം വളരുംതോറും അഹങ്കാരം ചുരുങ്ങിവരും. എന്നാൽ കർമ്മത്തിന്റെ ഫലം നേരെ വിപരീതമാണ്. കർമ്മം ചെയ്യും തോറും അഹങ്കാരം വർദ്ധിക്കലല്ലാത്തെ ചുരുങ്ങലല്ല. ഇങ്ങിനെ എന്തുകൊണ്ടു നോക്കിയാലും അന്യോന്യവിരുദ്ധങ്ങളാണ് കർമ്മവും ജ്ഞാന വും. രണ്ടിന്റേയും ഫലങ്ങളും അതുപോലെ വ്യത്യസ്തങ്ങളും വിരുദ്ധങ്ങളുമാണ്.

അഹങ്കാരസ്യ വിച്ഛിത്തിഃ ശ്രവണേന പ്രതിക്ഷണം
പ്രവർത്തകം കർമ്മശാസ്ത്രം ജ്ഞാനശാസ്ത്രം നിവർത്തകം 182

ശരിയായി വേദാന്തശ്രവണം, ചെയ്യുന്നൊരാൾക്ക് നിമിഷം പ്രതി അയാളുടെ അഹങ്കാരം മുറിഞ്ഞുപോയിക്കൊണ്ടിരിക്കും. എന്നാൽ കർമ്മിക്ക് വിപരീതമാണെന്നു ഭാവം. കർമ്മം ചെയ്യും തോറും അഹങ്കാരം കൂടിക്കൊണ്ടിരിക്കും. കർമ്മശാസ്ത്രത്തിന്റെ സ്വഭാവംതന്നെ സാധകനെ കൂടുതൽ പ്രവർത്തകനും കർമ്മി യുമാക്കുകയെന്നതാണ്. എന്നാൽ ജ്ഞാനശാസ്ത്രത്തിന്റെ സ്വഭാവം മറിച്ചുമാണ്. ജ്ഞാനം വർദ്ധിക്കുംതോറും കർമ്മം ചുരുങ്ങിച്ചുരുങ്ങി കാലംകൊണ്ട് കേവലം കർമ്മനിവർത്തകൻ തന്നെയായിത്തീരും.

ഇത്യാദി വൈപരീത്യം തൽ സാധനേ ചാധികാരിണോഃ
ദ്വയോഃ പരസ്പരാപേക്ഷാ വിദ്യതേ ന കദാചന 183

ഇങ്ങിനെ കർമ്മജ്ഞാനങ്ങൾക്കും അവയുടെ ഫലങ്ങൾക്കും തമ്മിലുള്ള വൈപരീത്യം പറഞ്ഞുവല്ലോ. അതുപോലെ തന്നെ യുള്ള വൈപരീത്യങ്ങൾ അവയുടെ അധികാരികൾക്കും ഉപകരണങ്ങൾക്കും തമ്മിലുമുണ്ട്. ഒരിക്കലും അവ തമ്മിൽ

യോജിക്കാൻ വയ്യ. ഈ സ്ഥിതിക്കു കർമ്മമെങ്ങിനെ മോക്ഷ കാരണമാവും?

സാമഗ്ര്യോശ്ചോഭയോസ്തദ്വദുഭയത്രാധികാരിണോഃ
ഊർദ്ധ്വം നയതി വിജ്ഞാനമതഃ പ്രാപയതിക്രിയാ 184

കർമ്മജ്ഞാനങ്ങൾക്കെന്നപോലെ അവയുടെ സാമഗ്രികൾക്കും അധികാരികൾക്കുംകൂടി അന്യോനംവൈരുദ്ധ്യമുണ്ടെന്നു കാണിച്ചുവല്ലോ. ഫലങ്ങളാകട്ടെ അത്യന്തവിരുദ്ധങ്ങളുമാണ്. ജ്ഞാനം ജീവനെ കൈവല്യത്തിലെക്കുയർത്തുമ്പോൾ കർമ്മം സംസാരത്തിലേക്കു വീഴ്ത്തുകയാണ് ചെയ്യുന്നത്.

കഥമന്യോന്യസാപേക്ഷാ കഥം വാപി സമുച്ചയഃ
യഥാഗ്നേസ്തൃണകൂടസ്യ തേജസസ്തിമിരസ്യ ച 185

അഗ്നിക്കും പുല്ലിനും തമ്മിൽ അന്യോന്യാപേക്ഷയോ; യോജിപ്പോ ഉണ്ടാവാൻ വയ്യ. എന്തുകൊണ്ടെന്നിൽ അഗ്നി ഭോക്താവും തൃണം ഭോജ്യവുമാണ്. അതിനാൽ അവയൊന്നിച്ചുകൂടിക്കഴിഞ്ഞാൽ ഏതെങ്കിലും ഒന്നു നശിക്കലാണ് ഫലം. മിക്കവാറും തൃണമാണ് നശിക്കലും. അതുപോലെ തന്നെയാണ് വെളിച്ചവും ഇരുട്ടും തമ്മിലുള്ള സ്ഥിതിയും. അവ രണ്ടും അന്യോന്യവിരുദ്ധങ്ങളാകയാൽ വെളിച്ചത്തിന്റെ മുമ്പിൽ ഇരുട്ടു നശിക്കുന്നു. അതുപോലെതന്നെയാണ് ജ്ഞാനവും കർമ്മവും തമ്മിലും. അവ രണ്ടും അത്യന്തവിരുദ്ധങ്ങളാകയാൽ ഒരിക്കലും അന്യോന്യസാപേക്ഷങ്ങളാവാൻ വയ്യ. ഒന്നിച്ചുകൂടിയിരിക്കലുമില്ല. ജ്ഞാനിക്കു കർമ്മമോ, കർമ്മിക്കു ജ്ഞാനമോ ഉണ്ടാവനും വയ്യ.

സഹയോഗോ ന ഘടതേ തഥൈവ ജ്ഞാനകർമ്മണോഃ
കിമുപകര്യാൽ ജ്ഞാനസ്യ കർമ്മസ്വപ്രതിയോഗിനഃ

യസ്യ സന്നിധിമാത്രേണ സ്വയം ന സ്ഫൂർത്തിമൃച്ഛതി 186

കർമ്മജ്ഞാനങ്ങൾക്കു ഒരിക്കലും ചേർച്ചയുണ്ടാവാൻ വയ്യ. അത്യന്തവിരുദ്ധമായ കർമ്മത്തിന്റെ സാഹചര്യംകൊണ്ട് ജ്ഞാനത്തിനെന്തു നേട്ടമാണുണ്ടാവുന്നത്. വെളിച്ചത്തിന്റെ മുമ്പിൽ ഇരുട്ടെന്നപോലെ ജ്ഞാനപ്രകാശത്തിൽ നശിക്കുക പോലും ചെയ്യുന്നു കർമ്മം. അങ്ങിനെയുള്ള കർമ്മംകൊണ്ട് ജ്ഞാനത്തിനെന്തു നേട്ടമുണ്ടാവാനാണ്.

കോടീന്ധനാദ്രിജ്വലിതോപി വഹ്നി–
രർക്കസ്യ നാർഹത്യുപകർത്തുമീഷൽ
യഥാ തഥാ കർമ്മസഹസ്രകോടിർ
ജ്ഞാനസ്യ കിം നു സ്വയമേവ ലീയതേ 187

പർവ്വതംപോലെ അടുക്കിയ കോടിക്കണക്കിലുള്ള വിറകുകുന്നുകളെ കത്തിജ്വലിച്ചുകൊണ്ടിരിക്കുന്ന അഗ്നിയായാലും, ആ അഗ്നികൊണ്ട് ആദിത്യനു പറയത്തക്ക പ്രയോജനമൊന്നുമില്ല. അതുപോലെ ഏതെല്ലാം രൂപത്തിലുള്ള കർമ്മങ്ങൾ എത്രയൊക്കെ കൂടിച്ചേർന്നാലും അതുകൊണ്ടൊന്നും ജ്ഞാനത്തിന്നു പറയത്തക്ക പ്രയോജനമൊന്നുമില്ല.

ഏകകർത്രാശ്രയൗ ഹസ്തൗ കർമ്മണ്യധികൃതാവുഭൗ
സഹയോഗസ്തയോർയുക്തോ ന തഥാ ജ്ഞാനകർമ്മണോഃ 188

കർത്താവായ ഒരാളെ ആശ്രയിച്ചിരിക്കുന്നവയാണ് രണ്ടു കൈകളും. അവ അന്യോന്യം എല്ലാ കർമ്മങ്ങളിലും ഒരുപോലെ സഹകരിക്കുന്നു. അതു സ്വഭാവികമാണ്. അങ്ങിനെ ഒരാളുടെ രണ്ടു കൈകളും അന്യോന്യം സഹകരിക്കുംപോലെ ജ്ഞാനകർമ്മങ്ങൾക്കു അന്യോന്യം സഹകരിക്കാൻ വയ്യ. എന്തുകൊണ്ടെന്നാൽ അവ അന്യോന്യവിരുദ്ധങ്ങളാണ്. അതിനാൽ

അവ വിരോധിച്ചു നിൽക്കുന്നതുതന്നെയാണ് ദൂഷണമായിട്ടിരിക്കുന്നത്.

കർത്രാ കർത്തുമകർത്തും വാപ്യന്യഥാ കർമ്മ ശക്യതേ
ന തഥാ വസ്തുനോ ജ്ഞാനം കർത്തൃതന്ത്രം കദാചന 189

കർത്താവിനു കർമ്മത്തെ ചെയ്യാനോ, ചെയ്യാതിരിക്കാനോ സ്വാതന്ത്ര്യമുണ്ട്. എന്നാൽ അതുപോലെയല്ല ജ്ഞാനിയുടെ അവസ്ഥ. വസ്തുബോധം വരുന്നതോടെ ജ്ഞാനി സ്വയം വസ്തുസ്വരൂപമായിത്തീരുന്നു. പിന്നെ വസ്തുവിനെ അറിയാനോ, അറിയാതിരിക്കാനോ ഉള്ള സ്വാതന്ത്ര്യമൊന്നും ജ്ഞാനിക്കില്ല.

യഥാ വസ്തു തഥാ ജ്ഞാനം പ്രമാണേന വിജായതേ
നാപേക്ഷതേ ച യൽ കിഞ്ചിൽ കർമ്മ വാ യുക്തികൗശലം 190

വസ്തുസ്വരൂപത്തെ അറിയലാണ് ജ്ഞാനം. അതാകട്ടെ പ്രമാണം കൊണ്ടു സാധിക്കുന്നു. ശ്രുതിപ്രമാണങ്ങളെ വേണ്ടപോലെ നിരൂപിക്കുമ്പോൾ സത്യമായ വസ്തുബോധം സ്വയം പ്രകാശിക്കും. അതിനു കർമ്മത്തിന്റേയോ യുക്തികൗശലങ്ങളുടേയോ ഒന്നും അപേക്ഷയില്ല. കുറെ കർമ്മം ചെയ്തതുകൊണ്ട് ആർക്കും വസ്തുബോധമുണ്ടാവാനും പോവുന്നില്ല. പിന്നെയെങ്ങിനെയാണ് കർമ്മം, ജ്ഞാനത്തിന്നു സഹകാരിയാവുന്നത്?

ജ്ഞാനസ്യ വസ്തുതന്ത്രത്വേ സംശയാദ്യുദയഃ കഥം
അതോ ന വാസ്തവം ജ്ഞാനമിതി നോ ശംക്യതാം ബുധൈഃ 191

വസ്തുസ്വരൂപത്തെ അറിയലാകുന്ന ജ്ഞാനത്തിൽ സംശയത്തിനു സ്ഥാനമില്ല. എന്തുകൊണ്ടെന്നാൽ താൻ തന്നെയാണ് വസ്തുസ്വരൂപമെന്നുള്ളതിനാൽ അറിഞ്ഞു കഴിയുമ്പോൾ വസ്തുസ്വരൂപം തന്നിൽനിന്ന് വേറെയല്ലാതായിത്തീരും. പിന്നെയെ

ങ്ങിനെ സംശയം ശേഷിക്കും. ഒരിക്കലും സംശയം ശേഷിക്കാൻ പോവുന്നില്ല. അതിനാൽ പ്രമാണസിദ്ധമായ ജ്ഞാനം പരമാർത്ഥമാണോ എന്നു ശങ്കിക്കേണ്ടതില്ല. തികച്ചും പരമാർത്ഥം തന്നെ.

പ്രമാണസൗഷ്ഠവകൃതം സംശയാദി ന വാസ്തവം
ശ്രുതിപ്രമാണസുഷ്ഠുത്വേ ജ്ഞാനം ഭവതി വാസ്തവം 192

പ്രമാണസ്വരൂപേണ ഗ്രഹിക്കപ്പെട്ടത്തണെങ്കിലും സംശയം നിലവിലുള്ളേടത്തോളം കാലം ആ ജ്ഞാനം ശുദ്ധമോ, സത്യ മോ ആയിക്കഴിഞ്ഞിട്ടില്ല. ശ്രുതിപ്രമാണങ്ങളെ വേണ്ടപോലെ നിരൂപിക്കാത്തതുകൊണ്ടാണ് അങ്ങിനെ വരുന്നത്. ശ്രുതി പ്രമാണങ്ങളെ വേണ്ടുംവണ്ണം നിരൂപിച്ച് ഗ്രഹിക്കുന്ന ജ്ഞാനം നിസ്സംശയവും സത്യവുമായിത്തീരുകയും ചെയ്യും.

വസ്തു താവൽ പരം ബ്രഹ്മ നിത്യം സത്യം ധ്രുവം വിഭു
ശ്രുതി പ്രമാണേ തൽ ജ്ഞാനം സ്യാദേവ നിരപേക്ഷകം 193

എല്ലാ കാലത്തുമുള്ളതും, മൂന്നു കാലത്തും മാറ്റമില്ലാത്തതും, ശാശ്വതവും, എല്ലാറ്റിനും കാരണവുമായ പരബ്രഹ്മംതന്നെ വസ്തു തത്വം. അതിനെ ഉള്ളപോലെ ഗ്രഹിപ്പിക്കുന്ന ശ്രുതിപ്രമാണ ങ്ങൾ. അതിനാൽ ശ്രുതിപ്രമാണങ്ങളെ വേണ്ടപോലെ നിരൂപി ക്കുന്നൊരാൾക്കു നിരപേക്ഷവും, നിരൂപാധികവും സത്യവുമായ പ്രസ്തുത ജ്ഞാനം ഉള്ളതുപോലെ പ്രകാശിക്കുന്നു.

രൂപജ്ഞാനം യഥാ സമ്യക് ദൃഷ്ടൗ സത്യാം ഭവേൽ തഥാ
ശ്രുതിപ്രമാണേ സത്യേവ ജ്ഞാനം ഭവതി വാസ്തവം 194

രൂപത്തിന്റെ ശരിയായ അറിവ് ദൃഗിന്ദ്രിയമുണ്ടെങ്കിൽ മാത്രമേ കിട്ടാനിടയുള്ളു. കണ്ണില്ലാത്തവർക്കു സ്പർശിച്ചോ മറ്റോ

അറിഞ്ഞാലും രൂപത്തിന്റെ ശരിയായ ബോധമുണ്ടാവാൻ വയ്യ. അതുപോലെ ശ്രുതിപ്രമാണത്തെ ആശ്രയിക്കാതെ ശരിയായ ആത്മബോധമുണ്ടാവാൻ വിഷമമാണ്. ആത്മവസ്തുവെ സംബന്ധിച്ചേടത്തോളം അന്ധനായൊരാൾക്ക് ശരിയായ കാഴ്ച യെക്കൊടുക്കുന്ന കണ്ണാണ് ശ്രുതിപ്രമാണം. അതിനാൽ ശ്രുതിപ്രമാണങ്ങളെ തിരസ്കരിച്ചുകൊണ്ടുള്ള ആത്മാന്വേഷണം മിക്കപ്പോഴും സഫലമായെന്നു വരില്ലെന്നു താല്പര്യം.

ന കർമ്മ യൽ കിഞ്ചിദപേക്ഷതേ ഹി
രൂപോപലബ്ധൗ പുരുഷസ്യ ചക്ഷുഃ
ജ്ഞാനം തഥാപി ശ്രവണാദിജന്യം
വസ്തു പ്രകാശേ നിരപേക്ഷമേവ 195

കണ്ണുള്ളൊരാൾക്കു ഒരു പദാർത്ഥത്തെക്കാണാൻ യാതൊരു കർമ്മത്തിന്റേയും ആവശ്യമില്ല. കണ്ണുമിഴിച്ചാൽമതി, പദാർത്ഥ ദർശനമുണ്ടാവുകയായി. അതുപോലെ ശ്രവണമനനാദികളെ ക്കൊണ്ട് നിസ്സംശയമായ ജ്ഞാനമുള്ളൊരാൾക്ക് വസ്തുബോധ ത്തിന്ന് പിന്നെ ഒരു കർമ്മത്തിന്റേയും അപേക്ഷയില്ല. ജ്ഞാനമില്ലെങ്കിൽ എത്രയൊക്കെ കർമ്മംചെയ്താലും വസ്തു ബോധമുണ്ടാവാനും പോവുന്നില്ല.

കർത്തൃതന്ത്രം ഭവേൽ കർമ്മ കർമ്മതന്ത്രം ശുഭാശുഭം
പ്രമാണതന്ത്രം വിജ്ഞാനം മായാതന്ത്രമിദം ജഗൽ 196

ഞാൻ കർത്താവാണെന്ന അഭിമാനം കർമ്മങ്ങളേയും കർമ്മങ്ങൾ ശുഭാശുഭഫലങ്ങളേയും വർദ്ധിപ്പിക്കും. ശ്രുതി പ്രമാണങ്ങളുടെ ശരിയായ നിരൂപണംകൊണ്ട് വസ്തുബോധ സ്വരൂപമായ വിജ്ഞാനം വളരും. ജ്ഞാനമാകട്ടെ ജഗൽഭാവ ത്തെ നശിപ്പിക്കുകയും ചെയ്യും. എന്തുകൊണ്ടെന്നാൽ മായാ

ഘടനയാണ് ഈ ജഗത്ത്. അജ്ഞാനമാണ് മായാസ്വരൂപം. ജ്ഞാനംകൊണ്ടത് നശിക്കുകയും ചെയ്യും. അപ്പോൾ കർമ്മം ജഗൽബന്ധത്തെ വർദ്ധിപ്പിക്കുന്നതും ജ്ഞാനം അതിനെ നശിപ്പിക്കുന്നതുമാണെന്നു സ്പഷ്ടമായല്ലോ. പിന്നെ അവയെ ങ്ങിനെ അന്യോന്യ സഹകാരികളായിത്തീരും?

വിദ്യാം ചാവിദ്യാം ചേതി
സഹോക്തിരിയമുപകൃതാ സത്ഭിഃ
സൽക്കർമ്മോപാസനയോർ
ന്ന ത്വാത്മജ്ഞാനകർമ്മണോഃ ക്വാപി 197

വിദ്യാവിദ്യകളെന്നു സാധരണ സംഭാഷണങ്ങളിൽ ജ്ഞാനാജ്ഞാനങ്ങളെ ഒന്നിച്ച് പറയാറുണ്ട് സജ്ജനങ്ങൾ. അവർക്കു ശബ്ദസാദൃശ്യമല്ലാതെ അർത്ഥസാദൃശ്യം ഒരിക്കലു മില്ല. കർമ്മത്തിന്നും, ഉപാസനക്കുമെന്നപോലെ ആത്മജ്ഞാന ത്തിന്നു കർമ്മത്തിന്നും തമ്മിൽ ഒരു പ്രകാരത്തിലും സാദൃശ്യ മോ സഹകാരിത്വമോ ഇല്ല.

നിത്യാനിത്യപദാർത്ഥബോധരഹിതോ
യശ്ചോഭയത്ര സ്രഗാ-
ദ്യർത്ഥാനാമനുഭൂതിലഗ്നഹൃദയോ
നിർവ്വിണ്ണബുദ്ധിർജ്ജനഃ
തസ്യൈവാസ്യ ജഡസ്യ കർമ്മവിഹിതം
ശ്രുത്യാ വിരജ്യാഭിതോ
മോക്ഷേച്ഛോർന്ന വിധീയതേ തു പരമാ-
നന്ദാർത്ഥിനോ ധീമതഃ 198

ഏതാണ് സത്യം ഏതാണസത്യം. ഏതാണ് സുഖം ഏതാണ് ദുഃഖം, എന്ന തിരിച്ചറിവില്ലാതെ ദൃഷ്ടമായ ഈ ലോകത്തെ

സത്യമെന്നും സുഖമെന്നും തെറ്റിദ്ധരിച്ച് മാലാചന്ദന വനിതാദിഭോഗപദാർത്ഥങ്ങളിൽ അത്യന്താസക്തന്മാരും, അവയിൽ സുഖത്തെ കണ്ടുകൊണ്ടിരിക്കുന്നവരുമായ മൂഢന്മാർക്കുള്ളതാണ് കർമ്മം. അവർ ഇഷ്ടംപോലെ കർമ്മം ചെയ്യുകയും ഫലമനുഭവിക്കുകയും ചെയ്യട്ടെ. എന്നാൽ ശ്രുതി പ്രമാണങ്ങളെ വേണ്ടപോലെ നിരൂപിച്ച് ജഗത്തിന്റെ മിഥ്യാത്വത്തെ ബോധിച്ച് തീവ്രവൈരാഗ്യംകൊണ്ട് എല്ലാറ്റിൽനിന്നും നിവൃത്തനായി മോക്ഷേച്ഛ കൊണ്ട് ആവിഷ്ടനായൊരാൾക്ക് കർമ്മത്തിന്റെ ആവശ്യമെന്താണ്? ഒന്നുംതന്നെയില്ല. ബുദ്ധിമാന്മാരും ജ്ഞാന സമ്പന്നന്മാരുമായ അവർക്കു കർമ്മം വിധിക്കപ്പെട്ടിട്ടുമില്ല.

മോക്ഷേച്ഛയാ യദഹരേവ വിരജ്യതേƒസൗ
ന്യാസസ്തദൈവ വിഹിതോ വിദുഷോ മുമുക്ഷോഃ
ശ്രുത്യാ തഥൈവ പരയാ ച തതഃ സുധീഭിഃ
പ്രാമാണികോയമിതി ചേതസി നിശ്ചിതവ്യഃ 199

മോക്ഷാനുഭൂതിക്കുള്ള തീവ്രാഭിലാഷംകൊണ്ട് ഏതു ദിവസം ഒരാൾക്കു തീവ്രവൈരാഗ്യമുണ്ടാവുന്നുവോ, അന്നുതന്നെ അയാൾ സന്യസിക്കണമെന്നാണ് ശ്രുതിയും സജ്ജനങ്ങളും അനുശാസിക്കുന്നത്. പിന്നെ അങ്ങിനെയുള്ളൊരാൾ എന്തു കർമ്മമാണ് ചെയ്യേണ്ടത്. ഒരു കർമ്മവും അവരെ സംബന്ധിച്ചേടത്തോളം വിധിച്ചിട്ടില്ലെന്നു മാത്രമല്ല, എല്ലാ കർമ്മങ്ങളിൽ നിന്നും നിവർത്തിക്കണമെന്നു പറഞ്ഞിട്ടുമുണ്ട്.

സ്വാപരോക്ഷസ്യ വേദാദേഃ സാധനത്വം നിഷേധതി
നാഹം വേദൈർന്ന തപസേത്യാദിനാ ഭഗവാനപി 200

ആത്മതത്വത്തിന്റെ അപരോക്ഷാനുഭൂതിക്ക് വേദാദി സർവ്വ സാധനങ്ങളേയും ശ്രുതി നിഷേധിച്ചിട്ടുണ്ട്. "നാഹം വേദൈർന്ന

തപസാ" എന്നാരംഭിക്കുന്ന് ശ്ലോകംകൊണ്ട് ഗീതയിൽ ഭഗവാനും നിഷേധിച്ചിട്ടുണ്ട്. യുക്തികൊണ്ടും അനുഭവംകൊണ്ടും അപരോക്ഷാനുഭൂതി നിരുപാധികവും നിരപേക്ഷവുമാണെന്ന് ബോധിക്കാനും കഴിയും. ഈ സ്ഥിതിക്ക് അപോരക്ഷാനു ഭൂതിക്ക് എന്തു കർമ്മമാണ് ചെയ്യേണ്ടത്. കർമ്മവും അപരോക്ഷ ജ്ഞാനവും തമ്മിൽ യാതൊരു സംബന്ധവുമില്ലെന്ന് മാത്രമല്ല, വൈരുദ്ധ്യമുണ്ടുതാനും.

പ്രവൃത്തിശ്ച നിവൃത്തിശ്ച ദ്വേ ഏതേ ശ്രുതിഗോചരേ
പ്രവൃത്ത്യാ ബദ്ധ്യതേ ജന്തുർന്നിവൃത്യാ തു വിമുച്യതേ 201

പ്രവൃത്തിയും നിവൃത്തിയുമാകുന്ന രണ്ട് ശബ്ദങ്ങൾ ശ്രുതി കളിൽ പ്രസിദ്ധങ്ങളാണ്. കർമ്മത്തിന്റെ ആചരണത്തെയാണ് പ്രവൃത്തിയെന്ന് പറയുന്നത്. നിഷേധത്തെ നിവൃത്തിയെന്നും പറയുന്നു. പ്രവൃത്തി ബന്ധത്തിനും നിവൃത്തി മോക്ഷത്തിന്നും കാരണമാണെന്നും ശ്രുതി സിദ്ധാന്തിച്ചിട്ടുണ്ട്. ഈ സ്ഥിതിക്ക് കർമ്മമെങ്ങിനെ മോക്ഷകാരണമാവും? കർമ്മജ്ഞാനങ്ങൾക്കെ ങ്ങിനെ സഹകാരിത്വമുണ്ടാവും?

യന്ന സ്വബന്ധോഭിമതോ മൂഢസ്യാപി ക്വചിത്തതഃ
നിവൃത്തിഃ കർമ്മസന്യാസഃ കർത്തവ്യോ മോക്ഷകാംക്ഷിഭിഃ 202

തന്റെ ബന്ധനത്തെ മൂഢൻപോലും ഇഷ്ടപ്പെടുന്നില്ല. ബദ്ധ നും പരതന്ത്രനുമായ ഒരാൾ എപ്പോഴും ദുഃഖിയായിരിക്കുമെന്നും ദുഃഖം ആർക്കും ഇഷ്ടമല്ലെന്നും, എല്ലാവർക്കുമറിയാം. ആ സ്ഥിതിക്ക് ബന്ധകാരണമായ പ്രവൃത്തിമാർഗ്ഗത്തെ വിവേകി യായൊരാളെങ്ങിനെ സ്വീകരിക്കും? ഇത്രയും അറിഞ്ഞിട്ടും ഒരാൾ പ്രവൃത്തിമാർഗ്ഗനിരതനായിത്തന്നെ കഴിയുന്നുവെന്നാൽ അവൻ പരമമൂഢനെന്നല്ലാതെന്തു പറയാനാണ് അതിനാൽ

മുമുക്ഷുക്കൾ നിവൃത്തിമാർഗ്ഗമാകുന്ന കർമ്മസന്യാസത്തെയാണ് സ്വീകരിക്കുകയും, ആചരിക്കുകയും ചെയ്യേണ്ടത്.

ന ജ്ഞാനകർമ്മണോര്യസ്മാൽ സഹയോഗസ്തു യുജ്യതേ
തസ്മാൽ ത്യാജ്യം പ്രയത്നേന കർമ്മ ജ്ഞാനേച്ഛുനാ ധ്രുവം 203

കർമ്മത്തിന്നും ജ്ഞാനത്തിന്നും തമ്മിൽ യാതൊരു വിധ സഹകാരിത്വവുമില്ലെന്നും, വൈരുധ്യമാണുള്ളതെന്നും, ഇത്രയും പറഞ്ഞതിൽനിന്ന് സ്പഷ്ടമായല്ലോ. ആ സ്ഥിതിക്കു ജ്ഞാനേച്ഛുവായ ഒരാൾ ആദ്യംതന്നെ കർമ്മത്തിൽനിന്ന് നിവൃത്തിക്കയാണ് വേണ്ടത്. കർമ്മനിവൃത്തിയില്ലാതിരിക്കുംകാലത്തോളം ഒരാൾക്കു പരമാർത്ഥമായ ജ്ഞാനമുണ്ടാവാൻ വയ്യ.

ഇഷ്ടസാധനതാബുദ്ധ്യാ ഗൃഹീതസ്യാപി വസ്തുനഃ
വിജ്ഞായ ഫൽഗുതാം പശ്ചാൽ കഃ പുനസ്തൽ പ്രതീക്ഷതേ 204

വളരെ നല്ല പദാർത്ഥമാണെന്നു തെറ്റിദ്ധരിച്ചു സ്വീകരിക്കപ്പെട്ട വസ്തുവും, നികൃഷ്ടമാണെന്നറിയുമ്പോൾ ആരാണതിനെ ഉപേക്ഷിക്കാത്തത്? അങ്ങിനെ ഉപേക്ഷിച്ചതിനെ പിന്നെ ആരാണ് പ്രതീക്ഷിക്കുന്നത്. ആരും അതിനെപ്പറ്റി ഓർക്കലേ പതിവില്ലാത്തതാണ്. അതുപോലെ ശ്രേഷ്ഠമാണെന്നും ജന്മസാഫല്യപ്രദമാണെന്നും തെറ്റിദ്ധരിച്ച് സ്വീകരിക്കപ്പെട്ട കർമ്മങ്ങളും നികൃഷ്ടങ്ങളാണെന്നറിയുമ്പോൾ അവയെ ഉപേക്ഷിക്കാൻ തയ്യാറാവുകതന്നെ വേണം. അങ്ങിനെ ചെയ്യാത്തപക്ഷം ജന്മസാഫല്യമില്ലെന്നു മാത്രമല്ല, അധഃപതനം തീർച്ചയായുമുണ്ടാവുകയും ചെയ്യും. അതിനാൽ വിവേകികൾ ജന്മസാഫല്യകാരണമായ ജ്ഞാനത്തിന്നുവേണ്ടി കർമ്മത്തെ മടി കൂടാതെ ഉപേക്ഷിക്കലാണ് പതിവ്.

ഉപരതിശബ്ദാർത്ഥോ ഹ്യുപരമണം പൂർവ്വദൃഷ്ടവൃത്തിഭ്യഃ
സോയം മുഖ്യോഗൗണശ്ചേതി ച വൃത്ത്യാ ദ്വിരൂപതാം ധത്തേ205

കണ്ടതും കേട്ടതുമായ പദാർത്ഥങ്ങളിൽനിന്നും, അനുഭവങ്ങളിൽനിന്നും, അവയെ സംബന്ധിക്കുന്ന വൃത്തികളിൽനിന്നും ചിത്തത്തെ നിശ്ശേഷം നിവൃത്തിപ്പിച്ച് ലക്ഷ്യമായ ആത്മസ്വരൂപത്തിൽ നിർത്തലാണ് ഉപരതി. പ്രസ്തുത ഉപരതിക്ക് മുഖ്യമെന്നും, ഗൗണമെന്നും രണ്ടവാന്തരവിഭാഗങ്ങൾ കൂടിയുണ്ട്.

വൃത്തേർ ദൃശ്യപരിത്യാഗോ മുഖ്യാർത്ഥ ഇതി കഥ്യതേ
ഗൗണാർത്ഥഃ കർമ്മസന്യാസഃ ശ്രുതേരംഗതയോ മതഃ 206

വൃത്തികളുടെ ദൃശ്യഭാവത്തെതന്നെ നിരസിക്കലാണ് ഉപരതിയുടെ മുഖ്യഭാവം. വൃത്തികൾ സ്ഫൂരിക്കാനിടവരാതിരിക്കൽ തന്നെ. ആ നിലക്ക് വൃത്തിസ്ഫുരണമില്ലാതിരിക്കുന്ന ചിത്തം വളരെ വേഗത്തിൽ വസ്തുസ്വരൂപത്തെ അറിയാനും സാക്ഷാൽക്കരിക്കാനും ഇടവരും. അതിനാൽ ഉപരതിയുടെ മുഖ്യസ്വരൂപം വൃത്തിനിരാസം തന്നെ. അതിനെ ചെയ്യാൻ കഴിയാത്തവർക്കുള്ളതാണ് ഗൗണസ്വരൂപം. അതു കേവലം കർമ്മസന്യാസം മാത്രമാണ്. അകത്ത് എന്തെല്ലാം വൃത്തികളുണ്ടെങ്കിലും അവയൊന്നും കർമ്മസ്വരൂപേണ പുറത്ത് പ്രകടമായിത്തീരുന്നില്ല എന്നൊരു ഗുണം മാത്രമാണതിനുള്ളത്. അതു ശ്രേഷ്ഠം തന്നെ. കർമ്മ സന്യാസത്തിൽ ദൃഢത വന്നു കഴിഞ്ഞാൽ കാലം കൊണ്ടു മനസ്സിൽനിന്നും വൃത്തികൾ നീങ്ങും. ഉപരതിയുടെ അംഗമായി ഈ കർമ്മസന്യാസത്തേയും ശ്രുതി കീർത്തിച്ചിട്ടുണ്ട്. മുഖ്യോപരതിയുണ്ടാവാനും ദൃഢപ്പെടാനും ഈ ഗൗണോപരതി ആദ്യത്തിൽ ഉണ്ടാവുന്നത് വളരെ നല്ലതുമാണ്.

പുംസഃ പ്രധാനസിദ്ധ്യർത്ഥമംഗസ്യാശ്രയണം ധ്രുവം
കർത്തവ്യമംഗഹീനം ചേൽ പ്രധാനം നൈവ സിദ്ധ്യതി 207

മാത്രമല്ല; ഈ ഗൗണോപരതിയോടു കൂടാതെ ഒരാൾക്കു മുഖ്യോപരതിയുണ്ടാവാൻതന്നെ വിഷമമാണ്. മിക്കവാറും സാധിക്കില്ലെന്നുപോലും പറയണം. പുറമേ ധാരാളം കർമ്മങ്ങളെ ആചരിക്കുകയും വിഷയങ്ങളെ അനുഭവിക്കുകയും ചെയ്യുന്നൊരാൾക്കെങ്ങിനെ ചിത്തത്തിൽ വൃത്തികളില്ലാതാവും? അതിനാൽ ആദ്യം തന്നെ കർമ്മനിവൃത്തിയാണ് ഒരാൾക്കുണ്ടാവേണ്ടത്.

സന്യസേത് സുവിരക്തഃ സൻ ഇഹാമുത്രർത്ഥതഃ സുഖാൽ
അവിരക്തസ്യ സന്യാസോ നിഷ്ഫലോƒയാജ്യയാഗവൽ 208

ഇഹപരലോകങ്ങളിലുള്ള എല്ലാ സുഖങ്ങളിലും വിഷയങ്ങളിലും തീവ്രവൈരാഗ്യത്തെ ആദ്യംതന്നെ സമ്പാദിക്കണം. അനന്തരം സർവ്വസംഗപരിത്യാഗം ചെയ്തു സന്യസിക്കണം. വേണ്ടത്ര വൈരാഗ്യം വളരാതെ സന്യാസത്തിനുശേഷം വൈരാഗ്യമുണ്ടാവുമെന്നു ധരിക്കരുത്. എന്തുകൊണ്ടെന്നാൽ വൈരാഗ്യമാണ് സന്യാസത്തിനു ഹേതു. അതില്ലാതെ സന്യസിക്കുന്നതു യാഗം ചെയ്യാൻ അർഹതയില്ലാത്തവർ അഭിമാനം കൊണ്ടോ യശസ്സിന്നു വേണ്ടിയോമറ്റോ ചെയ്യപ്പെടുന്ന യാഗം പോലെ നിഷ്ഫലമാണ്. അതിനാൽ ആദ്യം തന്നെ തത്വവിചാരം ചെയ്തു ജഗത്തിന്റെ മിത്ഥ്യാത്വത്തെ ബോധിച്ച് അതുവഴി തീവ്രവൈരാഗ്യത്തെ സമ്പാദിച്ചാണ് സന്യസിക്കേണ്ടത്. അങ്ങനെ ചെയ്യുന്നൊരാൾക്കു കാലംകൊണ്ടു ചിത്തത്തെ വൃത്തിരഹിതമാക്കാൻ കഴിയും.

സന്യസ്യ തു യതിഃ കുര്യാൽ ന പൂർവ്വവിഷയസ്മൃതിം
താം താം തൽസ്മരണേ തസ്യ ജുഗുപ്സാ ജായതേ യതഃ 209

സന്യാസദീക്ഷയെ വരിച്ച് ഇന്ദ്രിയമനസ്സുകളെ അടക്കി മനന നിദിദ്ധ്യാസനങ്ങളെ ചെയ്തുകൊണ്ടിരിക്കുമ്പോൾ കഴിഞ്ഞ കാലത്തെ തന്റെ ജീവിതത്തെയോ, അന്നനുഭവിച്ചുവന്നിരുന്ന വിഷയങ്ങളെയോ ഓർമ്മിക്കുകയും ചെയ്യരുത്. എന്തുകൊണ്ടെ ന്നാൽ മുമ്പുണ്ടായിരുന്ന അഭിമാനത്തേയും വിഷയഭക്തിയെയും കുറിച്ചോർമ്മിക്കുമ്പോൾ ലജ്ജയും അറപ്പും ഉണ്ടാവും. അതി നാൽ തത്വവിചാരവും ഉപാസനവുമൊഴുച്ചു മറ്റു കാര്യങ്ങളിൽ ചിത്തത്തെ വ്യാപരിപ്പിക്കാതെയാണ് സന്യാസി ജീവിക്കേണ്ടത്.

10. ശ്രദ്ധാ

ഗുരുവേദാന്തവാക്യേഷു ബുദ്ധിര്യാ നിശ്ചയാത്മികാ
സത്യമിത്യേവ യാ ശ്രദ്ധാ നിദാനം മുക്തിസിദ്ധയേ 210

ഗുരുവാക്യങ്ങളിലും, വേദാന്തവാക്യങ്ങളിലും അല്പം പോലും സംശയമില്ലാതെ അവ പരമസത്യങ്ങളാണെന്നു ഉറച്ച വിശ്വാസമാണ് ശ്രദ്ധ. ഈ ശ്രദ്ധ വേണ്ടപോലെ ഉള്ളൊരാൾ അത് കൊണ്ടുതന്നെ മുക്തനായിത്തീരുന്നു. വേറെ എന്തെല്ലാം ഗുണങ്ങളുള്ള ആളായാലും ശ്രദ്ധയാകുന്ന ഒന്നിന്റെ കുറവു കൊണ്ടു മിക്കപ്പോഴും മുക്തിക്കധികാരമില്ലാത്തവനാവുക പോലും ചെയ്തേക്കും. അതിനാൽ ഗുരുവാക്യത്തെയോ, വേദാന്തവാക്യത്തെയോ ചോദ്യം ചെയ്യാതെയും പൂർണ്ണവിശ്വാസ ത്തോടു കൂടിയും ഗ്രഹിക്കുകയും, ആചരിക്കുകയും ചെയ്യണം. സാക്ഷാൽ ഈശ്വരസ്വരൂപിയാണ് ഗുരുവെന്നു ബോദ്ധ്യമുള്ളൊ രാൾക്ക് ഗുരുവാക്യം ഈശ്വരവാക്യം തന്നെയാണല്ലോ.പിന്നെ അതിലെങ്ങനെ അവിശ്വസമുണ്ടാവും?

ശ്രദ്ധാവതാമേവ സതാം പുമർത്ഥഃ
സമീരിതഃ സിദ്ധ്യതി നേതരേഷാം

ഉക്തം സുസൂക്ഷ്മം പരമാർത്ഥതത്വം
ശ്രദ്ധൽസ്വ സോമ്യേതി ച വക്തി വേദഃ 211

ശ്രദ്ധാലുക്കളായ സജ്ജനങ്ങൾക്കു മാത്രമാണ് പറയപ്പെട്ട പരമപുരുഷാർത്ഥമാകുന്ന മോക്ഷം അനുഭവപ്പെടുന്നത്. ശ്രദ്ധയും സദാചാരനിഷ്ഠയും സാധനനുഷ്ഠാനങ്ങളും മറ്റുമില്ലാത്ത പ്രാകൃതന്മാർക്കുള്ളതല്ല മോക്ഷം. അതിനാൽ സാധകന്മാർക്ക് ശ്രദ്ധാദികാര്യങ്ങളിൽ ശ്രദ്ധയുണ്ടാവുകതന്നെ വേണം. ശ്രുതിയുടെ ഉപദേശങ്ങളിൽ അവിടവിടെ ശ്രദ്ധിക്കു, ശ്രദ്ധിക്കു എന്നു പറഞ്ഞുകാണാം. ശ്രദ്ധയ്ക്കുള്ള പ്രാധാന്യത്തെയാണ് അതു കാണിക്കുന്നത്.

ശ്രദ്ധാവിഹീനസ്യ തു ന പ്രവൃത്തിഃ
പ്രവൃത്തിശൂന്യസ്യ ന സാദ്ധ്യസിദ്ധിഃ
അശ്രദ്ധയൈവാഭിഹതാശ്ച സർവ്വേ
മജ്ജന്തി സംസാരമഹാസമുദ്രേ 212

എത്രയൊക്കെ അറിവുണ്ടായാലും ശ്രദ്ധയില്ലെങ്കിൽ അറിഞ്ഞതിനെയൊന്നും പ്രവൃത്തിക്കലുണ്ടാവില്ല. ഒന്നും പ്രവൃത്തിക്കാതിരിക്കുന്നവനു സാധിക്കേണ്ടതിനെ സാധിക്കാൻ കഴിയില്ലെന്നു സംസാരത്തിൽനിന്നു കരകയറാതെ പിന്നെയുംപിന്നെയും ജനനമരണപ്രവാഹത്തിൽക്കൂടെ ഒഴുകികൊണ്ടിരിക്കുന്നത്. അതിനാൽ ശ്രദ്ധ അതിപ്രധാനമായൊരു സംസ്കാരമാണ്.

ദേവേ ച വേദേ ച ഗുരൗ ച മന്ത്രേ
തീർത്ഥേ മഹാത്മന്യപി ഭേഷജേ ച
ശ്രദ്ധാ ഭവത്യസ്യ യഥാ യഥാന്തഃ
തഥാ തഥാ സിദ്ധിരുദേതി പുംസാം 213

ദേവൻ, വേദം, ഗുരു, മന്ത്രം, തീർത്ഥം, മഹാത്മാവ്, ഔഷധം എന്നിവയിൽ എത്രത്തോളമാണോ ഒരാൾക്കു ശ്രദ്ധയും വിശ്വാസവുമുള്ളത്. അത്രത്തോളമാണ് അവയുടെയൊക്കെ ഫലമുണ്ടാവുന്നത്. അശ്രദ്ധാലുക്കൾക്കും അവിശ്വാസികൾക്കും പറയപ്പെട്ടവയൊന്നും പ്രയോജനപ്പെടുന്നില്ല. എന്നാൽ ശ്രദ്ധാലുക്കൾക്കാകട്ടെ അവയോരോന്നും കല്പവൃക്ഷംപോലെ സർവ്വാഭീഷ്ടപ്രദമാണുതാനും.

അസ്തീത്യേവോപലബ്ധവ്യം വസ്തു സൽഭാവനിശ്ചയാൽ
സൽഭാവനിശ്ചയസ്തത്ര ശ്രദ്ധയാ ശാസ്ത്രസിദ്ധയാ 214

ശ്രദ്ധയില്ലെങ്കിൽ മറ്റെന്തെല്ലാം ഗുണങ്ങളോ അറിവുകളോ ഉണ്ടെങ്കിലും വസ്തുബോധസ്വരൂപമായ അനുഭൂതിയുണ്ടാവാൻ വിഷമമാണ്. എന്തുകൊണ്ടെന്നാൽ അജ്ഞനു ആദ്യത്തിൽ ആത്മാനുഭൂതിയുണ്ടാവാൻ വയ്യല്ലോ. ഉപാസനംകൊണ്ട് ക്രമേണ സാക്ഷാൽക്കാരം കിട്ടീട്ടുവേണ്ടേ അനുഭവത്തിന്. ഉപാസിക്കണമെങ്കിൽ പരോക്ഷമായെങ്കിലും വസ്തുബോധമുണ്ടാവണം ഗുരുവാക്യംകൊണ്ടാണതുണ്ടാവേണ്ടത്. ഗുരുവാക്യത്തിൽ തീവ്രമായ വിശ്വാസമില്ലെങ്കിൽ പിന്നെയെങ്ങനെ ഉപാസിക്കാനും അനുഭവപ്പെടാനും സാധിക്കും? അതിനാൽ ശ്രദ്ധ അതിപ്രധാനമായൊരു ഗുണമാണ്. സാധകന്മാർക്കു ഒരു പ്രകാരത്തിലും ഒഴിക്കാൻ പാടില്ലാത്തതുമാണ്.

തസ്മാൽ ശ്രദ്ധാ സുസമ്പാദ്യാ ഗുരുവേദാന്തവാക്യയോഃ
മുമുക്ഷോഃ ശ്രദ്ധധാനസ്യ ഫലം സിദ്ധ്യതി നാന്യഥ 215

അതിനാൽ ഗുരുവാക്യങ്ങളിലും വേദാന്തവാക്യങ്ങളിലും ത്രീവ്രമായ ശ്രദ്ധയെ അവശ്യം സമ്പാദിക്കേണ്ടതാണ്. തികച്ചും ശ്രദ്ധാലുവായിരിക്കുന്ന മുമുക്ഷുവിനല്ലാതെ ഫലാനുഭൂതിയുണ്ടാ

വാൻ പോവുന്നില്ല. വേദാന്തവാക്യങ്ങളേയും ഗുരുവാക്യങ്ങളേയും അശ്രദ്ധകൊണ്ട് അനാദരിക്കുന്നൊരാൾക്ക് എത്രയൊക്കെ സാധനാനുഷ്ഠാനങ്ങളുണ്ടായാലും ഫലാനുഭൂതിയുണ്ടാവുകയെന്നതു വിഷമമാണ്.

യഥാർത്ഥവാദിതാ പുംസാം ശ്രദ്ധാജനനകാരണം
വേദസ്യേശ്വരവാക്യത്വാൽ യഥാർത്ഥത്വേ ന സംശയഃ 216

എപ്പോഴും കളവുപറയാറുള്ളൊരാൾ ഒരിക്കൽ സത്യം പറഞ്ഞാൽ പോലും ആരും ശ്രദ്ധിച്ചെന്നു വരില്ല. എന്തുകൊണ്ടെന്നാൽ യഥാർത്ഥവാദത്തിൽ മാത്രമെ ജനങ്ങളുടെ ശ്രദ്ധ നിൽക്കുന്നുള്ളു. എപ്പോഴും സത്യംമാത്രം പറയാറുള്ളൊരാൾ എന്തു പറഞ്ഞാലും ജനങ്ങൾ ശ്രദ്ധിക്കുമെന്നതു അതിനുദാഹരണവുമാണ്. ഇതുകൊണ്ട് യഥാർത്ഥകഥനം എല്ലാവർക്കും ശ്രദ്ധാർഹമാണെന്നു വ്യക്തമാവുന്നുണ്ടല്ലോ. സത്യസ്വരൂപനായ ഈശ്വരന്റെതന്നെ വാക്കുകളാണ് ശ്രുതികളെന്നതിനാൽ അവയുടെ യാഥാർത്ഥ്യത്തെപ്പറ്റി സംശയമേ ആവശ്യമില്ല. ശ്രുതിയിലെ ഒരക്ഷരംപോലും അയഥാർത്ഥമാവാൻവയ്യ. ആ സ്ഥിതിക്ക് ശ്രുതിയേക്കാൾ ശ്രദ്ധാർഹമായി മറ്റെന്താണുള്ളത്. അങ്ങിനെയുള്ള ശ്രുതിവാക്യങ്ങളിൽ ഒരാൾക്കു ശ്രദ്ധയില്ലെങ്കിൽ മൂഢതയല്ലാതെ മറ്റെന്തെണ് അതിനാൽ ഒരോരുത്തരുടേയും സമ്പൂർണ്ണ ശ്രദ്ധയെ അർഹിക്കുന്നു വേദാന്തവാക്യങ്ങൾ.

മുക്തസ്യേശ്വരരൂപത്വാൽ ഗുരോർവ്വാഗപി താദൃശീ
തസ്മാൽ തദ്വാക്യയോഃ ശ്രദ്ധാ സതാം സിദ്ധ്യതി ധീമതാം 217

മുക്തപുരുഷൻ ഈശ്വരതുല്യനല്ല; ഈശ്വരൻതന്നെയാണെന്നു പറയണം. മുക്തപുരുഷനാണല്ലോ ആചാര്യൻ. ബദ്ധന്മാർക്കു മറ്റുള്ളവരുടെ ബന്ധം എങ്ങിനെ അഴിക്കാൻ കഴിയും?

അതിനാൽ ആചാര്യൻ മുക്തപുരുഷൻതന്നെ. ആചാര്യൻ ഈശ്വരസ്വരൂപനാണെന്നതിനാൽ ആചാര്യവാക്യവും വേദവാക്യങ്ങളെന്നുപോലെ ഈശ്വരവാക്യങ്ങൾതന്നെ. വേദവാക്യങ്ങളിലെന്നപോലെ ശ്രദ്ധയും വിശ്വാസവും ആചാര്യവാക്യങ്ങളിലുമുണ്ടാവണം. ബുദ്ധിമാന്മാരായ സജ്ജനങ്ങൾക്കു അതുണ്ടാവുകയും ചെയ്യും.

11. സമാധാനം

ശ്രുത്യുക്താർത്ഥാവഗാഹായ വിദുഷാ ജ്ഞേയവസ്തുനി
ചിത്തസ്യ സമ്യഗാധാനം സമാധാനമിതീര്യതേ 218

ശമാദിഷൾക്കത്തിലെ അവസാനത്തെ ഗുണമായ സമാധാനത്തെയാണ് ഇനി നിരൂപിക്കാൻ തുടങ്ങുന്നത്. വസ്തുസ്വരൂപത്തെ ശ്രുതിവാക്യങ്ങളിൽകൂടിയും, ആചാര്യൻ മുഖേനയും പരോക്ഷരൂപേണയെങ്കിലും അറിഞ്ഞുകഴിഞ്ഞ സാധകൻ എപ്പൊഴും തന്നെ പ്രജ്ഞയെ പ്രസ്തുത ലക്ഷ്യവസ്തുവിൽതന്നെ ലയിപ്പിച്ചുകൊണ്ടിരിയ്ക്കണം. ഒരു നിമിഷനേരമെങ്കിലും മറ്റൊന്നിനെ ഓർമ്മിയ്ക്കാനിടവരരുത്. എങ്കിലേ കാലംകൊണ്ടെങ്കിലും വസ്തുതത്വത്തിന്റെ അപരോക്ഷാനുഭൂതിയുണ്ടായിത്തീരൂ. അതിനുവേണ്ടി എപ്പോഴും ആത്മവസ്തുവെ വിസ്മരിക്കാതിരിക്കുന്ന സമ്പ്രദായത്തിനാണ് സമാധാനമെന്നു പറയുന്നത്.

ചിത്തസ്യ സാദ്ധ്യൈകപരത്വമേവ
പുമർത്ഥസിദ്ധേർന്നിയമേന കാരണം
നൈവാന്യഥാ സിദ്ധ്യതി സാദ്ധ്യമീഷൽ
മനഃ പ്രമാദേ വിഫലഃ പ്രയത്നഃ 219

പരമപുരുഷാർത്ഥമാകുന്ന മോക്ഷാനുഭൂതിക്ക് അനേക സാധനകൾ ആവശ്യമായിട്ടിരിക്കുന്നുവെങ്കിലും ഏകാഗ്രമായ ചിത്തംകൊണ്ട് എപ്പോഴും ആത്മതത്വത്തെ ഓർമ്മിച്ചുകൊണ്ടിരിക്കൽ തന്നെയാണ് ഏറ്റവും പ്രധാനമായ സാധാനയെന്നു പറയണം. എന്തു കൊണ്ടെന്നാൽ ഒരു നിമിഷനേരം വസ്തു വിസ്മൃതിയുണ്ടായാൽ മനസ്സ് അനേക വിക്ഷേപങ്ങളെ വളർത്തും. പിന്നെ അവയിൽനിന്നൊക്കെ വിട്ടുപോരികയെന്നത് ആയാസമേറിയ പ്രവൃത്തിയാണ്. അതിനേക്കാൾ എത്രയോ സുഗമതയുള്ള പ്രവൃത്തിയാണ് മനസ്സിനെ എപ്പോഴും ലക്ഷ്യത്തിൽതന്നെ നിർത്തുകയെന്നത്. വന്നുചേർന്ന വിക്ഷേപങ്ങളിൽ നിന്നു ചിലപ്പോൾ വിട്ടുപോരാൻ കഴിഞ്ഞില്ലെന്നുകൂടി വന്നേയ്ക്കാം. അതിനാൽ ലക്ഷ്യവിസ്മൃതില്ലാതിരിക്കുകയെന്നത് അതിപ്രധാനമായൊരു സംഗതിയാണ്. അങ്ങിനെ ചെയ്യാതെ മനസ്സിന്നു പ്രമാദം സംഭവിക്കുന്നുവെങ്കിൽ ചിലപ്പോൾ എല്ലാ പ്രയത്നവും നിഷ്ഫലമായെന്നുകൂടി വന്നേയ്ക്കാം. അതിനാൽ സമാധാനത്തിൽ സാധകൻ ആശ്രദ്ധ കാണിക്കാതിരിക്കുകതന്നെ വേണം. എങ്കിലേ കാലംകൊണ്ടെങ്കിലും വസ്തുപ്രാപ്തിയുണ്ടാവൂ.

ചിത്തം ച ദൃഷ്ടിം കരണം തഥാന്യ-
ദേകത്ര ബധ്നാതി ഹി ലക്ഷ്യഭേത്താ
കിഞ്ചിൽ പ്രമാദേ സതി ലക്ഷ്യഭേത്തുർ
ബ്ബാണപ്രയോഗോ വിഫലോ യഥാ തഥാ 220

ബാഹ്യാഭ്യന്തരങ്ങളായ എല്ലാ കരണങ്ങളുടേയും നേതൃത്വം മനസ്സിനാണ്. അതിനാൽ മനസ്സ് അല്പമൊന്നു ചലിച്ചാൽ മതി; എല്ലാ കരണങ്ങളും ചലിക്കാൻ തുടങ്ങും. അങ്ങിനെ വന്നാൽ വ്യവഹാരമല്ലാതെ സമാധാനമൊന്നുമുണ്ടാവാൻപോവുന്നില്ല. ലക്ഷ്യത്തിലേക്കു ബാണം വിടുന്ന ആളുടെ മനസ്സ് അല്പം

ചലിച്ചപ്പോൾ അപ്രകാരം ബാണം ലക്ഷ്യത്തിൽ തറയ്ക്കുന്നില്ല യോ; അതുപോലെ മനസ്സിന്റെ അല്പമായ ചലനം എല്ലാ കരണ ങ്ങളേയും ലക്ഷ്യത്തിൽനിന്ന് വേർപേടുത്തുകയും സമാധാന ത്തെ ഭഞ്ജിക്കുകയും ചെയ്യും. അതിനാൽ മനസ്സിനെ ലക്ഷ്യത്തി ൽനിന്ന് ഒരിക്കലും തെറ്റിക്കാതിരിക്കുകതന്നെവേണം. എങ്കിലേ കാലം കൊണ്ടെങ്കിലും ലക്ഷ്യപ്രാപ്തിയാകുന്ന അനുഭൂതിയു ണ്ടാവൂ.

സിദ്ധേശ്ചിത്തസമാധാനമസാധാരണകാരണം
യതസ്തതോ മുമുക്ഷൂണാം ഭവിതവ്യം സദാമുനാ 221

ആത്മസിദ്ധിയാകുന്ന അനുഭൂതിക്കു പല സാധനങ്ങളും കാരണങ്ങളാണെന്നു പറയാറുണ്ടെങ്കിലും ഏറ്റവും ശ്രേഷ്ഠവും അസാധാരണവുമായ കാരണമാണ് മനസ്സിന്റെ സമാധാനമെന്ന് പറയണം. എന്തു സംഭവിച്ചാലും ഇല്ലെങ്കിലും ഭവിതവ്യമാകുന്ന പ്രാരബ്ധമാണെന്നു ബോധിച്ചു മനസ്സിനെ ചലിക്കാൻ സമ്മതി ക്കാതെ ലക്ഷ്യത്തിൽതന്നെ നിലനിർത്തിക്കൊണ്ടിരിക്കണം.

അത്യന്തതീവ്രവൈരാഗ്യം ഫലലിപ്സാ മഹത്തരാ
തദേതദുഭയം വിദ്യാൽ സമാധാനസ്യ കാരണം 222

കർമ്മവാസനകളെക്കൊണ്ടും കാമാദിദുർവ്വികാരങ്ങളെ ക്കൊണ്ടും എപ്പോഴും ചഞ്ചലമായിരിക്കുന്ന മനസ്സ് എങ്ങിനെ യാണ് ഏകാഗ്രവും എപ്പോഴും ലക്ഷ്യസ്ഥിതവുമായിരിക്കുന്ന തെന്നാണെങ്കിൽ വിഷയങ്ങളിൽ അതിതീവ്രമായ വൈരാഗ്യവും, ആത്മാനുഭൂതിയിൽ അത്യന്താനുരക്തിയുംകൊണ്ടാണ് സാധി ക്കുന്നത്. പ്രസ്തുത രണ്ടു ഗുണങ്ങൾ ഒരു സാധകനിൽ അവശ്യ മുണ്ടായിരിക്കണം. വൈരാഗ്യത്തിന്റെ കുറവുകൊണ്ടാണ് മനസ്സു വിഷയങ്ങളെ സ്മരിക്കുകയും ചഞ്ചലമാവുകയും ചെയ്യുന്നത്.

അതുപോലെ ആത്മാനുഭൂതിയിലുള്ള അനുരക്തിക്കുറവാണ് വസ്തുസ്വരൂപത്തെ വിസ്മരിക്കാനും കാരണം.

ബഹിരംഗം ശ്രുതിഃ പ്രാഹ ബ്രഹ്മചര്യാദി മുക്തയേ
ശമാദിഷൾക്കമേവൈതദന്തരംഗം വിദുർബ്ബുധാഃ 223

സത്യാഹിംസാബ്രഹ്മചര്യാദിസാധനകളെ ബഹിരംഗമായിട്ടും ശമാദിഷൾക്കത്തെ അന്തരംഗസാധനയായിട്ടുമാണ് ശ്രുതി പറഞ്ഞിരിക്കുന്നതെന്ന് അറിവുള്ളവർ പറയുന്നു. ബഹിരംഗവും അന്തരംഗവും രണ്ടും മുക്തിക്കുള്ള ഉപാധികൾതന്നെ. അതിനാൽ പ്രസ്തുത രണ്ടു വർഗ്ഗങ്ങളേയും വേണ്ടപോലെ അനുഷ്ഠിക്കുകയും സിദ്ധി വരുത്തുകയും വേണം.

അന്തരംഗവിഹീനസ്യ ബഹിരംഗാൽ യതസ്തതഃ
ശമാദിഷൾക്കം ജിജ്ഞാസോരവശ്യം ഭാവ്യമാന്തരം 224

എങ്കിലും അന്തരംഗസാധനക്കാണ് പ്രാബല്യവും, പ്രാധാന്യ വും. അതിനാൽ ജിജ്ഞാസുവായൊരാൾ ശമാദിഷൾക്കത്തെ അവശ്യം അനുഷ്ഠിച്ചു സിദ്ധിവരുത്തുകതന്നെ വേണം.

അന്തരംഗവിഹീനസ്യ കൃതശ്രവണകോടയഃ
ന ഫലന്തി യഥാ യോദ്ധുരധീരസ്യാസ്ത്രസമ്പദഃ 225

ശമാദിഷൾക്കമാകുന്ന അന്തരംഗസാധനയിൽ ദൃഢത വന്നി ട്ടില്ലാത്തൊരാൾ എത്രയൊക്കെ ശ്രവണംചെയ്താലും ഫലാനു ഭൂതിയുണ്ടാവാൻപോവുന്നില്ല. ഭീരുവായ യോദ്ധാവിന്ന് എന്തൊ ക്കെ അസ്ത്രജ്ഞാനമുണ്ടായിട്ടുമെന്തു കാര്യം? അതു പോലെ യാണ് അന്തരംഗസാധനയില്ലാത്ത സാധകനും. എത്രയൊക്കെ ശ്രവണമോ എന്തൊക്കെ ജ്ഞാനമോ ഉണ്ടായിട്ടും കാര്യമില്ല.

അനുഭൂതിയുണ്ടാവാണമെങ്കിൽ അന്തഃസാധനകളെക്കൊണ്ടു വീര്യശാലിയാവുകതന്നെ വേണം.

12. മുമുക്ഷുത്വം

ബ്രഹ്മാത്മൈകത്വവിജ്ഞാനാൽ യദ്വിദ്വാൻ മോക്തുമിച്ഛതി
സംസാരപാശബന്ധം തൽ മുമുക്ഷുത്വം നിഗദ്യതേ 226

ആത്മജ്ഞാനത്തിന്നും അതുവഴിക്ക് കൈവല്യാനുഭൂതിക്കും അധികാരി സാധനചതുഷ്ടയസമ്പന്നനാണെന്ന് പറഞ്ഞു. അനന്തരം സാധനചതുഷ്ടയത്തെ നിരൂപിയ്ക്കാനും തുടങ്ങി. ആത്മാനാത്മവിവേകം, ഇഹാമുത്രാഫലഭോഗവിരാഗം, ശമാദി ഷൾക്കസമ്പത്തി എന്നീ മൂന്നു സാധനങ്ങളെ നിരൂപിക്കലായിരുന്നു ഇതുവരെ ചെയ്തത്. നാലാമത്തെ സാധനമാകുന്ന മുമുക്ഷുത്വത്തെ നിരൂപിക്കകയാണ് ഈ ശ്ലോകം മുതൽക്ക് ചെയ്യാൻ തുടങ്ങുന്നത്. മുമുക്ഷുതയെന്നാൽ എന്താണെന്നു പറയുകയാണ് ഈ ശ്ലോകംകൊണ്ടു ചെയ്യുന്നത്. ആത്മബ്രഹ്മൈക്യബോധത്തിന്റെ ദൃഢതയും അനുഭവവുമാണല്ലോ മോക്ഷത്തിന്റെ സ്വരൂപം. ആ സ്ഥിതിക്കു ദ്വൈതസ്വരൂപമായ സംസാരപാശബന്ധംതന്നെ ബന്ധം. അതിൽനിന്നു നിവൃത്തിയ്ക്കാനുള്ള ഇച്ഛ മുമുക്ഷുത്വവും. താൻ ബദ്ധനാനെന്നു ബന്ധം അജ്ഞാനകൃതമാണെന്നും ബോധിച്ച് അതിൽനിന്നു രക്ഷപ്പെടാനുള്ള തീവ്രമായ ഇച്ഛതന്നെ മുമുക്ഷുതാ.

സാധനാനാം തു സർവ്വേഷാം മുമുക്ഷാ മൂലകാരണം
അനിച്ഛോരപ്രവൃത്തസ്യ ക്വ ശ്രുതിഃ ക്വ നു തൽഫലം 227

മോക്ഷസാധകങ്ങളായ സാധനകളിൽവെച്ച് ഏറ്റവുമധികം പ്രാധാന്യം മുമുക്ഷുതയ്ക്കാണ്. എന്തുകൊണ്ടെന്നാൽ മോക്ഷത്തി

നു ഇച്ഛതന്നെ ഇല്ലെങ്കിൽ പിന്നെ അതിനെ സംബന്ധിച്ച് അന്വേഷണമോ പ്രവൃത്തിയോ ഒന്നുമുണ്ടാവാൻ പോവുന്നില്ലല്ലോ. മോക്ഷേച്ഛയില്ലാത്തൊരാളെ ആരുതന്നെ വിചാരിച്ചാലും മുക്തനാക്കാനും കഴിയുകയില്ല. അതിനാൽ മുക്തിസാധനങ്ങളിൽവെച്ച് ഏറ്റവുമധികം പ്രാധാന്യം മോക്ഷേച്ഛയ്ക്കുതന്നെ. ഇച്ഛയില്ലാതൊരാൾക്ക് വൈദികജ്ഞാനമോ പ്രവൃത്തിയോ ഒന്നുമുണ്ടാവാൻ പോകുന്നില്ല.

തീവ്രമദ്ധ്യമമന്ദാതിമന്ദഭേദാശ്ചതുർവ്വിധാഃ
മുമുക്ഷാ തൽപ്രകാരോപി കീർത്ത്യതേ ശ്രൂയതാം ബുധൈഃ 228

പറയപ്പെട്ട മുമുക്ഷുത നാലു പ്രകാരത്തിലുണ്ട്. അവയ്ക്ക് തീവ്രം, മദ്ധ്യമം, മന്ദം, അതിമന്ദം എന്നീ നാലു പേരുകളും പറയാറുണ്ട്. അവയുടെ ലക്ഷണങ്ങളേയും പറയാം. വിദ്വാന്മാർ കേൾക്കട്ടെ.

താപൈസ്ത്രിഭിർന്നിത്യമനേകരൂപൈഃ
സന്തപ്യമാനോ ക്ഷുഭിതാന്തരാത്മാ
പരിഗ്രഹം സർവ്വമനർത്ഥബുദ്ധ്യാ
ജഹാതി സാ തീവ്രതരാ മുമുക്ഷാ 229

തീവ്രമുമുക്ഷുതയുടെ ലക്ഷണം പറയുന്നു. ആദ്ധ്യാത്മികം, ആധിഭൗതികം, ആധിദൈവികം എന്നീ മുന്നു പ്രകാരത്തിലുള്ള താപങ്ങൾ എല്ലാ സമയത്തും അനേകരൂപങ്ങളിൽ തന്നെ ബാധിക്കുന്നുവെന്നും അതുകൊണ്ടാണ് താനെപ്പോഴും ദുഃഖിയായിട്ടിരിക്കുന്നതെന്നും ബോധിച്ചു മനസ്സു കലങ്ങിയവനായി താപത്രയത്തിൽ നിന്നു രക്ഷപ്പെടാനുള്ള മാർഗ്ഗത്തെത്തന്നെ എപ്പോഴും അന്വേഷിക്കാൻ തുടങ്ങും. ശരീരപരിഗ്രഹവും സംസാരഭുക്തിയുമാണ് താപത്രയത്തിന്നു ഹേതുവെന്നു

ബോദ്ധ്യവുമാവും. അതിനാൽ ഇനിയെങ്കിലും ശരീരത്തെ പരിഗ്രഹിക്കുകയോ സംസാരവസ്തുക്കളെ ഭുജിക്കുകയോ ചെയ്യാതെ കഴിയണമെന്നു ദൃഢമായി തീർച്ചപ്പെടുത്തുകയും ചെയ്യും. അതിന്റെ ഫലമായി ഒരു സാധനത്തെപ്പോലും സംസാരത്തിൽ നിന്നു സ്വീകരിക്കാതെയും തൃഷ്ണയോടുകൂടി ജ്ഞാനത്തെ അന്വേഷിച്ചു കഴിയാൻ തുടങ്ങും. എന്തുതന്നെയായാലും ഇന്നെങ്കിലും മുക്തനാവണം, മുക്തനാവണം എന്ന തൃഷ്ണ നിമിഷംപ്രതി വളരുകയും അത്രമാത്രം സംസാരത്തിൽനിന്നകലുകയും ചെയ്യും. ഈ സമ്പ്രദായത്തിനു തീവ്രമുമുക്ഷുതയെന്നു പറയും.

താപത്രയം തീവ്രമവേക്ഷ്യ വസ്തു
ദൃഷ്ട്വാ കളത്രം തനയാൻ വിഹാതും
മദ്ധ്യേ ദ്വയോർല്ലോഡനമാത്മനോ യൽ
സൈഷാ മതാ മാദ്ധ്യമികീ മുമുക്ഷാ 230

താപത്രയത്തിന്റെ ശക്തിയേയും അതുകൊണ്ടുള്ള ക്ലേശങ്ങളെയും നല്ലവണ്ണമറിയുന്നുണ്ട്. അതിൽനിന്നു രക്ഷപ്പെടാൻ മോഹവുമുണ്ട്; രക്ഷപ്പെട്ടേ കഴിയൂ എന്ന നിർബ്ബന്ധം പോലുമുണ്ട്. രക്ഷപ്പെടാനുള്ള മാർഗ്ഗവും അറിയാം. പക്ഷെ സ്നേഹമയിയും സാധുവുമായ ഭാര്യയേയും വാത്സല്യഭാജനങ്ങളായ പുത്രന്മാരെയും എങ്ങിനെ ഉപേക്ഷിക്കും? അതാണൊരു വിഷമം. എന്നിങ്ങനെ വിചാരിച്ചു സംസാരത്തിന്റെയും ആത്മജ്ഞാനത്തിന്റെയും മദ്ധ്യത്തിൽ രണ്ടിലേയ്ക്കും വഴുതി വീഴാൻ തെയ്യാറായി; എന്നാൽ രണ്ടിലും വീഴാതെ നിൽക്കുന്ന സമ്പ്രദായമാണ് മദ്ധ്യമമായ മുമുക്ഷാ.

മോക്ഷസ്യ കാലോസ്തി കിമദ്യ മേ ത്വരാ
ഭുക്ത്വൈവ ഭോഗാൻ കൃതസർവ്വകാര്യഃ

മുക്ത്യൈ യതിഷ്യേഹമഥേതിബുദ്ധി–
രേഷൈവ മന്ദാ കഥിതാ മുമുക്ഷാ 231

മോക്ഷം നല്ലതാണ്; എനിക്കും സാധിക്കണം. പക്ഷേ അതിനൊക്കെ കാലമുണ്ടല്ലോ. ഇപ്പോൾതന്നെ ബദ്ധപ്പെടേണ്ട ആവശ്യമെന്താണ്? അഭീഷ്ടങ്ങളായ ഭോഗങ്ങളെയെല്ലാം അനുഭവിച്ചു തൃപ്തിപ്പെട്ടു, ചെയ്യേണ്ട കാര്യങ്ങളെയൊക്കെ ചെയ്ത് തീർത്തതിനുശേഷം മോക്ഷത്തിനുവേണ്ടിയും പരിശ്രമിക്കാം. അതാണ് ബുദ്ധിപൂർവ്വകമായ പ്രവൃത്തി. അങ്ങിനെയല്ലാതെ അനുഭവിക്കേണ്ട വിഷയങ്ങളെയൊന്നും അനുഭവിക്കാതെയും ചെയ്യേണ്ട കാര്യങ്ങലെ ചെയ്തു തീർക്കാതെയും ഉള്ള മോക്ഷപ്രയത്നം മൂഢതതന്നെയാണ് എന്നൊക്കെ വിചാരിച്ചു മോക്ഷത്തിൽ ഇച്ഛയുണ്ടെങ്കിലും സംസാരത്തിൽനിന്നു വിടാൻ തെയ്യാറില്ലാതെയുള്ള സമ്പ്രദായത്തെയാണ് മന്ദമായ മുമുക്ഷയെന്നു പറയുന്നത്.

മർഗ്ഗേ പ്രയാതുർമ്മണിലാഭവൽ മേ
ലഭേത മോക്ഷോ യദി തർഹി ധന്യഃ
ഇത്യാശയാ മൂഢധിയാം മതിർയാ
സൈഷാതിമന്ദാഭിമതാ മുമുക്ഷാ 232

വഴിയിൽക്കൂടെ പോയിക്കൊണ്ടിരിക്കുന്ന ആൾക്കു ചിലപ്പോൾ നാണ്യമോ രത്നമോ ഒക്കെ വഴിയിൽനിന്നു കണ്ടുകിട്ടാറുണ്ടല്ലോ. പ്രയത്നിക്കാതെ കിട്ടിയ ആ സമ്പത്തിൽ ലോഭിയായ മനുഷ്യൻ സന്തോഷിക്കാറുമുണ്ട്. അതേ വഴിയിൽക്കൂടെ പോയ മറ്റരൊരുടെയെങ്കിലും കയ്യിൽനിന്നു വീണതായിരിക്കണമല്ലോ ആ ദ്രവ്യം. അതുപോലെ മോക്ഷമാർഗ്ഗത്തിൽ സഞ്ചരിക്കുന്ന ജ്ഞാനസമ്പന്നന്മാരായ മഹാത്മാക്കളിൽനിന്ന് അനുഗ്രഹരൂപേണ വീണുകിട്ടുന്നു മോക്ഷമെങ്കിൽ നന്നായിരിന്നു.

എന്നാൽ ഞാൻ ധന്യനായി. അല്ലാതെ പ്രയത്നിച്ചു സാധിക്കാനൊക്കെ വിഷമമാണ്. എന്നിങ്ങിനെയുള്ള വിചാരസ്വരൂപമായ മോക്ഷേച്ഛയാണ് അതിമന്ദയായ മുമുക്ഷുതയെന്നും പറയപ്പെടുന്നത്.

ജന്മാനേകസഹസ്രേഷു തപസാfരാധിതേശ്വരഃ
തേന നിശ്ശേഷനിർദ്ധൂതഹൃദയസ്ഥിതകല്മഷഃ 233

ശാസ്ത്രവിൽ ഗുണദോഷജ്ഞോ ഭോഗ്യമാത്രേ വിനിസ്പൃഹഃ
നിത്യാനിത്യപദാർത്ഥജ്ഞോ മുക്തികാമോ ദൃഢവ്രതഃ 234

നിഷ്ടപ്തമഗ്നിനാ പാത്രമുദ്വാസ്യ ത്വരയാ യഥാ
ജഹാതി ഗേഹം തദ്വച്ച തീവ്രമോക്ഷേച്ഛയാ ദ്വിജഃ 235

സ ഏവ സദ്യസ്തരതി സംസൃതിം ഗുർവ്വനുഗ്രഹാൽ
യസ്തു തീവ്രമുമുക്ഷുഃ സ്യാൽ സ ജീവന്നേവ മുച്യതേ 236

പറയപ്പെട്ട നാലുതരം മുമുക്ഷുക്കളിൽ ആർ എപ്പോൾ മുക്തനാവുന്നുവെന്നു പറായാൻ തുടങ്ങുകയാണ്. പെട്ടെന്നു എല്ലാ ആനുകൂല്യങ്ങളും ഒത്തുചേർന്നു പരമമായ അദ്വൈതജ്ഞാനം വികസിച്ചു ജീവന്മുക്തനായി ജീവിതത്തിൽ തന്നെ മുക്തിസുഖത്തെ അനുഭവിക്കുന്നതു തീവ്രമുമുക്ഷു മാത്രമാണ്. അനേക ജന്മങ്ങളിൽ ആചരിക്കപ്പെട്ട കഠിനങ്ങളായ തപസ്സുകളെക്കൊണ്ട് ഈശ്വരനെ വേണ്ടപോലെ ആരാധിച്ചു ഭഗവദനുഗ്രഹത്തിന്നു പാത്രമായി ഭഗവൽകാരുണ്യത്തിൽ എല്ലാ ചിത്തകല്മഷങ്ങളും നീങ്ങി ജന്മനാതന്നെ ശുദ്ധാന്തഃക്കരണനായിത്തീർന്നവനാണ് തീവ്രമുമുക്ഷു. അതുകാരണത്താൽ ചെറുപ്പത്തിൽതന്നെ ഗുണദോഷവിവേകവും, ശരിയായ ശാസ്ത്രബോധവും, സംസാരവിഷയങ്ങളിൽ തീവ്രവൈരാഗ്യവുമുണ്ടാവുന്നു. അദ്ദേഹത്തിനു കൈവല്യപ്രാപ്തിയൊഴിച്ചു മറ്റൊരു വിഷയത്തി

ലും അല്പംപോലും ആഗ്രഹം ജനിക്കാനിടവരില്ല. കൈവല്യ പ്രാപ്തി മാത്രമാണ് ജീവിതംകൊണ്ട് സാധിക്കാനുള്ള ഒരേ ഒരു കാര്യമെന്നും എത്രയൊക്കെ സാഹസപ്പെട്ടും അതു സാധിക്കണ മെന്നും ദൃഢമായ വ്രതവും അതിനുവേണ്ടി തീവ്രമായ പ്രയത്ന വുമുണ്ടാവുകയും ചെയ്യും. മോക്ഷാനുഭൂതിയാകുന്ന ബ്രഹ്മ സമ്പത്തി ഒന്നുമാത്രമാണ് സത്യമെന്നും മറ്റെല്ലാം മിത്ഥ്യകളും ദുഃഖോദർക്കങ്ങളുമാണെന്നും ഉറച്ചവിശ്വാസമുള്ളതിനാൽ പ്രജ്ഞ മോക്ഷമാർഗ്ഗത്തെ വിട്ടു മറ്റൊന്നിലേക്കും പോവാനിട വരില്ല. ചുട്ടുപഴുത്ത പാത്രത്തെ അടുപ്പിൽനിന്നെടുത്തു താഴെ വെയ്ക്കുന്നതെത്രവേഗത്തിലാണോ; അത്രയും വേഗത്തിൽ ഗൃഹ കുടുംബാദിസംബന്ധങ്ങളെയെല്ലാം തീവ്രമോക്ഷേച്ഛയാകുന്ന വാളുകൊണ്ടു മുറിച്ചെറിഞ്ഞു പുറത്തിറങ്ങി മഹാത്മാവായ ആചാര്യനെ ശരണം പ്രാപിക്കും. അങ്ങിനെയുള്ള തീവ്രമുമുക്ഷു മാത്രമാണ് പെട്ടന്നു ജീവന്മുക്തനായി ജീവിതത്തിൽത്തന്നെ മുക്തിസുഖത്തെ അനുഭവിക്കുന്നത്.

ജന്മാന്തരേ മദ്ധ്യമസ്തു തദന്യസ്തു യുഗാന്തരേ
ചതുർത്ഥഃ കല്പകോട്യാം വാ നൈവ ബന്ധാൽ വിമുച്യതേ 237

മദ്ധ്യമമായ മുമുക്ഷുതയുള്ള ആൾ അടുത്ത ജന്മത്തിലോ അല്ലെങ്കിൽ മറ്റേതെങ്കിലും ജന്മത്തിലോ മുക്തനായേക്കാം. മന്ദമുമുക്ഷുവാകട്ടെ യുഗങ്ങൾക്കു ശേഷമല്ലാതെ മുക്തനാവാൻ പോവുന്നില്ല. എന്നാൽ അതിമന്ദമുമുക്ഷുവിന്റെ കഥ അതിലും കഷ്ടവും ദയനീയവുമാണ്. അനേക കല്പങ്ങൾക്കു ശേഷം ചിലപ്പോൾ അയാൾ മുക്തനായെന്നുവന്നേക്കാം. കേവലം മുക്തി സാദ്ധ്യതയില്ലാതെ എന്നും സംസാരത്തിൽതന്നെ ഉഴലാനിട വന്നുവെന്നും വരാം.

നൃജന്മ ജന്തോരതി ദുർല്ലഭം വിദു–
സ്തതോപി പുംസ്ത്വം ച തതോ വിവേകഃ
ലബ്ധ്വാ തദേതൽ ത്രിതയം മഹാത്മാ
യതേത മുക്ത്യൈ സഹസാ വിരക്തഃ 238

മനുഷ്യജന്മമെന്നതു കിട്ടിക്കഴിയുമ്പോൾ സുലഭമാണെന്നു തോന്നാമെങ്കിൽകൂടി എത്രയോ ദുർല്ലഭമാണ്. അന്യയോനികളിൽ അനേകമനേകം ജനനമരണങ്ങളെ കഴിച്ചുകൂട്ടിയതിന്റെ ശേഷമാണ് പുണ്യബലത്താൽ ജിവന്നു ഒരു മനുഷ്യജന്മം കിട്ടുന്നത്. വിവേകത്തോടും തന്റേടത്തോടുംകൂടിയ പുരുഷനായി ജനിക്കുകയെന്നത് അതിലും എത്രയോ ദുർല്ലഭമായ കാര്യമാണ്. അതിനാൽ മനുഷ്യജന്മവും, പുരുഷത്വവും വിവേകവുംകൂടി കിട്ടിയെന്നുവെന്നാൽ അതിൽപ്പരം ഒരു ഭാഗ്യമോ ഈശ്വരകാരുണ്യമോ കിട്ടാനില്ല. എന്നാൽ അവ മൂന്നും കൈവന്നിട്ടും ആർ തന്റെ കാര്യമായ മുക്തിക്കുവേണ്ടി പരിശ്രമിക്കുന്നില്ലയോ; അവനേക്കാൾ മൂഢനായിട്ടാരുംതന്നെയില്ലെന്നു പറയണം. അതിനാൽ ഭഗവൽകാരുണ്യത്താൽ പ്രസ്തുത മൂന്നു സാധനങ്ങളും കൈവന്ന സുകൃതി തീവ്രവൈരാഗ്യത്തെ വളർത്തി സംസാരത്തിൽനിന്നകന്നു മുക്തിക്കുവേണ്ടി അനവരതം യത്നം ചെയ്യുകതന്നെവേണം.

പുത്രമിത്രകളത്രാദി സുഖം ജന്മനി ജന്മനി
മർത്ത്യത്വം പുരുഷത്വം ച വിവേകശ്ച ന ലഭ്യതേ 239

മക്കളും, ബന്ധുക്കളും ഭാര്യയും മറ്റും ഏതു ജന്മത്തിലുമുണ്ടാവും. മനുഷ്യൻ തന്നെയായിക്കൊള്ളണമെന്നില്ല. എല്ലാ ജീവികൾക്കും പ്രായേണ അവയൊക്കെയുണ്ട്. അതിനാൽ അങ്ങിനെയുള്ള സുഖങ്ങളൊക്കെ മനുഷ്യനെ ഉള്ളു എന്നു വരുന്നില്ല. അവയൊന്നും ദുർല്ലഭങ്ങളല്ല. മനുഷ്യത്വം,

പുരുഷത്വം, വിവേകം ഇവയാണ് ഒരു ജീവന്നു ദുർല്ലഭങ്ങളായിട്ടിരിക്കുന്ന മൂന്നു വസ്തുക്കൾ. അതിനാൽ ദൈവഗത്യാ അവ കൈവന്നു കഴിഞ്ഞാൽ വേണ്ടപോലെ ഉപയോഗപ്പെടുത്തുക തന്നെ വേണം.

ലബ്ധ്വാ സുദുർല്ലഭതരം നരജന്മ ജന്തു–
സ്തത്രാപിപൗരുഷമതഃ സദസദ്വിവേകം
സംപ്രാപ്യ ചൈഹികസുഖാഭിരതോ യദി സ്യാൽ
ധിക് തസ്യ ജന്മ കുമതേഃ പുരുഷാധമസ്യ **240**

എത്രയോ ദുർല്ലഭങ്ങളായ മനുഷ്യജന്മവും, പുരുഷത്വം, സത്യാസത്യവിവേകവും കിട്ടീട്ടുകൂടി അവയുടെ മാഹാത്മ്യത്തെ ഓർത്ത് വേണ്ടപോലെ ഉപയോഗപ്പെടുത്താത വിഷയാനുഭവങ്ങൾക്കുവേണ്ടിതന്നെ ആയുസ്സു മുഴുവൻ ചിലവഴിക്കുന്നു ഒരാളെന്നുവന്നാൽ ദുർബ്ബുദ്ധിയും മൂഢനുമായ അയാളുടെ ജന്മവും ജീവിതവും കഷ്ടമെന്നേ പറയാനുള്ളു.

ഖാദതേ മോദതേ നിത്യം
ശുനകഃ സൂകരഃ ഖരഃ
തേഷാമേഷാം വിശേഷഃ കോ
വൃത്തിർയ്യേഷാം തു തൈഃ സമാ **241**

നായ, പന്നി, കഴുത തുടങ്ങിയ മൃഗങ്ങൾകൂടി പതിവായി പലവിധ വിഷയങ്ങളെ ഭുജിക്കുകയും അതുവഴിക്കുള്ള ആനന്ദത്തെ അനുഭവിക്കുകയും ചെയ്യാറുണ്ട്. വിവേകമുള്ള മനുഷ്യനും അത്രമാത്രമേ ചെയ്യുന്നുള്ളുവെങ്കിൽ പിന്നെ അവരിൽനിന്ന് അയാൾക്കെന്തൊരു വ്യത്യാസമാണുള്ളത്? ഒന്നുംതന്നെയില്ലെന്നു പറയണം. വൃത്തികൾക്കു തമ്മിൽ സാമ്യമുള്ളവരെ ഒരു വർഗ്ഗമായി പരിഗണിക്കുന്ന പതിവുണ്ടല്ലോ.

യാവന്നാശ്രയതേ രോഗോ യാവന്നാക്രമതേ ജരാ
യാവന്ന ധീർവ്വിപര്യേതി യാവൽമൃത്യും ന പശ്യതി 242

താവദേവ നരഃ സ്വസ്ഥഃ സാരഗ്രഹണതൽപ്പരഃ
വിവേകീ പ്രയതേതാശു ഭവബന്ധവിമുക്തയേ 243

രോഗങ്ങളെക്കൊണ്ട് ആർത്തനാവുകയോ, ജരാനരകൾ വന്നാക്രമിക്കുകയോ, ബുദ്ധിക്കു മാറ്റം സംഭവിക്കുകയോ, മരണത്തെ കണ്ടുമുട്ടുകയോ ചെയ്യതിരിക്കുംകാലത്തോളം മാത്രമെ മനുഷ്യൻ സ്വസ്ഥനായിരിക്കുന്നുള്ളു. അങ്ങിനെയുള്ള സമയത്തു മാത്രമേ അറിയേണ്ടതിനെ അറിയാനുള്ള കഴിവോ താല്പര്യമോ പ്രയത്നമോ ഉണ്ടാവാനും പോവുന്നുള്ളു. അതിനാൽ അസ്വാസ്ഥ്യങ്ങൾ ശരീരത്തേയും ജീവിതത്തേയും അക്രമിക്കുന്നതിനുമുമ്പു വിവേകിയായ മനുഷ്യൻ സംസാരബന്ധത്തിൽ നിന്നു വിട്ടുപോന്നു ലക്ഷ്യമായ കൈവല്യത്തെ പ്രാപിക്കാൻ ശ്രമിക്കേണ്ടതാണ്. ഇല്ലെങ്കിൽ പിന്നെ പശ്ചാത്തപിക്കേണ്ടിവരും.

ദേവർഷിപിതൃമർത്ത്യർണ്ണബന്ധമുക്താസ്തു കോടിശഃ
ഭവബന്ധവിമുക്തസ്തു യഃ കശ്ചിൽ ബ്രഹ്മവിത്തമഃ 244

ദേവന്മാർ, ഋഷികൾ, പിതൃക്കൾ, മനുഷ്യർ എന്നിവരുടെ ഋണബന്ധങ്ങളിൽനിന്നു മുക്തന്മാരായവർ കോടിക്കണക്കിലുണ്ടാവും. എന്നാൽ സംസാരബന്ധത്തിൽനിന്നു മോചിച്ച ബ്രഹ്മജ്ഞാനി എപ്പോഴെങ്കിലും ചിലപ്പോൾ എവിടെയെങ്കിലും ഒന്നോ രണ്ടോ പേരേ ഉണ്ടാവു. എന്തുകൊണ്ടെന്നാൽ ബ്രഹ്മജ്ഞാനവും സംസാരബന്ധമുക്തിയും എത്രയോ ദുർല്ലഭവും ഗൗരവമേറിയതുമാണ്. അതിനെ സമ്പാദിക്കാനുള്ള സന്ദർഭം കിട്ടിയാൽ ഒരിക്കലും നഷ്ടപ്പെടുത്താനിടവരരുത്.

അന്തർബ്ബന്ധേന ബദ്ധസ്യ കിംബഹിർബന്ധമോചനൈഃ
തദന്തർബ്ബന്ധമുക്ത്യർത്ഥം ക്രിയതാം കൃതിഭിഃ കൃതിഃ 245

അകത്തു രാഗാദിവികാരങ്ങളോ അല്ലെങ്കിൽ അവക്കെല്ലാം മൂലകാരണമായ അജ്ഞാനമോ ആകുന്ന കയറുകൊണ്ടു കെട്ടപ്പെട്ടിരിക്കുന്നു ജീവനെങ്കിൽ പുറമെയുള്ള കരചരണാദി അവയവങ്ങളിലെ ബന്ധത്തെ വേർപ്പെടുത്തിയതുകൊണ്ട് എങ്ങിനെ മുക്തനാവും? ഒരിക്കലും ആവാൻ വയ്യ. എന്തു കൊണ്ടെന്നാൽ ജീവന്റെ ബന്ധമാണ് ദുഃഖകാരണം. അല്ലാതെ ശരീരബന്ധനമല്ല. ജീവന്റെ ബന്ധമാകട്ടെ അജ്ഞാനംകൊണ്ടു ണ്ടായതുമാണ്. അതിനാൽ അജ്ഞാനബന്ധനിവൃത്തിക്കായി സുകൃതികൾ അനവരതം പ്രയതിക്കേണ്ടതാണ്.

കൃതിപര്യവസാനൈവ മതാ തീവ്രമുമുക്ഷുതാ
അന്യാ തു രഞ്ജനാമാത്രാ യത്ര നോ ദൃശ്യതേ കൃതിഃ 246

ശ്രവണമനനനിദിദ്ധ്യാസങ്ങളാകുന്ന പ്രയത്നങ്ങളെക്കൊണ്ടു മാത്രമേ മോക്ഷേച്ഛ സഫലമായിത്തീരൂ. അജ്ഞാനബന്ധനാശ ത്തിനായ്ക്കൊണ്ടു നിരന്തരം പ്രയതിക്കാതെ സ്വസ്ഥനായി രിക്കുന്നു മോക്ഷേച്ഛുവെങ്കിൽ അങ്ങിനെയുള്ള മോക്ഷേച്ഛ സഫലമാവാൻ പോവുന്നില്ല. എന്തു കാര്യത്തിന്നും ഇച്ഛമാത്രം പോര, പ്രയത്നംകൂടി വേണം. എങ്കിലേ ഫലമുണ്ടാവാൻ പോവുന്നുള്ളു. മോക്ഷത്തിന്നു അങ്ങിനെതന്നെ ഇച്ഛമാത്രം പോര; പ്രയത്നംകൂടി അവശ്യമുണ്ടായിരിക്കണം.

ഗേഹാദി സർവ്വമപഹായ ലഘുത്വബുദ്ധ്യാ
സൗധ്യേച്ഛയാ സ്വപതിനാനലമാവിവിക്ഷോ
കാന്താജനസ്യ നിയതാ സുദൃഢാ ത്വരാ യാ
സൈഷാ ഫലാന്തഗമനേ കരണം മുമുക്ഷോഃ 247

ഭർത്താവ് മരിച്ചാൽ പതിവ്രതയായ പത്നി ഭർത്തൃദേഹത്തോടുകൂടി അഗ്നിയിൽ ദഹിച്ചു ഭർത്തൃലോകത്തേയ്ക്കുപോവുന്ന പതിവുണ്ട്. വാസ്തവത്തിൽ ഗൃഹം, പുത്രൻ, സമ്പത്തു തുടങ്ങി തനിക്കു ഏറ്റവും പ്രിയപ്പെട്ടവയും ഉപേക്ഷിക്കാൻ കഴിയാത്തവയുമായ അനേക പദാർത്ഥങ്ങൾ ഇവിടെയുണ്ട്. എങ്കിലും അവയെക്കാളെല്ലാം വലുതായിട്ടിരിക്കുന്നു ഭർത്താവ്. അതിനാൽ ഭർത്താവിനു വേണ്ടി എന്തും ത്യജിക്കാൻ പതിവൃത തെയ്യാറാവുന്നു. തന്റെ ശരീരത്തെ ഉപേക്ഷിച്ച് അഗ്നിയിൽ ആഹുതി ചെയ്തിട്ടാണല്ലോ പതിലോകത്തേയ്ക്കു ഗമിക്കുന്നത്. ഇതുപോലെതന്നെയാണ് മുമുക്ഷുവിന്റെയും അവസ്ഥ. പതിവ്രതയായ സ്ത്രീക്കു ഭർത്താവിന്റെ മരണശേഷം ഉടന്തടി ചാടി പതിലോകത്തെത്താനുള്ള ബദ്ധപ്പാടും ത്യഗവും എത്ര വലുതാണോ, അതുപോലെയോ അതിലും അധികരിച്ചോ ഉള്ള ബദ്ധപ്പാടും ത്യാഗവും മുമുക്ഷുവിന്നു മോക്ഷപ്രാപ്തിക്കും ഉണ്ടാവണം. എങ്കിലേ എന്തു ചെയ്താലും കാലം കൊണ്ടെങ്കിലും മുക്താനാവാൻ പോവുന്നുള്ളു.

നിത്യാനിത്യവിവേകശ്ച ദേഹക്ഷണികതാമതിഃ
മൃത്യോർഭീതിശ്ച താപശ്ച മുമുക്ഷാവൃദ്ധികാരണം 248

ഞാനെന്നും എന്റേതെന്നും അഭിമാനിക്കുന്ന ഈ ശരീരം അടുത്ത നിമിഷത്തിൽ നിലനിൽക്കുമോ എന്നുപോലും അറിയില്ലെന്ന നിലയ്ക്കു അതിൽ വേണ്ടത്ര അവജ്ഞയും അനാസ്ഥയും വളരുന്നതു നിത്യാനിത്യവസ്തുവിവേകം ദൃഢപ്പെട്ടു നിൽക്കാൻ വളരെ നല്ലതാണ്. അതുപോലെ മരണഭീതിയും മരണദുഃഖവും വളരുന്നതു മോക്ഷേച്ഛ ദൃഢപ്പെടാനും വളരെ നല്ല നിലയിൽ ഉപകരിക്കുമെന്നു പറയണം.

ശിരോ വിവേകസ്ത്വത്യന്തം വൈരാഗ്യം വപുരുച്യതേ
ശമാദയഃ ഷഡംഗാനി മോക്ഷേച്ഛാ പ്രാണ ഇഷ്യതേ 249

ഈദൃശാംഗസമായുക്താ ജിജ്ഞാസുർയുക്തികോവിദഃ
ശൂരോ മൃത്യും നിഹന്ത്യേവ സമ്യക്ജ്ഞാനാസിനാ ധ്രുവം 250

ആത്മജ്ഞാനത്തെ ഒരു ശരീരമായിക്കണക്കാക്കുന്നുവെങ്കിൽ നിത്യാനിത്യാവസ്തുവിവേകം അതിന്റെ ശിരസ്സും വൈരാഗ്യം ശരീരവും ശമാദികൾ കരചരണാദ്യവയവങ്ങളും മോക്ഷേച്ഛ പ്രാണനുമാണ്. പറയപ്പെട്ട അംഗങ്ങളിൽ എതേതിനു കുറവു വരുന്നുവോ; ശരീരത്തിനെന്നപോലെ അതു ആത്മജ്ഞാനത്തിനും ബാധകമായിത്തീരും. പറയപ്പെട്ട അവയവങ്ങളുടെ പൂർത്തിയോടും വസ്തുവിചാരത്തിൽ സാമർത്ഥ്യത്തോടുകൂടിയ ജിജ്ഞാസുവിന്നു തീർച്ചയായും ആത്മജ്ഞാനത്തെ സമ്പാദിക്കാൻ കഴിയും. ആത്മജ്ഞാനമാകുന്ന വാളുകൊണ്ടു തന്റെ ശത്രുവായ മൃത്യുവെ ജയിച്ചു ചരിതാർത്ഥനാവാനും സാധിക്കും.

ഉക്തസാധനസമ്പന്നോ ജിജ്ഞാസുർയതിരാത്മനഃ
ജിജ്ഞാസായൈ ഗുരും ഗച്ഛേൽ സമിൽപാണിർന്നയോജ്വലഃ 251

പറയപ്പെട്ട സാധനങ്ങൾ വേണ്ടപോലെ സമ്പാദിച്ചു സ്വായത്തമാക്കിയ ജിജ്ഞാസു ആത്മജ്ഞാനപ്രാപ്തിക്കുവേണ്ടി ഇന്ദ്രിയങ്ങളെ അടക്കി നയോപായങ്ങളോടുകൂടി ഗുരുസന്നിധിയെ പ്രാപിക്കണം. ഗുരുസന്നിധിയിൽ വേണ്ടതുപോലെ പെരുമാറാൻ കഴിയണമെന്ന അർത്ഥത്തെ സുചിപ്പിച്ചാണ് നയോപായങ്ങളുണ്ടാവണമെന്നു പറഞ്ഞത്. പ്രഥമ ദർശനത്തിൽ തന്നെ ആചാര്യൻ അനുകമ്പയും വിശ്വാസവുമുണ്ടാവണം. പിന്നെ അറിയേണ്ടതിനെ ചോദിക്കാനുള്ള കഴിവുമുണ്ടാവണം.

ശ്രോത്രിയോ ബ്രഹ്മനിഷ്ഠോ യഃ പ്രശാന്തഃ സമദർശനഃ
നിർമ്മമോ നിരഹങ്കാരോ നിർദ്വന്ദോ നിഷ്പരിഗ്രഹഃ 252

അനപേക്ഷഃ ശുചിർദ്ദക്ഷഃ കരുണാമൃതസാഗരഃ
ഏവം ലക്ഷണസമ്പന്നഃ സ ഗുരുർബ്രഹ്മവിത്തമഃ
ഉപാസാദ്യഃ പ്രയത്നേന ജിജ്ഞാസോഃ സ്വാർത്ഥസിദ്ധയേ 253

ഗുരുവിന്റെ ലക്ഷണങ്ങളെപ്പറയുകയാണ് ഈ രണ്ടു ശ്ലോകങ്ങളെക്കൊണ്ടു ചെയ്യുന്നത്. ആചാര്യൻ അനുഭവരസികനായിരിക്കണം. എങ്കിലേ ശിഷ്യൻ ശ്രവണംകൊണ്ട് നിസ്സംശയത്വം കൈവരൂ. ഉറങ്ങുന്ന ആൾക്ക് മറ്റുള്ളവരെ ഉണർത്താൻ കഴിയാത്തതുപോലെയും, സ്വയം കെട്ടപ്പെട്ടവനു മറ്റുള്ളവരുടെ കെട്ടഴിക്കാൻ കഴിയാത്തതുപോലെയും അനുഭവരസികനല്ലാത്ത ആചാര്യനു മറ്റുള്ളവർക്കു അനുഭൂതിയെ പകർന്നുകൊടുക്കാനും കഴിയില്ല. ആ നിലയ്ക്ക് ആചാര്യന്റെ ലക്ഷണങ്ങൾ നിരൂപിക്കേണ്ടിയിരിക്കുന്നു. അതാണ് ആചാര്യലക്ഷണങ്ങളെപ്പറയാൻ കാരണം. ശരിയായ വൈദികജ്ഞാനം, ബ്രഹ്മനിഷ്ഠ, എല്ലാ കരണങ്ങളുമടങ്ങി സ്ഫുരിക്കുന്ന അമൃതായമാനമായ ശാന്തി, എല്ലാവരോടും എല്ലാറ്റിനോടും എപ്പോഴും തുല്യഭാവം, അഹന്താമമതകളുടെ അഭാവം, ശീതോഷ്ണസുഖദുഃഖാദി ദ്വന്ദ്വങ്ങളുടെ ബാധയില്ലായ്മ, ഒന്നിനെയും തന്റേതാക്കി സ്വീകരിക്കാതിരിക്കൽ, ഒന്നിലും അപേക്ഷയില്ലായ്മ, ബാഹ്യാഭ്യന്തരശുദ്ധി, കാര്യങ്ങളിൽ കുശലത, അപാരമായ കാരുണ്യം എന്നിവയാണ് ഉത്തമനായ ആചാര്യന്റെ ലക്ഷണങ്ങൾ. ബ്രഹ്മജ്ഞാനികളിൽവെച്ച് ശ്രേഷ്ഠനായ ഒരാളിൽ മാത്രമെ പറയപ്പെട്ട ലക്ഷണങ്ങൾ പൂർണ്ണമായുണ്ടായിരിക്കൂ. അങ്ങിനെയുള്ള മഹാത്മാവാണ് ആചാര്യൻ. അദ്ദേഹത്തെയാണാശ്രയിക്കേണ്ടത്. അതുകൊണ്ടേ പ്രയോജനവുമുള്ളൂ.

ജന്മാനേകശതൈസ്സദാദരയുജാ
ഭക്ത്യാ സമാരാധിതോ
ഭക്തൈർവൈദികലക്ഷണേന വിധിനാ
സന്തുഷ്ട ഈശഃ സ്വയം
സാക്ഷാൽ ശ്രീഗുരുരൂപമേത്യ കൃപയാ
ദൃഗ്ഗോചരസ്സൻ പ്രഭുഃ
തത്വം സാധുവിബോദ്ധ്യ താരയതി താൻ
സംസാരദുഃഖാർണ്ണവാൽ 254

ആത്മജ്ഞാനസമ്പന്നൻമാരും അനുഭൂതിരസികന്മാരുമായ മഹാത്മാക്കൾ പലപ്പോഴുമുണ്ടായേക്കാം. എന്നാൽ അങ്ങിനെയുള്ളവരെല്ലാം ആചാര്യന്മാരാവാറില്ല. ആചാര്യനായിത്തീരുന്ന മഹാത്മാവ് ജന്മനാതന്നെ ആചാര്യത്വലക്ഷണങ്ങളോടുകൂടിയിരിക്കും. എന്നാൽ അവ സന്ദർഭം വരുമ്പോഴേ വേണ്ടത്ര പ്രകാശിച്ചുള്ളുവെന്നു വന്നേക്കാം. എങ്കിലും ആചാര്യലക്ഷണങ്ങൾ കുറേശ്ശയായെങ്കിലും അദ്ദേഹത്തിന്റെ നേരത്തെത്തന്നെ കാണത്തക്കവയായിരിക്കും. കൂടാതെ അനേക ഭക്തന്മാരെ ഉദ്ധരിക്കാനുള്ള ആചാര്യത്വത്തിനുവേണ്ടി മാത്രമണദ്ദേഹത്തിന്റെ ജനനംതന്നെ. അതിനാൽ ആചാര്യൻ മനുഷ്യനല്ല; പ്രത്യക്ഷമായ ഈശ്വരാവതാരംകൂടിയാണ്. അനേകജന്മങ്ങളിൽ അത്യന്തഭക്തിയോടും, വൈദികവിധിക്കനുസരിച്ചും ഭജിച്ച ഭക്തന്മാരിൽ സന്തുഷ്ടനായ ഈശ്വരൻ പ്രസ്തുത ഭക്തന്മാരെ അനുഗ്രഹിക്കാൻ വേണ്ടിയാണ് ആചാര്യസ്വരൂപേണ അവതരിക്കുന്നത്. ഭക്തന്മാരോടുള്ള കാരുണ്യംമാത്രമാണ് അവതാരത്തിന്നുള്ള ഹേതു. പരമതത്വത്തെ ഉൽബോധിപ്പിച്ച് അവരെ സംസാരസമുദ്രത്തിൽ നിന്നുദ്ധരിക്കുന്നു എന്നതുതന്നെ അനുഗ്രഹത്തിന്റെയും സ്വരൂപം. അതിനാൽ ആചാര്യനിൽ മനുഷ്യബുദ്ധിയുണ്ടാവരുത്. തികച്ചും ഈശ്വരബുദ്ധിയുണ്ടാവുകയും വേണം. ഈശ്വര

സന്നിധിയിൽ എങ്ങിനെയാണോ പെരുമാറേണ്ടത്; ആചാര്യ സന്നിധിയിലും അതേ രുപത്തിലേ പേരുമാറുകയും ചെയ്യാവൂ. ഈശ്വരനിലെന്നപോലെ ഗുരുവിലും നിഷ്ക്കളങ്കഭക്തിയുണ്ടാവുകയും വേണം.

അവിദ്യാഹൃദയഗ്രന്ഥിവിമോക്ഷോപി ഭവേദ്യതഃ
തമേവ ഗുരുരിത്യാഹുർഗ്ഗുരുശബ്ദാർത്ഥവേദിനഃ 255

അവിദ്യാസ്വരൂപമായ ഹൃദയഗ്രന്ഥി ആരുടെ അനുഗ്രഹം ഹേതുവായിട്ട് പൊട്ടിത്തകരുന്നുവോ, ഗ്രന്ഥിഭേദനം ഹേതുവായിട്ട് നിരുപാധികമായ കൈവല്യസ്വരൂപവും സ്വയം പ്രകാശിക്കുന്നുവോ; ആ മഹാത്മാവണ് ഗുരു എന്നു ഗുരുശബ്ദത്തിന്റെ അർത്ഥബോധികളായ ആപ്തന്മാർ പറയുന്നു.

ശിവ ഏവ ഗുരുഃ സാക്ഷാൽ ഗുരുരേവ ശിവസ്സ്വയം
ഉഭയോരന്തരം കിഞ്ചിൽ ന ദ്രഷ്ടവ്യം മുമുക്ഷുഭിഃ 256

കൈവല്യമൂർത്തിയും ജഗന്നിയന്താവുമായ സാക്ഷാൽ പരമശിവനും ഗുരുവും തമ്മിൽ യാതൊരു ഭേദവുമില്ല. ഗുരുവിനെ സാക്ഷാൽ ശിവനായും, ശിവനെത്തന്നെ പ്രത്യക്ഷശരീരധാരിയായ ഗുരുവായും കാണണം. വിവേകികളായ മുമുക്ഷുക്കൾ അങ്ങിനെയാണ് കാണുന്നത്.

ബന്ധമുക്തം ബ്രഹ്മനിഷ്ഠം കൃതകൃത്യം ഭജേൽ ഗുരും
യസ്യ പ്രസാദാൽ സംസാരസാഗരോ ഗോഷ്പദായതേ 257

സംസാരബന്ധത്തിൽനിന്ന് കേവലം വിമുക്തനും എപ്പോഴും ബ്രഹ്മനിഷ്ഠയിൽമാത്രം മുഴുകിയവനും കർത്തവ്യപ്രാപ്തവ്യങ്ങളവസാനിച്ചവനുമായ മഹാത്മാവിനെ ഈശ്വരബുദ്ധിയോടുകൂടി ഗുരുവായി വരിക്കണം. എന്തുകൊണ്ടെന്നാൽ അദ്ദേഹത്തിന്റെ

കൃപാപൂർണ്ണമായ അനുഗ്രഹംകൊണ്ടു മാത്രമേ അപാരമായ സമുദ്രംപോലുള്ള സംസാരം പശുവിന്റെ കുളമ്പടിപ്പാടുപോലെ നിസ്സാരമായിത്തീരു.

ശുശ്രൂഷയാ സദാ ഭക്ത്യാ പ്രണാമൈർവ്വിനയോക്തിഭിഃ
പ്രസന്നം ഗുരുമാസാദ്യ പ്രഷ്ടവ്യം ജ്ഞേയമാത്മനഃ 258

ഭക്തിപൂർവ്വങ്ങളായ ശുശ്രൂഷകളെക്കൊണ്ടും എപ്പോഴും പ്രകാശിപ്പിക്കുന്ന നിഷ്ക്കളങ്കമായ ഭക്തികൊണ്ടും നമസ്കാരങ്ങളെക്കൊണ്ടും, വിനയപൂർവ്വങ്ങളായ വാക്കുകളെക്കൊണ്ടും ഗുരുവിനെ വേണ്ടപോലെ സന്തോഷിപ്പിച്ചശേഷം അദ്ദേഹത്തെ സമീപിച്ച് അറിയേണ്ട കാര്യങ്ങളെ ചോദിക്കണം.

ഭഗവൻ കരുണാസിന്ധോ ഭവസിന്ധോർഭവാംസ്തരിഃ
യാമാശ്രിത്യാശ്രമേണൈവ പരം പാരം ഗതാഃ ബുധാഃ 259

ഗുരുസന്നിധിയിൽചെന്നു ചോദിക്കേണ്ട സമ്പ്രദായത്തെപ്പറയുന്നു. കരുണാനിധിയായ ഭഗവാനേ! അപാരവും അഗാധവുമായ ഈ സംസാരസമുദ്രത്തിന്റെ മറുകരയെത്താൻ പറ്റിയ സുരക്ഷിതമായ തോണിയാണ് അവിടുന്ന്. അവിടുത്തെ ദയാപൂർവ്വമായ അനുഗ്രഹത്തിൽകൂടെയല്ലാതെ ആർക്കുംതന്നെ ഇതിന്റെ മറുകര പറ്റാൻ സാദ്ധ്യമല്ല. എന്നാൽ അങ്ങയെ ആശ്രയിക്കുന്ന സുകൃതികളായ മുമുക്ഷുക്കളാകട്ടെ യാതൊരു വിഷമവും കൂടാതെ ഭയങ്കരമായ ഈ സംസാരവാരാന്നിധിയുടെ മറുകരയെത്തിച്ചേരുന്നു. അതിനാൽ ഇവനേയും അങ്ങിനെ സംസാരത്തെക്കടത്തിത്തരണേ! എന്ന് താല്പര്യം.

ജന്മാന്തരകൃതാനന്തപുണ്യകർമ്മഫലോദയഃ
അദ്യ സന്നിഹിതോ യസ്മാൽ ത്വൽകൃപാപാത്രമസ്മ്യഹം 260

ഞാൻ അനേക ജന്മങ്ങളിൽചെയ്ത അനന്തങ്ങളായ പുണ്യ കർമ്മങ്ങളുടെ ഫലംകൊണ്ടാണ് ഈശ്വരസ്വരൂപിയായ അവിടുത്തെ കാണാനും ഇവിടെ വന്നാശ്രയിക്കാനും ഇടയായത്. വേണ്ടത്ര പുണ്യം വളർന്നവർക്കല്ലാതെ അങ്ങയെപ്പോലുള്ള മഹാത്മാക്കളെ കണ്ണുകൊണ്ട് കാണാൻ പോലും സാധിക്കില്ല. ഭാഗ്യമെന്നു പറയട്ടെ! എനിക്കവിടുത്തെ കാണാനും ആശ്രയിക്കാനും അവിടുത്തെ കാരുണ്യത്തിന്നു പാത്രമാവാനും ഇടവന്നതിൽ ഞാൻ ധന്യനായി.

സമ്പ്രീതിമക്ഷ്ണോഃ വദനപ്രസാദ–
മാനന്ദമന്തഃക്കരണസ്യ സദ്യഃ
വിലോകനം ബ്രഹ്മവിദസ്തനോതി
ഛിനത്തി മോഹം സുഗതിം വ്യനക്തി 261

ബ്രഹ്മജ്ഞനായ മഹാത്മാവിന്റെ ദർശനമാത്രം കൊണ്ടുതന്നെ മുഖത്തിന്നും കണ്ണുകൾക്കും പ്രസാദവും, മനസ്സിന്നു സന്തോഷവും പെട്ടന്നുണ്ടാവും. കൂടാതെ അജ്ഞാനത്തെ അകറ്റുകയും, നേർവഴിയെ പ്രകാശിപ്പിക്കുകയുംകുടി ചെയ്യുന്നു. അങ്ങിനെയുള്ള മഹാത്മാവായ ആചാര്യന്റെ സേവനം ആരെയാണ് മുക്തനാക്കാത്തത്.

ഹുതാശനാനാം ശശിനാമിനാനാ
മപ്യർബ്ബുദം വാപി ന യന്നിയന്തും
ശക്നോതി തൽ ദ്ധ്വാന്തമനന്തമാന്തരം
ഹന്ത്യാത്മവേത്താ സകൃദീക്ഷണേന 262

കോടികോടിക്കണക്കിലുള്ള അഗ്നികൾക്കോ ചന്ദ്രന്മാർക്കോ ആദിത്യന്മാർക്കോ നശിപ്പിക്കാൻ കഴിയാത്ത കട്ടികൂടിയ ഭയങ്കരമായ തമസ്സിനെയാണ് ബ്രഹ്മജ്ഞാനായ മഹാത്മാവ് ഒരൊറ്റ

നോട്ടം കൊണ്ടുമാത്രം അകറ്റുന്നത്. ആ സ്ഥിതിക്ക് അങ്ങിനെയുള്ളവരുടെ ഉപദേശവും സഹവാസവുംകൂടി ലഭിക്കുന്നവർക്ക് സംസാരനിവൃത്തിയും കൈവല്യപ്രാപ്തിയുമുണ്ടാവുന്നുവെന്ന തത്ഭുതമാണോ.

ദുഷ്പാരേ ഭവസാഗരേ ജനിമൃതി
വ്യാധ്യാദി ദുഖോൽക്കടേ
ഘോരേ പുത്രകളത്രമിത്രബഹുല
ഗ്രാഹാകരേ ഭീകരേ
കർമ്മോത്തുംഗതരംഗഭംഗനികരൈ
രാകൃഷ്യമാണോ മുഹുഃ
യാതായാതഗതിഭ്രമേണ ശരണം
കിഞ്ചിന്ന പശ്യാമ്യഹം 263

ജനനം, മരണം, രോഗം തുടങ്ങിയവകളെക്കൊണ്ട് അത്യന്ത ഭയങ്കരവും, പുത്രൻ, ഭാര്യ, ബന്ധുക്കൾ തുടങ്ങിയ ജലജന്തുക്കളെക്കൊണ്ട് ഏറ്റവും ഭീകരവും, കർമ്മപരമ്പരകളാകുന്ന തിരമാലകൾ അങ്ങിങ്ങു തട്ടിത്തെറിപ്പിച്ചുകൊണ്ടിരിക്കുന്നതും, കരകാണാത്ത അപാരവുമായ ഈ സംസാരസമുദ്രത്തിൽ മുങ്ങിയും, പൊങ്ങിയും, അങ്ങിങ്ങു തട്ടിത്തെറിപ്പിക്കപ്പെട്ടു കഴിഞ്ഞുകൂടുന്ന എനിക്ക് ആശ്രയമായോ, എന്നെ രക്ഷിക്കത്തക്കതായോ ഒന്നുംതന്നെയില്ല. അതിനാൽ പരമാചാര്യനായ അവിടുന്നുതന്നെ അഗതിയായ എന്നെ രക്ഷിച്ചരുളുമാറാകണേ!

കേന വാ പുണ്യശേഷേണ തവ പാദാംബുജദ്വയം
ദൃഷ്ടവാനസ്മി മാമാർത്തം മൃത്യോസ്ത്രാഹി ദയാദൃശാ 264

എന്റേ ഏതോ ജന്മാന്തരപുണ്യവിശേഷം ഒന്നുകൊണ്ടുമാത്രമാണ് അവിടുത്തെ പാദകമലങ്ങളെ കാണാനും ആശ്രയി

ക്കാനും ഇടയായത്. അതിനാൽ അവിടുന്നെന്നെ മൃത്യുവാകുന്ന ഭയങ്കരാപത്തിൽനിന്നു രക്ഷിച്ചരുളുമാറാകണേ!

വദന്തമേവം ശിഷ്യം തം ദൃഷ്ട്വൈവ ദയയാ ഗുരുഃ
ദദ്യാദഭയമേതസ്മൈ മാ ഭൈഷ്ടേതി മുഹുർമുഹുഃ 265

ഇപ്രകാരം ആർത്തനായി കേണുകൊണ്ടു തന്നെ വന്നാശ്രയിക്കുന്ന ശിഷ്യന് ആചാര്യൻ ദയാർദ്രദൃഷ്ടികളെക്കൊണ്ടുള്ള നോട്ടംകൊണ്ടും ഭയപ്പെടേണ്ട എന്നിങ്ങനെയുള്ള വാക്കുകളെക്കൊണ്ടും ആദ്യംതന്നെ അഭയം കൊടുക്കണം.

വിദ്വൻ മൃത്യുഭയം ജഹീഹി ഭവതോ
നാസ്ത്യേവ മൃത്യുഃ ക്വചി-
ന്നിത്യസ്യ ദ്വയവർജ്ജിതസ്യ പരമാ
നന്ദാത്മനോ ബ്രഹ്മണഃ
ഭ്രാന്ത്യാ കിഞ്ചിദവേക്ഷ്യ ഭീതമനസാ
മിഥ്യാ ത്വയാ കഥ്യതേ
മാം ത്രാഹീതി ഹി സുപ്തവൽ പ്രലപനം
ശൂന്യാത്മകം തേ മൃഷാ 266

അഭയം കൊടുത്തശേഷം ആചാര്യനിങ്ങിനെ പറയണം. വിവേകിയായ ശിഷ്യ! ഞാൻ മരിച്ചുപോവുമല്ലോ എന്നുള്ള ഭയത്തെ അകറ്റു. നീ മരിക്കാൻ പോവുന്നില്ല. എന്തുകൊണ്ടെന്നാൽ നീ എപ്പോഴും ഉള്ളവനാണ്. ഒരിക്കലും ഉണ്ടായിട്ടുള്ളവനല്ല. അതിനാൽ നിനക്കു നാശവും ഉണ്ടാവാൻ വയ്യ. എല്ലാ ദ്വൈതഭാവങ്ങളുമറ്റ പരമാദ്വൈതസ്വരൂപിയും പരമാനന്ദമൂർത്തി യുമായ സാക്ഷാൽ നിർഗ്ഗുണബ്രഹ്മമാണ് നീ. പിന്നെ നിനക്കെന്തു നാശമാണ്. മനസ്സിന്റെ ഭ്രമംകൊണ്ട് നീ എന്തോ കണ്ടു തെറ്റിദ്ധരിച്ചു ഭയപ്പെട്ട് എന്നെ രക്ഷിക്കണേ എന്നു വെറുതെ

പറകയാണ്. ദുഃസ്വപ്നം കണ്ടു നിലവിളിക്കുന്നവന്റെ മിത്ഥ്യ പ്രലാപത്തിന്നു തുല്യമാണ് നിന്റെ വചനം.

നിദ്രാഗാഢതമോവൃതഃ കില ജനഃ
സ്വപ്നേ ഭുജംഗാദിനാ
ഗ്രസ്തം സ്വം സമവേക്ഷ്യ യൽ പ്രലപതി
ത്രാസാദ്ധതോസ്മീത്യലം
ആപ്തേന പ്രതിബോധിതഃ കരതലേ
നാതാഡ്യ പൃഷ്ടഃ സ്വയം
കിഞ്ചിന്നേതി വദത്യമുഷ്യ വചനം
സ്യാൽ തൽകിമർത്ഥം വദ 267

ഉറക്കാകുന്ന ഗാഢതമസ്സിൽ മുഴുകിയ മനുഷ്യൻ ചിലപ്പോൾ പാമ്പ് കടിച്ചതായോ മറ്റോ സ്വപ്നത്തിൽ കണ്ട് എന്നെ രക്ഷിക്കണേ എന്നുച്ചത്തിൽ നിലവിളിക്കാറുണ്ട്. ഉണർന്നിരിക്കുന്ന ആളതു കേട്ട് അദ്ദേഹത്തെ തട്ടിയുണർത്തി വിളിച്ച് എന്തു പറ്റിയെന്നു ചോദിക്കുമ്പോൾ ഒന്നും സംഭവിച്ചില്ലെന്നും പറയാറുണ്ട്. എന്നാൽ എന്തിനാണ് നിലവിളിച്ചതെന്നു ചോദിച്ചാൽ അതിനു മറുപടിയൊന്നും പറയാൻ കഴിയാറുമില്ല. അതുപോലെയാണ് നിന്റേയും പ്രലപനം. വാസ്തവത്തിൽ നിനക്കൊന്നും സംഭവിച്ചിട്ടില്ല; സംഭവിക്കാനുമില്ല. അജ്ഞാനമാകുന്ന തമസ്സുകൊണ്ടുള്ള ഭ്രമം മാത്രമാണ്.

രജ്ജോസ്തു തത്വമനവേക്ഷ്യ ഗൃഹീതസർപ്പ-
ഭാവഃ പുമാനയമഹിർവ്വസതീതിമോഹാൽ
ആക്രോശതി പ്രതിബിഭേതി ച കമ്പതേ ത
ന്മിഥ്യൈവ നാത്ര ഭുജഗോസ്തി വിചാര്യമാണേ 268

കയറുകൊണ്ട് പാമ്പാണെന്നു തെറ്റിദ്ധരിക്കുന്ന മനുഷ്യൻ കയറിന്റെ പരമാർത്ഥബോധമറിയാതെയാണ് ഭ്രമിക്കുന്നത്. വിളക്കു കൊണ്ടുവന്നു നോക്കുമ്പോൾ പാമ്പല്ല; കയറാണെന്നു ബോധ്യമാവുന്നു. അതുപോലെ പരമാർത്ഥ ബോധമില്ലാതെയാണ് നീയുംഭ്രമംകൊണ്ട് എന്തൊക്കെയോ തെറ്റിദ്ധരിച്ചിരിക്കുന്നത്. വിചാരം ചെയ്യുമ്പോൾ ഭ്രമവും, ഭയവും നീങ്ങുകയും ചെയ്യും. പരമാർത്ഥത്തിന്റെ ബോധമില്ലായ്മയാണ് ഭയകാരണമെന്നർത്ഥം.

തദ്വൽ ത്വയാപ്യാത്മന ഉക്തമേതൽ
ജന്മാപ്യയവ്യാധിജരാദിദുഃഖം
മൃഷൈവ സർവ്വം ഭ്രമകല്പിതം തേ
സമ്യക് വിചാര്യാത്മനി മുഞ്ച ഭീതിം **269**

രജ്ജുസർപ്പഭ്രമംപോലെയുള്ള ഭ്രമമാണ് നിനക്ക് ജനനമരണ ജരാവ്യാധികളാകുന്ന ദുഃഖങ്ങളുണ്ടെന്നും മറ്റും. വെറും ഭ്രമം കൊണ്ടുള്ള കല്പനമാത്രമാണ് അവയെല്ലാം. ശരിയായി വിചാരം ചെയ്യുന്നപക്ഷം എല്ലാ ഭ്രമങ്ങളും നീങ്ങി സ്വരൂപബോധമുണ്ടാവും. അപ്പോൾ എല്ലാ ഭ്രമങ്ങളും നീങ്ങുകയും ചെയ്യും.

ഭവാനനാത്മനോ ധർമ്മാനാത്മന്യാരോപ്യ ശോചതി
തദജ്ഞാനകൃതം സർവ്വം ഭയം ത്യക്ത്വാ സുഖീ ഭവ **270**

അനാത്മധർമ്മങ്ങളെ ആത്മാവിൽ ആരോപിച്ചിട്ടാണ് അങ്ങ് ഭയപ്പെടുകയും ദുഃഖിക്കുകയുമെല്ലാം ചെയ്യുന്നത്. അജ്ഞാനമാണ് അങ്ങിനെ ചെയ്യാൻ ഹേതുവായിട്ടിരിക്കുന്നത്. വിചാരം കൊണ്ടു ജ്ഞാനമുണ്ടാവും. ജ്ഞാനംകൊണ്ട് അജ്ഞാനം നശിക്കും. അപ്പോൾ സുഖിയായിത്തീരുകയും ചെയ്യും.

ശിഷ്യഃ

ശ്രീമത്ഭിരുക്തം സകലം മൃഷേതി
ദൃഷ്ടാന്ത ഏവ ഹ്യുപപദ്യതേ തൽ
ദാർഷ്ടാന്തികേനൈവ ഭവാദിദുഃഖം
പ്രത്യക്ഷതഃ സർവ്വജനപ്രസിദ്ധം 271

ഇത്രയും കേട്ട ശിഷ്യൻ മറുപടി പറകയാണ്. അവിടുന്ന് പറഞ്ഞതു മുഴുവൻ വെറും വാക്കുകളാണെന്നേ തോന്നുന്നുള്ളു. എന്തുകൊണ്ടെന്നാൽ എല്ലാ ജീവികളും സംസാരദുഃഖത്തെ പലപ്രകാരത്തിൽ അനുഭവിക്കുന്നുവെന്നതിന് ദൃഷ്ടാന്തമാണ്. പ്രത്യക്ഷമായ അനുഭവം മിഥ്യയാണെന്നു പറഞ്ഞാൽ എങ്ങിനെയാണ് വിശ്വസിക്കുന്നത്? ആർക്കും അത് വിശ്വാസ യോഗ്യമായിത്തീരാൻപോവുന്നില്ല. പിന്നെ കയറ് പാമ്പ് തുടങ്ങിയ ചില പദാർത്ഥങ്ങളെ ഉദാഹരിച്ചു പറഞ്ഞുവല്ലോ. അതൊന്നും ശരിയല്ല. എന്തുകൊണ്ടെന്നാൽ അവക്കൊന്നും തന്നെ സംസാരദുഃഖമില്ല. ഉള്ളവർക്ക് അതു മിഥ്യയാണെന്നു ബോധിക്കാനും വയ്യ.

പ്രത്യേക്ഷണാനുഭൂതാർത്ഥഃ കഥം മിഥ്യാത്വമർഹതി
ചക്ഷുഷോ വിഷയം കുംഭം കഥം മിഥ്യാകരോമ്യഹം 272

പ്രത്യക്ഷത്തിൽ അനുഭവപ്പെടുന്ന പദാർത്ഥം മിഥ്യയാ ണെന്നു പറഞ്ഞാൽ എങ്ങിനെ വിശ്വസിക്കും? ദൃഗിന്ദ്രിയത്തിന്നു വിഷയമാണ് കംഭമെന്ന പദാർത്ഥം. അതെങ്ങിനെയില്ലാ ത്തതായിത്തീരും? കണ്ടുകൊണ്ടിരിക്കെത്തന്നെ കാണപ്പെടുന്ന പദാർത്ഥത്തെ ഇല്ലാത്തതെന്നു ധരിക്കണമെങ്കിൽ വിഷമംതന്നെ. അതാർക്കും സാധിക്കുമെന്നു തോന്നിന്നില്ല.

വിദ്യമാനസ്യ മിത്ഥ്യാത്വം കഥം നു ഘടതേ പ്രഭോ
പ്രത്യക്ഷം ഖലു സർവ്വേഷാം പ്രമാണം പ്രസ്ഫുടാർത്ഥകം 273

ഉള്ളതായിരിക്കുന്ന വസ്തുവിന്റെ ഇല്ലായ്മ അല്ലെങ്കിൽ മിത്ഥ്യാത്വം എങ്ങിനെയാണ് ഭഗവാനേ ഘടിക്കുന്നത്. പ്രത്യക്ഷ മാണല്ലോ എല്ലാറ്റിലുംവെച്ച് വലിയ പ്രമാണം. പ്രത്യക്ഷമാണ് സംസാരം. പിന്നെ അതില്ലാത്തതാണെന്നെങ്ങിനെ പറയാം?

മർത്ത്യസ്യ മമ ജന്മാദി ദുഖഭാജോƒല്പജീവിനഃ
ബ്രഹ്മത്വമപി നിത്യത്വം പരമാനന്ദതാ കഥം 274

കൂടാതെ ജനനം മരണം ജരാ വ്യാധി തുടങ്ങിയ ദുഃഖങ്ങളെക്കൊണ്ട് പീഡിതനും, നിസ്സാരനായ ഒരു മനുഷ്യൻ മാത്രമാണ് ഞാൻ. എത്ര ദിവസമാണ് ഞാൻ ജീവിച്ചിരിക്കുക യെന്നു തന്നെ അറിഞ്ഞുകൂടാ. എന്റെ നിസ്സാരങ്ങളായ അനുഭവങ്ങളെ അപേക്ഷിച്ചുകൂടി ഞാൻ കേവലം പരതന്ത്ര നാണ്. അങ്ങിനെയുള്ള ഞാൻ ഒരിക്കലും നാശമില്ലാത്ത ശാശ്വത മായ ബ്രഹ്മവും, എപ്പോഴും ദുഃഖിയായ ഞാൻ ഒരിക്കലും ദുഃഖസ്പർശമില്ലാത്ത ആനന്ദമയനുമായിത്തീരുമെന്നെങ്ങിനെ വിശ്വസിക്കാം? ആയിത്തീരുമെന്നുകൂടിയല്ല; അതാണെന്റെ പരമാർത്ഥാവസ്ഥയെന്നാണല്ലോ അവിടുന്നു പറഞ്ഞത്. അതെങ്ങിനെയാണ് വിശ്വസിക്കേണ്ടതെന്നറിയുന്നില്ല.

ക ആത്മാ കസ്ത്വനാത്മാ ച കിമു ലക്ഷണമേതയോഃ
ആത്മന്യനാത്മധർമ്മാണാമാരോപഃ ക്രിയതേ കഥം 275

ആത്മാവും അനാത്മാവുമാകുന്ന രണ്ടു തത്വങ്ങൾ ഏവ യാണ്? എന്താണവയുടെ ലക്ഷണങ്ങൾ? ആത്മാവിൽ അനാത്മ ധർമ്മങ്ങളെ ആരോപിച്ചതുകൊണ്ടാണ് ദുഃഖം നിലനിൽക്കുന്ന തെന്നു പറഞ്ഞുവല്ലോ. അതെങ്ങിനെ സംഭവിക്കും? ആത്മാവും

അനാത്മാവും വെളിച്ചവും ഇരുട്ടുമെന്ന പോലെ അന്യോന്യ വിരുദ്ധങ്ങളാണല്ലോ. ആസ്ഥിതിക്ക് ഒന്നിന്റെ ധർമ്മങ്ങൾ എങ്ങിനെ മറ്റൊന്നിൽ ആരോപിക്കും?

കിമജ്ഞാനം തദുൽപ്പന്നഭയത്യാഗോപി വാ കഥം
കിമു ജ്ഞാനം തദുല്പന്നസുഖപ്രാപ്തിശ്ച വാ കഥം 276

അജ്ഞാനം എന്നു പറഞ്ഞാലെന്താണ്. അതെങ്ങിനെയാണുണ്ടായത്? അജ്ഞാനം ഹേതുവായിട്ടാണ് ഭയമുണ്ടായതും നിലനിൽക്കുന്നതുമെന്നു പറഞ്ഞുവല്ലോ. എന്നാൽ എങ്ങിനെയാണ് ആ ഭയമില്ലാതായിത്തീരുക? അതുപോലെ ജ്ഞാനമെന്നു പറഞ്ഞാലെന്താണ്? അതെങ്ങിനെയാണുണ്ടായത്. ജ്ഞാനം കൊണ്ട് സുഖപ്രാപ്തിയുണ്ടാവുമെന്നു പറഞ്ഞുവല്ലോ. അതുമെങ്ങിനെയാണുണ്ടാവുകയെന്നറിഞ്ഞാൽ കൊള്ളാം.

സർവ്വമേതൽ യഥാപൂർവ്വം കരാമലകവൽ സ്ഫുടം
പ്രതിപാദയ മേ സ്വാമിൻ! ശ്രീഗുരോ കരുണനിധേ! 277

ചോദിക്കപ്പെട്ട എല്ലാ ചോദ്യങ്ങളുടേയും വ്യക്തവും സുദൃഢവും നിസ്സംശയവുമായ മറുപടി കേട്ടാൽകൊള്ളാമെന്നുണ്ട്. കരുണാനിധിയും മഹാത്മാവുമായ പരമാചാര്യ! അവിടുന്നു അവയെ വിസ്തരിച്ചു പറഞ്ഞുതന്നാൽകൊള്ളാം.

ശ്രീഗുരുഃ

ധന്യഃ കൃതാർത്ഥസ്ത്വമഹോ വിവേകഃ
ശിവപ്രസാദഃ തവ വിദ്യതേ മഹാൻ
വിസൃജ്യ തു പ്രാകൃതലോകമാർഗ്ഗം
ബ്രഹ്മാവഗന്തും യതസേ യതസ്ത്വം 278

ശിഷ്യന്റെ മുൻപറയപ്പെട്ട പ്രകാരമുള്ള സംശയങ്ങളേയും ചോദ്യങ്ങളേയുംകേട്ട കരുണാനിധിയായ ആചാര്യൻ മറുപടി പറയാൻ തുടങ്ങുകയാണ്. സുകൃതിയും അതു കാരണത്താൽ തന്നെ വിവേകിയുമായ ഹേ ശിഷ്യ! നീ ധന്യനും കൃതാർത്ഥ നുമാണ്. ഈശ്വരപ്രസാദം നിനക്ക് ധാരാളമുണ്ട്. എന്തു കൊണ്ടെന്നാൽ പ്രാകൃതമായ ലോകമാർഗ്ഗത്തെ വിട്ട് ബ്രഹ്മ ജ്ഞാനസമ്പാദനത്തിനായി പരിശ്രമിക്കണമെന്ന് നിനക്ക് തോന്നിയല്ലോ. അതു വലിയ കാര്യമാണ്. ഈശ്വരനാൽ അനുഗ്രഹിക്കപ്പെട്ട സുകൃതികളായ ആളുകൾക്ക് മാത്രമെ അങ്ങിനെ തോന്നാനിടവരു. പ്രാകൃതമായ വിഷയമാർഗ്ഗത്തിൽ മാത്രം സഞ്ചരിക്കുന്നവരാണ് പ്രായേണ ലോകത്തിൽ മിക്ക പേരും. അതിൽനിന്ന് നിവർത്തിച്ച് ബ്രഹ്മജ്ഞാനമാർഗ്ഗത്തിൽ സഞ്ചരിക്കണമെന്ന് അത്യന്തസുകൃതിയും അനുഗൃഹീതനുമായ ഒരാൾക്കേ തോന്നാനിടവരു. അതിനാൽ നീ ഭാഗ്യവാൻതന്നെ.

ശിവപ്രസാദേന വിനാ ന സിദ്ധിഃ
ശിവപ്രസാദേന വിനാ ന ബുദ്ധിഃ
ശിവപ്രസാദേന വിനാ ന യുക്തിഃ
ശിവപ്രസാദേന വിനാ ന മുക്തിഃ **279**

ഈശ്വരപ്രസാദത്തോടുകൂടാതെ ഏതൊന്നിന്റേയും സിദ്ധി യാകട്ടെ. ബുദ്ധിശക്തിയാകട്ടെ യുക്തിയാവട്ടെ ഉണ്ടാവാൻ പോവുന്നില്ല. ആർക്കെങ്കിലും അവയെല്ലാം ഉള്ളതായി കാണുന്നുവെങ്കിൽ അവരിൽ ഈശ്വരൻ അതീവ പ്രസന്ന നാണെന്നു കരുതണം. ആ സ്ഥിതിക്കു മുക്തിയുടെ കഥ പറയേണ്ടതില്ല. തികഞ്ഞ ഈശ്വരപ്രസാദം ഒന്നുകൊണ്ടു മാത്ര മല്ലാതെ ആരുംതന്നെ മുക്തനാവാൻ പോവുന്നില്ല. മുക്തി വിഷയത്തിൽ ഈശ്വരാനുഗ്രഹം അതിപ്രധാനമാണ്. ബുദ്ധ്യാദി

കൾ നിന്നിൽ കാണുന്നതിനാലും ബ്രഹ്മമാർഗ്ഗത്തിൽ നിനക്കു ശ്രദ്ധയുണ്ടായതിനാലും നീ ഈശ്വരാനുഗ്രഹത്തിന്നു പാത്രമായി തീർന്നിരിക്കുന്നുവെന്നു വ്യക്തമാണ്. അതുകൊണ്ട് കാലത്താൽ സംസാരമുക്തിയും നിനക്കു സാധിച്ചേക്കാം.

യസ്യ പ്രസാദേന വിമുക്തസംഗാഃ
ശുകാദയഃ സംസൃതിബന്ധമുക്താഃ
തസ്യ പ്രസാദോ ബഹുജന്മലഭ്യോ
ഭക്ത്യൈകഗമ്യോ ഭവമുക്തിഹേതുഃ 280

ശ്രീ ശുകബ്രഹ്മർഷി സനകാദികൾ തുടങ്ങിയ മഹാപുരുഷന്മാർ ഏതൊരു ഈശ്വരപ്രസാദംകൊണ്ടു സംസാരമുക്തന്മാരും ബ്രഹ്മജ്ഞാനന്ദരസികന്മാരുമായി ലോകത്തിൽ ചുറ്റിനടക്കുന്നുവോ, അങ്ങിനെയുള്ള ഈശ്വരപ്രസാദം സമ്പാദിക്കുകയെന്ന തെളുപ്പമല്ല. എത്രയോ ജന്മങ്ങളെക്കൊണ്ടു സാധിക്കേണ്ട ഒന്നാണ്. ചുരുക്കിപ്പറഞ്ഞാൽ നിഷ്കളങ്കയായ ഭക്തിയും ഈശ്വരാനുഗ്രഹവുമില്ലാതെ ആരുംതന്നെ സംസാരമുക്തന്മാരാവാറില്ല. മുക്തിയുടെ മുഖ്യകാരണം ഭക്തിയാണെന്നു പറഞ്ഞാൽ പോലും തെറ്റില്ല. അങ്ങിനെയുള്ള ഭക്തിയും ഭഗവദനുഗ്രഹവും നിനക്കുണ്ടെങ്കിൽ നീ ഭാഗ്യവാനായി. എന്നാൽ ഇതേ ജന്മത്തിൽത്തന്നെ നീ മുക്തനും ചരിതാർത്ഥനുമാവുകയും ചെയ്യും.

വിവേകോ ജന്തൂനാം പ്രഭവതി ജനിഷ്വേവ ബഹുഷു
പ്രസാദാദേവൈശാൽ ബഹുസുകൃതപാകോദയവശാൽ
യതസ്തസ്മാദേവ ത്വമപി പരമാർത്ഥാവഗമനേ
കൃതാരംഭഃ പുംസാമിദമിഹ വിവേകസ്യ തു ഫലം 281

അനേകജന്മങ്ങളിലെ പുണ്യപരിപാകത്തിന്റെ ഫലമായി സംഭവിച്ച ഈശ്വരാനുഗ്രഹത്താൽ പലർക്കും ജനിക്കുമ്പോൾ

തന്നെ വിവേകമുണ്ടാവാറുണ്ട്. എന്നാൽ അങ്ങിനെ ഭഗവൽ കാരുണ്യവശാൽ കിട്ടിയ വിവേകത്തെ വേണ്ട നിലയിലുപയോഗ പ്പെടുത്തി ജന്മസാഫല്യമായ കൈവല്യത്തെ പ്രാപിക്കുകയെന്ന താകട്ടെ വളരെ ചുരുക്കം ചിലരെ ചെയ്യാറുള്ളു. ഭാഗ്യംകൊണ്ടു നിനക്കു ജന്മനാതന്നെ വിവെകമുണ്ടാവാനും തക്ക സന്ദർഭത്തിൽ അതിനെ സത്യാന്വേഷണ വിഷയത്തിൽ ഉപയോഗപ്പെടുത്താനും ഇടവന്നുവല്ലോ ഭാഗ്യമായി. മനുഷ്യനു ഈശ്വരായത്തമായിക്കിട്ടിയ വിവേകത്തിന്റെ ഫലവും ഇതൊന്നു മാത്രമാണ്. അതിനാൽ നീ ധന്യൻതന്നെ.

മർത്ത്യത്വസിദ്ധേരപി പുംസ്ത്വസിദ്ധേർ–
വ്വിപ്രത്വസിദ്ധേശ്ച വിവേകസിദ്ധേഃ
വദന്തി മുഖ്യം ഫലമേവ മോക്ഷം
വ്യർത്ഥം സമസ്തം യദി ചേന്ന മോക്ഷഃ **282**

മനുഷ്യത്വത്തിന്റേയും പുരുഷത്വത്തിന്റെയും ബ്രാഹ്മണ്യത്തി ന്റേയും വിവേകത്തിന്റേയുമെല്ലാം പരമമായ ഫലം മോക്ഷലാഭ മാണ്. മോക്ഷലാഭത്തിനുവേണ്ടി അവയൊന്നും ഉപയോഗപ്പെടു ത്തുന്നില്ലെങ്കിൽ പിന്നെ അവയെല്ലാം നിഷ്ഫലങ്ങളാണെന്നു തന്നെ പറയണം.

പ്രശ്നഃ സമീചീനതരസ്തവായം
യദാത്മതത്വാവഗമേ പ്രവൃത്തിഃ
തതസ്തവൈതൽ സകലം സമൂലം
നിവേദയിഷ്യാമി മുദാ ശൃണുഷ്വ **283**

അങ്ങയുടെ ചോദ്യങ്ങളെല്ലാം ഉചിതങ്ങളും ന്യായ്യങ്ങളുമാണ്. ആത്മതത്വാന്വേഷകന്മാരിൽ ഇങ്ങനെയുള്ള ചോദ്യങ്ങളുണ്ടാ വുകയെന്നതാശ്ചര്യമല്ല. ഉണ്ടായില്ലെന്നുവന്നാലേ ആശ്ചര്യമുള്ളു.

അതിനാൽ എല്ലാ ചോദ്യങ്ങൾക്കും ഞാൻ അടിസ്ഥാനപൂർവ്വം മറുപടി പറയാം. ശ്രദ്ധായോടും സന്തോഷത്തോടുംകൂടി കേട്ടു ധരിക്കു.

മർത്ത്യത്വം ത്വയി കല്പിതം ഭ്രമവശാൽ
തേനൈവ ജന്മാദയഃ
തൽസംഭാവിതമേവ ദുഃഖമപി തേ
നോ വസ്തുതസ്തന്മൃഷാ
നിദ്രാമോഹവശാദുപാഗതസുഖം
ദുഃഖം ച കിം നു ത്വയാ
സത്യത്വേന വിലോകിതം ക്വചിദപി
ബ്രൂഹി പ്രബോധാഗമേ 284

ഞാൻ മനുഷ്യനാണ്; ഇന്ന വർണ്ണത്തിലും ആശ്രമത്തിലും പെട്ടവനാണ്. ഇന്ന ഗ്രഹത്തിലെ ഇന്നാളുടെ പുത്രനാണ്; ഇന്ന പേരോടുകൂടിയവനാണ്. എന്നൊക്കെയാണല്ലോ ഇപ്പോൾ താങ്കളഭിമാനിച്ചുകൊണ്ടിരിക്കുന്നത്. എന്നാൽ അതു ശരിയല്ല. ഈ അഭിമാനങ്ങളും അവസ്ഥാസ്പദങ്ങളായ അനുഭവങ്ങളുമെല്ലാം കേവലം കല്പനകളാണ്. അവയിലൊന്നും അല്പംപോലും സത്യത്വമില്ല. കേവലം അസത്യങ്ങളും കല്പനാമാത്രങ്ങളുമായ അനുഭവങ്ങളിലും അഭിമാനങ്ങളിലും തികഞ്ഞ സത്യബുദ്ധി യുള്ളതുകൊണ്ടാണ് ജന്മപരമ്പരകൾ വർദ്ധിക്കാനും ഇടയാവു ന്നത്. ഇതുവരെക്കഴിഞ്ഞ എല്ലാ ജന്മപരമ്പരകൾക്കു ഹേതുവും ഇതുതന്നെ. ഇപ്പൊഴെങ്കിലും സത്യത്തെ ബോധിക്കാത്തപക്ഷം ഇനിമേലിലും അനേകജന്മങ്ങളെടുക്കേണ്ടിയും വന്നേയ്ക്കാം. അതുപോലെ ഇപ്പോഴത്തെ ജീവിതത്തിലനുഭവിച്ചുകൊണ്ടിരി ക്കുന്ന സുഖദുഃഖങ്ങളും കേവലം കല്പനാമാത്രങ്ങളും അസത്യ ങ്ങളുമാണ്. അല്പംപോലും സത്യത്വം അവയ്ക്കൊന്നുമില്ല.

അസത്യമായി സുഖദുഃഖങ്ങളെ ആരെങ്കിലും അനുഭവിക്കുമോ എന്നാണെങ്കിൽ ഉറക്കത്തിൽ അനുഭവിക്കാറുള്ള സുഖദുഃഖങ്ങളെ അനുഭവിക്കുന്ന വർത്തമാനകാലത്തു സത്യമായിക്കരുതാറില്ലേ? എന്നാൽ ഉണർന്നാൽ ആരെങ്കിലും അവയെ സത്യമായി വിശ്വസിക്കാറുണ്ടോ? അതുപോലെ ഇപ്പോഴത്തെ മോഹാവസ്ഥയിൽനിന്നുണർവ്വു കിട്ടുമ്പോൾ ഇവയെല്ലാം അസത്യവും ഭ്രമമാത്രവുമാണെന്നു ബോദ്ധ്യം വരും. എന്നാൽ ഉണർവ്വു കിട്ടാതിരിക്കുംകാലത്തോളം സ്വപ്നാനുഭവങ്ങളെ സ്വപ്നാവസ്ഥയിലെന്നപോലെ സത്യമായി വിശ്വസിച്ചുകൊണ്ടിരിക്കുകയും ചെയ്യും. അതിനാൽ ഇപ്പോഴത്തെ അനുഭവങ്ങളും അഭിമാനങ്ങളുമെല്ലാം കേവലം അസത്യങ്ങളും ഭ്രമാത്മകങ്ങളുമാണെന്നു പൂർണ്ണമായി വിശ്വസിക്കുകയാണാദ്യംതന്നെ വേണ്ടത്.

നാശേഷലോകൈരനുഭൂയമാനഃ
പ്രത്യക്ഷതോയം സകലപ്രപഞ്ചഃ
കഥം മൃഷാ സ്യാദിതി ശങ്കനീയം
വിചാരശൂന്യേന വിമുഹ്യതാ ത്വയാ 285

സർവ്വജനങ്ങളും എന്നുവേണ്ട പക്ഷിമൃഗാദികൾകൂടിയും എല്ലാ നിമിഷവും പ്രത്യക്ഷത്തിൽ കാണുകയും അറിയുകയും അനുഭവിക്കുകയു ചെയ്തുകൊണ്ടിരിക്കുന്ന ഒന്നാണീ പ്രപഞ്ചം. ഒരാൾക്കെങ്കിലും ഇത് ഇല്ലാത്തതാണെന്നു വിശ്വസിക്കാൻ സാധിക്കില്ല. അങ്ങിനെയുള്ള ജഗത്ത് ഇല്ലാത്തതാണെന്നെങ്ങിനെ വിശ്വസിക്കാം എന്ന ശങ്ക അങ്ങയ്ക്കുണ്ടാവേണ്ടതു തന്നെയാണ്. അതിൽ അല്പംപോലും അയുക്തിയില്ല. എന്തു കൊണ്ടെന്നാൽ അങ്ങു ജഗത്തിനെക്കുറിച്ചു വിചാരം ചെയ്യുകയോ മോഹനിവൃത്തനാവുകയോ ചെയ്തിട്ടില്ല. അങ്ങിനെയുള്ളവരുടെ ദൃഷ്ടിയിൽ ഈ ജഗത്ത് ഉള്ളതായിട്ടേ ഇരിക്കു. എന്നാൽ

വിചാരശീലനും മോഹനിവൃത്തനുമായ ഒരാളുടെ കഥ അതല്ല; അയാളുടെ ദൃഷ്ടിയിൽ ജഗത്തില്ല. ഉറങ്ങുന്നവന്റെ ദൃഷ്ടിയിൽ സ്വപ്നദൃഷ്ടപദാർത്ഥങ്ങളൊക്കെ ഉള്ളവയാണെങ്കിലും ഉണ്ണർന്നിരിക്കുന്നവന്റെ ദൃഷ്ടിയിൽ അവയൊന്നും ഉള്ളവയല്ല. വിചാരം ചെയ്തു മോഹനിവൃത്തി വരുമ്പോൾ അങ്ങയ്ക്കും ജഗത്തില്ലാത്തതാണെന്നു ബോദ്ധ്യമാവും.

ദിവാന്ധദൃഷ്ടേസ്തു ദിവാന്ധകാരഃ
പ്രത്യക്ഷസിദ്ധോപി സ കിം യഥാർത്ഥഃ
തദ്വൽഭ്രമേണാവഗതഃ പദാർത്ഥോ
ഭ്രാന്തസ്യ സത്യഃ സുമതേർമ്മൃഷൈവ 286

പകൽസമയത്തു കേവലം കണ്ണു കാണാത്ത മൂങ്ങ തുടങ്ങിയ ചില ജീവികളുണ്ട്. അവരുടെ അനുഭവത്തിൽ പകൽ സമയം മുഴുവൻ ഇരുട്ടും രാത്രി മുഴുവൻ പ്രകാശവുമാണ്. അവർക്കീ അവസ്ഥ പ്രത്യക്ഷാനുഭവമാണ്. എന്നിരുന്നാലും മറ്റുള്ളവർക്കെങ്ങിനെ സത്യമാവും? പ്രത്യക്ഷമാണെന്നുള്ളതുകൊണ്ടുമാത്രം ഒരു വസ്തു സത്യമാവാൻ വയ്യെന്നു ഇതുകൊണ്ടുതന്നെ സ്പഷ്ടമായല്ലോ. അതുപോലെ ഭ്രമംകൊണ്ടു ചിലർക്കു ചില വസ്തുക്കളുള്ളതായി തോന്നിയാലും ഭ്രമമുള്ളവർക്കല്ലാതെ ശരിയായ ബുദ്ധിയുള്ളവർക്കു അതുള്ളതാവാൻ വയ്യ. ജഗത്തിനെ സംബന്ധിച്ചും അതാണ് സ്ഥിതി.

ഘടോയമിത്യത്ര ഘടാഭിധാനഃ
പ്രത്യക്ഷതഃ കശ്ചിദുദേതി ദൃഷ്ടേഃ

വിചാര്യമാണേ സ തു നാസ്തി തത്ര
മൃദസ്തി തൽഭാവവിലക്ഷണാ സാ 287

ഇതു ഘടമാണ് എന്നു പറഞ്ഞ് ഒരു വസ്തുവിനെ മുന്നിൽ അവതരപ്പിക്കുന്നുവെന്നിരിക്കട്ടെ. പ്രത്യക്ഷത്തിൽ ഘടമെന്ന പേരിൽ ഒരു പദാർത്ഥം കാണപ്പെടുന്നുണ്ടെന്നു പറയാതിരിക്കാൻ വയ്യ. എന്നാൽ ഘടമാണോ അതു എന്നു സ്പഷ്ടമായി പരിശോധിക്കുന്നപക്ഷം അല്ലെന്നു വ്യക്തമാവുകയും ചെയ്യും. എങ്ങിനെയെന്നാൽ ഘടമെന്നപേരിൽ പ്രദർശിപ്പിക്കപ്പെട്ട വസ്തു വിലക്ഷണ സ്വരൂപത്തിലുള്ള മണ്ണ് മാത്രമാണെന്നതാണ് പരമാർത്ഥം. മണ്ണിനെ നീക്കിയാൽ അവിടെ ഒരു പദാർത്ഥമില്ല. മണ്ണ് മാത്രമാണ് ഘടമായി കാണിക്കപ്പെട്ടതെന്നാണ് പരമാർത്ഥം. മണ്ണിനെ മണ്ണെന്നുമാത്രം അറിയുകയും പറയുകയും ചെയ്യുന്നപക്ഷം ഘടത്തിന്റെ അസ്തിത്വമെങ്ങിനെയുണ്ടാവും? ഉണ്ടാവാൻ വയ്യെന്നു പറയേണ്ടതില്ലല്ലൊ. അപ്പോൾ മണ്ണിലുള്ള മിത്ഥ്യാകല്പനം മാത്രമാണ് ഘടമെന്നു സ്പഷ്ടമായല്ലോ. ഇതു പോലെ ഓരോ പദാർത്ഥത്തേയും പരിശോധിക്കുന്നപക്ഷം അവക്കൊന്നും അസ്തിത്വമില്ലെന്നും അങ്ങിനെ ജഗത്തുതന്നെ ഇല്ലാത്തതാണെന്നും ബോദ്ധ്യമാവും.

പ്രാദേശമാത്രഃ പരിദൃശ്യതേർക്കഃ
ശാസ്ത്രേണ സംദർശിതലക്ഷയോജനഃ
മാനാന്തരേണ ക്വചിദേതി ബാധാം
പ്രത്യക്ഷമപ്യത്ര ഹി ന വ്യവസ്ഥാ 288

ആദിത്യപ്രകാശത്തിലാണ് ജഗത്ത് വിളങ്ങുന്നത്. എന്നാൽ ആദിത്യനാകട്ടെ എല്ലായിടത്തും കാണപ്പെടുന്നില്ല. കേവലം പ്രാദേശികദൃശ്യം മാത്രമാണ് ആദിത്യൻപോലും. ഒരു ലക്ഷം യോജന വ്യാപ്തിയുണ്ട് ആദിത്യപ്രകാശത്തിനെന്നു ശാസ്ത്രം പറയുന്നു. എന്നാൽ ആ പരിധിയിൽതന്നെ അവിടവിടെ പല പ്രതിബന്ധങ്ങളാൽ ആദിത്യപ്രകാശം മറയപ്പെടുന്നുമുണ്ട്.

അങ്ങിനെ നോക്കുമ്പോൾ പ്രത്യക്ഷമെന്നതിന് വിശേഷിച്ച് വ്യവസ്ഥയൊന്നുമില്ലെന്നു കാണാം. പ്രത്യക്ഷം പ്രത്യക്ഷം എന്നിങ്ങിനെ പറയലല്ലാതെ വാസ്തവത്തിൽ അതിനു പറയത്തക്ക വ്യവസ്ഥയൊന്നുമില്ലതാനും.

തസ്മാൽ ത്വയീദം ഭ്രമതഃ പ്രതീതം
മൃഷൈവ നോ സത്യമവേഹി സാക്ഷാൽ
ബ്രഹ്മ ത്വമേവാസി സുഖസ്വരൂപം
ത്വത്തോന ഭിന്നം വിചിനുഷ്വ ബുദ്ധ്യൗ **289**

അതിനാൽ അങ്ങയിൽ ഭ്രമംകൊണ്ടു തോന്നപ്പെട്ട ഈ ജഗൽഭാവം ഇല്ലാത്തതാണ്. മൂന്നു കാലത്തും സംഭവിച്ചിട്ടില്ലാത്തതും സംഭവിക്കാൻ അർഹതയില്ലാത്തതുമാണ്. സ്വപ്നദൃഷ്ട പദാർത്ഥമെന്നപോലെ വെറുതെ തോന്നപ്പെട്ടതല്ലാതെ പരമാർത്ഥത്തിൽ ഒന്നുംതന്നെയില്ല. പ്രത്യക്ഷമൊന്നൊന്നില്ല, വെറും ഭ്രമംമാത്രമാണ്. സുഖസ്വരൂപമായ ബ്രഹ്മം നീതന്നെയാണ്. നിന്നിൽനിന്നന്യമായി ഒന്നുംതന്നെയില്ല. അങ്ങിനെ എന്നിൽനിന്നു വേറെയായി ചിലതുണ്ടെന്നു വിചാരിക്കാതിരിക്കു. വിചാരമാണ് വസ്തുക്കളായി തോന്നപ്പെടുന്നതുകൂടിയും.

ലോകാന്തരേ വാത്ര ഗുഹാന്തരേ വാ
തീർത്ഥാന്തരേ കർമ്മപരമ്പരാന്തരേ
ശാസ്ത്രാന്തരേ നാസ്ത്യനുപശ്യതാമിഹ
സ്വയം പരം ബ്രഹ്മ വിചാര്യമാണേ **290**

അന്യലോകങ്ങളിലോ, നിഗൂഢങ്ങളായ ഗുഹകളിലോ, തീർത്ഥങ്ങളിലോ, കർമ്മപരമ്പരകളിലോ, ശാസ്ത്രങ്ങളിലോ എന്നുവേണ്ട എവിടെ നോക്കിയാലും താനല്ലാതെ മറ്റൊരു വസ്തുവുമില്ല, ഉണ്ടായിട്ടുമില്ല. വിചാരംചെയ്തു സത്യത്തെ ബോധിക്കാ

ത്തതുകൊണ്ട് ഏകനായ താൻതന്നെ പലതായി തോന്നപ്പെടുക മാത്രമാണ് ചെയ്യുന്നത്. വിചാരംചെയ്യുമ്പോൾ സത്യവും അദ്വൈതവുമായ പരബ്രഹ്മം താൻതന്നെയെന്ന് ബോദ്ധ്യമാവുകയും ചെയ്യും.

തത്വമാത്മസ്ഥമജ്ഞാത്വാ മൂഢഃ ശാസ്ത്രേഷു പശ്യതി
ഗോപഃ കക്ഷഗതം ഛാഗം യഥാ കൂപേഷു ദുർമ്മതിഃ 291

തന്നിൽതാനായ്തന്നെ വിളങ്ങിക്കൊണ്ടിരിക്കുന്ന അദ്വൈതമായ പരതത്വത്തെ അറിയാതെ ശാസ്ത്രങ്ങളിൽ അന്വേഷിക്കുകയാണ് മൂഢന്മാർ. തന്നിലുള്ള തത്വത്തെയാണ് തന്നെ വിട്ടു ശാസ്ത്രങ്ങളിലന്വേഷിക്കുന്നത്. എന്തൊരു മൂഢതയാണ് തന്റെ കക്ഷത്തിരിക്കുന്ന ആട്ടിൻകുട്ടിയെ ചിലപ്പോൾ ഇടയന്മാർ കിണറ്റിലും കൂടി തിരയാറുണ്ട്. അതുപോലെയാണ് മൂഢന്മാരുടെ ശാസ്ത്രങ്ങളിലെ ആത്മാന്വേഷണവും.

സ്വമാത്മാനം പരം മത്വാ പരമാത്മാനമന്യഥാ
വിമൃഗ്യതേ പുനഃ സ്വാത്മാ ബഹിഃ കോശേഷു പണ്ഡിതൈഃ 292

താനാകുന്ന ആത്മാവിനെ മറ്റൊന്നായി സങ്കല്പിച്ചു തന്നിൽ തിന്നന്യങ്ങളായ അന്നാദികോശങ്ങളിൽ താനാകുന്ന പരമാത്മാവിനെ അന്വേഷിക്കുന്നു പണ്ഡിതന്മാർ. ഏന്തൊരു പാണ്ഡിത്യമാണവരുടേത്? ഉള്ളതിനെ ഉള്ളപോലെ അറിയുക എന്നുള്ളതല്ലെ വിദ്വത്വം? അതറിയാൻ കഴിയുന്നില്ലെങ്കിൽ പിന്നെ എന്തു പഠിച്ചു; അല്ലെങ്കിൽ എന്തറിഞ്ഞു; എന്നിട്ടെന്താണ് കാര്യം? താനല്ലാത്ത വസ്തുക്കളിൽ താൻതന്നെ അവരവരെ അന്വേഷിക്കുന്നുവെന്നാൽ ഇതിൽപ്പരം മൂഢത മറ്റെന്താണുള്ളത്? എന്നാലും അതിനെ ജ്ഞാനമായിക്കരുതുന്നു പണ്ഡിതന്മാർ. ആശ്ചര്യം!

വിസ്മൃത്യ വസ്തുനസ്തത്വമദ്ധ്യാരോപ്യ ച വസ്തുനി

അവസ്തുതാം ച തദ്ധർമ്മാൻ മുധാ ശോചതി നാന്യഥാ 293

വസ്തുതത്വത്തിന്റെ പരമാർത്ഥസ്ഥിതിയെ കേവലം മറന്നു പരമാർത്ഥസ്വരൂപത്തിൽ അതല്ലാത്ത മറ്റെന്തൊക്കയോ ആരോപിച്ച് അതിന്റെ ഇല്ലാത്ത ധർമ്മങ്ങളെ സത്യമെന്നു തെറ്റിദ്ധാരണകളെക്കൊണ്ടു വെറുതെ ദുഃഖത്തെ അനുഭവിക്കുന്നു എന്നുമാത്രം. മറ്റുള്ളവരുടെ കഥ പറയാനുണ്ടോ?

ആത്മാനാത്മവിവേകം തേ വക്ഷ്യാമി ശൃണു സാദരം
യസ്യ ശ്രവണമാത്രേണ മുച്യതേഽനാത്മബന്ധനാൽ 294

ആത്മാനാത്മവസ്തുക്കളുടെ ശരിയായ തിരിച്ചറിവില്ലാത്തതുകൊണ്ടാണ് ബന്ധവും അതുവഴിക്കുള്ള ദുഃഖവും നിലനിൽക്കുന്നത്. അതിന്റെ യഥാർത്ഥസ്ഥിതിയെ ഒരാൾ ശരിക്കൊരിക്കൽ കേട്ടാൽതന്നെ അനാത്മബന്ധത്തിൽനിന്നു മിക്കവാറും രക്ഷപ്പെടുമെന്നു പറയണം. അതിനാൽ ശ്രവണമാത്രംകൊണ്ടുതന്നെ അനാത്മബന്ധത്തിൽനിന്നു വിട്ടുമാറാൻ കഴിയുന്ന ആത്മാനാത്മവിവേകത്തെപ്പറയാം. ശ്രദ്ധയോടുകൂടി കേൾക്കൂ.

ഇത്യുക്ത്വാഭിമുഖീകൃത്യ ശിഷ്യം കരുണയാ ഗുരുഃ
അദ്ധ്യാരോപാപവാദാഭ്യാം നിഷ്പ്രപഞ്ചം പ്രപഞ്ചയൻ 295

എന്നിങ്ങിനെ പറഞ്ഞു കാരുണ്യത്തോടുകൂടുംവണ്ണം ഗുരു ശിഷ്യനെ തനിക്കഭിമുഖമാക്കിയിരുത്തി അദ്ധ്യാരോപവും അപവാദവുമാകുന്ന പ്രകരണങ്ങൾവഴി പ്രപഞ്ചത്തിന്റെ അസൽഭാവത്തെ വ്യക്തമാക്കിപ്പറഞ്ഞുകൊടുക്കാൻ തുടങ്ങി.

സമ്യക് പ്രബോധയൻ തത്വം ശാസ്ത്രദൃഷ്ടേന വർത്മനാ
സർവ്വേഷാമുപകാരായ തൽപ്രകാരോത്ര ദൃശ്യതേ 296

എന്നിങ്ങനെ പറഞ്ഞു ശാസ്ത്രദൃഷ്ടങ്ങളായ മാർഗ്ഗങ്ങളിൽ ക്കൂടെ തത്വത്തെ വേണ്ടപോലെ ഉൽബോധിപ്പിച്ചു കൊടുത്തു. ശിഷ്യൻ ചരിതാർത്ഥനാവുകയും ചെയ്തു. പ്രസ്തുത ഗുരുവിന്റെ ഉപദേശസമ്പ്രദായത്തെ ജിജ്ഞാസുക്കളായ പലരുടേയും ആവശ്യത്തിന്നു വേണ്ടി ഞാനിവിടെ എടുത്തു പറയാം.

13. അദ്ധ്യാരോപം

വസ്തുന്യവസ്ത്വാരോപോ യഃ സോഽദ്ധ്യാരോപ ഇതീര്യതേ
അസർപ്പഭൂതേ രജ്വാദൗ സർപ്പത്വാരോപണം യഥാ 297

പരമാർത്ഥമായ ഒരു വസ്തുവിൽ അപരമാർത്ഥമായ മറ്റൊന്നിനെ ആരോപിക്കുന്നു എന്നുള്ളതാണ് അദ്ധ്യാരോപം. ഒരു കയറിനെക്കണ്ടിട്ടു പാമ്പാണെന്നു തെറ്റിദ്ധരിച്ചുവെന്നിരിക്കട്ടെ; കയറാകുന്ന പരമാർത്ഥവസ്തുവിൽ പാമ്പാകുന്ന അപരമാർത്ഥ വസ്തുവിന്റെ ആരോപണമാണല്ലോ ഉണ്ടായത്. ആ സമ്പ്രദായ ത്തിലുള്ള ആരോപണത്തിനാണ് അദ്ധ്യാരോപമെന്നു പറയുന്നത്.

വസ്തു താവൽ പരം ബ്രഹ്മ സത്യജ്ഞാനാദി ലക്ഷണം
ഇദമോരോപിതം യത്ര ഭാതി ഖേ നീലതാദിവൽ 298

സത്യജ്ഞാനാനന്താദി ലക്ഷണങ്ങളോടുകൂടിയ പരബ്രഹ്മ ത്തെയാണ് വസ്തുവെന്നു പറയുന്നത്. എന്തുകൊണ്ടെന്നാൽ അതു മാത്രമാണ് സത്യമായിട്ടിരിക്കുന്നത്. ആകാശത്തിൽ നീലം തുടങ്ങിയ വർണ്ണങ്ങളെന്നപോലെ പ്രസ്തുത ബ്രഹ്മവസ്തുവിൽ ആരോപിക്കപ്പെട്ടതാണ് ഈ ജഗത്ത്. ബ്രഹ്മവസ്തുവിന്റെ സൽഭാവം കൊണ്ടാണ് ജഗത്ത് അസത്തായിരുന്നിട്ടും സത്തെന്ന പോലെ തോന്നപ്പെടുന്നത്.

തൽക്കാരണം യദജ്ഞാനം സകാര്യം സദിലക്ഷണം
അവസ്ഥിത്യുച്യതേ സത്ഭിർയസ്യ ബാധാ പ്രദൃശ്യതേ 299

ജഗത്തു കേവലം ഇല്ലാത്തതാണെങ്കിൽ പിന്നെ ഉള്ളതായി തോന്നപ്പെടുവാനെന്താണ് കാരണമെന്നാണെങ്കിൽ അജ്ഞാനം തന്നെ. അജ്ഞാനകാര്യമാണ് ജഗത്ത്. അജ്ഞാനമാണ് ജഗൽ പ്രതീതിക്കു ഹേതു എന്നതിന്നു തെളിവാണ് ഇല്ലാത്തതാണെ ങ്കിലും അതിന്റെ ബാധയുണ്ടാവുന്നുവെന്നത്. ഇല്ലാത്ത വസ്തു ഉള്ളതായി തോന്നപ്പെട്ടാലും അതിന്റെ ബാധയുണ്ടാവാൻ പാടില്ലാത്തതാണ്. വന്ധ്യാപുത്രൻ, ശശവിഷാണം തുടങ്ങിയ വസ്തുക്കളെക്കൊണ്ടാർക്കും ഒരു ബാധയുണ്ടാവാറില്ല. തന്നിലുള്ള അജ്ഞാനംതന്നെയാണ് ജഗത്കാരമായി വിളങ്ങുന്നതെന്നതു കൊണ്ടുതന്നെയാണ് ബാധയുണ്ടാവുന്നത്. മരക്കുറ്റിയെ ഭൂതമാ ണെന്നു തെറ്റിദ്ധരിച്ചു ഭയപ്പെട്ടിട്ട് ചിലപ്പോൾ മരണംപോലും സംഭവിക്കാറുണ്ട്. മരക്കുറ്റിയോ, ഭൂതമോ അല്ല; ദ്രഷ്ടാവിന്റെ അജ്ഞാനമാണ് അതിനു ഹേതുവെന്നു സ്പഷ്ടമാണ്. അതു പോലെതന്നെ ജഗത്തിന്റെ കഥയും.

അവസ്തു തൽപ്രമാണൈര്യൽ ബാധ്യതേ ശുക്തിരൗപ്യവൽ
ന ബാദ്ധ്യതേ യത്തദ്വസ്തു ത്രിഷു കാലേഷു ശുക്തിവൽ 300

ശുക്തികാരജതംപോലെയോ, രജ്ജുസർപ്പംപോലെയോ കേവലം പ്രതിഭാസമാത്രവും മൂന്നു കാലത്തും സംഭവിച്ചിട്ടില്ലാ ത്തതുമായ ഒരു പദാർത്ഥത്തിന്റെ ബാധയുണ്ടാവാൻ പാടില്ലാ ത്തതാണ്. മുത്തുച്ചിപ്പിയെന്നപോലെ അതിൽ തോന്നപ്പെട്ട വെള്ളിഭാവം മൂന്നു കാലത്തും സംഭവിച്ചിട്ടുള്ളതല്ല. ഉള്ളതായ മുത്തുച്ചിപ്പികൊണ്ടു യാതൊരു ബാധയുമില്ലെന്നും എന്നാൽ അതിൽ തോന്നപ്പെട്ട ഇല്ലാത്തതായ രജതഭാവം ബാധയായി ത്തീരുന്നുവെന്നും വന്നാൽ തോന്നപ്പെട്ട രജതഭാവത്തിന്നു

ഹേതു തന്റെ അജ്ഞാനമാണെന്നു വ്യക്തമാണ്. ഇതുപോലെ ജഗൽപ്രതീതിക്കും ഹേതു തന്റെ അജ്ഞാനം തന്നെ.

ശുക്തേർബ്ബാധാ ന ഖലസ്തി രജതസ്യ യഥാ തഥാ
അവസ്തുസംജ്ഞിതം യത്തൽ ജഗദദ്ധ്യാസകാരണം 301

ഉള്ളതായ മുത്തുച്ചിപ്പിക്കോ, ഇല്ലാത്തതും തൊന്നപ്പെട്ടതുമായ രജതത്തിന്നോ ബാധയില്ല. എന്നാൽ രജതത്തെ ദർശിക്കുന്ന ദ്രഷ്ടാവിനാണ് ബാധയെന്നാണല്ലോ വരുന്നത്. അതു തന്നെയാണ് അജ്ഞാനം. മിത്ഥ്യാവസ്തുപ്രതീതിക്കും അതു ഹേതുവായിട്ടുള്ള ദുഃഖത്തിനും ഹേതുവെന്നതിന്നു തെളിവ്. അതുപോലെ ജഗത്തിന്നു കാരണവും സത്യവുമായ ബ്രഹ്മത്തിന്നോ, ബ്രഹ്മത്തിൽ അദ്ധ്യാസമാത്രമായിരിക്കുന്ന ജഗത്തിന്നോ ബാധയില്ല. ജഗത്തിനെ അറിയുന്ന ദ്രഷ്ടവിനാണല്ലോ ജഗത്ത് ഹേതുവായിട്ടുള്ള ബാധയുണ്ടാവുന്നത്. ജഗൽപ്രതീതി അജ്ഞാനംകൊണ്ടുണ്ടായതാണെന്നും, അധ്യാസമാത്രമാണെന്നും ദുഃഖഹേതു തന്റെതന്നെ അജ്ഞാനമാണെന്നുമുള്ളതിന്റെ മുഖ്യമായ തെളിവും അതുതന്നെ.

സദസത്ഭ്യാമനിർവ്വാച്യമജ്ഞാനം ത്രിഗുണാത്മകം
വസ്തുതത്വാവബോധൈകബാദ്ധ്യം തൽഭാവലക്ഷണം 302

ത്രിഗുണാത്മകമാണ് ജഗത്ത്. ത്രിഗുണസംബന്ധമില്ലാതെ ഒന്നുംതന്നെ ജഗത്തിലില്ലെന്നു പറയണം. ഒരു പ്രകാരത്തിൽ പറഞ്ഞാൽ ത്രിഗുണങ്ങളുടെ പലപ്രകാരത്തിലുള്ള പരിണാമവിശേഷങ്ങളാണ് ജഗത്തെന്നു പറഞ്ഞാൽപോലും തെറ്റില്ല. ത്രിഗുണങ്ങൾതന്നെ മായസ്വരൂപങ്ങളാകയാൽ അവയുടെ പരിണാമസ്വരൂപങ്ങളായ പദാർത്ഥങ്ങളുടെ സദസൽഭാവങ്ങളെ നിർണ്ണയിക്കുന്നതു വിഷമംപിടിച്ച പണിയാണ്. വർത്തമാനകാല

ത്തു സൽഭാവവും, പൂർവ്വാപരകാലങ്ങളിൽ അസൽഭാവവും വെളിപ്പെടും. അങ്ങിനെയുള്ള വസ്തു ഉള്ളതെന്നോ, ഇല്ലാത്ത തെന്നോ എങ്ങിനെ പറയും? എങ്കിലും വസ്തുതത്വത്തെ ബോധിക്കുമ്പോൾ മായാഭാവം നീങ്ങാതിരിയ്ക്കാൻ വയ്യ. കയറിനെ അറിയുമ്പോൾ അതിൽ തോന്നപ്പെട്ട സർപ്പപ്രതീതി നില നിൽക്കാറില്ലല്ലോ. അതുപോലെ ജഗൽപ്രതിഭാസത്തിനു കാരണ മായ ബ്രഹ്മതത്വത്തെ ബോധിക്കുമ്പോൾ ജഗൽഭാവം ഇല്ലാത്ത താണെന്നു ബോദ്ധ്യമാവുകയും ചെയ്യും.

മിത്ഥ്യാസംബന്ധതസ്തത്ര ബ്രഹ്മണ്യാശ്രിത്യ തിഷ്ഠതി
മണൗ ശക്തിർയഥാ തദ്വൽ നൈതദാശ്രയദൂഷകം 303

മിത്ഥ്യാപ്രതിഭാസമാത്രമായിരിക്കുന്ന ജഗൽഭാവം സത്യമായ ബ്രഹ്മവസ്തുവെ ആശ്രയിച്ചു നിൽക്കുന്നതുകൊണ്ടാണ് സത്യ മെന്നപോലെ തോന്നപ്പെടുന്നത്. ഉള്ളതായ ഒന്നിനെ ആശ്രയിച്ച ല്ലാതെ ഇല്ലാത്തതായൊരു പ്രതീതിക്കു നിലനിൽക്കാൻ വയ്യെന്നു പറയേണ്ടതില്ലല്ലോ. കയറുണ്ടായതുകൊണ്ടാണ് സർപ്പ പ്രതീതിയുണ്ടാവുന്നത്. അവിടെ കയറുണ്ടായിരുന്നില്ലെങ്കിൽ സർപ്പപ്രതീതിയുണ്ടാവാനും പോവുന്നില്ല. അതുപോലെ സത്യമായ ബ്രഹ്മതത്വത്തെ ആശ്രയിച്ചാണ് മിത്ഥ്യയായ ജഗൽപ്രതീതി നിലനിൽക്കുന്നത്; രത്നത്തെ ആശ്രയിച്ചു നിൽക്കുന്ന അതിന്റെ ശക്തിയെന്നപോലെ. എന്നാൽ ഈ മിത്ഥ്യാപ്രതീതികൊണ്ടു സത്യവസ്തുവിനു ദോഷം വരുന്നില്ലേ എന്നാണെങ്കിൽ അതില്ല. സർപ്പപ്രതീതികൊണ്ടു കയറിനെന്തു ദോഷമാണ് വരുന്നത് ഒന്നുംതന്നെ സംഭവിക്കുന്നില്ല. അതു പോലെ ജഗൽപ്രതീതികൊണ്ട് ബ്രഹ്മത്തിന്നും ദോഷമൊന്നും സംഭവിക്കാനില്ല.

സൽഭാവേ ലിംഗമേതസ്യ കാര്യമേതൽ ചരാചരം
മാനം ശ്രുതിഃ സ്മൃതിശ്ചാജ്ഞോഹമിത്യനുഭവോപി ച 304

ത്രിഗുണപരിണാമവിശേഷമായ ജഗത്തിനു വർത്തമാനകാലത്തു സൽഭാവവും, പൂർവ്വകാലങ്ങളിൽ അസൽഭാവവുമുണ്ടെന്നു പറഞ്ഞുവല്ലോ. അസൽഭാവമുള്ളപ്പോൾ പ്രതിഭാസമാത്രമായിരുന്നു സൽഭാവമെന്നു ബോധിക്കാം. എന്നാൽ സൽഭാവത്തെ അനുഭവിക്കുന്ന വർത്തമാനകാലത്ത് എന്തായിട്ടു ബോധിക്കുമെന്നാണെങ്കിൽ സൽഭാവം തോന്നപ്പെടുമ്പോൾ ബ്രഹ്മകാര്യമാണ് ചരാചരാത്മകായിരിക്കുന്ന ഈ ജഗത്തെന്നു ബോധിക്കാം. അതിനെന്താണ് പ്രമാണമെന്നാണെങ്കിൽ ശ്രുതിയും, സ്മൃതിയും, ഞാൻ അജ്ഞനാണെന്ന പ്രാകൃതന്റെ അനുഭവവുമെല്ലാം പ്രമാണങ്ങളാണ്. ശ്രുതിയിലും, സ്മൃതിയിലും ജഗത്തു ബ്രഹ്മമാകുന്ന കാരണത്തിന്റെ കാര്യമാണെന്ന് അനേകപ്രാവശ്യം പറഞ്ഞിട്ടുണ്ട്.

അജ്ഞാനം പ്രകൃതി ശക്തിഃ അവിദ്യേതി നിഗദ്യതേ
തദേതൽ സന്ന ഭവതി നാസദ്വാ ശുക്തിരൗപ്യവൽ 305

പ്രകൃതി, ശക്തി, അവിദ്യ എന്നിങ്ങനെ പല പേരുകളും പറഞ്ഞുവരുന്നത് അജ്ഞാനമാകുന്ന ഒന്നിനെത്തന്നെയാണ്. അതു ഉള്ളതെന്നോ, ഇല്ലാത്തതെന്നോ രണ്ടും പറയാൻ വയ്യാത്ത വസ്തുവാണ്. അനുഭവിച്ചുകൊണ്ടിരിക്കുന്ന വർത്തമാനകാലത്ത് ഇല്ലാത്തതാണെന്നു ബോധിക്കാൻ വിഷമമുണ്ട്. എന്നാൽ അതു നീങ്ങിക്കഴിഞ്ഞാൽ അങ്ങിനെയൊരു വസ്തുവുണ്ടെന്നു സമ്മതിക്കാനും വിഷമമുണ്ടാവും. മുത്തുച്ചിപ്പിയിൽ തോന്നപ്പെട്ട വെള്ളി എപ്രകാരം ഉള്ളതോ ഇല്ലാത്തതോ രണ്ടുമായും ഇരിക്കുന്നുവോ; അതുപോലെ അജ്ഞാനവും, സത്തായും; അസത്തായും, രണ്ടുമല്ലാത്തതായും ഇരിക്കുന്നു എന്നു പറയണം.

സതോ ഭിന്നമഭിന്നം വാ ന ദീപസ്യ പ്രഭാ യഥാ
ന സാവയവമന്യദ്വാ ബീജസ്യാങ്കുരവൽ ക്വചിൽ 306

അതുപോലെ പ്രസ്തുത അജ്ഞാനം സദ്വസ്തുവായ ബ്രഹ്മത്തോടുകൂടിചേർന്നു നിൽക്കുന്നുവോ; അഥവാ, ബ്രഹ്മത്തിൽ വേറെയായി വിട്ടുനിൽക്കുന്നുവോ എന്നും പറയാൻ വയ്യ. എന്തുകൊണ്ടെന്നാൽ കൂടിചേർന്നു നിൽക്കുന്നതിന്റേയും വിട്ടു നിൽക്കുന്നതിന്റെ ലക്ഷണങ്ങൾ കാണാൻ കഴിയും. അവയ്ക്കു രണ്ടിനും അപവാദവുമുണ്ട്. അതിനാൽ ബ്രഹ്മത്തോടു ചേർന്നു നിൽക്കുന്നതെന്നോ, വിട്ടുനിൽക്കുന്നതെന്നോ രണ്ടുമല്ലാത്തതെന്നോ ഒന്നും പറയാൻ വയ്യ. അങ്ങിനെ തന്നെ അവയവങ്ങളുള്ളതെന്നോ, ഇല്ലാത്തതെന്നോ, രണ്ടുമല്ലാത്തതെന്നോ എന്നും പറയാൻ വയ്യ. ബീജത്തിൽനിന്നു പുറപ്പെടുന്ന പ്രഥമാങ്കുരത്തെ എപ്രകാരം ചിലപ്പോൾ അവയവങ്ങളുള്ളതെന്നോ ഇല്ലാത്തതെന്നോ പറയാൻ കഴിയില്ലയോ; അതുപോലെ തന്നെ അജ്ഞാനത്തിന്റെയും സ്വഭാവം.

അത ഏതദനിർവ്വാച്യമിത്യേവ കവയോ വിദുഃ
സമഷ്ടിവ്യഷ്ടിരൂപേണ ദ്വിധാ ജ്ഞാനം നിഗദ്യതേ 307

മുൻപറയപ്പെട്ട കാരണങ്ങളിൽ നിർവ്വചിക്കാൻ കഴിയാത്ത ഒന്നാണ് അജ്ഞാനമെന്നാണ് അറിവുള്ളവർ പറഞ്ഞുവരുന്നത്. അപ്രകാരമുള്ള അജ്ഞാനത്തിനുതന്നെ സമഷ്ടിയെന്നും വ്യഷ്ടിയെന്നും രണ്ടു വകഭേദവും പറയപ്പെട്ടിട്ടുണ്ട്.

നാനാത്വേന പ്രതീതാനാമജ്ഞാനാനാമഭേദതഃ
ഏകത്വേന സമഷ്ടിഃ സ്യാൽ ഭൂരുഹാണാം വനം യഥാ 308

നാനാത്വസ്വരൂപേണ ജഗത്തിൽ പലതായി വിളങ്ങിക്കൊണ്ടിരിക്കുന്ന പദാർത്ഥങ്ങളിൽ ഓരോന്നിന്റെ പ്രതീതിയും ഓരോ

അജ്ഞാനസ്വരൂപമാണല്ലോ. അവയെ ഓരോന്നിനേയും വ്യഷ്ടിയെന്നും, അവയുടെതെല്ലാം സമ്പൂർണ്ണതയെ സമഷ്ടിയെന്നും പറയാം. അനേകവൃക്ഷങ്ങൾ തിങ്ങിനിറഞ്ഞ കാടിനെ സമഷ്ടിയെന്നു പറയുമ്പോൾ ഒരു വൃക്ഷത്തെ വ്യഷ്ടിയെന്നു പറയുന്നതു പോലെ, സമ്പൂർണ്ണജഗൽ സ്വരൂപമായിരിക്കുന്ന പ്രതിഭാസം സമഷ്ടിയായ അജ്ഞാനവും, ഓരോരുത്തരുടേയും വ്യഷ്ടിയുമെന്നു താല്പര്യം.

ഇയം സമഷ്ടിരുൽക്കൃഷ്ടാ സത്വാംശോൽക്കർഷതഃ പുരാ
മായേതി കഥ്യതേ തജ്ഞൈഃ ശുദ്ധസത്വൈകലക്ഷണാ 309

അജ്ഞാനത്തിന്റെ പറയപ്പെട്ട രണ്ടു വിഭാഗങ്ങളിൽ വ്യഷ്ടിയെക്കാൾ സമഷ്ടി ശ്രേഷ്ഠയാണ്. എന്തുകൊണ്ടെന്നാൽ സത്വഗുണത്തിന്റെ ആധിക്യമുണ്ട് അതിലെന്നതുകൊണ്ടുതന്നെ. അതിനെയാണ് മായയെന്ന് പറയുന്നത്. ഉൽപ്പത്തിയിൽതന്നെ വ്യഷ്ടി അജ്ഞാനത്തെ അപേക്ഷിച്ചു സമഷ്ടി അജ്ഞാനത്തിൽ സത്വഗുണത്തിന്റെ ആധിക്യമുണ്ട്. വ്യഷ്ടിസ്വരൂപമായ അജ്ഞാനത്തെയാണ് അവിദ്യയെന്നു പറയുന്നത്. അതിൽ സത്വഗുണം കുറയും. രജസ്തമസ്സുകൾ വർദ്ധിച്ചുമിരിക്കും. അടിസ്ഥാനമായ ഈ വ്യത്യാസം കൊണ്ടുതന്നെയാണ് അവയെ രണ്ടായി വേർതിരിച്ചിരിക്കുന്നതും.

14. ഈശ്വരൻ

മായോപഹിതചൈതന്യം സാഭാസം സത്വബൃംഹിതം
സർവ്വജ്ഞത്വാദിഗുണകം സൃഷ്ടിസ്ഥിത്യന്തകാരണം 310

അവ്യാകൃതം തദവ്യക്തമീശ ഇത്യപി ഗീയതേ
സർവ്വശക്തിഗുണോപേതഃ സർവ്വജ്ഞാനാവഭാസകഃ 311

സമഷ്ടിയും സത്വസംഫുല്ലവുമായ അജ്ഞാനത്തെയാണല്ലോ മായയെന്നു പറഞ്ഞത്. പ്രസ്തുതമായതത്വത്തെ ഉപാധിയാക്കി അതിൽ പ്രതിഫലിച്ച തത്വാംശത്തെയാണ് അവ്യാകൃതമെന്നും ഈശ്വരനെന്നും പറയുന്നത്. മായയിൽ സത്വഗുണത്തിന്റെ ആധിക്യമുണ്ടെന്നതിനാൽ മായോപാധിഗതനായ ഈശ്വരനും സത്വഗുണപ്രധാനനായിട്ടിരിക്കുന്നു. ആ കാരണത്താൽതന്നെ പ്രസ്തുത ഈശ്വരൻ സർവ്വജ്ഞനും സർവ്വശക്തനുമായിരിക്കു കയും ചെയ്യുന്നു. ജഗത്തിന്റെ സൃഷ്ടിസ്ഥിതിസംഹാരങ്ങൾക്കു കാരണഭൂതനും പ്രസ്തുത ഈശ്വരൻതന്നെ. എല്ലാ ശക്തികളു ടേയും അറിവുകളൂടേയും കേന്ദ്രം പ്രസ്തുത ഈശ്വരനാണ്. സർവ്വജീവികളുടേയും അന്തര്യാമിയും എന്നാൽ ഇന്ദ്രിയ മനസ്സുകൾക്കു അഗോചരനുമാണ് ഈശ്വരൻ. ജീവികൾക്കുണ്ടാ വുന്ന എല്ലാവിധ അറിവുകളും ശക്തികളുമെല്ലാം ഈശ്വരങ്കൽ നിന്നു പുറപ്പെടുന്നവയുമാണ്.

സ്വതന്ത്രഃ സത്യസങ്കല്പഃ സത്യകാമഃ സ ഈശ്വരഃ
തസ്യൈതസ്യ മഹാവിഷ്ണോർമ്മഹാശക്തേർമ്മഹീയസഃ 312

സർവ്വജ്ഞത്വേശ്വരത്വാദി കാരണത്വാൽ മനീഷിണഃ
കാരണം വപുരിത്യാഹുഃ സമഷ്ടിം സത്വബൃംഹിതം 313

കൂടാതെ പ്രസ്തുത ഈശ്വരൻ സ്വതന്ത്രനാണ്. അതായതു മായോപാധിഗതനാണെങ്കിലും മായയ്ക്കു വശഗനല്ല; മായയ്ക്ക തീതനാണെന്നർത്ഥം. സത്യസങ്കല്പനുമാണ്. കേവലം സങ്കല്പ മാത്രംകൊണ്ടുതന്നെ എന്തിനേയും ഉണ്ടാക്കാനും ഇല്ലാതാക്കാ നും കഴിയുന്നു. ജഗത്തിന്റെ സൃഷ്ടിസ്ഥിതിസംഹാരങ്ങൾ പ്രസ്തുത ഈശ്വരന്റെ വെറും സങ്കല്പമാത്രമാണെന്നുപോലും പറയാം. സത്യകാമനുമാണ് ഈശ്വരൻ. ഈശ്വരന്റെ ഇച്ഛകൾ എന്തായാലും അവയെല്ലാം സത്യമായി പ്രതിഫലിക്കുന്നുവെന്നു

താല്പര്യം. അങ്ങിനെ സർവ്വത്ര വ്യാപ്തനും, സർവ്വശക്തനും, സർവ്വത്തിന്നും അതീതനും സർവ്വജ്ഞനുമായ പ്രസ്തുത ഈശ്വരന്റെ സ്വരൂപത്തെയാണ് അഭിജ്ഞന്മാർ കാരണശരീര മെന്നു പറഞ്ഞുവരുന്നത്. എന്തുകൊണ്ടെന്നാൽ ഈശ്വരസ്വരൂപ ത്തിന്നു സർവ്വജ്ഞത്വം ഈശിത്വം തുടങ്ങി എന്തെല്ലാം മഹിമ കളുണ്ടോ അവയെല്ലാം കാരണശരീരത്തിന്നുമുണ്ട്. ജഗത്തിന്റെ സമഷ്ടിഭാവം, സത്വസംഫുല്ലത്വം തുടങ്ങിയവയും ഈശ്വരസ്വരൂപ ത്തിന്നും കാരണശരീരത്തിനുമുള്ള തുല്യഗുണങ്ങളാണ്. ജഗത്തി ന്നു ഈശ്വരൻ കാരണമായിരിക്കുന്നതുപോലെ ജാഗ്രൽസ്വപ്നാ വസ്ഥകൾക്കും അവയിൽ പ്രതിഫലിക്കുന്ന സ്ഥൂലസൂക്ഷ്മ ജഗത്തുകൾക്കും കാരണശരീരവും ഹേതുവായിരിക്കുന്നു. ഈ വക കാരണങ്ങളെക്കൊണ്ട് ഈശ്വരസ്വരൂപവും കാരണശരീര വും ഒന്നുതന്നെയെന്നാണ് അഭിജ്ഞമതം.

ആനന്ദപ്രചുരത്വേന സാധകത്വേന കോശവൽ
സൈഷാനന്ദമയഃ കോശഃ ഇതീശസ്യ നിഗദ്യതേ 314

അതിനും പുറമെ ആനന്ദമയനും, സത്യമായ ആത്മതത്വത്തി ന്ന് ആവരണവും കൂടിയായിരിക്കുന്നു പ്രസ്തുതഈശ്വരസ്വരൂപം അല്ലെങ്കിൽ കാരണശരീരമെന്നതിനാൽ അതിനെത്തന്നെ ആനന്ദമയകോശമെന്നുംകൂടി പറഞ്ഞുവരികയും ചെയ്യുന്നു.

സർവ്വോപരമഹേതുത്വാൽ സുഷുപ്തിസ്ഥാനമിഷ്യതേ
പ്രാകൃതഃ പ്രളയോ യത്ര ശ്രാവ്യതേ ശ്രുതിഭിർമ്മുഹുഃ 315

അത്യന്ത സൂക്ഷ്മമാണ് ഈശ്വരസ്വരൂപമെന്നതിനാൽ സ്ഥൂല സൂക്ഷ്മങ്ങളായ എല്ലാ നാമരൂപങ്ങളും കേവലം ലയിക്കുമ്പോ ഴാണ് ഈശ്വരസ്വരൂപം നിരാവരണമായി പ്രകാശിക്കുന്നത്. ജാഗ്രൽസ്വപ്നങ്ങളാകുന്ന അവസ്ഥകൾ സ്ഥൂലസൂക്ഷ്മങ്ങളായ

നാമരൂപങ്ങളുടെ പ്രകാശനസമയമാണ്. അതിനാൽ പ്രസ്തുത രണ്ടവസ്ഥകളും അടങ്ങി സുഷുപ്തിയിലാണ് പ്രസ്തുത ഈശ്വര സ്വരൂപം അല്ലെങ്കിൽ കാരണശരീരം നിരാവരണമായി പ്രകാശി ക്കുന്നതും. അവിടെ ഈശ്വരസ്വരൂപമല്ലാതെ മറ്റൊന്നുംതന്നെ യില്ല. യാതൊരു നാമരുപങ്ങളുടേയും സ്ഫുരണംപോലുമില്ല. ശ്രുതി പലേടത്തും പ്രാകൃതപ്രളയമെന്നു വിശേഷിപ്പിക്കുന്നത് ഈ അവസ്ഥയേയാണുതാനും.

അജ്ഞാനം വ്യഷ്ട്യഭിപ്രായാൽ അനേകത്വേന ഭിദ്യതെ
അജ്ഞാനവൃത്തയോ നാനാ തത്തൽ ഗുണവിലക്ഷണാഃ 316

വ്യഷ്ടികളാകുന്ന ജീവികളുടെ അഭിപ്രായത്തിനനുസരിച്ച് ഏകമായിരിക്കുന്ന അജ്ഞാനം തന്നെ അനേകമായി പരിണമി ക്കുന്നു. അവയ്ക്ക് അസംഖ്യങ്ങളായ പേരുകളും രൂപങ്ങളുമുണ്ടാ വുകയും ചെയ്യുന്നു. ആ ദൃഷ്ടിയിൽക്കൂടെ വീക്ഷിക്കുമ്പോൾ അജ്ഞാനത്തിനെത്ര രൂപങ്ങളുണ്ടെന്നോ എന്തെല്ലാം ലക്ഷണ ങ്ങളുണ്ടെന്നോ പറയാൻവയ്യ. അങ്ങിനെതന്നെ അജ്ഞാനവൃത്തി കളും അസംഖ്യങ്ങളാണ്. ഗുണങ്ങളുടെ ഏറ്റക്കുറവുകൾക്കനുസ രിച്ചു വൃത്തികളുടെ സ്വരൂപങ്ങളും മാറിക്കൊണ്ടേ ഇരിക്കും.

വനസ്യ വ്യഷ്ട്യഭിപ്രായാൽ ഭൂരുഹാ ഇത്യനേകതാ
യഥാ തഥൈവാജ്ഞാനസ്യ വ്യഷ്ടിതഃ സ്യാദനേകതാ 317

കാട് എന്നു പറയുമ്പോൾ ഒരു വസ്തു മാത്രമാണെങ്കിലും അതു സമഷ്ടിസ്വരൂപമാണ്. എന്നാൽ അതിലെ വ്യഷ്ടികളാകുന്ന ഓരോ വൃക്ഷത്തേയും പ്രത്യേകം പരിശോധിക്കുന്ന പക്ഷം ഓരോന്നും വ്യത്യസ്തങ്ങളാന്നെന്നും, അങ്ങിനെ വ്യത്യസ്ത സ്വരൂപങ്ങൾ എത്രയുണ്ടെന്നു പരിശോധിക്കുമ്പോൾ കണക്കാ ക്കാൻ കഴിയാത്ത നിലയിൽ അനേകങ്ങളായിട്ടുണ്ടെന്നും

കാണാൻ കഴിയും. അതുപോലെത്തന്നെയാണ് അജ്ഞാനവും. അജ്ഞാനമെന്ന വസ്തു ഒന്നുമാത്രമാണെങ്കിലും അതു സമഷ്ടിയാണ്. ഓരോ വ്യക്തിയിലും അവരവരുടെ ഗുണവികാസത്തിന്നനുരുപമായിട്ടാണ് അജ്ഞാനം പ്രകാശിക്കുന്നത്. അങ്ങിനെയുള്ള വ്യക്ഷ്ടിസ്വരൂപങ്ങൾ എത്രയെന്നു കണക്കാക്കാൻ പോലും സാധിക്കില്ല. അത്ര അസംഖ്യങ്ങളാണെന്നർത്ഥം.

15. പ്രത്യഗാത്മാവ്

വ്യഷ്ടിർമ്മലിനസത്വൈഷാ രജസാ തമസാ യുതാ
തതോ നികൃഷ്ടാ ഭവതി യോപാധിഃ പ്രത്യഗാത്മനഃ 318

വ്യഷ്ടികളായ ഉപാധികളെല്ലാം തന്നെയും മലിനസത്വത്തോടുകൂടിയതാണ്. രജസ്തമസ്സുകളുടെ ചേർച്ചയാണ് മാലിന്യത്തിനു ഹേതു. ആ കാരണത്താൽ തന്നെ ഈശ്വരോപാധിയിൽനിന്നു എത്രയോ വ്യത്യാസപ്പെട്ടതും നികൃഷ്ടവുമായിത്തീരുന്നു വ്യഷ്ട്യുപാധി.

ചൈതന്യം വ്യഷ്ട്യവച്ഛിന്നം പ്രത്യഗാത്മേതി ഗീയതേ
സാഭാസം വ്യഷ്ട്യുപഹിതം സത്താദാത്മ്യേന തൽഗുണൈഃ 319

വ്യഷ്ട്യുപാധിഗതമായ ചൈതന്യത്തേയാണ് പ്രത്യഗാത്മാവെന്നു പറഞ്ഞുവരുന്നത്. പ്രസ്തുത പ്രത്യഗാത്മാവിന്റെ ആഭാസപ്രതിഫലനത്തേയാണ് ചിദാഭാസൻ അല്ലെങ്കിൽ ജീവനെന്നും പറയുന്നത്. പ്രതിബിംബത്തിന്നു ബിംബലക്ഷണങ്ങളുണ്ടാവുന്നതുപോലെ ചിദാഭാസന്ന് പ്രത്യഗാത്മാവിന്റെ താദാത്മ്യതയുമുണ്ട്.

അഭിഭൂതഃ സ ഏവാത്മാ ജീവ ഇത്യഭിധീയതേ
കിഞ്ചിജ്ഞത്വാനീശ്വരത്വ സംസാരീത്യാദിധർമ്മവാൻ 320

പ്രസ്തുത പ്രത്യഗാത്മാവുതന്നെയാണ് ഭ്രമംകൊണ്ടു ജീവനെന്നും പറയപ്പെട്ടുവരുന്നത്. വാസ്തവത്തിൽ ജീവനെന്ന ഒരു പ്രത്യേക തത്വംതന്നെയില്ല. കയറിൽ കയറല്ലാതെ പാമ്പെന്ന വസ്തു വാസ്തവത്തിൽ ഇല്ലാത്തതാണല്ലോ. ഭ്രമംകൊണ്ടാണ് ഉള്ളതായ കയറിനെ മറന്ന് ഇല്ലാത്തതായ പാമ്പിനെ ബോധിക്കുന്നത്. അങ്ങിനെ ബോധിക്കുമ്പോൾ ഭയപരിഭ്രാമാദികളുണ്ടാവുകയും ചെയ്യുന്നു. അതുപോലെ ഉള്ളതായ പ്രത്യഗാത്മാവിൽ ഭ്രമംകൊണ്ട് കല്പിക്കപ്പെട്ടതാണ് ജീവത്വം. അങ്ങിനെ ജീവത്വമുണ്ടെന്നു ബോധിക്കുമ്പോൾ ആ ജീവനു കിഞ്ചിജ്ഞത്വം, അനീശ്വരത്വം, സംസാരിത്വം മുതലായവുയുണ്ടെന്നും, ബോധിക്കുന്നു. അതു ദുഃഖഹേതുവുമാകുന്നു. വാസ്തവത്തിൽ ജീവത്വം തന്നെ ഇല്ലാത്തതാണെന്നിരിക്കെ അജ്ഞത്വവും, ജനനമരണങ്ങളുമൊക്കെ എങ്ങിനെയുണ്ടാവും? എപ്രകാരം ജീവത്വംതന്നെ ഭ്രമം മാത്രമാണോ; അതുപോലെ ജീവന്റെ എല്ലാഅനുഭവങ്ങളും കേവലം ഭ്രമം തന്നെ; കയറിനെ ബോധിക്കുമ്പോൾ അതുവരെ തോന്നപ്പെട്ട പാമ്പില്ലാതാവുന്നതു പോലെ പ്രത്യാഗാത്മാവിനെ അറിയുമ്പോൾ ജീവത്വവും, ജീവന്റേതായ എല്ലാ അനുഭവങ്ങളും ഇല്ലാതായി ജീവന്മുക്തത്വം സിദ്ധമാവുകയും ചെയ്യും.

അസ്യ വ്യഷ്ടിരഹംകാരകാരണത്വേന കാരണം
വപുസ്തത്രാഭിമാന്യാത്മാ പ്രാജ്ഞ ഇത്യുച്യതേ ബുധൈഃ 321

പ്രസ്തുത ജീവത്വത്തിന്റെ വ്യഷ്ടിസ്വരൂപം അഹങ്കാരത്തോടു കൂടിച്ചേർന്നു കാരണശരീരമായിത്തീരുന്നു. അതിൽ അഭിമാനിയായ ആത്മാവിനെയാണ് അഭിജ്ഞന്മാർ പ്രാജ്ഞനെന്നു പറയുന്നത്. ജീവതത്വംതന്നെ കേവലം ഭ്രമമാണെങ്കിൽ പിന്നെ അതു ഹേതുവായിട്ടുണ്ടാവുന്ന എല്ലാ വസ്തുക്കളും ഭ്രമം മാത്രമല്ലാതെ മറ്റൊന്നുമാവാൻ വയ്യല്ലോ. അതിനാൽ കാരണശരീരവും

അതിൽ അഭിമാനിയായ പ്രാജ്ഞനുമെല്ലാം ഭ്രമം തന്നെ. പരമാർത്ഥവസ്തുവെ ബോധിക്കുമ്പോൾ അവയൊന്നും നില നിൽക്കില്ലെന്നു താൽപര്യം.

പ്രാജ്ഞത്വമസ്യൈകാജ്ഞാനഭാസകത്വേന സമ്മതം
വ്യഷ്ടേർന്നികൃഷ്ടത്വേനാസ്യ നാനേകാജ്ഞാനഭാസകം 322

ജാഗ്രൽസ്വപ്നങ്ങളിലെന്നപോലെ ഒന്ന് അജ്ഞാനത്തെ അനേകസ്വരൂപങ്ങളാക്കി പ്രകാശിപ്പിക്കുന്നില്ലെന്നതിനാൽ കാരണശരീരാഭിമാനിയായ ആത്മാവിനു പ്രാജ്ഞനെന്ന പേർ യോജിച്ചതു തന്നെ. എന്തുകൊണ്ടെന്നാൽ ഒരു സ്വരൂപത്തിൽ മാത്രമുള്ള അജ്ഞാനത്തെയാണല്ലോ പ്രകാശിപ്പിക്കുന്നത്. അതു കൊണ്ടാണ് പ്രാജ്ഞനെന്ന പേരുണ്ടായതും.

സ്വരൂപാച്ഛാദകത്വേനാപ്യാനന്ദപ്രചുരത്വതഃ
കാരണം വപുരാനന്ദമയഃ കോശ ഇതീര്യതേ 323

ഇതേ കാരണശരീരത്തിന്നുതന്നെ ആനന്ദമയകോശമെന്ന മറ്റൊരു പേരുകൂടിയുണ്ട്. ആനന്ദസ്വരൂപമായ പ്രത്യഗാത്മവിന്റെ സാമീപ്യംകൊണ്ട് ആനന്ദാത്മകത്വവും അതേ ആത്മാവിനെ ത്തന്നെ ആവരണം ചെയ്തിരിക്കുന്നതിനാൽ കോശത്വവും സിദ്ധമായി. അങ്ങിനെയാണ് ആനന്ദമയകോശമെന്നു പേരുണ്ടാ യത്.

അസ്യാവസ്ഥാ സുഷുപ്തിഃ സ്യാദ്യത്രാനന്ദഃ പ്രകൃഷ്യതേ
ഏഷോഹം സുഖമസ്വാപ്സം നതു കിഞ്ചിദവേദിഷം 324

ഇത്യാനന്ദസമുൽക്കർഷഃ പ്രബുദ്ധേഷു പ്രദൃശ്യതേ
സമഷ്ടേരപി ച വ്യഷ്ടേരുഭയോർവ്വനവൃക്ഷവൽ 325

പ്രസ്തുത കാരണശരീരത്തിന്റെ അല്ലെങ്കിൽ ആനന്ദമയകോശത്തിന്റെ അനുഭവവും വികാസവുമുള്ള സമയത്തെയാണ് സുഷുപ്ത്യവസ്ഥയെന്നു പറയുന്നത്. സുഷുപ്തിയിൽ കാരണശരീരത്തിന്റെയല്ലാതെ മറ്റൊന്നിന്റെയും അനുഭവം അല്പംപോലുമില്ലതാനും. ഞാൻ സുഖമായുറങ്ങി; ഒന്നും അറിഞ്ഞില്ല. എന്നിങ്ങിനെ സുഷുപ്തിയിൽനിന്നു ജാഗ്രത്തിലേക്കുണർന്നു വരുന്ന എല്ലാവരും പറയാറുണ്ടെന്നുള്ളത് അതിനു തെളിവുമാണ്. സുഖവും ഒന്നുമറിയായ്മയുമാണ് സുഷുപ്തിയിലെ അനുഭവമെന്ന് ഓരോരുത്തരും പറയുന്നു. അവതന്നെയാണല്ലോ ആനന്ദമയകോശത്തിന്റെ ലക്ഷണങ്ങളും. ആവരണത്വം, ആനന്ദമയാത്മകത്വം എന്നിങ്ങനെ രണ്ടാണ് കാരണശരീരത്തിന്റെ ലക്ഷണങ്ങളെന്നാദ്യം പറഞ്ഞുവല്ലോ. ആവരണത്വംകൊണ്ടു ഒന്നുമറിയായ്മയും, ആനന്ദാത്മകത്വംകൊണ്ടു സുഖവും സിദ്ധമാവുകയും ചെയ്യുന്നു. സമഷ്ടിക്കായാലും വ്യഷ്ടിക്കായാലും പ്രസ്തുത അനുഭവം തുല്യംതന്നെ.

അഭേദ ഏവ നോ ഭേദോ ജാത്യേകത്വേന വസ്തുതഃ
അഭേദ ഏവ ജ്ഞാതവ്യസ്തഥേശപ്രാജ്ഞയോരപി 326

കാരണശരീരാഭിമാനിയായ പ്രാജ്ഞനും ഈശ്വരനും തമ്മിൽ യാതൊരു വ്യത്യസവുമില്ല. വ്യഷ്ടിസമഷ്ടികളെന്നോ, ബിംബപ്രതിബിംബങ്ങളെന്നോ ഉള്ള ഭേദമല്ലാതെ അടിസ്ഥാനപരമായ വ്യത്യാസമൊന്നുംതന്നെയില്ല.

സത്യുപാദ്ധ്യോരഭിന്നത്വേ ക്വ ഭേദസ്തദ്വിശിഷ്ടയോഃ
ഏകീഭാവേ തരംഗാബ്ധ്യോഃ കോ ഭേദഃ പ്രതിബിംബയോഃ 327

ഈശ്വരന്റെ ഈശ്വരത്വത്തിന്നും, പ്രാജ്ഞന്റെ പ്രാജ്ഞത്വത്തിനും ഹേതു അവരുടെ ഉപാധിസംബന്ധം മാത്രമാണ്.

ഉപാധിവിലയത്തിൽ ഈശത്വമോ, പ്രാജ്ഞത്വമോ രണ്ടും ശേഷിക്കുന്നില്ല. ഉപാധിയാകട്ടെ രണ്ടുപേർക്കും ഒന്നാണുതാനും. പിന്നെയെങ്ങിനെ ഭേദം സംഭവിക്കും? സമുദ്രത്തിന്നും തിരയ്ക്കും തമ്മിൽ ഭേദമില്ലാത്തതുപോലെ ബിംബത്തിന്നും പ്രതിബിംബത്തിന്നും തമ്മിൽ ഭേദമില്ലാത്തതുപോലെ ഈശപ്രാജ്ഞന്മാർക്കും തമ്മിൽ യാതൊരു ഭേദവുമില്ല.

അജ്ഞാനതദവച്ഛിന്നാഭാസയോരുഭയോരപി
ആധാരം ശുദ്ധചൈതന്യം യത്തൽ തുര്യമിതീര്യതേ 328

തുരീയമെന്നു പറയപ്പെടുന്ന ശുദ്ധചൈതന്യമാണ് ഈശപ്രാജ്ഞന്മാർക്ക് രണ്ടുപേർക്കും ആശ്രയം. അപരിച്ഛിന്നാ–ജ്ഞാനം ഈശ്വരനും പരിച്ഛിന്നാജ്ഞാനം ആഭാസനും ഉപാധികളായിരിക്കുന്നു എന്നുമാത്രം. പ്രസ്തുത ഉപാധികളുടെ ഈഷൽ വ്യത്യാസം മാത്രമാണ് ഈശനും പ്രാജ്ഞനുമെന്ന ദ്വിത്വത്തിനു ഹേതു. ഉപാധികൾക്കു തമ്മിൽ ഈഷൽ വ്യത്യാസമുണ്ടെങ്കിൽക്കൂടി അവ രണ്ടു വസ്തുക്കളല്ല. അതുപോലെ രണ്ടുപേരുടെയും മൂലസ്വരൂപം ഒന്നുതന്നെ. ആ സ്ഥിതിക്കെങ്ങിനെ വ്യത്യാസമുണ്ടാവും? യാതൊരു വ്യത്യാസവും പ്രസ്തുത രണ്ടു തത്വങ്ങൾക്കും തമ്മിലില്ലെന്നുതന്നെ പറയണം.

ഏതദേവാവിവിക്തം സദുപാധിഭ്യാം ച തൽഗുണൈഃ
മഹാവാക്യസ്യ വാച്യർത്ഥോ വിവിക്തം ലക്ഷ്യ ഉച്യതേ 329

ഉപാധികളുടേയും ഉപാധിഗുണങ്ങളുടേയും വ്യത്യാസമല്ലാതെ പ്രാജ്ഞനും ഈശ്വരനും തമ്മിൽ യാതൊരു വ്യത്യാസവുമില്ല. മായയും അവിദ്യയുമാകുന്ന ഉപാധികളുടെ സംബന്ധംകൊണ്ട് ഒരേ ചൈതന്യംതന്നെ ഈശ്വരനും ജീവനുമായിത്തീർന്നു. പ്രസ്തുത രണ്ടുപാധികളും ലയിക്കുമ്പോൾ ഈശജീവ

ഭാവങ്ങൾ നീങ്ങി മൂലചൈതന്യംമാത്രം ശേഷിക്കുകയുംചെയ്യും. പ്രസ്തുത രണ്ടു തത്വങ്ങളും ഒന്നാണെന്നതിന് ഒരുദാഹരണംകൂടി ക്കാണിക്കാം. തത്വമസി മഹാവാക്യത്തിലെ ത്വംപദത്തിന്റെ വാച്യാർത്ഥമായി ജീവനെയും ലക്ഷ്യാർത്ഥമായി ഈശ്വരനെയു മാണല്ലോ പറഞ്ഞുവരുന്നത്. അതുകൊണ്ടു പ്രസ്തുത രണ്ടു തത്വങ്ങളും ഒന്നാണെന്നു ബോധിക്കാൻ കഴിയുന്നു.

16. ജഗത്കാരണമായ ഈശ്വരൻ

അനന്തശക്തിസമ്പന്നോ മായോപാധിക ഈശ്വരഃ
ഈക്ഷാമാത്രേണ സൃജതി വിശ്വമേതൽ ചരാചരം 330

ഇങ്ങിനെ ജീവേശ്വരതത്വങ്ങൾ പരമാർത്ഥദൃഷ്ട്യാ ഒന്നാണെ ങ്കിൽകൂടി ഉപാധിവ്യത്യാസം ഹേതുവായിട്ട് അനുഭവത്തിലും വീര്യത്തിലും ഗണ്യമായ വ്യത്യാസമുണ്ടുതാനും. മായോപാധി ഗതനായ ഈശ്വരൻ മായക്ക് വശഗനല്ലെന്നതിനാൽ മായാതീത നും, സർവ്വതന്ത്രസ്വതന്ത്രനും, സർവ്വശക്തനും സർവ്വജ്ഞനുമാ ണ്. അതേസമയത്ത് അവിദ്യോപാധിഗതനായ ജീവനാകട്ടെ അവിദ്യക്കു വശഗനാണെന്നതിനാൽ കിഞ്ചിജ്ഞനും, ദുർബ്ബല നും, പരതന്ത്രനും, ദുഃഖിയുമായിട്ടിരിക്കുന്നു. വെറും ഒരു വീക്ഷണമാത്രംകൊണ്ട് അനന്തകോടി ചരാചരസങ്കുലമായ ഈ വിശ്വത്തെ ഈശ്വരൻ സൃഷ്ടിക്കുന്നു. അതുപോലെ യാതൊരു പ്രയത്നവും കൂടാതെ പാലിക്കുകയും സംഹരിക്കുകയുംകൂടി ചെയ്യുന്നു. അതേ സമയത്ത് ജീവനാകട്ടെ ഈശ്വരന്റെ സൃഷ്ടോപാധികളിൽ ഒന്നുമാത്രമായിരിക്കുകയും ചെയ്യുന്നു. തനിക്കില്ലാത്ത ജനനമരണങ്ങളെയും സുഖദുഃഖങ്ങളെയും പുണ്യപാപങ്ങളെയുമെല്ലാം തനിക്കുള്ളതായി അനുഭവിക്കുന്നു ജീവൻ. അവിദ്യോപാധിയുടെ സമ്പർക്കംമാത്രമാണ് അതിനെ

ല്ലാം ഹേതു. ഇങ്ങിനെ നോക്കുമ്പോൾ മൂലതത്വം ഒന്നാണെങ്കിൽ കൂടി ഉപാധിവ്യത്യാസംകൊണ്ട് അവർക്കു തമ്മിൽ ഗണ്യമായ വ്യത്യാസമുണ്ട്.

അദ്വിതീയ സ്വമാത്രോസൗ നിരുപാദാന ഈശ്വരഃ
സ്വയമേവ കഥം സർവ്വം സൃജതീതി ന ശങ്ക്യതാം 331

അദ്വിതീയനായ പ്രസ്തുത ഈശ്വരൻ തന്നിൽനിന്നന്യമായ മറ്റു യാതൊരു ഉപാദാനവസ്തുവിന്റേയും അപേക്ഷയില്ലാതെ ഈക്ഷണമാത്രംകൊണ്ടുതന്നെ അനന്തകോടി ചരാചരാത്മക മായ ഈ വിശ്വത്തെ സൃഷ്ടിക്കുന്നു. സർവ്വശക്തനും അദ്വൈതസ്വരൂപിയും സർവ്വതന്ത്രസ്വതന്ത്രനുമാണ്. പ്രസ്തുത ഈശ്വരനെന്നതിന്റെ തെളിവാണ് അത്. അതേ സമയത്തു ജീവനാകട്ടെ ഈശ്വരസൃഷ്ടങ്ങളായ പദാർത്ഥങ്ങളെ അനുഭവി ക്കാനല്ലാതെ ഒരു തൃണത്തെപ്പോലും സൃഷ്ടിക്കാനുള്ള കഴിവില്ല താനും. ജീവൻ കേവലം പരതന്ത്രനും ദുർബ്ബലനുമാണെന്നതി ന്റെയും തെളിവുമാണ് അത്.

നിമിത്തമപ്യുപാദാനം സ്വയമേവ ഭവൽ പ്രഭുഃ
ചരാചരാത്മകം വിശ്വം സൃജത്യവതി ലുമ്പതി 332

നിമിത്തവും ഉപാദാനവുമാകുന്ന രണ്ടു കാരണങ്ങൾ കൂടാതെ ഒരു പദാർത്ഥമുണ്ടാവാൻ വയ്യ. ഘടത്തിനു മണ്ണ് ഉപാദാനകാരണവും, കുശവൻ നിമിത്തകാരണവുമാണ്. അതു പോലെ ഏതൊരു കാര്യത്തിന്റെ സൃഷ്ടിക്കും നിമിത്തോപാദാന ങ്ങളാകുന്ന രണ്ടു കാരണങ്ങൾ അവശ്യം ഉണ്ടായേ തീരൂ. എന്നാൽ ഈ ജഗത്താകുന്ന കാര്യത്തിന്റെ നിമിത്തവും ഉപാദാനവുമാകുന്ന രണ്ടു കാരണങ്ങളും ഈശ്വരൻ മാത്രമാണ്. സൃഷ്ടിക്കുന്നതിനു മാത്രമല്ല; പാലിക്കുന്നതിനും സംഹരിക്കുന്ന

തിനുംകൂടി ഈശ്വരൻ മാത്രമാണ് കാരണം. അതിനാൽ ഈശ്വരന്റെ സർവ്വശക്തത്വം അനശ്വർത്ഥമെന്ന് ഈ ഒരു കാര്യം കൊണ്ടുതന്നെ ബോധിക്കാൻ കഴിയും.

സ്വപ്രാധാന്യേന ജഗതോ നിമിത്തമപി കാരണം
ഉപാദാനം തതോപാധിപ്രാധാന്യേന ഭവത്യയം 333

ജീവനും ഈശ്വരനും വാസ്തവത്തിൽ ഒരേ ചൈതന്യം തന്നെയാണെങ്കിലും ഉപാധി പ്രാധാന്യംകൊണ്ടും; സ്വമഹിമാവു കൊണ്ടും ഈശ്വരന്റെ കഴിവുകൾ അപാരങ്ങളാണ്. അവയിൽ ഒന്നു പോലും ജീവനു സ്മരിക്കാൻപോലും കഴിയില്ലെന്നു പറയണം. ഉപാധിദോഷംതന്നെയാണ് അങ്ങിനെ വരാൻ കാരണമെന്നും പറയണം. വിചിത്രവും, വിശാലവും, അനന്ത കോടി ജീവികളാലും പദാർത്ഥങ്ങളാലും നിറയപ്പെട്ടതുമായ ഈ വിശ്വത്തിന്റെ നിമിത്തവും ഉപാദാനവുമാകുന്ന രണ്ടു കാരണ ങ്ങളുമായിത്തീരുന്നു ഈശ്വരൻ. അതേസമയത്ത് ജീവനാകട്ടെ ഈ ജഗത്തിലുള്ള എതെങ്കിലും ഒരു നിസ്സാര സംഗതിക്കു പോലും കാരണമാവാൻ വയ്യെന്നാണിരിക്കുന്നത്. സർവ്വതന്ത്ര സ്വതന്ത്രനായ ഈശ്വരനും, കേവലം പരതന്ത്രനായ ജീവനും തമ്മിലുള്ള അന്തരം അതുകൊണ്ട് വ്യക്തമാവുന്നുണ്ടല്ലോ.

17. പഞ്ചഭൂതസൃഷ്ടി

യഥാ ലൂതാ നിമിത്തം ച സ്വപ്രധാനതയാ ഭവേൽ
സ്വശരീരപ്രധാനത്വേനോപാദാനം തഥേശ്വരഃ 334

എട്ടുകാലി വലകെട്ടുന്നതു തന്നിൽനിന്നുതന്നെ നൂലുണ്ടാക്കി താൻതന്നെ കെട്ടുകയാണ്. അപ്പോൾ എട്ടുകാലിവലയുടെ നിമിത്തോപാദാനങ്ങളായ രണ്ടു കാരണങ്ങളും എട്ടുകാലി

തന്നെയാണ്. അതുപോലെ ഈശ്വരനും സ്വശരീരത്തെത്തന്നെ ഉപാദാനമാക്കി ജഗൽസൃഷ്ടിയെച്ചെയ്യുന്നതിനാൽ ജഗത്തിന്റെ നിമിത്തോപാദാനങ്ങളായ രണ്ടു കാരണങ്ങളും ഈശ്വരൻതന്നെ.

തമഃപ്രധാനപ്രകൃതി വിശിഷ്ടാൽ പരമാത്മനഃ
അഭൂൽ സകാശാദാകാശമാകാശാൽ വായുരുച്യതേ 335

വായോരഗ്നിസ്തഥൈവാഗ്നേരാപോ*ƒ*ദ്ഭ്യഃ പൃഥിവീ ക്രമാൽ
ശക്തേഃ തമഃപ്രധാനത്വം തൽകാർയ്യേ ജാഡ്യദർശനാൽ 336

എട്ടുകാലിയുടെ ശരീരത്തിൽനിന്നു വല കെട്ടാനാവശ്യമായ നൂലുണ്ടാവുന്നതുപോലെ ഈശ്വരശരീരത്തിൽനിന്നു ജഗൽ സൃഷ്ടിക്കാവശ്യമായ പദാർത്ഥങ്ങളെങ്ങിനെയുണ്ടാവുന്നു എന്നാണെങ്കിൽ പറയാം. പരമാത്മാവിന്റെ തമോഗുണപ്രധാനമായ പ്രകൃതിയിൽനിന്ന് അദ്യംതന്നെ ആകാശവും, ആകാശത്തിൽ നിന്ന് വായുവും, വായുവിൽനിന്നു അഗ്നിയും, അഗ്നിയിൽനിന്നു ജലവും, ജലത്തിൽനിന്നു ഭൂമിയുമുണ്ടാവുന്നു. ഇവ സൂക്ഷ്മ പഞ്ചഭൂതങ്ങളാണ്. സൂക്ഷ്മങ്ങളായ എല്ലാ വസ്തുക്കളുടെ സൃഷ്ടിക്കും ഈ പഞ്ചഭൂതങ്ങളാണ് ഉപാദാനം. ഇവതന്നെ അന്യോന്യം കൂടിച്ചേർന്നു സ്ഥൂലങ്ങളായിത്തീരുമ്പോൾ സ്ഥൂല സൂക്ഷ്മങ്ങളായ ജഗദ്വസ്തുക്കളുടെ മുഴുവൻ സൃഷ്ടിക്കും ഉപാദാനം പഞ്ചഭൂതങ്ങൾ മാത്രമെണന്നു താല്പര്യം. അവയാകട്ടെ പരമാത്മാവിന്റെ തമഃപ്രകൃതിയിൽനിന്നുണ്ടാവയുമാണ്. തമഃ പ്രകൃതിയിൽ നിന്നാണുണ്ടായതിനെന്താണ് തെളിവെന്നാണെങ്കിൽ തമസ്സിന്റെ ലക്ഷണമായ ജാഡ്യം പഞ്ചഭൂതങ്ങളിൽ സ്വാഭാവികമായി കണ്ടുവരുന്നു. കാരണധർമ്മം കര്യത്തിലുണ്ടായിത്തീരുന്നതു സ്വഭാവികമാണല്ലോ. പഞ്ചഭൂതങ്ങളുടെ ജാഡ്യ സ്വഭാവം അവയുടെ കാരണമായ പ്രകൃതിയിൽ നിന്നല്ലാതെ മറ്റൊന്നിൽനിന്നും വരാൻവയ്യ. അതിനാൽ തമഃപ്രകൃതിയിൽ

നിന്നാണ് പ്രഞ്ചഭൂതങ്ങളുണ്ടായതെന്നുവരുന്നു. ആദ്യത്തിൽ എങ്ങും ഒഴിവാകുന്ന ആകാശമുണ്ടായി. അനന്തരം അതിന്റെ ഒരംശത്തിന് ചലനമുണ്ടായി. പ്രസ്തുത ചലനംതന്നെ വായു. വായു തമ്മിൽ കൂട്ടിമുട്ടിയപ്പോൾ ജ്യോതിസ്സുണ്ടായി. ആ ജ്യോതിസ്സ് അഗ്നിയും, അഗ്നിയുടെ സ്വേദം ജലവും, ജലത്തിന്റെ ഊറൽ ഭൂമിയുമായിത്തീർന്നു. ഈ പഞ്ചഭൂതങ്ങൾ പിന്നീട് സ്ഥൂലസൂക്ഷ്മങ്ങളായ എല്ലാ ജഗൽപദാർത്ഥങ്ങൾക്കും ഉപാദാനവുമായിത്തീർന്നു.

ആരഭന്തേ കാര്യഗുണാൻ യേ കാരണഗുണാ ഹി തേ
ഏതാനി സുക്ഷ്മഭൂതാനി ഭൂതമാത്രാ അപി ക്രമാൽ 337

കാരണവസ്തുവിന്റെ ഗുണങ്ങൾതന്നെയാണ് കാര്യവസ്തുവിന്റെ ഗുണങ്ങളായിത്തീരുകയും വിക്രിയകൊണ്ട് പിന്നീടു പലതായിത്തീരുകയും ചെയ്യുന്നത്. എന്തുകൊണ്ടെന്നാൽ കാരണവസ്തുവിൽ നിന്നു വേറെയായി കാര്യവസ്തുവിനു സത്തയില്ലല്ലോ. അതിനാൽ കാരണവസ്തുതിന്റെ ഗുണങ്ങളല്ലാതെ കാര്യവസ്തുവിന് പ്രത്യേകമായി ഗുണങ്ങൾതന്നെയില്ലെന്നർത്ഥം. പറയപ്പെട്ട ആകാശാദി സൂക്ഷ്മഭൂതങ്ങൾതന്നെയാണ് ക്രമേണ ശബ്ദം, സ്പർശം, രൂപം, രസം ഗന്ധം എന്നീ ഭൂതമാത്രകൾ അല്ലെങ്കിൽ വിഷയങ്ങളായും തീർന്നിരിക്കുന്നത്.

18. സുക്ഷ്മശരീരം

ഏതേഭ്യഃ സൂക്ഷ്മഭൂതേഭ്യഃ സുക്ഷ്മദേഹാ ഭവന്ത്യപി
സ്ഥൂലാന്യപി ച ഭൂതാനി ചാന്യോന്യാംശവിമേളനാൽ 338

പറയപ്പെട്ട ആകാശാദി സൂക്ഷ്മപഞ്ചഭൂതങ്ങളുടെ മാത്രകൾ കൂടിച്ചേർന്നാണ് സൂക്ഷ്മശരീരങ്ങളായത്. ജീവന്റെ മുഖ്യോ

പാധി പതിനേഴു ഘടകങ്ങളോടുകൂടിയ സൂക്ഷ്മശരീരമാണ്. ഇതേ സൂക്ഷ്മഭൂതങ്ങൾതന്നെ അന്യോന്യം കൂടിചേർന്നു പഞ്ചീ കരിക്കപ്പെട്ടപ്പോഴാണ് സ്ഥൂലഭൂതങ്ങളായിത്തീർന്നത്. സ്ഥൂല പഞ്ചഭൂതങ്ങളുടെ മാത്രകൾ കൂടിച്ചേർന്നു സ്ഥൂലശരീരങ്ങ ളുമുണ്ടായി.

അപഞ്ചീകൃത ഭൂതേഭ്യോ ജാതം സപ്തദശാംശകം
സംസാരകാരണം ലിംഗമാത്മനോ ഭോഗസാധനം 339

മുൻപറയപ്പെട്ട അപഞ്ചീകൃതങ്ങളായ സൂക്ഷ്മപഞ്ചഭൂതങ്ങ ളിൽനിന്നു ക്രമേണ പതിനേഴു ഘടകങ്ങളായിത്തീർന്നു. അവ കൂടിച്ചേർന്നതാണ് സംസാരകാരണവും ജീവന്റെ ഭോഗോപ കരണവുമായ ലിംഗശരീരം അല്ലെങ്കിൽ സൂക്ഷ്മശരീരം.

ശ്രോത്രാദി പഞ്ചകം ചൈവ വാഗാദീനാം ച പഞ്ചകം
പ്രാണാദിപഞ്ചകം ബുദ്ധിമനസീ ലിംഗമുച്യതേ 340

പതിനേഴു ഘടകങ്ങൾ കൂടിച്ചേർന്നതാണ് സൂക്ഷ്മശരീര മെന്നു പറഞ്ഞുവല്ലോ. അവയെ വേർതിരിച്ചു പറയുന്നു. കണ്ണ്, മൂക്ക്, ചെവി, നാവ്, ത്വക് എന്നീ അഞ്ച് ജ്ഞാനേന്ദ്രിയങ്ങൾ; വാക്ക്, പാണി, പാദം, പായു, ഉപസ്ഥം, എന്നീ അഞ്ചു കർമ്മേ ന്ദ്രിയങ്ങൾ; പ്രാണൻ, അപാനൻ, ഉദാനൻ, സമാനൻ, വ്യാനൻ എന്നീ അഞ്ച് പ്രാണങ്ങൾ; ബുദ്ധി, മനസ്സ്, എന്നിങ്ങിനെ പതിനേഴുഘടകങ്ങൾ കൂടിച്ചേർന്നുണ്ടയതാണ് ജീവന്റെ മുഖ്യോ പാധിയും, ഭോഗോപകരണവുമായ സുക്ഷ്മശരീരം അല്ലെങ്കിൽ ലിംഗശരീരം.

ശ്രോത്രത്വക്ചക്ഷുർജ്ജിഹ്വാ ഘ്രാണാനി പഞ്ച ജാതാനി
ആകാശാദീനാം സത്വാംശേഭ്യോ ധീന്ദ്രിയാണ്യാനുക്രമതഃ 341

ആകാശാദി പഞ്ചഭൂതങ്ങളുടെ സത്വപ്രധാനാംശങ്ങൾ കൊണ്ടാണ് ശ്രോത്രാദി അഞ്ചു ജ്ഞാനേന്ദ്രിയങ്ങളുണ്ടായത്. സത്വപ്രധാനാകാശാംശം ശ്രോത്രമായും, സത്വപ്രധാനവായ്വംശം, ത്വക്കായും, ആഗ്നേയാംശം ചക്ഷുരിന്ദ്രിയമായും, ജലാംശം രസനയായും, ഭൗമാംശം ഘ്രാണേന്ദ്രിയമായും പരിണമിച്ചു. അവയാണ് പ്രസിദ്ധങ്ങളായ ജ്ഞാനപഞ്ചേന്ദ്രിയങ്ങൾ.

19. അന്തഃകരണം

ആകാശാദിഗതാഃ പഞ്ച സാത്വികാംശാഃ പരസ്പരം
മിളിത്വൈവാന്തഃക്കരണമഭവൽ സർവ്വകാരണം 342

അതുപോലെ ആകാശാദി പഞ്ചഭൂതങ്ങളിലെ സത്വാംശങ്ങൾ ഒന്നിച്ചു കൂടിച്ചേർന്നാണ് അന്തഃക്കരണമുണ്ടായത്. സംസാരം പഞ്ചഭൂതാത്മകവും, അന്തഃക്കരണം പഞ്ചഭൂതങ്ങളുടെ സമാഹാര സ്വരൂപവുമാണെന്നതിനാൽ സംസാരത്തിലെ സകല വിക്രിയ കൾക്കും ഹേതുവാണ് അന്തഃക്കരണമെന്നു പറയണം. അന്തഃ ക്കരണം വികസിച്ചിരിക്കുമ്പോൾ സംസാരമില്ലാതാവനോ, അന്തഃ ക്കരണമടങ്ങിയാൽ സംസാരമുണ്ടാവാനോ വയ്യ. ചുരുക്കത്തിൽ സംസാരത്തിന്റെതന്നെ ആകത്തുകയാണ് അന്തഃക്കരണമെന്നു പറയാം. ശ്രോത്രാദി ഇന്ദ്രിയങ്ങൾ ഓരോ ഭൂതങ്ങളുടെ മാത്രം പരിണാമവിശേഷമായതിനാൽ ഓരോ വിഷയത്തെമാത്രം ഗ്രഹിക്കാനുള്ള കഴിവേ അവയ്ക്കുള്ളൂ. എന്നാൽ പഞ്ചഭൂത ങ്ങളുടേയും സമാഹാരസ്വരൂപമാണ് അന്തഃക്കരണമെന്നതിനാൽ അന്തരിന്ദ്രിയത്തിന്ന് എല്ലാ വിഷയങ്ങളെയും ഗ്രഹിക്കാനുള്ള കഴിവുണ്ടുതാനും.

പ്രകാശകത്വാദേതേഷാം സാത്വികാംശത്വമിഷ്യതേ
പ്രകാശകത്വം സത്വസ്യ സ്വച്ഛത്വേന യതസ്തതഃ 343

ജ്ഞാനേന്ദ്രിയങ്ങളും അന്തഃക്കരണവും പഞ്ചഭൂതങ്ങളുടെ സത്വാംശപരിണാമാമാണെന്നതിനെന്താണ് തെളിവെന്നാണെങ്കിൽ പ്രകാശത്വംതന്നെ. സ്വച്ഛത്വം, പ്രകാശം ഇവ രണ്ടും സത്വഗുണത്തിന്റെ ധർമ്മങ്ങളാണല്ലോ. അതിനാൽ അവ ഏതൊരു വസ്തുവിൽ ആധിക്യേന കാണുന്നുവോ ആ വസ്തു സത്വാംശസംഭൂതമാണെന്നുസ്പഷ്ടമാണ്. ജ്ഞാനേന്ദ്രിയങ്ങളും അന്തഃക്കരണവും വസ്തുഗ്രഹണംകൊണ്ടു സ്വച്ഛത്വപ്രകാശത്വങ്ങളെ വെളിവാക്കുന്നു. അതിനാൽ അവ സത്വാധിക്യമുള്ളവയാണെന്നു സ്പഷ്ടമായി. പിന്നെ പഞ്ചഭൂതങ്ങളാണ് അവയുടേയും ഉപാദാനങ്ങളെന്നതിനാൽ പഞ്ചഭൂതങ്ങളുടെ സത്വാംശ സംഭൂതങ്ങളാണെന്നനുമാനിക്കുന്നതിൽ തെറ്റില്ല.

തദന്തഃക്കരണം വൃത്തിഭേദേന സ്യാൽ ചതുർവ്വിധം
മനോബുദ്ധിരഹങ്കാരശ്ചിത്തം ചേതി തദുച്യതേ 344

പറയപ്പെട്ട അന്തഃക്കരണത്തിന്നു നാലു ഘടകങ്ങളുണ്ടെന്നു പറയാറുണ്ട്. എന്നാൽ വൃത്തിഭേദംകൊണ്ടു നാലായി പറയപ്പെടുന്നു എന്നു മാത്രം. അന്തഃക്കരണം ഒന്നുതന്നെ. എന്നാൽ നാലായി പറയപ്പെടുമ്പോൾ മനസ്സ്, ചിത്തം, ബുദ്ധി, അഹങ്കാരം എന്നിങ്ങനെ നാലു പേരുകളെക്കൊണ്ടാണ് പറയപ്പെട്ടുവരുന്നത്. അവയുടെ ലക്ഷണങ്ങളെയും പറയാം.

സങ്കല്പാൽ മന ഇത്യാഹുർബുദ്ധിരർത്ഥസ്യ നിശ്ചയാൽ
അഭിമാനാദഹങ്കാരശ്ചിത്തമർത്ഥസ്യ ചിന്തനാൽ 345

ഇല്ലാത്ത വസ്തുക്കളെയും, അനുഭവങ്ങളെയും ഉണ്ടെന്നു വിചാരിക്കലാണ് സങ്കല്പം. അതാണ് മനസ്സിന്റെ സ്വരൂപം. മനസ്സില്ലെങ്കിൽ സങ്കല്പങ്ങളോ, സങ്കല്പങ്ങളില്ലാതെ മനസ്സോ നിലനിൽക്കുന്നില്ല. അതിനാൽ സങ്കല്പങ്ങൾതന്നെ മനസ്സിന്റെ

സ്വരൂപം സംശയപരിച്ഛേദം ചെയ്തു വസ്തുബോധത്തെ ഉറപ്പിക്കുന്ന നിശ്ചയം ബുദ്ധിയുടെയും സ്വരൂപമാണ്. അഭിമാനം അഹങ്കാരത്തിന്റെയും വസ്തുചിന്തനം ചിത്തത്തിന്റെയും സ്വരൂപങ്ങളുമാണ്.

മനസ്യാപി ച ബുദ്ധൗ ച ചിത്താഹങ്കാരയോഃ ക്രമാൽ
അന്തർഭാവോത്ര ബോദ്ധവ്യോ ലിംഗലക്ഷണസിദ്ധയേ 346

ലക്ഷണങ്ങളെക്കൊണ്ട് അന്തഃക്കരണത്തെ നാലു സ്വരൂപങ്ങളായിപ്പറഞ്ഞുവെങ്കിലും ചിത്തം മനസ്സിലും, അഹങ്കാരം ബുദ്ധിയിലും അടങ്ങുന്നതാകയാൽ മനസ്സും ബുദ്ധിയുമാകുന്ന രണ്ടു സ്വരൂപങ്ങളായി പറഞ്ഞാലും മതി. അങ്ങിനെ ചുരുക്കി ബോധിക്കുമ്പോൾ സുക്ഷ്മശരീരത്തെ അറിയാൻ കൂടുതൽ സൗകര്യമുണ്ടുതാനും.

ചിന്തനം ച മനോധർമ്മഃ സങ്കല്പാദിർയഥാ തഥാ
അന്തർഭാവോ മനസ്യേവ സമ്യക് ചിത്തസ്യ സിദ്ധ്യതി 347

വസ്തുചിന്തനമാണ് ചിത്തത്തിന്റെ സ്വരൂപമെന്നു പറഞ്ഞുവല്ലോ. മനസ്സിന്റെ സ്വരൂപം സങ്കല്പമാണെന്നും പറഞ്ഞു. ചിന്തനവും സങ്കല്പവും തമ്മിൽ വളരെ വ്യത്യാസമൊന്നുമില്ല. അതിനാൽ ചിത്തം മനസ്സിൽ ഒതുങ്ങുന്നുവെന്നത് സ്വാഭാവികം മാത്രമാണ്. മനസ്സിനെയും ചിത്തത്തെയും രണ്ടു തത്വങ്ങളായി ഗ്രഹിക്കേണ്ട ആവശ്യമില്ല.

ദേഹാദാവഹമിത്യേവ ഭാവോ ദൃഢതരോ ധിയഃ
ദൃശ്യതേ*f*ഹംകൃതേസ്തസ്മാദന്തർഭാവോ*f*ത്ര യുജ്യതേ 348

അതുപോലെ ശരീരാദി ഉപാദികളിൽ ഞാനെന്ന ദൃഢമായ ഭാവത്തെയാണല്ലോ അഭിമാനമെന്നു പറയുന്നത്. അത് ബുദ്ധി

യിൽ നിന്നല്ലാതെ ഉണ്ടാവൻ വയ്യ. ബുദ്ധിയുടെതന്നെ ഭാവ വിശേഷം മാത്രമാണ് അഭിമാനമെന്ന് അതുകൊണ്ട് സിദ്ധമാവുന്നു. അ സ്ഥിതിക്ക് അഭിമാനം ബുദ്ധിയിൽ അടങ്ങുന്നുവെന്നു പറഞ്ഞതും സ്വാഭാവികം മാത്രമാണ്. അവയെയും രണ്ടു തത്വങ്ങളായിക്കണക്കാക്കേണ്ട ആവശ്യമില്ല. അപ്പോൾ മനസ്സും ബുദ്ധിയുമാകുന്ന രണ്ടു ഘടകങ്ങൾ കൂടിച്ചേർന്നതാണ് അന്തഃക്കരണമെന്നു സിദ്ധമായി.

തസ്മാദേവ തു ബുദ്ധേഃ
കർത്തൃത്വം തദിതരസ്യ കരണത്വം
സിദ്ധ്യത്യാത്മന ഉഭയാൽ
വിദ്യാൽ സംസാരകാരണം മോഹാൽ 349

ഈ കാരണംകൊണ്ടുതന്നെ ബുദ്ധിക്ക് എല്ലാറ്റിന്റേയും കർത്തൃത്വവും, അന്യതത്വങ്ങൾക്കു കരണത്വവും സിദ്ധമാവുന്നു. 'ഞാൻ' എന്ന അഭിമാനമാണല്ലോ എല്ലാറ്റിന്റേയും കർത്തൃത്വം വഹിക്കുന്നത്. പ്രസ്തുത അഭിമാനം ബുദ്ധിയുടെ ഭാവം മാത്രമാകയാൽ ബുദ്ധിക്കുതന്നെ എല്ലാറ്റിന്റേയും കർത്തൃത്വമെന്നു സിദ്ധമാവുന്നു. ബുദ്ധിയൊഴിച്ച് അന്യതത്വങ്ങൾക്കൊന്നും ഇങ്ങിനെയുള്ള അഭിമാനമില്ലാത്തതിനാൽ അവയ്ക്കൊന്നും കർത്തൃത്വമില്ല. കരണത്വമാണുള്ളത്. ബുദ്ധിയാകുന്ന കർത്താവിന്റെ കർമ്മങ്ങൾക്കുള്ള ഉപകരണങ്ങൾ മാത്രമാണ് ഇന്ദ്രിയാദി ബാക്കി കരണങ്ങളെല്ലാമെന്നു താല്പര്യം. കർത്തൃകരണസ്വരൂപങ്ങളായ പ്രസ്തുത ബുദ്ധ്യാദി തത്വങ്ങളെല്ലാം ജീവന്നുപാധികളാണെന്നതിനാൽ അവയിലും അവയുടെ ധർമ്മങ്ങളിലുമുള്ള തെറ്റിദ്ധാരണ ഹേതുവായി സംസാരമുണ്ടാവാനും അനുഭവിക്കാനും ഇടയാവുകയും ചെയ്യുന്നു.

20. വിജ്ഞാനമയകോശം

വിജ്ഞാനമയകോശഃ സ്യാൽ ബുദ്ധിർജ്ഞാനേന്ദ്രിയൈഃ സഹ
വിജ്ഞാനപ്രചുരത്വേനാപ്യാച്ഛാദകതയാത്മനഃ 350

പറയപ്പെട്ട ബുദ്ധിതത്വവും ശ്രോത്രാദി പഞ്ചജ്ഞാനേന്ദ്രിയങ്ങളും കൂടിയ വിഭാഗത്തേയാണ് ശാസ്ത്രങ്ങൾ 'വിജ്ഞാനമയകോശ'മെന്നു പറയുന്നത്. വിജ്ഞാനത്തിന്റെ പ്രാചുര്യംകൊണ്ടു വിജ്ഞാനശബ്ദവും, ആത്മാവിന്നാവരണമാണെന്നതിനാൽ കോശശബ്ദവും വാച്യങ്ങളായി. അങ്ങിനെയാണ് വിജ്ഞാനമയകോശമെന്ന പേരുണ്ടായത്. ശരീരത്തിന്റെ അകത്തും പുറത്തുമുള്ള അറിവെല്ലാം ബുദ്ധിയുടെയും ഇന്ദ്രിയങ്ങളുടേതുമാണ്. അകത്തെ അറിവ് മുഴുവൻ ബുദ്ധിയുടെതാണെങ്കിൽ പുറത്തേതു മുഴുവൻ ഇന്ദ്രിയങ്ങളുടേതുമാണ്. ഇന്ദ്രിയങ്ങളും ബുദ്ധിയുമടങ്ങിയ ഒരാളിൽ വിജ്ഞാനത്തിന്റെ വികാസം അല്പം പോലുമുണ്ടാവാൻ വയ്യ. അതിനാൽ ജഗത്തിൽ മുഴുവൻ വ്യാപ്തമായിരിക്കുന്ന വിജ്ഞാനം മുഴുവൻ തന്നെയും ബുദ്ധിയുടേയും ഇന്ദ്രിയങ്ങളുടേയും തന്നെ. അങ്ങിനെയാണെങ്കിലും ആ വിജ്ഞാനംകൊണ്ട് സത്യമായ ആത്മസ്വരൂപത്തെ അറിയാൻ പറ്റില്ലെന്നു മാത്രമല്ല; ആത്മാവിന് മറവാണുതാനും. അതുകൊണ്ടാണ് ബുദ്ധിക്കും ഇന്ദ്രിയങ്ങൾക്കുംകൂടി വിജ്ഞാനമയകോശമെന്നു പേരുണ്ടായത്.

വിജ്ഞാനമയകോശോയമിതി വിദ്വദ്ഭിരുച്യതേ
അയം മഹാനഹങ്കാരവൃത്തിമാൻ കർത്തൃലക്ഷണഃ
സർവ്വസംസാരനിർവ്വോഢാ വിജ്ഞാനമയശബ്ദഭാക് 351

കൂടാതെ ഈ ബുദ്ധിതന്നെ മഹത്തത്വത്തിന്റേയും അഹങ്കാരത്തിന്റേയും വ്യഷ്ടിസ്വരൂപവും കർത്തൃലക്ഷണത്തോടു കൂടിയതു

മാണ്. മഹത്തത്വത്തിന്റെ വ്യഷ്ടിരൂപമാകയാൽ എല്ലാവിധ സംസാരഭാവങ്ങളുടേയും ഉറവിടവും, വാസനകളുടെ ഇരിപ്പിടവു മാണ്. ബുദ്ധിയില്ലാത്ത സംസാരവൃത്തികളൊന്നുമില്ല. സംസാരം മുഴുവൻ ബുദ്ധിയിൽനിന്നു വന്നതും, ബുദ്ധിയിൽതന്ന നിൽക്കു ന്നതുമാണെന്നു പറഞ്ഞൽക്കൂടി തെറ്റില്ല. സംസാരത്തിന്റെ മുഴുവൻ ഊടും പാവുംമായിരിക്കുന്ന ബുദ്ധി. അതു പോലെ അഹങ്കാരത്തിന്റേയും വ്യഷ്ടിത്വമുള്ളതിനാൽ എല്ലാറ്റി നേയും കർത്തൃത്വൗം ബുദ്ധിക്കുതന്നെ. ഈ കാരണത്താൽ സംസാര ത്തിന്റെ നിലനില്പിന്നു മുഖ്യഹേതു ബുദ്ധി തന്നെ. ബുദ്ധിയുള്ളേ ടത്തോളംകാലം സംസാരമില്ലാതാവാൻ വയ്യ. സംസാരധർമ്മ ങ്ങളെ മുഴുവൻ ഭരിക്കുന്നതും നിർവ്വഹിക്കുന്നതു കൂടിയും വിജ്ഞാനമയകോശമാകുന്ന ഈ ബുദ്ധിയാണ്. അങ്ങിനെയുള്ള ഈ ബുദ്ധിയേയും ജ്ഞാനേന്ദ്രിയങ്ങളെയും കൂടി വിജ്ഞാന മയകോശമെന്നു വിദ്വാന്മാർ പറഞ്ഞുവരുന്നു.

അഹം മമേത്യേവ സദാഭിമാനം
ദേഹേന്ദ്രിയാദൗ കുരുതേ ഗൃഹാദൗ

ജീവാഭിമാനഃ പുരുഷോയമേവ
കർത്താ ച ഭോക്താ ച സുഖീ ച ദുഃഖീ 352

ശരീരം, ഇന്ദ്രിയങ്ങൾ തുടങ്ങിയ കരണങ്ങളിൽ ഞാനെന്നും, ഗൃഹം, കുടുംബം, സമ്പത്ത് തുടങ്ങിയവയിൽ എന്റേതെന്നും അഭിമാനിക്കുന്നത് ഈ ബുദ്ധിയല്ലാതെ മറ്റാരുമല്ല. അഹന്താ മമതകളാകുന്ന പ്രസ്തുത ബന്ധങ്ങളെക്കൊണ്ട് ഒരിക്കലും സംസാരത്തിൽനിന്നു വിടാൻ വയ്യാത്ത നിലയിൽ ജീവനെ ബന്ധിക്കുന്നതും ഈ ബുദ്ധിതന്നെ. ഒരു പ്രകാരത്തിൽ പറഞ്ഞാൽ ജീവന്റെ മുഖ്യോപാധിയാണ് ബുദ്ധിയെന്നതു

കൊണ്ടും ബുദ്ധിയില്ലാതെ ജീവത്വം നിലനിൽക്കുന്നില്ലെന്നതു കൊണ്ടും ജീവതത്വംകൂടി ഈ ബുദ്ധിയിൽനിന്ന് വേറെയല്ല. അതിനാൽ ഞാൻ കർത്താവാണ്, ഭോക്താവാണ്, സുഖിയാണ്, ദുഃഖിയാണ് എന്നിങ്ങനെ പലതും അഭിമാനിക്കുന്ന ജീവാഭി മാനിയായ പുരുഷൻപോലും ഈ ബുദ്ധിയിൽനിന്ന് വേറെയല്ല.

സ്വവാസനാപ്രേരിത ഏവ നിത്യം
കരോതി കർമ്മോഭയലക്ഷണം ച
ഭുംക്തേ തദുൽപ്പന്നഫലം വിശിഷ്ടം
സുഖം ച ദുഃഖം ച പരത്ര ചാത്ര 353

തന്നിൽതന്നെ അടങ്ങിയ പലതരത്തിലുള്ള വാസനകളുടെ പ്രചോദനം ഹേതുവായിട്ട് ഇതേ ബുദ്ധിതന്നെയാണ് പുണ്യ പാപാത്മകങ്ങളായ അനേകതരത്തിലുള്ള കർമ്മങ്ങളെ കർത്തൃ ഭാവനയോടെ ചെയ്യുന്നത്. അവയുടെ സുഖദുഃഖാത്മകങ്ങളായ ഫലങ്ങളെ ഇഹപരലോകങ്ങളിൽവെച്ച് അനുഭവിക്കുകയും ചെയ്യുന്നു. ചുരുക്കിപ്പറഞ്ഞാൽ സംസാരത്തിന്റെ ആകത്തുക യാണ് അവിദ്യാമയിയായ ഈ ബുദ്ധിയെന്നു പറയണം.

നാനായോനിസഹസ്രേഷു ജായമാനോ മുഹുർമ്മുഹുഃ
മ്രിയമാണോ ഭ്രമത്യേഷ ജീവഃ സംസാരമണ്ഡലേ 354

സംസാരത്തിൽ നാനാകാലദേശങ്ങളിൽ നാനായോനികളിൽ അപ്പഴപ്പോൾ ജനിക്കുകയും മരിക്കുകയും മറ്റും ചെയ്തു ഭ്രമിച്ചു കൊണ്ടിരിക്കുന്ന ജീവന്റെ എല്ലാവിധ ദുഃഖങ്ങൾക്കും അനുഭവ ങ്ങൾക്കും ഏക ഹേതുവും ഈ ബുദ്ധിമാത്രമാണ്.

21. മനോമയകോശം

മനോ മനോമയഃ കോശോ ഭവേൽ ജ്ഞാനേന്ദ്രിയൈഃ സഹ
പ്രാചുര്യം മനസോ യത്ര ദൃശ്യതേസൗ മനോമയഃ 355

വിജ്ഞാനമയകോശത്തെ വിവരിച്ചുകഴിഞ്ഞശേഷം മനോമയ കോശത്തെപ്പറയുന്നു. മനസ്സും ജ്ഞാനേന്ദ്രിയങ്ങളഞ്ചും കൂടി ച്ചേർന്ന വിഭാഗമാണ് മനോമയകോശം. ജ്ഞാനേന്ദ്രിയങ്ങളഞ്ചും വിജ്ഞാനമയകോശത്തിലടങ്ങുമെന്നു പറഞ്ഞുവല്ലോ. പിന്നെ യെങ്ങിനെ മനോമയകോശത്തിലും കൂടിച്ചേരുന്നുവെന്നാണെ ങ്കിൽ അതിന് ദോഷമില്ല. അന്തഃക്കരണത്തിന്റെ രണ്ടു ഘടക ങ്ങളാണല്ലോ മനസ്സും ബുദ്ധിയും. ആ സ്ഥിതിക്ക് അവ രണ്ടിലും ജ്ഞാനേന്ദ്രിയങ്ങൾക്കു വ്യാപ്തിയുണ്ടാവുന്നതിൽ തെറ്റില്ല. മനസ്സിന്റെ പ്രാചുര്യം ഹേതുവായിട്ടു മനോമയമെന്നും, ആത്മാവിന്നാവരണമാകയാൽ കോശമെന്നും പേരുണ്ടായി. അങ്ങിനെ മനോമയകോശമെന്നു പറയപ്പെടുന്നു.

ചിന്താവിഷാദഹർഷാദ്യാഃ കാമാദ്യാഃ അസ്യ വൃത്തയഃ
മനുതേ മനസൈവൈഷഃ ഫലം കാമയതേ ബഹിഃ
യതതേ കുരുതേ ഭുംക്തേ തന്മനഃ സർവ്വകാരണം 356

മനോഹ്യമുഷ്യ പ്രവണസ്യ ഹേതു-
ശ്ചാന്തർബ്ബഹിശ്ചാർത്ഥമനേന വേത്തി
ശൃണോതി ജിഘ്രത്യമുനൈവ ചേക്ഷതേ
വക്തി സ്പൃശത്യത്തി കരോതി സർവ്വം 357

ജീവൻ അനവരതം നടത്തിക്കൊണ്ടിരിക്കുന്ന സംസാര പരിഭ്രമണത്തിന് ഏക ഹേതു മനസ്സ് മാത്രമാണ്. അകത്തും പുറത്തുമുള്ള പദാർത്ഥങ്ങളെയെല്ലാമറിയുന്നതും, കേൾക്കുന്ന

തും, ഘ്രാണിക്കുന്നതും, കാണുന്നതും, പറയുന്നതും, സ്പർശിക്കുന്നതും, ചെയ്യുന്നതുമെല്ലാം മനസ്സാണെന്നു പറയണം. മനസ്സില്ലാതെ ഒരു വ്യവഹാരവും ജഗത്തിലില്ല. എല്ലാ വ്യവഹാരങ്ങളും മനസ്സു മാത്രമാണ് ചെയ്യുന്നത്. ഈ കാരണത്താൽതന്നെ സംസാരത്തിന്റെ ആണിവേരാണ് മനസ്സ്. മനസ്സടങ്ങിയ ഒരാളെ അപേക്ഷിച്ചു സംസാരമെന്ന വസ്തുതന്നെ ഉണ്ടാവാൻ പോവുന്നില്ല.

ബന്ധശ്ച മോക്ഷോ മനസൈവ പുംസാ–
മർത്ഥോപ്യനർത്ഥോപ്യമുനൈവ സിദ്ധ്യതി
ശുദ്ധേന മോക്ഷോ മലിനേന ബന്ധോ
വിവേകതോർത്ഥോപ്യവിവേകതോന്യഃ 358

ജീവന് ബന്ധവും മോക്ഷവും അർത്ഥവുമനർത്ഥവുമെല്ലാം മനസ്സാണുണ്ടാക്കിത്തീർക്കുന്നത്. മനസ്സു നശിച്ചൊരാൾ കൈവല്യസ്വരൂപമായ ബ്രഹ്മമായിത്തീരുന്നു. എന്നാൽ മനസ്സുള്ളേടത്തോളും കാലം ആരും കേവലസ്വരൂപനാവുന്നുമില്ല. അതുകൊണ്ടുതന്നെ മനസ്സാണ് സംസാരം മുഴുവനുമെന്നുകൂടി വ്യക്തമാവുന്നു. മനസ്സിന്റെ അശുദ്ധി ബന്ധത്തിന്നും, ശുദ്ധി മോക്ഷത്തിന്നും കാരണമാണ്. അതായതു അശുദ്ധിയോടുകൂടിയ മനസ്സുതന്നെയാണ് ബന്ധമെന്നും, ശുദ്ധമായ മനസ്സുതന്നെ മോക്ഷമെന്നും താല്പര്യം. അതുപോലെ വിവേകം അഭീഷ്ടമായ അർത്ഥത്തിന്നും, അവിവേകം അനിഷ്ടമായ അനർത്ഥത്തിന്നു കാരണമാവുന്നു. അങ്ങിനെയുള്ള മനസ്സ് കേവലം നശിക്കുമ്പോൾ കേവലാനുഭൂതി തടസ്ഥമറ്റതായി. മനസ്സിനെ കേവലം നശിപ്പിക്കാൻ കഴിഞ്ഞില്ലെങ്കിൽക്കൂടി ശുദ്ധിയോടും വിവേകത്തോടുംകൂടിയതാക്കി നിലനിർത്താൻ കഴിഞ്ഞാൽതന്നെ വലിയ കാര്യമാണ്. അങ്ങിനെ ചെയ്യുന്നതു

കൊണ്ടുതന്നെ ജീവന്നു സാമാന്യമായ സമാധാനവും, സംതൃപ്തിയും, അഭീഷ്ടാനുഭൂതിയുമുണ്ടാവും.

രജസ്തമോഭ്യാം മലിനം ത്വശുദ്ധം
അജ്ഞാനജം സത്വഗുണേന രിക്തം
മനസ്തമോദോഷസമന്വിതത്വാൽ
ജഡത്വമോഹാല സതാപ്രമാദൈഃ
തിരസ്കൃതം സന്നതു വേത്തി വാസ്തവം
പദാർത്ഥതത്വം ഹ്യുപലഭ്യമാനം 359

മനസ്സിന്റെ ശുദ്ധിക്കും അശുദ്ധിക്കും എന്താണ് കാരണമെന്നും ശുദ്ധവും അശുദ്ധവുമായ മനസ്സിന്റെ ലക്ഷണങ്ങൾ എന്തെല്ലാമാണെന്നും അറിയേണ്ടതാണ്. എന്നാലല്ലേ അവയെ യഥാർത്ഥമായി ക്രമപ്പെടുത്താൻ കഴിയൂ. അതിനാൽ അവയെപ്പറയാം. സത്വരജസ്തമസ്സുകളാകുന്ന ഗുണങ്ങളാണ് മനസ്സിന്റെ എല്ലാവിധ സംസ്കാരങ്ങൾക്കും ഹേതു, രജസ്തമസ്സുകൾ അശുദ്ധിക്കും സത്വം ശുദ്ധിക്കും ഹേതുവാണ്. എന്നാൽ സത്വഗുണത്തോടുകൂടാതെ രജസ്തമോഗുണങ്ങൾ വളർന്നു വികസിച്ചുകൊണ്ടുള്ള മനസ്സ് എല്ലാ പ്രകാരത്തിലും മലിനവും അശുദ്ധവുമാണ്. സ്വതവേത്തന്നെ അജ്ഞാനത്തിന്റെ സന്താനമായ മനസ്സിന്ന് ശുദ്ധിയെന്നുള്ളത് എങ്ങിനെയായാലും ഉണ്ടാവാൻ വയ്യാത്തതാണ്. എന്നാൽ സത്വഗുണം വികസിക്കുന്നുവെങ്കിൽ കുറെ ഭേദം. അതുമില്ല, രജസ്തമസ്സുകളാണ് മനസ്സിൽ നിറഞ്ഞിരിക്കുന്നതെങ്കിൽ പിന്നെ പറയേണ്ടതില്ല, എല്ലാ പ്രകാരത്തിലും ആ മനസ്സു അശുദ്ധവും മലിനവുമാണ്. അനർത്ഥങ്ങളല്ലാതെ മറ്റൊന്നും ആ മനസ്സ് ഹേതുവായിട്ടുണ്ടാവാനും പോവുന്നില്ല. കുറെക്കൂടി പ്രത്യേകതയുണ്ട് തമോഗുണമാണ് മറ്റു രണ്ടിനേക്കാളും കുടുതൽ വളർന്നിരിക്കുന്നതെങ്കിൽ തമോഗുണാധിക്യ

മുള്ള മനസ്സിൽനിന്ന് ദോഷങ്ങളല്ലാതെ ഗുണങ്ങളൊന്നുമുണ്ടാവാൻ വയ്യ. എപ്പോഴും ജാഡ്യത്തോടുകൂടിയിരിക്കുക, ഒന്നിന്റേയും പരമാർത്ഥബോധമില്ലാതെ തെറ്റിദ്ധാരണകളെ വളർത്തിക്കൊണ്ടിരിക്കുക, ആഗ്രഹങ്ങൾ പലതുമുണ്ടെങ്കിലും ഒന്നും പ്രവർത്തിക്കാതെ എപ്പോഴും അലസനായിരിക്കുക, ആവശ്യത്തിലധികം ഉറങ്ങിക്കൊണ്ടിരിക്കുക. എന്തെങ്കിലും വിചാരിക്കുകയോ പറയുകയോ പ്രവർത്തിക്കുകയോ ചെയ്യുന്നുണ്ടെങ്കിൽ അതു തെറ്റായിരിക്കുക, എത്രയൊക്കെ കേട്ടാലും അനുഭവിച്ചാലും സത്യവസ്തുവെ അറിയാതിരിക്കുക എന്നിവയെല്ലാം തമോഗുണം വളാർന്നാലുണ്ടാവുന്ന ലക്ഷണങ്ങളാണ്. അങ്ങിനെയുള്ള മനസ്സുള്ളേടത്തോളം കാലം ഒരു നല്ല കാര്യവും ചെയ്യാൻ സാധിക്കില്ല. അതിനാൽ തമോഗുണത്തെ കഴിയുന്നതും അകറ്റേണ്ടതാണ്.

രജോദോഷൈര്യുക്തം യദി ഭവതി
വിക്ഷേപകഗുണൈഃ
പ്രതീപൈഃ കാമാദ്യൈരനിശ
മഭിഭൂതം വ്യഥയതി
കഥഞ്ചിൽ സൂക്ഷ്മാർത്ഥാവഗതി
മദപി ഭ്രാമ്യതി ഭൃശം
മനോ ദീപോ യദ്വൽ പ്രബല
മരുതാ ദ്ധ്വസ്തമഹിമാ 360

തമോഗുണവും സത്വവും ചുരുങ്ങി രജോഗുണത്തിന്റെ ആധിക്യമാണ് മനസ്സിലുള്ളതെങ്കിൽ എപ്പോഴും അസ്വസ്ഥവും ചഞ്ചലവും അകൃതാർത്ഥവുമായിക്കൊണ്ടിരിക്കും. രജോഗുണം വളർന്നാൽ പലപ്രകാരത്തിലുള്ള വിക്ഷേപങ്ങൾ എപ്പോഴും മനസ്സിൽ പൊന്തിക്കൊണ്ടിരിക്കുകയും പ്രബലങ്ങളായ കാമാദി

വികാരങ്ങൾ വളരുകയും ചെയ്യും. ഒരു നിമിഷമെങ്കിലും ശാന്തി സൗഭാവ്യമനുഭവിക്കാൻ സാധിക്കില്ല. വിഷയങ്ങളെക്കൊണ്ടും വൈഷയികവികാരങ്ങളെക്കൊണ്ടും എപ്പോഴും പ്രക്ഷുബ്ധമായ മനസ്സിൽ തത്വബോധമെങ്ങിനെയുണ്ടാവും? ഒരിക്കലും ഉണ്ടാവാൻ വയ്യ.

തതോ മുമുക്ഷുർഭവബന്ധമുക്ത്യൈ
രജസ്തമോഭ്യാം ച തദീയകാർയ്യൈഃ
വിയോജ്യ ചിത്തം പരിശുദ്ധസത്വം
പ്രിയം പ്രയത്നേന സദൈവ കുര്യാൽ 361

അതുകൊണ്ട് മോക്ഷേച്ഛുവായ സാധകൻ സംസാരമുക്തിക്ക് ആദ്യംതന്നെ ചെയ്യേണ്ടത് ചിത്തത്തിൽനിന്ന് രജസ്തമോഗുണങ്ങളെ അകറ്റി സത്വത്തെ വളർത്തലാണ്. സത്വഗുണം വളരുകയും രജസ്തമസ്സുകൾ ചുരുങ്ങുകയും ചെയ്തല്ലാതെ ആർക്കും ഭക്തിജ്ഞാനവൈരാഗ്യങ്ങളൊന്നുമുണ്ടാവാൻ പോവുന്നില്ല. അവയുണ്ടാവുകയും വളരുകയും ചെയ്തല്ലാതെ ശരിയായ തത്വബോധവും തത്വപ്രാപ്തിയുമുണ്ടാവാനും പോവുന്നില്ല. അതിനാൽ സംസാരബന്ധനിവൃത്തിയും കൈവല്യപ്രാപ്തിയും സാധിക്കേണ്ടതിന് ആദ്യംതന്നെ രജസ്തമോഗുണങ്ങളും അവയുടെ വൃത്തികളും കേവലം ചുരുങ്ങുകയും സത്വഗുണം വളരുകയും ചെയ്യേണ്ടതത്യാവശ്യമാണ്.

ഗർഭാവാസജനിപ്രണാശനജരാ
വ്യാദ്ധ്യാദിഷു പ്രാണിനാം
യൽ ദുഃഖം പരിദൃശ്യതേ ച നരകേ
തച്ചിന്തയിത്വാ മുഹുഃ
ദോഷാനേവ വിലോക്യ സർവ്വവിഷയേ
ഷ്വാശാം വിമുച്യാഭിത–

ശ്ചിത്തം ഗ്രന്ഥിവിമോചനായ സുമതിഃ
സത്വം സമാലംബതാം 362

വിഷയങ്ങളിലുള്ള ആഗ്രഹവും പ്രവർത്തിയും വർദ്ധിക്കും തോറും രജസ്തമോഗുണങ്ങൾ വർദ്ധിക്കലല്ലാതെ ചുരുങ്ങലില്ല. രജസ്തമസ്സുകൾ ചുരുങ്ങാതെ സത്വഗുണം വളരലുമില്ല. സത്വ ഗുണം വളരാതെ ദുഃഖനിവൃത്തിയോ സുഖപ്രാപ്തിയോ ഉണ്ടാ വാൻ പോവുന്നില്ലെന്നു സ്പഷ്ടമാണ്. അതിനാൽ വിഷയങ്ങളി ലുള്ള ആഗ്രഹങ്ങളെ അകറ്റി വിഷയനിവൃത്തനായി രജസ്തമസ്സു കളെ ചുരുക്കുകയും സത്വഗുണത്തെ വളർത്തുകയും ചെയ്യേണ്ട തത്യാവശ്യമാണ്. എങ്കിലേ കാലംകൊണ്ടെങ്കിലും ഓരാൾക്കു ജന്മസാഫല്യമാകുന്ന ബന്ധനിവൃത്തിയും കൈവല്യപ്രാപ്തിയു മുണ്ടാവാൻപോവുന്നുള്ളു. അതിനാൽ ബുദ്ധിമാനായ ഒരാൾ തീർച്ചയായും അങ്ങനെചെയ്തു സത്വഗുണത്തെ വളർത്തേ ണ്ടതാണ്. വിഷയങ്ങളുടെ ദുരന്തങ്ങളായ ദോഷങ്ങളേയും അവ ഹേതുവായിട്ടു ജീവനനുഭവിക്കേണ്ടിവരുന്ന ക്ലേശങ്ങളേയും ചിന്തിക്കാൻ തുടങ്ങിയാൽമതി. അതുകൊണ്ടുതന്നെ ചിത്തം ക്രമേണ വിഷയങ്ങളെ വിട്ടുപോരാൻതുടങ്ങും. അപ്പോൾ ആഗ്രഹങ്ങളും പ്രവൃത്തികളും അടങ്ങുകയും ചെയ്യും. നാനാ പ്രകാരത്തിലുള്ള ക്ലേശങ്ങൾക്ക് ഏക നിദാനമായ ഗർഭോദര വാസം, ജനനം, മരണം, വാർദ്ധക്യം, വ്യാധികൾ, നരകാവാസം തുടങ്ങിയ സംസാരാനുഭവങ്ങളിൽ ഏതാണ് ജീവനെ കഠിന ദുഃഖത്തിന്ന് വിധേയനാക്കാത്ത അനുഭവം? എല്ലാം ഒരുപോലെ ജീവനെ കഠിനദുഃഖത്തിലിട്ടു തപിപ്പിക്കുന്നവയാണ്. ഇങ്ങനെ ആയിരമായിരം അനുഭവങ്ങൾ ഓരോ ജീവനും, ഓരോ ജന്മത്തിലും അനുഭവിക്കേണ്ടിവരുന്നുണ്ട് സംസാരത്തിൽ. ഇങ്ങനെയുള്ള അനുഭവങ്ങളെല്ലാം വിഷയാഗ്രഹങ്ങളെ ക്കൊണ്ടും വിഷയപ്രവൃത്തികൊണ്ടുമല്ലേ അനുഭവിക്കേണ്ടിവരു

ന്നത്? അതോർക്കുമ്പോൾ ആർക്കാണ് വിഷയങ്ങളിൽ വൈരാഗ്യമുണ്ടാവാത്തത്? അതിനാൽ വിവേകിയായ സാധകൻ ഇങ്ങിനെ വിഷയങ്ങളുടെ ദോഷഭാഗങ്ങളേയും ജീവന്റെ ദുരനുഭവങ്ങളേയും ഓർമ്മിച്ചു വിഷയനിവൃത്തനായി രജസ്തമസ്സുകളെ ക്ഷയിപ്പിച്ചു സത്വഗുണത്തെ വളർത്താൻ ശ്രമിക്കേണ്ടതാണ്.

യമേഷു നിരതോ യസ്തു നിയമേഷു ച യത്നതഃ
വിവേകിനസ്തസ്യ ചിത്തം പ്രസാദമധിഗച്ഛതി 363

വിവേകിയായ സാധകൻ യമനിയമങ്ങളിൽ എപ്പോഴും ദത്തശ്രദ്ധനും അവയ്ക്ക് വിപരീതവൃത്തികളിൽനിന്നു നിവൃത്തനുമായിക്കഴിയുന്നുവെങ്കിൽ ആ ഒരു ചര്യകൊണ്ടുതന്നെ പറയപ്പെട്ട സംസ്കാരങ്ങളെല്ലാം വന്നുചേരും. ചിത്തം പ്രസന്നമായിത്തീരുകയും ചെയ്യും.

ആസൂരീം സമ്പദം ത്യക്ത്വാ ഭജേദ്യോ ദൈവസമ്പദം
മോക്ഷൈകകാംക്ഷയാ നിത്യം തസ്യ ചിത്തം പ്രസീദതി 364

യമനിയമങ്ങളിൽ ദത്തശ്രദ്ധനാവണമെന്ന് പറഞ്ഞുവല്ലോ. എന്താണ് യമനിയമങ്ങൾ എന്നാണെങ്കിൽ അവയെക്കുറിച്ചു കൂടുതൽ ചിന്തിക്കേണ്ടതില്ല. ഭഗവൽഗീതയിൽ ദൈവാസുര സമ്പദ്വിഭാഗയോഗമെന്ന പതിനാറാമദ്ധ്യാത്തിൽപ്പറഞ്ഞ ദൈവീസമ്പത്തിനേയും ആസുരീസമ്പത്തിനേയും തിരിച്ചറിഞ്ഞു ദൈവീസമ്പത്തിനെ സേവിക്കുകയും, ആസുരീസമ്പത്തിനെ അകറ്റുകയും ചെയ്താൽ മതി. എന്നാൽ യമനിയമങ്ങളും ശമദമങ്ങളുമെല്ലാം അതിൽനിന്നു വന്നുചേർന്നോളും. അങ്ങനെ ചെയ്തുകൊണ്ടു മോക്ഷൈകശരണനായിക്കഴിയുന്നൊരാളുടെ ചിത്തം കാലംകൊണ്ടു പ്രസന്നമായിത്തീരും. ചിത്തം പ്രസന്നമാ

വുകയെന്നു പറഞ്ഞാൽ സത്വഗുണം വളരുകയെന്നർത്ഥമാണ്. സത്വഗുണം വളർന്നാൽ ക്രമേണ തത്വബോധമുണ്ടായി കൈവല്യപ്രാപ്തിക്കധികാരിയായിത്തീരുകയും ചെയ്യും.

പരദ്രവ്യപരദ്രോഹപരനിന്ദാപരസ്ത്രീയഃ
നാലംബതേ മനോ യസ്യ തസ്യ ചിത്തം പ്രസീദതി 365

ആരുടെ ചിത്തം മറ്റുള്ളവരുടെ സമ്പത്തിനേയും, ദ്രോഹ ചിന്തയേയും, നിന്ദയേയും, സ്ത്രീകളേയും, ആശ്രയിക്കുന്നില്ലയോ, അങ്ങനെയുള്ളവരുടെ ചിത്തം ക്രമേണ സത്വഗുണം വളർന്നു പ്രസന്നമായിത്തീരും.

ആത്മവൽ സർവ്വഭൂതേഷു യഃ സമത്വേന പശ്യതി
സുഖം ദുഃഖം വിവേകേന തസ്യ ചിത്തം പ്രസീദതി 366

ആർക്ക് തന്റെതെന്നപോലെ സർവ്വജീവികളുടേയും സുഖ ദുഃഖങ്ങളിൽ തുല്യഭാവത്തോടെ വീക്ഷിക്കാൻ കഴിയുന്നുവോ; ആ സാമ്യഭാവം ഒന്നുകൊണ്ടുതന്നെ ക്രമേണ അവനിൽ സത്വ ഗുണം വളർന്നു ചിത്തം പ്രസന്നമായിത്തീരും.

അത്യന്തം ശ്രദ്ധയാ ഭക്ത്യാ ഗുരുമീശ്വരമാത്മനി
യോ ഭജത്യനിശം ക്ഷാന്തസ്തസ്യ ചിത്തം പ്രസീദതി 367

അതുപോലെ ആർ ഗുരുവിനെയും ഈശ്വരനെയും തുല്യ ഭാവത്തോടുകൂടി ശ്രദ്ധാഭക്തിവിശ്വാസങ്ങളോടെ എപ്പോഴും ഭജിക്കുന്നുവോ, അതുകൊണ്ടും അയാളിൽ സത്വഗുണം വളർന്നു ചിത്തം പ്രസന്നമായിത്തീരും.

ശിഷ്ടാന്നമീശാർച്ചനമാര്യസേവാം
തീർത്ഥാടനം സ്വാശ്രമധർമ്മനിഷ്ഠാം
യമാനുഷക്തിം നിയമാനുവൃത്തിം

ചിത്തപ്രസാദായ വദന്തി തജ്ഞാഃ 368

പരിശുദ്ധവും സ്വാതികവുമായ ആഹാരത്തെമാത്രം കഴിക്കുക, ഈശ്വരനെയും ഗുരുവിനെയും ഭക്തിയോടുകൂടി സേവിക്കുക, തീർത്ഥാടനം ചെയ്യുക, അവരവരുടെ വർണ്ണാശ്രമങ്ങൾക്ക് അനുരൂപങ്ങളായ ധർമ്മങ്ങളെ മാത്രം തെറ്റുകൂടാതെ ആചരിക്കുക, യമനിയമങ്ങളിൽ നിരതനായിരിക്കുക എന്നിവയും സത്വവൃദ്ധിക്കും, ചിത്ത പ്രസാദത്തിന്നും ഏറ്റവും പറ്റിയ ആചരണങ്ങളാണെന്ന് അറിവുള്ളവർ പറയുന്നു.

കട്വമ്ലലവണാത്യുഷ്ണതീക്ഷ്ണരൂക്ഷവിദാഹിനാം
പൂതിപര്യുഷിതാദീനാം ത്യാഗഃ സത്വായ കല്പതേ 369

എറിവു, പുളി, ഉപ്പ്, എന്നീ രസങ്ങൾ വളരെ ജാസ്തിയുള്ളവയും, അധികം ചൂടുള്ളവയും, രസാധിക്യംകൊണ്ടു തീക്ഷ്ണങ്ങളും, മെഴുക്കില്ലാത്തവയും, കഴിച്ചാൽ ദേഹത്തിൽ ചുട്ടുനീറലുണ്ടാക്കുന്നവയും, ദുർഗ്ഗന്ധമുള്ളവയും, പഴകിയവയും ആയ ആഹാരപദാർത്ഥങ്ങളെ കഴിക്കുന്നവർക്കു തീർച്ചയായും സത്വവൃദ്ധിയുണ്ടാവാൻ വയ്യ. രജസ്തമസ്സുകളുടെ വളർച്ചയേ അവകൊണ്ടുണ്ടായിത്തീരു. അതിനാൽ സത്വാഭിവൃദ്ധിയെ കാംക്ഷിക്കുന്ന സാധകൻ അങ്ങിനെയുള്ള ആഹാരങ്ങളെ ഉപേക്ഷിക്കുകയും സാത്വികങ്ങളായ ആഹാരപദാർത്ഥങ്ങളെ മാത്രം കഴിക്കുകയും വേണം.

ശ്രുത്യാ സത്വപുരാണാനാം സേവയാ സത്വവസ്തുനഃ
അനുവൃത്യാ ച സാധൂനാം സത്വവൃത്തിഃ പ്രജായതേ 370

ഭാഗവതാദി സാത്വികപുരാണങ്ങളെ ശ്രവിക്കുക പഠിക്കുക, സാത്വികങ്ങളായ ആഹാരപദാർത്ഥങ്ങളെ മാത്രം കഴിക്കുക, സജ്ജനങ്ങളുമായി നിത്യസമ്പർക്കം ചെയ്തുകൊണ്ടിരിക്കുക,

പറയപ്പെട്ട കാര്യങ്ങൾക്കു വിരുദ്ധങ്ങളായ ധർമ്മങ്ങളെ ആചരിക്കാതിരിക്കുക എന്നിങ്ങനെയുള്ള ജീവിതംകൊണ്ടു ക്രമേണ സത്വഗുണം വളരാനിടയാവും.

യസ്യ ചിത്തം നിർവിഷയം ഹൃദയം യസ്യ ശീതളം
തസ്യ മിത്രം ജഗൽ സർവ്വം തസ്യ മുക്തിഃ കരസ്ഥിതാ 371

ആരുടെ ചിത്തത്തിൽ വിഷയവാസന അല്പംപോലും ഇല്ലാതിരിക്കുന്നുവോ, അവരുടെ ഹൃദയം ഗംഗാജലംപോലെ ശീതളമായിരിക്കുന്നുവോ, അവനാണ് മുക്തിക്ക് അധികാരിയായിട്ടിരിക്കുന്നത്. വിഷയവാസനകളാണ് ചിത്തത്തെ ദുഷിപ്പിക്കുകയും ഹൃദയത്തെ തപിപ്പിക്കുകയും ചെയ്യുന്നത്. വാസനകളാകുന്ന ചിത്തം പ്രസന്നമായൊരാൾക്ക് എപ്പോഴും സന്തോഷമൊഴിച്ചു മറ്റൊരു ഭാവവുമുണ്ടാവുന്നില്ല. അങ്ങിനെയുള്ള ആളെ ഈ ലോകത്തിൽ എല്ലാവർക്കും പ്രിയമായിരിക്കും. എല്ലാവരും അദ്ദേഹത്തിനു ബന്ധുക്കൾതന്നെ. ആ നിലയിലായിക്കഴിഞ്ഞൊരാൾക്കു പിന്നെ മുക്തിക്കു വലിയ പ്രയത്നമൊന്നും ആവശ്യമില്ല. മുക്തി അദ്ദേഹത്തിനു സ്വാധീനമായ്ക്കഴിഞ്ഞു വെന്നു പറയാം.

ഹിതപരിമിതഭോജീ നിത്യമേകാന്തസേവീ
സകൃദുചിതഹിതോക്തിഃ സ്വല്പനിദ്രാവിഹാരഃ
അനുനിയമനശീലോ യോ ഭജത്യുക്തകാലേ
സ ലഭത ഇഹ ശീഘ്രം സാധു ചിത്തപ്രസാദം 372

ഹിതവും മിതവുമായ സാത്വികാഹാരത്തെ മാത്രം തക്ക സമയത്തു കഴിക്കുക, ആരുടേയും കൂട്ടുകൂടാതെ എപ്പോഴും ഒറ്റക്ക് ഏകാന്തത്തിൽ താമസിക്കുക, മറ്റുള്ളവർക്ക് പ്രീതികരവും എന്നാൽ സത്യവുമായ വാക്കുകളെ മിതമാകുംവണ്ണം മാത്രം സംസാരിക്കുക, മിതമായ നിദ്രാവിഹാരങ്ങളെ മാത്രം സേവി

ക്കുക, സാധനാനുഷ്ഠാനങ്ങളെ നിഷ്ഠയോടുകൂടി പാലിക്കുക എന്നി സമ്പ്രദായത്തിൽ ജീവിക്കുന്നൊരാളുടെ ചിത്തം വളരെ വേഗത്തിൽ പ്രസന്നമായിത്തീരും. സത്വവൃദ്ധിയുണ്ടാവുമെന്നു താല്പര്യം.

ചിത്തപ്രസാദേന വിനാവഗന്തും
ബന്ധം ന ശക്നോതി പരാത്മതത്വം
തത്വാവഗത്യാ തു വിനാ വിമുക്തിർ
ന സിദ്ധ്യതി ബ്രഹ്മസഹസ്രകോടിഷു 373

രജസ്തമസ്സുകൾ ചുരുങ്ങി സത്വം വളരുമ്പോൾ ചിത്തം പ്രസന്നമായിത്തീരും. പ്രസന്നമായ ചിത്തംകൊണ്ടല്ലാതെ സംസാരബന്ധത്തെ അകറ്റാനോ പരമാത്മതത്വത്തെ പ്രാപിക്കാനോ സാദ്ധ്യമല്ല. തത്വപ്രാപ്തിയോടു കൂടാതെ മറ്റെന്തൊക്കെ ച്ചെയ്താലും ആരും മുക്തനാവാൻ പോവുന്നില്ല. വളരെക്കാലം ജപതപാദികളോ വ്രതതീർത്ഥാടനാദികളോ ആകുന്ന എന്തെല്ലാം സാധനകളെ ചെയ്താലും കൈവല്യാനുഭൂതിക്കു പരമാത്മതത്വപ്രാപ്തിയുണ്ടാവുകതന്നെവേണം. അതാകട്ടെ സത്വസംഫുല്ലമായ പ്രസന്നചിത്തംകൊണ്ടു മാത്രമേ സാധിക്കു എന്നു വരുമ്പോൾ എത്രയൊക്കെ സാഹസപ്പെട്ടു സത്വാഭിവൃദ്ധിയും ചിത്തപ്രസാദവും സാധിക്കുകതന്നെ വേണമെന്നതിനു സംശയമില്ലല്ലോ. അതിനാൽ കൈവല്യാനുഭൂതിയെ സാധിക്കാൻ സത്വവൃദ്ധിയും ചിത്തപ്രസാദവും ഒഴിക്കാൻ പാടില്ലാത്തതാണെന്നു താല്പര്യം.

മനഃപ്രസാദഃ[1] പുരുഷസ്യ ബന്ധോ
മനഃപ്രസാദോ ഭവബന്ധമുക്തിഃ

---

[1] 'മനോƒപ്രസാദം' എന്നും 'മനഃപ്രമാദം' എന്നും രണ്ടു പാഠഭേദങ്ങൾ കൂടി ഇതിനുണ്ട്. അവ ഇതിനേക്കാൾ സന്ദർഭോചിതമാണെന്നു തോന്നുന്നു.

മനഃപ്രസദാധിഗമായ തസ്മാൽ
മനോനിരാസം വിദധീത വിദ്വാൻ 374

പ്രസന്നമായ മനസ്സും ഒരു പ്രകാരത്തിൽ ജീവനു ബന്ധം തന്നെ. എന്നാൽ മനസ്സിന്റെ പ്രസാദം സംസാരബന്ധമുക്തിക്ക് കാരണമാണ്. അതിനാൽ സാഹസപ്പെട്ടും മനസ്സിനെ ശാന്തവും പ്രസന്നവുമാക്കുകതന്നെ വേണം. വിഷയസങ്കല്പങ്ങളും രാഗാദി വികാരങ്ങളുമാണ് മനസ്സിന്റെ സ്വരൂപം. അവയെ നിലനിർത്തിക്കൊണ്ട് എപ്പോഴും മനസ്സ് സന്തുഷ്ടമാവാൻ പോവുന്നില്ല. അതിനാൽ വിഷയസങ്കല്പങ്ങളും വികാരങ്ങളുമാകുന്ന മനസ്സിന്റെ സ്ഥൂലസ്വരൂപത്തെത്തന്നെ ഇല്ലാതാക്കിത്തീർക്കലാണ് പ്രസാദത്തിനത്യാവശ്യമായിരിക്കുന്നത്. രജസ്തമോഗുണങ്ങൾ നീങ്ങി സത്വം പ്രകാശിക്കുമ്പോൾ മനസ്സിന്റെ വാസനാമയമായ സ്ഥൂലരൂപം നശിക്കും. അപ്പോൾ പ്രസന്നമാവുകയും ചെയ്യും. അതിനാൽ അറിവുള്ളവർ മനഃപ്രസാദത്തിനു മനസ്സിന്റെ സ്ഥൂലരൂപത്തെ നശിപ്പിക്കുകതന്നെയാണ് ചെയ്യുന്നത്. സത്വഗുണത്തിന്റെ വളർച്ചയിൽക്കൂടെ അതു സാധിക്കുകയും ചെയ്യും.

22. പ്രാണമയകോശം

പഞ്ചാനാമേവ ഭൂതാനാം രജോംശേഭ്യോƒഭവൽ ക്രമാൽ
വാക്പാണിപാദപായൂപസ്ഥാനികർമ്മേന്ദ്രിയാണ്യനു 375

ആകാശാദി സൂക്ഷ്മപഞ്ചഭൂതങ്ങളുടെ രാജസങ്ങളായ അംശങ്ങൾ കൊണ്ടാണ് ക്രമേണ വാക്ക്, പാണി, പാദം, പായു, ഉപസ്ഥം എന്നി അഞ്ചു കർമ്മേന്ദ്രിയങ്ങളുണ്ടായത്. ആകാശാംശംകൊണ്ട് വാക്ക്, വായ്വംശംകൊണ്ട് പാണി, ആഗ്നേയാംശംകൊണ്ടു പാദം, ജലാംശംകൊണ്ട് പായു, ഭൗമാംശംകൊണ്ട് ഉപസ്ഥം, എന്നിങ്ങിനെ.

സമസ്തേഭ്യോ രജോംശേഭ്യോ വ്യോമാദീനാം ക്രിയാത്മകാഃ
പ്രാണാദയഃ സമുൽപ്പന്നാഃ പഞ്ചാപ്യന്തരവായവഃ 376

അതുപോലെ ആകാശാദി സൂക്ഷ്മഭൂതങ്ങളുടെ രജോ ഗുണാംശങ്ങൾകൊണ്ടുതന്നെയാണ് പ്രാണാദി അഞ്ചു വായുക്കളുമുണ്ടായത്. ശരീരത്തിന്റെ അന്തർഭാഗത്ത് എപ്പോഴും ചലിച്ചുകൊണ്ടിരിക്കുന്ന പ്രാണൻതന്നെ വൃത്തിവിശേഷംകൊണ്ട് പ്രാണൻ, അപാനൻ, ഉദാനൻ, സമാനൻ, വ്യാനൻ എന്നീ അഞ്ചു സ്വരൂപത്തിൽ വർത്തിക്കുന്നു. ഇവയെയാണ് പഞ്ചപ്രാണങ്ങളെന്നു പറയുന്നത്. ഇവയിൽ ഒരോന്നിനേയും പ്രത്യേകം നോക്കുമ്പോൾ ആകാശാദി ഓരോ ഭൂതത്തിന്റെയും പ്രത്യേക വൃത്തിയോടുകൂടിയതാണ്. അന്തഃക്കരണം സൂക്ഷ്മപഞ്ചഭൂതങ്ങളുടെ സത്വഗുണാംശവിശിഷ്ടമാണെങ്കിൽ പ്രാണൻ രജോ ഗുണാംശവിശിഷ്ടമാണ് എന്നേ അവ രണ്ടും തമ്മിൽ വ്യത്യാസമുള്ളു.

പ്രാണഃ പ്രാഗ്ഗമനേനസ്യാദപാനോ*f*വാഗ്ഗമനേന ച
വ്യാനസ്തു വിഷഗ്ഗമനാദുൽക്രാന്ത്യോദാന ഇഷ്യതേ 377

പ്രാണനു മേൽപ്പോട്ടും, അപാനനു താഴോട്ടും, വ്യാനനു വൃത്താകാരേണ എല്ലായിടത്തും, ഉദാനനു പുറമേയ്ക്കുമാണ് ഗതി. ഈ ഗതിവ്യത്യാസംകൊണ്ടാണ് അവയ്ക്കു വിഭിന്നങ്ങളായ പേരുകളുണ്ടാവാനിടവന്നതും. ചലനം അല്ലെങ്കിൽ ഗതിയാണല്ലോ വായുവിന്റെ വൃത്തി. ഈ വൃത്തിവിശേഷം കൊണ്ടാണ് വായുവിനെ തിരിച്ചറിയുന്നതും. വായുവെന്നത് ഒരു തത്വംമാത്രമാകയാൽ അതിൽ ഭേദമുണ്ടാവാൻ കാരണമില്ല. എന്നാൽ ഗതിയാകുന്ന വൃത്തിവ്യത്യാസംകൊണ്ടാണ് ഭേദങ്ങളും വ്യത്യസ്തനാമങ്ങളുമുണ്ടാവാനിടവന്നത്.

അശിതാന്നരസാദീനാം സമീകരണധർമ്മതഃ
സമാന ഇത്യഭിപ്രേതോ വായുർയസ്തേഷു പഞ്ചമഃ 378

ഗതിവ്യത്യാസംകൊണ്ട് നാലു വായുക്കളെ മാത്രമാണല്ലോ പറഞ്ഞത്. അഞ്ചമത്തേതിന്റെ ഗതിയെന്താണെന്നാണെങ്കിൽ പറയാം. സമാനമാണ് അഞ്ചാമത്തെ വായു. ആഹാരിച്ച അന്നം ജലം തുടങ്ങിയവയെ സമീകരിക്കലാണ് സമാനന്റെ വൃത്തി. അതുകൊണ്ടാണ് സമാനനെന്നു പേരുണ്ടായതും.

ക്രിയൈവ ദൃശ്യതേ പ്രായഃ പ്രാണകർമ്മേന്ദ്രിയേഷലം
തതസ്തേഷാം രജോംശേഭ്യോ ജനിരംഗീകൃതാ ബുധൈഃ 379

വാഗാദി പഞ്ചകർമ്മേന്ദ്രിയങ്ങളുടേയും പഞ്ചപ്രാണങ്ങളുടേയും വൃത്തി മിക്കവാരും ക്രിയാസ്വരൂപമാണ്. ക്രിയയൊഴിച്ച് മറ്റൊരു വൃത്തി അവക്കൊന്നുമില്ല. രജോഗുണത്തിന്റെ ധർമ്മമാണ് ക്രിയ. അതിനാൽ അവയുടെ ഉൽപ്പത്തി രജോഗുണത്തിൽ നിന്നാണെന്നാണ് വിദ്വാന്മാരുടെ അഭിപ്രായം. അതു തികച്ചും യുക്തിപൂർണ്ണമാണുതാനും.

രാജസീം തു ക്രിയാശക്തിം തമഃ ശക്തിം ജഡാത്മികാം
പ്രകാശരൂപിണിം സത്വശക്തിം പ്രാഹുർമ്മഹർഷയഃ 380

രജോഗുണശക്തി ക്രിയാസ്വരൂപവും, തമോഗുണശക്തി ജഡയും സത്വശക്തി പ്രകാശസ്വരൂപിണിയുമാണെന്നാണ് മഹർഷിമാർ പറയുന്നത്. പ്രകാശവും ജാഡ്യവും ക്രിയയുമാണ് പ്രായേണ പദാർത്ഥങ്ങളിൽ കാണപ്പെടുന്ന വൃത്തികളും. അതുകൊണ്ടുതന്നെയാണ് അവയെല്ലാം ത്രിഗുണാത്മകങ്ങളാണെന്നു പറയപ്പെടുന്നതും. അവയിൽ ഏത് വൃത്തിക്ക് ആധിക്യമുണ്ടോ ആ ഗുണമാണ് പ്രസ്തുത പദാർത്ഥത്തിൽ വർത്തിക്കുന്നതെന്നും കരുതണം. കർമ്മേന്ദ്രിയങ്ങളുടേയും പഞ്ചപ്രാണങ്ങളുടേയും

മുഖ്യവൃത്തി ക്രിയയാണ്. അന്യവൃത്തികളുണ്ടെങ്കിലും അവ ക്രിയയെ അപേക്ഷിച്ചു തുച്ഛങ്ങളാണെന്നു പറയണം. അതു കൊണ്ടാണ് അവയുടെ ഉൽപത്തി പഞ്ചഭൂതങ്ങളുടെ രജോംശ ങ്ങളിൽനിന്നാണെന്നു പറയുന്നതും.

ഏതേ പ്രാണാദയഃ പഞ്ച പഞ്ചകർമ്മേന്ദ്രിയൈഃ സഹ
ഭവേൽ പ്രാണമയഃ കോശഃ സ്ഥൂലോ യേനൈവ ചേഷ്ടതേ 381

പറയപ്പെട്ട പഞ്ചപ്രാണങ്ങളും അഞ്ച് കർമ്മന്ദ്രിയങ്ങളും കൂടിച്ചേർന്നതാണ് പ്രാണമയകോശം. ഈ പ്രാണമയകോശ മാണ് സ്ഥൂലശരീരത്തേയും അതിന്റെ അവയവങ്ങളേയും അകത്തും പുറത്തും ചലിപ്പിക്കുകയും ചേഷ്ടിക്കുകയും ചെയ്യു ന്നത്. പ്രാണമയകോശമില്ലാതിരുന്നുവെങ്കിൽ ശരീരം കൊണ്ടു യാതൊരു ചേഷ്ടയും ആർക്കും ചെയ്യാൻ കഴിയില്ല.

യദ്യന്നിഷ്പാദ്യതേ കർമ്മ പുണ്യം വാ പാപമേവ വാ
വാഗാദിഭിശ്ച വപുഷാ തൽ പ്രാണമയകർത്തൃകം 382

ശരീരംകൊണ്ടോ വാഗാദി ഇന്ദ്രിയങ്ങളെക്കൊണ്ടോ പുണ്യ മോ പാപമോ ആയ ഏതൊരു കർമ്മം ചെയ്യുന്നുവെങ്കിലും അവയെല്ലാം പ്രാണമയകോശത്തിന്റെ കർത്തൃത്വത്തിൻ കീഴി ലാണെന്നു പറയണം. ഏതൊരു കരണത്തെയും ചലിപ്പിക്കുന്ന തും ക്രിയാത്മകമാക്കുന്നതും പ്രാണനാണ്. ചലനത്തിൽക്കൂടെ യാണല്ലോ കർമ്മമുണ്ടാവുന്നത്. അതിനാൽ എല്ലാ കർമ്മങ്ങ ളുടെ കർത്തൃത്വം ഒരു പ്രകാരത്തിൽ പ്രാണമയകോശത്തിനാ ണെന്നു പറഞ്ഞാൽ തെറ്റില്ല. പ്രാണമയകോശം പ്രവർത്തിശൂന്യ മാവുന്നുവെങ്കിൽ ഒരു കർമ്മവും പിന്നീടുണ്ടാവില്ലെന്നു പറയ

ണം. കർമ്മമയമായ പ്രപഞ്ചത്തിന്റെ മുഖ്യമായ കർമ്മശക്തി പ്രാണൻതന്നെ.

വായുനോച്ചാലിതോ വൃക്ഷോ നാനാരൂപേണ ചേഷ്ടതേ
തസ്മിൻ വിനിശ്ചലേ സോപി നിശ്ചലഃ സ്യാൽ യഥാ തഥാ 383

പ്രാണകർമ്മേന്ദ്രിയൈർദ്ദേഹഃ പ്രേര്യമാണഃ പ്രവർത്തതേ
നാനാക്രിയാസു സർവ്വത്ര വിഹിതാവിഹിതാദിഷു 384

ശക്തിയായ കാറ്റത്ത് ഇളകുന്ന വൃക്ഷം പല രൂപത്തിലുള്ള ചേഷ്ടകളും കാണിക്കും. അങ്ങിനെ കാണിക്കുന്നതു വൃക്ഷത്തിന്റെ സ്വന്തം കഴിവുകൊണ്ടല്ല; കാറ്റിന്റെ ബാധകൊണ്ടാണ്. കാറ്റടങ്ങുമ്പോൾ വൃക്ഷം നിശ്ചലമായിത്തീരുകയും ചെയ്യും. അതുപോലെത്തന്നെയാണ് ശരീരത്തിന്റെ ചേഷ്ടയും. പ്രാണമയ കോശം ശക്തിയായി പ്രവൃത്തിക്കുമ്പോൾ ശരീരവും അവയവങ്ങളും പല ചേഷ്ടകളും ചെയ്യും. എന്നാൽ പ്രാണമയകോശം നിശ്ചലമാവുന്നുവെങ്കിൽ ശരീരവും കേവലം നിശ്ചലംതന്നെ. ഒരു കർമ്മവും പിന്നീടുണ്ടാവാൻ പോവുന്നില്ല. ഈ കാരണത്താൽ പുണ്യപാപാത്മകങ്ങളായ എല്ലാ കർമ്മങ്ങൾക്കും ഉത്തരവാദിയും കർത്താവും പ്രാണനാണെന്നു പറഞ്ഞാൽ തെറ്റില്ല.

പഞ്ചപ്രാണങ്ങളാലും, വാഗാദി പഞ്ചേന്ദ്രിയങ്ങളാലും പ്രചോദിപ്പിക്കപ്പെട്ടിട്ടാണ് ശരീരം ഏതൊരു കർമ്മത്തെയും ചേഷ്ടിക്കുന്നത്. വിഹിതമോ, അവിഹിതമോ ആയ ഏതൊരു കർമ്മവും പ്രാണപ്രേരണയിൽക്കൂടെ മാത്രമെ സംഭവിക്കുന്നുള്ളു. പ്രാണൻ നിശ്ചലനായിത്തീരുന്നുവെങ്കിൽ ശരീരം ജഡവും നിശ്ചലവുമായിത്തീരുകയെന്നതാണ് ഫലം.

കോശത്രയം മിളിത്വൈതൽ വപുഃ സ്യാൽ സൂക്ഷ്മമാത്മനഃ
അതിസൂക്ഷ്മതയാ ലീനസ്യാത്മനോ ഗമകത്വതഃ 385

പറയപ്പെട്ട പ്രാണമയകോശം, മനോമയകോശം, വിജ്ഞാന മയകോശം എന്നീ മൂന്നു കോശങ്ങളും കൂടിച്ചേർന്ന സമാഹാര ത്തെയാണ് സൂക്ഷ്മശരീരമെന്നു പറയുന്നത്. സ്ഥൂലശരീരത്തെ അപേക്ഷിച്ച് അത്യന്തസൂക്ഷ്മമാണെന്നുള്ളതുകൊണ്ടും, അതി സൂക്ഷ്മസ്വരൂപിയും ലീനപ്രായനുമായ ജീവാത്മാവിന്റെ ഗമനോ പാധിയാണെന്നുള്ളതുകൊണ്ടുമാണ് അതിന് സൂക്ഷ്മശരീരമെ ന്നു പേരുണ്ടായത്. ജീവന്റെ മുഖ്യോപാധി സുക്ഷ്മശരീരമാ ണെന്നു പ്രസിദ്ധമാണല്ലോ.

ലിംഗമിത്യുച്യതേ സ്ഥൂലാപേക്ഷയാ സൂക്ഷ്മമിഷ്യതേ
സർവ്വം ലിംഗവപുർജ്ജാതമേകധീവിഷയത്വതഃ 386

ലീംഗശരീരമെന്നും സൂക്ഷ്മശരീരമെന്നും പറഞ്ഞുവരുന്നു ണ്ട് പ്രസ്തുത ജീവോപാധിയെ. ഇന്ദ്രിയങ്ങളെക്കൊണ്ട് ഒരു പ്രകാരത്തിലും അറിയാൻ കഴിയാത്തനിലയിൽ ലീനപ്രായ മാണെന്നതുകൊണ്ടാണ് ലിംഗശരീരമെന്നു പറയുന്നത്. അതു പോലെസ്ഥൂലശരീരത്തെ അപേക്ഷിച്ച് അത്യന്തസൂക്ഷ്മ മാണെന്നതുകൊണ്ടാണ് സൂക്ഷ്മശരീരമെന്നും പറയുന്നത്. പറയപ്പെട്ട സൂക്ഷ്മശരീരത്തിൽ നിന്നാണ് ജഗത്തിലെ എല്ലാ മുണ്ടായതെന്നു പറയണം. ബുദ്ധിവിഷയമല്ലാത്ത ഒന്നുംതന്നെ ജഗത്തിലില്ല. ബുദ്ധിയാകട്ടെ സൂക്ഷ്മശരീരാത്മകവുമാണ്. അതിനാൽ സ്ഥൂലങ്ങളായ എല്ലാവസ്തുക്കളും സൂക്ഷ്മശരീര ത്തിൽനിന്നാണുണ്ടായതെന്നു പറയണം.

സമഷ്ടിഃ സ്യാൽ തരുഗണഃ സാമാന്യേന വനം യഥാ
ഏതൽ സമഷ്ട്യപഹിതം ചൈതന്യം സഫലം ജഗുഃ 387

വേദാന്തഭാഷയിൽ സമഷ്ടിയെന്നും വ്യഷ്ടിയെന്നും രണ്ടു വാക്കുകളുണ്ട്. ഒരു വസ്തുവിന്റെ അല്പഘടകത്തെ വ്യഷ്ടിയെന്നു

പറയുമ്പോൾ പൂർണ്ണതയെ സമഷ്ടിയെന്നു പറയുന്നു. ഉദാഹരണത്തിനു ഒരു വൃക്ഷത്തെ വ്യഷ്ടിയെന്നു പറയുമ്പോൾ വനത്തെ സമഷ്ടിയെന്നു പറയുന്നു. ഒരു ജലബിന്ദുവിനെ വ്യഷ്ടിയെന്നു പറയുമ്പോൾ സമുദ്രത്തെ സമഷ്ടിയെന്നു പറയുന്നു. അതുപോലെ ഓരോ ശരീരത്തിലുമുള്ള വ്യഷ്ടിയായ ബുദ്ധിയിൽ ഉപഹിതമായ ചൈതന്യത്തെ ജീവനെന്നു പറയുമ്പോൾ ബുദ്ധി സമഷ്ടിയിൽ ഉപഹിതമായ സമഷ്ടിചൈതന്യത്തെ ഹിരണ്യഗർഭനെന്നു പറയുന്നു. ദൃഷ്ടമായ ഈ സ്ഥൂലപ്രപഞ്ചത്തിന്നു മുഴുവൻ കാരണം പ്രസ്തുത ഹിരണ്യ ഗർഭനാണ്.

ഹിരണ്യഗർഭഃ സൂത്രാത്മാ പ്രാണ ഇത്യപി പണ്ഡിതാഃ
ഹിരണ്മയേ ബുദ്ധിഗർഭേ പ്രചകാസ്തി ഹിരണ്യവൽ 388

ഹിരണ്യഗർഭനെന്നും, സൂത്രാത്മാവെന്നും, പ്രാണനെന്നുമൊക്കെ പ്രസ്തുത ചൈതന്യത്തെ പണ്ഡിതന്മാർ പറഞ്ഞുവരുന്നു. ഹിരണ്മയമായ ബുദ്ധിഗുഹയിൽ സ്വർണ്ണമെന്നപോലെ പ്രകാശിക്കുന്നതുകൊണ്ടാണ് ഹിരണ്യഗർഭനെന്ന പേരുണ്ടായത്.

ഹിരണ്യഗർഭ ഇത്യസ്യ വ്യപദേശസ്തതോ മതഃ
സമസ്തലിംഗദേഹേഷു സൂത്രവൽ മണിപംക്തിഷു
വ്യാപ്യ സ്ഥിതത്വാൽ സൂത്രാത്മാ പ്രാണനാൽ പ്രാണഉച്യതേ 389

മുൻപറഞ്ഞ കാരണംകൊണ്ടാണ് ഹിരണ്യഗർഭനെന്ന കല്പനയുണ്ടായത്. അതുപോലെ മണികളുടെ ഉള്ളിൽക്കൂടെ നൂലെന്നപോലെ എല്ലാ സൂക്ഷമശരീരങ്ങളിൽക്കൂടെയും വ്യാപിച്ചിരിക്കുന്നു എന്നതുകൊണ്ടാണ് സൂത്രാത്മാവെന്ന കല്പനയുമുണ്ടായത്. എല്ലാറ്റിനേയും ചലിപ്പിക്കുകയും പ്രവർത്തിപ്പിക്കുകയും ചെയ്യുന്നു എന്നതുകൊണ്ട് പ്രാണനെന്നും പേരുണ്ടായി. ഒരേ

ചൈതന്യത്തെത്തന്നെ ധർമ്മവ്യത്യാസങ്ങൾ ഹേതുവായിട്ട് പല പേരുകളും പറഞ്ഞുവരുന്നുവെന്ന് താല്പര്യം.

നൈകധീവിഷയത്വേന ലിംഗം വ്യഷ്ടിർഭവത്യഥ
യദേതൽ വ്യഷ്ട്യുപഹിതം ചിദാഭാസസമന്വിതം 390

സ്ഥൂലശരിരം സമഷ്ടിയിൽനിന്ന് വേർതിരിഞ്ഞ് ഓരോന്നും വേറെ വേറെയായിരിക്കുന്നുണ്ട്. അതുപോലെത്തന്നെയാണ് സൂക്ഷ്മശരീരവും എന്നു ധരിക്കരുത്. ഓരോ ബുദ്ധിക്കും വിഷയമായിത്തീരുന്നുവെന്നതുകൊണ്ടു സൂക്ഷ്മശരീരം ഓരോന്നും വേറെയാണെന്നു വരുന്നില്ല. സമഷ്ടി സൂക്ഷ്മശരീരത്തിന്റെ ചില വശങ്ങളെയാണ് വ്യഷ്ടിസൂക്ഷ്മശരീരമെന്നു തെറ്റിദ്ധരിക്കുന്നത്. ഘടാകാശം എപ്രകാരം മഹാകാശത്തിൽനിന്നു വേറെയല്ലയോ അതുപോലെ വ്യഷ്ടികളെന്നു കരുതപ്പെടുന്ന സൂക്ഷ്മശരീരങ്ങൾ സമഷ്ടിയിൽനിന്നു വേറെയല്ല, ഘടാന്തർഭാഗത്തുള്ള ആകാശത്തെ മാത്രം ഘടാകാശമായും വ്യഷ്ടിയായും കാണുമ്പോൾ ഘടത്തിന്റെ എല്ലാ ഭാഗത്തും അതേ ആകാശംതന്നെ മുറിവില്ലാതെ വ്യാപിച്ചിട്ടുണ്ടെന്നു ധരിക്കണം. അതുപോലെ സ്ഥൂലശരീരത്തിന്റെ അന്തർഭാഗത്തെ ലിംഗദേഹത്തെമാത്രം വ്യഷ്ടിയായിക്കാണുമ്പോൾ ശരീരത്തിന്റെ എല്ലാഭാഗത്തും ലിംഗം വ്യാപ്തമായിട്ടുണ്ടെന്നു ബോധിക്കണം. അപ്പോൾ ഘടാകാശമഹാകാശങ്ങൾക്കെന്നപോലെ ലിംഗശരീരത്തിന്നും വ്യഷ്ടിസമഷ്ടിഭാവങ്ങളില്ലെന്നു താല്പര്യം. എന്നാൽ സ്ഥൂലോപാധിയെ മാത്രം വീക്ഷിക്കുന്നവർക്ക് സൂക്ഷ്മശരീരത്തിനും വ്യഷ്ടിസമഷ്ടിഭാവങ്ങളുണ്ടെന്നു തോന്നാം. പക്ഷേ അതു ശരിയല്ല. ചിദാഭാസന്മാർ അല്ലെങ്കിൽ ജീവന്മാർ അനേകമാണ്. എല്ലാ ചിദാഭാസന്മാരുടേയും ഉപാധി ഒരേ ലിംഗശരീരംതന്നെ. എന്നാൽ ഓരോരുത്തരുടേയും ഉപാധിസ്ഥാനത്തെ പ്രത്യേകം കാണുന്നതു

കൊണ്ടാണ് വ്യഷ്ടിഭാവം തോന്നുന്നത്. വാസ്തവത്തിൽ വ്യഷ്ടി സമഷ്ടിഭാവങ്ങളില്ല ലിംഗശരീരത്തിനെന്നു താല്പര്യം.

ചൈതന്യം തൈജസ ഇതി നിഗദന്തി മനീഷിണഃ
തേജോമയാന്തഃക്കരണോപാധിത്വേനൈവ തൈജസഃ 391

ലിംഗദേഹോപഹിത ചൈതന്യത്തെ 'തൈജസ'നെന്നാണ് അറിവുള്ളവർ പറഞ്ഞുവരുന്നത്. എന്തുകൊണ്ടാണങ്ങിനെ പറയുന്നതെന്നാണെങ്കിൽ തേജോമയമായ അന്തഃക്കരണത്തെ ഉപാധിയാക്കി വരിച്ചതുകൊണ്ടായിരിക്കണം തൈജസനെന്നു പറയാനിടയായതെന്നു ധരിക്കുകയും വേണം.

സ്ഥൂലാൽ സൂക്ഷ്മതയാ വ്യഷ്ടിരസ്യ സൂക്ഷ്മവപുർമ്മതം
അസ്യ ജാഗരസംസ്കാരമയത്വാൽ വപുരുച്യതേ 392

ദൃഷ്ടമായിരിക്കുന്ന സ്ഥൂലശരീരത്തെ അപേക്ഷിച്ച് എത്രയോ അധികം സൂക്ഷ്മതരമാണ് വ്യഷ്ടിയായറിയപ്പെടുന്ന ലിംഗശരീരം. അതുകൊണ്ടാണതിനെ സൂക്ഷ്മശരീരമെന്നു പറയുന്നതും. സ്ഥൂലശരീരാഭിമാനികളായ ആളുകളുടെ ബുദ്ധിയും സ്ഥൂലയാണല്ലോ. അവരുടെ ദൃഷ്ടിയിലാണ് ലിംഗം സൂക്ഷ്മശരീരമായിരിക്കുന്നത്. അല്ലാതെ ജീവനോളമോ, ആത്മാവിനോളമോ സൂക്ഷ്മതയുണ്ടായതുകൊണ്ടല്ലെന്നർത്ഥം. അതുപോലെ ജാഗ്രൽസംസ്കാരമുണ്ടായതുകൊണ്ടാണ് ശരീരമെന്നും പറയാനിടവന്നത്. സ്ഥൂലശരീരാഭിമാനവും ശരീരധർമ്മവുമുള്ള സമയത്തെയാണല്ലോ ജാഗ്രദവസ്ഥയെന്നു പറയുന്നത്. പ്രസ്തുത ജാഗ്രദവസ്ഥയിലെ ചില സംസ്കാരങ്ങൾ ജീവോപാധിയായ ലിംഗത്തിനുണ്ടെന്നുള്ളതുകൊണ്ടാണ് ശരീരവാച്യത്വം കിട്ടിയത്.

സ്വപ്നേ ജാഗരകാലീന
വാസനാപരികല്പിതാൻ

തൈജസോ വിഷയാൻ ഭുംക്തേ
സൂക്ഷ്മാർത്ഥാൻ സൂക്ഷ്മവൃത്തിഭിഃ 393

സ്വപ്നത്തിൽ ചിലപ്പോൾ തൈജസൻ ജാഗ്രൽവാസനകളെക്കൊണ്ടു കല്പിക്കപ്പെട്ട സൂക്ഷ്മവിഷയങ്ങളെ സുക്ഷ്മവൃത്തികളെക്കൊണ്ടനുഭവിക്കാറുണ്ട്. അതാണ് മുൻപറഞ്ഞ സംസ്കാരം. വാസ്തവത്തിൽ ജാഗ്രത്തിലെ വിഷയങ്ങൾ ജാഗ്രത്തില്ലാതെ മറ്റൊരവസ്ഥയിലില്ല. സ്വർഗ്ഗാദിലോകങ്ങളിലുണ്ടാവാനർഹതയില്ലയോ, അതുപോലെ ജാഗ്രത്തിലെ വിഷയവും ജാഗ്രത്തിലല്ലാതെ മറ്റൊരിടത്തുമുണ്ടാവാനഹർതയില്ല. എന്നാലും ചിലപ്പോൾ ജാഗ്രദ്വിഷയങ്ങളെ സ്വപ്നത്തിൽ അനുഭവിക്കാറുണ്ട്. അതിന്റെ ഹേതുബുദ്ധിയുടെ ജാഗ്രൽസംസ്കാരമാണ്. ആ കാരണത്താൽ തന്നെയാണ് ലിംഗത്തിന് ശരീരമെന്ന പേരുണ്ടായതും.

സമഷ്ടേരപി ച വ്യഷ്ടേഃ സാമാന്യേനൈവ പൂർവ്വവൽ
അഭേദ ഏവ ജ്ഞാതവ്യോ ജാത്യൈകത്വേ കുതോ ഭിദാ 394

സമഷ്ടിക്കായാലും വ്യക്ഷ്ടിക്കായാലും മുൻപറഞ്ഞ കാര്യങ്ങൾ ഒരുപോലെത്തന്നെ. പറയത്തക്ക വ്യത്യാസമൊന്നുമില്ല. അല്ലെങ്കിൽ സ്വഭാവേന ഒന്നായിരിക്കുന്ന സമഷ്ടിവ്യഷ്ടികൾക്കെങ്ങിനെ ഭേദമുണ്ടാവും? ഒരു ഭേദവും ഉണ്ടാവാൻ വയ്യെന്നു താല്പര്യം.

ദ്വയോരുപാധ്യോരേകത്വേ തയോരപ്യഭിമാനിനോഃ
സൂത്രാത്മനഃ തൈജസസ്യാപ്യഭേദഃ പൂർവ്വവന്മതഃ 395

വ്യഷ്ടിസമഷ്ടികളായിരിക്കുന്ന ഉപാധികൾക്കു തമ്മിൽ ഭേദമില്ല; അവ രണ്ടും ഒന്നാണെന്നിരിക്കെ അവയെ അഭിമാനിക്കുന്ന ചൈതന്യങ്ങൾക്കെങ്ങിനെ ഭേദമുണ്ടാവും? ഭേദമില്ലെന്നു താല്പര്യം. സൂത്രാത്മാവ് അല്ലെങ്കിൽ ഹിരണ്യഗർഭൻ സമഷ്ടി

ശരീരത്തെ ഞാനെന്നും എന്റേതെന്നും അഭിമാനിക്കുമ്പോൾ, തൈജസൻ അല്ലെങ്കിൽ ചിദാഭാസൻ വ്യഷ്ടിശരീരത്തെ ഞാനെന്നും എന്റേതെന്നു അഭിമാനിക്കുന്നു എന്നു മാത്രം. ശരീരങ്ങൾക്കെന്നപോലെ ചൈതന്യങ്ങൾക്കും തമ്മിൽ ഭേദമി ല്ലെന്നർത്ഥം.

ഏവം സൂക്ഷ്മപ്രപഞ്ചസ്യ പ്രകാരഃ ശാസ്ത്രസമ്മതഃ
അഥ സ്ഥൂലപ്രപഞ്ചസ്യ പ്രകാരഃ കഥ്യതേ ശൃണു 396

ഇങ്ങിനെ സൂക്ഷ്മപ്രപഞ്ചത്തിന്റെ സ്വഭാവത്തെ മുഴുവൻ ശാസ്ത്രവിധിക്കനുസരിച്ചു പറഞ്ഞു കഴിഞ്ഞു. ഇനി സ്ഥൂല പ്രപഞ്ചത്തിന്റെ സ്വഭാവത്തെയും ഇതുപോലെ പറയാം. ശ്രദ്ധവെച്ചു കേൾക്കു. പ്രപഞ്ചസ്വഭാവത്തെ ശരിക്കറിയുന്നു വെന്നതുതന്നെ വലിയ കാര്യമാണ്. അനാത്മസ്വരൂപത്തെ ശരിക്കറിഞ്ഞു നിരസിക്കാൻ കഴിഞ്ഞാൽ വളരെ വേഗത്തിൽ ആത്മസത്തയെ അറിയാനും സാക്ഷാൽക്കരിക്കാനും കഴിയും.

താന്യേവ സൂക്ഷ്മഭൂതാനി വ്യോമാദീനീ പരസ്പരം
പഞ്ചീകൃതാനി സ്ഥൂലാനി ഭവന്തി ശൃണു തൽക്രമം 397

ഇതിനുമുമ്പ് പറയപ്പെട്ട ആകാശാദി സൂക്ഷ്മപഞ്ചഭൂതങ്ങൾ തന്നെ അന്യോന്യം പഞ്ചീകരിക്കപ്പെട്ടു കഴിഞ്ഞാൽ സ്ഥൂലങ്ങ ളായി. എങ്ങിനെയാണ് പഞ്ചീകരിക്കുന്നത്; എന്താണതിന്റെ ക്രമ മെന്നാണെങ്കിൽ പറയാം; കേൾക്കൂ.

ഖാദീനാം ഭൂതമേകൈകം സമമേവ ദ്വിധാ ദ്വിധാ
വിഭജ്യ ഭാഗം തത്രാദ്യം ത്യക്ത്വാ ഭാഗം ദ്വിതീയകം 398

ചതുർദ്ധാ സുവിഭജ്യാഥ തമേകൈകം വിനിക്ഷിപേൽ
ചുതർണ്ണാം പ്രഥമേ ഭാഗേ ക്രമേണ സ്വാർദ്ധമന്തരം 399

അഞ്ചായി വേർതിരിഞ്ഞു നിൽക്കുന്ന ഭൂതങ്ങളെ ഒരു ക്രമത്തിനനുസരിച്ചു കൂട്ടിയോജിപ്പിച്ച് ഓരോന്നിലും അഞ്ചിന്റേയും ഭാവത്തെ വരുത്തിത്തീർക്കുന്ന സമ്പ്രദായത്തിനാണ് പഞ്ചീകരണമെന്നു പറയുന്നത്. വിഭജിച്ചു കൂട്ടിയോജിപ്പിക്കുന്ന ഓരോന്നിനേയും ആദ്യംതന്നെ തുല്യമാത്രങ്ങളായ ഈരണ്ടംശങ്ങളായി വിഭജിക്കുക. അനന്തരം ഓരോന്നിന്റേയും രണ്ടാമത്തെ അംശത്തെ വീണ്ടും തുല്യമാത്രകളായ നന്നാലംശങ്ങളാക്കി വിഭജിക്കുക. അവയിൽ ഓരോ അംശങ്ങളെ മറ്റു നാലു ഭുതങ്ങളുടെ പൂർവ്വാർദ്ധങ്ങളിൽ കൂട്ടിയോജിപ്പിക്കുക. അപ്പോൾ ഒരോ ഭൂതവും ആദ്യത്തെ മാതിരിതന്നെ പൂർണ്ണമായിത്തിരും, എല്ലാ ഭൂതങ്ങളുമുൾക്കൊണ്ടവയുമാവും. ആകാശത്തിൽ നേർപകുതി ആകാശവും, അരക്കാൽഭാഗം വീതം നാലും ഭൂതങ്ങളും. ഈ തോതിൽ എല്ലാ ഭൂതങ്ങളും പൂർണ്ണങ്ങളും പഞ്ചീകൃതങ്ങളുമായിത്തീരും. അപ്പോൾ അവ സ്ഥൂലങ്ങളുമായിത്തീരും. ഇതാണ് പഞ്ചീകരണസമ്പ്രദായത്തിന്റെ സാമാന്യരൂപം.

തതോ വ്യോമാദിഭൂതാനാം ഭാഗാഃ പഞ്ച ഭവന്തി തേ
സ്വസ്വാർദ്ധഭാഗേനാന്യേഭ്യഃ പ്രാപ്തം ഭാഗചതുഷ്ടയം 400

മുൻ പറയപ്പെട്ടതോതിൽ വിഭജിക്കപ്പെടുമ്പോൾ ആകാശാദി ഭൂതങ്ങളഞ്ചും അയ്യഞ്ചു വിഭാഗങ്ങളായിത്തീരും. നേർ പകുതി ഒരു വിഭാഗം; അരക്കാൽ വീതം നാലും വിഭാഗങ്ങളും. അങ്ങിനെ അരക്കാലംശമുള്ള ഓരോ വിഭാവഗും മറ്റു നാലു ഭുതങ്ങളുടെയും അർദ്ധാംശത്തോടു യോജിപ്പിക്കുക. ഇങ്ങിനെ അഞ്ചു ഭൂതങ്ങളേയും ക്രമത്തിൽ ചെയ്യുക. അതാണ് പഞ്ചീകരണസമ്പ്രദായം.

സംയോജ്യ സ്ഥൂലതാം യാന്തി വ്യോമാദീനി യഥാക്രമം
അമുഷ്യ പഞ്ചീകരണസ്യാപ്രാമാണ്യം ന ശങ്ക്യതാം 401

അങ്ങിനെ അഞ്ചു ഭൂതങ്ങളും മുൻപറഞ്ഞ നിയമത്തിന്ന നുസരിച്ചു കൂട്ടിയോജിപ്പിക്കപ്പെടുമ്പോൾ അഞ്ചും സ്ഥൂലങ്ങളാ വും. യുക്തിയെ മുൻനിർത്തി ഇങ്ങിനെയൊക്കെപ്പറയുന്നുവെന്ന ല്ലാതെ വാസ്തവത്തിൽ ഭൂതങ്ങളുടെ പഞ്ചീകരണം പ്രാമാണിക മോ, പ്രയോഗികമോ ആവാൻവയ്യെന്നു വിചാരിക്കുന്നുവെങ്കിൽ അതൊരിക്കലും ശരിയല്ല. എന്തുകൊണ്ടന്നാൽ പ്രമാണമുണ്ട്. പിന്നെ പഞ്ചീകരണത്തോടുകൂടാതെ ഭൂതങ്ങൾ സ്ഥൂലങ്ങളാവി ല്ലെന്നനുഭവം കൊണ്ടറിയുകയും ചെയ്യാം.

ഉപലക്ഷണമസ്യാപി തൽത്രിവൃൽക്കരണശ്രുതിഃ
പഞ്ചാനാമപി ഭൂതാനാം ശ്രൂയതേന്യത്ര സംഭവഃ 402

ഛാന്ദോഗ്യോപനിഷത്തിലെ ത്രിവൃൽക്കരണസിദ്ധാന്തം ഈ പഞ്ചീകരണത്തിനു ദൃഷ്ടാന്തമാണ്. എങ്കിലും ത്രിവൃൽക്കരണ മല്ലെ പറഞ്ഞിട്ടുള്ളത് പഞ്ചീകരണം പറഞ്ഞിട്ടില്ലല്ലോ എന്നാണെ ങ്കിൽ മറ്റു ചില ശ്രുതിയിൽ പഞ്ചീകരണവും പറയപ്പെട്ടിട്ടുണ്ട്. അതുപോലെ അനുഭവവും അനുമാനവും കൂടി പഞ്ചീകരണ ത്തെ സമർത്ഥിക്കുന്നുണ്ടുതാനും.

തതഃ പ്രാമാണികം പഞ്ചീകരണം മന്യതാം ബുധൈഃ
പ്രത്യക്ഷാദിവിരോധഃ സ്യാദന്യഥാ ക്രിയതേ യദി 403

അതുകൊണ്ട് പഞ്ചീകരണസമ്പ്രദായം പ്രമാണശൂന്യമാ ണെന്നു വിചാരിക്കരുത്. പ്രമാണത്തോടുകൂടിയതുതന്നെ. വിദ്വാ ന്മാർക്കതറിയുകയും ചെയ്യാം. ഭൂതപഞ്ചീകരണം നടക്കുന്നി ല്ലെന്നു വരുന്ന പക്ഷം പ്രത്യക്ഷമായ ഈ സ്ഥൂലപ്രപഞ്ചത്തെ അംഗീകരിക്കാൻ വയ്യാതാവും. എന്തുകൊണ്ടെന്നാൽ ജഗൽ വസ്തുക്കൾക്കെല്ലാം ഉപാദാനകാരണങ്ങളായ പഞ്ചഭൂതങ്ങൾ സ്ഥൂലങ്ങളായിത്തിർന്നാലല്ലെ സ്ഥൂലപദാർത്ഥങ്ങളുണ്ടാവാൻ

വഴിയുള്ളൂ. പഞ്ചീകരിക്കപ്പെടാതെ ഭൂതങ്ങൾ സ്ഥൗല്യത്തെ പ്രാപിക്കുന്നുമില്ല. അതിനാൽ ഭൂതങ്ങളുടെ പഞ്ചീകരണം പ്രാമാണികവും പ്രയോഗികവുംതന്നെ.

ആകാശവായ്വോർദ്ധർമ്മസ്തു വഹ്ന്യാദാവുപലഭ്യതേ
യഥാ തഥാകാശവായ്വോർ നാഗ്ന്യാദേർധർമ്മ ഈക്ഷ്യതേ 404

ആകാശം, വായു എന്നീ ഭൂതങ്ങളുടെ ധർമ്മങ്ങൾ അഗ്നി, ജലം, ഭൂമി എന്നീ ഭൂതങ്ങളിൽ കണ്ടുവരുന്നുണ്ട്. അത് സമുചിതം തന്നെ. എന്തുകൊണ്ടെന്നാൽ ആകാശവായുക്കളുടെ സൃഷ്ടിക്കു ശേഷമാണല്ലോ അഗ്ന്യാദി ഭൂതങ്ങളുണ്ടായത്. അതിനാൽ ആകാശവായുക്കളുടെ ധർമ്മങ്ങൾ അഗ്ന്യാദികളിൽ കാണാനർഹതയുണ്ട്. അങ്ങിനെ കാണുന്നത് യുക്തംതന്നെ. എന്നാൽ പിന്നീടുള്ള പഞ്ചീകരണംകൊണ്ട് അഞ്ചു ഭൂതങ്ങളും അന്യോന്യം കൂടിച്ചേർന്നിരിക്കുന്നുവെന്നാണെങ്കിൽ ആകാശ വായുക്കളുടെ ധർമ്മങ്ങൾ അഗ്ന്യാദികളിലെന്നപോലെ, അഗ്ന്യാദി കളുടെ ധർമ്മങ്ങൾ ആകാശവായുക്കളിലും കാണേണ്ടതല്ലേ? അങ്ങിനെ കണ്ടുവരുന്നില്ലല്ലോ. ആ സ്ഥിതിക്ക് പഞ്ചീകരണം നടക്കുന്നുണ്ടെന്നെങ്ങിനെ വിശ്വസിക്കും? വിശ്വസിക്കാൻ തക്കതായ തെളിവില്ലാത്തതിനാൽ അപ്രാമാണികവും അപ്രായോഗികവുമാണ് പഞ്ചീകരണം.

സതോഽപ്രാമാണികമിതി ന കിഞ്ചിദപി ചിന്ത്യതാം
ഖാംശവ്യാപ്തിശ്ച ഖവ്യാപ്തിർ വിദ്യതേ പാവകാദിഷു 405

അങ്ങിനെ വിചാരിച്ച് പഞ്ചീകരണം അപ്രാമാണികമാണെന്നു കരുതുന്നുവെങ്കിൽ അതു ശരിയല്ല. അഗ്നി തുടങ്ങിയ ഭുത ങ്ങളിൽ ആകാശത്തിന്റെ അംശവ്യാപ്തിയും പൂർണ്ണവ്യാപ്തിയും പ്രത്യേകം കാണപ്പെടുന്നുണ്ട്. അതു പഞ്ചീകരണത്തെയാണ്

പ്രകാശിപ്പിക്കുന്നത്. അതിനാൽ പഞ്ചീകരണസിദ്ധാന്തം അപ്രാമാണികമല്ല.

തേനോപലഭ്യതേ ശബ്ദഃ കാരണസ്യാതിരേകതഃ
തഥാ നഭസ്വതോ ധർമ്മോഽപ്യാഗ്നാദാവുപലഭ്യതേ 406

അങ്ങിനെ ആകാശത്തിന്റെ രണ്ടു പ്രകാരത്തിലുള്ള വ്യാപ്തിയുള്ളതുകൊണ്ടാണ് അഗ്ന്യാദിഭൂതങ്ങൾക്കു ശബ്ദസിദ്ധി യുണ്ടാവുന്നത്. അതുപോലെ വായുവിന്റെ ധർമ്മവും അഗ്നിയിൽ കാണപ്പെടുന്നുണ്ട്. അതും വായുവിന്റെ രണ്ടു പ്രകാരത്തിലുള്ള വ്യാപ്തിഹേതുവായിട്ടാണ്. അതിനാൽ പഞ്ചീകരണം ഒരിക്കലും അപ്രായോഗികമല്ല.

ന തഥാ വിദ്യതേ വ്യാപ്തിർ വഹ്ന്യാദേഃ ഖനഭസ്വതോഃ
സൂക്ഷ്മത്വാദംശകവ്യാപ്തേസ്തദ്ധർമ്മോ നോപലഭ്യതേ 407

എന്നാൽ അതുപോലെ ആകാശവായുക്കളിൽ അഗ്ന്യാദി ഭൂതങ്ങളുടെ വ്യാപ്തിയോ, അവയുടെ ധർമ്മങ്ങളോ കാണപ്പെടുന്നില്ലല്ലോ. അതിനെന്തു കാരണം? എന്നാണെങ്കിൽ ആകാശ വായുക്കൾ അഗ്ന്യാദികളെക്കാൾ സൂക്ഷ്മങ്ങളാണ്. സൂക്ഷ്മത കൊണ്ടും അംശകവ്യാപ്തികൊണ്ടുമാണ് അവ കാണപ്പെടാത്തത്. അല്ലാതെ പഞ്ചീകരണമില്ലാത്തതുകൊണ്ടല്ല.

കാരണസ്യാനുരൂപേണ കാര്യം സർവ്വത്ര ദൃശ്യതേ
തസ്മാൽ പ്രാമാണ്യമേഷ്ടവ്യം ബുധൈഃ പഞ്ചീകൃതേരപി 408

കാരണത്തിന്നനുസരിച്ചാണ് കാര്യം എവിടെയും കാണപ്പെടുന്നത്. കാരണധർമ്മത്തിന്ന് വിരുദ്ധമായി ഒരു കാര്യവസ്തുവുണ്ടായിത്തീരുകയെന്നത് സംഭാവ്യമല്ല. അങ്ങിനെ സ്മരിക്കാനും വയ്യ. പഞ്ചഭൂതങ്ങളിൽ ഓരോന്നിലും അന്യഭൂതങ്ങളുടെ ധർമ്മം

കാണുന്നുവെന്നത് പഞ്ചീകൃതമാകുന്ന കാരണത്തിൽനിന്നുണ്ടാ യതാണ്. പഞ്ചീകരണം നടന്നിട്ടില്ലായിരുന്നുവെങ്കിൽ അങ്ങിനെ സംഭവിക്കാൻ വയ്യ. അതിനാൽ വിവേകികൾ ഭൂതങ്ങളുടെ പഞ്ചീകരണത്തെയും പ്രാമാണികമായും പ്രായോഗികമായും മാനിക്കേണ്ടതാണ്.

23. പഞ്ചീകരണം

അനേനോൽഭൂതഗുണകം ഭൂതം വക്ഷ്യേƒവധാരായ
ശബ്ദൈകഗുണമാകാശം ശബ്ദസ്പർശഗുണോനിലഃ 409

ഇനി ഭൂതങ്ങളിൽ ഓരോന്നിന്റെയും ഗുണസ്വഭാവങ്ങളെ പ്പറയാം. ശ്രദ്ധവെച്ച് ഗ്രഹിക്കു. ആകാശം ശബ്ദമാത്രഗുണമാണ്. പഞ്ചീകരണത്തിൽ മറ്റു നാലുഭൂതങ്ങളുടെ മാത്രകളും ആകാശം വളരെ സൂക്ഷ്മമാകയാൽ അവയുടെ ധർമ്മങ്ങൾ വ്യക്തമായി പ്രകാശിക്കാത്തതാണ്. ശബ്ദം, സ്പർശം എന്നീ രണ്ടു ഗുണങ്ങ ളോടു കൂടിയതാണ് വായു. സ്പർശം വായുവിന്റെ സ്വന്തഗുണവും, ശബ്ദം ആകാശത്തിന്റെ ഗുണവുമാണ്. വായുവിനെക്കാൾ സ്ഥൂല ങ്ങളാണ് അഗ്ന്യാദികളെന്നതിനാൽ അവയുടെ ഗുണം പ്രകാശി ക്കാതിരിക്കയുമാണ്.

തേജഃ ശബ്ദസ്പർശരൂപൈർഗ്ഗുണവൽ കാരണം ക്രമാൽ
ആപശ്ചതുർഗ്ഗുണഃ ശബ്ദസ്പർശരൂപരസൈഃ ക്രമാൽ 410

അഗ്നിക്ക് ശബ്ദം, സ്പർശം, രൂപം എന്നീ മൂന്നു ഗുണങ്ങളുണ്ട്. ശബ്ദം ആകാശത്തിന്റെയും, സ്പർശം വായുവിന്റെയും ഗുണ ങ്ങളാണ്. രൂപം അഗ്നിയുടെ സ്വന്തഗുണവുമാണ്. കാരണ വസ്തുക്കൾ കാര്യത്തിൽ കലർന്നിരിക്കുകയെന്നത് സ്വാഭാവിക മാണ്. ആകാശവായുക്കൾ അഗ്നിയുടെ കാരണങ്ങളാകയാൽ

അവയുടെ ഗുണങ്ങൾ അഗ്നിയിൽ പ്രതിഫലിക്കുന്നതത്ഭുതമല്ല. ജലഭൂമികൾ അഗ്നിയേക്കാൾ സ്ഥൂലങ്ങളായതുകൊണ്ടാണ് അവയുടെ ഗുണങ്ങൾ അഗ്നിയിൽ പ്രകാശിക്കാത്തതും. ശബ്ദം, സ്പർശം, രൂപം, രസം എന്നീ നാലു ഗുണങ്ങളോടുകൂടി യിരിക്കുന്നു ജലം. ശബ്ദസ്പർശരൂപങ്ങൾ ആകാശവായ്വഗ്നികളുടെ ഗുണങ്ങളും രസം ജലത്തിന്റെ സ്വന്തഗുണവുമാണ്. ഭൂമി ജലത്തേക്കാൾ സ്ഥൂലമായതുകൊണ്ടാണ് ഭൂഗുണമായ ഗന്ധം ജലത്തിൽ പ്രകാശിക്കാത്തതും.

ഏതൈശ്ചതുർഭിർഗ്ഗന്ധേന സഹ പഞ്ചഗുണാ മഹീ
ആകാശാംശതയാ ശ്രോത്രം ശബ്ദം ഗൃഹ്ണാതി തൽഗുണം 411

മുൻപറയപ്പെട്ട ശബ്ദസ്പർശരൂപരസങ്ങളും ഗന്ധവുമാകുന്ന അഞ്ചുഗുണങ്ങളോടുകൂടിയതാണ് ഭൂമി. ശബ്ദാദികൾ നാലും ആകാശാദി നാലു ഭൂതങ്ങളുടെ ഗുണങ്ങളും ഗന്ധം ഭൂമിയുടെ സ്വന്തഗുണവുമാണ്. ആകാശാംശംകൊണ്ടാണ് ശ്രോത്രേന്ദ്രിയമു ണ്ടായത്. അതു ആകാശഗുണമാകുന്ന ശബ്ദത്തെ ഗ്രഹിക്കുക യും ചെയ്യുന്നു.

ത്വങ്മാരുതാംശകതയാ സ്പർശം ഗൃഹ്ണാതി തൽഗുണം
തേജോംശകതയാ ചക്ഷൂ രൂപം ഗൃഹ്ണാതി തൽഗുണം 412

വായുവിന്റെ അംശംകൊണ്ടാണ് ത്വഗിന്ദ്രിയമുണ്ടായത്. വായു ഗുണമാകുന്ന സ്വർശത്തെ അതു ഗ്രഹിക്കുകയും ചെയ്യുന്നു. ആഗ്നേയാംശമാണ്. ചക്ഷുരിന്ദ്രിയം. അഗ്നിഗുണമായ രൂപത്തെ അത് ഗ്രഹിക്കുകയും ചെയ്യുന്നു.

അബംശകതയാ ജിഹ്വാ രസം ഗൃഹ്ണാതി തൽഗുണം
ഭൂമ്യംശകതയാ ഘ്രാണം ഗന്ധം ഗൃഹ്ണാതി തൽഗുണം 413

ജലാംശംകൊണ്ടാണ് രസനയുണ്ടായത്. ജലഭൂതത്തിന്റെ ഗുണമായ രസത്തെ അത് ഗ്രഹിക്കുകയും ചെയ്യുന്നു. ഭൂമിയുടെ അംശം കൊണ്ടാണ് ഘ്രാണേന്ദ്രിയമുണ്ടായത്. ഭൂമിയുടെ ഗുണമാകുന്ന ഗന്ധത്തെ നാസിക ഗ്രഹിക്കുകയും ചെയ്യുന്നു.

കരോതി ഖാംശകതയാ വാക് ശബ്ദോച്ചാരണക്രിയാം
വായ്വംശകതയാ പാദൗ ഗമനാദിക്രിയാപരൗ 414

ജ്ഞാനപഞ്ചേന്ദ്രിയങ്ങളുടെ വിഷയഗ്രഹണസ്വഭാവത്തെ യാണ് പറഞ്ഞത്. കർമ്മപഞ്ചേന്ദ്രിയങ്ങളുടെ സ്വഭാവത്തേയും പറയുന്നു. ആകാശാംശമാണ് വാഗിന്ദ്രിയം. ആകാശാംശകത കൊണ്ടാണ് ശബ്ദോച്ചാരണപ്രക്രിയയെ ചെയ്യുന്നത്. അതു പോലെ പാദങ്ങൾ വായ്വംശംകൊണ്ടാണ് ഗമനാഗമനാദി കാര്യങ്ങളെച്ചെയ്യുന്നത്.

തേജോംശകതയാ പാണീ വഹ്ന്യാദ്യർച്ചനതൽപ്പരൗ
ജലാംശകതയോപസ്ഥോ രേതോമൂത്രവിസർഗ്ഗകൃൽ 415

ഭൂമ്യംശകതയാ പായൂ കഠിനം മലമുൽസൃജേൽ

പാണിയാകുന്ന ഇന്ദ്രിയം അഗ്നിയുടെ അംശമാണ്. ആഗ്നേയാംശത്വം ഹേതുവായിട്ടാണ് കയ്യ് അഗ്ന്യാദികളിൽ അർച്ചനസ്വാഭാവമുള്ളതായിട്ടിരിക്കുന്നത്. ജലാംശസംഭൂതമാണ് ഉപസ്ഥേന്ദ്രിയം. ജലാംശത്വം ഹേതുവായിട്ടാണ് ജലമയങ്ങളായ രേതസ്സ്, മൂത്രം എന്നിവകളുടെ വിസർഗ്ഗസ്വഭാവമുള്ളതായിട്ടിരി ക്കുന്നത്. അതുപോലെ പായുവാകുന്ന ഇന്ദ്രിയം ഭൂമ്യംശ സംഭൂതവുമാണ്. പൃഥ്വ്യാംശത്വംഹേതുവായിട്ടാണ് പായു കഠിനമായ മലോൽസ്സർഗ്ഗസ്വഭാവമുള്ളതായിരിക്കുന്നത്. ഇങ്ങി

നെ പത്തിന്ദ്രിയങ്ങളുടേയും ഗുണങ്ങളേയും സ്വഭാവങ്ങളേയും പറഞ്ഞുവല്ലോ.

24. ഇന്ദ്രിയദേവതകൾ

ശ്രോത്രസ്യ ദൈവതം ദിക്സ്യാൽ ത്വചോ വായുർദൃശോരപി 416

ജിഹ്വായാ വരുണോ ദൈവം ഘ്രാണസ്യ ത്വശിനാവുഭൗ
വാചൊ ƒഗ്നിർഹസ്തയോരിന്ദ്രഃ പാദയോസ്തു ത്രിവിക്രമഃ 417

ഇനി ഇതേ ഇന്ദ്രിയങ്ങളുടെ അധിദേവതമാരേയും പറയാം. ശ്രോത്രേന്ദ്രിയത്തിന്ന് ദിക്കുകളും ത്വഗിന്ദ്രിയത്തിന്നു വായുവും ദൃഗിന്ദ്രിയത്തിന്ന് ആദിത്യനും അധിദേവതമാരാണ്.

രസനേന്ദ്രിയത്തിന് വരുണനും, ഘ്രാണേന്ദ്രിയത്തിനു അശ്വിനീദേവന്മാരും, വാഗിന്ദ്രിയത്തിന്ന് അഗ്നിയും ഹസ്തേന്ദ്രിയത്തിന്ന് ഇന്ദ്രനും, പാദങ്ങൾക്കു വിഷ്ണുഭഗവാനും അധിദേവതമാരാണ്.

പായോർമൃത്യുരുപസ്ഥസ്യ ത്വധിദൈവം പ്രജാപതിഃ
മനസോ ദൈവതം ചന്ദ്രോ ബുദ്ധേർദ്ദൈവം ബൃഹസ്പതിഃ 418

പായിന്ദ്രിയത്തിന്നു മൃത്യുദേവനും, ഉപസ്ഥേന്ദ്രിയത്തിന്ന് പ്രജാപതിയും അധിദേവതമാരാണ്. അന്തഃക്കരണങ്ങൾക്കും ഇതുപോലെ അധിദേവതമാരുണ്ട്. മനസ്സിന്നു ചന്ദ്രനും, ബുദ്ധിക്ക് ബൃഹസ്പതിയും അധിദേവതമാരാണ്.

രുദ്രസ്ത്വഹംകൃതേർദ്ദൈവം ക്ഷേത്രജ്ഞശ്ചിത്തദൈവതം
ദിഗാദ്യാ ദേവതാസ്സർവ്വാഃ ഖാദിസത്വാംശസംഭവാഃ 419

അഹങ്കാരത്തിനു രുദ്രനും, ചിത്തത്തിന്ന് ക്ഷേത്രജ്ഞനും അധിദേവതമാരാണ്. ആകാശാദിപഞ്ചഭൂതങ്ങളുടെ സാത്വികാംശ ത്തിൽ നിന്നാണ് ദിഗാദി ദേവതകളുടെ ഉല്പത്തി.

സമ്മിതാ ഇന്ദ്രിയസ്ഥാനേഷ്വിന്ദ്രിയാണാം സമന്തതഃ
നിഗൃഹ്ണന്ത്യനുഗൃഹ്ണന്തി പ്രാണികർമ്മാനുരൂപതഃ 420

ജീവികളുടെ അതാതിന്ദ്രിയസ്ഥാനങ്ങളിൽ അവർക്കു ചുറ്റു പാടുമായി ചേർന്നിരിക്കുന്നു അതാതിന്ദ്രിയത്തിന്റെ അധിദേവത മാർ. അവർക്കു നിഗ്രഹിയ്ക്കാനും അനുഗ്രഹിക്കാനും കഴിയും. ജീവികളുടെ കർമ്മകർമ്മങ്ങൾക്കനുരൂപമായി നിഗ്രഹിക്കുകയോ അനുഗ്രഹിക്കുകയോ ചെയ്യുന്നുണ്ട്. തത്തൽദേവതോപാസനം കൊണ്ട് അതാതു ദേവന്റെ പ്രീതിക്കു പാത്രമായിത്തീരുമ്പോൾ അതാതിന്ദ്രിയങ്ങളുടെ വൃത്തി അനുഗ്രഹസ്വരൂപമായിത്തീരു കയും ചെയ്യും.

ശരീരകരണഗ്രാമപ്രാണാഹമധിദേവതാഃ
പഞ്ചൈതേ ഹേതവഃ പ്രോക്താഃ നിഷ്പത്തൗസർവ്വകർമണാം 421

ശരീരം, ഇന്ദ്രിയങ്ങൾ, പ്രാണങ്ങൾ, അഹങ്കാരം, അധിദേവത മാർ എന്നീ അഞ്ചു ഘടകങ്ങൾ കൂടിച്ചേർന്നാണ് ഏതൊരു കർമ്മവുമുണ്ടാവുന്നത്. ഇവയിൽ ഏതെങ്കിലും ഒരു ഘടകം വേർപിരിഞ്ഞാൽ കർമ്മാചരണം നടക്കാൻപോവുന്നില്ല. നല്ലതോ ചീത്തയോ ധർമ്മമോ അധർമ്മമോ ആയ ഏതൊരു കർമ്മത്തി നും പറയപ്പെട്ട അഞ്ചു ഘടകങ്ങൾ കൂടിച്ചേരുകതന്നെ വേണം.

കർമ്മാനുരൂപേണ ഗുണോദയോ ഭവേൽ
ഗുണാനുരൂപേണ മനഃ പ്രവർത്തിഃ
മനോനുവൃത്തേരുഭയാത്മകേന്ദ്രിയൈർ-
ന്നിവർത്ത്യതേ പുണ്യമപുണ്യമത്ര 422

ഒരാളുടെ കർമ്മത്തിന്നനുരൂപമായിട്ടാണ് അയാളിൽ സത്വാദി ഗുണങ്ങളുടെ വൃദ്ധിക്ഷയങ്ങളുണ്ടാവുന്നത്. സാത്വികകർമ്മങ്ങളുടേയും സാത്വികമായ ജീവിതത്തിന്റേയും ഫലമായി സത്വഗുണം വളരുകയും രജസ്തമസ്സുകൾ ചുരുങ്ങുകയും ചെയ്യും. മറിച്ചുള്ള കർമ്മങ്ങളെക്കൊണ്ടും ജീവിതംകൊണ്ടും മറിച്ചും സംഭവിക്കുകയും ചെയ്യും. സത്വാദിഗുണങ്ങളുടെ വൃദ്ധിക്ഷയങ്ങൾക്കനുസരിച്ചാണ് മനസ്സിന്റെ വൃത്തികൾ രൂപംകൊള്ളുന്നത്. സാത്വികനായ ഒരാളുടെ മനോവൃത്തികളെല്ലം സാത്വികങ്ങൾ മാത്രമായിരിക്കും. എന്നാൽ രജസ്സോ തമസ്സോ വളർന്നു രാജസനോ താമസനോ ആയിട്ടുള്ള ഒരാളുടെ മനോവൃത്തികൾ രാജസങ്ങളോ താമസങ്ങളോ ആയിരിക്കുകയും ചെയ്യും. മനസ്സിന്റെ വൃത്തികൾക്കനുസരിച്ചാണ് ഇന്ദ്രിയങ്ങളുടെ ചേഷ്ടകൾ. അതിനാൽ പുണ്യാപുണ്യങ്ങളായിരിക്കുന്ന കർമ്മങ്ങളുടെ ആചരണത്തിന്ന് ഉത്തരവാദിയായിട്ടിരിക്കുന്നതു മനസ്സിന്റെ വൃത്തിതന്നെ. മനസ്സിൽ ദുർവൃത്തികൾ നിറഞ്ഞൊരാൾക്കു സൽകർമ്മത്തേയോ, സദ്വൃത്തികൾ നിറഞ്ഞൊരാൾക്കു ദുഷ്കർമ്മത്തേയോ, ചെയ്യാനിടവരില്ല. സൽകർമ്മങ്ങളെ ആചരിക്കുകയും ദുഷ്കർമ്മങ്ങളെ അകറ്റുകയും ചെയ്യേണ്ടതാവശ്യമാണ്. പക്ഷേ അങ്ങിനെ സാധിക്കണമെങ്കിൽ എപ്പോഴും മനസ്സിൽ സദ്വൃത്തികളുണ്ടാകുകതന്നെ വേണം. സദ്വൃത്തികളെ ക്കൊണ്ടെപ്പോഴും നിറഞ്ഞിരിക്കണം ഒരാളുടെ മനസ്സെങ്കിൽ അയാളിൽ സത്വഗുണം വളരുകയും രജസ്തമസ്സുകൾ ക്ഷയിക്കുകയും, വേണം. അങ്ങിനെ വരണമെങ്കിൽ സാത്വികമായ ജീവിതവും, സാത്വികകർമ്മങ്ങളും ഒഴിക്കാൻ പാടില്ലാത്തവയാണു താനും.

കരോതി വിജ്ഞാനമയോfഭിമാനം
കർത്താഹമേവേതി തദാത്മനാ സ്ഥിതാഃ

ആത്മാതുസാക്ഷീ ന കരോതി കിഞ്ചിൽ
നകാരയത്യേവ തടസ്ഥവൽ സദാ **423**

ആത്മാവെപ്പോഴും അകർത്താവും, അഭോക്താവും, സാക്ഷി മാത്രനുമാണ്. അതിനാൽ ആത്മാവിനൊന്നിനോടും ബന്ധമോ അഭിമാനമോ ഉണ്ടാവുന്നില്ല. എന്നാൽ ജീവന്റെ കഥ അങ്ങിനെയല്ല. എല്ലാറ്റിന്റേയും കർത്താവാണ് ഭോക്താവാണ് താനെന്നഭിമാനിക്കുന്നു ജീവൻ. ആ കാരണത്താൽ എപ്പോഴും എല്ലാറ്റിനോടും ബന്ധപ്പെട്ടുമിരിക്കുന്നു. അകറ്റാൻ കഴിയാത്ത ബന്ധങ്ങളെ പ്രപഞ്ചത്തിൽ വളർത്തുന്നതിനാൽ അവസാനമില്ലാത്ത ദുഃഖങ്ങളേയും ജനനമരണങ്ങളേയും അനുഭവിക്കേണ്ടിയും വരുന്നു.

ദ്രഷ്ടാ ശ്രോതാ വക്താ കർത്താ ഭോക്താ ഭവത്യഹംകാരഃ
സ്വയമേതൽ വികൃതീനാം സാക്ഷീ നിർല്ലേപ ഏവാത്മാ 424

ഞാൻ ദൃഷ്ടാവാണ്, ശ്രോതാവാണ്, വക്താവാണ്, കർത്താവാണ്, ഭോക്താവാണ് എന്നിങ്ങിനെ അഭിമാനിക്കുന്നു അഹങ്കാരാകാരമായിരിക്കുന്ന ജീവൻ. വാസ്തവത്തിൽ ആരും ഒന്നിനേയും കാണുകയോ, കേൾക്കുകയോ, അനുഭവിക്കുകയോ, പ്രവർത്തിക്കുകയോ ചെയ്യുന്നില്ലെന്നാണ് പരമാർത്ഥം. പക്ഷെ അതറിയാൻ കഴിയാതെ സ്വപ്നത്തിലെന്നപോലെ പലതിനേയും കാണുന്നു, കേൾക്കുന്നു എന്നൊക്കെ അഭിമാനിക്കുന്നു. ഇല്ലാത്ത ബന്ധത്തേയും ഉള്ളതായി അനുഭവിക്കേണ്ടിവരുന്നു. അങ്ങിനെയാണല്ലോ സ്വപ്നത്തിൽ ചെയ്യുന്നത്. അതുപോലെ തന്നെ ജാഗ്രത്തിലും. കുറേ ജന്മങ്ങൾപോലും നീണ്ടുനിൽക്കുന്ന ജീവന്റെ അഭിമാനബന്ധം. ഇങ്ങിനെയുള്ള ജീവചേഷ്ടകൾക്കെല്ലാം കേവലം സാക്ഷിമാത്രനായിരിക്കുന്നു നിസ്സംഗനായ ആത്മാവ്.

ആത്മനഃ സാക്ഷിമാത്രത്വം ന കർത്തൃത്വം ന ഭോക്തൃതാ
രവിവൽ പ്രാണിഭിർല്ലോകേ ക്രിയമാണേഷു കർമ്മസു 425

ജീവികളുടെയെല്ലാം കർമ്മങ്ങൾക്കു ആദിത്യൻ സാക്ഷിമാത്രനായിരിക്കുന്നതെപ്രകാരമോ; അതുപോലെ ജീവചേഷ്ടകൾക്കെല്ലാം സാക്ഷിമാത്രനാണ് ആത്മാവ്. കർത്തൃത്വം, ഭോക്തൃത്വം തുടങ്ങിയ അഭിമാനങ്ങളോ, ബന്ധങ്ങളോ ഒന്നും തന്നെ നിർല്ലേപനായ ആത്മാവിനില്ല.

ന ഹ്യർക്കഃ കുരുതേ കർമ്മ ന കാരയതി ജന്തവഃ
സ്വസ്വഭാവാനുരോധേന വർത്തന്തേ സ്വ സ്വ കർമ്മസു 426

ആദിത്യൻ ഒരു കർമ്മവും ചെയ്യുന്നില്ല. ആരെക്കോണ്ടും ഒന്നും ചെയ്യിക്കുന്നുമില്ല. ജീവികൾ അവരവരുടെ സ്വഭാവത്തിന്നനുരൂപമായി പലതും ചേഷ്ടിക്കുന്നു. ആദിത്യൻ അവക്കെല്ലാം സാക്ഷിമാത്രനാണ്. അതുപോലെ ആത്മാവും ഒന്നും ചെയ്യുകയോ, ചെയ്യിക്കുകയോ ചെയ്യുന്നില്ല. ജീവൻ തന്റെ വാസനക്കനുരുപമായി പലതും ചേഷ്ടിക്കുന്നു എന്നുമാത്രം. അതിനൊക്കെ സാക്ഷിമാത്രനായിരിക്കുന്നു നിസ്സംഗനായ ആത്മാവ്.

തഥൈവ പ്രത്യഗാത്മാപി രവിവന്നിഷ്ക്രിയാത്മനാ
ഉദാസീനതയൈവാസ്തേ ദേഹാദീനാം പ്രവൃത്തിഷു 427

ആദിത്യന്റെ കഥ പറഞ്ഞതുപോലെ പ്രത്യഗാത്മാവും കേവലം നിഷ്ക്രിയനും, ഉദാസീനനുമായി ശരീരാദികളുടെ ചേഷ്ടകൾക്കുക്കൂടിയും സാക്ഷിമാത്രനായിരിക്കുന്നു. ശരീരം, ഇന്ദ്രിയങ്ങൾ, പ്രാണൻ, മനസ്സ്, ബുദ്ധി എന്നീ കരണങ്ങളുടെ ചേഷ്ടകൾക്കെല്ലാം ഹേതു ആത്മസാന്നിദ്ധ്യമാണെങ്കിലും

ആത്മാവു കേവലം നിശ്ചേഷ്ടനും, നിസ്സംഗനും സാക്ഷി മാത്രനുമായിരിക്കുന്നു.

അജ്ഞാത്വൈവം പരം തത്വം മായാമോഹിത ചേതസഃ
സ്വാത്മന്യാരോപയന്ത്യേതൽ കർത്തൃത്വാദ്യന്യ ഗോചരം 428

മായഭ്രമംകൊണ്ടു പരമാർത്ഥതത്വത്തെ അറിയാൻ കഴിയാത്ത മൂഢന്മാർ മുൻപറഞ്ഞ തത്വരഹസ്യത്തെ അറിയാതെ ശരീരാദികരണങ്ങളുടെ കർത്തൃത്വഭോക്തൃത്വാദികളെ നിസ്സംഗനായ ആത്മാവിൽ ആരോപിക്കുന്നു. എല്ലാം ചെയ്യുന്നതും എല്ലാറ്റിനേയും അനുഭവിക്കുന്നതും ആത്മാവാണെന്നു അവർ തെറ്റിദ്ധരിക്കുന്നു. ആത്മാവ് സ്വയം നിസ്സംഗനും, നിർവ്വികാരനുമാണെന്ന് അവരറിയുന്നില്ല. ആത്മവിചാരം ചെയ്തു പരമാർത്ഥത്തെ അറിയാത്തതുകൊണ്ടുതന്നെ അങ്ങിനെ തെറ്റിദ്ധാരണയുണ്ടാവുന്നത്.

ആത്മസ്വരൂപമവിചാര്യവിമൂഢബുദ്ധി–
രാരോപയത്യഖിലമേതനാത്മകാര്യം
സ്വാത്മന്യസംഗചിതി നിഷ്ക്രിയ ഏവ ചന്ദ്രേ
ദൂരസ്ഥമേഘകൃതധാവനവൽ ഭ്രമേണ 429

സ്വയം നിഷ്ക്രിയനും അസംഗനും ചൈതന്യമാത്രനുമാണ് ആത്മാവ്; കർത്തൃത്വാദികളാകട്ടെ അനാത്മകാര്യങ്ങളുമാണ്. അവയെങ്ങിനെ ചൈതന്യസ്വരൂപനായ ആത്മാവിൽ ഘടിക്കും? ഒരിക്കലും ഘടിക്കാൻ വയ്യ. എന്നാലും മൂഢന്മാർ അങ്ങിനെ ആരോപിക്കുന്നു. ആത്മസ്വരൂപത്തെ വിചാരം ചെയ്യുകയോ. പരമാർത്ഥത്തെ അറിയുകയോ ചെയ്തിട്ടില്ലാത്ത മൂഢന്മാരാണവർ. പരമാർത്ഥത്തെ അറിഞ്ഞൊരാൾക്കു ഒരിക്കലും അങ്ങിനെ പറയാൻ സാധിക്കില്ല. ആത്മാനാത്മക്കളെ തിരിച്ചറി

ഞ്ഞിട്ടില്ലാത്തവർ മൂഢന്മാരും അവരുടെ ബോധം അസത്യവുമാണ്. മേഘങ്ങൾ വേഗത്തിൽ നീങ്ങുമ്പോൾ ചന്ദ്രനാണ് ഓടുന്നതെന്നു പറയാറുണ്ട് ബാലന്മാർ. അതുപോലെയാണ് ഇവരും പറയുന്നത്.

25. ജഗദുല്പത്തി

ആത്മാനാത്മവിവേകം സ്ഫുടതരമഗ്രേ നിവേദയിഷ്യാമഃ
ഇമമാകർണ്ണയ വിദ്വൻ ജഗദുൽപത്തിപ്രകാരമാവൃത്യാ 430

ആത്മാനാത്മവിവേകമില്ലാത്തവരുടെ ബോധം അസത്യമാണെന്നു പറഞ്ഞുവല്ലോ. എന്നാൽ എന്താണ് ആത്മാനാത്മവിവേകം? എന്നാണെങ്കിൽ പറയാം. ആത്മാവിനേയും അനാത്മാവിനേയും ലക്ഷണങ്ങളേയും തിരിച്ചറിയൽതന്നെ ആത്മാനാത്മവിവേകം. ഏതായാലും അതു സാധിക്കാതെ ഒരാളുടെ അറിവു സത്യമോ ശുദ്ധമോ ആവാൻ വയ്യ. അതുകൊണ്ട് അതിനെത്തന്നെ ഞാനാദ്യം വ്യക്തമായിപ്പറയാം. അതിനെ കേട്ടശേഷം വീണ്ടും ജഗദുൽപ്പത്തിക്രമത്തെ വിസ്തരിക്കാം.

പഞ്ചീകൃതേഭ്യഃ ഖാദിഭ്യോ ഭൂതേഭ്യസ്ത്വീക്ഷയേശിതുഃ
സമുൽപ്പന്നമിദം സ്ഥൂലം ബ്രഹ്മാണ്ഡം സചരാചരം 431

ആകാശാദി ഭൂതങ്ങളുടെ പഞ്ചീകരണസമ്പ്രദായത്തെ ഇതിനുമുമ്പ് പറഞ്ഞുവല്ലോ. സൂക്ഷ്മങ്ങളായ ഭൂതങ്ങൾ പഞ്ചീകരണംകൊണ്ടാണ് സ്ഥൂലങ്ങളായിത്തീരുന്നത്. അങ്ങിനെ സ്ഥൂലങ്ങളായിത്തീർന്ന ആകാശാദിപഞ്ചഭൂതങ്ങളിൽ നിന്നാണ് അനന്തകോടി ചരാചരങ്ങളും പദാർത്ഥങ്ങളുമടങ്ങിയ ഈ സ്ഥൂലബ്രഹ്മാണ്ഡമുണ്ടായത്. അങ്ങിനെ ഉണ്ടാവാനെന്തു

കാരണമെന്നാണെങ്കിൽ സർവ്വശക്തനും, സർവ്വജ്ഞനുമായ ഈശ്വരന്റെ ഇച്ഛാപൂർവ്വമായ വീക്ഷണം കൊണ്ടുതന്നെ.

വ്രീഹ്യാദ്യോഷധയഃ സർവ്വാ വായുതേജോംബുഭൂമയഃ
സർവേഷാമപ്യഭൂദന്നം ചതുർവ്വിധശരീരിണാം 432

ജരായുജം, അണ്ഡജം, സ്വേദജം, ഉൽഭിജ്ജം എന്നിങ്ങിനെ ശരീരികൾ നാലു പ്രകാരത്തിലുള്ളവരാണ്. ശിശുവിനെ പ്രസവിച്ചുണ്ടാവുന്ന വർഗ്ഗത്തെയാണ് അണ്ഡജമെന്നു പറയുന്നത്. മനുഷ്യരും മൃഗങ്ങളും ജരായുജവർഗ്ഗമാണെങ്കിൽ പക്ഷികളും മറ്റു ചെറുജീവികളും അണ്ഡജങ്ങളാണ്. വിയർപ്പിൽ നിന്നും നീരാവിയിൽ നിന്നും ജനിക്കുന്ന വർഗ്ഗത്തെ സ്വേദജമെന്നു പറയുന്നു. പാറ്റ മുതലായവ ഇതിന്നുദാഹരണമാണ്. പൊട്ടിമുളച്ചുണ്ടാവുന്ന വൃക്ഷതൃണാദികൾ ഉൽഭിജ്ജങ്ങളുമാണ്. ഇങ്ങിനെ നാലു പ്രകാരത്തിലുള്ള ഏതു ശരീരമായാലും ആഹാരം വേണം. ആഹാരംകൊണ്ടു മാത്രമേ ശരീരം നിലനിൽക്കൂ. ആഹാരമാകട്ടെ നെല്ല് തുടങ്ങിയ സസ്യങ്ങളാണ്. അവ പഞ്ചഭൂതങ്ങളുടെ പരിണാമങ്ങളുമാണ്. അപ്പോൾ പഞ്ചഭൂതമാത്രകൾകൊണ്ടുണ്ടായ ശരീരങ്ങൾ നിലനിൽക്കുന്നതും പഞ്ചഭൂതപരിണാമങ്ങളായ അന്നങ്ങളെ ഭക്ഷിച്ചാണെന്നു താല്പര്യം.

കേചിൽ മാരുതഭോജനാഃ ഖലു പരേ
ചന്ദ്രാർക്കതേജോശനാഃ
കേചിൽ തോയകണാശിനോfപിരിമിതാഃ
കേചിൽ തു മൃൽഭക്ഷകാഃ
കേചിൽ പർണ്ണശിലാതൃണാദനപരാഃ
കേചിത്തു മാംസാശിനഃ
കേചിൽ വ്രീഹിയവാന്നഭോജനപരാഃ
ജീവന്ത്യമീ ജന്തവഃ 433

നെല്ല് തുടങ്ങിയ സസ്യങ്ങളാണ് ജീവികളുടെ ആഹാരങ്ങളെന്നു പറഞ്ഞുവല്ലോ. ഭൂരിപക്ഷം ജീവികളുടേയും ആഹാര സമ്പ്രദായത്തെ അടിസ്ഥാനപ്പെടുത്തി അങ്ങിനെ പറഞ്ഞുവെന്നേ ഉള്ളു. സസ്യങ്ങളില്ലാതെതന്നെ ജീവിക്കുന്ന അസംഖ്യം ജീവികളുണ്ട്. എങ്കിലും എന്തെങ്കിലും ഒരാഹാരം ഏതൊരു ജീവിക്കും വേണം. എങ്കിലേ ശരീരം നിലനിൽക്കുന്നുള്ളു. സസ്യേതരങ്ങളായ ആഹാരങ്ങളെക്കൊണ്ടും എത്രയോ ജീവികൾ ജീവിക്കുന്നുണ്ട്. വായു മാത്രമാണ് ചില ജീവികളുടെ ഭക്ഷണം. മറ്റൊന്നുമില്ലെങ്കിൽ വായു മാത്രം കൊണ്ടുതന്നെ അവർക്കു വളരെക്കാലം ജീവിച്ചിരിക്കാൻ സാധിക്കും. പാമ്പ് തുടങ്ങിയ ചില ജീവികൾ ആ വർഗ്ഗത്തിൽപ്പെട്ടവയാണ്. ആദിത്യചന്ദ്രന്മാരുടെ തേജസ്സിനെ പാനംചെയ്തു ജീവിക്കുന്നു ചില ജീവികൾ. ചെമ്പോത്തെന്ന പക്ഷിയുടെ മുഖ്യഭക്ഷണം ചന്ദ്രികയയാണ്. അതുപോലെ സൂര്യതാപത്തെ പാനംചെയ്തു ജീവിക്കുന്ന ചില പക്ഷികളുമുണ്ട്. ജലബിന്ധുക്കളെ മാത്രം ആഹരിച്ചുജീവിക്കുന്ന ചില ജീവികളുണ്ട്. അവർക്കു മറ്റൊന്നുമില്ലെങ്കിലും ജലം മാത്രമുണ്ടായാൽ കുറെ കാലം ജീവിക്കാൻ സാധിക്കും. മത്സ്യം, തവള തുടങ്ങിയ ചില ജീവികൾ ആ വർഗ്ഗത്തിൽപ്പെട്ടവയ്ണ്. മണ്ണുമാത്രം ആഹാരം കഴിച്ചു ജീവിക്കുന്ന ജീവികളുമുണ്ട്. മണ്ണട്ട, ഞാഞ്ഞൂൾ, കുഴിയാന തുടങ്ങിയ ചെറുജീവികൾ കേവലം മൃൽഭക്ഷകങ്ങളാണ്. വൃക്ഷങ്ങളുടേയും ചെടികളുടേയും ഇലകളും പുല്ലും തിന്നു ജീവിക്കുന്നു മൃഗങ്ങളിൽ ഒരു വലിയ വിഭാഗം. മറ്റൊരു വിഭാഗമാകട്ടെ മാംസാശികളുമാണ്. അക്കൂട്ടത്തിൽ നെല്ല്, ഗോതമ്പ് തുടങ്ങിയ ധാന്യങ്ങളേയും സസ്യങ്ങളേയും പയറുവർഗ്ഗത്തേയും ആഹരിച്ചു ജീവിക്കുന്നു മനുഷ്യവർഗ്ഗം. ഇങ്ങിനെ ജീവികളുടെ ആഹാര പദാർത്ഥങ്ങളുടെ സമ്പ്രദായങ്ങളും പലതാണ്. എങ്കിലും വ്രീഹ്യാദികൾക്കാണ് പ്രാധാന്യം.

26. നാലുതരം ജീവികൾ

ജരായുജാണ്ഡജസ്വേദജോൽഭിജ്ജാദ്യാശ്ചതുർവ്വിധാഃ
സ്വസ്വകർമ്മാനുരൂപേണ ജാതാസ്തിഷ്ഠന്തി ജന്തവഃ 434

ജരായുജം, അണ്ഡജം, സ്വേദജം, ഉൽഭിജ്ജം എന്നിങ്ങനെ നാലുപ്രകാരത്തിലാണ് ജീവികളെന്നു പറഞ്ഞുവല്ലോ. എന്താണ് ജീവന്മാരുടെ ശരീരത്തിന് ഇങ്ങിനെ ഭേദവും ഉൽക്കർഷാ പകർഷങ്ങളും വരാൻ കാരണമെന്നാണെങ്കിൽ ഓരോജീവന്റെ കർമ്മവിശേഷംതന്നെ. ജന്മാന്തര പ്രാരബ്ധത്തെ അനുഭവിക്കാ നുള്ളതാണല്ലോ സ്ഥൂലശരീരം. പ്രാരബ്ധകർമ്മം ഏതു രൂപത്തി ലിരിക്കുന്നുവോ; അതിനനുരൂപമായിരിക്കും ശരീരവും. നീചങ്ങ ളായ ഫലങ്ങളെ അനുഃഭവിക്കാൻ ശ്രേഷ്ഠമായ ശരീരവും കിട്ടുന്നു വെന്നു താല്പര്യം.

യത്ര ജാതാ ജരായുഭ്യസ്തേ നരാദ്യാഃ ജരായുജാ
അണ്ഡജാസ്തേ സ്യുരണ്ഡേഭ്യോ ജാതാ യേ വിഹഗാദയഃ 435

ആന്ത്രത്തെയാണ് ജരായുവെന്നു പറയുന്നത്. ആന്ത്രത്താൽ ചുറ്റപ്പെട്ടുകൊണ്ടാണല്ലോ ശിശു അമ്മയുടെ ഗർഭോദരത്തിലിരി ക്കുന്നത്. ആന്ത്രം മുറിഞ്ഞിട്ടാണ് കുട്ടി പുറത്തു വരുന്നതും. അതു കൊണ്ടാണ് പ്രസവിച്ചുണ്ടാവുന്ന വർഗ്ഗത്തെ ജരായുജമെ ന്നു പറയുന്നത്. മനുഷ്യനും, മൃഗങ്ങളും ജരായുജവർഗ്ഗത്തിൽ പ്പെട്ടവരാണ്. മുട്ട വിരിഞ്ഞുണ്ടാവുന്നതുകൊണ്ടാണ് പക്ഷിവർഗ്ഗ ങ്ങളെയും മറ്റും അണ്ഡജമെന്നും പറയുന്നത്.

സ്വേദാൽ ജാതഃ സ്വേദജാസ്തേ യൂകാ ലൂക്ഷാദയോപി ച
ഭൂമിമുൽഭിദ്യ യേ ജാതാ ഉൽഭിജ്ജാസ്തേ ദ്രുമാദയഃ 436

വിയർപ്പിൽനിന്നുണ്ടാവുന്ന ജീവികളെയാണ് സ്വേദജങ്ങളെന്നു പറയുന്നത്. കൊതു, ഈച്ച, ചില കൃമികൾ, പാറ്റ തുടങ്ങിയവയെല്ലാം ആ വർഗ്ഗത്തിൽപെടും. ഭൂമിയെ പൊട്ടിപ്പിളർന്നു മുളച്ചു പൊന്തുന്ന വൃക്ഷാദികൾ ഉൽഭിജ്ജവർഗ്ഗവുമാണ്.

ഇദം സ്ഥൂലവപുർജ്ജാതം ഭൗതികം ച ചതുർവ്വിധം
സാമാന്യേന സമഷ്ടിഃ സ്യാൽ ഏകധീവിഷയത്വതഃ 437

പഞ്ചഭൂതമാത്രകൾകൊണ്ടുണ്ടായതും, സ്ഥൂലവും, മുൻപറഞ്ഞ പ്രകാരം നാലു സ്വരൂപത്തിലുള്ളതുമായ ശരീരത്തിന് സമഷ്ടിയെന്നും, വ്യഷ്ടിയെന്നും രണ്ടു വകഭേദംകൂടിയുണ്ട്. സാമാന്യമായതിനെ സമഷ്ടിയെന്നും, പ്രത്യേകമായതിന വ്യഷ്ടിയെന്നും പറയുന്നു. ഒരു ശരീരം വ്യഷ്ടിയാണെങ്കിൽ എല്ലാ ശരീരങ്ങളും കൂടിച്ചേർന്നത് സമഷ്ടിയെന്നു താല്പര്യം.

ഏതൽ സമഷ്ട്യവച്ഛിന്നം ചൈതന്യം ഫലസംയുതം
പ്രാഹുർവ്വൈശ്വാനര ഇതി വിരാഡിതി ച വൈദികാഃ 438

സമഷ്ടി സ്ഥൂലശരീരത്തെ ഉപാധിയാക്കി പ്രകാശിക്കുന്ന ചൈതന്യത്തെ വേദജ്ഞന്മാർ വൈശ്വാനരനെന്നും, വിരാട്ടെന്നും പറയുന്നു.

വൈശ്വാനരോ വിശ്വനരേഷ്വാത്മത്വേനാഭിമാനതഃ
വിരാട്സ്യാൽ വിവിധത്വേന സ്വയമേവ വിരാജനാൽ 439

ജഗത്തിലുള്ള ശരീരങ്ങളിലെല്ലാം ഞാനെന്നും എന്റേതെന്നും അഭിമാനിക്കുന്നതിനാൽ വൈശ്വാനരനെന്നു പേരുണ്ടായി. തന്നത്താൻ അനേകരൂപങ്ങളിൽ പ്രകാശിക്കുന്നുവെന്നുള്ളതുകൊണ്ട് വിരാട്ടെന്നും പറയാനിടയായി.

ചതുർവ്വിധം ഭൂതജാതം തത്തൽജാതിവിശേഷതഃ
നൈകധീവിഷയത്വേന പൂർവ്വവൽ വ്യഷ്ടിരിഷ്യതേ 440

എല്ലാ ശരീരങ്ങളുടേയും സമഷ്ടിസ്വരൂപം ഒന്നാണെങ്കിലും, വ്യഷ്ടികൾക്കു വ്യത്യാസമുണ്ട്. വ്യഷ്ടിശരീരങ്ങൾ നാലുപ്രകാരത്തിലാണെന്ന് ഇതിനുമുമ്പ് പറഞ്ഞുവല്ലോ. എന്നാൽ അവയുടെ സമഷ്ടിയും നാലു പ്രകാരത്തിലുണ്ടാവണ്ടേ എന്നു ശങ്കയുണ്ടാവാം. അതു ശരിയല്ല. സമഷ്ടിയിൽ ഏകത്വഭാവമാണുള്ളതെന്നതുകൊണ്ട് പ്രത്യേക ശരീരങ്ങളാവശ്യമില്ല. എന്നാൽ വ്യഷ്ടിയിലാകട്ടെ നാനാത്വബുദ്ധിയാണുള്ളത്. അതിനാൽ വകഭേദങ്ങളുണ്ടാവാതേയും വരാൻ വയ്യ.

സാഭാസം വ്യഷ്ട്യുപഗതം തത്തദാത്മ്യമുപാഗതം
ചൈതന്യം വിശ്വ ഇത്യാഹുർവ്വേദാന്തനയകോവിദാഃ 441

സമഷ്ടിശരീരത്തെ ഉപാധിത്വേന സ്വീകരിച്ച് അതിൽ പ്രകാശിക്കുന്ന ചൈതന്യത്തെയാണ് വൈശ്വാനരനെന്നും വിരാട്ടെന്നും പറയുന്നതെന്നു പറഞ്ഞുവല്ലോ. പ്രസ്തുത വൈശ്വാനരചൈതന്യം തന്നെയാണ് വ്യഷ്ടി ശരീരങ്ങളിലും പ്രകാശിക്കുന്നത്. ബുദ്ധിയിൽ പ്രതിബിംബിച്ചാണ് പ്രകാശിക്കുന്നതെന്നതിനാൽ പ്രസ്തുത ചൈതന്യത്തെ ചിദാഭാസനെന്നും വിശ്വനെന്നും പറഞ്ഞുവരുന്നു. സ്ഥൂലശരീരാഭിമാനിയായ പ്രസ്തുത ചൈതന്യത്തെ വിശ്വനെന്നുതന്നെയാണ് വേദാന്തികൾ പ്രായേണ പറഞ്ഞുവരുന്നത്.

വിശ്വോഽസ്മിൻ സ്ഥൂലദേഹേഽത്ര സ്വാഭിമാനേന തിഷ്ഠതി
യതസ്തതോ വിശ്വ ഇതി നാമ്നാ സാർത്ഥോ ഭവത്യയം 442

ഈ സ്ഥൂലശരീരത്തിൽ ഞാനെന്നും, എന്റേതെന്നുമുള്ള അഭിമാനത്തോടുകൂടിയിരിക്കുന്നു വിശ്വൻ. ശരീരത്തിലും

ശരീരധർമ്മങ്ങളിലും മുഴുവൻ എപ്പോഴും ഞാനെന്നും എന്റേതെന്നുമഭിമാനിക്കുന്നതിനാൽ ഒരു പ്രകാരത്തിൽ വിശ്വ നെന്ന പേർ അന്വർത്ഥമാണെന്നു പറയണം.

വ്യഷ്ടിരേഷാസ്യ വിശ്വസ്യ ഭവതി സ്ഥൂലവിഗ്രഹഃ
ഉച്യതേ*f*ന്നവികാരിത്വാൽ കോശോന്നമയ ഇത്യയം 443

വ്യഷ്ടിയായ ഈ ശരീരം വിശ്വന്റെ സ്ഥൂലവിഗ്രഹംതന്നെയാ ണെന്നു പറയണം. എന്തുകൊണ്ടെന്നാൽ ഒരിക്കലെങ്കിലും താനീ ശരീരത്തിൽനിന്നു വേറെയാണെന്നു വിശ്വൻ സ്മരിക്കലേ പതിവില്ല. താൻതന്നെയാണ് ശരീരമെന്നാണ് എപ്പോഴുമുള്ള ധാരണ. അതിനാൽ വിശ്വന്റെ സ്ഥൂലസ്വരൂപമാണ് ശരീരമെന്ന പറഞ്ഞാൽപോലും തെറ്റില്ല. എന്നാൽ ഇതിനെത്തന്നെ അന്നമയകോശമെന്നും പറയറുണ്ട്. അമ്മയച്ഛന്മാർ കഴിച്ച അന്നവികാരത്തിൽനിന്നുണ്ടായതും, അന്നംകൊണ്ടുമാത്രം നില നിൽക്കുന്നതും, അന്നമില്ലെങ്കിൽ നശിക്കുന്നതുമാണ് ശരീരമെന്ന തിനാൽ ഇതിനെ അന്നമയകോശമെന്നും പറഞ്ഞുവരുന്നു.

ദേഹോയം പിതൃഭുക്താന്ന വികാരാൽ ശുക്ലശോണിതാൽ
ജാതഃ പ്രവർദ്ധതേ*f*ന്നേന തദഭാവേ വിനശ്യതി 444

ദൃഷ്ടമായ ഈ സ്ഥൂലശരീരം അമ്മയച്ഛന്മാരിൽക്കൂടെയാ ണല്ലോ ഉണ്ടാവുന്നത്. അവർ കഴിച്ച അന്നം ക്രമേണ ശുക്ലശോണിതങ്ങളായിപ്പരിണമിച്ച് അവ ഒന്നായിച്ചേർന്നിട്ടാണ ല്ലോ ശരീരമുണ്ടാവുന്നത്. അതുപോലെ വളരുന്നതും നില നിൽക്കുന്നതും അന്നംകൊണ്ടാണുതാനും. അന്നമില്ലെങ്കിൽ നശിക്കുകയും ചെയ്യും. അങ്ങനെയുള്ള ശരീരത്തെ അന്നവികാര മാണെന്നു പറഞ്ഞാൽ തെറ്റില്ല. അതുകൊണ്ടാണ് ഈ ശരീര ത്തെ അന്നമയകോശമെന്നു പറഞ്ഞുവരുന്നത്.

തസ്മാദന്നവികാരിത്വേ നായമന്നമയോ മതഃ
ആച്ഛാദകത്വാദേതസ്യാപ്യസേഃ കോശവദാത്മനഃ 445

അതിനാൽ അന്നവികാരിത്വം ഹേതുവായിട്ട് ഈ സ്ഥൂല ശരീരം അന്നമയമെന്ന് തീർച്ചപ്പെടുത്തപ്പെട്ടിരിക്കുന്നു. വാളിന്ന് ഉറയെന്നപോലെ ആത്മാവിന്നാവരണവുമാണ് ശരീരമെന്നതിനാൽ കോശമെന്നും പറയാനിടയായി. അങ്ങിനെ അന്നമയ കോശമെന്ന് ഈ സ്ഥൂലശരീരത്തിന്നു പേരുണ്ടായി.

ആത്മനഃ സ്ഥൂലഭോഗാനാമേതദായതനം വിദുഃ
ശബ്ദാദിവിഷയാൻ ഭുംക്തേ സ്ഥൂലാൻ സ്ഥൂലാത്മനി സ്ഥിതഃ 446

ആത്മാവിന്ന് സ്ഥൂലങ്ങളായ വിഷയങ്ങളെ അനുഭവിക്കാനുള്ള ഉപാധിയുമാണ് ഈ ശരീരം. ഈ സ്ഥൂലശരീരത്തിൽ ഇരുന്നാണ് സ്ഥൂലങ്ങളായ ശബ്ദാദി വിഷയങ്ങളെ അനുഭവിക്കുന്നത്.

ബഹിരാത്മാ തതഃ സ്ഥൂലഭോഗായതനമുച്യതേ
ഇന്ദ്രിയൈരുപനീതാനാം ശബ്ദാദീനാമയം സ്വയം
ദേഹേന്ദ്രിയമനോയുക്തോ ഭോക്തേത്യാഹുർമനീഷിണഃ 447

ജീവൻ ജാഗ്രദവസ്ഥയിൽ സ്ഥൂലശരീരത്തെ താനെന്നഭിമാനിക്കുകയും, അപ്പോൾ സ്ഥൂലഭോഗങ്ങളെക്കൊണ്ടുമാത്രം തൃപ്തിപ്പെടുകയും ചെയ്യുന്നു. പുറമേയുള്ള ശബ്ദാദിസ്ഥൂലവിഷയങ്ങളെ അനുഭവിക്കാനുള്ള ഉപകരണം ഈ സ്ഥൂലശരീരവുമാണ് ശരീരം, ഇന്ദ്രിയങ്ങൾ, മനസ്സ്, എന്നീ കരണങ്ങളെ ഉപാധികളാക്കി വർത്തിക്കുകയും, അവയെ താനെന്നും, തന്റേതെന്നും, അഭിമാനിക്കുകയും ചെയ്യുന്ന ചൈതന്യമാണ് ജീവൻ. പ്രസ്തുത ജീവൻതന്നെ ശബ്ദാദിവിഷയങ്ങളുടെ ഭോക്താവും.

ഏകാദശദ്വാരവതീഹ ദേഹേ
സൗധേ മഹാരാജ ഇവാക്ഷവർഗ്ഗൈഃ
സംസേവ്യമാനോ വിഷയോപഭോഗാ-
നുപാധിസംസ്ഥോ ബുഭുജേ ƒയമാത്മാ 448

ഒരു മഹാരാജാവ് തന്റെ കൊട്ടാരമാളികയിൽ അനേകം പരിചാരകന്മാരാൽ ശുശ്രൂഷിക്കപ്പെട്ടുകൊണ്ടിരിക്കുന്നതെപ്രകാരമോ, അതുപോലെയാണ് ജീവൻ ഈ ശരീരത്തിൽ കഴിഞ്ഞുവരുന്നത്. ഒമ്പത് ദ്വാരങ്ങളോടുകൂടിയ ഈ ശരീരം ജീവനാകുന്ന മഹാരാജാവിന്റെ കൊട്ടാരമാളികയാണ്. ദൃഗാദിഇന്ദ്രിയങ്ങൾ പരിചാരകന്മാരും. മനസ്സാണ് അന്തഃപ്പുരം. ശരീരമാകുന്ന മാളികയിൽ മനസ്സാകുന്ന അന്തഃപുരത്തിൽ ബുദ്ധിയാകുന്ന പത്നിയോടുകൂടി ഇന്ദ്രിയങ്ങളാകുന്ന പരിചാരകന്മാരുടെ ശുശ്രൂഷയേയും, അവർ കൊണ്ടുവരുന്ന ശബ്ദാദി വിഷയങ്ങളാകുന്ന വിഷയസാമഗ്രികളേയും അനുഭവിച്ചുകൊണ്ടു സുഖമായി കഴിയുകയാണ് ജീവനാകുന്ന മഹാരാജാവെന്നു പറയാം.

ജ്ഞാനേന്ദ്രിയാണി നിജദൈവതചോദിതാനി
കർമ്മേന്ദ്രിയാണ്യപി തഥാ മന ആദികാനി
സ്വസ്വപ്രയോജനവിധൗ നിയതാനി സന്തി
യത്തേന കിങ്കരജനാ ഇവ തം ഭജന്തേ 449

മഹാരാജവിന്റെ പരിചാരകന്മാർ ശുശ്രൂഷിക്കുംപോലെയാണ് ഇന്ദ്രിയമനസ്സുകൾ ജീവനെ ശുശ്രുഷിക്കുന്നത്. അതിന്റെ അധിദേവതമാരാൽ പ്രേരിതങ്ങളായ ജ്ഞാനേന്ദ്രിയങ്ങളും കർമ്മേന്ദ്രിയങ്ങളും മനസ്സും അവരവരുടെ വിഷയങ്ങൾകൊണ്ട് എപ്പോഴും ജീവനെ സന്തർപ്പണം ചെയ്യുന്നു. കുറച്ചൊക്കെ ബുദ്ധിമുട്ടേണ്ടിവന്നാൽപോലും യാതൊരു ആവലാതിയുമില്ലാതെ എല്ലാ കരണങ്ങളും എപ്പോഴും ജീവനെ സേവിക്കുന്നു.

യത്രോപഭുംക്തേ വിഷയാൽ സ്ഥൂലാനേഷ മഹാമതിഃ
അഹം മമേതി സൈഷാസ്യാവസ്ഥാ ജാഗ്രദിതീര്യതേ 450

ജീവൻ ശരീരാദികരണങ്ങളെ ഞാനെന്നും എന്റേതെന്നും അഭിമാനിക്കുകയും, അവയിൽ ശബ്ദാദിസ്ഥൂലവിഷയങ്ങളെ അനുഭവിക്കുകയും ചെയ്യുന്ന സമയത്തെയാണ് ജാഗ്രദവസ്ഥ യെന്നു പറയുന്നത്.

ഏതൽ സമഷ്ടിവ്യഷ്ട്യോശ്ചോഭയോരപ്യഭിമാനിനോ
തദ്വിശ്വവൈശ്വാനരയോരഭേദഃ പൂർവ്വവന്മതഃ 451

പറയപ്പെട്ട ജാഗ്രദവസ്ഥയെന്ന സ്വഭാവം സമഷ്ടിക്കും വ്യഷ്ടി ക്കും തുല്യംതന്നെയാണ്. ജാഗ്രദാവസ്ഥയിൽ ഒരു ശരീരത്തെ ഞാനെന്നും എന്റേതെന്നും അഭിമാനിക്കുന്ന വ്യഷ്ടിജീവനെ വിശ്വനെന്നും, എല്ലാ ശരീരങ്ങളേയും താനെന്നും തന്റേതെന്നും അഭിമാനിക്കുന്ന വിശ്വാകാരമായ സമഷ്ടിജീവതത്വത്തെ വൈശ്വാനരനെന്നും പറയുന്നു. പ്രസ്തുത രണ്ടു തത്വങ്ങൾക്കും ജാഗ്രദവസ്ഥാലക്ഷണം ഒന്നുതന്നെ.

സ്ഥൂലസൂക്ഷ്മകാരണാഖ്യാഃ പ്രപഞ്ചാ യേ നിരുപിതാഃ
തേ സർവ്വേപി മിളിത്വൈകഃ പ്രപഞ്ചോപി മഹാൻ ഭവേൽ 452

ഇങ്ങിനെ സ്ഥൂലം സൂക്ഷ്മം കാരണം എന്നീ മൂന്നു രൂപ ത്തിലുള്ള പ്രപഞ്ചസ്വരൂപങ്ങളും ഇവിടെ വേണ്ടപോലെ നിരുപി ക്കപ്പെട്ടു. പ്രസ്തുത മുന്നു ഘടകങ്ങളും കൂടിച്ചേർന്നതാണ് മഹാ പ്രപഞ്ചം.

മഹാപ്രപഞ്ചാവച്ഛിന്നം വിശ്വപ്രാജ്ഞാദിലക്ഷണം
വിരാഡാദീശപര്യന്തം ചൈതന്യം ചൈകമേവ തൽ 453

വിശ്വൻ, പ്രാജ്ഞൻ എന്നിങ്ങിനെയുള്ള വ്യഷ്ടി ജീവന്റെ വകഭേദങ്ങളും, വൈശ്വാനരൻ, ഹിരണ്യഗർഭൻ, ഈശ്വരൻ എന്നീ സമഷ്ടിജീവതത്വവകഭേദങ്ങളും, അവ പ്രകാശിക്കുന്ന ജാഗ്രൽ സ്വപ്നസുഷുപ്തികളാകുന്ന അവസ്ഥാവിശേഷങ്ങളും വ്യഷ്ടിവസ്തുക്കളുടെ സ്ഥൂലസൂക്ഷ്മകാരണഭാവങ്ങളും, അവയുടെ തന്നെ സമഷ്ടിവകഭേദങ്ങളാകുന്ന വിരാട്ട്, മഹത്വം, അവിദ്യയും എല്ലാം തന്നേയും മുൻപറഞ്ഞ മഹാപ്രപഞ്ചത്തിന്റെ അവാന്തരഘടകങ്ങൾ അല്ലെങ്കിൽ പരിച്ഛേദങ്ങൾ മാത്രമാണ്. ഒരേ ചൈതന്യം തന്നെയാണ് ഇവയെല്ലാമായിട്ടിരിക്കുന്നതും. മണ്ണുതന്നെ അനേകപാത്രങ്ങളായും, ഒരേ സ്വർണ്ണം തന്നെ അനേക ആഭരണങ്ങളായും പ്രകാശിക്കുംപോലെ ഒരേ പരമ ചൈതന്യംതന്നെ എല്ലാമായി പ്രകാശിച്ചതാണ് പ്രപഞ്ചം.

യദനാദ്യന്തമവ്യക്തം ചൈതന്യമജമക്ഷരം
മഹാപ്രപഞ്ചേന സഹാവിവിക്തം സദയോഗ്നിവൽ 454

ആദിയോ അവസാനമോ ഇല്ലാതെ എപ്പോഴും എവിടേയും ഉള്ളതായി നാശരഹിതമായി യാതൊരു ചൈതന്യമുണ്ടോ; ഇന്ദ്രിയമനോബുദ്ധികൾക്ക് അഗോചരമായിരിക്കുന്ന പ്രസ്തുത ചൈതന്യംതന്നെ ബ്രഹ്മം. അതാകട്ടെ മുമ്പ് പറഞ്ഞ മഹാപ്രപഞ്ചത്തിലെ ഓരോ ഘടകത്തോടും കൂടിച്ചേർന്ന് തന്മയമായിട്ടിരിക്കുന്നു. ഇരുമ്പ് അഗ്നിയോടുകൂടിച്ചേരുമ്പോൾ അഗ്നിയായിത്തീരുന്നതുപോലെ സർവ്വപ്രപഞ്ചഘടകങ്ങളും ഒരുപോലെ ബ്രഹ്മമയമായിത്തന്നെയിരിക്കുന്നു. തിര, നുര തുടങ്ങിയ ജലവികാരങ്ങൾ മുഴുവൻ ജലമയങ്ങളായിട്ടിരിക്കുന്നതുപോലെ പ്രപഞ്ചം മുഴുവൻ ബ്രഹ്മമയമായിട്ടിരിക്കുന്നു.

തൽ സർവ്വം ഖല്വിദം ബ്രഹ്മേത്യസ്യ വാക്യസ്യ പണ്ഡിതൈഃ
വാച്യർത്ഥ ഇതി നിർണ്ണീതം വിവിക്തം ലക്ഷ്യ ഇത്യപി 455

"തൽ സർവ്വം ഖലിദം ബ്രഹ്മ" (അതു മുഴുവൻ ഈ ബ്രഹ്മമാകുന്നു) എന്ന ശ്രുതിവാക്യത്തിന്റെ വാച്യാർത്ഥം മുൻ പറഞ്ഞ ശ്ലോകാർത്ഥമാണെന്നു പണ്ഡിതന്മാർ തീർച്ചപ്പെടുത്തിയിരിക്കുന്നു. എന്നാൽ വാച്യാർത്ഥമാണ് അങ്ങിനെ പറഞ്ഞത്. ലക്ഷ്യാർത്ഥം അതല്ല. എല്ലാ പ്രപഞ്ചഭാവങ്ങളുമടങ്ങിയ കേവല ചൈതന്യം ലക്ഷ്യാർത്ഥവുമാണ്.

സ്ഥൂലാദ്യജ്ഞാനപര്യന്തം കാര്യകാരണലക്ഷണം
ദൃശ്യം സർവമനാത്മേതി വിജാനീഹി വിചക്ഷണ 456

സമർത്ഥനായ ഹേ ജിജ്ഞാസോ! സ്ഥൂലശരീരം മുതൽ അല്ലെങ്കിൽ സ്ഥൂലപ്രപഞ്ചം മുതൽ അജ്ഞാനംവരെയുള്ള ദൃശ്യങ്ങളെയെല്ലാം ഇവിടെ വിവരിച്ചുവല്ലോ. അവയോരോന്നും കാര്യകാരണലക്ഷണങ്ങളോടുകൂടിയവയാണ്. ഓരോ പദാർത്ഥവും ഒന്നിന്റെ കാര്യമായിരിക്കെത്തന്നെ മറ്റൊന്നിന്റെ കാരണവുമായിരിക്കും. കാര്യത്വമോ കാരണത്വമോ ഒന്നിനും സ്ഥിരമല്ല. എന്നാൽ ലക്ഷണങ്ങളെക്കൊണ്ടു കാര്യകാരണഭാവങ്ങൾ രണ്ടുമുണ്ടുതാനും. അങ്ങിനെയുള്ള ദൃശ്യങ്ങളെല്ലാം കൂടിച്ചേർന്ന വിഭാഗത്തിനെയാണ് അനാത്മാവെന്നു പറയുന്നത്.

27. ആത്മാവ്

അന്തഃക്കരണതദ്വൃത്തിദ്രഷ്ട്യ നിത്യമവിക്രിയം
ചൈതന്യം യത്തദാത്മേതി ബുദ്ധ്യാ ബുദ്ധ്യസ്വ സൂക്ഷ്മയാ 457

പറയപ്പെട്ട അനാത്മവസ്തുക്കളെല്ലാം ദൃശ്യങ്ങളും ജഡങ്ങളുമാണ്. അന്തഃക്കരണവൃത്തിയിൽക്കൂടെ അവയെയെല്ലാം കാണുകയും അറിയുകയും ചെയ്യുന്ന ചൈതന്യമാണ് ആത്മാവെന്നു ബോധിക്കൂ. സ്ഥൂലബുദ്ധികൊണ്ട് അത്യന്തസൂക്ഷ്മമായ ആത്മ

ചൈതന്യത്തെ ബോധിക്കാൻ കഴിയില്ല. തത്വങ്ങളുടെ വേണ്ടും വണ്ണം വിചാരം ചെയ്തുറപ്പിച്ചു സൂക്ഷ്മയാക്കപ്പെട്ട ബുദ്ധി വൃത്തികൊണ്ട് പ്രസ്തുത ആത്മചൈതന്യത്തെ അറിയാൻ സാധിക്കും.

ഏഷ പ്രത്യക്സ്വപ്രകാശോ നിരംശോ$\mathcal{f}$
സംഗഃ ശുദ്ധഃ സർവ്വദൈകസ്വഭാവഃ
നിത്യാഖണ്ഡാനന്ദരൂപോ നിരീഹഃ
സാക്ഷീ ചേതാ കേവലോ നിർഗ്ഗുണശ്ച **458**

പറയപ്പെട്ട ദ്രഷ്ട്യസ്വരൂപിയായ ആത്മചൈതന്യം എല്ലാ അനാത്മവസ്തുക്കളിൽനിന്നു വേറെ നിൽക്കുന്നതും, അപരിച്ഛിന്ന വും, ദൃശ്യവസ്തുക്കളുമായി യാതൊരു സംബന്ധമില്ലാത്തതും, സത്വാദിഗുണങ്ങളുടെ ചേർച്ചയില്ലാത്തതിനാൽ പരമപരിശുദ്ധ വും, ഉൽപ്പത്തിലയങ്ങളോ ക്ഷയവൃദ്ധികളോ ഇല്ലാതെ എപ്പോ ഴും ഒരുപോലിരിക്കുന്നതും, എപ്പോഴും മുറിവില്ലാത്ത ആനന്ദ സ്വഭാവത്തോടുകൂടിയതും വിഷയാഗ്രഹങ്ങളുടെയോ കർമ്മ വാസനകളുടേയോ ഗന്ധംപോലുമില്ലാത്തതും, ബുദ്ധിവൃത്തിക ൾക്കുപോലും സാക്ഷിയും, ചേതനാത്മകവും, എല്ലാറ്റിനും ആദി കാരണമായ കേവലസ്വരൂപവും, ഗുണാതീതവുമാണ്. ഇപ്രകാര മുള്ള ആത്മതത്വത്തെ വിചാരംകൊണ്ടുറപ്പിച്ചു സൂക്ഷ്മവും ശുദ്ധവുമായ ബുദ്ധിവൃത്തികൊണ്ട് സാക്ഷാൽക്കരിക്കേണ്ടതാണ്.

നൈവ പ്രത്യക് ജായതേ വർദ്ധതേ നോ
കിഞ്ചിൽ നാപക്ഷീയതേ നൈവ നാശം
ആത്മാ നിത്യഃ ശാശ്വതോയം പുരാണോ
നാസൗ ഹന്യോ ഹന്യമാനേ ശരീരേ **459**

മുൻ പറയപ്പെട്ട പ്രത്യഗാത്മാവ് – സർവ്വസാക്ഷിയും സർവ്വ ദ്രഷ്ടാവുമായ ആത്മാവ് – ഉണ്ടാവുകയോ, വർദ്ധിക്കുകയോ, ക്ഷയിക്കുകയോ, നശിക്കുകയോ ചെയ്യുന്നില്ല. എല്ലാറ്റിനും മുമ്പുള്ളതായും, ഒരിക്കലും നാശമില്ലാതെ ശാശ്വതമായും ഇരിക്കുന്നു ആത്മാവ്. അനുനിമിഷം നശിച്ചുകൊണ്ടിരിക്കുന്ന ഈ ശരീരത്തെ പ്രാപിച്ചിട്ടുപോലും ആത്മാവ് നശിക്കുന്നില്ല. ജന്മാദിഭാവങ്ങളെല്ലാം ദൃശ്യങ്ങളായ അനാത്മവസ്തുക്കൾക്ക ല്ലാതെ ആത്മാവിനില്ല.

ജന്മാസ്തിത്വവിവൃദ്ധയഃ പരിണതി
ശ്ചാപക്ഷതിർന്നാശനം
ദൃശ്യസ്യൈവ ഭവന്തി ഷൾവികൃതയോ
നാനാവിധാ വ്യാധയഃ
സ്ഥൂലത്വാദി ച നീലതാദ്യപി മിതിർ–
വ്വർണ്ണാശ്രമാദിപ്രഥാ
ദൃശ്യന്തേ വപുഷോ ന ചാത്മന ഇമേ
തദ്വിക്രിയാസാക്ഷിണഃ 460

ഉൽപത്തി, അസ്തിത്വം, അഭിവൃദ്ധി, പരിണാമം, ക്ഷയം, നാശം എന്നീ ആറു ഭാവങ്ങളും പല പ്രകാരത്തിലുള്ള രോഗങ്ങളു മെല്ലാം അനാത്മാവും, ദൃശ്യവുമായ ശരീരത്തിനല്ലാതെ ശരീരാദി കരണങ്ങൾക്കും, അവയുടെ നിത്യവികാരങ്ങൾക്കും സാക്ഷി മാത്രമായിരിക്കുന്ന ആത്മാവിനുള്ളതല്ല. അതുപോലെ സ്ഥൂലാദി ഭാവങ്ങൾ, നീലാദിവർണ്ണങ്ങൾ, പരിമിതി, വർണ്ണങ്ങൾ, ആശ്രമ ങ്ങൾ എന്നിവയും ശരീരത്തിനല്ലാതെ ആത്മാവിനുള്ളതല്ല.

അസ്മിന്നാത്മന്യനാത്മത്വമനാത്മന്യാത്മതാം പുനഃ
വിപരീതതയാദ്ധ്യസ്യ സംസരന്തി വിമോഹതഃ 461

പറയപ്പെട്ട പ്രത്യഗാത്മസ്വരൂപത്തിൽ അനാത്മഭാവത്തെയും, അനാത്മാക്കളായ ശരീരദികളിൽ ആത്മഭാവത്തേയും വ്യമോഹം കൊണ്ടു കല്പിക്കുന്നു അജ്ഞന്മാർ. അതാണവരുടെ സംസാര പരിഭ്രമണത്തിന്നു ഹേതുവും. ആത്മാനാത്മവിവേകം ശരിയായി ട്ടുണ്ടാവുമ്പോൾ അനാദികാലം മുതൽക്കാരംഭിച്ച സംസാരം അവസാനിക്കുകയും ചെയ്യുന്നു.

ഭ്രാന്ത്യാ മനുഷ്യോഹമഹം ദ്വിജോഹം
തജ്ഞോഹമജ്ഞോഹമതീവ പാപീ
ഭ്രഷ്ടോസ്മി ശിഷ്ടോസ്മി സുഖീ ച ദുഃഖീ–
ത്യേവം വിമുഹ്യാത്മനി കല്പയന്തി **462**

ഭ്രമംകൊണ്ടു ഞാൻ മനുഷ്യനാണ്; ബ്രാഹ്മണനാണ് വിദ്വാനാണ്; മൂഢനാണ്; അത്യന്തപാപിയാണ്; ഭ്രഷ്ടനാണ്; ശിഷ്ടനാണ്; സുഖിയാണ്; ദുഃഖിയാണ് എന്നിങ്ങനെ പലതും ബോധിക്കുന്നു അജ്ഞൻ. മായാമോഹംകൊണ്ട് ആത്മാവിനി ല്ലാത്ത ധർമ്മങ്ങളെ പലതും ആത്മാവിൽ കല്പിക്കുന്നു. വിവേക മുണ്ടാവുമ്പോൾ അതൊക്കെ നീങ്ങുകയും ചെയ്യും.

അനാത്മനോ ജന്മജരാമൃതിക്ഷുധാ
തൃഷ്ണാസുഖക്ലേശഭയാദി ധർമ്മാൻ
വിപര്യയേണ ഹ്യതഥാവിധേƒസ്മിൻ
ആരോപയന്ത്യാത്മനി ബുദ്ധിദോഷാൽ **463**

ജനനം, ജര, മരണം, വിശപ്പ്, ദാഹം,സുഖം, ദുഃഖം തുടങ്ങിയവയ്ല്ലാം അനാത്മധർമ്മങ്ങളാണ്. ആത്മാവിന്നവയൊ ന്നുമുണ്ടാവാൻ കാരണമില്ല. എന്നിട്ടും അവയെല്ലാം നിത്യശുദ്ധ ബുദ്ധമുക്തസ്വരൂപമായ സച്ചിദാത്മാവിൽ ആരോപിക്കുന്നുവെ ന്നു വന്നാൽ അതു ബുദ്ധിദോഷമല്ലാതെ മറ്റെന്താണ് കയറിനെ

ചിലപ്പോൾ പാമ്പായും, കുറ്റിയെ പുരുഷനായും കാണുന്നത് എപ്രകാരം ബുദ്ധിദോഷം മാത്രമാണോ; അതുപോലെ അനാത്മ ധർമ്മങ്ങളെ ആത്മാവിലാരോപിക്കുന്നതും ബുദ്ധിദോഷം മാത്ര മാണ്.

ഭ്രാന്ത്യാ യത്ര യദദ്ധ്യാസസ്തൽകൃതേന ഗുണേന വാഃ
ദോഷേണാപ്യണുമാത്രേണ സ ന സംബധ്യതേ ക്വചിൽ 464

ഭ്രമംകൊണ്ട് എപ്പോൾ എവിടെ ഏതുരൂപത്തിലുള്ള അദ്ധ്യാസത്തെ ചെയ്താലും അതുകൊണ്ടുണ്ടാവുന്ന ഗുണമോ, ദോഷമോ അല്പംപോലും ആത്മാവിനെ ബാധിക്കുന്നില്ല. കയറിൽ പാമ്പിനെ അദ്ധ്യസിക്കുന്നതുകൊണ്ടും കുറ്റിയിൽ പുരുഷനെ ആദ്ധ്യസിക്കുന്നതുകൊണ്ടും പാമ്പിന്നോ പുരുഷ ന്നോ ഉള്ള ഗുണദോഷങ്ങൾ കയറിനെയോ, കുറ്റിയെയോ ബാധിക്കാറില്ലല്ലോ. അതുപോലെ എന്തെല്ലാം അനാത്മധർമ്മ ങ്ങൾ ആത്മാവിൽ ആരോപിച്ചാലും അതുകൊണ്ടുള്ള ഗുണ ദോഷങ്ങളൊന്നുംതന്നെ ആത്മാവിനെ ബാധിക്കുന്നില്ല.

കിം മരുർമൃഗതൃഷ്ണാംബുപൂരേണാർദ്രതാമൃച്ഛതി
ദൃഷ്ടിസംസ്ഥിതപീതേന ശംഖഃ പീതയതേ കിമു 465

മൃഗതൃഷ്ണാജലംകൊണ്ടു മരുഭൂമി നനഞ്ഞതായിത്തീരു കയോ, കണ്ണിന്റെ മഞ്ഞവർണ്ണംകൊണ്ടു ശംഖം മഞ്ഞവർണ്ണ മായിത്തീരുകയോ ചെയ്യാറില്ലല്ലോ. മരുഭൂമിയിൽ ആദിത്യ രശ്മികൾ ചലിക്കുമ്പോൾ വെള്ളമുള്ളതായിത്തോന്നും. പക്ഷേ അതു തോന്നലല്ലാതെ പരമാർത്ഥത്തിൽ വെള്ളമില്ല. ആ ഇല്ലാത്ത ജലത്തിനെയാണ് മൃഗതൃഷ്ണാജലമെന്നു പറയുന്നത്. അതുകൊണ്ട് മരുഭൂമിയെങ്ങനെ നനയും? അതുപോലെ കാമിലയെന്ന രോഗം ബാധിച്ചവരുടെ കണ്ണ് മഞ്ഞവർണ്ണ

മായിരിക്കും. അവർ നോക്കുന്ന വസ്തുക്കളൊക്കെ അവർക്ക് മഞ്ഞനിറമായി കാണപ്പെടുകയും ചെയ്യും. ശംഖം, ക്ഷീരം തുടങ്ങിയ ശുഭ്രവസ്തുക്കൾകൂടിയും അവരുടെ ദൃഷ്ടിയിൽ മഞ്ഞവർണ്ണമായിക്കണപ്പെടും. പക്ഷെ അതുകൊണ്ട് ശംഖം മഞ്ഞവർണ്ണമാണെന്നു വരുന്നില്ല. അതുപോലെ അജ്ഞന്റെ ബുദ്ധിയിൽ അനാത്മധർമ്മങ്ങൾ ആത്മധർമ്മങ്ങളായി തോന്ന പ്പെടുമെന്നതുകൊണ്ട് അവയൊന്നും ആത്മധർമ്മങ്ങളാവുന്നില്ല. അവയുടെ ആരോപണംകൊണ്ട് ആത്മാവിന്നു വിശേഷിച്ച് യാതൊരു ബാധയുമുണ്ടാവുന്നുമില്ല.

ശിഷ്യഃ

പ്രത്യഗാത്മന്യവിഷയേƒനാത്മാദ്ധ്യാസഃ കഥം പ്രഭോ 466

ഇത്രയും കേട്ടതായ ശിഷ്യൻ തനിക്കു നേരിട്ട സംശയത്തെ ചോദിക്കുകയാണ്. മഹാത്മവായ ആചാര്യ! അങ്ങു പറഞ്ഞതായ പ്രത്യാഗാത്മസ്വരൂപം ദൃഗാദി ഇന്ദ്രിയങ്ങൾക്കോ, മനോബുദ്ധി കൾക്കോ വിഷയമല്ലെന്നു പറഞ്ഞുവല്ലോ. അതിനാൽ ആ വിഷയമാണ് ആത്മസ്വരൂപം. ഒരു കാരണത്തിന്നും വിഷയ മല്ലാത്ത കേവലം അവിഷമായ ആത്മാവിൽ എങ്ങനെയാണ് മറ്റൊന്നിനെ അദ്ധ്യാസം ചെയ്യുന്നത്?

പുരോ ദൃഷ്ടേ വിഷയേƒദ്ധ്യസ്യന്തി വിഷയാന്തരം
തൽ ദൃഷ്ടം ശുക്തിരജ്വാദൗ സാ ദൃശ്യാദ്യനുബന്ധതഃ 467

മുന്നിൽക്കാണപ്പെട്ട ഒരു വസ്തുവിൽ അതിനോടു സാദൃശ്യ മുള്ള മറ്റൊരു വസ്തുവിനെ അദ്ധ്യാസം ചെയ്തുവെന്നു വരാം. അത് സംഭാവ്യമാണ്. അങ്ങനെയാണ് കയറിൽ പാമ്പും, മുത്തുച്ചിപ്പിയിൽ വെള്ളിയുമൊക്കെ അദ്ധ്യസിക്കപ്പെടുന്നത്. എന്നാൽ കാണാനോ അറിയാൻപോലുമോ കഴിയാത്ത

വസ്തുവിൽ മറ്റൊന്നിനെ അദ്ധ്യസിക്കുന്നതെങ്ങനെയാണെ ന്നറിയുന്നില്ല.

പരത്ര പൂർവ്വദൃഷ്ടസ്യാവഭാസഃ സ്മൃതിലക്ഷണഃ
അദ്ധ്യാസഃ സ കഥം സ്വാമിൻ! ഭവേദാത്മന്യഗോചരേ 468

മുമ്പു കണ്ടു പരിചയിച്ച ഏതെങ്കിലും വസ്തുവിനെ അതിനോട് സാദൃശ്യമുള്ള മറ്റൊരു വസ്തു കാണുമ്പോൾ ഓർമ്മി ക്കുകയും, മുന്നിൽ കാണപ്പെട്ട വസ്തു തന്റെ ഓർമ്മയിലുള്ള വസ്തുവാണെന്നു തെറ്റിദ്ധരിക്കുകയും ചെയ്യുന്ന സമ്പ്രദായത്തി നാണല്ലോ അദ്ധ്യാസമെന്നു പറയുന്നത്. അത് കരണങ്ങൾക്കു ഗോചരമായ വസ്തുവിലല്ലാതെ അഗോചരമായ വസ്തുവിലെങ്ങനെ സംഭവിക്കും? കരണങ്ങൾക്കു അഗോചരമാണല്ലോ ആത്മാവ്. ആ സ്ഥിതിക്ക് ആത്മാവിൽ അനാത്മ ധർമ്മങ്ങളെങ്ങനെ അദ്ധ്യസിക്കപ്പെടും?

നാനുഭൂതഃ കദാപ്യാത്മാ നാനുഭൂതസ്യ വസ്തുനഃ
സാദൃശ്യം സിദ്ധ്യതി കഥമനാത്മനി വിലക്ഷണേ 469

ആത്മാവൊരിക്കലും അനുഭവിക്കപ്പെട്ടിട്ടില്ല. ഒരിക്കലും അനുഭവിക്കുകയോ, അറിയുകയോ ചെയ്തിട്ടില്ലാത്ത ആത്മാവിന്റെ സാദൃശ്യം അനാത്മവസ്തുവിനെങ്ങിനെ ഘടിക്കും. പാഞ്ചഭൗതികവും വിലക്ഷണസ്വഭാവത്തോടുകൂടിയവയുമാണ് അനാത്മവസ്തുക്കളെല്ലാം അവക്കും സച്ചിദാനന്ദാത്മകവും, നിത്യ മുക്തവും, അമൃതസ്വരൂപവുമായ ആത്മാവിന്നും, തുല്യത യുണ്ടെന്നെങ്ങിനെ വിചാരിക്കാൻ കഴിയും?

അനാത്മന്യാത്മതാദ്ധ്യാസഃ കഥമേഷ സമാഗതഃ
നിവൃത്തിഃ കഥമേതസ്യ കേനോപായേന സിദ്ധ്യതി? 470

ഒരിക്കലും സംഭവിക്കാൻ അർഹതയില്ലാത്തതാണ് അനാത്മാവിൽ ആത്മാദ്ധ്യാസവും. എന്നിട്ടും അതു സംഭവിച്ചുവെന്നാണിരിക്കുന്നത്. അന്യോന്യവിരുദ്ധങ്ങളാണ് ആത്മാവും അനാത്മാവും. ആ സ്ഥിതിക്ക് അവയിൽ ഒന്നിനെ മറ്റൊന്നായി തെറ്റിദ്ധരിക്കുകയെന്നത് സംഭവിക്കാൻ പാടില്ലാത്തതാണ്. എന്നാലും അതു സംഭവിച്ചുവെന്നതെന്തുകാരണംകൊണ്ടാണ്. ഏതൊരുപായം കൊണ്ടാണതിനെ അകറ്റാൻ കഴിയുന്നത്? വിചിത്രമായ ഈ അദ്ധ്യാസത്തെ അകറ്റാനും വിചിത്രമായ ഉപായം തന്നെ വേണ്ടിവരുമല്ലോ.

ഉപാധിയോഗ ഉഭയോഃ സമ ഏവേശജീവയോഃ
ജീവസ്യൈവ കഥം ബന്ധോ നേശ്വരസ്യാസ്തി തൽ കഥം 471

ഉപാധിസംബന്ധംകൊണ്ടാണ് ഈ വൈരുദ്ധ്യങ്ങളെല്ലാം വന്നുചേർന്നതെന്നാണെങ്കിൽ ഉപാധിസംബന്ധം ഈശ്വരനും ഉണ്ടല്ലോ. ആ സ്ഥിതിക്ക് ഉപാധിസംബന്ധം തുല്യമാണ്. അതാണ് ബന്ധത്തിനു ഹേതുവെങ്കിൽ ഈശ്വരനും ബന്ധമുണ്ടാവേണ്ടതുമാണ്. എന്നാൽ അങ്ങിനെ സംഭവിച്ചു കാണുന്നുമില്ല. എന്താണീ വൈരുദ്ധ്യത്തിനു ഹേത്?

ഏതൽ സർവ്വം ദയാദൃഷ്ട്യാ കരാമലകവൽസ്ഫുടം
പ്രതിപാദയ സർവ്വജ്ഞ! ശ്രീഗുരോ കരുണാനിധേ! 472

സർവ്വജ്ഞനും, കരുണാനിധിയുമായ ഹേ ആചാര്യ! ചോദിക്കപ്പെട്ട സംശയങ്ങളുടെ മറുപടി കയ്യിൽവെച്ച നെല്ലിക്കയെന്നപോലെ സ്പഷ്ടമായി പറഞ്ഞുതരാൻ കാരുണ്യമുണ്ടാവണം.

ശ്രീ ഗുരുഃ

ന സാവയവ ഏകസ്യ നാത്മാ വിഷയ ഇഷ്യതേ
അസ്യാസ്മൽപ്രത്യയാർത്ഥത്വാദപരോക്ഷാച്ച സർവ്വശഃ 473

ആത്മാവ് മുന്നുവിധ ഭേദങ്ങളില്ലാത്തതും, നിരവയവവുമാണ്. അനാത്മവസ്തുക്കളെല്ലാം ഭേദങ്ങളോടും അവയവങ്ങളോടും കൂടിയവയുമാണ്. ത്രിവിധഭേദങ്ങളോ അവയവങ്ങളോ ഇല്ലാത്ത തിനാൽ ആത്മാവ് അപരിച്ഛിന്നവും അവയുള്ളതിനാൽ മറ്റു പദാർത്ഥങ്ങളൊക്കെ പരിച്ഛിന്നങ്ങളുമാണ്. പരിച്ഛിന്നപദാർത്ഥ ങ്ങൾ ബുദ്ധ്യാദികരണങ്ങളുടെ പരിധിയിൽ ഒതുങ്ങുന്നു. അതുകൊണ്ടാണ് ആത്മാവൊരു കരണത്തിനും വിഷയമാവാ തിരിക്കുന്നത്. കരണങ്ങൾക്ക് വിഷയമാവുന്നില്ലെന്നതുകൊണ്ട് വസ്തുസത്ത പ്രകാശിക്കുന്നില്ലെന്നും വരുന്നില്ല. കൂടാതെ അഹം പ്രത്യയത്തിന് ആസ്പദവും താനായിരിക്കുന്ന വസ്തുവുമാണ് ആത്മാവ്. അതുകൊണ്ടും കരണങ്ങൾക്ക് വിഷയമാവാൻ വയ്യ. തന്നിൽനിന്നന്യങ്ങളായിരിക്കുന്ന പദാർത്ഥ ങ്ങളല്ലാതെ താനായിരിക്കുന്ന വസ്തുതന്നെ തനിക്ക് വിഷയ മായിത്തീരുകയെന്നത് സംഭാവ്യമല്ലല്ലോ. അതാണാത്മാവിന്റെ അവിഷയത്വത്തിനു കാരണം. അതുകൊണ്ട് വസ്തുപ്രകാശന മില്ലെന്നു വരുന്നില്ല. എന്നിങ്ങനെ ആചാര്യൻ ശിഷ്യന്റെ ചോദ്യങ്ങൾക്ക് മറുപടി പറയാൻ തുടങ്ങി.

പ്രസിദ്ധിരാത്മനോഽസ്ത്യേവ ന കസ്യാപി ച ദൃശ്യതേ
പ്രത്യയോ നാഹമസ്മീതി ന ഹ്യസ്തി പ്രത്യഗാത്മനി 474

ഒരു കരണത്തിന്നും ഒരു പ്രകാരത്തിലും വിഷയമല്ലാത്ത സ്ഥിതിക്ക് ആത്മതത്വപ്രകാശനമുണ്ടെന്നെങ്ങിനെ അനുമാനി ക്കാമെന്നാണെങ്കിൽ അതിന് വിഷമമില്ല. ആത്മാവുണ്ടെന്നും പ്രകാശിക്കുന്നുണ്ടെന്നും പ്രസിദ്ധിയുണ്ട്. 'ഞാൻ ഇല്ല' എന്ന പ്രത്യയും ആർക്കും പ്രത്യഗാത്മാവിലുണ്ടാവാറില്ല. 'ഞാൻ ഉണ്ട്', എന്ന പ്രത്യയം എപ്പോഴും എല്ലാവർക്കും ഉണ്ടാവാറുണ്ട്.

ആത്മാവുണ്ടെന്നതിനും പ്രകാശിക്കുന്നുണ്ടെന്നതിനും അതിൽ ക്കൂടുതൽ തെളിവാവശ്യമില്ല.

ന കസ്യാപി സ്വസൽഭാവേ പ്രമാണമഭികാംക്ഷ്യതേ
പ്രമാണാനാം ച പ്രാമാണ്യം യന്മൂലം കിം തു ബോധയേൽ 475

തന്റെ അസ്തിത്വത്തിന് അല്ലെങ്കിൽ താനുണ്ടെന്നതിന് ഒരു പ്രമാണം ആർക്കും ആവശ്യമില്ല. പ്രമാണങ്ങളുടെ പ്രാമാണ്യത യെ ബോധിക്കുന്നതുതന്നെ താനാണല്ലോ. അങ്ങിനെയുള്ള താൻ ഉള്ളതായിട്ടിരിക്കുന്നവെന്നു ബോധിപ്പിക്കാൻ മറ്റൊരു പ്രമാണത്തിന്റെയും ആവശ്യകതയില്ല. അതിനാൽ ആത്മാവിന്റെ പ്രകാശനത്തിന് പറയപ്പെട്ട അനുമാനം ധാരാളം മതിയാവുന്ന താണ്. കരണങ്ങൾക്കു അവിഷയമാണെങ്കിലും ആത്മാവില്ലാ തിരിക്കുന്നില്ലെന്നു സ്പഷ്ടമാണ്.

മായാകാർയൈ്യസ്തിരോഭൂതോ നൈഷ ആത്മാനുഭൂയതേ
മേഘവൃന്ദൈര്യഥാ ഭാനുസ്തഥായമഹമാദിഭിഃ 476

അങ്ങിനെ എല്ലായിടത്തും നിറഞ്ഞു പ്രകാശിക്കുന്ന ആത്മതത്വമെന്നാണെങ്കിൽ എന്തുകൊണ്ട് അനുഭവിക്കപ്പെടു ന്നില്ല എന്നാണെങ്കിൽ പറയാം. മായാകാര്യങ്ങളായ പഞ്ച കോശോപാധികളാലും, പ്രസ്തുത ഉപാധികളുടെ ധർമ്മങ്ങളാലും മറയപ്പെട്ടിരിക്കുന്നതു കൊണ്ടാണ് അനുഭവിക്കപ്പെടാത്തത്. മേഘങ്ങളാൽ മറയ്ക്കപ്പെട്ട ആദിത്യബിംബം എപ്രകാരം കണ്ണുകൾക്ക് വിഷയമാവുന്നില്ലയോ; അതുപോലെ ആത്മാവും മായാകര്യങ്ങളാൽ മറയ്ക്കപ്പെട്ടതുകൊണ്ട് അനുഭവിക്കപ്പെടുന്നി ല്ലെന്നുമാത്രം. അനുഭവപ്പെടുന്നില്ല എന്നത്കൊണ്ടും ആത്മാവി ല്ലെന്നു വരുന്നില്ല.

പുരസ്ഥ ഏവ വിഷയേ വസ്തുന്യദ്ധ്യസ്യതാമിതി
നിയമോ ന കൃതഃ സൽഭിഃ ഭ്രാന്തിരേവാത്ര കാരണം 477

പിന്നെ, മുന്നിൽ കാണപ്പെടുന്ന പദാർത്ഥത്തിൽ മാത്രമേ അദ്ധ്യാസത്തെ ചെയ്യാവൂ എന്ന നിയമമൊന്നും സജ്ജനങ്ങൾ വിധിച്ചിട്ടില്ല. അദ്ധ്യാസത്തിന്നു കാരണം ഭ്രമമാണ്. അത് എപ്പോൾ എവിടെയുണ്ടാവുന്നുവോ അപ്പോൾ അവിടെ അദ്ധ്യാസമുണ്ടാവുന്നു എന്നേ ഉള്ളു. അതിനാൽ കരണങ്ങൾക്കു അഗോചരവസ്തുവായ ആത്മാവിൽ അദ്ധ്യാസം പാടില്ലായ്കയില്ല. ഭ്രമമാണല്ലോ അദ്ധ്യാസഹേതു. ആത്മവിസ്മൃതിതന്നെ ഇവിടേ യും അദ്ധ്യാസഹേതുവെന്നു താല്പര്യം.

ദൃഗാദ്യവിഷയേ വ്യോമ്നി നീലതാദി യഥാƒബുധാഃ
അദ്ധ്യസ്യന്തി തഥൈവാസ്മിന്നാത്മന്യപി മതിഭ്രമാൽ 478

കണ്ണുകൊണ്ടു കാണാനോ, കയ്യുകൊണ്ടു തൊടാനോ പറ്റാത്ത വസ്തുവാണ് ആകാശം. അതിനാൽ കരണങ്ങൾക്ക് അഗോചരമാണെന്നു പറയാം. അങ്ങിനെയുള്ള ആകാശത്തിൽ മന്ദബുദ്ധികൾ നീലം തുടങ്ങിയ വർണ്ണങ്ങളെ ആരോപി ക്കാറുണ്ട്. അതുപോലെ ആത്മബോധമില്ലാത്ത മന്ദബുദ്ധികൾ ആത്മാവിലും ചില അദ്ധ്യാസങ്ങളെ ചെയ്യുന്നുവെന്നത് അസംഭാവ്യമല്ല.

അനാത്മന്യാത്മതാദ്ധ്യാസേ ന സാദൃശ്യമപേക്ഷതേ
പീതോയം ശംഖ ഇത്യാദൗ സാദൃശ്യം കിമപേക്ഷിതം 479

അതുപോലെ അനാത്മവസ്തുവിൽ ആത്മതാദ്ധ്യാസത്തിന്നു സാദൃശ്യത്തിന്റെ അപേക്ഷയുമില്ല. സ്വതവേ ശുഭ്രവർണ്ണമായ ശംഖത്തെ മഞ്ഞവർണ്ണമാണെന്നു ബോധിക്കുന്നതു സാദൃശ്യം കൊണ്ടല്ലല്ലോ. ഭ്രമം മാത്രമേ അദ്ധ്യാസത്തിനാവശ്യമുള്ളു.

സാദൃശ്യത്തിന്റെയോ, കാലദേശങ്ങളുടേയോ, ഔചിത്യത്തിന്റേയോ ഒന്നുംതന്നെ അപേക്ഷിയില്ല. ആ സ്ഥിതിക്ക് അനാത്മവസ്തുക്കളായ ശരീരാദികളിൽ ആത്മാദ്ധ്യാസം ചെയ്യുന്നുവെന്നത് സ്വാഭാവികം മാത്രമാണ്.

നിരുപാധിഭ്രമേഷസ്മിൻ നൈവാപേക്ഷാ പ്രദൃശ്യതേ
സോപാധിഷ്വേവ തൽ ദൃഷ്ടം രജ്ജുസർപ്പഭ്രമാദിഷു 480

ആത്മാവിനെ സംബന്ധിക്കുന്ന ഭ്രമം അല്ലെങ്കിൽ തെറ്റിദ്ധാരണ കേവലം നിരുപാധികമാണ്. അതിനാൽ അതിന്റെ ലക്ഷണത്തെ നിരുപിക്കേണ്ട ആവശ്യമില്ല.

തഥാപി കിഞ്ചിൽ വക്ഷ്യാമി സാദൃശം ശൃണു തൽപ്പരഃ
അത്യന്തനിർമ്മലഃ സൂക്ഷ്മ ആത്മായമതിഭാസ്വരഃ 481

എങ്കിലും അതിനെപ്പറ്റിയും അല്പം പറയാം. ശ്രദ്ധയോടും താല്പര്യത്തോടുംകൂടി കേൾക്കു. സാദൃശ്യലക്ഷണങ്ങളുണ്ടോ എന്നു ബോദ്ധ്യമാവും. ആത്മാവ് അത്യന്തനിർമ്മലമാണ്. സത്വാദി ഗുണങ്ങളുടേയോ, വികാരങ്ങളുടേയോ ബാധ അല്പം പോലും ആത്മാവിലില്ല. ആ കാരണത്താൽതന്നെ അത്യന്തസൂക്ഷ്മമാണ്. ഒരു കരണംകൊണ്ട് അറിയപ്പെടാവുന്നതല്ല. എങ്കിലും സ്വയം തേജോമയമാണുതാനും. ഇവയാണ് ആത്മാവിന്റെ ലക്ഷണങ്ങളെന്നു ബോധിക്കണം.

ബുദ്ധിസ്തഥൈവ സത്വാത്മാ സാഭാസാ ഭാസ്വരാƒമലാ
സാന്നിദ്ധ്യാദാത്മവൽ ഭാതി സൂര്യവൽ സ്ഫടികോ യഥാ 482

ബുദ്ധിയും ഏതാണ്ട് ആത്മാവുപോലെതന്നെയാണ്. ആത്മാവിന്റെ മിക്ക ലക്ഷണങ്ങളും ബുദ്ധിക്കുള്ളതായി തോന്നിയേയ്ക്കാം. നിർമ്മലമാണ് സ്വതവേ ബുദ്ധിയെങ്കിലും ആത്മാവി

നെന്നപോലെ അത്യന്തനൈർമ്മല്യമില്ല. എന്തുകൊണ്ടെന്നാൽ ഗുണാത്മികയാണ്. എങ്കിലും സത്വപ്രധാനയാണെന്നതിനാൽ പ്രായേണ നിർമ്മലയാണ്. പ്രസ്തുത നൈർമ്മല്യം ഹേതുവായിട്ട് ആത്മാവിന്റെ പ്രതിഫലനം ബുദ്ധിയിലുണ്ടാവുന്നു. അതിനാൽ സാഭാസയാണ്, അതായത് ഉള്ളിൽ ആത്മാവിന്റെ പ്രതിബിംബ ത്തോടുകൂടിയാതാണെന്നർത്ഥം. അതിനാൽതന്നെ അത്യന്ത തേജോമയിയുമാണ്. കൂടാതെ ആദിത്യപ്രകാശത്തിൽ തിളങ്ങു ന്ന സ്ഫടികം ആദിത്യനെന്നപോലെ വിളങ്ങുന്നതെപ്രകാരമോ; അതുപോലെ ആത്മസാന്നിദ്ധ്യം ഹേതുവായിട്ട് ആത്മാവെന്ന പോലെ വിളങ്ങുന്നതുമാണ് ബുദ്ധി.

ആത്മാഭാസം തതോ ബുദ്ധിഃ ബുദ്ധ്യാഭാസം തതോ മനഃ
അക്ഷാണി മന ആഭാസാന്യക്ഷാഭാസമിദം വപുഃ 483

ആത്മപ്രതിഫലനം ഹേതുവായിട്ടു ബുദ്ധി മിക്കവാറും ആത്മാവിനെപ്പോലെത്തന്നെയായിരിക്കുന്നുവെന്ന് പറഞ്ഞുവ ല്ലോ. പ്രസ്തുത ബുദ്ധിയുടെ പ്രതിഫലനം മനസ്സിലും, മനസ്സിന്റെ പ്രതിഫലനം ഇന്ദ്രിയങ്ങളിലും, ഇന്ദ്രിയങ്ങളുടെ പ്രതിഫലനം ശരീരത്തിലും ഒരുപോലെ വഴിക്കുവഴിയായി വ്യാപിച്ചിരിക്ക യാണ്.

അത ഏവാത്മതാബുദ്ധിർദ്ദേഹാക്ഷാദാവനാത്മനി
മൂഢാനാം പ്രതിബിംബാദൗ ബാലാനാമിവ ദൃശ്യതേ
സാദൃശ്യം വിദ്യതേ ബുദ്ധാവാത്മനോƒദ്ധ്യാസകാരണം 484

അതുകൊണ്ടാണ് ശരീരം ഇന്ദ്രിയങ്ങൾ തുടങ്ങിയ അനാത്മ വസ്തുക്കളിൽ മൂഢന്മാർക്ക് ആത്മബുദ്ധിയുണ്ടാവുന്നത്. കുട്ടിക ൾക്കു നിഴലുകളിൽ വസ്തുബുദ്ധിയുണ്ടാവാറുണ്ടല്ലോ. അതു സത്യമല്ലെന്നു പറയാനില്ലല്ലോ. അതുപോലെത്തന്നെ മിത്ഥ്യ

യാണ് മൂഢന്മാർക്ക് അനാത്മവസ്തുക്കളിലുള്ള ആത്മബുദ്ധിയും. ഇത്രയും പറഞ്ഞതു സാദൃശ്യമുള്ള രണ്ടു വസ്തുക്കളിലേ അന്യോന്യാദ്ധ്യാസം സംഭവിക്കുകയുള്ള എന്നു വിശ്വസിക്കുന്നു വെങ്കിൽ അതും ഇവിടെ ശരിയാണെന്നു സമർത്ഥിക്കാൻവേണ്ടി ക്കൂടിയാണ്. ആത്മാവിന്നും ബുദ്ധിക്കും സാദൃശ്യമുണ്ടെന്നു വ്യക്തമായല്ലോ. അതിനാലും അന്യോന്യാദ്ധ്യാസത്തിന്നു തടസ്ഥമില്ലെന്നു ഇതുകൊണ്ടു ബോധിക്കുകയും ചെയ്യാം.

അനാത്മന്യഹമിത്യേവ യോയമദ്ധ്യാസ ഈരിതഃ
സ്യാദുത്തരോത്തരാദ്ധ്യാസേ പൂർവ്വപൂർവ്വസ്തു കാരണം 485

ഇനി അദ്ധ്യാസത്തിന്റെ സ്വരൂപത്തേയും പറയാം. ആത്മാവ ല്ലാത്ത ശരീരാദി അനാത്മവസ്തുക്കളിൽ 'ഞാൻ ഞാൻ' എന്ന യാതൊരഭിമാനമുണ്ടോ അതിനെയാണിവിടെ അദ്ധ്യാസമെന്നു പറയുന്നത്. പിന്നീടു അദ്ധ്യാസങ്ങൾക്കൊക്കെ മുമ്പുമുമ്പുള്ള അദ്ധ്യാസങ്ങളാണ് കാരണവും. ബുദ്ധിയിലെ അഹംബുദ്ധി യാണ് മനസ്സിലെ അഭിമാനത്തിനു കാരണം. മനസ്സിലെ അഭി മാനം ഇന്ദ്രിയങ്ങളിൽ അഹംഭാവത്തിന്നും, അതു ശരീരാഭിമാന ത്തിന്നും ഹേതുവായി. അങ്ങനെയാണ് അനത്മവസ്തുക്കളിൽ മിത്ഥ്യാഭിമാനമാകുന്ന അദ്ധ്യാസമുണ്ടായിത്തീർന്നത്.

സുപ്തിമൂർച്ഛോത്ഥിതേഷ്വേവ ദൃഷ്ടഃ സംസാരലക്ഷണഃ
അനാദിരേഷാ*f*വിദ്യാതഃ സംസ്കാരോപി ച താദൃശം 486

സുഷുപ്തിയിൽനിന്നും, മോഹാലസ്യത്തിൽനിന്നും ഉണർ ന്നു വരുന്ന ആളിൽ സംസാരത്തിന്റെ ലക്ഷണം ശരിയായി കാണപ്പെടുന്നുണ്ട്. പ്രസ്തുത രണ്ടവസരങ്ങളിലും ഇന്ദ്രിയമനോ ബുദ്ധികൾ ലയിക്കുന്നുണ്ട്. അതിനാൽ ആ സമയത്ത് സംസാര ത്തിന്റെ യാതൊരു ബാധയും അവർക്കുണ്ടാവാറില്ല. എങ്കിലും

സംസാരകാരണവും, എപ്പോഴുണ്ടായിയെന്നാർക്കും പറയാൻ കഴിയാത്തതുമായ അവിദ്യ അവരെ ബാധിച്ചുനിൽക്കുന്നുണ്ടെന്നും, അതിലാണ് ജാഗ്രൽസ്വപ്നങ്ങളിലുണ്ടായിരുന്ന സംസാരം മുഴുവൻ ലയിച്ചതെന്നും, അതിൽ നിന്നാണ് ജാഗ്രത്തിലേക്കുണരുമ്പോൾ പൊന്തിവരുന്നതെന്നും വ്യക്തമാവുകയും ചെയ്യുന്നു.

അദ്ധ്യാസബാധാഗമനസ്യ കാരണം
ശൃണു പ്രവക്ഷ്യാമി സമാഹിതാത്മാ
യസ്മാദിദം പ്രാപ്തമനർത്ഥജാതം
ജന്മാപ്യയവ്യാധിജരാദിദുഃഖം 487

ജനനം, മരണം, വ്യാധി, ജര തുടങ്ങി അനന്തകോടി ദുഃഖങ്ങൾക്കു കാരണവും, അനർത്ഥസ്വരൂപവുമായ ഈ അദ്ധ്യാസം എങ്ങിനെയുണ്ടായി എന്നറിയാൻ കൗതുകമുണ്ടാവും. എന്നല്ല, അറിഞ്ഞാലേ അതിനെ അകറ്റാനും പറ്റൂ. അതിനാൽ ഇതുണ്ടാവാനുള്ള കാരണത്തേയും പറയാം. ശ്രദ്ധവെച്ചു കേൾക്കു. വേണ്ടത്ര ശ്രദ്ധിച്ചാൽമാത്രമെ കാര്യം മനസ്സിലാവൂ എന്നു താല്പര്യം.

ആത്മോപാധേരവിദ്യായാ അസ്തി ശക്തിദ്വയം മഹൽ
വിക്ഷേപ ആവൃതിശ്ചേതി യാഭ്യാം സംസാര ആത്മനഃ 488

ആത്മാവിന്റെ ഉപാധിയായ അവിദ്യയ്ക്കു വിക്ഷേപമെന്നും, ആവൃതിയെന്നും പേരായി രണ്ടു മഹാശക്തികളുണ്ട്. അവ വളരെയധികം പ്രബലങ്ങളാണ്. അവയാണ് ആത്മാവിന്നു സംസാരമുണ്ടാവാൻ കാരണമായിരിക്കുന്നത്.

ആവൃതിസ്തമസഃ ശക്തിസ്തദ്ധ്യാവരണകാരണം
മൂലാവിദ്യേതി സാ പ്രോക്താ യയാ സമ്മോഹിതം ജഗൽ 489

തമോഗുണത്തിന്റെ ശക്തിയാണ് ആവൃതിയെന്നുള്ള കാരണം. എല്ലാറ്റിന്റേയും പരമാർത്ഥത്തെ മറയ്ക്കുന്ന ആവരണം അതു ഹേതുവായിട്ടുണ്ടായതാണ്. മൂലാവിദ്യയെന്നു പറയുന്നതും പ്രസ്തുത ആവൃതിയെത്തന്നെയാണ്. ജഗത്തു മുഴുവൻ ബ്രഹ്മപര്യന്തമുള്ള എല്ലാ ജീവികളും മോഹത്തിൽ മുഴുകാനുള്ള കാരണവും പ്രസ്തുത ആവൃതീശക്തിതന്നെ.

വിവേകവാനപ്യതിയൗക്തികോപി
ശ്രുതാത്മതത്ത്വോപി ച പണ്ഡിതോപി
ശക്ത്യാ യയാ സംവൃതബോധദൃഷ്ടി–
രാത്മാനമാത്മസ്ഥമിമം ന വേദ 490

ശരിയായ ആത്മാനാത്മവിവേകമുള്ള ആളും, ബുദ്ധിക്കു വേണ്ടത്ര ശുദ്ധിയും കൂർമ്മതയുമുള്ളതിനാൽ തികഞ്ഞ യുക്തി ബോധമുള്ളവനും, അനുഭവരസികനും മഹാത്മാവുമായ ആചാര്യനിൽനിന്ന് ആത്മതത്വത്തെ വേണ്ടപോലെ ശ്രവിച്ചവനും, സ്വയം പണ്ഡിതനുമാണെങ്കിൽക്കൂടി പ്രജ്ഞ ആവരണത്താൽ മറയപ്പെട്ടിട്ടുണ്ടെങ്കിൽ തന്നിൽ താനായി വിളങ്ങുന്ന ആത്മാവിനെ അയാൾക്കറിയാൻ സാധിക്കില്ല. എന്തുകൊണ്ടെന്നാൽ അത്രമാത്രം ശക്തിയുള്ളതാണ് ആവരണത്തിന്റെ മറവ്. പാണ്ഡിത്യം വിവേകം തുടങ്ങിയവയൊക്കെ ആവശ്യമാണെങ്കിലും അവകൊണ്ടൊന്നും നീങ്ങാവുന്നതല്ല ആവൃതി. പുണ്യവും ഈശ്വരാനുഗ്രഹവുംതന്നെ ആവൃതിയെ നീക്കി തത്വത്തെ പ്രകാശിപ്പിക്കുന്ന മുഖ്യോപാധികൾ.

വിക്ഷേപനാമ്നീ രജസസ്തു ശക്തിഃ
പ്രവർത്തിഹേതുഃ പുരുഷസ്യ നിത്യം
സ്ഥൂലാദിലിംഗാന്തമശേഷമേതൽ
യയാ സദാത്മന്യസദേവ സൂയതേ 491

അങ്ങിനെ ആവരണശക്തിയെ നിരുപിച്ചശേഷം വിക്ഷേപത്തെ നിരൂപിക്കാൻ തുടങ്ങുന്നു. തമോഗുണത്തിന്റെ ശക്തിയാണ് ആവൃതിയെന്നു പറഞ്ഞുവല്ലോ. അതുപോലെ രജോഗുണത്തിന്റെ ശക്തിയാണ് വിക്ഷേപം. ഈ വിക്ഷേപശക്തിയാണ് ജീവനെ എപ്പോഴും പ്രവർത്തിസ്വരൂപനാക്കിത്തീർക്കുന്നത്. സ്ഥൂലപ്രപഞ്ചം മുതൽ സൂക്ഷ്മശരീരമടക്കമുള്ള എല്ലാ പ്രപഞ്ചഘടകങ്ങളും കയറിൽ പാമ്പെന്നപോലെ ആത്മാവിൽ തോന്നപ്പെടുന്നവയാണ്. അവയെ കല്പിക്കുന്നതും, പ്രകാശിപ്പിക്കുന്നതും ഈ വിക്ഷേപശക്തിയാണ്. വാസ്തവത്തിൽ ഇല്ലാത്തവയും കല്പനാമാത്രങ്ങളുമാണ് അവയെല്ലാമെങ്കിലും വർത്തമാനകാലത്ത് ഉള്ളവയായിട്ടിരിക്കുകയും ചെയ്യുന്നു.

നിദ്രാ യഥാ പുരുഷമപ്രമത്തം
സമാവൃണോതീയമപി പ്രതീചം
തഥാവൃണോത്യാവൃതിശക്തിരന്തർ–
വ്വിക്ഷേപശക്തിം പരിജൃംഭയന്തീ 492

ഉണർന്ന് ഉന്മേഷത്തോടും തന്റേടത്തോടുംകൂടിയിരിക്കുന്ന പുരുഷനെ എപ്രകാരം നിദ്രക്കു ബാധിച്ചവശനാക്കാൻ കഴിയുന്നുവോ; അതുപോലെ ആവരണശക്തി സത്യത്തെ മറയ്ക്കുകയും, വിക്ഷേപശക്തിയെ വികസിപ്പിക്കുകയും ചെയ്യുന്നു. എപ്പോൾ ആവരണശക്തിയുടെ വ്യാപ്തികൊണ്ട് സത്യം മറയപ്പെടുന്നുവോ; ഉടനെതന്നെ വിക്ഷേപശക്തി അനേകകല്പനകളെ ചെയ്യുന്നു. സത്യവിസ്മൃതികൊണ്ട് ആ കല്പനകളെല്ലാം അപ്പോൾ സത്യമായി തോന്നുകയും ചെയ്യും.

ശക്ത്യാ മഹത്യാവരണാഭിധാനയാ
സമാവൃതേ സത്യമലസ്വരൂപേ

പുമാനനാത്മന്യഹമേഷ ഏവേ
ത്യാത്മത്വബുദ്ധിം വിദധാതി മോഹാൽ 493

താനാകുന്ന ആത്മസ്വരൂപം പ്രബലമായ ആവരണശക്തിയാൽ മറക്കപ്പെടുമ്പോൾ ജീവൻ ശരീരാദി അനാത്മവസ്തുക്കളിൽ 'ഞാൻ' എന്ന അഭിമാനത്തെ വളർത്താൻ തുടങ്ങും. രജ്ജുഭാവം മറയപ്പെടുമ്പോൾ സർപ്പഭാവം സ്വാഭാവികമായി വികസിക്കുന്നതെപ്രകാരമോ; അതുപോലെ ആത്മഭാവം ആവരണശക്തിയാൽ മറയപ്പെടുന്നതോടെ അനാത്മവസ്തുക്കളിൽ ആത്മഭാവം സ്വയമേവ വികസിക്കും. ആത്മബോധമുണ്ടാവുന്നതുവരെ അത് നിലനിൽക്കുകയും ചെയ്യും.

യഥാ പ്രസുപ്തി പ്രതിഭാസദേഹേ
സ്വാത്മത്വധീരേഷ തഥാ ഹ്യനാത്മനഃ
ജന്മാപ്യയക്ഷുൽഭയതൃൾശ്രമാദീ–
നാരോപയത്യാത്മനി തസ്യ ധർമ്മാൻ 494

സ്വപ്നത്തിൽ കാണപ്പെടുന്ന ദേഹത്തിലും അജ്ഞനായൊരാൾക്ക് ആ സമയത്തെങ്കിലും ആത്മബുദ്ധിയുണ്ടാവാറുണ്ട്. ദ്രഷ്ടാവായ തന്നിൽനിന്നു വേറെയായിട്ടാണ് ആ ശരീരത്തെക്കാണുന്നത്. എന്നിരുന്നാലും കാണുന്ന സമയത്ത് അതു താനാണെന്ന തെറ്റിദ്ധാരണയുണ്ടാവാറുണ്ട്. ആ കാരണത്താൽ പ്രസ്തുത സ്വപ്നദൃഷ്ടശരീരത്തിന്റെ എല്ലാ ബാധകളും തനിക്കുള്ളതായും ബോധിക്കാറുണ്ട്. അതുപോലെയാണ് ജാഗ്രദവസ്ഥയിൽക്കാണുന്ന ഈ സ്ഥൂലശരീരത്തിന്റെ ബാധകളെയും ആത്മാവിന്നുള്ളതായി ബോധിക്കുന്നത്. ജനനം, മരണം, വിശപ്പ്, ദാഹം, ഭയം, അദ്ധ്വാനം എന്നിവയെല്ലാം ശരീരത്തിന്റെ ബാധകളാണ്. ഒരിക്കലും അവയൊന്നും ആത്മാവിനെ ബാധിക്കു

ന്നില്ല. എന്നാലും അവയെല്ലാം ആത്മാവിനുള്ളതായി തെറ്റിദ്ധരിക്കുന്നു അജ്ഞനായ ജീവൻ.

വിക്ഷേപശക്ത്യാ പരിചോദ്യമാനഃ
കരോതി കർമ്മാണ്യുഭയാത്മകാനി
ഭുഞ്ജാന ഏതൽ ഫലമപ്യുപാത്തം
പരിഭ്രമത്യേവ ഭവാംബുരാശൗ 495

പറയപ്പെട്ട വിക്ഷേപശക്തിയാൽ പ്രചോദിതനായ ജീവൻ പുണ്യപാപാത്മകങ്ങളായ അനേകതരത്തിലുള്ള കർമ്മങ്ങളെ ചെയ്യുന്നു. അതിന്റെയൊക്കെ ആവശ്യത്തെയോ അനാവശ്യത്തെയോ വേണ്ടപോലെ ചിന്തിച്ചിട്ടൊന്നുമല്ല. ചെയ്യാതിരിക്കാൻ വയ്യാത്തനിലയിലുള്ള പ്രേരണാവിശേഷംകൊണ്ട് മിക്കപ്പോഴും പലതരത്തിലുള്ള കർമ്മങ്ങളെ ചെയ്യുന്നു എന്നു മാത്രം. കർമ്മങ്ങളെല്ലാം തന്നെയും ഫലാനുഭൂതിയോടുകൂടിയല്ലാതെ അവസാനിക്കുന്നില്ലെന്നതിനാൽ ചെയ്യപ്പെട്ട എല്ലാ കർമ്മങ്ങളുടെയും ഫലങ്ങളനുഭവിക്കേണ്ടിയും വരുന്നു. അതാത് ഫലങ്ങളെ അനുഭവിക്കാൻ അതാതു ശരീരങ്ങൾ വേണമെന്നതിനാൽ പലപ്പോഴും പല യോനികളിലും ജനിക്കേണ്ടിയും വരുന്നു. അങ്ങിനെ നാനാകാലദേശങ്ങളിൽ പല യോനികളിൽ ജനിച്ചും മരിച്ചും, അജ്ഞാനസ്വരൂപമായ സംസാരപ്രവാഹത്തിൽക്കൂടെ ഒഴുകിക്കൊണ്ടേ ഇരിക്കുന്നു ഓരോ ജീവനും. അതിന്റെ മുഖ്യഹേതു രജോഗുണശക്തിയായ വിക്ഷേപത്തിന്റെ വിലാസം തന്നെ.

അദ്ധ്യാസദോഷാൽ സമുപാഗതോയം
സംസാരബന്ധഃ പ്രബലപ്രതീചഃ
യദ്യോഗതഃ ക്ലിശ്യതി ഗർഭവാസ
ജന്മാപ്യയക്ലേശഭയൈരജസ്രം 496

ഏറ്റവും പ്രബലവും വിപരീതവുമായ ഈ സംസാര ബന്ധത്തിന്റെ മുഖ്യഹേതു അദ്ധ്യാസമാണ്. ശരീരാദി അനാത്മ വസ്തുക്കളിൽ ആത്മഭാവത്തെ അദ്ധ്യസിച്ച് അവയാണ് താനെന്ന തെറ്റിദ്ധാരണയാണ്. ഓരോരുത്തരെയും ശക്തിയായി ബന്ധിച്ചി രിക്കുന്നത്. ആത്മേതരങ്ങളായ അനാത്മവസ്തുക്കളിൽ ആത്മ ബുദ്ധി ദൃഢപ്പെടുമ്പോൾ അവയുടെയൊക്കെ ധർമ്മങ്ങൾ ആത്മ ധർമ്മങ്ങളാണെന്നും ബോധിക്കാനിടവരും. അതാണ് തനിക്കില്ലാ ത്തവയായ ഗർഭവാസം, ജനനം, മരണം, തുടങ്ങിയ ധർമ്മങ്ങൾ തനിക്കുള്ളവയായിത്തീരാനും അവഹേതുവായിട്ട് താൻ ക്ലേശി ക്കാനും ഇടയായിത്തീരുന്നത്. അല്ലെങ്കിൽ നിർഗ്ഗുണനും അപരിച്ഛിന്നനുമായ ആത്മാവിനു ജന്മാദിഭാവങ്ങളെങ്ങനെയു ണ്ടാവും?

അദ്ധ്യാസോ നാമ ഖലേഷ വസ്തുനോ യോഽന്യഥാഗ്രഹഃ
സ്വാഭാവികഭ്രാന്തിമൂലം സംസൃതേരാദി കാരണം 497

കയറിനെ പാമ്പായും, കുറ്റിയെ പുരുഷനായും, മണ്ണിനെ പാത്രമായും, സ്വർണ്ണത്തെ ആഭരണമായും ബോധിക്കുംപോലെ വസ്തുവിനെ മറ്റൊന്നായി തെറ്റിദ്ധരിക്കുന്ന സമ്പ്രദായത്തിനാണ് അദ്ധ്യാസമെന്നു പറയുന്നത്. അങ്ങിനെ ആത്മാവിൽ വന്നു ചേർന്ന തെറ്റിദ്ധാരണയാണ് പ്രപഞ്ചപ്രതീതി. അനാദിയായ ആത്മവിസ്മൃതിയാകുന്ന സ്വാഭാവികഭ്രമമാണ് സംസാരത്തിന്നു തന്നെ കാരണമായിട്ടിരിക്കുന്നത്. ശരിയായ ആത്മബോധമുണ്ടാ വുമ്പോൾ അതവസാനിക്കുകയും ചെയ്യും.

സർവ്വാനർത്ഥസ്യ തൽ ബീജം യോഽന്യഥാഗ്രഹ ആത്മനഃ
തതഃ സംസാരസമ്പാതഃ സന്തതക്ലേശലക്ഷണഃ 498

ഭ്രമംകൊണ്ട് ആത്മാവിനെ മറ്റൊന്നായി തെറ്റിദ്ധരിക്കാനിടയായിത്തീർന്നുവെന്നത് ഏറ്റവും വലിയ ആപത്തായിത്തീർന്നു. ജീവന്മാരും അവരുടെ മുറിവില്ലാത്ത സംസാരക്ലേശവുമെല്ലാം അതുഹേതുവായിട്ടുണ്ടായിത്തീർന്നതാണ്. ആത്മബോധമാകുന്ന പ്രതിവിധിയില്ലാതെ എത്രകാലം കഴിഞ്ഞാലും പ്രസ്തുത സംസാരപ്രവാഹത്തിനു യാതൊരു കുറവുമുണ്ടാവുന്നില്ല. എന്നു മാത്രമല്ല; ക്രമത്തിൽ കൂടിക്കൊണ്ടിരിക്കുകയും ചെയ്യും. കർമ്മങ്ങളുടേയും ഫലഭുക്തിയുടേയും പരിണാമമായുണ്ടാവുന്ന സംസ്കാരത്തിന്നനുസരിച്ച് തെറ്റിദ്ധാരണക്ക് രൂപമാറ്റമുണ്ടാവുമെന്നല്ലാതെ എത്രകാലം കഴിഞ്ഞാലും അദ്ധ്യാസമില്ലാതാവുന്നില്ല. എന്നാൽ ശരിയായ ആത്മബോധമുണ്ടാവുന്നതോടുകൂടി ആനാദിയായ സംസാരബന്ധം എന്നന്നേക്കുമായി അറ്റുപോവുകയും ചെയ്യുന്നു.

അദ്ധ്യാസാദേവസംസാരോ നഷ്ടേƒദ്ധ്യാസേ ന ദൃശ്യതേ
തദേതദുഭയം സ്പഷ്ടം പശ്യ ത്വം ബദ്ധമുക്തയോഃ 499

അദ്ധ്യാസം, അല്ലെങ്കിൽ ഭ്രമം, അതുമല്ലെങ്കിൽ തെറ്റിദ്ധാരണ ഒന്നുമാത്രമാണ് സംസാരത്തിന് ഏകഹേതു. അതു നഷ്ടപ്പെടുന്നതോടെ സംസാരംതന്നെ കേവലം ഇല്ലാതായിത്തീരുന്നു. ഈ പരമാത്ഥം ബദ്ധനും, മുക്തനുമായ ആളെ നോക്കിയാൽ സ്പഷ്ടമായറിവുന്നതുമാണ്. ബദ്ധനായ ഒരാളിൽ അദ്ധ്യാസം അല്ലെങ്കിൽ ഭ്രമം എപ്പോഴും ഉള്ളതായും, മുക്തനായ ഒരാളിൽ അദ്ധ്യാസത്തിന്റെ കണികപോലും ഇല്ലാതിരിക്കുന്നതായും കാണാം. അതിനാൽ സംസാരഹേതു അദ്ധ്യാസഭ്രമമാണെന്നു സ്പഷ്ടമായി ബോധിക്കാൻ കഴിയുന്നതാണ്.

ബദ്ധം പ്രവർത്തിതോ വിദ്ധി മുക്തം വിദ്ധി നിവൃത്തിതഃ
പ്രവർത്തിരേവ സംസാരോ നിവൃത്തിർമ്മുക്തിരിഷ്യതേ 500

എന്നാൽ എങ്ങിനെയാണ് ബദ്ധനേയും, മുക്തനേയും തിറിച്ചറിയുന്നത് എന്നാണെങ്കിൽ പറയാം. പ്രവർത്തിയും നിവൃത്തിയും മിക്കവാറും അവരുടെ ലക്ഷണങ്ങളാണ്. ഇടതട വില്ലാതെ സംസാരവ്യവഹാരത്തിൽ മുഴുകി പ്രവർത്തിച്ചു കൊണ്ടിരിക്കും ബദ്ധൻ. അതുതന്നെയാണ് ബന്ധമെന്നും പറയണം. എന്നാൽ മുക്തനാകട്ടെ സംസാരത്തിൽ ഒന്നിനോടും യാതൊരു സംബന്ധവുമിലാതെ പരമനിസ്സംഗനായി എപ്പൊഴും ആത്മോപാസകനും, ആത്മൈകശരണനുമായും ഇരിക്കും. ഈ ലക്ഷണങ്ങളെക്കൊണ്ടു പ്രായേണ ബദ്ധമുക്തന്മാരെ തിരിച്ചറി യാൻ കഴിയും. പ്രവർത്തിതന്നെയാണ് സംസാരം. അതുപോലെ നിവൃത്തി മുക്തിയുമാണ്. ഇവ ആരിൽ വ്യക്തമായി പ്രാകാശി ക്കുന്നുവോ അവൻ ബദ്ധനോ മുക്തനോ ആണെന്നു കണക്കാ ക്കുകയും ചെയ്യാം.

ആത്മനഃ സോയമദ്ധ്യാസോ മിത്ഥ്യാജ്ഞാനപുരസ്സരഃ
അസൽകല്പോപി സംസാരം തനുതേ രജ്ജുസർപ്പവൽ 501

മിത്ഥ്യാബോധം അല്ലെങ്കിൽ ഭ്രമം ഹേതുവായിട്ടു മാത്രമാണ് ആത്മാവിൽ ഈ അദ്ധ്യാസം സംഭവിച്ചിരിക്കുന്നത്. പരമാർത്ഥ ജ്ഞാനമുണ്ടാവുമ്പോൾ അത് നീങ്ങുകയും ചെയ്യും. എന്നാൽ പ്രസ്തുത അദ്ധ്യാസമാണ് സംസാരത്തിന്നു കാരണമെന്നതിനാൽ അതു നീങ്ങാതിരിക്കുംകാലത്തോളും സംസാരം നിലനിൽക്കുക തന്നെ ചെയ്യും. വാസ്തവത്തിൽ ഇല്ലാത്തതാണ് സംസാരം. എന്നിരുന്നാലും രജ്ജുസർപ്പഭ്രമംപോലെ തെറ്റിദ്ധാരണയുള്ളേട ത്തോളം കാലം അതു നിലനിൽക്കുന്നു. രജ്ജുവിസ്മൃതിയാണ് സർപ്പഭ്രമത്തിന്ന് ഏകഹേതു. രജ്ജുബോധമുണ്ടാവുമ്പോൾ സർപ്പഭ്രമം നീങ്ങുകയും ചെയ്യും. അതുപോലെ ആത്മവിസ്മൃതി മാത്രമാണ് സംസാരഭ്രമത്തിന്ന് ഏകഹേതു. ആത്മബോധം

വികസിക്കുമ്പോൾ സംസാരഭ്രാന്തി എന്നന്നേക്കുമായി അസ്തമിക്കുകയും ചെയ്യും.

ഉപാധിയോഗസാമ്യേപി ജീവവൽ പരമാത്മനഃ
ഉപാധിഭേദാന്നോ ബന്ധഃ തൽകാര്യമപി കിഞ്ചന 502

ജീവന്ന് ഉപാധിസംബന്ധംകൊണ്ടാണല്ലോ ഈ അദ്ധ്യാസ ഭ്രമവും. അതുഹേതുവായിട്ടുള്ള ബന്ധവുമെല്ലാമുണ്ടായതു എന്നാൽ അതുപോലുള്ള ഉപാധിസംബന്ധം പരമാത്മവിനുമുണ്ടല്ലോ. അതുകൊണ്ടല്ലേ ഈശ്വരത്വം വന്നുചേർന്നത്. ആ സ്ഥിതിക്ക് ജീവനെപ്പോലെ ഈശ്വരനും ബന്ധമോക്ഷങ്ങളും, സുഖദുഃഖങ്ങളും പുണ്യപാപങ്ങളും, ജനനമരണങ്ങളുമൊക്കെ ഉണ്ടാവേണ്ടതല്ലേ? എന്നാണെങ്കിൽ അതു ശരിയല്ല. ഈശ്വരന്ന് ജീവനെപ്പോലെ ബന്ധാദികളൊ ജനനമരണങ്ങളോ ഇല്ല. മാത്രമല്ല; ഈശ്വരൻ സർവ്വതന്ത്രസ്വതന്ത്രനും, ഉപാധിധർമ്മങ്ങൾക്കു അതീതനുമാണ്. അതിന്റെ കാരണം ഈശ്വരന് ജീവനെന്നപോലെ ആത്മവിസ്മൃതിയില്ലായ്മയും, ഉപാധിഭേദവുമാണുതാനും.

അസ്യോപാധിശ്ശുദ്ധസത്ത്വപ്രധാനാ
മായാ യത്ര ത്വസ്യ നാസ്ത്യാല്പഭാവഃ
സത്ത്വസ്യൈവോൽകൃഷ്ടതാ തേന ബന്ധോ
നോ വിക്ഷേപസ്തൽകൃതോ ലേശമാത്രഃ 503

ജീവാത്മവിനുള്ളതുപോലെ ഈശ്വരനും ഉപാധിസംബന്ധമുണ്ടെങ്കിലും ഈശ്വരോപാധി ജീവോപാധിയിൽനിന്നു വ്യത്യസ്തമാണെന്നും അതുകൊണ്ടാണ് ജീവനെപ്പോലെ ഈശ്വരൻ ബദ്ധനും സംസാരാദിയുമാകാത്തതെന്നുമാണല്ലോ മുമ്പു പറഞ്ഞത്. ഈശ്വരോപാധിയും, അതിനു ജീവോപാധിയിൽ

നിന്നുള്ള വ്യത്യാസവും, ബന്ധകാരണമാകാതിരിക്കുന്നതിന്റെ കാരണവും ഏതെന്നു ഇതിൽ പറയുന്നു.

ഈശ്വരന്റെ ഉപാധിയും മായതന്നെ. പക്ഷെ അതിൽ വിശുദ്ധമായ സത്ത്വഗുണത്തിനാണ് പ്രാധാന്യം. രജസ്സിനോ തമസ്സിനോ അല്ല. ആ ഉപാധിയിൽ ഈശ്വരൻ താദാത്മ്യാഭി മാനിയാകുന്നതുമില്ല. അതുകൊണ്ട് തന്മൂലമായി ബന്ധമോ വിക്ഷേപമോ ലേശംപോലും ഉണ്ടാകുന്നില്ല. തമസ്സോ, രജസ്സോ ഉൽക്കടമാകുമ്പോളാണല്ലോ ബന്ധവിക്ഷേപങ്ങളുണ്ടാകുന്നത്.

ജീവോപാധിയിൽ രജസ്തമസ്സുകൾക്കാണ് പ്രാധാന്യമെന്നു സൂചന. അതുകൊണ്ട് ഉപാധികൾക്കു വ്യത്യാസവും ബന്ധ കാരണതയിൽ വൈഷമ്യവും വ്യക്തമാകുന്നു.

സർവ്വജ്ഞോƒപ്രതിബദ്ധബോധവിഭവ
സ്തേനൈവ ദേവഃ സ്വയം
മായാം സ്വാമവലംബ്യ നിശ്ചലതയാ
സ്വച്ഛന്ദവൃത്തിഃ പ്രഭുഃ
സൃഷ്ടിസ്ഥിത്യദനപ്രവേശയമന
വ്യാപാരമാത്രേച്ഛയാ

കുർവ്വൻ ക്രീഡതി തദ്രജസ്തമ ഉഭേ
സംസ്തഭ്യ ശക്ത്യാ സ്വയാ 504

ഉപധിയുടെ സത്ത്വോൽക്കർഷത്തിലാണ് ഈശ്വരൻ നിഷ്പ്രതിബന്ധമായ ജ്ഞാനശക്തിയുള്ളവനും, സർവ്വജ്ഞനു മാകുന്നത്. അതുമാത്രവുമല്ല, ഈശ്വരൻ സ്വോപാധിയായ മായയ്ക്ക് അധീനനല്ല. പ്രത്യുത അതിനെ ഉപാധിയായി സ്വയം സ്വീകരിച്ചിരിക്കയാണ്. അതുനിമിത്തം ഈശ്വരന്റെ ക്രിയാശക്തി

സ്വേച്ഛാനുസൃതവും പതർച്ചയില്ലാത്തതുമാകുന്നു. ഇങ്ങിനെ സർവ്വജ്ഞനും ക്രിയകളിൽ സ്വതന്ത്രനുമായ ഈശ്വരൻ രജസ്തമസ്സുകളെ സ്വശക്തികൊണ്ടു മരവിപ്പിച്ചു സൃഷ്ടിസ്ഥിതി സംഹാരം, സർവ്വാഭിവ്യാപ്തി, സർവ്വനിയന്ത്രണം എന്ന വ്യാപാര ങ്ങൾ യഥേച്ഛം ചെയ്തുകൊണ്ടു വിനോദിക്കുന്നു.

തസ്മാദാവൃതിവിക്ഷേപൗ കിഞ്ചിൽ കർതും ന ശക്നുതഃ
സ്വയമേവ സ്വതന്ത്രോസൗ തൽപ്രവൃത്തിനിരോധയോഃ 505

തമോരജസ്സുകളെ സ്തംഭിപ്പിച്ചു നിർവ്വീര്യങ്ങളാക്കിയതു കൊണ്ട് അവയുടെ കാര്യങ്ങളായ ആവരണശക്തിക്കും വിക്ഷേപ ശക്തിക്കും ഈശ്വരനെസ്സംബന്ധിച്ചിടത്തോളം ഒന്നും ചെയ്യു വാൻ കഴിവില്ല. ഇവയുടെ രണ്ടിന്റേയും പ്രവർത്തനത്തിലും നിവർത്തനത്തിലും ഈശ്വരൻ സ്വയം സ്വതന്ത്രനാണ്.

തമേവ സാ ധീകർമേതി ശ്രുതിർവ്വക്തി മഹേശിതുഃ
നിഗ്രാഹാനുഗ്രഹേ ശക്തിരാവൃതിക്ഷേപയോർയതഃ 506

ആവരണവിക്ഷേപങ്ങളുടെ നിഗ്രഹത്തിലും അനുഗ്രഹത്തി ലും ഈശ്വരൻ തികച്ചും ശക്തനാണെന്നു വേദവും ഘോഷി ക്കുന്നുണ്ട്.

രജസസ്തമസശ്ചൈവ പ്രാബല്യം സത്ത്വഹാനതഃ
ജീവോപാധൗ തഥാ ജീവേ തൽകാര്യം ബലവത്തരം 507

രജോഗുണത്തിന്നും തമോഗുണത്തിന്നും പ്രാബല്യമുണ്ടാകു ന്നത് സത്ത്വഗുണത്തിന്നു ലോപം വരുമ്പോളാണ്. ജീവോപാധി യിൽ അതാണ് സംഭവിച്ചത്. അതുകൊണ്ടുതന്നെയാണ് ജീവനി ൽ തൽക്കാര്യങ്ങളായ ആവരണവിക്ഷേപങ്ങൾ പ്രബലങ്ങളായി ക്കാണുന്നതും.

തേന ബന്ധോസ്യ ജീവസ്യ സംസാരോപി ച തൽകൃതഃ
സംപ്രാപ്തസ്സർവ്വദാ യത്ര ദുഃഖം ഭൂയഃ സ ഈക്ഷതേ 508

ഇപ്രകാരം ജീവോപാധിയിൽ സത്ത്വഗുണത്തിന്റെ ലോപം നിമിത്തം തമോരജസ്സുകൾക്കുണ്ടായ പ്രാബല്യത്താലും തൽക്കാര്യങ്ങളായ ആവരണവിക്ഷേപങ്ങളാലുമാണ് ജീവൻ ബദ്ധനും സംസാരിയും എപ്പോഴും നാനാപ്രകാരത്തിൽ ദുഃഖി യുമാകുന്നത്.

ഏതസ്യ സംസൃതേർഹേതുരദ്ധ്യാസോfർത്ഥവിപര്യയഃ
അദ്ധ്യാസമൂലമജ്ഞാനമാഹുരാവൃതിലക്ഷണം 509

അദ്ധ്യാസം – ഒന്നിനെ മറ്റൊന്നായി അറിയുക എന്ന ഭ്രാന്തി – ആണ് ജീവൻ അനുഭവിക്കുന്ന സംസാരദുഃഖത്തിന്റെ കാരണം. അദ്ധ്യാസത്തിന്റെ കാരണം ആവരണസ്വരൂപമായ അജ്ഞാനവുമാണ്. ഉപാധിയിൽ സത്ത്വഗുണം കുറയുമ്പോൾ മറ്റു രണ്ടു ഗുണങ്ങൾ പ്രബലങ്ങളാകുന്നു. അപ്പോൾ ആവരണ വിക്ഷേപങ്ങൾ ഉണ്ടാകുന്നു. ആവരണം അദ്ധ്യാസത്തേയും അതു സംസാരദുഃഖത്തേയും ജനിപ്പിക്കുന്നു.

28. അജ്ഞാനനിവൃത്തി

അജ്ഞാനസ്യ നിവൃത്തിസ്തു ജ്ഞാനേനൈവ ന കർമ്മണാ
അവിരോധിതയാ കർമ്മ നൈവാജ്ഞാനസ്യ ബാധകം 510

സംസാരത്തിന്റെ കാരണം അദ്ധ്യാസം, അതിന്റെ കാരണം അജ്ഞാനം എന്നാണല്ലോ ക്രമം പറഞ്ഞത്. ഇതുകൊണ്ടു മനസ്സിലാക്കാം സംസാരം നിവർത്തിക്കണമെങ്കിൽ അതിന്റെ മൂലകാരണമായ അജ്ഞാനം നിവൃത്തമാകണമെന്ന്, അജ്ഞാന നിവൃത്തിയുടെ ഉപായമെന്ത്? ജ്ഞാനമൊന്നുമാത്രം. കർമ്മം

ഉപായമാവില്ല. എന്തുകൊണ്ടെന്നാൽ, അത് അജ്ഞാനത്തിന്റെ വിരോധിയല്ല. വിരോധിയാകാത്തതു നാശകവുമാവില്ലല്ലോ.

കർമ്മണാ ജായതേ ജന്തുഃ കർമ്മണൈവ പ്രലീയതേ
കർമ്മണഃ കാര്യമെവൈഷാ ജന്മമൃത്യുപരംപരാ 511

ജീവികളുടെ ജനനവും മരണവും കർമ്മാധീനമായതുകൊണ്ട് ജനനമരണപ്രവാഹരൂപമായ സംസാരമാണ് കർമ്മത്തിന്റെ ഫലം. അജ്ഞാനനാശമല്ല.

നൈതസ്മാൽ കർമ്മണഃ കാര്യമന്യദസ്തി വിലക്ഷണം
അജ്ഞാനകാര്യം തൽകർമ്മ യതോƒജ്ഞാനേന വർദ്ധതേ 512

ഉക്തരൂപമായ സംസാരത്തിൽനിന്നു വിഭിന്നമായ ഫലം കർമ്മത്തിനില്ല താനും. ഇങ്ങിനെ സംസാരകാരണമായ കർമ്മം ഉണ്ടാകുന്നതും വർദ്ധിക്കുന്നതും അജ്ഞാനത്താലായതുകൊണ്ട് അജ്ഞാനത്തിന്റെ ഫലമാകുന്നു.

യദ്യേന വർദ്ധതേ തേന നാശസ്തസ്യ ന സിദ്ധ്യതി
യേന യസ്യ സഹാവസ്ഥാ നിരോധായ ന കല്പതേ 513

നാശകത്വം തദുഭയോഃ കോ നു കല്പയിതും ക്ഷമഃ
സർവ്വം കർമ്മാവിരോദ്ധ്യേവ സദാ ജ്ഞാനസ്യ സർവ്വദാ 514

ഏതൊരു വസ്തുവും സ്വന്തം വളർച്ചയ്ക്കുള്ള ഹേതുവായതിനെ നശിപ്പിക്കുകയില്ല. അതുകൊണ്ട് സ്വവൃദ്ധിക്കു ഹേതുവായ അജ്ഞാനത്തെ കർമ്മം നശിപ്പിക്കുന്നതെങ്ങനെ? ഏതു രണ്ടു വസ്തുക്കൾക്ക് ഒരേ അധികരണത്തിൽ ഒരുമിച്ചിരിപ്പ് നിർബ്ബാധ മാകുന്നുവോ, ആ വസ്തുക്കൾക്കു നാശ്യനാശകഭാവം കല്പിക്കു ന്നതും ശരിയാവില്ല. കർമ്മങ്ങൾക്കെല്ലാം അജ്ഞാനത്തോടു സഹവാസം നിർബാധവുമാണ്.

തതോ ƒജ്ഞാനസ്യ വിച്ഛിത്തിഃ കർമ്മണാ നൈവ സിദ്ധ്യതി
യസ്യ പ്രദ്ധ്വംസജനകോ യത്സംയോഗോസ്തി തൽക്ഷണേ 515

തയോരേവ വിരോധിത്വം യുക്തം ഭിന്നസ്വഭാവയോഃ
തമഃപ്രകാശയോർയദ്വത് പരസ്പരവിരോധിതാ 516

അതുകൊണ്ട് അജ്ഞാനത്തിന്റെ നാശം കർമ്മംകൊണ്ടു സിദ്ധിക്കില്ല. ഏതൊന്നിന്റെ സാമീപ്യമുണ്ടായാലുടനെ ഏതൊന്നു നശിക്കുന്നുവോ, ആ വസ്തുക്കൾക്കേ സ്വഭാവഭേദവും പരസ്പരവിരോധവും പറയുവാനൊക്കുകയുള്ളൂ. വെളിച്ചം അടുക്കുമ്പോൾ ഇരുട്ട് അകലുന്നതുകൊണ്ടു വെളിച്ചവും ഇരുട്ടും ഭിന്നസ്വഭാവങ്ങളും പരസ്പരവിരോധികളുമാണെന്നു പറയാം. കർമ്മവും അജ്ഞാനവും അങ്ങനെയാകുന്നില്ല. നേരെ മറിച്ച് കർമ്മത്തിനു അതിന്റെ ജനകവും വർദ്ധകവും അജ്ഞാനത്തിന്റെ സഹവർത്തിതയാണുള്ളത്. ഈ നിലക്കു കർമ്മം അജ്ഞാനത്തിന്റെ നാശകമാകുവാൻ തരമില്ല.

അജ്ഞാനജ്ഞാനയോസ്തദ്വദുഭയോരേവ ദൃശ്യതേ
ന ജ്ഞാനേന വിനാ നാശഃ തസ്യ കേനാപി സിദ്ധ്യതി 517

എന്നാൽ പിന്നെയെന്തുകൊണ്ടാണ് അജ്ഞാനം നശിക്കുന്നതെന്നോ? പറയാം. തമസ്സിനും പ്രകാശത്തിനും തമ്മിൽ എപ്രകാരമോ അപ്രകാരം അജ്ഞാനത്തിനും ജ്ഞാനത്തിനും പരസ്പരവിരോധം അനുഭവസിദ്ധമാണ്. അതുകൊണ്ട് തമസ്സിന്റെ നാശകം പ്രകാശം മാത്രമാകുന്നതുപോലെ അജ്ഞാനത്തിന്റെ നാശകം ജ്ഞാനം മാത്രമാണ്. മറ്റൊന്നുമാവില്ല.

ജ്ഞാനിക്ക് അജ്ഞാനമില്ല. അജ്ഞാനിക്ക് ജ്ഞാനവുമില്ല. അതുകൊണ്ട് ജ്ഞാനാജ്ഞാനങ്ങൾ പ്രകാശതമസ്സുകളെപ്പോലെ ഒരുമിച്ചിരിക്കാത്തവയും തമ്മിൽ വിരോധികളുമാണെന്നു

നിശ്ചയിക്കണം. തമസ്സ് പ്രകാശംകൊണ്ടേ നീങ്ങുകയുള്ളൂ. അതു പോലെ അജ്ഞാനം അതിന്റെ വിരോധിയായ ജ്ഞാനം കൊണ്ടേ നിവർത്തിക്കുകയുള്ളൂ.

തസ്മാദജ്ഞാനവിച്ഛിത്ത്യൈ ജ്ഞാനം സംപാദയേത്സുധീഃ
ആത്മനാത്മവിവേകന ജ്ഞാനം സിദ്ധ്യതി നാന്യഥാ 518

അതുകൊണ്ട് ബുദ്ധിയുള്ളവൻ അജ്ഞാനത്തിന്റെ നിർമ്മൂല നാശത്തിന്നു ജ്ഞാനം തന്നെ സമ്പാദിക്കണം. അത് സമ്പാദി ക്കുവാൻ ആത്മാവിനേയും അനാത്മാവിനേയും വിവേചിച്ച് അറിയുക എന്നതല്ലാതെ മറ്റു മാർഗ്ഗങ്ങളൊന്നുമില്ല താനും.

യുക്ത്യാത്മാനാത്മനോസ്തസ്മാത് കരണീയം വിവേചനം
അനാത്മന്യാത്മതാബുദ്ധിഃ ഗ്രന്ഥിർയ്യേന വിദീര്യതേ 519

സദ്യുക്തികളുടെ സഹായത്തോടുകൂടിയ വിചാരം – മനനം – കൊണ്ട് ആത്മാവിനെ അനാത്മാവിൽനിന്നു തിരിച്ചറിയണം. അതൊന്നുകൊണ്ടേ അനാത്മാവിൽ ആത്മത്വഭ്രാന്തിയാകുന്ന ഹൃദയഗ്രന്ഥി പിളർക്കുവാനും നശിപ്പിക്കുവാനും സാധിക്കുക യുള്ളൂ.

അജ്ഞാനികൾക്ക് ആത്മാവല്ലാതെ ദേഹാദികളിലാണ് ആത്മാവെന്ന ബുദ്ധിയുള്ളത്. ഇത് ഭ്രാന്തിയാണല്ലോ. അനാദി കാലം മുതൽക്ക് ഈ ഭ്രാന്തിയും അതിന്റെ വാസനയും ഹൃദയ ത്തിലുറച്ചു കട്ടിയായിക്കിടക്കുന്നു. ഇതാണ് സംസാരകാരണങ്ങ ളായി മുൻപറഞ്ഞ അദ്ധ്യാസാദികളുടെ മൂലമായ ഹൃദയഗ്രന്ഥി. വേദാന്തശ്രവണംകൊണ്ട് ദേഹാദിവ്യതിരിക്തമാണ് ആത്മാവെ ന്ന ബോധം താല്ക്കാലികമായിട്ടുണ്ടായാലും അത്രമാത്രം കൊണ്ട് ഈ ഗ്രന്ഥിയുടെ സമൂലവിനാശം വരികയില്ല. നിർദ്ദോഷങ്ങളായ യുക്തികളടിസ്ഥാനപ്പെടുത്തി വീണ്ടും വീണ്ടും ചിന്തിച്ച് ആ

ബോധത്തിന്ന് ദാർഢ്യവും സൈ്ഥര്യവും വരുത്തിയെങ്കിലേ ഗ്രന്ഥിയെ നിരവശേഷം നശിപ്പിക്കുവാൻ അതു സമർത്ഥമാകുകയുള്ളൂ.

29. കുമതഖണ്ഡനം

ആത്മാനാത്മവിവേകാർത്ഥം വിവാദോfയം നിരൂപ്യതേ
യേനാത്മാനാത്മനോസ്തത്ത്വം വിവിക്തം പ്രസ്ഫുടായതേ 520

ആത്മാനാത്മവിവേചനത്തിൽ ഉദ്യുക്തമായ വാദികൾ തമ്മിലുണ്ടായ വിവാദങ്ങൾ ഇവിടെ ഉപന്യസിക്കാം. അതിൽ നിന്ന് ആത്മാനാത്മാക്കളുടെ സ്വരൂപസ്വഭാവങ്ങൾക്കുള്ള വ്യത്യാസം വിശദമായി മനസ്സിലാക്കുവാൻ കഴിയും.

മൂഢാ അശ്രുതവേദാന്താഃ സ്വയം പണ്ഡിതമാനിനഃ
ഈശപ്രസാദരഹിതാഃ സദ്ഗുരോശ്ച ബഹിർമ്മുഖാഃ
വിവദന്തി പ്രകാരന്തം ശൃണു വക്ഷ്യാമി സാദരം 521

ആത്മതത്ത്വവിചാരത്തിൽ പ്രവൃത്തരായ വാദികൾ ഒട്ടേറേയുണ്ട്. അതിൽ പലരും സദ്ഗുരുവിനെ ആശ്രയിക്കാത്തവരും, വേദാന്തശ്രവണമോ ഈശ്വരപ്രസാദമോ ഇല്ലാത്തവരും, സ്വയം പാണ്ഡിത്യം അഭിമാനിക്കുന്നവരും, വാസ്തവം അറിഞ്ഞിട്ടില്ലാത്തവരുമാണ്. അവരുടെ വാദപ്രകാരങ്ങൾ ഓരോന്നായി ക്രമത്തിൽ പറയാം. ശ്രദ്ധിച്ചു കേൾക്കുക.

അത്യന്തപാമരഃ കശ്ചിത് പുത്ര ആത്മേതി മന്യതേ
ആത്മനീവ സ്വപുത്രേfപി പ്രബലപ്രീതീദർശനാൽ 522

വാദികളിൽ അത്യന്തപാമരനായ ഒരുവൻ അഭിപ്രായപ്പെടുന്നു. ആത്മാവ് – താൻ – പുത്രനാണെന്ന്. ഏതൊരു ജീവി

ക്കും ഏറ്റവും പ്രിയമായത് ആത്മാവാണ് താൻ തന്നെയാണ്, ഇതിലാർക്കുമില്ല അഭിപ്രായഭേദം. അതുകൊണ്ട് പ്രബലപ്രീതി യുടെ വിഷയമാകുന്നതേതോ, അതാണ് ആത്മാവെന്നു നിശ്ചയിക്കാം. താദൃശമായ പ്രീതി തന്നിലും പുത്രനിലും ഒരു പോലെ ഉണ്ടാകുന്നതുകൊണ്ട് താനും പുത്രനും ഒന്നാണെന്നു വരുന്നുണ്ടല്ലോ.

പുത്രേ തു പുഷ്ടേ പുഷ്ടോഹം നഷ്ടേ നഷ്ടോഹമിത്യതഃ 523

അനുഭൂതിബലാച്ചാപി യുക്തിതോfപി ശ്രുതേരപി
ആത്മാവൈ പുത്രനാമാസീത്യേവഞ്ച വദതി ശ്രുതിഃ 524

അതുമാത്രമല്ല പുത്രന്റെ പുഷ്ടിയും തുഷ്ടിയുമാണ് എന്റെ പുഷ്ടിയും തുഷ്ടിയും, അവന്റെ നാശവും ദുഃഖവുമാണ് എന്റെ യും നാശദുഃഖങ്ങൾ എന്ന അനുഭവത്താലും, തദധീനമായ അനുമാനത്താലും, വേദസമ്മതിയാലും ആത്മാവും പുത്രനു മൊന്നാണെന്നു പറയേണ്ടിയിരിക്കുന്നു. പുത്രൻ പുഷ്ടനായാൽ ഞാനും പുഷ്ടൻ, നഷ്ടനായാൽ നഷ്ടൻ എന്ന അനുഭവം പുത്രനും താനും ആത്മാവും ഒന്നല്ലെങ്കിൽ ഉപപന്നമാവില്ല. പുത്രന്റെയും എന്റെയും പുഷ്ട്യാദി ധർമ്മം ഒന്നാണെങ്കിൽ ധർമ്മിയും ഒന്നാകണമെന്ന് അനുമാനിക്കാം. ധർമ്മിഭേദമുണ്ടെ ങ്കിൽ ധർമ്മൈക്യം സംഭവിക്കുകയില്ലല്ലോ. പുത്രനെന്ന പേരിൽ വർത്തിക്കുന്നത് താൻ ആത്മാവ് തന്നെയാണെന്ന് വേദം ഉൽഘോഷിക്കുന്നു.

ദീപാദ്ദീപോ യഥാ തദ്വത് പിതുഃ പുത്രഃ പ്രജായതേ
പിതുർഗ്ഗുണാനാം തനയേ ബീജാങ്കുരവദീക്ഷണാത് 525

വിത്തിന്റെ ഗുണങ്ങൾ മുളയിലെന്നപോലെ പിതാവിന്റെ രൂപശീലാദി ധർമ്മങ്ങൾ പുത്രനിൽ കാണുന്നതുകൊണ്ടു

ദീപത്തിൽനിന്നു കൊളുത്തിയ ദീപംപോലെ രണ്ടായിതോന്നുന്ന പിതാവും പുത്രനും വാസ്തവത്തിൽ ഒന്നുതന്നെ.

അതോfയം പുത്ര ആത്മേതി മന്യതേ ഭ്രാന്തിമത്തമഃ
തന്മതം ദുഷയത്യന്യഃ പുത്ര ആത്മ കഥന്ത്വിതി 526

ഇക്കാരണങ്ങളാൽ ആത്മാവു പുത്രനാണെന്ന് ഈ വാദി സമർത്ഥിക്കുന്നു. ഇതൊരു മുഴുത്ത ഭ്രാന്താണ്. അതുകൊണ്ടു തന്നെയാണ്, പുത്രൻ ആത്മാവാകുവാൻ തരമില്ലെന്നു സമർത്ഥിച്ചുകൊണ്ട് ഈ മതത്തെ മറ്റൊരു വാദി – ചാർവ്വകൻ – ഖണ്ഡിച്ചിട്ടുള്ളത്.

പ്രീതിമാത്രാൽ കഥം പുത്ര ആത്മാ ഭവിതുമർഹതി
അന്യത്രാപീക്ഷ്യതേ പ്രീതിഃ ക്ഷേത്രപാത്രധനാദിഷു 527

ഖണ്ഡനപ്രകാരം ഇതാണ് – പുത്രൻ പ്രേമാസ്പദമാണെന്നതു ശരിതന്നെ. പക്ഷെ അതുകൊണ്ടുമാത്രം ആത്മാവാകുമോ? ആകുമെങ്കിൽ കളത്രം, പാത്രം, ധനം മുതലായവയും ആത്മാവാണെന്നു സ്വീകരിക്കേണ്ടിവരുമല്ലോ. അവയും പുത്രനെപ്പോലെ സുഖാനുഭവോപയോഗികളായതുകൊണ്ട് പ്രേമവിഷയങ്ങളാണല്ലോ.

പുത്രാദ്വിശിഷ്ടാ ദേഹേfസ്മിൻ പ്രാണിനാം പ്രീതിരിഷ്യതേ
പ്രദീപ്തേ ഭവനേ പുത്രം ത്യക്ത്വാ ജന്തുഃ പലായതേ 528

വാസ്തവത്തിൽ സകലപ്രാണികൾക്കും പുത്രനിലുള്ളതിലേറെ സവിശേഷമായ പ്രേമം സ്വന്തം ദേഹത്തിലാണുള്ളതും. ഭവനം അഗ്നിക്ക് ഇരയായിക്കത്തിയെരിയുമ്പോൾ പുത്രനെ ഉപേക്ഷിച്ചും ദേഹരക്ഷയ്ക്കായി അവരോടാറുണ്ടല്ലോ.

തം വിക്രീണാതി ദേഹാർത്ഥം പ്രതികൂലം നിഹന്തി ച
തസ്മാദാത്മാ തു തനയോ ന ഭവേച്ച കദാചന 529

സ്വദേഹധാരണത്തിനുവേണ്ടി പുത്രനെ വിൽക്കുന്നവരുണ്ട്. തനിക്കെതിരായി നില്ക്കുന്ന പുത്രനെ കൊലപ്പെടുത്തുക പോലും ചെയ്യുന്നവരുണ്ട്. അതുകൊണ്ട് പ്രേമാസ്പദമാണെന്ന കാരണത്താൽ പുത്രനെ ആത്മാവെന്നു പറയുന്നതു സംഗതമല്ല. സകല പ്രാണികൾക്കും പുത്രനേക്കാൾ പ്രിയതരമായിട്ടുള്ളതു സ്വദേഹമാണല്ലോ.

ഗുണരൂപാദിസാദൃശ്യം ദീപവന്ന സുതേ പിതുഃ
അവ്യങ്ഗാജ്ജായതേ വ്യങ്ഗഃ സദ്ഗുണാദപി ദുർഗ്ഗുണഃ 530

ദീപത്തിൽനിന്നു കൊളുത്തിയ ദീപത്തിനുള്ളതുപോലെ പിതാവിന്റെ രൂപാദിസാദൃശ്യം പുത്രന് ഉണ്ടാകണമെന്നു നിയമവുമില്ല. പിതാവ് അംഗവൈകല്യമില്ലാത്തവനും പുത്രൻ വികലാംഗനുമായിക്കാണുന്നില്ലേ? പിതാവ് സദ്ഗുണനും പുത്രൻ ദുർഗുണനും ആകുന്നതുമില്ലേ?

ആഭാസമാത്രാസ്താസ്സർവ്വാ യുക്തയോ*ƒ*ചപ്യുക്തയോപി ച
പുത്രസ്യ പിതൃവദ്ഗേഹേ സർവ്വകാർയ്യേഷു വസ്തുഷു 531

സ്വാമിത്വദ്യോതനായസ്മിൻ ആത്മത്വമുപചര്യതേ
ശ്രുത്യാ തു മുഖ്യയാ വൃത്യാ പുത്ര ആത്മേതി നോച്യതേ 532

അതുകൊണ്ട് ഈ വാദിയുടെ യുക്തികളും ഉക്തികളും ആഭാസമാത്രങ്ങളാണ്. വേദത്തിൽ പുത്രൻ ആത്മാവ് തന്നെയാണെന്നു പറഞ്ഞിട്ടുള്ളത് ഔപചാരികമാണ്. പുത്രന് പിതാവിനുള്ളതുപോലെ ഗൃഹത്തിൽ സകല വസ്തുക്കളുടേയും സ്വാമ്യവും സർവ്വപ്രവൃത്തികളിലും സ്വാതന്ത്ര്യവും ഉണ്ടെന്നു സൂചിപ്പി

ക്കുവാൻ ലക്ഷണയാ ആത്മത്വം ആരോപിക്കുകയാണ് വേദം ചെയ്തിട്ടുള്ളത്. ശബ്ദത്തിന്റെ മുഖ്യവ്യാപാരമായ അഭിധാവൃത്തി കൊണ്ട് പുത്രത്വം പറയുകയല്ല.

ഔപചാരികമാത്മത്വം തസ്മാൽ പുത്രേ ന മുഖ്യതഃ
അഹംപദപ്രത്യയാർത്ഥോ ദേഹ ഏവ ന ചേതരഃ 533

അതുകൊണ്ട് പുത്രനിൽ ഔപചാരികമായിട്ടല്ലാതെ ഒരു മുഖ്യമായ ആത്മത്വമില്ല. ഇത്രത്തോളം പരമതം നിരാകരിച്ച തിനുശേഷം ചാർവ്വാകൻ സ്വമതത്തിൽ ഏതാണ് ആത്മാവെന്നു ശ്ലോകത്തിലെ ഉത്തരാർദ്ധം കൊണ്ട് വ്യക്തമാക്കിയിരിക്കുന്നു. ഞാൻ എന്ന പ്രതീതിയിൽ വിഷയമാകുന്നതേതോ അതാണ് ആത്മാവെന്നു സർവ്വസമ്പ്രതിപന്നമാണ്. സകലർക്കും ദേഹ ത്തെ വിഷയീകരിച്ചാണ് ഈ പ്രതീതിയുണ്ടാകുന്നത്. അതു കൊണ്ട് ദേഹമാണ് ആത്മാവ്, മറ്റൊന്നുമല്ല.

പ്രത്യക്ഷഃ സർവ്വജംതൂനാം ദേഹോ*ƒ*ഹമിതി നിശ്ചയഃ
ഏഷ പുരുഷോ*ƒ*ന്നരസ മയ ഇത്യപി ച ശ്രുതിഃ 534

പുരുഷത്വം വദത്യസ്യ സ്വാത്മാ ഹി പുരുഷസ്തതഃ
ആത്മായം ദേഹ ഏവേതി ചാർവ്വാകേണ വിനിശ്ചിതം 535

സകലദേഹികൾക്കും ദേഹത്തെ വിഷയീകരിച്ചുകൊണ്ടാണ് "ഞാൻ" എന്ന പ്രത്യക്ഷപ്രതീതിയുണ്ടാകുന്നത്. ഞാൻ സ്ഥൂലൻ, ഞാൻ കൃശൻ എന്നീ മാതിരി പ്രതീതികളിൽ സ്ഥൗല്യം, കാർശ്യം, ഹ്രസ്വത്വം, ഔന്നത്യം, കറുപ്പ്, വെളുപ്പ് മുതലായ ദേഹധർമ്മങ്ങൾ "എന്നിൽ' തോന്നുന്നതുകൊണ്ട് "ഞാൻ" ദേഹമാകാതെ തരമില്ലല്ലോ. വേദവും പറയുന്നു, ആത്മാവ് അന്നരസമയനായ പുരുഷനാണെന്ന്. അന്നരസമയമാകുന്നതു ശരീരമാണെന്നതിൽ ആർക്കുമുണ്ടാവില്ല വിപ്രതിപത്തി.

പുരുഷത്വം ശരീരധർമ്മമാണെന്നതും നിർവ്വിവാദമാണ്. ഇങ്ങനെ യുക്തിബലത്താലും ശ്രുതിസമ്മതിയാലും ദേഹമാണ് ആത്മാവെന്നു ചാർവ്വാകൻ നിശ്ചയിച്ചിരിക്കുന്നു.

തന്മതം ദൂഷയത്യന്യോ*ƒ*സഹമാനഃ പൃഥഗ്ജനഃ
ദേഹ ആത്മാ കഥന്നു സ്യാൽ പരതന്ത്രോ ഹ്യചേതനഃ 536

മറ്റു ചില വാദികൾ ഇന്ദ്രിയചൈതന്യവാദികൾ ഈ ചാർവ്വാകമതത്തെ സഹിക്കാതെ ഖണ്ഡിച്ചിട്ടുണ്ട്. അവർ ചോദിക്കുകയാണ്, "ദേഹമാണ് ആത്മാവെന്ന് പറയുന്നത് എങ്ങനെ ഉപപന്നമാകും? ദേഹം പരതന്ത്രവും ജഡവുമല്ലേ? അതെങ്ങനെ സ്വതന്ത്രനും ചേതനനുമായ ആത്മാവാകും?

ഇന്ദ്രിയൈശ്ചാല്യമാനോ*ƒ*യം ചേഷ്ടതേ ന സ്വതഃ ക്വചിൽ
ആശ്രയശ്ചക്ഷുരാദീനാം ഗൃഹവദ്ഗൃഹമേദിനാം 537

ഇന്ദ്രിയങ്ങളുടെ പ്രേരണയുണ്ടാകുമ്പോൾ മാത്രമാണ് ദേഹത്തിൽ ചേഷ്ടയുണ്ടാകുന്നത്. സ്വതന്ത്രമായി യാതൊരു ചേഷ്ടയും അതിലില്ല. ഇന്ദ്രിയങ്ങൾ നിർവ്യാപാരങ്ങളാകുന്ന സുഷുപ്ത്യവസ്ഥയിൽ ദേഹം നിശ്ചേഷ്ടമാണല്ലോ. ഇതുകൊണ്ടറിയാം ദേഹം തികച്ചും പരതന്ത്രമാണെന്ന്. ഗൃഹസ്ഥന്മാർക്ക് ഗൃഹമെന്നപോലെ ഇന്ദ്രിയങ്ങൾക്ക് ഇരിപ്പിടം മാത്രമാണത്. ഗൃഹത്തിൽ നടക്കുന്ന പ്രവൃത്തികളെല്ലാം ഗൃഹസ്ഥന്റെ പ്രേരണകൊണ്ടുണ്ടാകുന്നവയാണെന്നും

ഗൃഹത്തിന്റെ സ്വതന്ത്രചേഷ്ടകളല്ലെന്നും ഏവർക്കുമറിയാം. അതുപോലെ ദേഹചേഷ്ടകളും ദേഹാധിഷ്ഠിതങ്ങളായ ഇന്ദ്രിയങ്ങളുടെ പ്രേരണയാൽ ഉണ്ടാകുന്നവയാണ്. ദേഹത്തിന്റെ സ്വതന്ത്രവ്യാപാരങ്ങളല്ല. അതുകൊണ്ട് ദേഹം പരതന്ത്രമാണെന്നു സിദ്ധിക്കുന്നു. അചേതനങ്ങളായ പഞ്ചഭൂതങ്ങളുടെ

വിപരിണാമമായതുകൊണ്ട് ജഡവുമാണ്. അതു വിപരീത ധർമ്മമായ ആത്മാവാകുന്നതെങ്ങനെ?

ബാല്യാദിനാനാവസ്ഥാവാൻ ശുക്ലശോണിതസംഭവഃ
അതഃ കദാപി ദേഹസ്യ നാത്മത്വമുപപദ്യതേ 538

വേറെയും ചിലത് ഓർക്കേണ്ടതുണ്ട്. ദേഹത്തിന് ഉല്പത്തിയുണ്ട്. ശുക്ലശോണിതമേളനത്താൽ ഉണ്ടാകുന്നതാണല്ലോ അത്. ബാല്യം, കൗമാര്യം മുതലായ അവസ്ഥാഭേദങ്ങളും അതിനുണ്ട്. ഇങ്ങനെ ഉല്പത്തി, വൃദ്ധി, പരിണാമാദികളായ അവസ്ഥകൾ ദേഹത്തിനുള്ളതിനാലും അത് ആത്മാവല്ലെന്നു സിദ്ധിക്കുന്നു.

ബധിരോ ƒഹഞ്ച കാണോ ƒഹം മൂക ഇത്യനുഭൂതിതഃ
ഇന്ദ്രിയാണി ഭവന്ത്യാത്മാ യേഷാമസ്ത്യർത്ഥവേദനം 539

വാസ്തവത്തിൽ ഇന്ദ്രിയങ്ങളാണ് ആത്മാവ്. ജ്ഞാനത്തിന്റെ ആധാരമാകുന്നതേതോ, അതിനെയാണ് ആത്മാവെന്ന് പറയുന്നതും, പറയേണ്ടതും. രൂപാദിവിഷയങ്ങളുടെ പ്രത്യക്ഷജ്ഞാനമുണ്ടാകുന്നത് ചക്ഷുരാദികളായ ഇന്ദ്രിയങ്ങൾക്കായതുകൊണ്ട് ആത്മാവേതെന്നു സംശയിക്കേണ്ടതില്ല. ഇന്ദ്രിയങ്ങൾ തന്നെ "ഞാൻ ബധിരൻ – ചെവി കേൾക്കാത്തവൻ", "ഞാൻ കാണൻ – കുരുടൻ", "ഞാൻ മൂകൻ – വ്യവഹാരശക്തിയില്ലാത്തവൻ എന്നീ വിധത്തിൽ അനുഭവവുമുണ്ട്. അഹംപദാർത്ഥമായ ആത്മാവിൽ അനുഭൂയമാനങ്ങളായ ബധിരത്വം, കാണത്വം മുതലായവ ചെവി, കണ്ണ് മുതലായ ഇന്ദ്രിയങ്ങളുടെ ധർമ്മങ്ങളാണല്ലോ.

ഇന്ദ്രിയാണാം ചേതനത്വം ദേഹേ പ്രാണാഃ പ്രജാപതിഃ
ഏതമേത്യേത്യൂചുരിതി ശ്രുത്യൈവ പ്രതിപാദ്യതേ 540

ഇന്ദ്രിയങ്ങൾ പ്രജാപതിയുടെ അടുത്തുചെന്ന് ഇപ്രകാരം പ്രാർത്ഥിച്ചു എന്ന് വേദത്തിൽ പറഞ്ഞിട്ടുള്ളതുകൊണ്ട് ഇന്ദ്രിയങ്ങൾക്കു ചേതനത്വം വേദസമ്മതവുമാണ്.

യതസ്തസ്മാദിന്ദ്രിയാണാം യുക്തമാത്മത്വമിത്യമും
നിശ്ചയം ദുഷയത്യന്യോ$\mathcal{f}$സഹമാനഃ പൃഥഗ്ജനഃ 541

ഉക്തയുക്തികളടിസ്ഥാനപ്പെടുത്തി ഇന്ദ്രിയങ്ങളാണ് ആത്മാവെന്നു സമർത്ഥിച്ച ചാർവ്വാകന്റെ മതം വേറെ ചില വാദികൾ പ്രാണാത്മവാദികൾ ദോഷോദ്ഭാവനം ചെയ്തു നിരസിച്ചിരിക്കുന്നു.

ഇന്ദ്രിയാണി കഥന്ത്വാത്മാ കരണാനി കഠാരവൽ
കരണസ്യ കഠാരാദേശ്ചേതനത്വം ന ഹീഷ്യതേ 542

ഇന്ദ്രിയങ്ങൾ ആത്മാവെന്നു പറയുന്നത് യുക്തിക്കു ചേർന്നതല്ല. ഇന്ദ്രിയങ്ങളും ദേഹംപോലെ ജഡങ്ങളാണ്. ചേതനങ്ങളല്ല. ജ്ഞാനമുണ്ടാകുവാൻ ഉപകരണങ്ങൾ മാത്രമാണ് ഇന്ദ്രിയങ്ങൾ. ജ്ഞാനത്തിന്റെ അധികരണങ്ങളല്ല. ദൃഷ്ടാന്തം കുഠാരം – കോടാലി. കോടാലികൊണ്ടു വെട്ടുകയാണ്. കോടാലി – വെട്ടുകയല്ല. കുഠാരം ഛേദനക്രിയയുടെ ഉപകരണമാകുന്നതല്ലാതെ കർത്താവാകുന്നില്ലെന്നു താല്പര്യം. അതുപോലെ കണ്ണു കാണുകയല്ല. കണ്ണുകൊണ്ടു കാണുകയാണ്. ചെവി കേൾക്കുകയല്ല, ചെവികൊണ്ട് കേൾക്കുകയാണ്. കാണുക, കേൾക്കുക മുതലായ ജ്ഞാനക്രിയയുടെ ഉപകരണമെന്ന നിലമാത്രമല്ലാതെ കർത്താവെന്ന നില ഇന്ദ്രിയങ്ങൾക്കില്ലെന്നർത്ഥം. ഇങ്ങനെ ജ്ഞാനാധികരണമാകുന്നത് ഇന്ദ്രിയങ്ങളല്ലെന്ന് വരുമ്പോൾ അവ എങ്ങനെ ആത്മാവാകും?

ശ്രുത്യാധിദേവതാവാദ ഇന്ദ്രിയേഷൂപചര്യതേ
ന തു സാക്ഷാദിന്ദ്രിയാണാം ചേതനത്വമുദീര്യതേ 543

ഇന്ദ്രിയങ്ങൾ പ്രജാപതിയെ പ്രാപിച്ചു പ്രാർത്ഥിച്ചു എന്ന് വേദങ്ങൾ പറഞ്ഞിട്ടുള്ളത് ഔപചാരികമാണ്. പ്രജാപതിയെ പ്രാപിച്ചതും പ്രാർത്ഥിച്ചതും വാസ്തവത്തിൽ ഇന്ദ്രിയങ്ങളുടെ അധിദേവതകളാണ്. ഈ അധിദേവതകളുടെ താദാത്മ്യം അചേതനങ്ങളായ ഇന്ദ്രിയങ്ങളിൽ ആരോപിച്ചുകൊണ്ടുള്ളതാണ് വേദവചനം. അതിനു വാച്യാർത്ഥത്തിൽ താല്പര്യമില്ല.

അചേതനസ്യ ദീപാദേരർത്ഥാഭാസകതാ യഥാ
തഥൈവ ചക്ഷുരാദീനാം ജഡാനാമപി സിദ്ധ്യതി 544

ഇന്ദ്രിയങ്ങൾ ജഡങ്ങളാണെങ്കിൽ രൂപാദി വിഷയങ്ങളെ ഗ്രഹിക്കുന്നതെങ്ങനെ എന്നു സംശയമുണ്ടാകാം. അത് എളുപ്പത്തിൽ തീർക്കാവുന്നതാണ്. ദീപം അചേതനമല്ലേ? രൂപാദി വിഷയങ്ങളുടെ ഭാസകമാകുന്നതുമില്ലേ? അതുപോലെ അചേതനങ്ങളായ ചക്ഷുരാദികൾ രൂപാദിജ്ഞാനം ജനിപ്പിക്കുന്നതിൽ എന്താണൊരു വിരോധമുള്ളത്? ദീപം വസ്തുക്കളെ ഗ്രഹിക്കുന്നില്ല. ഗ്രഹിപ്പിക്കുന്നതേ ഉള്ളൂ. ചേതനനായ ജീവന് ഉണ്ടാകുന്ന വസ്തുഗ്രഹണത്തിൽ സഹായിയാകുന്നതേ ഉള്ളു എന്നു സാരം. അതേവിധം ഇന്ദ്രിയങ്ങളും വിഷയങ്ങളെ സ്വയം ഗ്രഹിക്കുകയല്ല, ഗ്രഹണത്തിൽ ഉപകാരങ്ങളാവുകമാത്രമാണ് ചെയ്യുന്നത്. രൂപാദിപ്രത്യക്ഷം ഉണ്ടാകുന്നത് ചക്ഷുരാദികൾക്കാണെന്ന ഭ്രാന്തികൊണ്ടുണ്ടാകുന്ന മറ്റൊരു ഭ്രാന്തിയാണ് ഇന്ദ്രിയങ്ങൾക്കു ചൈതന്യമുണ്ടെന്ന ബോധം.

ഇന്ദ്രിയാത്മവാദിയോട് വേറെയും ചില ചോദ്യങ്ങൾ ഉന്നയിക്കാവുന്നതായിട്ടുണ്ട്. ആത്മാവാകുന്നത് ഇന്ദ്രിയങ്ങളെല്ലാ

മെന്നോ ഒന്നു മാത്രമെന്നോ ഭവദഭിമതം. എല്ലാമെന്നാണെങ്കിൽ ഒരു ദേഹിക്ക് അനേകം ആത്മാക്കളുണ്ടെന്നു സമ്മതിക്കേണ്ട തായി വരികയില്ലേ? ഇന്ദ്രിയങ്ങൾ അനേകമുണ്ടല്ലോ. ഒരിന്ദ്രിയം നശിച്ചാൽ ആത്മാവും നശിക്കുമോ? ഇല്ലെന്നു പറയുന്നതെ ങ്ങനെ?

ഒരിന്ദ്രിയം മാത്രമാണ് ആത്മാവെങ്കിൽ ആ ഇന്ദ്രിയമേത്? ചക്ഷുസ്സ് എന്നാണെങ്കിൽ എന്തുകൊണ്ട് ശ്രോത്രമായിക്കൂടെന്നു പറയണം. ഞാൻ കേൾക്കുന്നു എന്ന അനുഭവം സംഗത മാകുന്നതുമെങ്ങനെ? കേൾക്കുന്നതു ചക്ഷുസ്സല്ലല്ലോ. ചാക്ഷുഷ പ്രത്യക്ഷത്തിൽ വിഷയമായ വസ്തുവിന്റെ സ്മൃതി ചക്ഷുസ്സു നശിച്ചാലും ഉണ്ടാകാറുണ്ട്. ഇതാർക്കുണ്ടാകുന്നു? ചക്ഷുസ്സിനല്ല. അതില്ലല്ലോ. മറ്റിന്ദ്രിയങ്ങൾക്കുണ്ടാവാനും തരമില്ല. അനുഭൂത വിഷയത്തിന്റെ സ്മരണം അനുഭോക്താവിനല്ലാതെ മറ്റൊരാൾക്ക് ഉണ്ടാകാറില്ല. ശ്രോത്രമോ മറ്റേതെങ്കിലുമൊരിന്ദ്രിയമോ ആത്മാ വായി സ്വീകരിച്ചാലും സ്ഥിതി ഇതുതന്നെ. ഇതെല്ലാം സാര സംഗ്രഹത്തിൽ ഉപലക്ഷിതമായി നാം ഊഹിക്കണം.

ഇന്ദ്രിയാണാം ചേഷ്ടയിതാ പ്രാണോ ƒയം പഞ്ചവൃത്തികഃ
സർവ്വാവസ്ഥാസ്വവസ്ഥാവാൻ സോയമാത്മത്വമർഹതി
അഹം ക്ഷുധാവാംസ്തൃക്ഷ്ണാവാനിത്യാദ്യനുഭവാദപി 545

ഇങ്ങനെ ഇന്ദ്രിയങ്ങൾക്ക് ആത്മത്വം അസംഭാവ്യമായതു കൊണ്ട് തദതിരിക്തമയ ഒരു വസ്തുവാണ് ആത്മാവെന്നു പറയണം. ആ വസ്തു പ്രാണനാണ്. ഇന്ദ്രിയങ്ങളെ അവയുടെ വ്യാപാരത്തിൽ പ്രേരിപ്പിക്കുന്നതും പ്രാണൻ തന്നെ. ദേഹം ജഡ മാണെന്നും, അതിൽ ചേഷ്ടയുണ്ടാകുന്നത് ചേതനങ്ങളായ ഇന്ദ്രിയങ്ങളുടെ പ്രേരണകൊണ്ടാണെന്നും മുൻമതക്കാർ പറഞ്ഞുവല്ലോ. വാസ്തവത്തിൽ ഇന്ദ്രിയങ്ങളും ചേതനങ്ങളോ

സ്വതന്ത്രങ്ങളോ അല്ല. ദേഹംപോലെതന്നെ ജഡങ്ങളും പരതന്ത്രങ്ങളും തന്നെയാണ്. പ്രാണന്റെ ധർമ്മങ്ങളാണ് ചൈതന്യവും സ്വാതന്ത്ര്യവും. പ്രാണന്റെ പ്രേരണയുണ്ടാകുമ്പോൾ ഇന്ദ്രിയങ്ങൾ വ്യാപാരോന്മുഖങ്ങളാകുന്നു. സമാനോദാനാദികൾ പ്രാണനിൽ നിന്നു വിഭിന്നങ്ങളായ വായുക്കളല്ല. ഹൃദയം, നാഭി, കണ്ഠം മുതലായ അഞ്ചു സ്ഥാനങ്ങളും, അന്നപ്രവേശനം അന്നപചനം മുതലായ അഞ്ചു പ്രവൃത്തികളും ശരീരാന്തർഭാഗത്തുള്ള വായുവിനുണ്ട്. ഈ സ്ഥാനപ്രയത്നഭേദമടിസ്ഥാനപ്പെടുത്തി ആ ഒരേ വായുവിനെ പ്രാണനെ വിഭിന്നങ്ങളായ സമാനാദി സംജ്ഞകൾകൊണ്ട് വ്യവഹരിക്കുന്നു. ഇങ്ങിനെ സംജ്ഞകൾക്കു മാത്രമല്ലാതെ സംജ്ഞിക്കു ഭേദമില്ലെന്ന് വരുന്നതുകൊണ്ട് മുൻപക്ഷത്തിൽ പറഞ്ഞ ആത്മനാനാത്വദോഷം ഈ പക്ഷത്തിൽ ഉത്ഭവനാർഹമാകുന്നില്ല. ജാഗ്രൽ സ്വപ്നാവസ്ഥകളിലെന്നപോലെ സുഷുപ്ത്യവസ്ഥയിലും പ്രാണന് അവസ്ഥാനമുള്ളതുകൊണ്ട് അവസ്ഥാത്രയസാക്ഷിത എന്ന ആത്മധർമ്മവും പ്രാണനിൽ സംഗതമാകുന്നുണ്ട്. ഇതെല്ലാം പ്രാണനെ ആത്മാവായി സ്വീകരിക്കുന്നതാണ് യുക്തമെന്നു സ്ഥിരീകരിക്കുന്നു. ഈ സ്വീകാരത്തിന്ന് അനുഭവാനുകൂല്യവുമുണ്ട്. എനിക്കു വിശപ്പുണ്ട്, ദാഹമുണ്ട് എന്നു പലപ്പോഴും നമുക്കു തോന്നാറുണ്ട്. ഈ അനുഭവത്തിൽ ആത്മാവിലുള്ളതായി തോന്നുന്ന വിശപ്പും ദാഹവും പ്രാണധർമ്മങ്ങളാണ്. പ്രാണനല്ല ആത്മാവെങ്കിൽ ഈ അനുഭവം അനുപപന്നമാകുമല്ലോ.

ശ്രുത്യാന്യോfന്തര ആത്മാ പ്രാണമയ
ഇതീര്യതേ യസ്മാൽ
തസ്മാൽ പ്രാണസ്യാത്മത്വം യുക്തം
നോ കരണസംജ്ഞാനാം 546

ആത്മാവു ദേഹേന്ദ്രിയാദികളിൽനിന്നു വ്യതിരിക്തനും ആഭ്യന്തരനുമാണെന്നും, പ്രാണമയനാണെന്നും വേദം വ്യക്ത മായി പറയുന്നുണ്ട്. ഇതിലധികമെന്തു വേണം പ്രാണാത്മവാദം സമർത്ഥിക്കുവാനും മതാന്തരം നിരാകരിക്കുവാനും പ്രമാണം.

ഇതി നിശ്ചയമേതസ്യ ദൂഷയത്യപരോ ജഡഃ
ഭവത്യാത്മാ കഥം പ്രാണോ വായുരേവൈഷ ആന്തരഃ 547

മനസ്സാണ് ആത്മാവെന്നു വാദിക്കുന്ന മറ്റൊരു കൂട്ടർ ഈ മതവും ഖണ്ഡിച്ചിരിക്കുന്നു. അവർ ആക്ഷേപിക്കുകയാണ് പ്രാണൻ ആത്മാവാകുന്നതെങ്ങനെ? ശരീരാന്തർഭാഗത്തിൽ സഞ്ചരിക്കുന്ന ഒരു കാറ്റുമാത്രമാണല്ലോ പ്രാണൻ. വായു പൃഥിവ്യാദികളായ പഞ്ചഭൂതങ്ങളിൽ ഉൾപ്പെടുന്നതുകൊണ്ട് ഇത് അവയെപ്പോലെ ജഡമല്ലേ?

ബഹിര്യാത്യന്തരായാതി ഭസ്ത്രികാവായുവന്മുഹുഃ
ന ഹിതം വാഹിതം വാ സ്വമന്യദ്വാ വേദ കിഞ്ചന 548

കൊല്ലന്റെ ഉലത്തോലിലെ കാറ്റിന്റെ നിലയേ പ്രാണനുള്ളൂ. ഉച്ഛ്വസിക്കുമ്പോൾ അകത്തു കയറുന്നു. നിശ്വസിക്കുമ്പോൾ പുറത്തിറങ്ങുന്നു. ശരീരത്തിന്റെ അകത്തെത്തുമ്പോൾ മാത്രം പ്രാണനെന്ന സംജ്ഞയുള്ള ഈ വായു ബഹിർഭാഗത്തുള്ളതിൽ നിന്നു ഭിന്നനല്ല. ഹിതാഹിതവിവേകമോ മറ്റേതെങ്കിലും തരത്തി ലുള്ള ജ്ഞാനമോ അതിനില്ല.

ജഡസ്വഭാവശ്ചപലഃ കർമ്മയുക്തശ്ച സർവ്വദാ
പ്രാണസ്യ ഭാനം മനസി സ്ഥിതേ സുപ്തേ ന ദൃശ്യതേ 549

ഇങ്ങനെ പൃഥിവ്യാദികളായ മറ്റു ഭൂതങ്ങളെപ്പോലെ ജഡവും അസ്ഥിരപ്രകൃതിയുമാണ് പ്രാണൻ. സ്വാപാവസ്ഥയിൽ

പ്രാണന്റെ സംവേദനവുമില്ല. ഇക്കാരണങ്ങളാൽ പ്രാണനല്ല ആത്മാവെന്നു സിദ്ധിക്കുന്നു.

മനസ്തു സർവ്വം ജാനാതി സർവ്വേവേദനകാരണം
യത്തസ്മാന്മന ഏവാത്മാ പ്രാണസ്തു ന കദാചന 550

മനസ്സ് എല്ലാം അറിയുന്നു. സുഖദുഃഖാദികളുടെ സംവേദനങ്ങൾക്കെല്ലാം (ഭോഗങ്ങൾക്കെല്ലാം) മുഖ്യകാരണം (സമവായികാരണം) ആകുന്നതും മനസ്സാണ്. അതുകൊണ്ട് ആത്മാവാകുന്നതും അതുതന്നെ. ജ്ഞാതാവും ഭോക്താവുമാകുന്നതാണല്ലോ ആത്മാവ്. പ്രാണൻ ജ്ഞാതാവല്ല, ഭോക്താവുമല്ല. അതുകൊണ്ട് ആത്മാവുമല്ല.

സങ്കല്പവാനഹം ചിന്താവാനഹഞ്ച വികല്പവാൻ
ഇത്യാദ്യനുഭവാദന്യോfന്തര ആത്മാ മനോമയഃ 551

ഇത്യാദി ശ്രുതിസദ്ഭാവാൽ യുക്താ മനസ ആത്മതാ
ഇതി നിശ്ചയമേതസ്യ ദൂഷയത്യപരോ ജഡഃ 552

ഞാൻ സങ്കല്പിക്കുന്നു, ചിന്തിക്കുന്നു, വികല്പിക്കുന്നു എന്നിങ്ങനെ മനസ്സിന്റെ ധർമ്മങ്ങളെ സങ്കല്പചിന്താദികൾ അഹം പദാർത്ഥത്തിൽ അനുഭൂയമാനങ്ങളാകുന്നതുകൊണ്ടും മനസ്സിൽ ആത്മത്വം കല്പിക്കുന്നതാണ് അനുഭവത്തിനും പ്രമാണത്തിനും അനുസൃതമാകുന്നത്.

ബുദ്ധിയാണ് ആത്മാവെന്നു സ്വീകരിക്കുന്ന വാദികൾ ഈ മതവും ദുഷ്ടമെന്നു സമർത്ഥിച്ചിട്ടുണ്ട്.

കഥം മനസ ആത്മത്വം കരണസ്യ ദൃഗാദിവൽ
കർത്തൃപ്രയോജ്യം കരണം ന സ്വയന്തു പ്രവർത്തതേ 553

അവരുടെ വാദഗതി ഇതാണ് മനസ്സും ആത്മാവാകുവാൻ തരമില്ല. ചക്ഷുസ്സു മുതലായവയെപ്പോലെ മനസ്സും ഒരിന്ദ്രിയ മാണ്. ചക്ഷുരാദികൾ ബഹിരിന്ദ്രിയങ്ങളെന്നും മനസ്സ് അന്തരിന്ദ്രിയമെന്നും ഒരു വിശേഷം മാത്രമാണുള്ളത്. അതു കൊണ്ട് മനസ്സും മറ്റിന്ദ്രിയങ്ങളെപ്പോലെ ജ്ഞാനോല്പത്തിയിൽ ഉപകരണമാകുന്നതേ ഉള്ളൂ. ജ്ഞാനകർത്താവാകുന്നില്ല. കർത്താവായ മറ്റൊന്നിന്റെ പ്രേരണയുണ്ടായാൽ മാത്രമാണ് മനസ്സിൽ ജ്ഞാനാനുകൂലമായ വ്യാപാരമുണ്ടാകുന്നത്. അതു കൊണ്ട് ഇന്ദ്രിയാന്തരങ്ങൾക്കുള്ള ചൈതന്യശൂന്യതയും സ്വാതന്ത്ര്യരാഹിത്യവും മനസ്സിനും സമാനമാണ്. അതാത്മാ വാകുന്നതെങ്ങനെ?

കരണപ്രയോക്താ യഃ കർത്താ തസ്യൈവാത്മത്വമർഹതി
ആത്മാ സ്വതന്ത്രഃ പുരുഷോ ന പ്രയോജ്യഃ കദാചന 554

ക്രിയാനിഷ്പാദകമായ വ്യാപാരം ക്രിയയുടെ ഉപകരണ ത്തിൽ ഏതൊരു വസ്തുവിന്റെ പ്രേരണയാൽ ഉണ്ടാകുന്നുവോ, അതാണ് ക്രിയയുടെ സ്വതന്ത്രകർത്താവ്. ആ കർത്താവുതന്നെ ആത്മാവും, അങ്ങനെ ക്രിയയുടെ സ്വതന്ത്രകർത്താവാകുന്ന പുരുഷൻ അന്യപ്രേരണയ്ക്ക് വിധേയനുമാവില്ല. അതാണല്ലോ സ്വാതന്ത്ര്യം.

അഹം കർത്താസ്മ്യഹം ഭോക്താ സുഖീത്യനുഭവാദപി
ബുദ്ധിരാത്മാ ഭവത്യേവ ബുദ്ധിധർമ്മോ ഹ്യഹംകൃതിഃ 555

മനസ്സ് പരതന്ത്രമാണെന്നും സ്വതന്ത്രകർത്താവാകുന്നതു മറ്റൊന്നാണെന്നും പറഞ്ഞു. അതേതെന്നു പറയുന്നു. ഞാൻ കർത്താവ്, ഞാൻ ഭോക്താവ്, ഞാൻ സുഖീ എന്നു സകലർക്കും പ്രത്യക്ഷാനുഭവമുണ്ട്. ഈ അനുഭവത്തിൽ വിഷയമാകുന്ന

"അഹം" – ഞാൻ – ആണ് ആത്മാവ്. അതും ബുദ്ധിയാണ്. ബുദ്ധിയുടെ ധർമ്മമാണല്ലോ അഹങ്കാരം. കർത്തൃത്വഭോക്തൃത്വാദികൾ യഥാർത്ഥത്തിൽ മനോധർമ്മങ്ങളല്ലെന്നും ഈ അനുഭവം വ്യക്തമാക്കുന്നു.

അന്യോƒന്തര ആത്മാ വിജ്ഞാനമയ ഇതി വദതി നിഗമഃ
മനസോപി ച ഭിന്നം വിജ്ഞാനമയം കർത്തൃരൂപമാത്മാനം 556

അന്തരാത്മാവു വിജ്ഞാനമയനാണെന്നു വേദം പറയുന്നതു കൊണ്ടും കർത്തൃത്വാദിധർമ്മവാനായ ആത്മാവു മനസ്സല്ലെന്നു സിദ്ധിക്കുന്നു.

വിജ്ഞാനം യജ്ഞം തനുതേ കർമ്മാണി തനുതേപി ച
ഇത്യസ്യ കർത്തൃതാ ശ്രുത്യാ മുഖതഃ പ്രതിപാദ്യതേ
തസ്മാദ്യുക്താത്മതാ ബുദ്ധേരിതി ബൗദ്ധേന നിശ്ചിതം 557

അലൗകികഫലങ്ങളായ യജ്ഞാദികളിലും, ലൗകികവ്യാപാരങ്ങളിലും ജീവലോകത്തെ പ്രേരിപ്പിക്കുന്നത് വിജ്ഞാനമാണെന്ന് ഉൽഘോഷിക്കുന്ന വേദം കർത്തൃത്വാദികൾ അതിന്റെ ധർമ്മമാണെന്നു വ്യക്തമാക്കുകയാണല്ലോ ചെയ്തിട്ടുള്ളത്. അതുകൊണ്ട് വിജ്ഞാനസ്വരൂപനായ ബുദ്ധിതന്നെയാണ് ആത്മാവെന്നു സ്വീകരിക്കുവാൻ അർഹമാകുന്നതെന്നു ബൗദ്ധൻ നിശ്ചയിച്ചിരിക്കുന്നു.

ബൗദ്ധമതത്തിൽ രണ്ടുതരത്തിലുള്ള വിജ്ഞാനം. ആലയ വിജ്ഞാനമെന്നും പ്രവൃത്തിവിജ്ഞാനമെന്നും. ആദ്യത്തേതു സുഷുപ്ത്യവസ്ഥയിലുമുണ്ട്. സ്വപ്രകാശവുമാണ്. അതുകൊണ്ട് അതിനെയാണ് ആത്മാവായി സ്വീകരിച്ചിട്ടുള്ളത്. ബഹിർവ്വിഷയങ്ങളുടെ ജ്ഞാനം പ്രവൃത്തിഹേതുവായതുകൊണ്ട് അതിനെ

പ്രവൃത്തിവിജ്ഞാനമെന്നു പറയുന്നു. ഇതു സുഷുപ്തികാലത്തിലില്ല.

പ്രാഭാകരസ്താർക്കികാശ്ച താവുഭവപ്യമർഷയാ
തന്നിശ്ചയം ദൂഷയതോ ബുദ്ധിരാത്മാ കഥന്വിതി 558

പ്രാഭാകരമീമാംസകൻ, നൈയായിക വൈശേഷികന്മാരിൽ ഭിന്നമായൊരു താർക്കികൻ ഇവരിരുവരും ബൗദ്ധമതാസഹിഷ്ണുക്കളായി ബുദ്ധി ആത്മാവാകുവാൻ തരമില്ലെന്നു സമർത്ഥിച്ച് ഈ മതം ഖണ്ഡിച്ചിരിക്കുന്നു.

ബുദ്ധേരജ്ഞാനകാര്യത്വാത് വിനാശിത്വാൽ പ്രതിക്ഷണം
ബുദ്ധ്യാദീനാഞ്ച സർവ്വേഷാമജ്ഞാനേ ലയദർശനാത് 559

അജ്ഞോഹമിത്യനുഭവാദാസ്ത്രീബാലാദിഗോചരാത്
ഭവത്യജ്ഞാനമേവാത്മാ ന തു ബുദ്ധിഃ കദാചന 560

ബുദ്ധി - വിജ്ഞാനം - അജ്ഞാനത്തിന്റെ കാര്യമാണ്. അജ്ഞാനത്തിന്റെ പരിണാമമെന്നർത്ഥം. പ്രതിക്ഷണം വിനാശശീലവുമാണ്. ക്ഷണഭംഗവാദിയായ ബൗദ്ധൻ അങ്ങനെയാണല്ലോ അംഗീകരിച്ചിട്ടുള്ളത്. ഈ രണ്ടവസ്ഥയും അതാത്മാവാകുവാൻ അർഹമല്ലെന്നു തെളിയിക്കുന്നു. ആത്മാവു സ്ഥിരവും ശാശ്വതവുമാകണമല്ലോ.

ബുദ്ധ്യാദികളായ വൃത്തിവിശേഷങ്ങൾക്കെല്ലാം അജ്ഞാനത്തിൽ ലയംകാണുന്നതുകൊണ്ടും, ആബാലവൃദ്ധം സ്ത്രീപുരുഷന്മാർക്കെല്ലാം "ഞാൻ അജ്ഞൻ" എന്ന അനുഭവമുള്ളതുകൊണ്ടും അജ്ഞാനമാണ് ആത്മാവായി സ്വീകരിക്കേണ്ടത്, ബുദ്ധിയല്ല.

വിജ്ഞാനമയാദന്യഞ്ചാനന്ദമയം പരം തഥാത്മാനം
അന്യോfന്തര ആത്മാfനന്ദമയ ഇതി വദതി വേദോപി

ആന്തരമായ ആത്മാവ് ആനന്ദമയനാണെന്നു പറയുന്ന വേദവും വിജ്ഞാനത്തിൽനിന്നു ഭിന്നനാണ് ആത്മാവെന്നു സമ്മതിക്കുന്നുണ്ട്.

ദുഃഖപ്രത്യയശൂന്യത്വാദാനന്ദമയതാ മതാ
അജ്ഞാനേ സകലം സുപ്തൗ ബുദ്ധ്യാദി പ്രവീലീയതേ 562

അജ്ഞാനം ആത്മാവെന്നു കല്പിച്ചാൽ വേദോക്തമായ ആനന്ദമയത്വം അതിനെങ്ങനെ സംഗതമാകുന്നുവെന്നു പറയുന്നു. സുഷുപ്ത്യവസ്ഥയിൽ ബുദ്ധി സുഖദുഃഖാദികളായ വൃത്തികളെല്ലാം അജ്ഞാനത്തിൽ ലയിക്കുന്നതിനാൽ ദുഃഖ പ്രതീതിയില്ല. ഈ ദുഃഖാനുഭവരാഹിത്യം തന്നെയാണ് അജ്ഞാനസ്വരൂപമായ ആത്മാവിനെ ആനന്ദമയമെന്നു പറയുവാൻ കാരണം.

ദുഃഖിനോfപി സുഷുപ്തൗ ത്വാനന്ദമയതാ തതഃ
സുപ്തൗ ന കിഞ്ചിജ്ജ്ഞാനാമീത്യനുഭൂതിശ്ച ദൃശ്യതേ 563

വാസ്തവത്തിൽ ദുഃഖിയായ ആത്മാവിന്നും സുഷുപ്തിയിൽ ആനന്ദമയത്വമുണ്ട്. അതിന്റെ കാരണവും ആ സമയത്തു ദുഃഖപ്രതീതിയില്ലെന്നതാണ്. ഉറക്കത്തിൽ ഞാനൊന്നുമറിഞ്ഞി ല്ലെന്ന അനുഭവം എല്ലാവർക്കുമുണ്ട്. ഈ അനുഭവമാണ് സുഷുപ്തിയിൽ ദുഃഖപ്രതീതിയില്ലെന്നതിനു കാരണം.

യത ഏവമതോ യുക്താ ഹ്യജ്ഞാനസ്യാത്മതാധ്രുവം
ഇതി തന്നിശ്ചയം ഭാട്ടാ ദൂഷയന്തി സ്വയുക്തിഭിഃ 564

ഇങ്ങനെയെല്ലാമിരിക്കെ തീർച്ചയായും അജ്ഞാനം ആത്മാവെന്നു കല്പിക്കുന്നതാണ് ശരി. ഭാട്ടമീമാംസകർ അവരുടെ യുക്തികൊണ്ട് ഈ മതവും നിരസിച്ചിരിക്കുന്നു.

കഥാമജ്ഞാനമേവാത്മാ ജ്ഞാനഞ്ചാപ്യുപലഭ്യതേ
ജ്ഞാനാഭാവേ കഥം വിദ്യുരജ്ഞോഽഹമിതി ചാജ്ഞതാം 565

അജ്ഞാനം മാത്രമാണ് ആത്മാവെന്നു പറയുന്നത് ശരിയല്ല. ജ്ഞാനത്തിന്റെയും ഉപലബ്ധിയുണ്ടല്ലോ. ഞാൻ അജ്ഞൻ എന്ന അനുഭവം അജ്ഞാനത്തിന്റെ ജ്ഞാനമായതുകൊണ്ട് അതിൽ ജ്ഞാനവും ചേർന്നിരിക്കുന്നു. ഞാൻ അജ്ഞൻ എന്ന അനുഭവത്തിന് രണ്ടംശമുണ്ട്, വിഷയവും വിഷയിയും. അജ്ഞാനം വിഷയം, ജ്ഞാനം വിഷയീ. ഇതു രണ്ടും കൂടിയാണ് ആത്മാവാകുന്നത്. ഒന്നുമാത്രമല്ല, ഇതാണ് ഭാട്ടന്റെ വിവക്ഷിതം. ഉത്തരപദ്യങ്ങൾകൊണ്ട് ഇതുതന്നെയാണ് വ്യക്തമാക്കുന്നത്.

അസ്വാപ്സം സുഖമേവാഹം ന ജാനാമ്യത്ര കിഞ്ചന
ഇത്യജ്ഞാനമപി ജ്ഞാനം പ്രബുദ്ധേഷു പ്രദൃശ്യതേ 566

ഞാൻ സുഖമായി ഉറങ്ങി, അപ്പോൾ ഒന്നും അറിഞ്ഞില്ല, എന്നു പ്രബോധാവസ്ഥയിൽ ജ്ഞാനത്തിന്റെയും അജ്ഞാനത്തിന്റെയും അനുഭവമുണ്ട്. സുഖമായി ഉറങ്ങി എന്നത് അനുഭൂതസുഖജ്ഞാനത്തിന്റെയും, ഒന്നുമറിഞ്ഞില്ലെന്നത് അജ്ഞാനത്തിന്റെയും ഉല്ലേഖനമാണല്ലോ. അതുകൊണ്ട് ജ്ഞാനാജ്ഞാനങ്ങൾ രണ്ടും ചേർന്നതാണ് ആത്മാവ്.

പ്രജ്ഞാനഘന ഏവാനന്ദമയ ഇത്യപി ശ്രുതിഃ
പ്രബ്രവീത്യുഭയാത്മത്വമാത്മനഃ സ്വയമേവ സാ 567

ആത്മാവ് ജ്ഞാനഘനമാണ്, ആനന്ദമയമാണ് എന്നു പറയുന്ന വേദവും അതിന്നു ദ്വിസ്വരൂപത്വം വ്യക്തമാക്കീട്ടുണ്ട്. ജ്ഞാനഘനമെന്നതുകൊണ്ട് ജ്ഞാനസ്വരൂപതയും, ആനന്ദഘന മെന്നതുകൊണ്ട് അജ്ഞാനസ്വരൂപതയുമാണല്ലോ പറഞ്ഞിരി ക്കുന്നത്.

സുഷുപ്തിദശയിൽ ദുഃഖാനുഭവമില്ലാത്തതുകൊണ്ടാണ് അജ്ഞാനം ആനന്ദമയമാകുന്നതെന്നു മുമ്പ് പറഞ്ഞത് ഇവിടേയും ഓർക്കണം.

ആത്മാതശ്ചിജ്ജഡതനുഃ ഖദ്യോത ഇവ സമ്മതഃ
ന കേവലാജ്ഞാനമയോ ഘടകുഡ്യാദിവജ്ജഡഃ
ഇതി നിശ്ചയമേതേഷാം ദുഷയത്യപരോ ജഡഃ **568**

ഇങ്ങനെ ആത്മാവിൽ മിന്നാമിനുങ്ങിന്റെ ദേഹത്തിലുള്ളതു പോലെ വ്യത്യസ്തങ്ങളായ രണ്ടു ഘടകങ്ങളുണ്ട്. ചിത്തും ജഡവും. ജ്ഞാനം ചിത്ത്, അജ്ഞാനം ജഡം. രണ്ടുകൂടിയാണ് ആത്മാവാകുന്നത്, ഒന്നു തനിച്ചല്ല. ഈ മതവും ചിലർ ദുഷിച്ചിരിക്കുന്നു.

ജ്ഞാനാജ്ഞാനമയസ്ത്വാത്മാ കഥം ഭവിതുമർഹതി
പരസ്പരവിരുദ്ധത്വാത്തേജസ്തിമിരവത്തയോഃ **569**

ജ്ഞാനസ്വരൂപനും അജ്ഞാനസ്വരൂപനുമാണ് ആത്മാവെന്നു പറയുന്നത് എങ്ങനെ ഘടിക്കും? ജ്ഞാനാജ്ഞാനങ്ങൾ ഇരുട്ടും വെളിച്ചവുംപോലെ അന്യോന്യം വിരുദ്ധങ്ങളായതുകൊണ്ടു കൂടി ച്ചേരുകയില്ലല്ലോ. അങ്ങനെ ചേരാതെ ഏകാത്മസ്വരൂപമാകു വാനും തരമില്ല.

സാമാനാധികരണ്യം വാ സംയോഗോ വാ സമാശ്രയഃ
തമഃപ്രകാശവത്ജ്ജാനാജ്ഞാനയോർന ഹി സിദ്ധ്യതി 570

ജ്ഞാനാജ്ഞാനങ്ങൾ ആത്മാവാകുന്നതും നീരക്ഷീരങ്ങൾ കൂടിച്ചേർന്ന് ഒന്നാകുന്നതുപോലെയോ, മുത്തു പവിഴം മുതലായ രത്നങ്ങളോ പലതരം പൂക്കളോ ഒരു ചരടിൽ ചേർന്നിരുന്നു മാലയാകുന്നതുപോലെയോ? രണ്ടും സംഭാവ്യമല്ലെന്നു പറയുന്നു:

തമസ്സുള്ള ദിക്കിൽ പ്രകാശമില്ല. പ്രകാശമുള്ളിടത്തു തമസ്സുമില്ല. സഹവർത്തിത പോലും സഹിക്കാത്തവയാണ് ഇതുരണ്ടും. അത്രത്തോളം വിരോധമുള്ള സ്ഥിതിക്കു രണ്ടും കൂടിച്ചേർന്ന് ഒന്നാവില്ലെന്നു പറയേണ്ടതില്ലല്ലോ. ജ്ഞാനാജ്ഞാനങ്ങളുടെ നിലയും ഇതുതന്നെയായതുകൊണ്ട് രണ്ടും കൂടിയതാണ് ആത്മാവെന്നു പറയുന്നതിന് എന്താണർത്ഥമുള്ളത്?

അജ്ഞാനമപി വിജ്ഞാനം ബുദ്ധിർവ്യാപി ച തദ്ഗുണാഃ
സുഷുപ്തൗ നോപലഭ്യതേ യൽകിഞ്ചിദപി വാ പരം.
മാത്രാദിലക്ഷണം കിന്തു ശൂന്യമേവോƒപലഭ്യതേ 571

അജ്ഞാനത്തിന്റെയോ, വിജ്ഞാനത്തിന്റെയോ ബുദ്ധിയുടേയോ, തൽഗുണങ്ങളുടേയോ, പ്രമാതാവു മുതലായ മറ്റേതെങ്കിലും ഒരു വസ്തുവിന്റെയോ ഉപലബ്ധി സുഷുപ്തികാലത്തിലില്ല, വെറും ശൂന്യതയുടെ പ്രതീതി മാത്രമാണ് ആ കാലത്തുള്ളത്.

സുഷുപ്തൗ നാന്യദസ്ത്യേവ നാഹമപ്യാസമിത്യനു 572

സുപ്തോത്ഥിതജനൈസ്സർവ്വൈഃ ശൂന്യമേവാനുസ്മര്യതേ
യത്തതഃ ശൂന്യമേവാത്മാ ന ജ്ഞാനാജ്ഞാനലക്ഷണഃ 573

സുഷുപ്തികാലത്ത് ഈ ശൂന്യതയിൽനിന്നു വ്യതിരിക്ത നായി ഞാൻ ഉണ്ടായിരുന്നില്ല, മറ്റു വസ്തുക്കളും ഒന്നുമുണ്ടായി രുന്നില്ല, എന്നു സുപ്തോത്ഥിതന്മാർക്കെല്ലാം അനുസ്മരണ മുണ്ടാകുന്നു. അതുകൊണ്ട് ശൂന്യസ്വരൂപമാണ് ആത്മാവ്. പ്രതിവാദി പറയുന്നതുപോലെ ജ്ഞാനജ്ഞാനസ്വരൂപമല്ല.

ജാഗ്രത്സ്വപ്നാവസ്ഥകളിലെന്നപോലെ സുഷുപ്ത്യവസ്ഥയി ലും സ്ഥായിയാകുന്നതേതോ, അതേ ആത്മാവായിക്കൂടൂ എന്നു സർവ്വസമ്മതമാണ്. സുഷുപ്തിയിൽ ജ്ഞാനം, അജ്ഞാനം, ബുദ്ധി മുതലായ യാതൊന്നിന്റെയും അനുഭവമില്ലാത്തതു കൊണ്ട് ആവക വസ്തുക്കൾക്കു സുഷുപ്ത്യവസ്ഥയിൽ സ്ഥായിതയില്ലെന്നും, മുമ്പു പറഞ്ഞ പ്രകാരം സുപ്തോത്ഥിത ന്മാർക്കുണ്ടാകുന്ന അനുസ്മരണകൊണ്ടു സർവ്വശൂന്യത സുഷുപ്തികാലത്തിലും സ്ഥായിയാണെന്നും സിദ്ധിക്കുന്നു. അതുകൊണ്ട് ആത്മാവാകുവാനർഹത അതിനുമാത്രമാണുള്ള തെന്നാണ് ഈ മതക്കാരുടെ വാദം.

വേദേനാപ്യസദേവേദമഗ്ര ആസീദിതി സ്ഫുടം
നിരുച്യതേ യതസ്തസ്മാത് ശൂന്യസ്യൈവാത്മതാ മതാ 574

ആത്മാവാണ് പ്രപഞ്ചകാരണമെന്നു സമർത്ഥിക്കുന്ന വേദം സൃഷ്ടികാലത്തിനുമുമ്പ് ശൂന്യതമാത്രമാണുണ്ടായിരുന്നതെന്നും ആ അസത്തിൽനിന്ന് ശൂന്യാവസ്ഥയിൽനിന്ന് ഉണ്ടായതാണ് ഇക്കാണുന്ന പ്രപഞ്ചമെന്നും വ്യക്തമായിപ്പറയുന്നതുകൊണ്ടും ശൂന്യതയാണ് ആത്മാവെന്നു സിദ്ധിക്കുന്നു.

അസന്നേവ ഘടഃ പൂർവ്വം ജായമാനഃ പ്രദൃശ്യതേ
ന ഹി കുംഭഃ പുരൈവാന്തഃ സ്ഥിതോƒദേതി ബഹിർമുഖഃ 575

യത്തസ്മാദസതഃ സർവ്വം സദിദം സമജായത
തതഃ സർവ്വാത്മനാ ശൂന്യസ്യൈവാത്മത്വം സമർഹതി 576

ഘടം, പടം മുതലായ പ്രാപഞ്ചികവസ്തുക്കളുടെ ഉല്പത്തിക്രമം പരിശോധിച്ചാലും അസത്തിൽനിന്നാണ് സത്തിന്റെ ജനനമെന്നു മനസ്സിലാക്കുവാൻ പ്രയാസമില്ല. മുമ്പില്ലാതിരുന്ന ഘടമാണ് കുലാലവ്യാപാരം കൊണ്ടുണ്ടാകുനന്ത്. അസദ്ഭാവമാകുന്ന ശൂന്യാവസ്ഥയിൽനിന്നു സദ്ഭാവമാകുന്ന ഉല്പത്തിയെ പ്രാപിക്കുകയാണെന്നർത്ഥം. കുടം ഉല്പത്തിക്കു മുമ്പുതന്നെ മണ്ണിലുണ്ടായിരുന്നതും കുലാലപ്രയത്നത്താൽ പുറത്തേയ്ക്കു പൊങ്ങി വരുന്നതുമല്ലല്ലോ. സകലദൃശ്യപ്രപഞ്ചത്തിന്റെയും നില ഇതാണ്. അതുകൊണ്ട് ശൂന്യതയാണ് ആത്മാവെന്നുതന്നെ അംഗീകരിക്കണം. അതാണ് എല്ലാംകൊണ്ടും യുക്തമായിട്ടുള്ളത്.

ഇത്രത്തോളം പുത്രാത്മവാദം മുതൽ ശൂന്യാത്മവാദം വരെ ഒമ്പതു മതങ്ങളാണ് കാണിച്ചിട്ടുള്ളത്. സ്ഥൂലത്തിൽനിന്നു സൂക്ഷ്മത്തിലേയ്ക്കു കയറിക്കയറിപ്പോകുന്ന ആത്മതത്വവിചാരത്തിന്റെ ആരോഹണസോപാനങ്ങളാണ് ഈ മതങ്ങൾ. അതിസ്ഥൂലമായ പുത്രാത്മവാദത്തിൽ നിന്ന് അതിനേക്കാൾ സൂക്ഷ്മമായ ദേഹാത്മവാദത്തിലേയ്ക്കും അതിൽനിന്ന് അതിനേക്കാൾ സൂക്ഷ്മമായ ഇന്ദ്രിയാത്മവാദത്തിലേയ്ക്കും, അവിടെനിന്ന് അതിലുമധികം സൂക്ഷ്മമായ പ്രാണാത്മവാദത്തിലേയ്ക്കും, ഇങ്ങനെ പൂർവ്വപൂർവ്വത്തേക്കാൾ സൂക്ഷ്മതയേറിയ ഉത്തരോത്തരത്തിലേയ്ക്കാണല്ലോ അത് കയറിപ്പോയിരിക്കുന്നത്. പൂർവ്വപൂർവ്വമതങ്ങൾക്കുള്ള ന്യൂനതകൾ ഉത്തരോത്തര മതോപന്യാസത്തിൽ ആവിഷ്കരിച്ചിട്ടുള്ളത്, ആ മതക്കാർ പറഞ്ഞിട്ടുള്ള യുക്തികളുടെ ശൈഥില്യവും ശ്രുത്യർഥഗ്രഹണത്തിൽ അവർക്കു വന്നി

ട്ടുള്ള വൈകല്യവും വ്യക്തമാക്കുവാനാണ്. അത് ആത്മതത്വ ജിജ്ഞാസുക്കൾ അനാത്മാക്കളായ പുത്രദേഹാഅദികളിൽ ആത്മതത്വഭ്രാന്തി നിവാരണത്തിന്നാവശ്യവുമാണ്. അതുകൊണ്ട് പുത്രാത്മവാദം മുതൽക്കുള്ള ഈ പ്രകരണം ആത്മാനാത്മ വിവേകത്തിന് അത്യന്തോപയോഗിയായിത്തീരുന്നു. പ്രകരണാ രംഭത്തിൽ അഞ്ഞൂറ്റിരുപതാമത്തെ പദ്യത്തിൽ ഇതു പറഞ്ഞിട്ടു മുണ്ടല്ലോ.

ഇത്യേവം പണ്ഡിതമ്മന്യൈഃ പരസ്പരവിരോധിഭിഃ
തത്തന്മതാനുരൂപാല്പശ്രുതിയുക്ത്യാനുഭൂതിഭിഃ 577

നിർണ്ണീതമതജാതാനി ഖണ്ഡിതാന്യേവ പണ്ഡിതൈഃ
ശ്രുതിഭിശ്ചാപ്യനുഭവൈഃ ബാധകൈഃ പ്രതിവാദിനാം 578

ഇപ്രകാരം ഭിന്നാഭിപ്രായക്കാരും അതുനിമിത്തം പരസ്പരം സ്പർദ്ധാലുക്കളുമായ ചില പണ്ഡിതമാനികളാൽ നിസ്സാരങ്ങളായ യുക്തികളും അനുഭവങ്ങളുമടിസ്ഥാനപ്പെടുത്തിയും, താല്പര്യം തെറ്റിദ്ധരിച്ചും ചില ശ്രുതിവാക്യങ്ങളെ തങ്ങൾക്കനുകൂലങ്ങ ളായി കരുതിയും സമർത്ഥിക്കപ്പെട്ട ഈ മതങ്ങളെല്ലാം യഥാർത്ഥ പാണ്ഡിത്യമുള്ളവർ ബാധകങ്ങളായ ശ്രുതികളും അനുഭവങ്ങളുമെടുത്തുകാട്ടി ഖണ്ഡിച്ചിട്ടുണ്ട്.

യതസ്തസ്മാത്തു പുത്രാദേഃ ശൂന്യാന്തസ്യ വിശേഷതഃ
സുസാധിതമനാത്മത്വം ശ്രുതിയുക്ത്യനുഭൂതിഭിഃ 579

അതുകൊണ്ട് പുത്രൻ മുതൽ ശൂന്യം വരെ പ്രതിവദികൾ പറഞ്ഞതിനൊന്നിനും ആത്മത്വം കല്പിക്കുവാൻ ശ്രുതിയുടേയോ യുക്തിയുടേയോ അനുഭവത്തിന്റേയോ സംവാദമില്ലെന്നു സിദ്ധ മായി.

നഹി പ്രമാണാന്തരബാധിതസ്യ
യാഥാർത്ഥ്യമംഗീക്രിയതേ മഹദ്ഭിഃ
പുത്രാദിശൂന്യാന്തമനാത്മതത്ത്വ
മിത്യേവ വിസ്പഷ്ടമതസ്സുജാതം 580

പ്രബലമായ പ്രമാണാന്തരം ബാധകമായിട്ടില്ലെങ്കിൽ മാത്രമാണ് ഏത് പ്രമാണവും വസ്തുസാധകമാകുന്നത്. അജ്ഞനോ പ്രതാരകനോ ആയ ഒരുവൻ തീയിനു ചൂടില്ലെന്നും വെള്ളത്തിനു തണുപ്പില്ലെന്നും പറഞ്ഞാലും അത് സാധിക്കുവാൻ യുക്തികളുപന്യസിച്ചാലും ആ വാക്കും (ശബ്ദം) ആ യുക്തിയും (അനുമാനം) വസ്തുസാധകമാവില്ല. തീയിന്റെ ചൂടും, വെള്ളത്തിന്റെ തണുപ്പും പ്രബലമായ പ്രത്യക്ഷ പ്രമാണംകൊണ്ടു സിദ്ധമാണല്ലോ. അതുപോലെ പുത്രൻ മുതൽ ശൂന്യം വരെയുള്ളവയ്ക്ക് ആത്മത്വം സാധിപ്പാൻ പ്രതിവാദികൾ പറയുന്ന പ്രമാണങ്ങളും ബലവത്തരങ്ങളായ ശ്രുതിയുക്തിഅനുഭവങ്ങളാൽ ബാധിതങ്ങളാകുന്നതുകൊണ്ട് പ്രമാണാഭാസങ്ങളും വസ്തുസാധനത്തിൽ അപര്യാപ്തങ്ങളുമാകുന്നു. അക്കാരണത്താൽ തന്നെ തത്സാധിതമതത്തിന്നു യാഥാർത്ഥ്യം വിചാരശീലന്മാരായ മഹാന്മാർ അംഗീകരിക്കയില്ല. അതുകൊണ്ട് പുത്രാദികളൊമ്പതും ആത്മാവല്ലെന്നു വന്നുകൂടി.

ശിഷ്യഃ

സുഷുപ്തികാലേ സകലേ വിലീനേ
ശൂന്യം വിനാ നാന്യാദിഹോ*f*പലഭ്യതേ

ശൂന്യം ത്വനാത്മാ ന തതഃ പരഃ കോ–
പ്യാത്മാഭിധാനസ്ത്വനുഭൂയതേ*f*ർത്ഥഃ 581

ശിഷ്യൻ: സുഷുപ്തികാലത്തിൽ ദേഹേന്ദ്രിയബുദ്ധ്യാദിക ളെല്ലാം വിലയം പ്രാപിക്കുന്നു. അക്കാലത്തു വെറും ശൂന്യത യുടെ മാത്രമല്ലാതെ മറ്റൊന്നിന്റെയും ഉപലബ്ധിയില്ല. ആ ശൂന്യത ആത്മാവല്ലെന്നും പറയുന്നു. അതിൽനിന്നു വ്യത്യസ്തമായി ആത്മാവെന്നു പറയാവുന്ന ഒരു വസ്തുവിന്റെയും അനുഭവം അപ്പോളില്ലല്ലോ.

യദ്യസ്തി ചാത്മാ കിമു നോപലഭ്യതേ
സുപ്തൗ യഥാ തിഷ്ഠതി കിം പ്രമാണം
കിം ലക്ഷണോfസൗ സ കഥന്ന ബാദ്ധ്യതേ
പ്രബാദ്ധ്യമാനേഷഹമാദിഷു സ്വയം 582

ശൂന്യതയിൽ നിന്നു ഭിന്നമായി ഒരാത്മാവുണ്ടെങ്കിൽ സ്വാപാ വസ്ഥയിൽ അതിന്റെ ഉപലംഭം ഇല്ലാത്തത് എന്തുകൊണ്ടാണ് തത്സത്താസാധകപ്രമാണമെന്താണ്? അതിന്റെ ലക്ഷണസ്വരൂപാ ദികൾ എന്ത്? അഹങ്കാരാദികളെല്ലാം ബാധിതമാകുന്ന സുപ്തി യിൽ അതു ബാധകമാകാതിരിക്കുന്നതെങ്ങനെ?

ഏതത്സംശയജാതം മേ ഹൃദയഗ്രന്ഥിലക്ഷണം
ഛിന്ധി യുക്തിമഹാഖൾഗധാരയാ കൃപയാ ഗുരോ 583

എന്റെ ഹൃദയത്തിൽ ഗ്രന്ഥികളായി തീർന്നിട്ടുള്ള ഈ സംശയങ്ങളെല്ലാം, അല്ലയോ ഗുരോ, മൂർച്ചയേറിയ യുക്തി യാകുന്ന വാൾത്തലകൊണ്ട് ഛേദിക്കുവാൻ അവിടുത്തേയ്ക്കു കൃപയുണ്ടാകേണമേ.

ശ്രീഗുരുഃ

അതിസൂക്ഷ്മതരഃ പ്രശ്നസ്തവായം സദൃശോ മതഃ
സൂക്ഷ്മർത്ഥദർശനം സൂക്ഷ്മബുദ്ധിഷ്വേവ പ്രദൃശ്യതേ 584

ശ്രീഗുരു പറഞ്ഞു: ഈ ചോദ്യം ഏറ്റവും സൂക്ഷ്മമായ അംശത്തെ സ്പർശിച്ചുകൊണ്ടുള്ളതാണ്. ഇതു നിനക്കു യോജിച്ചതുതന്നെ. സൂക്ഷ്മാർത്ഥം കാണുന്ന സ്വഭാവം സൂക്ഷ്മ ബുദ്ധികളിൽ മാത്രം കാണുന്നതാണല്ലോ.

ശൃണു വക്ഷ്യാമി സകലം യദ്യൽ പൃഷ്ടം ത്വയാധുനാ
രഹസ്യം പരമം സൂക്ഷ്മം ജ്ഞാതവ്യഞ്ച മുമുക്ഷുഭിഃ 585

നീ ചോദിച്ചതിനെല്ലാം സമാധാനം ഞാൻ പറയാം. ശ്രദ്ധിച്ചു കേൾക്കുക. ഇത് അത്യന്തം രഹസ്യമാണ്, സൂക്ഷ്മമാണ്. മുമുക്ഷുക്കൾ അറിഞ്ഞിരിക്കേണ്ടതുമാണ്.

ബുദ്ധ്യാദി സകലം സുപ്തൗ അനുലീനം സ്വകാരണേ
അവ്യക്തേ വടവദ്ബീജേ തിഷ്ഠത്യവികൃതാത്മനാ 586

സുപ്തികാലത്തിൽ ബുദ്ധ്യാദികളായ വ്യാകൃതപ്രപഞ്ച മെല്ലാം പേരാൽമരം അതിന്റെ ഉപാദാനകാരണമായ വിത്തി ലെന്നപോലെ സ്വകാരണമായ അവ്യക്തത്തിൽ ലയിച്ച് അവ്യാകൃതരൂപത്തിൽ വർത്തിക്കുന്നു.

തിഷ്ഠത്യേവ സ്വരൂപേണ ന തു ശൂന്യായതേ ജഗൽ
ക്വചിദങ്കുരരൂപേണ ക്വചിദ്ബീജാത്മനാ വടഃ
കാര്യകാരണരൂപേണ തഥാ തിഷ്ഠത്യദസ്തഥാ 587

ചിലപ്പോൾ കാര്യമായ അങ്കുരത്തിന്റെ രൂപത്തിൽ വർത്തി ക്കുന്ന വടവൃക്ഷം മറ്റു ചിലപ്പോൾ കാരണമായ ബീജത്തിന്റെ രൂപത്തിൽ വർത്തിക്കുന്നതുപോലെ ബുദ്ധ്യാദികൾ സുപ്തികാല ത്തിൽ സൂക്ഷ്മസ്വരൂപങ്ങളായി സ്ഥിതിചെയ്യുന്നതു കൊണ്ട് ജഗത്ത് ശൂന്യപ്രായമാകുമെങ്കിലും വാസ്തവത്തിൽ ശൂന്യമാകു ന്നില്ല.

അവ്യാകൃതാത്മനാവസ്ഥാം ജഗതോ വദതി ശ്രുതിഃ
സുഷുപ്ത്യാദിഷു തദ്ഭേദം തർഹ്യവ്യാകൃതമിത്യസൗ 588

സുഷുപ്തികാലത്തിൽ ജഗത്ത് അവ്യാകൃതരൂപത്തിൽ അവസ്ഥിതമാകുന്നുണ്ടെന്നു ശ്രുതിയും വ്യക്തമായി പറയുന്നു.

ഇമമർത്ഥമവിജ്ഞായ നിർണീതം ശ്രുതിയുക്തിഭിഃ
ജഗതോ ദർശനം ശൂന്യമിതി പ്രാഹുരതദ്വിദഃ 589

ശ്രുതിപ്രമാണത്താലും യുക്തിപ്രാബല്യത്താലും നിർണ്ണയിക്കപ്പെട്ടിട്ടുള്ള ഈ പരമാർത്ഥം മനസ്സിലാക്കാത്തവരാണ് സുഷുപ്തികാലത്തിൽ ജഗത്തു ശൂന്യമാകുന്നുവെന്നു വിചാരിക്കുന്നതും ഘോഷിക്കുന്നതും.

നാസതസ്സത ഉൽപത്തിഃ ശ്രൂയതേ ന ച ദൃശ്യതേ
ഉദേതി നരശൃംഗാൽ കിം ഖപുഷ്പാൽ കിം ഭവിഷ്യതി 590

അസത്തിൽനിന്നു സത്തിന്റെ ഉല്പത്തി എങ്ങും കേട്ടിട്ടുമില്ല, കണ്ടിട്ടുമില്ല. നരശൃംഗം അസത്താണ്. ഗോമഹിഷാദികൾക്കുള്ളതുപോലെ മനുഷ്യനു കൊമ്പില്ലല്ലോ. നരശൃംഗത്തിൽ നിന്ന് എന്തെങ്കിലുമൊന്നുണ്ടാകുന്നുണ്ടോ? സ്ഥലപുഷ്പവും ജലപുഷ്പവും പോലെ ആകാശപുഷ്പമെന്നൊന്നില്ല. അസത്തായ ആകാശപുഷ്പത്തിൽനിന്ന് ഉണ്ടായതായിട്ടും ഒന്നുമില്ല.

പ്രഭവതി നഹികുംഭൊƒവിദ്യാമാനൊ മൃദശ്ചെൽ
പ്രഭവതു സികതായാ വാഥവാ വാരിണൊ വാ
നഹി ഭവതി ച താഭ്യാം സർവ്വഥാ ക്വാപി തസ്മാൽ
യത ഉദയതി യൊƒർത്ഥോƒസ്ത്യത്ര തസ്യ സ്വഭാവഃ 591

അസത്തിൽനിന്ന് സത്ത് ഉണ്ടാവില്ലെന്നതുപോലെത്തന്നെ ഇല്ലാത്തത് ഉണ്ടാവില്ലെന്നും ഓർക്കേണ്ടതുണ്ട്. ഒരു വസ്തു

ഉണ്ടാകുന്നുവെങ്കിൽ അത് ഉല്പത്തിക്കുമുമ്പും ഉള്ളതായിരിക്കണമെന്നു സാരം. മണ്ണിൽനിന്നു കുടം ഉണ്ടാകുന്നു. ഈ കുടം അതിന്റെ ഉല്പത്തിക്കുമുമ്പു മണ്ണിലില്ലാതിരുന്നതല്ല, അങ്ങനെയായിരുന്നുവെങ്കിൽ അതു മണ്ണിൽനിന്നു മാത്രം ഉണ്ടാകുവാൻ കാരണമെന്ത്, മണലിൽനിന്നോ വെള്ളത്തിൽനിന്നോ മറ്റോ ഉണ്ടാകാത്തതെന്തുകൊണ്ട്? ഒരുകാലത്തും ഒരിടത്തും അവയിൽ നിന്നുണ്ടാകുന്നുമില്ല. അതുകൊണ്ട് ഏതൊരു വസ്തു ഏതൊന്നിൽ നിന്നുണ്ടാകുന്നുവോ, ആ വസ്തു അതിന്റെ ഉല്പത്തികാരണമാകുന്നതിൽ ഉല്പത്തിക്കു മുമ്പും സൂക്ഷ്മരൂപമായി വർത്തിക്കുന്നുണ്ടെന്നു സ്വീകരിക്കണം.

നൈയായകാദികൾ അസൽക്കാര്യവാദികളാണ്. അവരുടെ മതത്തിൽ കുടം ഉണ്ടാകുന്നതിനുമുമ്പു മണ്ണിൽ അതില്ല. ഇല്ലാതിരുന്ന കുടം കുലാലവ്യാപാരംക്കൊണ്ടുണ്ടാവുകയാണ്. വേദാന്തികൾ വ്യവഹാരപ്രക്രിയകളിൽ സാംഖ്യന്റെ സൽക്കാര്യവാദം അവലംബിക്കുന്നവരായതുകൊണ്ടാണ്, കാര്യമെല്ലാം ഉല്പത്തിക്ക് മുമ്പും സ്വകാരണത്തിൽ അവ്യക്തരൂപത്തിൽ വർത്തിക്കുന്നുവെന്ന് ഇവിടെ പറഞ്ഞിട്ടുള്ളത്.

അന്യഥാ വിപരീതം സ്യാൽ കാര്യകാരണലക്ഷണം
നിയതം സർവ്വശാസ്ത്രേഷു സർവ്വലോകേഷു സർവ്വതഃ 592

അങ്ങിനെയല്ലെങ്കിൽ ഉല്പത്തിക്കുമുമ്പ് കാര്യവസ്തു കാരണപദാർത്ഥത്തിൽ സൂക്ഷ്മരൂപേണ സ്ഥിതിചെയ്യുന്നില്ലെങ്കിൽ കാര്യകാരണലക്ഷണങ്ങൾക്കു വിശേഷിച്ച് അർത്ഥമൊന്നുമുണ്ടാവില്ല, എന്നല്ല;

വിപരീതാർത്ഥമായിത്തീരുകകൂടിച്ചെയ്യും. ഉല്പത്തിക്കുമുമ്പു ഘടം മണ്ണിലില്ലെങ്കിൽ മണ്ണു ഘടത്തിന്റെ കാരണവസ്തുവാണെ

ന്നു പറയുന്നതിനെന്താണർത്ഥമുള്ളത്? അതുപോലെ ഉല്പത്തിക്കുമുമ്പ് ജഗത്ത് ബ്രഹ്മത്തിലില്ലെങ്കിൽ ബ്രഹ്മമാണ് ജഗത്തിനു കാരണമെന്നും പറയാൻ വയ്യ. എല്ലാ ശാസ്ത്രങ്ങളിലും എല്ലാ ലോകങ്ങളിലുമെന്നുവേണ്ട എല്ലാറ്റിലും ഈ വൈപരീത്യാവസ്ഥ സംഭവിക്കുമെന്നു പറയണം. അതിനാൽ കാര്യവസ്തുവിന്റെ സൽഭാവം എപ്പോഴും കാരണപദാർത്ഥത്തിലുണ്ടെന്നംഗീകരിക്കലാണ് ശരിയായിരിക്കുന്നത്. ഇല്ലെങ്കിൽ കാരണസ്വരൂപേണ ഒന്നിനേയും നിരൂപിക്കാൻ കഴിയാതെ വരും.

കഥമസതഃ സൽജായേതേതി
ശ്രുത്യാ നിഷിദ്ധ്യതേ തസ്മാൽ
അസതഃ സജ്ജനനം നോ
ഘടതേ മിത്ഥ്യൈവ ശൂന്യശബ്ദാർത്ഥഃ 593

അസൽഭാവത്തിൽനിന്നെങ്ങനെ സൽഭാവമുണ്ടാവുമെന്ന വാക്യംകൊണ്ടു ശ്രുതിതന്നെ അസത്തിൽനിന്നു സത്തിന്റെ ഉല്പത്തിയെ നിഷേധിച്ചിട്ടുണ്ട്. യുക്തിക്കും അതു യോജിക്കാൻ വയ്യ. ഇല്ലായ്മയിൽനിന്ന് ഉണ്മയുണ്ടാവുകയെന്നത് അസംഭാവ്യം തന്നെ. അതിനാൽ മണ്ണിൽ ഘടത്തിന്റെ സൂക്ഷ്മാവസ്ഥിതിയില്ലെങ്കിൽ മണ്ണിൽനിന്ന് ഘടമുണ്ടാവാൻ വയ്യ. കാര്യവസ്തുക്കളുടെ സൂക്ഷ്മനിലയിലുള്ള അവസ്ഥിതി കാരണപദാർത്ഥത്തിലുണ്ടായിരിക്കണം. ഇല്ലെങ്കിൽ അതിനെ കാരണപദാർത്ഥമെന്നു പറയാനും വയ്യ. ഘടമുണ്ടാകുനതിനുമുമ്പേ മണ്ണിൽ ഘടത്തിന്റെ ശൂന്യത്വമല്ല; അവ്യക്തത്വമാണുള്ളത്. ശൂന്യമെന്നു പറഞ്ഞാൽ ഇല്ലായ്മ അല്ലെങ്കിൽ മിത്ഥ്യയെന്നർത്ഥമാണ്. അങ്ങിനെയാണെങ്കിൽപിന്നെ ഘടമുണ്ടാവാനും വയ്യ. അവ്യക്തത്വമെന്നു പറഞ്ഞാൽ പ്രത്യക്ഷത്തിൽ പ്രകാശിക്കായ്കയും സൂക്ഷ്മരൂപേണയുള്ള സ്ഥിതിയും എന്നാണർത്ഥം. കാര്യ

പദാർത്ഥത്തിന്റെ അവ്യക്തതയാണ് കാരണവസ്തുവിലുള്ളത്. അല്ലാതെ ശൂന്യതയല്ല.

അവ്യക്തശബ്ദിതേ പ്രാജ്ഞേ സത്യാത്മന്യത്ര ജാഗ്രതി
കഥം സിദ്ധ്യതി ശൂന്യത്വം തസ്യ ഭ്രാന്തശിരോമണേ! 594

അവ്യക്തമെന്നു പറഞ്ഞാൽ പറയപ്പെട്ട വസ്തു ഇല്ലെന്നല്ല. ഉണ്ടെന്നാണർത്ഥം. വേണ്ടത്ര പ്രകാശിക്കുന്നില്ലെന്നേ ഉള്ളൂ. എന്നാൽ ശൂന്യശബ്ദത്തിന് ഇല്ലെന്നുതന്നെ അർത്ഥവുമാണ്. ആ സ്ഥിതിക്ക് അവ്യക്തശൂന്യശബ്ദങ്ങൾ അന്യോന്യവിരുദ്ധങ്ങളായ അർത്ഥങ്ങളെ കാണിക്കുന്നവയാണ്. പിന്നെയെങ്ങിനെ അവ്യക്ത ശബ്ദത്തിന് ശൂന്യമെന്നർത്ഥമാവും? അതു ശരിയല്ല. ഭ്രമം കൊണ്ടാണങ്ങിനെ തോന്നുന്നത്.

സുഷുപ്തൗ ശൂന്യമേവേതി കേന പുംസാ തവേരിതം
ഹേതുനാനുമിതം കേന കഥം ജ്ഞാനം ത്വയോച്യതാം 595

പിന്നെ സുഷുപ്തിയിൽ എല്ലാ കരണവും വൃത്തികളുമട ങ്ങുമ്പോൾ ശൂന്യമാണുള്ളതെന്നു പറഞ്ഞുവല്ലോ. ആരാണ് പറഞ്ഞത് ശൂന്യമാണ് സുഷുപ്തിയിലെന്ന്? സുഷുപ്തിയെ അനുഭവിച്ചുവെന്നും സുഷുപ്തിയിൽ ഒന്നും അറിയപ്പെട്ടിട്ടി ല്ലെന്നും പിന്നീട് പറയുന്നില്ലേ? ഒന്നും അറിയായ്മയാകുന്ന അജ്ഞാനത്തെയും, സുഷുപ്തിയെയും ഒരാളനുഭവിക്കുന്നില്ലേ? അതുകൊണ്ടല്ലേ പിന്നീട് സ്മരിച്ച് പറയാൻ കഴിയുന്നത്. അനുഭവിക്കുന്ന ആളും അനുഭവവും, അനുഭവിക്കപ്പെടുന്ന വസ്തുവും അടങ്ങിയ സുഷുപ്തി എങ്ങിനെ ശൂന്യമാവും? എന്തു കാരണം കൊണ്ടാണ് സുഷുപ്തിയിൽ ശൂന്യതയാണുള്ളതെ ന്നനുമാനിച്ചത്? പിന്നെ സുഷുപ്തിയിൽ ശൂന്യതയാണുള്ളതെ ങ്കിൽ ആ ശൂന്യതയെ അറിഞ്ഞ അറിവേതാണ്? അത്

സുഷുപ്തിയിൽ ഉള്ളതോ ഇല്ലാത്തതോ? ഏതാണ്? സുഷുപ്തിയിൽ ശൂന്യതയില്ല. മേൽപ്പറഞ്ഞ കാര്യങ്ങളെ നിരൂപിക്കുമ്പോൾ അത് ബോദ്ധ്യമാവുകയും ചെയ്യും.

ഇതി പൃഷ്ടോ മൂഢതമോ വദിഷ്യതി കിമുത്തരം
നൈവാനുരൂപകം ലിംഗം വക്താ വാ നാസ്തി കശ്ചന
സുഷുപ്തിസ്ഥിതശൂന്യസ്യ ബോദ്ധാ കോന്വാത്മനഃ പരഃ 596

മുൻപറയപ്പെട്ട ചോദ്യങ്ങൾ കേവലം മൂഢനായ ഒരാളോടു ചോദിച്ചാൽപോലും അയാളെന്തു പറയും? സുഷുപ്തിയിൽ ഒന്നും വ്യക്തമായിരുന്നില്ല. അതിനാൽ ഇന്ന രൂപത്തിലുള്ള താണ് സുഷുപ്തിയെന്നു പറയാൻ വയ്യ. ആർക്കും പറയാൻ സാധിക്കില്ലെന്നു തന്നെ പറയണം. എന്നാൽ ഈ വസ്തുതയെ അറിയുന്നതാരാണെന്നാണെങ്കിൽ അതു ഞാനല്ലാതെ മറ്റാരുമ ല്ലെന്നേ പറയൂ. സുഷുപ്തിയിലും ആത്മാവ് പ്രകാശിക്കുന്നു വെന്നതിന് ഇതിൽകൂടുതലെന്തു തെളിവാണ് വേണ്ടത്?

സ്വേനാനുഭൂതം സ്വയമേവ വക്തി
സ്വസുപ്തികാലേ സ്ഥിതശൂന്യഭാവം
തത്ര സ്വസത്താമനവേക്ഷ്യ മൂഢഃ
സ്വസ്യാപി ശൂന്യത്വമയം ബ്രവീതി 597

താൻ തന്നെ അനുഭവിച്ചതാണ് സുഷുപ്തിയിലെ അജ്ഞാനം. അതിനെയാണ് ജാഗ്രത്തിലേക്കു വന്നതിനുശേഷം സ്മരിച്ചു പറയുന്നതും. താൻ അനുഭവിക്കാത്ത ഒന്നിനെ ഒരാൾക്കെങ്ങനെയാണ് പിന്നീടു സ്മരിക്കാൻ കഴിയുന്നത്? അവിടെ താനൊഴിച്ചു മറ്റൊന്നുമില്ലായ്കയാൽ മൂഢതകൊണ്ടു തന്റെ സത്തയെ ആത്മസത്തയെ അറിയുന്നില്ല. അപ്പോൾ താനാകുന്ന ആത്മാവുമില്ല സുഷുപ്തിയിലെന്നു പറയുകയാണ്.

വാസ്തവത്തിൽ അതു ശരിയല്ല. താനില്ലെങ്കിൽ പിന്നെ ആരാണ് സുഷുപ്തിയെ അറിഞ്ഞതും അനുഭവിച്ചതും? അതിനാൽ സുഷുപ്തിയിൽ കേവലം ശൂന്യതമാത്രമല്ല. അതിനു സാക്ഷി യായ ആത്മാവുണ്ടെന്നും, പ്രസ്തുത ആത്മചൈതന്യത്തിലാണ് സുഷുപ്ത്യവസ്ഥപോലും വിളങ്ങുന്നതെന്നും വിശ്വസിക്കാതിരി ക്കാൻ വയ്യ.

അവേദ്യമാനഃ സ്വയമന്യലോകൈഃ
സൗഷുപ്തികം ധർമ്മമവൈതി സാക്ഷാൽ
ബുദ്ധ്യാദ്യഭാവസ്യ ച യോത്ര ബോദ്ധാ
സ ഏഷ ആത്മാ ഖലു നിർവ്വികാരഃ **598**

ഒരാളുടെ സുഷുപ്തിയിലെ അനുഭവത്തിനെ മറ്റൊരാൾ ക്കറിയാൻ കഴിയില്ലെന്നകാര്യം തീർച്ചയാണ്. തന്റെ സ്വന്തം സുഷുപ്ത്യനുഭവത്തെത്തന്നെ ഒരാൾക്കു വേണ്ടപോലെ അറിയാൻ കഴിയുന്നില്ലെന്നിരിക്കെ മറ്റൊരാളുടെ സുഷുപ്ത്യനു ഭവത്തെ എങ്ങനെ അറിയാൻ കഴിയും? ആ സ്ഥിതിക്കു തന്റെ സുഷുപ്ത്യനുഭവത്തെക്കുറിച്ച് വല്ല അറിവും ഒരാൾക്കുണ്ടാ കുന്നുവെങ്കിൽ അതു തന്റെ തന്നെ അനുഭവമാണല്ലോ. ബുദ്ധി, മനസ്സ്, ഇന്ദ്രിയങ്ങൾ എന്നിവ സുഷുപ്തിയിൽ ഉണ്ടായിരുന്നി ല്ലെന്നും, ഒന്നും അറിയപ്പെട്ടിട്ടില്ലെന്നും അറിഞ്ഞതു താനല്ലാതെ മറ്റാരാണ്? യാതൊരു വികാരത്തിനും വിധേയനാകാതെ സാക്ഷിമാത്രനായി നിന്നുകൊണ്ട് ഏതൊരു ചൈതന്യമാണോ സുഷുപ്തിയിൽ മുൻപറഞ്ഞ കാര്യങ്ങളെ അറിയുന്നത്; ആ ചൈതന്യം തന്നെ ആത്മാവ്.

യസ്യേദം സകലം വിഭാതിമഹസാ
തസ്യ സ്വയം ജോതിഷാ
സൂര്യസ്യേവ കിമസ്തി ഭാസകമിഹ

പ്രജ്ഞാദിസർവ്വം ജഡം
ന ഹ്യർക്കസ്യ വിഭാസകം ക്ഷിതിതലേ
ദൃഷ്ടം തഥൈവാത്മനോ
നാന്യഃ കോപ്യനുഭാസകോ$\mathcal{f}$ത്ര ഭവിതാ
നാതഃ പരഃ കശ്ചന 599

എന്നാൽ എന്തുകൊണ്ടു പ്രസ്തുത ആത്മചൈതന്യം ബുദ്ധ്യാദികരണങ്ങളെക്കൊണ്ട് അറിയപ്പെടുന്നില്ല? എന്നാണെങ്കിൽ പറയാം. ഏതൊരാദിത്യന്റെ പ്രകാശം കൊണ്ട് ഈ ജഗത്തു മുഴുവൻ പ്രകാശിക്കുന്നുവോ; ആ ആദിത്യനെ ജഗത്തിലുള്ള ഏതെങ്കിലും വസ്തുവിനെങ്ങനെ പ്രകാശിപ്പിക്കാൻ കഴിയും? ഒരിക്കലും സാദ്ധ്യമല്ല. ജഗൽപദാർത്ഥങ്ങളെല്ലാം ജഡങ്ങളാണ്. അവയെ ആദിത്യചൈതന്യം പ്രകാശിപ്പിക്കുന്നതല്ലാതെ അവയ്ക്കൊന്നിനും ആദിത്യനെ പ്രകാശിപ്പിക്കാൻ കഴിയില്ല. അതുപോലെ ബുദ്ധി, മനസ്സ്, ഇന്ദ്രിയങ്ങൾ തുടങ്ങിയവയെല്ലാം ജഡങ്ങളാണ്. ആത്മചൈതന്യത്തിലാണ് അവ വിളങ്ങുന്നത്. ആ സ്ഥിതിക്ക് അവയ്ക്കെങ്ങനെ ആത്മാവിനെ പ്രകാശിപ്പിക്കാൻ സാധിക്കും? ഒരിക്കലും സാദ്ധ്യമല്ല. അതിനാൽ ആത്മാവിനെ അറിയാനും അനുഭവിക്കാനുംകൂടി ആത്മാവല്ലാതെ മറ്റാരുമില്ല. ആത്മേതരങ്ങളായ കരണങ്ങളെല്ലാം ജഡങ്ങളും, ആത്മാവ് ചൈതന്യവുമാകയാൽ ആത്മേതരവസ്തുക്കൾക്കൊന്നും ആത്മാവിനെ അറിയാനോ, പ്രകാശിപ്പിക്കാനോ, അനുഭവിക്കാനോ സാദ്ധ്യമല്ല. അതാണ് ഇന്ദ്രിയാദികരണജ്ഞാനം മാത്രമുള്ള സാധാരണജനങ്ങൾക്ക് ആത്മജ്ഞാനമുണ്ടാവാതിരിക്കാനും കാരണം.

യേനാനുഭൂയതേ സർവ്വം ജാഗ്രൽസ്വപ്നസുഷുപ്തിഷു
വിജ്ഞാതാരമിമം കോത്ര കഥം വേദിതുമർഹതി 600

ജാഗ്രൽസ്വപ്നസുഷുപ്തികളാകുന്ന അവസ്ഥാത്രയമാണ് എല്ലാ പ്രപഞ്ചങ്ങളുടേയും, സംസാരത്തിന്റെ ഒട്ടാകെത്തന്നേയും സ്ഥാനം അല്ലെങ്കിൽ അതൃത്തി. അവസ്ഥാത്രയത്തിന്റെ പുറത്ത് സംസാരമില്ല. പ്രസ്തുത അവസ്ഥാത്രയത്തേയും, അവയിലടങ്ങിയ സംസാരത്തേയും മുഴുവൻ തന്നിൽനിന്നു വേറെയായിക്കാണുകയും, അനുഭവിക്കുകയും ചെയ്തുകൊണ്ട് അവയ്ക്കു സാക്ഷിമാത്രനായിരിക്കുന്നൊരാൾ അവസ്ഥാത്രയത്തിന്നുള്ളിൽ പെട്ടവനല്ലെന്നു പറയേണ്ടതില്ലല്ലോ. അതാണ് ആത്മാവിന്റെ സ്ഥിതി. അങ്ങനെയുള്ള ആത്മചൈതന്യത്തെ അവസ്ഥാത്രയത്തിനുള്ളിൽപ്പെട്ട ജഡങ്ങളായ ബുദ്ധ്യാദികൾക്കെങ്ങനെ അറിയാൻ കഴിയും? കൂടാതെ അവസ്ഥാത്രയവും അതിനുള്ളിലുള്ള സംസാരവും മുഴുവൻ വിളങ്ങുന്നത് ആത്മപ്രകാശത്തിലാണ്. ആത്മാവുമാത്രം ചൈതന്യവും ബാക്കിയെല്ലാം ജഡങ്ങളുമാണെന്നു പറഞ്ഞുവല്ലോ. ജഡങ്ങളായ ബുദ്ധ്യാദികൾ ചൈതന്യസ്വരൂപനായ ആത്മാവിനെ അറിയുന്നില്ലെങ്കിൽ അതും അത്ഭുതമല്ല. അവയ്ക്ക് അറിയാൻ കഴിയില്ല ആത്മചൈതന്യത്തെ, അതുകൊണ്ടുതന്നെയാണറിയാത്തതും.

സർവ്വസ്യ ദാഹകോ വഹ്നിർവ്വഹ്നേർന്നാന്യോസ്തി ദാഹകഃ
യഥാ തഥാത്മനോ ജ്ഞാതുർജ്ഞാതാ കോപി ന ദൃശ്യതേ 601

എല്ലാ പാദർത്ഥങ്ങളെയും ദഹിപ്പിക്കുന്ന ദാഹകശക്തിയാണ് അഗ്നി. അങ്ങനെയുള്ള അഗ്നിയെ മറ്റൊരു പദാർത്ഥത്തിനെങ്ങനെ ദഹിപ്പിക്കാൻ കഴിയും? ഒരിക്കലും സാധിക്കില്ലെന്നു പറയണം. അഗ്നിയുടെ തീക്ഷ്ണമായ ദാഹകശക്തിയിൽപ്പെട്ടു ദഹിക്കാനല്ലാതെ അഗ്നിയെ ദഹിപ്പിക്കാനുള്ള കഴിവ് ഒരു പദാർത്ഥത്തിനുമില്ല. അതുപോലെ എല്ലാറ്റിനേയും അറിയുന്ന അറിവാകുന്ന ആത്മചൈതന്യത്തെ മറ്റൊരു പദാർത്ഥത്തിനെങ്ങനെ അറിയാൻ കഴിയും? ഒരിക്കലും കഴിയില്ല. അതിനാൽ

ആത്മാവിനെ ആത്മാവല്ലാതെ മറ്റൊന്നുംതന്നെ അറിയുന്നില്ലെ ന്നു താല്പര്യം.

ഉപലഭ്യേത കേനായം ഹ്യുപലബ്ധാ സ്വയം തതഃ
ഉപലബ്ധ്യന്തരാഭാവാൻ നായമാത്മോപലഭ്യതേ 602

ആത്മാവു സ്വയമേവ അറിയപ്പെടുകയും, അനുഭവിക്ക പ്പെടുകയുമല്ല. ആത്മാവിനെ അറിയുകയോ, അനുഭവിക്കുകയോ ചെയ്യുന്ന മറ്റൊരു ചൈതന്യമോ, കാരണമോ ഇല്ല. ആത്മേതര വസ്തുക്കളെല്ലാം ജഡങ്ങളാണെന്നു പറഞ്ഞുവല്ലോ. ചൈതന്യ വസ്തുവായിട്ടിരിക്കുന്നത് ആത്മാവുമാത്രം. ആത്മാവിന്റെ ചൈതന്യമാണ് ബുദ്ധ്യാദികരണങ്ങളിൽക്കൂടെ അറിവു തുടങ്ങിയ സ്വരൂപത്തിൽ ഒഴുകുന്നത്. അങ്ങനെയുള്ള ആത്മ ചൈതന്യത്തെ ജഡങ്ങളായ ബുദ്ധ്യാദികരണങ്ങൾക്കെങ്ങനെ അറിയാനോ അനുഭവിക്കാനോ കഴിയും? ഒരിക്കലും കഴിയില്ലെന്നു താല്പര്യം.

ബുദ്ധ്യാദിവേദ്യവിലയാദയമേക ഏവ
സുപ്തൗ ന പശ്യതി ശൃണോതി ന വേത്തികിഞ്ചിൽ
സൗഷുപ്തികസ്യ തമസഃ സ്വയമേവ സാക്ഷീ
ഭൂത്വാത്ര തിഷ്ഠതി സുഖേന ച നിർവ്വികല്പഃ 603

സുഷുപ്തിയിൽ ബുദ്ധി തുടങ്ങിയ വേദ്യവസ്തുക്കളെല്ലാം ലയിക്കുന്നു. ആത്മചൈതന്യം മാത്രമാണ് അവിടെ ഏകനായി ശേഷിക്കുന്നത്. ആ സമയത്ത് ഒന്നിനേയും കാണുകയോ കേൾക്കുകയോ അറിയുകയോ ചെയ്യുന്നില്ല. ആത്മാവു മാത്രമേ ഉള്ളൂ അപ്പോഴെന്നതിന്റെ തെളിവാണല്ലോ അത്. സുഷുപ്തി യിലെ അജ്ഞാനത്തിനു സാക്ഷിമാത്രനായി നിർവ്വികല്പ സ്വരൂപേണ വിളങ്ങുന്നു ആത്മചൈതന്യം. സുഷുപ്ത്യവസ്ഥ

യും, അതിലെ ജ്ഞാനവും വിളങ്ങുന്നതും ആ ആത്മജ്യോതിസ്സിൽതന്നെ. ആത്മാവല്ലാതെ മറ്റൊന്നുമില്ല. സുഷുപ്തിയിലെന്നതിനാൽ അജ്ഞന്മാർക്കു സുഷുപ്തി ശൂന്യമാണെന്നു തോന്നുന്നു എന്നു മാത്രം.

സുഷുപ്താവാത്മസൽഭാവേ പ്രമാണം പണ്ഡിതോത്തമാഃ
വിദുഃ സ്വപ്രത്യഭിജ്ഞാനമാബാലവൃദ്ധസമ്മതം 604

സുഷുപ്തിയിൽ ആത്മാവിന്റെ സൽഭാവമുണ്ടെന്നതിനു പണ്ഡിതന്മാർ അവരവരുടെ തന്നെ സ്മരണാപൂർവ്വമുള്ള അറിവിനെയാണ് പ്രമാണമായിപ്പറഞ്ഞുവരുന്നത്. അനുഭവത്തേക്കാൾ വലിയ പ്രമാണം മറ്റൊന്നില്ലല്ലോ. "ഞാനൊന്നും അറിഞ്ഞില്ല; സുഖമായുറങ്ങി" എന്നു സുഷുപ്തിയിൽനിന്നുണർന്നു വരുന്ന ഏതൊരാളും പറയാറുണ്ട്. അതിൽനിന്നു ഞാനെന്ന ശബ്ദം കൊണ്ടു സൂചിപ്പിച്ച ആത്മസത്തയുണ്ടായിരുന്നുവെന്നു തെളിയുന്നുണ്ട്. ഒന്നും അറിഞ്ഞില്ലെന്ന പ്രതിപാദനം കൊണ്ട് അജ്ഞാനമുണ്ടായിരുന്നുവെന്നും വ്യക്തമാവുന്നുണ്ട്. സുഖമായുറങ്ങിയെന്ന വാക്യംകൊണ്ട് ആത്മലക്ഷണമായ ആനന്ദം പ്രകാശിച്ചിരുന്നുവെന്നും വരുന്നു. ഇതുകൊണ്ട് സുഷുപ്തിയിൽ ആത്മചൈതന്യവും, ആത്മലക്ഷണമായ ആനന്ദവുമുണ്ടായിരുന്നുവെന്നും, മറ്റൊന്നും ഉണ്ടായിരുന്നില്ലെന്നും വെളിവാവുന്നുണ്ട്. ഈ അറിവാകട്ടെ എല്ലാ മനുഷ്യർക്കും ഭേദമില്ലാതെ പൊതുവേയുള്ളതാണ്. അതിനാൽ സുഷുപ്തിയിൽ ആത്മാവിന്റെ സത്തയെ പ്രതിപാദിക്കുന്നതിന്ന് ഇതിൽ കൂടുതൽ പ്രമാണമാവശ്യമില്ല.

പ്രത്യഭിജ്ഞായമാനത്വാൽ ലിംഗമാത്രാനുമാപകം
സ്മര്യമാണസ്യ സൽഭാവഃ സുഖമസ്വാപ്സമിത്യയം 605

സുഷുപ്തിയിലെ അനുഭവത്തെ പിന്നീട് സ്മരിച്ചിട്ടാണ് പറയുന്നതെന്നതിനെന്താണ് തെളിവ്? അങ്ങനെ ഊഹിച്ച് പറയുന്നു എന്നല്ലേ ഉള്ളൂ എന്നാണെങ്കിൽ അല്ല; സ്മരിച്ചു കൊണ്ടുതന്നെ പറയുകയാണ്. ഞാൻ സുഖമായുറങ്ങി എന്ന് പറയുന്നത് സുഷുപ്തിയിൽ അനുഭവിച്ചതായ സുഖത്തെ ഓർത്തുകൊണ്ടുതന്നെയാണ്, ഒരിയ്ക്കലെങ്കിലും സുഷുപ്തിയിൽ നിന്നുണർന്നുവന്നാൽ ദുഃഖമായിരുന്നുവെന്നു പറയുന്നില്ല. സുഖമായിരുന്നുവെന്നു എല്ലാവരും എപ്പോഴും പറയുന്നുണ്ട്. അതിൽനിന്നു എല്ലാവരും സുഷുപ്തിയിൽ സുഖത്തെ അനുഭവിക്കുന്നുണ്ടെന്നും, അതിനെ പിന്നീട് സ്മരിക്കുന്നുണ്ടെ ന്നുമാണ് ധരിക്കേണ്ടത്. അതിനാൽ ഊഹിച്ചിട്ടല്ല; സ്മരിച്ചിട്ടു തന്നെയാണ് പറയുന്നത്.

പുരാനുഭൂതോ നോ ചേത്തു സ്മൃതേരനുദയോ ഭവേൽ
ഇത്യാദിതർക്കയുക്തിശ്ച സത്ഭാവേ മാനമാത്മനഃ 606

മുമ്പ് അനുഭവിക്കാത്ത ഒന്നിനെ പിന്നീട് സ്മരിക്കാൻ വയ്യെന്നു സർവ്വവിദിതമായ സംഗതിയാണ്. താർക്കികന്മാരും അതിനെ അംഗീകരിക്കുന്നു. അതിനാൽ സുഷുപ്തിക്കുശേഷം സുഖമായുറങ്ങിയെന്ന കഥനം സുഷുപ്തികാലത്തനുഭവിച്ച സുഖത്തിന്റെ ഓർമ്മകൊണ്ടുതന്നെയാണ്. ഈ ഓർമ്മതന്നെ യാണ് സുഷുപ്തിയിൽ ആത്മസത്തയെ പ്രാപിക്കുന്ന പ്രമാണം.

യത്രാത്മനോഽകാമയിതൃത്വബുദ്ധിഃ
സ്വപ്നാനപേക്ഷാപി ച തൽ സുഷുപ്തം
ഇത്യാത്മസത്ഭാവ ഉദീര്യതേത്ര
ശ്രുത്യാപി തസ്മാൽ ശ്രുതിരത്ര മാനം 607

ബാഹ്യവിഷയത്തിൽ ഒന്നിന്റേയും അനുഭവമോ, ആഗ്രഹമോ, സംബന്ധമോ ഇല്ലാതിരിക്കലും, സ്വപസ്ഫുരണമില്ലാതിരിക്കലുമാണല്ലോ സുഷുപ്തിയുടെ ലക്ഷണം. ബാഹ്യാഭ്യന്തരങ്ങളായ സ്ഥൂലസൂക്ഷ്മപ്രപഞ്ചങ്ങളിൽ ഒന്നിന്റേയും അല്പംപോലും സംബന്ധമില്ലായ്മയാണല്ലോ അതുകൊണ്ട് വ്യക്തമാവുന്നത്. ആ അവസ്ഥയിൽ ആത്മാവിന്റെ സത്ഭാവമല്ലാതെ മറ്റെന്താണുണ്ടാവുന്നത്? ശ്രുതിയും അങ്ങനെതന്നെയാണ് പറയുന്നത്. സ്ഥൂലസൂക്ഷ്മപ്രപഞ്ചങ്ങളുടെ സ്ഫുരണമോ, മനോബുദ്ധീന്ദ്രിയങ്ങളുടെ വികാസമോ ഇല്ലാത്ത സുഷുപ്തി ആത്മസൽഭാവത്തിന്റെ ലക്ഷണമാണെന്നാണ് ശ്രുതിയുടെ സിദ്ധാന്തം.

അകാമയിതൃതാ സ്വപ്നാൽ ദർശനം ഘടതേ കഥം
അവിദ്യമാനസ്യ തത ആത്മാസ്തിത്വം പ്രതീയതേ 608

അകാമത്വം ആത്മലക്ഷണമാകയാൽ സ്വപ്നത്തെ ദർശിക്കാനിഷ്ടപ്പെടുന്നില്ലെന്നു വ്യക്തമാണല്ലോ. അതിനാൽ സ്വപ്നം പ്രതിഭാസമാത്രമാണെന്നും, അതു ലയിക്കുമ്പോൾ ആത്മാവിന്റെ അസ്തിത്വം മാത്രമാണ് ശേഷിക്കുന്നതെന്നും സ്പഷ്ടമാണ്. സ്വപ്നജാഗ്രത്തുക്കളുള്ളപ്പോൾ ആത്മാവിന്റെ അസ്തിത്വത്തിന്ന് ഭംഗമില്ല. എന്നാൽ തിരമാലകളാൽ സമുദ്രമെന്നപോലെ സ്വപ്നജാഗ്രദവസ്ഥകളാൽ മറയപ്പെടുന്നു എന്നുമാത്രം.

ഏതൈഃ പ്രമാണൈരസ്തീതി ജ്ഞാതഃ സാക്ഷിതയാ ബുധൈഃ
ആത്മായം കേവലഃ ശുദ്ധഃ സച്ചിദാനന്ദലക്ഷണഃ 609

മുൻപറയപ്പെട്ട പ്രമാണങ്ങൾ വഴിക്കു വിദ്വാന്മാർ ആത്മാവിനെ അവസ്ഥാത്രയത്തിന്റെയും, കരണത്രയത്തിന്റെയും സാക്ഷിരൂപേണ അറിഞ്ഞുവരുന്നു. എല്ലാവിധഗുണവിക്രിയകൾക്കും അതീതവും, മറ്റൊന്നിന്റെയും ചേർച്ചയില്ലാത്തതിനാൽ

കേവലവും, സത്ത് ചിത്ത് ആനന്ദലക്ഷണങ്ങളോടുകൂടിയതുമായ ഈ ആത്മാവ് ഇപ്രകാരം അറിവുള്ളവരാൽ അറിയപ്പെടുന്നു. ഊഹിച്ചറിയുകയല്ല; അനുഭവിച്ചറിയുന്നു ആത്മാവിനെ എന്നു താല്പര്യം.

സത്വചിത്വാനന്ദതാദി ലക്ഷണം പ്രത്യഗാത്മനഃ
കാലത്രയേപ്യ ബാദ്ധ്യത്വം സത്യം നിത്യസ്വരൂപതഃ 610

സത്യത്വം അല്ലെങ്കിൽ സത്തായിരിക്കുന്നു; അതുമല്ലെങ്കിൽ എപ്പോഴും ഉള്ളതായിരിക്കുന്നു, പ്രകാശമാനമായിരിക്കുന്നു; ആനന്ദമയമായിരിക്കുന്നു എന്നീ മൂന്നവസ്ഥകളാണ് പ്രത്യഗാത്മാവിന്റെ ലക്ഷണങ്ങൾ. മൂന്നു കാലത്തും മാറ്റമില്ലായ്മയും, ശാശ്വതമായിരിക്കുന്നു; എപ്പോഴും എവിടെയും ഉള്ളതായിട്ടിരിക്കുന്നു എന്ന അവസ്ഥയും സത്യത്വത്തിന്നു തെളിവാണ്.

ശുദ്ധചൈതന്യരൂപത്വം ചിത്ത്വം ജ്ഞാനസ്വരൂപതഃ
അഖണ്ഡസുഖരൂപത്വാദാനന്ദത്വമിതീര്യതേ 611

എപ്പോഴും എവിടെയും എല്ലാറ്റിലും ചൈതന്യസ്വരൂപമായിരിക്കുന്നു; ജഡങ്ങളായ ജഗൽവസ്തുക്കളെയെല്ലാം പ്രകാശിപ്പിക്കുകയും അറിയുകയും ചെയ്യുന്നു എന്നുള്ളതു ചിത്ത്വത്തിന്റെയും തെളിവാണ്. അതുപോലെ മുറിവില്ലാത്ത ആനന്ദസ്വരൂപമാണ് ആത്മാവെന്നതിനാൽ ആനന്ദത്വവും വ്യക്തമാകുന്നു. ഇങ്ങനെ സച്ചിദാനന്ദലക്ഷണമായിരിക്കുന്നു പ്രത്യഗത്മാവ്.

30. സത്സ്വരൂപം

അനുസ്യൂതാത്മനഃ സത്താ ജാഗ്രൽസ്വപ്നസുഷുപ്തിഷു
അഹമസ്മീത്യതോ നിത്യോഭവത്യാത്മായമവ്യയഃ 612

ജാഗ്രൽസ്വപ്നസുഷുപ്തികളാകുന്ന അവസ്ഥകളിലെപ്പോഴും ഒരിക്കലെങ്കിലും ആത്മസത്ത മുറിയപ്പെടുന്നില്ല. ഞാൻ ഉണ്ട് എന്ന ബോധം എപ്പോഴും എല്ലാവർക്കുമുണ്ടല്ലോ. ആത്മസത്തയുടെ അനുസ്യൂതാവസ്ഥയിൽനിന്നാണ് അതുണ്ടാവുന്നത്. അതിനാൽ ആത്മഭാവത്തിന് എപ്പോഴും എവിടെയും മുറിവോ ഭംഗമോ ഉണ്ടാവുന്നില്ല.

സർവ്വദാപ്യാസമിത്യേവാഭിന്നപ്രത്യയ ഈക്ഷ്യതേ
കദാപി നാസമിത്യസ്മാദാത്മനോ നിത്യതാ മതാ 613

എപ്പോഴും ഞാനുണ്ട്; ഒരിക്കലും ഞാനില്ലാതിരിക്കുന്നില്ല. ഈ അനുഭവം എല്ലാവർക്കും ഒരുപോലെയുള്ളതാണ്. ഒരിക്കലെങ്കിലും ഞാനുണ്ടെന്ന ഭാവത്തിനു മുറിവോ ഭംഗമോ സംഭവിക്കുന്നില്ല. അതുതന്നെയാണ് ആത്മാവ് നിത്യമാണെന്നുള്ളതിന് ഉത്തമമായ തെളിവ്. അതിനാൽ ആത്മാവു നിത്യവും, സത്യവുമാണെന്നതിന് എല്ലാവരുടെയും അനുഭവം കൂടി പ്രമാണമാണ്.

ആയാതാസു ഗതാസു ശൈശവമുഖാ
വസ്ഥാസു ജാഗ്രൽമുഖാ-
സ്വന്യാസ്വപ്യഖിലാസു വൃത്തിഷു ധിയോ
ദുഷ്ടാസ്വദുഷ്ടാസ്വപി
ഗംഗാഭംഗപരമ്പരാസു ജലവൽ
സത്താനുവൃത്താത്മന-
സ്തിഷ്ഠത്യേവ സദാ സ്ഥിരാഹമഹമി
ത്യേകാത്മതാ സാക്ഷിണഃ 614

വരികയും പോകുകയും ചെയ്യുന്ന, അല്ലെങ്കിൽ ഉദിക്കുകയും അസ്തമിക്കുകയും ചെയ്യുന്ന ബാല്യകൗമാരയൗവ്വനാദിദശാവിശേഷങ്ങളിലും, ജാഗ്രൽസ്വപ്നസുഷുപ്തികളാകുന്ന അവസ്ഥ

കളിലും എന്നു വേണ്ട ബുദ്ധിയുടെ നല്ലതും ചീത്തയുമാകുന്ന എല്ലാ വൃത്തികളിലും ഒരുപോലെ ഗംഗാപ്രവാഹത്തിൽ ജലമെന്നപോലെ സാക്ഷിസ്വരൂപനായ ആത്മാവിന്റെ സത്തയെ പ്രകാശിപ്പിക്കുന്ന ഞാൻ, ഞാൻ എന്ന ഭാവം നിലനിന്നുവരുന്നു. പ്രവാഹം എങ്ങനെയൊക്കെ എവിടെയൊക്കെ മാറിയാലും അപ്പോഴൊക്കെ അതിൽ ജലത്തിന്റെ സൽഭാവത്തിനു യാതൊരു കുറവും സംഭവിക്കുന്നില്ല. അതുപോലെ ബുദ്ധിവൃത്തി ഏതു രൂപത്തിലായാലും അതിലൊക്കെ ഞാനെന്ന ഭാവം ശരിക്കു സ്ഫുരിക്കുന്നുണ്ട്. ആത്മാവിന്റെ സൽഭാവത്തെയാണല്ലോ അതു പ്രഖ്യാപിക്കുന്നത്. ഈ ദൃഷ്ടിയിൽക്കൂടെ നോക്കുമ്പോഴും ആത്മാവിന്റെ ശാശ്വതത്വത്തെയും സൽഭാവത്തെയും ബോധിക്കാൻ കഴിയും. അനുഭവസ്വരൂപമായ പ്രമാണമാണ് ഇതെന്നു കൂടിപ്പറയണം.

പ്രതിപദമഹമാദയോ വിഭിന്നാഃ
ക്ഷണപരിണാമിതയാ വികാരിണസ്തേ
ന പരിണതിരമുഷ്യ നിഷ്കളത്വാ-
ദയമവികാര്യത ഏവ നിത്യ ആത്മാ **615**

എന്നാൽ ബുദ്ധിവൃത്തിയിൽ അപ്പപ്പോൾ സ്ഫുരിച്ചുകൊണ്ടിരിക്കുന്ന ഞാൻ, ഞാൻ എന്ന ഭാവം ഓരോന്നും വേറെവേറെയാണെന്നും, അതിനാൽ അവയെല്ലാം ക്ഷണികങ്ങളാണെന്നും ധരിക്കണം. അഹങ്കാരങ്ങളോരോന്നും അപ്പോഴപ്പോൾ ഉദയാസ്തമനങ്ങളോടുകൂടിയവയും, ക്ഷണികങ്ങളും, വികാരജന്യങ്ങളുമാണെന്നും സ്പഷ്ടമാവും. ഇങ്ങിനെ ബുദ്ധിവൃത്തികളെ ആസ്പദിച്ച് അപ്പോഴപ്പോൾ പൊന്തിക്കൊണ്ടിരിക്കുന്ന ക്ഷണികങ്ങളായ അഹങ്കാരസ്ഫുരണകൾ ഏതൊന്നിൽ പൊന്തുകയും, നിലനില്ക്കു

കയും, താഴുകയും ചെയ്യുന്നുവോ, അതാണ് ആത്മാവ്. പ്രസ്തുത ആത്മാവിന് വികാരങ്ങളോ ഉദയാസ്തമനങ്ങളോ ഇല്ലതാനും.

യഃ സ്വപ്നമദ്രാക്ഷമഹം സുഖം യോ*ƒ*
സ്വാപ്സം സ ഏവാസ്മ്യഥ ജാഗരൂകഃ
ഇത്യേവമച്ഛിന്നതയാനുഭൂയതേ
സത്താത്മനോ നാസ്തി ഹി സംശയോ*ƒ*ത്ര 616

ഏതൊരു ഞാൻ സ്വപ്നാനുഭവങ്ങളെ ദർശിക്കുകയും സുഷുപ്തിയിൽ സുഖമായുറങ്ങുകയും ചെയ്യുന്നുവോ, അതേ ഞാൻ തന്നെയാണ് ഇപ്പോൾ ജാഗ്രദവസ്ഥയെയും അനുഭവിക്കുന്നത്. അപ്പോൾ ജാഗ്രൽസ്വപ്നസുഷുപ്തികളാകുന്ന അവസ്ഥകൾക്കും അവയിലെ അനുഭവങ്ങൾക്കുമല്ലാതെ, അവയ്ക്കു സാക്ഷിയും, ഭോക്താവുമായിരിക്കുന്ന ഞാനെന്ന ആത്മസത്തയ്ക്കു പരിച്ഛേദമോ, ഭംഗമോ ഉണ്ടാവുന്നില്ല. ഈ വിഷയത്തിൽ സംശയമേ ഇല്ല. അതിൽ അവിദ്യാപ്രതിഭാസങ്ങളായ അവസ്ഥകൾക്കും അവയിലെ അനുഭവങ്ങൾക്കുമല്ലാതെ അവയുടെ ഭോക്താവായ ആത്മസത്തക്കെപ്പോഴും പരിച്ഛേദം സംഭവിക്കുന്നില്ല. അപരിച്ഛിന്നവും പൂർണ്ണവും സത്താമാത്രവുമായിരിക്കുന്നു ആത്മാവ്. പ്രസ്തുത ആത്മചൈതന്യത്തിലാണ് സമുദ്രത്തിൽ തിരകളെന്നപോലെ അവസ്ഥാദിപ്രതിഭാസങ്ങൾ പൊന്തുന്നതും താഴുന്നതും.

ശ്രുത്യുക്താഃ ഷോഡശകലാശ്ചിദാഭാസസ്യ നാത്മനഃ
നിഷ്കളത്വാന്നാസ്യ ലയസ്തസ്മാന്നിത്യത്വമാത്മനഃ 617

ഷോഡശകലാസ്വരൂപനാണ് ആത്മാവെന്നു ശ്രുതിപ്രസിദ്ധമാണല്ലോ. ആത്മാവിനു പതിനാറു കലകളുണ്ടെന്നു വേദങ്ങളിലും പറഞ്ഞിട്ടുണ്ട്. ആ സ്ഥിതിക്കു പരിച്ഛേദമില്ലെന്നു

പറഞ്ഞാലെങ്ങനെ ശരിയാവുമെന്നാണെങ്കിൽ പതിനാറുകലകളുണ്ടെന്നു ശ്രുതിയിൽ പറഞ്ഞതു കൂടസ്ഥനായ ആത്മാവിനല്ല. ചിദാഭാസനാകുന്ന ജീവനാണ്. അല്ലാതെ നിഷ്കളനായ ആത്മാവിനു കലകളുണ്ടെന്നു ശ്രുതിയിൽ പറഞ്ഞിട്ടില്ല. നിഷ്കളത്വത്തെ പറഞ്ഞിട്ടുമുണ്ട്. നിഷ്കളനാണ് ആത്മാവെന്നതിനാൽ ലയമുണ്ടാവാൻ വയ്യ. ലയമില്ലാത്തതുകൊണ്ട് ഉല്പത്തിയുമില്ല. അങ്ങനെ ആത്മാവിന്റെ നിത്യത്വം സ്ഥിരീകരിക്കപ്പെട്ടിരിക്കുന്നു.

31. ചിത്സ്വരൂപം

ജഡപ്രകാശകഃ സൂര്യഃ പ്രകാശാത്മൈവഃ നോ ജഡഃ
ബുദ്ധ്യാദിഭാസകസ്തസ്മാൽ ചിൽസ്വരൂപസ്തഥാ മതഃ 618

ലോകത്തിലെ ഘടകുഡ്യാദി ജഡപദാർത്ഥങ്ങളെല്ലാം പ്രകാശിപ്പിക്കുന്നത് ആദിത്യനാണ്. അതിനാൽ ആദിത്യൻ ഘടാദിവസ്തുക്കളെപ്പോലെ കേവലം ഒരു ജഡവസ്തുവല്ല. പ്രകാശാത്മാവാണ്. ആദിത്യചൈതന്യമില്ലെങ്കിൽ ലോകപദാർത്ഥങ്ങൾ വിളങ്ങുന്നതുമല്ല. അതുപോലെ ബുദ്ധി, മനസ്സ് തുടങ്ങിയ കരണങ്ങളെല്ലാം ജഡപദാർത്ഥങ്ങളാണ്. ആത്മചൈതന്യമാണ് അവയെ പ്രകാശിപ്പിക്കുന്നത്. ആത്മചൈതന്യമില്ലെങ്കിൽ ബുദ്ധ്യാദിവസ്തുക്കൾ വിളങ്ങാൻ പോകുന്നില്ല. അതിനാൽ ആത്മാവു ബുദ്ധ്യാദികളെപ്പോലെ ജഡവസ്തുവല്ല, ചിൽസ്വരൂപനാണെന്നു സ്പഷ്ടമവുന്നു.

കുഡ്യാദേസ്തു ജഡസ്യ നൈവ ഘടതേ
ഭാനം സ്വതഃ സർവ്വദാ
സൂര്യാദിപ്രഭയാ വിനാ ക്വചിദപി
പ്രത്യക്ഷമേതൽ തഥാ

ബുദ്ധ്യാദേരപി ന സ്വതോസ്ത്യണുരപി
സ്ഫൂർത്തിർവ്വിനൈവാത്മനാ
സോയം കേവലചിന്മയഃ ശ്രുതിമതോ
ഭാനുർയഥാ രുങ്മയഃ 61

ഗൃഹം, ചുമര്, മതില് തുടങ്ങിയവയും മറ്റു പദാർത്ഥങ്ങളും സ്വഭാവേന ജഡങ്ങളാണ്. അവയ്ക്കു തന്നത്താൻ പ്രകാശിക്കാനുള്ള കഴിവില്ല. ആദിത്യചന്ദ്രാഗ്നികളിൽ ഏതെങ്കിലും ഒന്നിന്റെ, മുഖ്യമായും ആദിത്യന്റെ പ്രകാശത്തിലാണ് അവ വിളങ്ങുന്നത്. ആദിത്യചൈതന്യമില്ലെങ്കിൽ അങ്ങനെ ചില പദാർത്ഥങ്ങളുള്ളതായി ബോധിക്കാൻ തന്നെ കഴിയില്ല. അതു പോലെതന്നെയാണ് ബുദ്ധ്യാദികരണങ്ങളുടെയും അവസ്ഥ. അവ സ്വഭാവേന ജഡങ്ങളാണ്. ആത്മപ്രകാശത്തിലാണ് അവ വിളങ്ങുന്നത്. ആത്മചൈതന്യമില്ലെങ്കിൽ ബുദ്ധ്യാദികരണങ്ങൾക്ക് അസ്തിത്വമുണ്ടാവാൻ വയ്യ. അതിനാൽ കുഡ്യാദിജഡപദാർത്ഥങ്ങളെ അപേക്ഷിച്ച് ആദിത്യൻ എപ്രകാരം തേജോമൂർത്തിയാണോ, അതുപോലെ ബുദ്ധ്യാദികരണങ്ങളെ അപേക്ഷിച്ച് ആത്മാവു ചിന്മയനാണ്. വേദജ്ഞന്മാർക്ക് ഈ പരമാർത്ഥം ബോദ്ധ്യമാണ്.

സ്വഭാസേന വാന്യപദാർത്ഥഭാസനേ
നാർക്കഃ പ്രകാശാന്തരമീഷദിച്ഛതി
സ്വബോധനേ വ്യാപഹമാദിബോധനേ
തഥൈവ ചിദ്ധാതുരയം പരാത്മാ 620

ആദിത്യനു തന്നത്താനെ വിളങ്ങാനോ മറ്റുപദാർത്ഥങ്ങളെ പ്രകാശിപ്പിക്കാനോ മറ്റൊരു തേജസ്സിന്റെ ആവശ്യമില്ല. തന്നത്താൻ പ്രകാശിക്കുകയും, മറ്റുള്ളവയെ പ്രകാശിപ്പിക്കുകയും ചെയ്യുന്നു ആദിത്യൻ. അതുപോലെ ചിൽസ്വരൂപനായ പരമാത്മാവാകട്ടെ തന്നത്താൻ അറിയുകയും അഹങ്കാരത്തെയും മറ്റു

കരണങ്ങളേയും ഉപാധികളേയും അറിയുകയും ചെയ്യുന്നു. അതിനു മറ്റൊരു ചൈതന്യത്തിന്റെ അപേക്ഷയില്ലെന്നർത്ഥം.

അന്യപ്രകാശം ന കിമപ്യപേക്ഷ്യ
യതോഽയമാഭാതി നിജാത്മനൈവ
തതഃ സ്വയംജ്യോതിരയം ചിദാത്മാ
ന ഹ്യാത്മഭാനേ പരദീപ്ത്യപേക്ഷാ 621

മറ്റൊന്നിന്റെ പ്രകാശത്തെ അല്പംപോലും അപേക്ഷിച്ചിട്ടല്ല ആത്മാവു പ്രകാശിക്കുന്നത്. സ്വപ്രകാശംകൊണ്ടുതന്നെ സ്വയം വിളങ്ങുകയും മറ്റുള്ളവയെ പ്രകാശിപ്പിക്കുകയുമാണ് ചെയ്യുന്നത്. അതിനാൽ ഈ ചിദാത്മാവ് സ്വയം പ്രകാശസ്വരൂപി കൂടിയുമാണ്. അതിനാൽ സ്വയം വിളങ്ങുന്നതല്ലാതെ മറ്റൊന്നിന്റെയും പ്രകാശത്തെ അപേക്ഷിച്ചിട്ടല്ല വിളങ്ങുന്നതെന്നർത്ഥം.

യം ന പ്രകാശയതി കിഞ്ചിദിനോഽപി ചന്ദ്രഃ
നോ വിദ്യുതഃ കിമുത വഹ്നിരയം മിതാഭഃ
യം ഭാന്തമേതമനുഭാതി ജഗൽസമസ്തം
സോയം സ്വയംസ്ഫുരതി സർവ്വദശാസു ചാത്മാ 622

ഏതൊരു പരമചൈതന്യത്തെ ആദിത്യനോ, ചന്ദ്രനോ, മിന്നൽപിണരുകളോ അല്പംപോലും പ്രകാശിപ്പിക്കുന്നില്ലയോ, അങ്ങനെയുള്ള ദിവ്യമഹസ്സിനെ കേവലം അല്പപ്രകാശനായ അഗ്നിക്കെങ്ങനെ പ്രകാശിപ്പിക്കാൻ കഴിയും. ഒരിക്കലും സാദ്ധ്യമല്ല. മാത്രമല്ല, സ്വയം പ്രകാശസ്വരൂപമായ പ്രസ്തുത പരമാത്മചൈതന്യത്തെ ആശ്രയിച്ചാണ് ഈ ജഗത്തു മുഴുവൻതന്നെയും പ്രകാശിക്കുന്നത്. അങ്ങനെയുള്ള പരമാത്മാവ് എല്ലാ ദശയിലും സ്വയം പ്രകാശസ്വരൂപമാണെന്നു സ്പഷ്ടമണ്.

32. ആനന്ദസ്വരൂപം

ആത്മനഃ സുഖരൂപത്വാദാനന്ദത്വം സ്വലക്ഷണം
പരപ്രേമാസ്പദത്വേന സുഖരൂപത്വാമാത്മനഃ

മറ്റൊന്നിന്റെയും ചേർച്ചയില്ലാതെ സുഷുപ്തിയിൽ സുഖത്തെയാണ് അനുഭവിക്കുന്നതെന്നതിനാൽ ആത്മാവ് സുഖസ്വരൂപമാണെന്നും, ആനന്ദത്വം ആത്മാവിന്റെ ലക്ഷണമാണെന്നുകൂടി സ്പഷ്ടമാകുന്നുണ്ട്. കൂടാതെ ആത്മാവിൽ പരമപ്രേമം എല്ലാവർക്കും സ്വാഭാവികമായിട്ടുണ്ട്. ആത്മാവിനു വേണ്ടി മറ്റുള്ളവയെ പ്രേമിക്കലാണ് പതിവ്. അതിനാൽ പരമപ്രേമം ആത്മാവിലാണെന്നും വ്യക്തമാവുന്നു. സുഖസ്വരൂപം അല്ലെങ്കിൽ ആനന്ദത്വം ആത്മാവിന്റെ ലക്ഷണമാണെ ന്നതിനുള്ള ഒരു തെളിവാണ്, മറ്റെല്ലാറ്റിനേയും മറന്നു സ്വയം ആത്മാവായിത്തീരുമ്പോൾ ആനന്ദിയായിത്തീരുന്നുമുണ്ടല്ലോ.

സുഖഹേതുഷു സർവ്വേഷാം പ്രീതിഃ സാവധിരീക്ഷ്യതേ
കദാപി നാവധിഃ പ്രീതേഃ സ്വാത്മനി പ്രാണിനാം ക്വചിൽ 624

സുഖഹേതുക്കളെന്നു കരുതപ്പെടുന്ന വിഷയപദാർത്ഥങ്ങളിൽ പ്രായേണ ജനങ്ങൾക്കു പ്രീതിയുണ്ടെങ്കിലും ആ പ്രീതിക്ക് അതൃത്തിയുണ്ട്. എത്രതന്നെ വിശേഷപ്പെട്ട ഏതൊരു വിഷയമായാലും കുറച്ചുകഴിയുമ്പോൾ ആർക്കും അതിൽ മടുപ്പും വെറുപ്പുമുണ്ടാവും. എന്നാൽ ആത്മാവിലുള്ള പ്രീതിക്ക് എപ്പോഴും ആർക്കും മടുപ്പോ, വെറുപ്പോ ഉണ്ടായിക്കാണുന്നില്ല. അതുകൊണ്ടും ആത്മാവ് എല്ലാവർക്കും പരമപ്രേമാസ്പദമാണെന്നു സ്പഷ്ടമാവുന്നുണ്ട്.

ക്ഷീണേന്ദ്രിയസ്യ ജീർണ്ണസ്യ സമ്പ്രാപ്തോൽക്രമണസ്യ വാ
അസ്തി ജീവിതുമേവാശാ സ്വാത്മാ പ്രിയതമോ യതഃ 625

വിഷയഭുക്തിക്കുള്ള ഇന്ദ്രിയങ്ങളൊക്കെ തളർന്നു ദുർബ്ബലങ്ങളായി. ശരീരം ജീർണ്ണിച്ചു വശമാവുകയും ചെയ്തു. വാർദ്ധക്യത്തിന്റെ പരമകാഷ്ഠയിലെത്തിയെന്നിരിക്കട്ടെ; അങ്ങിനെയുള്ളൊരാൾക്കു യാതൊരു വിഷയത്തിലും ഇച്ഛയില്ല. ഒന്നിനെയും അനുഭവിക്കാൻ പ്രാപ്തിയുമില്ല. എന്നിരുന്നാലും അപ്പോഴും മരണത്തിനിഷ്ടമില്ല. ജീവിക്കാനാഗ്രഹിക്കുകയും ചെയ്യും. അങ്ങിനെ ലോകത്തിൽ സാധാരണ കാണാറുണ്ട്. ആത്മാവു മറ്റെല്ലാറ്റിനെക്കാളും പരമപ്രേമാസ്പദമാണെന്ന് അതുകൊണ്ടും വ്യക്തമാവുന്നുണ്ട്.

ആത്മാfതഃ പരമപ്രേമാസ്പദഃ സർവ്വശരീരിണാം
യസ്യ ശേഷതയാ സർവ്വമുപാദേയത്വമൃച്ഛതി 626

മുൻപറഞ്ഞ ദൃഷ്ടാന്തങ്ങളെക്കൊണ്ട് എല്ലാ ജീവികളുടെയും പരമപ്രേമം ആത്മാവിലാണെന്നും, എല്ലാവർക്കും ആത്മാവു പരമപ്രേമാസ്പദമാണെന്നും സ്പഷ്ടമാവുന്നു. ആത്മാവിനുവേണ്ടിയാണു മറ്റെല്ലാത്തിനെയും ആഗ്രഹിക്കുകയും സ്വീകരിക്കുകയും ചെയ്യുന്നത്.

ഏഷ ഏവ പ്രിയതമഃ പുത്രാദപി ധനാദപി
അന്യാസ്മാദപി സർവ്വസ്മാദാത്മായം പരമാന്തരഃ 627

പുത്രന്മാരെക്കാളും ധനത്തെക്കാളുമെന്നുവേണ്ട, എല്ലാ വസ്തുക്കളേക്കാളും പ്രിയപ്പെട്ട വസ്തു ആത്മാവാണ്. ആത്മാവിനുവേണ്ടി മറ്റെല്ലാറ്റിനെയും പ്രിയപ്പെടുന്നതല്ലാതെ മറ്റൊന്നിനുവേണ്ടിയും ആത്മാവിനെ പ്രിയപ്പെടുന്നില്ല. ആത്മപ്രേമം എല്ലാർക്കും സ്വാഭാവികവും നിരതിശയവുമാണ്.

പ്രിയത്വേന മതം യത്തു തൽ സദാ നാപ്രിയം നൃണാം
വിപത്താവപി സമ്പത്തൗ യഥാത്മാ ന തഥാ*f*പരഃ 628

നിരതിശയമാണ് ആത്മാവിലുള്ള പ്രിയമെന്നതിന് ഒരിക്കലും ആർക്കും ആത്മാവിൽ അപ്രിയമുണ്ടാവുന്നില്ലെന്നതു തെളിവാണ്. ഏതു സമയത്തും ഏതൊരാൾക്കും ആത്മാവിനെപ്പോലെ പ്രിയപ്പെട്ട വസ്തു മറ്റൊന്നുംതന്നെയില്ല. സമ്പത്തിലും ആപത്തിലുമെല്ലാം ഒരുപോലെ ആത്മപ്രേമം ഭംഗമില്ലാതിരിക്കുന്നു. ആത്മാവിലെന്നപോലെ മറ്റൊന്നിലും ഒരാൾക്ക് ഏതവസ്ഥയിലും പ്രിയമോ താല്പര്യമോ ശ്രദ്ധയോ ഇല്ലെന്നതാണ് പരമാർത്ഥം.

ആത്മാ ഖലു പ്രിയതമോ*f*സുഭൃതാം യദർത്ഥാ
ഭാര്യാത്മജാപ്തഗൃഹവിത്തമുഖാ പദാർത്ഥാഃ
വാണിജ്യകർഷണഗവാവനരാജസേവാ
ഭൈഷജ്യകപ്രഭൃതയോ വിവിധാ ക്രിയാശ്ച 629

എല്ലാ ജീവികൾക്കും ഏറ്റവും പ്രിയപ്പെട്ട വസ്തു ആത്മാവാണ്. ഭാര്യ, പുത്രൻ, ബന്ധു, ഗൃഹം, ധനം തുടങ്ങിയ പദാർത്ഥങ്ങളെല്ലാം പ്രിയപ്പെടുന്നത് ആത്മാവിനുവേണ്ടിമാത്രമാണ്. കച്ചവടം, കൃഷി, പശുപരിപാലനം, രാജസേവ, വൈദ്യം തുടങ്ങിയ വൃത്തികളെ ആചരിക്കുന്നതും ആത്മാവിനുവേണ്ടിയാണ്. ഈ വീക്ഷണത്തിൽകൂടെ നോക്കുമ്പോൾ ആരുടെ ഏതു പ്രകാരത്തിലുള്ള പ്രവർത്തിയും ഒരു പ്രകാരത്തിൽ ആത്മപ്രേമത്തിൽനിന്നുള്ള പ്രചോദനം കൊണ്ടാണെന്നു വ്യക്തമായി ബോധിക്കുകയും ചെയ്യാം.

പ്രവൃത്തിശ്ച നിവൃത്തിശ്ച യച്ച യാവച്ച ചേഷ്ടിതം
ആത്മാർത്ഥമേവ നാന്യാർത്ഥം നാതഃ പ്രിയതമഃ പരഃ 630

പ്രവർത്തിയോ, നിവൃത്തിയോ എന്തു രൂപത്തിലുള്ള ചേഷ്ട യായാലും അതൊക്കെത്തന്നെയും ആത്മാവിനുവേണ്ടി മാത്ര മാണ്. അല്ലാതെ മറ്റൊന്നിനും വേണ്ടിയല്ല. എന്തുകൊണ്ടെന്നാൽ ആർക്കും ആത്മാവിനേക്കാൾ പ്രിയപ്പെട്ട മറ്റൊരു വസ്തുവില്ല. അതിനാൽ ആരുടെ ഏതു ചേഷ്ടയും ആത്മാവിന്നുവേണ്ടി മാത്ര മാണെന്നു സ്പഷ്ടമാണ്.

തസ്മാദാത്മാ കേവലാനന്ദരൂപോ
യഃ സർവ്വസ്മാദ്വസ്തുനഃ പ്രേഷ്ഠ ഉക്തഃ
യോ വാ അസ്മാന്മന്യതേfന്യം പ്രിയം യം
സോfയം തസ്മാച്ഛോകമേവാനുഭുംക്തേ 631

അതിനാൽ സ്വഭാവേനതന്നെ ആനന്ദസ്വരൂപമായിരിക്കുന്ന ആത്മാവ് മറ്റെല്ലാറ്റിനെക്കാളും പ്രിയപ്പെട്ട വസ്തുവാണ്. ആനന്ദ ത്തെയാണ് എല്ലാ ജീവികളും എല്ലാ വസ്തുക്കളിലും എപ്പോഴും അന്വേഷിക്കുന്നത്. ഏതൊരു വസ്തുവിൽനിന്ന് അല്പമെങ്കിലും ആനന്ദമുണ്ടാകുന്നുവോ അതിനെ പ്രിയപ്പെടുകയെന്നത് ജീവിത സ്വഭാവവുമാണ്. നിരതിശയാനന്ദസ്വരൂപമാണ് ആത്മാവെന്നതി നാൽ ആത്മാവിനെ തള്ളി മറ്റൊന്നിൽ ഒരാൾക്ക് പ്രിയമുണ്ടാ വാൻ വയ്യ. മൂഢതകൊണ്ട് എല്ലാവരും അങ്ങിനെ ചെയ്യുന്നു വെങ്കിൽ അതുകൊണ്ട് ദുഃഖമനുഭവിക്കേണ്ടിയും വരും.

ശിഷ്യഃ

അപരഃ ക്രിയതേ പ്രശ്നോ മയായം ക്ഷമ്യതാം പ്രഭോ
അജ്ഞവാഗപരാധായ കല്പതേ ന മഹത്മനാം 632

ഇത്രയും തത്വോപദേശങ്ങളെക്കേട്ട ശിഷ്യൻ തന്റെ സംശയ നിവൃത്തിക്കുവേണ്ടി മറ്റൊരു ചോദ്യം ചോദിക്കാൻ തുടങ്ങു കയാണ്. അതിന്റെ മുഖവുരയായിപ്പറയുന്നു, മഹാത്മാവായ

ആചാര്യ! അവിടുന്നു ക്ഷമിക്കണം. അവിടുത്തെ ഉപദേശങ്ങളെ കേട്ടുകൊണ്ടിരുന്ന എനിക്കു മറ്റൊരു സംശയം ഉദിച്ചിരിക്കയാണ്. അതിനെ ഞാൻ ചോദിക്കാം. എന്റെ മൂഢതയായിരിക്കും സംശയത്തിന്ന് ഹേതു. എന്നാലും അവിടേക്ക് അപ്രീതിയുണ്ടാവരുത്. മഹാത്മാക്കൾക്കു മൂഢന്മാരുടെ വാക്ക് അപരാധമായിത്തോന്നാറില്ലല്ലോ. അതിനാൽ എന്റെ സംശയത്തേയും അവിടുന്നു തീർത്തുതരണം എന്നു പറഞ്ഞു ശിഷ്യൻ തന്റെ സംശയത്തെ അവതരിപ്പിക്കുകയാണ്.

ആത്മാന്യഃ സുഖമന്യച്ച നാത്മനഃ സുഖരൂപതാ
ആത്മനഃ സുഖമാശാസ്യം യതതേ സകലോ ജനഃ 633

ആത്മനഃ സുഖരൂപത്വേ പ്രയത്നഃ കിമു ദേഹിനാം
ഏഷ മേ സംശയം സ്വാമിൻ കൃപയൈവ നിരസ്യതാം 634

ആത്മാവ് സുഖസ്വരൂപനാണെന്നു പറയാൻവയ്യ. സുഖത്തെ അനുഭവിക്കുന്ന ഭോക്താവാണ് ആത്മാവ്. അതിനാൽ ആത്മാവും സുഖവും അന്നവും അത്താവുമെന്നപോലെ രണ്ട് വസ്തുക്കൾ തന്നെ. ഒരിക്കലും അവ ഒന്നാവാൻ വയ്യ. എന്തുകൊണ്ടെന്നാൽ ആത്മാവിന്നു സുഖം കൈവരുത്താനുള്ളതാണ് എല്ലാവരുടേയും എല്ലാവിധ പ്രയത്നങ്ങളും. അതുകൊണ്ടുതന്നെ ആത്മാവ് സുഖസ്വരൂപനല്ലെന്നും, സുഖം ആത്മാവിന്റെ ഭോജ്യമാണെന്നും സ്പഷ്ടമാവുന്നുണ്ട്. അല്ല, ആത്മാവ് സുഖസ്വരൂപൻ തന്നെയാണ് എന്നാണ് സിദ്ധാന്തമെങ്കിൽത്തന്നെ ഒരാൾ സുഖസ്വരൂപനാണെങ്കിൽ പിന്നെ സുഖത്തിന്നുവേണ്ടി പ്രയത്നിക്കേണ്ട ആവശ്യമില്ലല്ലോ. എല്ലാവരും എപ്പോഴും പ്രയത്നിക്കുന്നതായിക്കാണുന്നുമുണ്ട്. ഇതിൽനിന്ന് ആത്മാവ് സുഖസ്വരൂപനാണെന്ന് അനുമാനിക്കാൻ വയ്യാതെയാണിരിക്കുന്നത്. ഇതാണ് എന്റെ

സംശയം. ഭഗവാനേ! അവിടുന്നു കരുണാപൂർവ്വം ഈ സംശയ ത്തെയും തീർത്തുതന്നാൽകൊള്ളാം.

33. ആത്മേതരവസ്തുവിനു സുഖം തരാൻ കഴിയില്ല

ശ്രീഗുരുഃ

ആനന്ദരൂപമാത്മാനമജ്ഞാത്വൈവ പൃഥഗ്ജനഃ
ബഹിഃ സുഖായ യതതേ ന തു കശ്ചിൽ വിദൻ ബുധഃ 635

ശിഷ്യന്റെ ചോദ്യത്തിന്നു മറുപടി പറയാൻ തുടങ്ങുകയാണ് ആചാര്യൻ. ആനന്ദസ്വരൂപനായ ആത്മാവിനെ അറിയാത്തവ രാണ് ആത്മേതരവസ്തുക്കളിൽ സുഖത്തെ അന്വേഷിക്കുന്നത്. ബാഹ്യവസ്തുക്കളിലാണ് സുഖമെന്ന് അവർ തെറ്റിദ്ധരിക്കുന്നു. അതിന്റെ ഫലമായി പുറമെയുള്ള വസ്തുക്കളിൽ സുഖത്തെ അന്വേഷിക്കുകയും ചെയ്യുന്നു. എന്നാൽ ആത്മജ്ഞാനസമ്പന്ന നായ ഒരു മഹാത്മാവ് ഒരിക്കലും ആത്മേതരവസ്തുക്കളിൽ സുഖ ത്തെ അന്വേഷിക്കാറില്ല. അവയിൽനിന്നു സുഖം കിട്ടുമെന്ന വ്യാമോഹവും അവർക്കില്ല. ആത്മേതരങ്ങളായ ഭൗതികവസ്തു ക്കളെ എത്രയൊക്കെ അനുഭവിച്ചാലും ഒരാൾ കൃതാർത്ഥനാവു ന്നില്ലെന്നുമാത്രമല്ല, കൂടുതൽ ദുഃഖിതനായിത്തീരുന്നതായിട്ടാണ് കണ്ടുവരുന്നത്. എന്നാൽ അതേസമയത്ത് ആത്മജ്ഞനാകട്ടെ തികച്ചും കൃതകൃത്യനും, സംതൃപ്തനും മറ്റൊന്നിന്റെയും യാതൊരപേക്ഷയുമില്ലാത്തവനുമാണ്. ഈ സമ്പ്രദായവും ആത്മാവ് ആനന്ദസ്വരൂപനാണെന്നതിന്റെ മറ്റൊരു തെളിവാണ്.

അജ്ഞാത്വൈവ ഹി നിക്ഷേപം ഭിക്ഷാമടതി ദുർമ്മതിഃ
സ്വവേശ്മനി നിധിം ജ്ഞാത്വാ കോ നു ഭിക്ഷാമടേൽ സുധീഃ 636

സ്വന്തഗൃഹത്തിൽ വിലമതിക്കാൻ കഴിയാത്ത വലിയൊരു സമ്പത്തിന്റെ നിക്ഷേപമുണ്ട്. എന്നാൽ ആ സംഗതി അല്പം പോലും അറിയാതെ ഒരു നേരത്തെ ആഹാരത്തിന്നുപോലും ഗതിയില്ലാതെ ഒരാൾ ഭിക്ഷാടനം ചെയ്യുന്നുവെന്നിരിക്കട്ടെ. അതെത്രമാത്രം വിഡ്ഢിത്വവും അപഹാസ്യവുമാണ്. അതു പോലെയാണ് ആനന്ദസ്വരൂപനായ ആത്മാവ് തന്നിലുണ്ടെന്ന കഥയറിയാതെ അജ്ഞന്മാർ തുച്ഛസുഖത്തിനുവേണ്ടി വിഷയ വസ്തുക്കളെ ആശ്രയിക്കുന്നത്. വീട്ടിൽ നിധിയുണ്ടെന്നറിഞ്ഞാൽ എപ്രകാരമാണോ ഒരാൾ ഭിക്ഷാടനം ചെയ്യാനൊരുങ്ങാത്തത്, അതുപോലെ ആത്മജ്ഞനായ ഒരാൾ അന്യവസ്തുക്കളിൽനിന്നു സുഖം കിട്ടുമെന്നു ഭ്രമിച്ച് അവയെ അന്വേഷിക്കുകയുമില്ല.

സ്ഥൂലം ച സൂക്ഷ്മം ച വപുഃ സ്വഭാവതോ
ദുഃഖാത്മകം സ്വാത്മതയാ ഗൃഹീത്വാ
വിസ്മൃത്യ ച സ്വം സുഖരൂപമാത്മനഃ
ദുഃഖപ്രദേഭ്യഃ സുഖമജ്ഞ ഇച്ഛതി 637

സ്ഥൂലവും സൂക്ഷ്മവുമാകുന്ന രണ്ടു ശരീരങ്ങളും സ്വഭാവേന ദുഃഖസ്വരൂപങ്ങളും ആത്മാവിന്റെ ഉപാധിമാത്രങ്ങ ളുമാണ്. ഒരിക്കലും അവ സുഖസ്വരൂപങ്ങളുമല്ല. ആത്മാവുമല്ല. എന്നാൽ ആത്മബോധമില്ലാത്ത അജ്ഞന്മാർ സ്ഥൂലസൂക്ഷ്മ ശരീരങ്ങളെ താനാകുന്ന ആത്മാവായിക്കാണുന്നു. അവ സ്വഭാവേനതന്നെ ദുഃഖസ്വരൂപങ്ങളാകയാൽ, നിരതിശയാനന്ദ സ്വരൂപനാണ് താനെങ്കിലും ശരീരോപാധികളിലെ അഭിമാനം ഹേതുവായി ദുഃഖിതങ്ങളായിത്തീരുന്നു. ആ ദുഃഖത്തിന്റെ നിവൃത്തിക്കു ദുഃഖസ്വരൂപങ്ങളായ പ്രപഞ്ചപദാർത്ഥങ്ങളെ സ്വീകരിക്കുകയും ചെയ്യുന്നു. അപ്പോൾ കൂടുതൽ ദുഃഖികളായി ത്തീരുന്നതല്ലാതെ ഒരിക്കലും പരമാർത്ഥമായ സുഖത്തെ

അനുഭവിക്കാനോ, ആത്മാവ് നിരതിശയാനന്ദസ്വരൂപനാണെന്നു ബോധിക്കാനോ കഴിയുന്നില്ല. അങ്ങിനെയുള്ളവർക്ക് ആത്മാവിന്റെ സുഖാത്മകത്വത്തെ അറിയാൻ കഴിയുന്നില്ല.

ന ഹി ദുഃഖപ്രദം വസ്തു സുഖം ദാതും സമർഹതി
കിം വിഷം പിബതോ ജന്തോരമൃതത്വം പ്രയച്ഛതി 638

സ്വഭാവേന ദുഃഖമാത്രമായ വസ്തുവിൽനിന്ന് ആർക്കും ഒരിക്കലും സുഖം കിട്ടാൻ വയ്യ. ആത്മേതരങ്ങളായ എല്ലാ വസ്തുക്കളും ഒരുപോലെ ദുഃഖപൂർണ്ണങ്ങളാണ്. അവയിൽനിന്ന് സുഖത്തെ അനുഭവിക്കാമെന്ന ചിന്ത കേവലം വ്യാമോഹം മാത്രമാണ്. വിഷത്തെ കുടിക്കുന്നൊരാൾക്ക് അമൃതത്തിന്റെ അനുഭവം കിട്ടാൻ വയ്യെന്നത് അനുഭവസിദ്ധമാണല്ലോ. അതുപോലെ ആത്മേതരവസ്തുക്കളിൽ നിന്ന് ആർക്കും സുഖവും കിട്ടാൻ വയ്യ.

ആത്മാന്യഃ സുഖമന്യച്ചേത്യേവം നിശ്ചിത്യ പാമരഃ
ബഹിഃ സുഖായ യതതേ സത്യമേവ ന സംശയഃ 639

ആത്മാവു വേറെ, സുഖം വേറെ. ഇങ്ങനെ ആത്മാവും സുഖവും ഭോക്താവും ഭോജ്യവുമാണെന്നു കരുതി രണ്ടും രണ്ടാണെന്നു ബോധിക്കുന്ന ആത്മബോധമില്ലാത്ത മൂഢന്മാർ, അവരാണ് ആനന്ദസ്വരൂപിയായ ആത്മാവിനെ തള്ളി പുറമെയുള്ള വസ്തുക്കളിൽ നിന്നു സുഖത്തെ അന്വേഷിക്കുന്നതെന്നതിനു യാതൊരു സംശയവുമില്ല. അല്പമെങ്കിലും ആത്മബോധമുള്ളവർ ഒരിക്കലും ബാഹ്യവസ്തുക്കളിൽനിന്നു സുഖം കിട്ടുമെന്നു വ്യാമോഹിക്കില്ല.

ഇഷ്ടസ്യ വസ്തുനോ ധ്യാനദർശനാദ്യുപഭുക്തിഷു
പ്രതീയതേ യ ആനന്ദഃ സർവ്വേഷാമിഹ ദേഹിനാം 640

സ വസ്തുധർമ്മോ നോ യസ്മാൽ മനസ്യേവോപലഭ്യതേ
വസ്തുധർമ്മസ്യ മനസി കഥം സ്യാദുപലംഭനം 641

ഇഷ്ടപദാർത്ഥത്തെ ഓർമ്മിക്കുകയോ, കാണുകയോ, അനുഭവിക്കുകയോ ചെയ്യുന്ന സമയത്ത് എല്ലാവർക്കും മനസ്സിൽ ആനന്ദം പ്രകാശിക്കാറുണ്ട്. ആ ആനന്ദം പ്രസ്തുതവസ്തുവിന്റെ ധർമ്മമല്ലെന്നു വ്യക്തമാണ്. എന്തുകൊണ്ടെന്നാൽ വസ്തുധർമ്മ മാണെങ്കിൽ വസ്തുവിലോ, വസ്തുവിനെ അനുഭവിക്കുന്ന കാരണ ത്തിലോ അല്ലാതെ മനസ്സിലെങ്ങനെ പ്രകാശിക്കും? ആത്മാനന്ദം തന്നെയാണ് പ്രസ്തുതവസ്തുദർശനത്തിൽകൂടെ വികസിക്കുന്ന തെന്നു താല്പര്യം?

അന്യത്ര ത്വന്യധർമ്മാണാമുപലംഭോ ന ദൃശ്യതേ
തസ്മാന്ന വസ്തുധർമ്മോയമാനന്ദസ്തു കദാചന 642

ഒരു വസ്തുവിൽ മറ്റൊരു വസ്തുവിന്റെ ധർമ്മം പ്രകാശി ക്കുകയെന്നത് പതിവില്ലാത്തതാണ്. അങ്ങനെതന്നെ ഒരു വസ്തു വിന്റെ ധർമ്മം അതിലല്ലാതെ മറ്റൊരിടത്തു പ്രകാശിക്കുകയെ ന്നതും സംഭവിക്കാൻ വയ്യാത്തതാണ്. അതിനാൽ ഇഷ്ടവസ്തു ദർശനത്തിൽ മനസ്സിലുണ്ടാവുന്ന പ്രീതി അല്ലെങ്കിൽ ആനന്ദം ഒരിക്കലും ആ പദാർത്ഥത്തിന്റെ ധർമ്മമല്ല. ആത്മധർമ്മമാണ്.

നാപേഷ്യ ധർമ്മോ മനസോഽസത്യർത്ഥേ തദദർശനാൽ
അസതി വ്യഞ്ജതേ വ്യംഗം നോദേതീതി ന മന്യതാം 643

ഇഷ്ടവസ്തുദർശനത്തിൽ മനസ്സിലുണ്ടാവുന്ന സന്തോഷം കാണപ്പെട്ട വസ്തുവിന്റെ ധർമ്മമല്ല. മനസ്സിന്റെ ധർമ്മമാണെങ്കിൽ അങ്ങനെയുള്ള പദാർത്ഥത്തിന്റെ ദർശനമില്ലാത്തപ്പോഴും മനസ്സിൽ സന്തോഷമുണ്ടാവേണ്ടതല്ലേ? അങ്ങനെ ഉണ്ടായി ക്കാണാറില്ലല്ലോ. അതിനാൽ പദാർത്ഥദർശനത്തിൽ മനസ്സിൽ

പ്രകാശിക്കുന്ന നിർവർതി മനസ്സിന്റെ ധർമ്മമല്ല, പദാർത്ഥത്തിന്റേതുതന്നെയാണെന്നു വിചാരിക്കുന്നുവെങ്കിൽ അതു ശരിയല്ല. മനസ്സിൽ സ്വാഭാവികമായുള്ള ആത്മനിർവൃതി തല്ക്കാലം പ്രകാശിക്കാൻ ഹേതുവായിത്തീരുന്നു ഇഷ്ടപദാർത്ഥം എന്നേ അർത്ഥമുള്ളൂ. അതിനാൽ നിർവൃതി ഒരിക്കലും പദാർത്ഥധർമ്മമല്ല.

സത്യർത്ഥേപി ച നോദേതി ഹ്യാനന്ദസ്തൂക്തലക്ഷണഃ
സത്യപി വ്യംജകേ വ്യംഗ്യാനുദയോ നൈവ സമ്മതഃ 644

കൂടാതെ അഭീഷ്ടപദാർത്ഥത്തിൽനിന്ന് തനിക്ക് അവാച്യമായ നിർവൃതിയുണ്ടായിത്തീരുന്ന വിശ്വാസംകൂടി ഉള്ള ആൾക്കു മാത്രമേ തത്തൽപദാർത്ഥദർശനത്തിൽ നിർവൃതി ഉദയം ചെയ്യുന്നുള്ളൂ. പദാർത്ഥങ്ങളിൽ ഇഷ്ടാനിഷ്ടഭാവങ്ങളോ, ഏതെങ്കിലും പ്രത്യേകപദാർത്ഥത്തിന്റെ ദർശനത്തിലും പ്രത്യേക സന്തോഷമൊന്നുമുണ്ടാവുന്നില്ല. അതുകൊണ്ടും പദാർത്ഥതിന്റെ ധർമ്മമല്ല നിർവൃതിയെന്നു സ്പഷ്ടമാവുന്നുണ്ട്. ഒരു പദാർത്ഥത്തിന്റെ ദർശനം ഒരാൾക്കു സന്തോഷത്തെക്കൊടുക്കുമ്പോൾ അതേ പദാർത്ഥം മറ്റു ചിലർക്കു വെറുപ്പാനും കാരണമായിത്തീരാറുണ്ട്. അങ്ങിനെ സാധാരണ ലോകത്തിൽ കണ്ടുവരാറുണ്ട്. അതുകൊണ്ടും പദാർത്ഥത്തിന്റെ ധർമ്മമല്ല നിർവൃതിയെന്നു തെളിയുന്നുണ്ട്.

ദുരദൃഷ്ടാദികം നാത്ര പ്രതിബന്ധഃ പ്രകല്പ്യതാം
പ്രിയസ്യ വസ്തുനോ ലാഭോ ദുരദൃഷ്ടം ന സിദ്ധ്യതി 645

ഇഷ്ടവസ്തുദർശനത്തിലും ഒരാൾക്ക് അതിന്റേതായ നിർവൃതി അനുഭവപ്പെടുന്നില്ലെങ്കിൽ അതു വസ്തുവിന്റെയോ മനസ്സിന്റെയോ ദോഷമല്ല, ഭോക്താവിന്റെ നിർഭാഗ്യം മാത്രമാണ് എന്നു

പറയുന്നുവെങ്കിൽ അതും ശരിയല്ല. എന്തുകൊണ്ടെന്നാൽ നിർഭാഗ്യവാനായിരിക്കുന്ന ഒരാൾക്ക് ഇഷ്ടവസ്തുലാഭം തന്നെ ഉണ്ടാവാൻ വയ്യ. അതിനാൽ ഭാഗ്യദോഷം കൊണ്ടല്ല വസ്തു ലാഭത്തിൽ നിർവൃതിയുണ്ടാവാത്തത്. മറ്റൊരു കാരണം കൊണ്ടെന്നു സ്പഷ്ടമാണ്.

തസ്മാന്ന മാനസോ ധർമ്മോ നിർഗ്ഗുണത്വാന്ന ചാത്മനഃ
കിന്തു പുണ്യസ്യ സാന്നിദ്ധ്യാദിഷ്ടസ്യാപി ച വസ്തുനഃ 646

സത്വപ്രധാനേ ചിത്തേ ƒസ്മിംസ്ത്വാത്മൈവ പ്രതിബിംബതി
ആനന്ദലക്ഷണഃ സ്വച്ഛേ പയസീവ സുധാകരഃ 647

അതിനാൽ പദാർത്ഥമല്ല ആനന്ദം. അതുപോലെ മനസ്സിന്റെ ധർമ്മവുമല്ല ആനന്ദം. മനസ്സിലാണ് പ്രകാശിക്കുന്നതെന്നതു കൊണ്ട് ചിലപ്പോൾ മനസ്സിന്റെ ധർമ്മമാണെന്ന് അജ്ഞന്മാർക്ക് തോന്നാറുണ്ടെന്നുമാത്രം. വാസ്തവത്തിൽ മനസ്സിന്റെ ധർമ്മവുമല്ല. കൂടാതെ ആനന്ദം നിർഗ്ഗുണവും, മനസ്സ് സഗുണവുമാണെന്നതു കൊണ്ടും ആനന്ദം മനസ്സിന്റെ ധർമ്മമല്ലെന്നു ബോധിക്കാൻ കഴിയും. എന്നാൽ എന്തിന്റെ ധർമ്മമാണ് ആനന്ദമെന്നാണെ ങ്കിൽ ആത്മാവിന്റെതന്നെ ധർമ്മമാണ്. വാസ്തവത്തിൽ ആത്മാ വിന്റെ ധർമ്മമല്ല, ആത്മസ്വരൂപം തന്നെയാണ് ആനന്ദമെന്നു പറയണം. ആത്മാവ് ആനന്ദസ്വരൂപനാണല്ലോ. എന്നാൽ എന്തു കൊണ്ട് എല്ലാ സമയത്തും പ്രസ്തുത ആത്മസ്വരൂപം അനുഭവ പ്പെടുന്നില്ല എന്നാണെങ്കിൽ വിരുദ്ധധർമ്മങ്ങളെക്കൊണ്ട് മിക്ക പ്പോഴും ആത്മസ്വരൂപം മറയപ്പെടുന്നു എന്നുള്ളതുകൊണ്ടു തന്നെ. പുണ്യാനുഭവത്തിന്റെയും ഇഷ്ടപദാർത്ഥത്തിന്റെയും സാന്നിദ്ധ്യം ഒന്നിച്ചുണ്ടാവുമ്പോൾ വിരുദ്ധധർമ്മങ്ങൾ നീങ്ങി മനസ്സിൽ സത്വഗുണം പ്രകാശിക്കും. ആ സത്വഗുണത്തിൽ നിർമ്മലജലത്തിൽ ചന്ദ്രബിംബമെന്നപോലെ ക്ഷണനേരം

ആത്മചൈതന്യം പ്രതിബിംബിക്കാനിടയാവും. അപ്പോഴാണ് മനസ്സിൽ ആനന്ദം അനുഭവപ്പെടുന്നത്. ആർക്കും എപ്പോഴു മുണ്ടാവുന്ന ആനന്ദത്തിന്റെയൊക്കെ സ്വഭാവം ഇതുതന്നെ. അതിനാൽ ആനന്ദം മനസ്സിന്റെയോ പദാർത്ഥത്തിന്റെയോ ധർമ്മ മല്ല. ആത്മലക്ഷണമാണ്.

സോയമാഭാസ ആനന്ദശ്ചിത്തേ യഃ പ്രതിബിംബതഃ
പുണ്യോൽക്കർഷാപകർഷാഭ്യാം ഭവത്യുച്ചാവചഃ സ്വയം 648

അങ്ങനെ മനസ്സിൽ പ്രകാശിക്കുന്ന ആത്മപ്രതിബിംബമാ കുന്ന ആനന്ദം ഭോക്താവിന്റെ പുണ്യത്തിന്റെ ഏറ്റക്കുറവിനനു സരിച്ച് ആധിക്യന്യൂനതകളോടുകൂടിയിരിക്കുകയും ചെയ്യും. പുണ്യാധിക്യമുള്ളവരിൽ സുദൃഢമായ ആനന്ദം ദീർഘസമയ മായി നിലനില്ക്കും. പുണ്യം കുറഞ്ഞവരിൽ ആനന്ദത്തിന്റെ ദാർഢ്യവും സമയവും ചുരുങ്ങിയിരിക്കുകയും ചെയ്യും.

സാർവ്വഭൗമാദി ബ്രഹ്മാന്തം ശ്രുത്യാ യഃ പ്രതിപാദിതഃ
സ ക്ഷയിഷ്ണുഃ സാതിശയഃ പ്രക്ഷീണേ കാരണേ ലയം 649

ചക്രവർത്തിത്വം തുടങ്ങി പല പരിധികളിൽക്കൂടെ വളർന്ന് ബ്രഹ്മദേവനടക്കമുള്ള ഉപാധികളിൽ വ്യത്യസ്തതോതിൽ പ്രകാശി ക്കുന്ന ആനന്ദപ്രതിഫലനത്തിനെല്ലാം ഹേതു പുണ്യം മാത്ര മാണ്. പുണ്യത്തിന്റെ ആധിക്യന്യൂനതകൾക്കനുസരിച്ച് ഉപാധി കളുടെ ഭാവങ്ങൾക്കും ആനന്ദത്തിന്റെ അളവിനും വ്യത്യാസ മുണ്ടാവുമെന്നു മാത്രം. ഈ സംഗതി ശ്രുതിയിൽ വേണ്ടപോലെ നിരൂപിച്ചിട്ടുമുണ്ട്. എങ്ങിനെയൊക്കെയുള്ള ആനന്ദമായാലും അതിന്റെ ഹേതു പുണ്യവും, പുണ്യം ക്ഷയിക്കുന്നതുമാകയാൽ, പുണ്യക്ഷയത്തിൽ ക്ഷയിക്കുകതന്നെ ചെയ്യും.

യാത്യേഷ വിഷയാനന്ദോ യസ്തു പുണ്യൈകസാധനഃ
യേ തു വൈഷയികാനന്ദം ഭുംജതേ പുണ്യകാരിണഃ 650

പുണ്യമാത്രലഭ്യമാണ് പറയപ്പെട്ട ആനന്ദമെങ്കിലും അതു വിഷയാകാരമാണ്. ശബ്ദാദിപഞ്ചവിഷയങ്ങളോട് ബന്ധപ്പെട്ടാണ് നില്ക്കുന്നതെന്നു താല്പര്യം. ഈ ലോകത്തും സ്വർഗ്ഗാദി ഊർദ്ധ്വ ലോകങ്ങളിലും പുണ്യാത്മാക്കളനുഭവിക്കുന്ന എല്ലാവിധ ആനന്ദ ങ്ങളും വിഷയകാരങ്ങളാണ്.

ദുഃഖം ച ഭോഗകാലേപി തേഷാമന്തേ മഹത്തരം
സംഖം വിഷയസംപൃക്തം വിഷസംപൃക്തഭക്തവൽ 651

വിഷയാകാരങ്ങളായ സുഖങ്ങളെല്ലാം തന്നെയും അവയുടെ ഭുക്തികാലത്താണല്ലോ അനുഭവപ്പെടുന്നത്. എന്നാൽ വിഷയ ങ്ങളുടെ ഭുക്തികാലത്തും ദുഃഖസ്പർശമില്ലാത്ത സുഖമാണനുഭവി ക്കുന്നതെന്നു പറഞ്ഞുകൂടാ. വിഷയങ്ങളുടെ ഭോഗകാലത്തു ദുഃഖസംപൃക്തമായ സുഖമാണനുഭവപ്പെടുന്നത്. ഭോഗത്തിനു ശേഷം സുഖസ്പർശം പോലുമില്ലാത്ത ദുഃഖം മാത്രമാണനുഭവ പ്പെടുന്നതും. അതിനാൽ ഒരു പ്രകാരത്തിൽ വിഷയാകാരമായിരി ക്കുന്ന സുഖം വിഷം കലർന്ന അന്നത്തെ ഭുജിക്കും പോലെ യാണെന്നു പറയാം.

ഭോഗകാലേപി ഭോഗാന്തേ ദുഃഖമേവ പ്രയച്ഛതി
സുഖമുച്ചാവചത്വേന ക്ഷയിഷ്ണുത്വഭയേന ച 652

വിഷയങ്ങളെല്ലാം അവയുടെ അനുഭവകാലത്തും അനുഭവ ത്തിനു ശേഷവും ദുഃഖത്തെ മാത്രമാണ് തരുന്നത്. എങ്കിലും ആ പരമാർത്ഥത്തെ ബോധിക്കാതെ സുഖസ്വരൂപങ്ങളാണ് വിഷയ ങ്ങളെന്ന തെറ്റിദ്ധാരണകൊണ്ട് അജ്ഞന്മാർ വീണ്ടും വീണ്ടും അവയെ ആഗ്രഹിക്കുന്നു എന്നു മാത്രം. വിഷയങ്ങളുടെ

ഭുക്തികാലത്തും ദുഃഖമാണ് അനുഭവമെങ്കിൽ അവയെത്തന്നെ പിന്നെയും ആഗ്രഹിക്കാൻ കാരണമില്ല. അതിനാൽ ഭുക്തി കാലത്തു ദുഃഖാനുഭവമില്ല, സുഖാനുഭവമാണുള്ളത്. അതു കൊണ്ടാണ് വീണ്ടും അനുഭവിച്ച വിഷയങ്ങളെത്തന്നെ ആഗ്രഹി ക്കാനിടയാകുന്നത് എന്നു വിചാരിക്കുന്നുവെങ്കിൽ അത് ശരി യല്ല. ഏതൊരു വിഷയത്തെ അനുഭവിക്കുമ്പോഴും ഇതിനേ ക്കാൾ വലിയ സുഖം മറ്റൊരു വിഷയത്തിനുണ്ടല്ലോ അത്രയും സുഖം ഇതിനില്ലല്ലോ എന്നും ഇപ്പോഴുള്ള സുഖവും കുറച്ചു കഴിഞ്ഞാൽ അവസാനിക്കുമല്ലോ എന്നുള്ള ചിന്തയുണ്ടാവാം. അത് ദുഃഖകാരണമാണെന്നതിനു സംശയമില്ല. പിന്നെയും പല കാരണങ്ങളും വിഷയങ്ങളുടെ ഭുക്തികാലത്തുള്ള ദുഃഖത്തി നുണ്ട്.

ഭോഗകാലേ ഭവേൽ നൃണാം ബ്രഹ്മാദി പദഭാജിനാം
രാജസ്ഥാനപ്രവിഷ്ടാനാം താരതമ്യം മതാ യഥാ 653

തത്തൽഭോഗങ്ങളുടെ അനുഭവകാലത്ത് ഓരോരുത്തർക്കും ഉപരിപദങ്ങളെക്കുറിച്ചുള്ള ചിന്ത സ്വാഭാവികമായുണ്ടാവാം. അതു ദുഃഖകാരണം തന്നെ. സാധാരണ ഒരാൾക്കു താൻ രാജാവായില്ലല്ലോ എന്നും, രാജാവിനു താൻ ചക്രവർത്തിയായി ല്ലല്ലോ എന്നും, ചക്രവർത്തിക്കു താൻ ഇന്ദ്രനായില്ലല്ലോ എന്നും, ഇന്ദ്രനു താൻ ബ്രഹ്മാവായില്ലല്ലോ എന്നും ചിന്തയുണ്ടാവാം. അതുപോലെ ഓരോരുത്തർക്കും തങ്ങളുടെ സ്ഥിതിയും അതിനുപരിസ്ഥാനങ്ങളും തമ്മിലുള്ള താരതമ്യവിവേകം ദുഃഖ കാരണമാണ്.

തഥൈവ ദുഃഖം ജംതൂനാം ബ്രഹ്മാദിപദഭാജിനാം
ന കാംക്ഷണീയം വിദുഷാ തസ്മാൽ വൈഷയികം സുഖം 654

ഇതുപോലെ ബ്രഹ്മാവടക്കമുള്ള ഓരോ ജീവിക്കും ഓരോ പ്രകാരത്തിലുള്ള ദുഃഖമുണ്ട്. അതിനെല്ലാം കാരണം വിഷയങ്ങളാണുതാനും. അതിനാൽ വിവേകമുള്ള ഏതൊരാളും വിഷയസുഖത്തെ ആഗ്രഹിക്കരുത്. അത് ദുഃഖത്തിനേ കാരണമാവൂ.

യോ ബിംബഭൂത ആനന്ദ സ ആത്മാനന്ദലക്ഷണഃ
ശാശ്വതോ നിർദ്വയഃ പൂർണ്ണോ നിത്യ ഏകോപി നിർഭയഃ 655

ബിംബഭൂതമായിരിക്കുന്ന ആനന്ദം ആത്മാനന്ദമാണ്. ആനന്ദത്തെ സോപാധികമെന്നും നിരുപാധികമെന്നും രണ്ടായി വേർതിരിക്കാം. വിഷയങ്ങളെ ആശ്രയിച്ച് ഇന്ദ്രിയമനോബുദ്ധികളിൽക്കൂടെ അനുഭവിക്കുന്ന ആനന്ദമാണ് സോപാധികം. വിഷയങ്ങളുടെയോ ഇന്ദ്രിയമനോബുദ്ധികളുടെയോ സംബന്ധമില്ലാത്ത ആനന്ദം നിരുപാധികവും, സോപാധികമായ ആനന്ദത്തെ പ്രതിബിംബഭൂതമെന്നും, നിരുപാധികമായ ആനന്ദത്തെ ബിംബഭൂതമെന്നും പറയാം. ബിംബഭൂതമായ ആനന്ദം പ്രത്യക്ഷമായ ആത്മലക്ഷണമാണ്. ഒന്നിന്റെയും സംബന്ധമില്ലാതെ സ്വാഭാവികമായി പ്രകാശിക്കുന്നതാണല്ലോ. പ്രതിബിംബഭൂതമായ ആനന്ദവും ആത്മലക്ഷണം തന്നെ. എങ്കിലും അനേക ഉപാധികളോട് സംബന്ധപ്പെട്ടിരിക്കുന്നുവല്ലോ. അതിനാൽ അപ്രത്യക്ഷമെന്നു പറയാൻ വയ്യ. ആത്മലക്ഷണമായ നിരുപാധികാനന്ദം ശാശ്വതമാണ്. അതിനു മുറിവില്ല. അതുപോലെ ദ്വൈതഭാവമോ അപൂർണ്ണതയോ ഇല്ല. നിത്യവും ഏകവും നിർഭയവുമാണ് ആത്മാനന്ദം. എന്നാൽ സോപാധികാനന്ദമാകട്ടെ പറയപ്പെട്ട ധർമ്മങ്ങൾക്കൊക്കെ വിരുദ്ധങ്ങളായ ധർമ്മങ്ങളോടുകൂടിയതാണുതാനും.

ലക്ഷ്യതേ പ്രതിബിംബേനാഭാസാനന്ദേന ബിംബവൽ
പ്രതിബിംബോ ബിംബമൂലോ വിനാ ബിംബം ന സിദ്ധ്യതി 656

സാധാരണ ലോകത്തിൽ പലരും പല രൂപത്തിലനുഭവിക്കുന്ന ആനന്ദങ്ങളെല്ലാം സോപാധികങ്ങളാണ്. ആ കാരണത്താൽ തന്നെ പരമാർത്ഥങ്ങളല്ല. പ്രതിബിംബഭൂതങ്ങളാണ്. ഇന്ദ്രിയ മനോബുദ്ധികളുടെയും വിഷയങ്ങളുടെയും സംബന്ധത്തോടു കൂടിയവയാണെന്നു താല്പര്യം. വിഷയാകാരങ്ങളായ പ്രസ്തുത ആനന്ദങ്ങളെല്ലാം പരമാർത്ഥഭൂതങ്ങളാണെന്നു സാധാരണജനങ്ങൾ തെറ്റിദ്ധരിക്കുന്നു. അതുകൊണ്ടാണല്ലോ അവയെ വീണ്ടും സമ്പാദിക്കാനും അനുഭവിക്കാനും നിലനിർത്താനും പരിശ്രമിക്കുന്നത്. സത്യമായ ആത്മാനന്ദത്തിന്റെ പ്രതിബിംബങ്ങൾ തന്നെയാണ് എല്ലാ വിഷയാനന്ദങ്ങളും. എന്നിരുന്നാലും അവയൊന്നും ശാശ്വതമായ ബ്രഹ്മാനന്ദമല്ല. ആ കാരണത്താൽതന്നെ ഏതു രൂപത്തിലുള്ള വിഷയാനന്ദവും ക്ഷണികവും, ക്ഷുദ്രവും, ദുഃഖസമ്മിളിതവുമാണു താനും. എങ്കിലും അവയെല്ലാം ബിംബഭൂതമായ ആത്മാനന്ദത്തിന്റെ പ്രതിബിംബങ്ങളാണ്. എന്തുകൊണ്ടെന്നാൽ ബിംബമില്ലാതെ പ്രതിബിംബമുണ്ടാവാൻ വയ്യല്ലോ. സ്വാഭാവികമായി വിഷയങ്ങളിലോ, ഇന്ദ്രിയാദികരണങ്ങളിലോ ആനന്ദമില്ലെന്നു സ്പഷ്ടമാണ്. ആ സ്ഥിതിക്ക് അവയിൽ ആനന്ദാനുഭൂതിയുണ്ടായിത്തീരുന്നത് മറ്റൊരു ബിംബത്തിൽനിന്ന് പ്രതിബിംബിക്കുന്നതുകൊണ്ടായിരിക്കണമല്ലോ. അതുകൊണ്ടാണ് നിരുപാധികമായ ആത്മാനന്ദത്തെ ബിംബമായും സോപാധികമായ വിഷയാനന്ദത്തെ പ്രതിബിംബമായും പറഞ്ഞത്.

യത്തതോ ബിംബ ആനന്ദഃ പ്രതിബിംബേന ലക്ഷ്യതേ
യുക്ത്യൈവ പണ്ഡിതജനൈർ ന കദാപ്യനുഭൂയതേ 657

പ്രതിബിംബത്തിൽക്കൂടെ ബിംബത്തെ അനുമാനിച്ചറിയാമെന്നത് സാമാന്യനിയമമാണ്. യുക്തിബോധമുള്ളവർക്ക് വളരെ

സുഗമമായി അതിനെ അനുമാനിച്ചറിയാൻ കഴിയും. അങ്ങിനെ യുക്തികൊണ്ട് പ്രതിബിംബത്തിൽക്കൂടെ ബോധിച്ചിട്ടാണ് പണ്ഡിതന്മാർ ആത്മാനന്ദത്തെ നിരൂപിക്കുകയും സമർത്ഥിക്കുകയും ചെയ്യുന്നത്. അല്ലാതെ ഒരിക്കലും അനുഭവിച്ചിട്ടല്ല.

അവിദ്യാകാര്യകരണ സംഘാതേഷു പുരോദിതഃ
ആത്മാ ജാഗ്രത്യപി സ്വപ്നേ ന ഭവത്യേഷ ഗോചരഃ 658

അവിദ്യാകാര്യങ്ങളായ കരണങ്ങൾ ജാഗ്രൽസ്വപ്നങ്ങളാകുന്ന അവസ്ഥകളിലാണ് പ്രകാശിക്കുന്നത്. ജാഗ്രദവസ്ഥിൽ സ്ഥൂല കരണങ്ങളും അവയുടെ വൃത്തികളും വ്യവഹാരങ്ങളും പ്രകാശിക്കുന്നു. സ്വപ്നാവസ്ഥയിൽ സൂക്ഷ്മകരണങ്ങളും അവയുടെ വൃത്തികളും വ്യവഹാരങ്ങളും പ്രകാശിക്കുന്നു. മുമ്പു പറയപ്പെട്ട ആനന്ദസ്വരൂപനായ ആത്മാവാകട്ടെ പ്രസ്തുത രണ്ടവസ്ഥകളിലും സ്ഥൂലസൂക്ഷ്മകരണങ്ങളാലും അവയുടെ വൃത്തികളാലും വ്യവഹാരങ്ങളാലും മറയപ്പെടുന്നു. അതിനാൽ ജാഗ്രൽ സ്വപ്നാവസ്ഥകളിൽ വേണ്ടപോലെ പ്രകാശിക്കുന്നില്ല.

സ്ഥൂലസ്യാപി ച സൂക്ഷ്മസ്യ ദുഃഖരൂപസ്യ വർഷ്മണഃ
ലയേ സുഷുപ്തൗ സ്ഫുരതി പ്രത്യഗാനന്ദലക്ഷണഃ 659

എന്നാൽ ദുഃഖസ്വരൂപങ്ങളും സ്ഥൂലസൂക്ഷ്മങ്ങളുമായ രണ്ടു വിധ ശരീരങ്ങളും ലയിക്കുന്ന സുഷുപ്ത്യവസ്ഥയിലാകട്ടെ ആനന്ദലക്ഷണമായ പ്രത്യഗാത്മാവു പ്രകാശിക്കുകയും ചെയ്യുന്നു. സുഷുപ്തിയിൽ കാലദേശകർത്തൃവ്യത്യാസമില്ലാതെ എല്ലാവരും ആനന്ദത്തെ അനുഭവിക്കുന്നു. അത് ഏതൊരുപാധിയിൽക്കൂടെയുമല്ല. അതിനാൽ നിരുപാധികമാണ് സുഷുപ്തിയിലെ ആനന്ദമെന്നു സ്പഷ്ടമാവുന്നുണ്ട്. ആ കാരണം കൊണ്ടു

തന്നെ അതു ബിംബഭൂതമായിരിക്കുന്ന ആത്മാനന്ദമാണെന്നു സ്പഷ്ടമാവുന്നുമുണ്ട്.

ന ഹ്യത്ര വിഷയഃ കശ്ചിന്നാപി ബുദ്ധ്യാപി കിഞ്ചന
ആത്മൈവ കേവലാനന്ദമാത്രസ്തിഷ്ഠതി നിർദ്വയഃ 660

സുഷുപ്തിയിൽ ശബ്ദാദിവിഷയങ്ങളൊന്നും തന്നെ ആർക്കും പ്രകാശിക്കുന്നില്ല. ഒന്നിനേയും ആരും അറിയുന്നില്ല. അതിനാൽ വിഷയസംബന്ധമില്ലാത്തതാണ് സുഷുപ്തിയിലെ ആനന്ദമെന്നു സ്പഷ്ടമാണ്. ഇന്ദ്രിയാദികരണങ്ങളെല്ലാം ലയിക്കുന്നു സുഷുപ്തിയിലെന്നതിനാൽ കരണസംബന്ധമില്ല സുഷുപ്തിയിലെ ആനന്ദത്തിന്നെന്നു കരുതാം. അതിനാൽ നിരുപാധികമാണ് സുഷുപ്ത്യാനന്ദമെന്നു വ്യക്തമാണ്. ആ കാരണത്താൽതന്നെ ആനന്ദലക്ഷണസ്വരൂപമായ ആത്മപ്രകാശനമാണ് സുഷുപ്തിയെന്ന് ബോധിക്കാൻ കഴിയുകയും ചെയ്യും.

പ്രത്യഭിജ്ഞായതേ സർവ്വൈരേഷ സുപ്തോത്ഥിതൈർജനൈഃ
സുഖമാത്രതയാ നാത്ര സംശയം കർത്തുമർഹസി 661

സുഷുപ്തി വിട്ടു ജാഗ്രത്തിലേക്കുണരുന്ന എല്ലാവർക്കും ഈ സംഗതി വ്യക്തമായി മനസ്സിലാക്കാൻ കഴിയും. മനസ്സിലാക്കി വരുന്നുമുണ്ട്. ഞാൻ ഒന്നും അറിഞ്ഞില്ല. സുഖമായുറങ്ങി എന്നാണ് സുഷുപ്തിയിൽനിന്നുണർന്നുവരുന്ന എല്ലാവരും പറയുന്നത്. അതിൽനിന്നു കരണങ്ങളോ അവയുടെ വൃത്തികളോ സുഷുപ്തിയിലുണ്ടായിരുന്നില്ലെന്നും സുഖമാത്രസ്വരൂപമാണ് സുഷുപ്തിയെന്നും വ്യക്തമാവുന്നുണ്ട്. ആ സുഖം ആത്മസ്വരൂപമാണെന്നും സ്പഷ്ടമാണ്.

ത്വയാപി പ്രത്യഭിജ്ഞാതം സുഖമാത്രത്വമാത്മനഃ
സുഷുപ്താദുത്ഥിതവതാ സുഖമസ്വാപ്സമിത്യനു 662

ചോദ്യകർത്താവായ താങ്കളും ഈ പരമാർത്ഥത്തെ അറിയുന്നു. എങ്ങിനെയെന്നാൽ സുഷുപ്തിയിൽ ഞാനൊന്നുമറിഞ്ഞില്ല, സുഖമായുറങ്ങിയെന്നല്ലേ ഉണർന്നുവരുമ്പോൾ പറയുന്നത്. ആ സുഖം വിഷയങ്ങളുടെയോ, കരണങ്ങളുടെയോ ഒന്നിന്റെയും സ്പർശമുള്ളതല്ലല്ലോ. ആ സ്ഥിതിക്ക് അത് ആത്മസ്വരൂപമല്ലാതെ മറ്റെന്താണ്? അതിനെ താങ്കളും അനുഭവിച്ചിരിക്കയാൽ അങ്ങും ആത്മാവിനെ അറിഞ്ഞിട്ടുണ്ടെന്നു സ്പഷ്ടം.

ദുഃഖാഭാവഃ സുഖമിതി യദുക്തം പൂർവ്വവാദിനാ
അനാഘ്രാതോപനിഷദാ തദസാരം മൃഷാ വചഃ 663

ദുഃഖപൂർണ്ണങ്ങളായ വിഷയാനുഭവങ്ങളെക്കുറിച്ച് സുഖമെന്നുള്ള ചോദ്യകർത്താവിന്റെ വാദം തികച്ചും അയഥാർത്ഥമാണ്. അദ്ദേഹം ഉപനിഷൽസൂക്തികളുടെ ഗന്ധത്തെപ്പോലും അറിഞ്ഞിട്ടില്ലെന്നു തീർച്ചയാണ്. എന്തുകൊണ്ടെന്നാൽ അല്പമെങ്കിലും ഉപനിഷദഭിപ്രായത്തെ അറിയുന്നൊരാൾക്കു വിഷയങ്ങളെ അസത്യമായും അവയുടെ അനുഭവങ്ങളെ ദുഃഖമായും മാത്രമേ കാണാൻ കഴിയൂ.

ദുഃഖാഭാവസ്തു ലോഷ്ടാദൗ വിദ്യതേ നാനുഭൂയതേ
സുഖലേശോപി സർവ്വേഷാം പ്രത്യക്ഷം തദിദം ഖലു 664

കല്ല്, മണ്ണ് തുടങ്ങിയ വസ്തുക്കൾക്ക് സംസാരത്തിൽ സുഖദുഃഖങ്ങളില്ലെന്നു പറയാം. അവയ്ക്കു സുഖദുഃഖങ്ങളുള്ളതായോ, അനുഭവിക്കുന്നതായോ അറിയപ്പെടുന്നില്ല. പ്രത്യക്ഷത്തിൽ ഇല്ലാത്തതായി എല്ലാവരും അറിയുന്നുമുണ്ട്. അങ്ങിനെയുള്ള പദാർത്ഥങ്ങൾക്കൊഴിച്ച് മറ്റെല്ലാ ജീവികൾക്കും സംസാരത്തിൽ സുഖദുഃഖാനുഭവങ്ങളുണ്ട്. മിക്കവാറും ദുഃഖാനുഭവങ്ങൾ തന്നെയാണ് ഓരോരുത്തരുടെയും അനുഭവം. എന്തുകൊണ്ടെന്നാൽ

ഓരോരുത്തരും ആയുഷ്കാലം മുഴുവൻ ദുഃഖനിവൃത്തിയെ അന്വേഷിക്കുന്നതായി കാണുന്നു. ആ സ്ഥിതിക്കു സംസാരത്തിൽ എല്ലാവരും ദുഃഖികളാണെന്നും, സംസാരമൊട്ടാകെ ദുഃഖപൂർണ്ണമാണെന്നും തെളിയുന്നുമുണ്ട്.

സദയം ഹ്യേഷ ഏവേതി പ്രസ്തുത്യ വദതി ശ്രുതിഃ
സൽഘനോയം ചിൽഘനോയമാനന്ദഘന ഇത്യപി 665

എന്നാൽ ആത്മസ്വരൂപമാകട്ടെ സൽഘനവും ചിൽഘനവും ആനന്ദഘനവുമാണെന്നു ശ്രുതി ബഹുമാനപൂർവ്വം സ്തുതിച്ചു പറയുന്നുണ്ട്. സുകൃതികളായ മഹാത്മാക്കൾ അവരുടെ അനുഭവത്തിൽക്കൂടെ അറിയുന്നുമുണ്ട്.

ആനന്ദഘനതാമസ്യ സ്വരൂപം പ്രത്യഗാത്മനഃ
ധന്യൈർമഹാത്മഭിർദ്ധീരൈർബ്രഹ്മവിത്ഭിഃ സദുത്തമൈഃ 666

അപരോക്ഷതയൈവാത്മാ സമാധാവനുഭൂയതേ
കേവലാനന്ദമാത്രത്വേനൈവമത്ര ന സംശയഃ 667

സുകൃതപരിപാകം കൊണ്ട് പാപം നശിച്ച ധന്യന്മാരും ബ്രഹ്മജ്ഞാനസമ്പന്നന്മാരുമായ മഹാത്മാക്കൾ തന്നിൽ താനായി വിളങ്ങിക്കൊണ്ടിരിക്കുന്ന പ്രത്യഗാത്മാവിന്റെ ആനന്ദഘനതാഭാവത്തെ സമാധിയിൽ നിസ്സംശയസ്വരൂപേണ അറിയുന്നു, സ്വയം ആനന്ദസ്വരൂപന്മാരായിത്തീരുന്നു സമാധിയിലെന്നതിനാൽ അപരോക്ഷമായിത്തന്നെ ആത്മാവിന്റെ ആനന്ദഘനഭാവത്തെ നിസ്സംശയസ്വരൂപേണ അറിയുന്നു. മഹാത്മാക്കളുടെ ഇപ്രകാരമുള്ള അനുഭവം ആത്മാവിന്റെ ആനന്ദഘനഭാവത്തിന്ന് നല്ലൊരു തെളിവും പ്രമാണവുമാണുതാനും.

സ്വസ്വോപാധ്യനുരൂപേണ ബ്രഹ്മാദ്യഃ സർവ്വജന്തവഃ
ഉപജീവന്ത്യമുഷ്യൈവ മാത്രാമാനന്ദലക്ഷണാം. 668.

ബ്രഹ്മാവടക്കമുള്ള സർവ്വജീവകോടികളും അവരവരുടെ ഉപാധിക്കനുരൂപമായ നിലയിൽ ഈ ആത്മാനന്ദത്തെത്തന്നെ യാണനുഭവിക്കുന്നത്. പല ഉപാധികളിൽക്കൂടെയാണെന്നു മാത്രം. ഉപാധികളുടെ വ്യത്യാസത്തിനനുസരിച്ച് ആനന്ദാനുഭൂതി ക്ക് ഏറ്റക്കുറവുകളുണ്ടാവുകയും ചെയ്യും. പലവിധപാത്രങ്ങളിൽ വെള്ളമെടുക്കാൻപോയവർക്ക്, ജലാശയത്തിൽ എത്രയെങ്കിലും വെള്ളമുണ്ടെങ്കിൽക്കൂടി അവരവരുടെ പാത്രത്തിൽകൊള്ളാവു ന്നതു മാത്രമാണല്ലോ കിട്ടുന്നത്. പാത്രങ്ങൾ പല വലുപ്പത്തിലു ള്ളവയാണെന്നതിനാൽഒരേ അളവിലല്ല ജലം കിട്ടുന്നത്. ഇതു പോലെ ഉപാധിയുടെ വൈവിധ്യം ഹേതുവായിട്ട് പലർക്കും പലരൂപത്തിലും അളവിലുമാണ് ആനന്ദം അനുഭവപ്പെടുന്ന തെന്നർത്ഥം. ഏതുപാധിയിൽ ക്കൂടെ എങ്ങനെ കിട്ടിയാലും അതെല്ലാം ആനന്ദം തന്നെ.

ആസ്വാദ്യതേ യോ ഭക്ഷ്യേഷു സുഖകൃൽമധുരോ രസഃ
സ ഗുഡസ്യൈവ നോ തേഷാം മാധുര്യം വിദ്യതേ ക്വചിൽ 669

ചിലപ്പോൾ സന്തോഷത്തോടുകൂടി ആഹാരം കഴിച്ചുകൊണ്ടി രിക്കുമ്പോൾ സുഖകരമായ മധുരരസാനുഭൂതിയുണ്ടാവുന്നതായി കാണാറുണ്ട്. ആ മധുരം ശർക്കരയുടേയോ പഞ്ചസാരയുടേയോ ഒന്നുമല്ലെന്ന കാര്യം തീർച്ചയാണ്. ശർക്കര തുടങ്ങിയ വസ്തു ക്കൾക്കും ചിലപ്പോൾ മധുരം ഉണ്ടാവാറുണ്ട്. എങ്കിലും സുഖകര മായ മധുരാനുഭൂതി ശർക്കരയുടേയോ പഞ്ചസാരയുടോയോ ഒന്നുമല്ല. ആത്മാനന്ദത്തിന്റെ സ്ഫുരണമാണ്.

തദ്വൽവിഷയസാന്നിദ്ധ്യാദാനന്ദോ യഃ പ്രതീയതേ
ബിംബാനന്ദാം ശവിസ്ഫൂർത്തിരേവാസൗ ന ജഡാത്മനാം 670

അതുപോലെ ഇഷ്ടപ്പെട്ട മറ്റുവിഷയങ്ങളുടെ ഭുക്തിയാൽ യാതൊരു ആനന്ദമനുഭവപ്പെടുന്നുവോ അത് ആ വിഷയവസ്തുവിന്റേതല്ല. ആത്മാവാകുന്ന ബിംബാനന്ദത്തിന്റെ അംശാംശസ്ഫുരണം മാത്രമാണ്. അല്ലെങ്കിൽ കേവലം ജഡമായ വസ്തുവിൽ എവിടെയാണാനന്ദം? ഒരിക്കലും ഉണ്ടാവാൻവയ്യ. വിഷയവസ്തുക്കളെല്ലാം ജഡങ്ങളാണല്ലോ അവയിൽക്കൂടെ പ്രതിഫലിക്കുന്നതെല്ലാം ആത്മാവാകുന്ന ബിംബാനന്ദത്തിന്റെ ഈഷദ്സ്ഫുരണം തന്നെ.

യസ്യ കസ്യാപി യോഗേന യത്രകുത്രാപി ദൃശ്യതേ
ആനന്ദഃ സ പരസ്യൈവ ബ്രഹ്മണഃ സ്ഫൂർത്തിലക്ഷണഃ 671

ആർക്ക് എവിടെവെച്ച് ഏതൊരുവസ്തുവിൽക്കൂടെ ലഭിക്കുന്ന ഏതു വിധമായ ആനന്ദവും ബ്രഹ്മചൈതന്യത്തിന്റെ സ്ഫൂർത്തി തന്നെയാണ്. എന്തുകൊണ്ടെന്നാൽ മറ്റൊരു വിധത്തിൽ ജഡ വസ്തുവിൽക്കൂടെ ആനന്ദമുണ്ടാക്കുവാൻ വയ്യല്ലോ. ആനന്ദാനുഭവം എവിടെക്കണ്ടാലും ബ്രഹ്മസ്ഫുരണം മാത്രമാണ്.

യഥാ കുവലയോല്ലാസശ്ചന്ദ്രസ്യൈവ പ്രസാദതഃ
തഥാനന്ദോദയോപ്യേഷാം സ്ഫുരണാദേവ വസ്തുനഃ 672

എപ്രകാരം ആമ്പൽപുഷ്പങ്ങൾക്ക് വികാസവും ജഗത്തിലുള്ള ജനങ്ങൾക്ക് സന്തോഷവും ചന്ദ്രോദയം കൊണ്ടുമാത്രം സംഭവിക്കുന്നതാണോ, അതുപോലെ ബ്രഹ്മചൈതന്യസ്ഫുരണം കൊണ്ടുമാണ് ആനന്ദാനുഭൂതിയുമുണ്ടാവുന്നത്. ചന്ദ്രോദയം കൊണ്ടല്ലാതെയും പ്രകാശവ്യാപ്തി ഉണ്ടാവാം എന്നാൽ

ആമ്പൽപുഷ്പങ്ങൾ വിരിയണമെങ്കിൽ ചന്ദ്രൻ ഉദിക്കുകതന്നെ വേണം.

34. ബ്രഹ്മം അദ്വിതീയം

സത്വം ചിത്വം തഥാനന്ദസ്വരൂപം പരമാത്മനഃ
നിർഗ്ഗുണസ്യ ഗുണായോഗാൽ ഗുണാസ്തു ന ഭവന്തി തേ 673

നിർഗ്ഗുണനിർവ്വികാരസ്വരൂപിയായ ബ്രഹ്മത്തിന് യാതൊരു വിധ ഭേദങ്ങളോ ലക്ഷണങ്ങളോ ഉണ്ടാവാൻ കാരണമില്ല. വാസ്തവത്തിൽ ഇല്ലതാനും. എന്നിരുന്നാലും സത്വം, ചിത്വം ആനന്ദത്വം തുടങ്ങിയവ ബ്രഹ്മലക്ഷണങ്ങളായി പറയപ്പെട്ടു വരുന്നുണ്ട്. മായയിൽ നിന്നുണ്ടായ സത്വാദി ഗുണങ്ങളുടെ സംബന്ധമാണ് അതിനു കാരണം. പരമാർത്ഥദൃഷ്ടിയിൽ ഗുണങ്ങൾ തന്നെ ഇല്ലാത്തവയാണെന്നതിനാൽ ഗുണസംബന്ധവും യഥാർത്ഥമല്ല. അതിനാൽ നിർഗ്ഗുണസ്വരൂപിയായ ബ്രഹ്മത്തിന് സത്വാദിലക്ഷണങ്ങൾപോലും കല്പനാമാത്രങ്ങളാണ്.

വിശേഷണം തു വ്യാവൃത്യൈ ഭവേൽദ്രവ്യാന്തരേ സതി
പരമാത്മാഽദ്വിതീയോയം പ്രപഞ്ചസ്യ മൃഷാത്വതഃ 674

രണ്ടാമതൊരു വസ്തുവിന്റെ അസ്തിത്വത്തിൽമാത്രമേ ഒന്നിനു സാമാന്യതയിൽക്കവിഞ്ഞ വിശേഷഭാവമോ വിക്രിയയോ കണക്കാക്കാൻ കഴിയൂ. ജഗത്താണല്ലോ ബ്രഹ്മത്തെ അപേക്ഷിച്ച് ദ്വിതീയവസ്തുവായിട്ടിരിക്കുന്നത്. ജഗത്തിന് ബ്രഹ്മത്തിൽനിന്നന്യ മായ അസ്തിത്വമില്ല. അതിനാൽമൃഗതൃഷ്ണാജലമെന്നപോലെ പ്രതീതിമാത്രവും ശൂന്യവുമാണ് ജഗത്തെന്നു സ്പഷ്ടം. ആ സ്ഥിതിക്ക് ബ്രഹ്മം അദ്വിതീയവും വിശേഷഭാവങ്ങളില്ലാത്തതു

മാണ്. അതിനാൽ ബ്രഹ്മത്തിൽ ആരോപിക്കപ്പെടുന്ന സൽഭാവാദി ലക്ഷണങ്ങൾ കല്പനാമാത്രങ്ങളാണെന്നു താല്പര്യം.

വസ്ത്വന്തരസ്യാഭാവേന ന വ്യാവൃത്യഃ കദാചന
കേവലോ നിർഗ്ഗുണശ്ചേതി നിർഗ്ഗുണത്വം നിരുച്യതേ 675

മറ്റൊരു വസ്തുവുമില്ലാതെ ഒരു വസ്തുമാത്രം അദ്വൈതമായി പ്രകാശിച്ചുകൊണ്ടിരിക്കുമ്പോൾ അതിനു വിവർത്തഭാവങ്ങളുണ്ടാവാൻവയ്യ. അങ്ങനെ പറയുന്നത് ശരിയുമല്ല. ബ്രഹ്മം കേവലം നിർഗ്ഗുണവുമാണെന്നു പലപ്രാവശ്യം ശ്രുതി ബോധിപ്പിക്കുന്നുണ്ട്. നിർഗ്ഗുണമെന്ന പ്രതിപാദനംപോലും ശരിയാണെന്നു പറയാൻവയ്യ. എന്തുകൊണ്ടെന്നാൽ സത്വാദിഗുണങ്ങൾ കല്പനാമാത്രങ്ങളാണെന്ന് ഉപദേശിക്കുന്ന ശ്രുതി എന്തിനു ഗുണസ്മരണത്തിനുതകുന്ന നിർഗ്ഗുണശബ്ദത്തെപ്പറയണം? കേവലമെന്നുമാത്രമേ പറയേണ്ടതുള്ളൂ. അതാണ് ശരിയും.

ശ്രുത്യൈവ ന തതസ്തേഷാം ഗുണത്വമുപപദ്യതേ
ഉഷ്ണത്വം ച പ്രകാശഞ്ച യഥാ വഹ്നേസ്തഥാത്മനഃ 676

ഈ കാരണത്താൽശ്രുതിതന്നെ ബ്രഹ്മത്തിന്റെ സദാദി ലക്ഷണങ്ങൾക്ക് ഗുണഹേതുത്വത്തെപ്പറയുന്നുമില്ല. ഉഷ്ണത്വവും പ്രകാശവും എപ്രകാരം അഗ്നിയുടെ ലക്ഷണങ്ങളാണെങ്കിലും ഗുണഹേതുകങ്ങളല്ലയോ, അതുപോലെ സദാദിഭാവങ്ങൾ ബ്രഹ്മലക്ഷണങ്ങളാണെങ്കിലും ഗുണഹേതുകങ്ങളല്ല.

സത്വചിത്വാനന്ദതാദി സ്വരൂപമിതി നിശ്ചിതം
അത ഏവ സജാതീയ വിജാതീയാദിലക്ഷണഃ 677

ഭേദോ ന വിദ്യതേ വസ്തുന്യദ്വിതീയേ പരാത്മനി 678

ബ്രഹ്മലക്ഷണങ്ങളെന്നു പറയപ്പെടുന്ന സദാദിഭാവങ്ങൾ ഗുണഹേതുകങ്ങളല്ലെങ്കിൽ പിന്നെ എങ്ങനെയുണ്ടായി? എന്നാണെങ്കിൽ സത്വം ചിത്വം ആനന്ദത്വം തുടങ്ങിയ ലക്ഷണ ങ്ങൾ ബ്രഹ്മലക്ഷണങ്ങളായി പറയപ്പെടാറുണ്ടെങ്കിലും വാസ്തവ ത്തിൽ അവയൊന്നും തന്നെ ബ്രഹ്മത്തിൽനിന്നും ഭേദമല്ല. ബ്രഹ്മ ലക്ഷണങ്ങൾ തന്നെയാണുതാനും. ഉഷ്ണത്വവും പ്രകാശവും എപ്രകാരം അഗ്നിലക്ഷണങ്ങളായി പറയപ്പെടാറുണ്ടെങ്കിലും എപ്രകാരം അഗ്നിസ്വരൂപങ്ങൾമാത്രമാണോ, അതുപോലെ സദാ ദിഭാവങ്ങൾ ബ്രഹ്മസ്വരൂപങ്ങൾ മാത്രമാണ്. അതു കൊണ്ടാണ് അദ്വിതീയപരമാത്മ വസ്തുവായബ്രഹ്മം സജാതീയ വിജാതീയ സ്വഗതങ്ങളായ മൂന്നു വിധ ഭേദങ്ങളുമില്ലാതിരിക്കുന്നത്. ഭേദങ്ങളില്ലാത്തതുകൊണ്ടാണ് അദ്വൈതത്വം നിലനിൽക്കുന്ന തും. സദാദിഭാവങ്ങൾബ്രഹ്മസ്വരൂപങ്ങളല്ല ബ്രഹ്മലക്ഷണങ്ങൾ മാത്രമാണെന്നു സിദ്ധാന്തിക്കുന്ന പക്ഷം ബ്രഹ്മത്തിന്നു ഭേദമു ണ്ടെന്നുവരും. അപ്പോൾ അദ്വൈത സിദ്ധാന്തം നിലനിൽക്കാനും വയ്യ. അതൊന്നും ശ്രുതിക്കു ഹിതമല്ല. അതിനാൽ സദാദിഭാവ ങ്ങൾ ബ്രഹ്മസ്വരൂപങ്ങൾ തന്നെയെന്നു നിശ്ചയിക്കണം. ശ്രുതി അങ്ങനെ സിദ്ധാന്തിച്ചിട്ടുമുണ്ട്.

പ്രപഞ്ചസ്യാപവാദേന വിജാതീയകൃതാ ഭിദാ
നേഷ്യതേ തൽപ്രകാരം തേ വക്ഷ്യാമി ശൃണു സാദരം
അഹേർഗ്ഗുണവിവർത്തസ്യ ഗുണമാത്രസ്യ വസ്തുതഃ 679

ബ്രഹ്മത്തിന്ന് അദ്വൈതത്വം സിദ്ധാന്തിക്കുന്നുണ്ടെങ്കിലും ഭേദ മില്ലെന്നെങ്ങനെ പറയും? അനന്തകോടി വ്യത്യസ്തഭാവങ്ങളോടു കൂടിയപ്രപഞ്ചം ബ്രഹ്മത്തിലല്ലേ പ്രകാശിക്കുന്നത്? പ്രപഞ്ച ത്തിൽ ഒരു വസ്തു പോലും ബ്രഹ്മത്തെ പോലെ അല്ല താനും. അതിനാൽ പ്രപഞ്ചബോധം ഉള്ളിടത്തോളം കാലം ബ്രഹ്മത്തിൽ

വിജാതീയബോധം ഇല്ലെന്നെങ്ങനെ പറയും? എന്നാണെങ്കിൽ അതു ശരിയല്ല. കയറിൽതോന്നപ്പെടുന്ന പാമ്പ് കയറിൽ ഭേദത്തെ സൃഷ്ടിക്കുന്നില്ല. അതുപോലെ തിര, നുര തുടങ്ങിയ പ്രതിഭാസങ്ങൾ സമുദ്രത്തിനും ഭേദത്തെ ഉണ്ടാക്കുന്നില്ല. ദ്രഷ്ടാവിന്റെ ചിത്തത്തിലെ ഗുണവികാസം ഹേതുവായിട്ട് വസ്തുവിൽ വിവർത്തഭാവേന കാണപ്പെടുന്നവയാണ് പറയപ്പെട്ട പദാർത്ഥങ്ങൾ. അവയ്ക്കു ദ്രഷ്ടാവിന്റെ മനോവൃത്തിയല്ലാതെ സത്തയോ യാഥാർത്ഥ്യമോ ഇല്ല. അതിനാൽ അവ മൂലവസ്തുവിന് യാതൊരുപ്രകാരത്തിലും ഭേദകാരണമാവുന്നുമില്ല. ഇതുപോലെയാണ് പ്രപഞ്ചപ്രതീതിയും. ദ്രഷ്ടാവിന്റെ മനോവൃത്തിയാണ് പ്രപഞ്ചത്തിന്റെ സത്ത. അതിനാൽ കയറിലെ പാമ്പെന്നപോലെ തികച്ചും ഗുണാത്മകമാണ്. ഇങ്ങനെ കേവലം വിവർത്തസ്വരൂപം മാത്രമാണ് പ്രപഞ്ചമെന്നതിനാൽ ബ്രഹ്മത്തിൽ വിജാതീയഭേദകല്പനയ്ക്ക് കാരണമില്ല.

വിവർത്തസ്യാസ്യ ജഗതഃ സന്മാത്രത്വേന ദർശനം
അപവാദ ഇതി പ്രാഹുരദ്വൈതബ്രഹ്മദർശിനഃ 680

പ്രപഞ്ചം വിവർത്തസ്വരൂപം ആകയാൽ ബ്രഹ്മത്തിൽ ഭേദകല്പനത്തിന് കാരണമാവില്ല. ഭേദഭാവത്തിന്ന് അപവാദമാണ് പ്രപഞ്ചത്തിന്റെ വിവർത്തഭാവമെന്നാണല്ലൊ പൂർവ്വശ്ലോകത്തിൽ പറഞ്ഞതിന്റെ താത്പര്യം. എന്താണ് അപവാദമെന്നാണെങ്കിൽ പറയാം. കേവലം കാനൽജലമെന്നപോലെ വിവർത്തസ്വരൂപമായിരിക്കുന്നു ഈ പ്രപഞ്ചമെന്നതിനാൽ മൂന്നു കാലത്തും ഇതിനു സൽഭാവമില്ലെന്നു വ്യക്തമാണ്.

വ്യുൽക്രമേണ തദുൽപ്പത്തേർദൃഷ്ടവ്യം സൂക്ഷ്മബുദ്ധിഭിഃ
പ്രതീതസ്യാസ്യ ജഗതഃ സന്മാത്രത്വം സുയുക്തിഭിഃ 681

പ്രതീതി മാത്രമാണ് ജഗത്തെന്നുപറഞ്ഞാലും, ചിരകാലം നിലനിൽക്കുകയും, സ്വാഭാവികമായിത്തന്നെ പരിണാമത്തെ പ്രാപിക്കുകയും മറ്റും കണ്ടുവരുന്നതിനാൽ കേവലം രജ്ജൂ സർപ്പമെന്നപോലെ മിഥ്യയാണെന്നു പറഞ്ഞുകൂടാ. സത്യാംശം അല്പമെങ്കിലും ഇല്ലാതെ എന്നെന്നും ഇതേ രൂപത്തിൽ നില നിൽക്കാൻ വയ്യ. അതിനാൽജഗത്തു വെള്ളത്തിലെ കുമിളയെന്ന പോലെ ക്ഷണികവിവർത്തമല്ല എന്നാണെങ്കിൽ അതും ശരി തന്നെ. എന്നാൽചിരകാലം നിലനിൽക്കുന്നു എന്നതുകൊണ്ടും, സ്വാഭാവികമായി പരിണമിക്കുന്നു എന്നതു കൊണ്ടും വിവർത്തം വിവർത്തമല്ലാതാവാൻ പോവുന്നില്ല. വിവർത്തത്തിന്ന് സത്യത്വമു ണ്ടാവാനും പോകുന്നില്ല. ജഗത്തിന്റെ ഉത്പത്തിയുടെ സ്വഭാവ ത്തെ സൂക്ഷ്മതയോടും യുക്തിയോടും കൂടി വീക്ഷിക്കുന്നൊ രാൾക്ക് പരമാർത്ഥം ബോധിക്കാനും കഴിയും. മൂലവസ്തുവിൽ നിന്ന്യമായി മറ്റൊന്നുമില്ലാതെ മൂലവസ്തുവിൽത്തന്നെ ദ്രഷ്ടാ വിന്റെ മനോവൃത്തിവികാസം ഹേതുവായി തോന്നപ്പെടുന്ന പദാർത്ഥപ്രതിഭാസത്തെയാണ് വിവർത്തമെന്നു പറയുന്നത്. മൺകുടം മണ്ണിൽതോന്നപ്പെടുന്ന വിവർത്തഭാവമാണ്. അതു പോലെ ജഗത്തും സത്യമെന്നുതോന്നുന്ന സമയത്തും ബ്രഹ്മ ചൈതന്യത്തിൽനിന്നന്യമല്ല. അതിനാൽ ബ്രഹ്മതത്വമല്ലാതെ മറ്റൊരു സത്യവും ജഗത്തിനില്ലതാനും. ഉല്പത്തിസ്വഭാവത്തെ നിരൂപിച്ചാൽ ഈ പരമാർത്ഥത്തെ അറിയുവാൻ കഴിയുമെ ന്നാണ് പറഞ്ഞത്. അതിനാൽ ജഗൽപദാർത്ഥങ്ങൾക്ക് ചിരകാല നിലനില്പും മറ്റുമുണ്ടെന്നു തോന്നിയാലും ബ്രഹ്മവസ്തുവിൽ തോന്നപ്പെടുന്ന വിവർത്തഭാവമല്ലാതെ സത്യത്വമില്ല.

ചതുർവ്വിധം സ്ഥൂലശരീരജാതം
തൽഭോജ്യമന്നാദി തദശ്രയാദി

ബ്രഹ്മാണ്ഡമേതൽസകലം സ്ഥവിഷ്ഠ–
മീക്ഷേത പഞ്ചീകൃതഭൂതമാത്രം 682

ഉദാഹരണത്തിന് സ്ഥൂലശരീരങ്ങളെ എടുക്കുക. ഉൽഭിജ്ജം, സ്വേദജം, അണ്ഡജം, ജരായുജം എന്നിങ്ങനെ നാലു പ്രകാര ത്തിലേ സ്ഥൂലശരീരങ്ങളുള്ളു. അവയുടെ രൂപവും അന്നവും ആശ്രയവുമെല്ലാം സ്ഥൂലപഞ്ചഭൂതങ്ങൾ മാത്രമാണ്. സ്ഥൂലപഞ്ച ഭൂതങ്ങളോടുകൂടാതെ അവക്കൊന്നും ഉൽപത്തിയോ, നില നില്പോ ഇല്ലെന്ന കാര്യം സ്പഷ്ടമാണ്. പഞ്ചഭൂതങ്ങളിൽ നിന്നന്യ മായി ഒന്നും തന്നെ അവയിൽ ചേർന്നിട്ടുമില്ല. ആ സ്ഥിതിക്ക് സ്ഥൂലശരീരങ്ങളെല്ലാം പഞ്ചഭൂതങ്ങളിലെ വിവർത്തഭാവങ്ങ ളല്ലാതെ മറ്റെന്താണ്? അല്ലെങ്കിൽ എന്തിനു ശരീരങ്ങളെമാത്രം പറയുന്ന്? ഈ സ്ഥൂലബ്രഹ്മാണ്ഡമൊട്ടാകെത്തന്നെയും പഞ്ച ഭൂതമയമല്ലേ? പഞ്ചഭൂതങ്ങളല്ലാതെ മറ്റെന്താണ് ബ്രഹ്മാണ്ഡത്തി ലുള്ളത്? ഒന്നും തന്നെയില്ല. അതിനാൽ ബ്രഹ്മാണ്ഡമൊട്ടാകെ ത്തന്നെയും പഞ്ചഭൂതങ്ങളുടെ വിവർത്തമല്ലാതെ മറ്റൊന്നുമ ല്ലെന്ന് സ്പഷ്ടമാണ്.

യൽകാര്യരൂപേണ യദീക്ഷതേ തൽ
തന്മാത്രമേവാത്ര വിചാര്യമാണേ
മൃൽകാര്യഭൂതം കലശാദി സമ്യക്
വിചാരിതം സന്ന മൃദോ വിഭിദ്യതേ 683

ഏതൊന്നിന്റെ കാര്യസ്വരൂപമായിട്ടാണോ പദാർത്ഥം കാണ പ്പെടുന്നത് ആ കാരണവസ്തു തന്നെയാണ് കാര്യസ്വരൂപേണ അറിയപ്പെടുന്നത്. ഘടാദി പാത്രവസ്തുക്കളെല്ലാം മണ്ണിന്റെ കാര്യങ്ങളാണ്. വാസ്തവത്തിൽ കാരണമായ മണ്ണുതന്നെ കാര്യ മായ പാത്രരൂപത്തിൽ കാണപ്പെടുകയല്ലാതെ മറ്റെന്താണ് ചെയ്യു ന്നത്? ഘടാദി പദാർത്ഥങ്ങളെ വേണ്ടപോലെ നിരൂപിച്ചു

കഴിഞ്ഞാൽ വാസ്തവത്തിൽ അങ്ങനെയുള്ള പദാർത്ഥങ്ങളിലെല്ലാം മണ്ണുതന്നെ മറ്റൊരുരൂപത്തിൽ ഗ്രഹിക്കപ്പെടുകയുമാണ് ചെയ്യുന്നതെന്നും ബോദ്ധ്യമാവും. അതു തന്നെയാണ് വിവർത്തനസ്വഭാവും. ആ സ്ഥിതിക്ക് പഞ്ചഭൂതങ്ങളല്ലാതെ സ്ഥൂലപ്രപഞ്ചമെന്നോ ശരീരങ്ങളെന്നോ പറയപ്പെടുന്ന പദാർത്ഥങ്ങൾ ഇല്ലാത്തവയാണെന്ന് സ്പഷ്ടമാണ്.

അന്തർബ്ബഹിശ്ചാപി മൃദേവ ദൃശ്യതേ
മൃദോ ന ഭിന്നം കലശാദി കിഞ്ചന
ഗ്രീവാദിമദ്യൽകലശം തദിത്ഥം
ന വാച്യമേതച്ച മൃദേവ നാന്യൽ **684**

ഘടവസ്തുവിന്റെ അകത്തും പുറത്തും ചുവട്ടിലും മുകളിലുമെല്ലാം മണ്ണല്ലാതെ ഘടമെന്ന പദാർത്ഥം എവിടേയും കാണപ്പെടുന്നില്ല. കഴുത്തും വയറുമെല്ലാമുള്ള ഘടമുണ്ടെന്നു പറഞ്ഞാലും പറയുന്നവന്റെ മനസ്സിലല്ലാതെ പദാർത്ഥത്തിൽ മണ്ണല്ലാതെ മറ്റൊന്നും കാണപ്പെടുന്നില്ല. മണ്ണിൽവെറുതെ ഘടശബ്ദം ആരോപിക്കുന്നു എന്നല്ലാതെ മണ്ണിന്നു മറ്റൊന്നും സംഭവിക്കുന്നില്ല.

സ്വരൂപതസ്തൽകലശാദി നാമ്നാ
മൃദേവ മൂഢൈരഭിധീയതേ തതഃ
നാമ്നോ ഹി ഭേദോ ന തു വസ്തുഭേദഃ
പ്രദൃശ്യതേ തത്ര വിചാര്യമാണേ **685**

ഘടമെന്ന പേരിൽ അറിയപ്പെടുന്ന വസ്തു നാമം കൊണ്ടോ രൂപം കൊണ്ടോ ഭേദമുണ്ടെങ്കിലും പദാർത്ഥം മണ്ണല്ലാതെ മറ്റൊന്നുമല്ല. മണ്ണിൽ ഒരംശം വേർതിരിച്ചെടുത്ത് അതിൽ പുതിയനാമരൂപങ്ങളെ ആരോപിച്ച് എന്നുള്ളതാണ് ഘടം.

അല്ലാതെ ഘടമെന്ന ഒരു വസ്തുവില്ല. മണ്ണിനെത്തന്നെയാണ് ഘടമെന്നു പറയുന്നത്. ഈ പരമാർത്ഥത്തെ സൂക്ഷ്മമായി വിചാരം ചെയ്യുന്നവർക്ക് അറിയാൻ വിഷമവുമില്ല. അങ്ങനെ തന്നെ പ്രപഞ്ചത്തിന്റെയും അവസ്ഥ.

തസ്മാദ്ധി കാര്യം ന കദാപി ഭിന്നം
സ്വകാരണാദസ്തി യതസ്തതോƒംഗ
യൽഭൗതികം സർവ്വമിദം തഥൈവ
തൽഭൂതമാത്രം ന തതോപി ഭിന്നം 686

ഇതുവരെ പറഞ്ഞതിൽനിന്ന് കാര്യവസ്തുക്കളൊന്നും കാരണത്തിൽനിന്ന് ഭിന്നമല്ലെന്ന് വ്യക്തമായല്ലോ. ഒരിക്കലും കാര്യവസ്തുക്കൾ കാരണങ്ങളിൽ നിന്ന് ഭിന്നങ്ങളാവാൻ വയ്യ. അങ്ങനെ കാര്യങ്ങളിൽനിന്ന് ഭിന്നങ്ങളാണെന്നു വരുന്നപക്ഷം കാര്യകാരണസംബന്ധം തന്നെ ഇല്ലാതാവുകയും ചെയ്യും. അതിനാൽ കാര്യവസ്തുക്കളും കാരണവസ്തുക്കളും ഭൂതമാത്രങ്ങളാണ്. പഞ്ചഭൂതങ്ങളിൽ നിന്നന്യമായി ഒന്നും തന്നെ ഉണ്ടായിട്ടില്ല. ഉണ്ടാവാൻ സാദ്ധ്യതയും ഇല്ല. അതിനാൽ സ്ഥൂലപ്രപഞ്ചം മുഴുവൻ തന്നെയും പഞ്ചഭൂതാത്മകമാണ്. ജഗത്തിലെ ഓരോ പദാർത്ഥവും പഞ്ചഭൂതങ്ങളുടെ വിവർത്തഭാവം മാത്രമാണെന്നു താത്പര്യം.

തച്ചാപി പഞ്ചീകൃതഭൂതജാതം
ശബ്ദാദിഭിഃ സ്വസ്വഗുണൈശ്ച സാർദ്ധം
വപൂംഷി സൂക്ഷ്മാണി ച സർവ്വമേതൽ
ഭവത്യപഞ്ചീകൃതഭൂതമാത്രം 687

സ്ഥൂലപ്രപഞ്ചത്തിന്റെ കഥയാണല്ലോ ഇവിടെ പറഞ്ഞത്. സ്ഥൂലങ്ങളായ പഞ്ചഭൂതങ്ങളാണ് സ്ഥൂലപ്രപഞ്ചം മുഴുവനു

മെന്നു സ്പഷ്ടമായല്ലോ അതുപോലെ അപഞ്ചീകൃതങ്ങളായ സൂക്ഷ്മപഞ്ചഭൂതങ്ങളാണ് സൂക്ഷ്മപ്രപഞ്ചം മുഴുവനുമായിട്ടിരിക്കുന്നത്. ഇന്ദ്രിയശക്തികളും അന്തഃക്കരണവുമടങ്ങിയ സൂക്ഷ്മശരീരവും സൂക്ഷ്മപഞ്ചഭൂതങ്ങളിലെ വിവർത്തഭാവം മാത്രമാണ്. ശബ്ദാദി വിഷയങ്ങൾ പഞ്ചഭൂതങ്ങളുടെ ഗുണങ്ങളാണല്ലോ അതാതു ഗുണങ്ങളോടുകൂടിയ സൂക്ഷ്മപഞ്ചഭൂതങ്ങളിലെ വിവർത്തഭാവമാണ് സൂക്ഷ്മശരീരമെന്നതിനാൽ സ്ഥൂലശരീരത്തിലെന്നപോലെ സൂക്ഷ്മശരീരത്തിലും വിഷയഗ്രഹണാദികാര്യങ്ങൾ തടസ്സമില്ലാതെ നടക്കുന്നു. ഭൂതങ്ങളുടെ പഞ്ചീകൃതവും അപഞ്ചീകൃതവും ആയ അവസ്ഥകളാണ് അവയെ സ്ഥൂലങ്ങളും സൂക്ഷ്മങ്ങളുമായി നിലനിർത്തുന്നത്. അഞ്ച് ഭൂതങ്ങളുടേയും ക്രമീകൃതങ്ങളായ മാത്രകൾ വേർതിരിഞ്ഞ് അഞ്ചും ഒന്നായിച്ചേരുന്ന സമ്പ്രദായത്തിനാണ് പഞ്ചീകരണമെന്നു പറയുന്നത്. പഞ്ചീകരിക്കപ്പെടുമ്പോൾ സൂക്ഷ്മങ്ങളായ ഭൂതമാത്രകൾ സ്വയം സ്ഥൂലങ്ങളായിത്തീരുന്നു. അങ്ങനെ ചെയ്യപ്പെടാത്ത അപഞ്ചീകൃതമാത്രകൾ എപ്പോഴും സൂക്ഷ്മങ്ങളായി ത്തന്നെ നിലനിൽക്കുകയും ചെയ്യുന്നു.

തദപ്യപഞ്ചീകൃതഭൂതജാതം
രജസ്തമസ്സത്വഗുണൈശ്ച സാർദ്ധം
അവ്യക്തമാത്രം ഭവതി സ്വരൂപതഃ
സാഭാസമവ്യക്തമിദം സ്വയം ച **688**

സത്വരജസ്തമസ്സുകളാകുന്ന ഗുണങ്ങളോടുകൂടിയവയാണ് സൂക്ഷ്മശരീരങ്ങളെല്ലാം. അപഞ്ചീകൃതഭൂതമാത്രകൾ കൊണ്ട് അവ ഉണ്ടായതെന്ന കാരണത്താൽ സ്ഥൂലപഞ്ചേന്ദ്രിയങ്ങൾ കൊണ്ടറിയത്തക്കവയുമല്ല. അവയിൽ അടങ്ങിയിരിക്കുന്ന ശബ്ദാദിമാത്രകളും അങ്ങിനെതന്നെ അവ്യക്തങ്ങളാണ്.

അവ്യക്തങ്ങളാണെങ്കിലും വിക്രിയകൊണ്ടറിയാവുന്നവയുമാണ്. ജീവന്റെ മുഖ്യോപാധിയാണ് സൂക്ഷ്മശരീരമെന്നതിനാൽ ആഭാസചൈതന്യത്തോടുകൂടിയവയുമാണ് സൂക്ഷ്മശരീരങ്ങളോരോന്നും. സ്വഭാവേനതന്നെ അവ സ്ഥൂലേന്ദ്രിയങ്ങൾ കൊണ്ടറിയത്തക്കവയല്ലാത്തതിനാൽ സ്വയം അവ്യക്തങ്ങളുമാണ്.

ആധാരഭൂതം യദഖണ്ഡമാദ്യം
ശുദ്ധം പരം ബ്രഹ്മ സദൈകരൂപം
സന്മാത്രമേവാസ്ത്യഥ നോ വികല്പഃ
സതഃ പരം കേവലമേവ വസ്തു 689

ജീവത്വകല്പനക്ക് ആധാരമായിരിക്കുന്ന ചിത്താകുന്ന പരതത്വം ആദ്യവും അഖണ്ഡവും ഏകവുമാണ്. ഉപാധിളുടെ നാനാത്വം കൊണ്ടാണ് ചൈതന്യത്തിന്ന് അജ്ഞദൃഷ്ടിയിൽ നാനാത്വമുള്ളതായി തോന്നപ്പെടുന്നത്. അഖണ്ഡമായ ആകാശം ഘടാദ്യുപാധികളുടെ സംബന്ധം കൊണ്ട് അനേകമായി അറിയപ്പെടുന്നു. വാസ്തവത്തിൽ ആകാശം പരിച്ഛിന്നമാവാൻ വയ്യെന്നു സ്പഷ്ടമാണല്ലോ. അതുപോലെ അപരിച്ഛിന്നവും സത്താമാത്രവുമായ ബ്രഹ്മചൈതന്യത്തിന്നും പരിച്ഛിന്നമാവാൻ വയ്യ. പരമാർത്ഥത്തിൽ ഉണ്ടാവുന്നുമില്ല. എന്നാൽ അനേകോപാധിസംബന്ധംകൊണ്ട് അനേകമെന്നപോലെ തോന്നപ്പെടുക മാത്രമാണ് ചെയ്യുന്നത്. പ്രജ്ഞ ഉപാധി ബോധത്തെ വിടുമ്പോൾ ഈ പരമാർത്ഥത്തെ അറിയുകയും ചെയ്യും.

ഏകശ്ചന്ദ്രഃ സദ്വിതീയോ യഥാ സ്യാൽ
ദൃഷ്ടേർദോഷാദേവ പുംസസ്തഥൈകം
ബ്രഹ്മാസ്ത്യേതൽബുദ്ധിദോഷേണ നാനാ
ദോഷേ നഷ്ടേ ഭാതി വസ്ത്വേകമേവ 690

ദൃഷ്ടിയുടെ ദർശനദോഷംകൊണ്ട് ഏകമായിരിക്കുന്ന ചന്ദ്രബിംബം ചിലപ്പോൾ ചിലർക്കു രണ്ടായി കാണപ്പെടാറുണ്ട്. അങ്ങിനെ സംഭവിക്കുന്നത് ചന്ദ്രബിംബത്തിന്റെ ദോഷം കൊണ്ടല്ല. ദൃഷ്ടിയുടെയും ദർശനത്തിന്റെയും ദോഷം കൊണ്ടാണ്. ദൃഷ്ടിദോഷം നീങ്ങുമ്പോൾ ചന്ദ്രബിംബത്തിന്റെ ദ്വിത്വവും നീങ്ങും. അതുപോലെ ഏകവും അദ്വിതീയവുമായ ബ്രഹ്മത്തിൽ നാനാത്വബോധമുണ്ടാകുന്നത് ബുദ്ധിദോഷം കൊണ്ടാണ്. അല്ലാതെ ബ്രഹ്മതത്വത്തിൽ നാനാത്വമുണ്ടായിട്ടല്ല. ബുദ്ധിദോഷം നീങ്ങുമ്പോൾ അദ്വൈതമായ ബ്രഹ്മത്തിൽ തോന്നപ്പെട്ടിരുന്ന നാനാത്വവും നീങ്ങും.

രജ്ജോഃ സ്വരൂപാധിഗമേന സർപ്പധീഃ
രജ്ജ്വാം വിലീനാ തു യഥാ തഥൈവ
ബ്രഹ്മാവഗത്യാ തു ജഗൽപ്രതീതി–
സ്തത്രൈവ ലീനാ തു സഹ ഭ്രമേണ 691

കയറിന്റെ സ്വരൂപം അറിയപ്പെടാതിരിക്കും കാലത്തോളം മാത്രമേ സർപ്പപ്രതീതി നിലനില്ക്കുന്നുള്ളൂ. കയറിന്റെ സ്വരൂപം അറിയപ്പെടുമ്പോൾ സർപ്പപ്രതീതി സ്വാഭാവികമായി നീങ്ങും. അതുപോലെ ബ്രഹ്മബോധമില്ലാതിരിക്കും കാലത്തോളം മാത്രമാണ് ജഗൽപ്രതീതിയും നിലനില്ക്കുന്നത്. പരമാർത്ഥമായ ബ്രഹ്മബോധമുണ്ടാവുന്നതോടെ ജഗൽപ്രതീതിയും അതിന്നാസ്പദമായ ഭ്രമവും ഒന്നിച്ചില്ലാതായിത്തീരുന്നു.

ഭ്രാന്ത്യോദിതദ്വൈതമതിപ്രശാന്ത്യാ
സദൈകമേവാസ്തി സദാ ƒദ്വിതീയം
തതോ വിജാതീയകൃതോ ƒത്ര ഭേദോ
ന വിദ്യതേ ബ്രഹ്മണി നിർവ്വികല്പേ 692

അപരിച്ഛിന്നവും അദ്വൈതവുമായ പരതത്വമൊഴിച്ച് മറ്റൊന്നു മില്ലാതിരിക്കെ ദ്വൈതപ്രതീതിയുണ്ടായിത്തീരുന്നത് ബുദ്ധി ദോഷം കൊണ്ടുതന്നെയാണ്. ബുദ്ധിയുടെ ആ ദ്വൈതഭ്രമം നീങ്ങുമ്പോൾ കേവലമായ സദ്വസ്തു അദ്വൈതമാണെന്നും മറ്റൊന്നും സംഭവിച്ചിട്ടില്ലെന്നും ബോദ്ധ്യമാവും. ഭ്രമത്തിന്നു ഹേതു തെറ്റിദ്ധാരണയാണല്ലോ. പരമാർത്ഥബോധം കൊണ്ടു തെറ്റിദ്ധാരണ നീങ്ങും. അതുകൊണ്ടേ നീങ്ങുകയും ഉള്ളൂ. കയറിൽ പാമ്പെന്ന തെറ്റിദ്ധാരണ കയറിന്റെ ശരിയായ ബോധം കൊണ്ടാണല്ലോ നീങ്ങുന്നത്. അതുപോലെ അദ്വൈതമായ ബ്രഹ്മതത്വത്തിൽ ഉദിച്ച ജഗൽപ്രതീതിയാകുന്ന തെറ്റിദ്ധാരണ യും ശരിയായ ബ്രഹ്മബോധം കൊണ്ടു നീങ്ങും. അങ്ങനെ ഭേദപ്രതീതി മുഴുവൻ നീങ്ങുമ്പോൾ അതുവരെ അദ്വൈത ബ്രഹ്മതത്വത്തിൽ തോന്നപ്പെട്ടിരുന്ന വിജാതീയബോധം ഇല്ലാതായിത്തീരും. അന്യവസ്തുക്കൾ ഹേതുവായിട്ടാണല്ലോ ഒരു വസ്തുവിന്നു വിജാതീയഭേദമുണ്ടായിത്തീരുന്നത്. താനല്ലാതെ അന്യമായൊരു വസ്തുവില്ലെന്നു വരുമ്പോൾ പിന്നെയെങ്ങനെ വിജാതീയഭേദമുണ്ടാവും?

യദാസ്ത്യുപാധിസ്തദഭിന്ന ആത്മാ
തദാ സജാതീയ ഇവാവഭാതി
സ്വപ്നാർത്ഥതസ്തസ്യ മൃഷാത്മകത്വാൽ
തദപ്രതീതൗ സ്വയമേവ ആത്മാ
ബ്രഹ്മൈക്യതാമേതി പൃഥക് ന ഭാതി
തതഃ സജാതീയകൃതോ ന ഭേദഃ 693

മുൻശ്ലോകത്തിൽ വിജാതീയഭേദമില്ലെന്നു സമർത്ഥിച്ചതു പോലെ സജാതീയഭേദവും ബ്രഹ്മത്തിനില്ല. സ്വതവേ അഭിന്നനും സർവ്വത്ര പൂർണ്ണനുമായ അത്മാവിന് ഉപാധിസംബന്ധം

കൊണ്ടാണ് ബ്രഹ്മമെന്നു ആത്മാവെന്നും ഭേദപ്രതീതിയുണ്ടായത്. വാസ്തവത്തിൽ ഉള്ളതല്ല. എങ്കിലും ഉപാധിസംബന്ധം കൊണ്ട് ഉള്ളതായിട്ടിരിക്കുന്നുണ്ടല്ലോ എന്നാണെങ്കിൽ അതും ശരിയല്ല. എന്തുകൊണ്ടെന്നാൽ സ്വപ്നദൃഷ്ടപദാർത്ഥമെന്നപോലെ അസത്യവും പ്രതീതിമാത്രവുമാണ് ഉപാധി. പ്രതീതിക്കു ഹേതു തെറ്റിദ്ധാരണയാണല്ലോ. അതിനാൽ പരമാർത്ഥമായ ബ്രഹ്മബോധമുണ്ടാകുമ്പോൾ ഉപാധിപ്രതീതിയില്ലാതാവും. ജാഗ്രദവസ്ഥയിലേയ്ക്കുണർന്നൊരാൾക്കു സ്വപ്നദൃഷ്ടപദാർത്ഥം എപ്രകാരം ഇല്ലാത്തതായിത്തീരുന്നുവോ, അതുപോലെ പരമാർത്ഥമായ ബ്രഹ്മജ്ഞാനം പ്രകാശിക്കുമ്പോൾ മിത്ഥ്യാപ്രതീതി ഹേതുവായിട്ടുള്ള ഉപാധികളൊക്കെ ഇല്ലാത്തവയായി ത്തീരും. അപ്പോൾ ആത്മാവ്, ബ്രഹ്മം എന്നുള്ള ഭേദവും ഉണ്ടാവാൻ വയ്യ. അദ്വൈതബ്രഹ്മസത്ത മാത്രമാണ് പ്രകാശിക്കുന്നതെന്നതിനാൽ സജാതീയഭേദവും പരമാർത്ഥത്തിൽ ഇല്ലാത്തതാണെന്ന് അപ്പോൾ ബോദ്ധ്യമാവുകയും ചെയ്യും.

ഘടാഭാവേ ഘടാകാശോ മഹാകാശോ യഥാ തഥാ
ഉപാദ്ധ്യഭാവേ ത്വാത്മൈഷ സ്വയം ബ്രഹ്മൈവ കേവലം 694

ഘടമുള്ളപ്പോഴാണല്ലോ മഹാകാശവും ഘടാകാശവുമെന്ന രണ്ടെണ്ണമുണ്ടാകുന്നത്. ഘടമില്ലാതാകുമ്പോൾ മഹാകാശമല്ലാതെ മറ്റൊന്നുമില്ല. ഘടമുള്ളപ്പോഴും ഘടാകാശമെന്നു പ്രത്യേകമൊന്നുണ്ടെന്നുള്ളതു പ്രതീതി മാത്രമാണ്. അല്ലാതെ പരമാർത്ഥമല്ല. അങ്ങനെ തന്നെയാണ് ആത്മാവിന്റെയും അവസ്ഥ. എപ്പോഴും അപരിച്ഛിന്നബ്രഹ്മചൈതന്യമല്ലാതെ മറ്റൊന്നുമില്ല. എന്നാൽ ശരീരോപാധിയുണ്ടാവുമ്പോൾ ആത്മാവുണ്ടെന്നും, അത് പ്രത്യേകമാണെന്നുമുള്ള തോന്നൽ പ്രതീതി മാത്രമാണ്. ജ്ഞാനപ്രകാശത്തിൽ ഉപാധി ലയിക്കാനിടയാവുന്നു. അപ്പോൾ

അപരിച്ഛിന്നബ്രഹ്മമല്ലാതെ ആത്മാവെന്ന പ്രത്യേകവസ്തു ഇല്ലാതായിത്തീരുന്നു.

പൂർണ്ണ ഏവ സദാകാശോ ഘടേ സത്യപ്യസത്യപി
നിത്യപൂർണ്ണസ്യ നഭസോ വിച്ഛേദഃ കേന സിദ്ധ്യതി 695

ഘടം ഉണ്ടെങ്കിലും ഇല്ലെങ്കിലും ആകാശമെപ്പോഴും പൂർണ്ണവും അപരിച്ഛിന്നവുമാണ്. അങ്ങനെ അപരിച്ഛിന്നവും സർവ്വത്ര പൂർണ്ണവുമായ ആകാശത്തെ ആർക്കാണ് പരിച്ഛേദിക്കാൻ കഴിയുന്നത്? ആർക്കും കഴിയില്ല. അതുപോലെ ഉപാധികളുണ്ടെങ്കിലും ഇല്ലെങ്കിലും ബ്രഹ്മമെപ്പോഴും അപരിച്ഛിന്നവും പൂർണ്ണവുമാണ്. ബ്രഹ്മത്തിന്റെ പൂർണ്ണതയ്ക്കോ അഖണ്ഡതയ്ക്കോ ആർക്കും ഭംഗമൊന്നും ചെയ്യാൻ കഴിയില്ല.

അച്ഛിന്നഛിന്നവൽഭാതി പാമരാണാം ഘടാദിനാ
ഗ്രാമക്ഷേത്രാദ്യവധിഭിർഭിന്നേവ വസുധാ യഥാ 696

വാസ്തവത്തിൽ ആകാശമെപ്പോഴും അപരിച്ഛിന്നമാണ്. ഒന്നുകൊണ്ടും ആകാശത്തിനു പരിച്ഛേദം സംഭവിക്കുന്നില്ല. ഘടാദിവസ്തുക്കളെക്കൊണ്ട് ആകാശത്തിന്നു പരിച്ഛേദം സംഭവിക്കുന്നതായി തോന്നുന്നതു പാമരന്മാർക്കു മാത്രമാണ്. വിവേകികൾക്കൊരിക്കലും അങ്ങനെ തോന്നാനിടയില്ല. ഭൂമി അപരിച്ഛിന്നയാണ്. എങ്കിലും ഗ്രാമം, വയൽ തുടങ്ങിയ അതിർത്തികളെക്കൊണ്ട് ചിലപ്പോൾ ഭൂമിക്കുതന്നെ പരിച്ഛേദം സംഭവിച്ചതായി തോന്നാം. അങ്ങനെ തോന്നുന്നതും പാമരന്മാർക്കു മാത്രമാണ്. വിവേകികൾക്കല്ല.

തഥൈവ പരമം ബ്രഹ്മ മഹതാം ച മഹത്തമം
പരിച്ഛിന്നമിവാഭാതി ഭ്രാന്ത്യാ കല്പിതവസ്തുനാ 697

അതുപോലെ വലിയവയിൽവെച്ചെല്ലാം ഏറ്റവും വലിയതായ പരബ്രഹ്മവസ്തുവിനും ഒന്നുകൊണ്ടും പരിച്ഛേദമുണ്ടായിട്ടില്ല. ഉണ്ടാവാൻ അർഹതയുമില്ല. ഭ്രാന്തികൊണ്ടുമാത്രം തോന്ന പ്പെടുന്ന ഉപാധികൾ ഹേതുവായിട്ട് പരബ്രഹ്മവസ്തുവിനും പരിച്ഛേദമുള്ളതായി അജ്ഞന്മാർക്ക് തോന്നുകമാത്രമാണ് ചെയ്യുന്നത്. വിവേകികൾക്കങ്ങനെ തോന്നാറുമില്ല.

തസ്മാൽബ്രഹ്മാത്മനോർഭേദഃ കല്പിതോ ന തു വാസ്തവഃ
അത ഏവ മുഹുഃ ശ്രുത്യാऽപ്യേകത്വം പ്രതിപാദ്യതേ 698

അതിനാൽ ബ്രഹ്മവും ആത്മാവും രണ്ടുവസ്തുക്കളാണെന്നും, അപരിച്ഛിന്നബ്രഹ്മത്തിന്നു പരിച്ഛേദമുണ്ടെന്നുമുള്ള വാദം കേവലം കല്പനമാത്രമാണ്. പരമാർത്ഥമല്ല. ഈ പരമാർത്ഥത്തെ വെളിവാക്കാനാണ് ശ്രുതി പലപ്പോഴും ഏകത്വത്തെ പ്രതിപാദി ക്കുന്നത്.

ബ്രഹ്മാത്മനോസ്തത്ത്വമസീത്യദ്വയതോപപത്തയേ
പ്രത്യക്ഷാദിവിരോധേന വാച്യയോർന്നോപയുജ്യതേ
തത്ത്വംപദാർത്ഥയോരൈക്യം ലക്ഷ്യയോരേവ സിദ്ധ്യതി 699

എന്നാൽ ആത്മാവിന്നും ബ്രഹ്മത്തിന്നും ഐക്യത്തെയും അതുവഴിക്ക് അദ്വൈതത്തെയും പ്രതിപാദിക്കുന്ന "തത്ത്വമസി" മഹാവാക്യം പ്രത്യക്ഷങ്ങളായ വാച്യാർത്ഥങ്ങളുടെ വൈരുദ്ധ്യം കൊണ്ടു യോജിക്കുന്നില്ല. എങ്കിലും ലക്ഷ്യാർത്ഥചിന്തനം ചെയ്യു മ്പോൾ യോജിക്കുകയും അദ്വൈതഭാവം ബോദ്ധ്യപ്പെടുകയും ചെയ്യുന്നു.

സ്യാൽതത്വംപദയോ സ്വാമിന്നർത്ഥഃ കതിവിധോ മതഃ
പദയോ കോ നു വാച്യാർത്ഥോ ലക്ഷ്യാർത്ഥ ഉഭയോശ്ച കഃ 700

ഇത്രയും കേട്ടതായ ശിഷ്യൻ തനിക്കുണ്ടായ സംശയത്തെ തീർക്കാൻവേണ്ടി ഗുരുവിനോട് ചോദിക്കുകയാണ്. തത്, ത്വം പദങ്ങൾക്ക് എത്ര വിധത്തിൽ അർത്ഥമുണ്ട്? വാച്യാർത്ഥവും ലക്ഷ്യാർത്ഥവും വേറെയാണെന്നു പറഞ്ഞതുകൊണ്ടുതന്നെ ഒന്നിലധികം പ്രകാരമുണ്ടെന്നു തീർച്ചയായി. എന്താണ് വാച്യാർത്ഥം? ലക്ഷാർത്ഥവും എന്താണ്? മഹാത്മാവായ സ്വാമിൻ! അവയെ വിസ്തരിച്ചു പറഞ്ഞുതന്നാൽ കൊള്ളാം.

വാച്യൈകത്വവിവക്ഷായാം വിരോധഃ കഃ പ്രതീയതേ
ലക്ഷ്യാർഥയോരഭിന്നത്വേ സ കഥം വിനിവർത്തതേ 701

വാച്യാർത്ഥപ്രകാരം തത്, ത്വം പദങ്ങൾക്ക് ഐക്യം സിദ്ധമാവില്ലെന്നും എന്നാൽ ലക്ഷ്യാർത്ഥംകൊണ്ട് ഐക്യം സിദ്ധമാവുമെന്നും പറഞ്ഞുവല്ലോ. അതെങ്ങനെയാണ് സാധിക്കുന്നത്? വാച്യാർത്ഥപ്രകാരം അന്യോന്യവൈരുദ്ധ്യമുണ്ടെങ്കിൽ ലക്ഷ്യാർത്ഥം കൊണ്ടെങ്ങനെയാണല്ലാതായിത്തീരുന്നത്? വാസ്തവത്തിൽ എന്താണ് വൈരുദ്ധ്യം? എങ്ങനെയാണതു നിവർത്തിക്കുന്നത്?

ഏകത്വകഥനേ കാ വാ ലക്ഷണാത്രോരരീകൃതാ
ഏതൽസർവ്വം കരുണയാ സമ്യക് ത്വം പ്രതിപാദയ 702

തത്, ത്വം പദങ്ങളുടെ ഏകത്വസമർത്ഥനത്തിന്ന് ഏതു രൂപത്തിലുള്ള ലക്ഷണയാണ് അംഗീകരിക്കപ്പെട്ടിരിക്കുന്നത്? എന്നിങ്ങനെ ഈ വിഷയത്തിൽ എനിക്കുള്ള എല്ലാ സംശയങ്ങളെയും തീർത്തുതരാൻ കാരുണ്യമുണ്ടാവണം. പ്രസ്തുത സംശയങ്ങളുടെ ശരിയായ മറുപടി പറഞ്ഞുതന്ന് ഇവനെ അനുഗ്രഹിക്കുമാറാകണേ!

35. തത്, ത്വം എന്നീ വാക്കുകളുടെ അർത്ഥം

ശൃണുഷ്വാവഹിതോ വിദ്വൻ! അദ്യ തേ ഫലിതം തപഃ
വാക്യാർത്ഥശ്രുതിമത്രേണ സമ്യക് ജ്ഞാനം ഭവിഷ്യതി 703

എന്നിങ്ങനെയുള്ള ശിഷ്യന്റെ അപേക്ഷയേ കേട്ടു സന്തുഷ്ട നായ ഗുരു മറുപടി പറയാൻ തുടങ്ങുകയാണ്. വിവേകിയായ ഹേ സാധക! കേട്ടോളു അങ്ങയുടെ സംശയങ്ങളെ മുഴുവൻ തീർക്കത്തക്ക വാക്കുകളെപ്പറയാം. ശ്രദ്ധവെച്ചു കേൾക്കു. ഇന്നാണ് അങ്ങയുടെ തപസ്സ് സഫലമായതെന്നു പറയണം. എന്തുകൊണ്ടെന്നാൽ മാഹാവാക്യാർത്ഥശ്രവണത്തിൽ ശ്രദ്ധയും ശ്രദ്ധയും, അതിന്നുള്ള സന്ദർഭവും വന്നുചേർന്നുവല്ലോ. അനേകജന്മങ്ങളിലെ തപസ്സിന്റെ ഫലമായിട്ടു തന്നെയാണ് ഇതു സാധിച്ചത്. വാക്യാർത്ഥശ്രവണം ഒന്നുകൊണ്ടു മാത്രം പരമാർത്ഥമായ ജ്ഞാനമുണ്ടാവാം. ആ സ്ഥിതിക്കു അതു സുലഭമായി സാധിക്കുന്നത് തപസ്സിന്റെ ഫലമല്ലാതെ മറ്റെന്താണ്? അതാണ് ഇന്ന് അങ്ങയുടെ തപസ്സ് സഫലമായെന്ന് പറഞ്ഞത്.

യാവന്ന തൽത്വംപദയോർത്ഥഃ സമ്യക് വിചാര്യതേ
താവദേവ നൃണാം ബന്ധോ മൃത്യുസംസാരലക്ഷണഃ 704

'തത്വമസി' മഹാവാക്യത്തിലെ 'തൽത്വം' പദങ്ങളുടെ അർത്ഥ ത്തെ ഏതുവരെയാണ് വേണ്ടപോലെ നിരൂപിച്ചറിയാത്തത്; അതുവരേയാണ് മനുഷ്യർക്കു മൃത്യുസ്വരൂപമായ സംസാര ബന്ധം നിലനിൽക്കുന്നത്. 'തൽത്വം' പദങ്ങളുടെ അർത്ഥത്തെ വേണ്ടപോലെ ബോധിക്കാനിടവന്നർവർക്കു പിന്നെ സംസാര ബന്ധമെന്ന ഒരവസ്ഥതന്നെയില്ല. എന്തുകൊണ്ടെന്നാൽ അജ്ഞാനമാണല്ലോ സംസാരാനുഭവങ്ങൾക്കു ഹേതുവായിട്ടിരി

ക്കുന്നത്. ആത്മജ്ഞാനമുണ്ടാവുമ്പോൾ അജ്ഞാനം നില നിൽക്കാൻ വയ്യ. വാക്യാർത്ഥശ്രവണം കൊണ്ടു സത്യമായ ആത്മജ്ഞാനമുണ്ടാവുന്നു. അതിനാൽ ശരിയായ വാക്യാർത്ഥ ശ്രവണം കൊണ്ടുതന്നെ ഒരാളുടെ സംസാരതാപം നശിക്കു മെന്നു താല്പര്യം.

അവസ്ഥാ സച്ചിദാനന്ദാഖണ്ഡൈകരസരൂപിണീ
മോക്ഷഃ സിദ്ധ്യതി വാക്യാർത്ഥാപരോക്ഷജ്ഞാനതഃ സതാം 705

തത്വമസിമഹാവാക്യത്തിന്റെ അപരോക്ഷജ്ഞാനംകൊണ്ട് കേവലാനുഭൂതിയാകുന്ന മോക്ഷംതന്നെ സാധിക്കുന്നു. എല്ലാ വിധ ഭേദഭാവങ്ങളും വിട്ട് അപരിച്ഛിന്നമായ സച്ചിദാനന്ദഭാവ ത്തിൽ മുഴുകി തന്മയീഭാവം വന്നുചേരൽതന്നെയാണ് മോക്ഷം. അതുതന്നെയാണ് കേവലസ്ഥിതിയും. അജ്ഞാനംകൊണ്ട് വന്നു ചേർന്ന കല്പിതങ്ങളായ ഉപാധികളുടെയും ഉപാധിധർമ്മങ്ങളുടെ യും അനുഭവമാണ് സംസാരാനുഭൂതിയാകുന്ന ബന്ധം. ശരി യായ വാക്യാർത്ഥശ്രവണംകൊണ്ട് അജ്ഞാനം നശിക്കുന്നതി നാൽ ജ്ഞാനം പ്രകാശിക്കുകയും, അപ്പോൾ വന്നുചേർന്ന സംസാരബന്ധം നശിക്കുകയും ചെയ്യുമെന്നു താല്പര്യം.

വാക്യാർത്ഥ ഏവ ജ്ഞാതവ്യോ മുമുക്ഷോർഭവമുക്തയേ
തസ്മാദവഹിതോ ഭൂത്വാ ശൃണു വക്ഷ്യേ സമാസതഃ 706

അതിനാൽ സംസാരബന്ധത്തിൽനിന്നു മോചനം വേണമെ ന്നാഗ്രഹിക്കുന്ന മുമുക്ഷു അതിനായികൊണ്ട് വാക്യാർത്ഥത്തെ ശ്രവിക്കുകതന്നെയാണ് വേണ്ടത്. ചുരുക്കത്തിൽ എന്നാൽ ആവശ്യമുള്ള സംഗതികൾ വിട്ടുപോവാത്ത നിലയിൽ ഞാൻ വാക്യാർത്ഥത്തെ വിവരിക്കാം. ശ്രദ്ധയോടുകൂടി കേൾക്കൂ.

ശ്രദ്ധാപൂർവ്വമായ ശ്രവണം വളരെ ഫലത്തെ ചെയ്യുമെന്നു താല്പര്യം.

അർത്ഥാഃ ബഹുവിധാഃ പ്രോക്താ
വാക്യാനാം പണ്ഡിതോത്തമൈഃ
വാച്യലക്ഷ്യാദിഭേദേന
പ്രസ്തുതം ശ്രൂയതാം ത്വയാ 707

വാച്യം, ലക്ഷ്യം എന്നിങ്ങനെ പല ഭേദങ്ങളോടുകൂടി പണ്ഡിതന്മാർ മഹാവാക്യങ്ങൾക്കു അർത്ഥം പറഞ്ഞിട്ടുണ്ട്. അവ യെല്ലാം ഗ്രഹിക്കുകയെന്നത് ആയാസകരമായ കാര്യമാണ്. എങ്കിലും ആവശ്യമുള്ളത് ഗ്രഹിക്കതിരിക്കാനും വയ്യ. അതിനാൽ പണ്ഡിതന്മാരുടെ അർത്ഥനിർവചനങ്ങളിൽ അത്യാവശ്യമായി ട്ടുള്ളവയെ ഞാൻ പറയാം; കേട്ടോളു.

വാക്യേ തത്വമസിത്യത്ര വിദ്യതേ യൽ പദത്രയം
തത്രാദൗ വിദ്യമാനസ്യ തൽപദസ്യ നിഗദ്യതേ 708

'തത്വമസി' എന്ന വാക്യത്തിൽ തൽ, ത്വം, അസി എന്നി ങ്ങനെ മൂന്നു പദങ്ങളുണ്ട്. അവയ്ക്ക് മൂന്നിനുമുള്ള അർത്ഥം പ്രത്യേകം ധരിക്കേണ്ടതുണ്ട്. അനന്തരം അവ തമ്മിലുള്ള സംബന്ധത്തേയും അറിയേണ്ടതുണ്ട്. അതിനാൽ അവയിലെ ആദ്യശബ്ദമായ 'തൽ' എന്ന പദത്തിന്റെ അർത്ഥം പറയാം. അത് ഗ്രഹിച്ചുകഴിഞ്ഞാൽ മറ്റു ശബ്ദങ്ങളുടേതും പറയാം.

36. തത് പദത്തിന്റെ അർത്ഥം

ശാസ്ത്രാർത്ഥകോവിദൈരർത്ഥോ വാച്യോ ലക്ഷ്യ ഇതി ദ്വിധാ
വാച്യാർത്ഥം തേ പ്രവക്ഷ്യാമി പണ്ഡിതൈർയ ഉദീരിതഃ 709

ശാസ്ത്രങ്ങളുടെ അർത്ഥപ്രതിപാദനത്തിൽ സമർത്ഥന്മാരായ പണ്ഡിതന്മാർ ഈ മഹാവാകൃത്തിനു വാച്യാർത്ഥമെന്നും ലക്ഷ്യാർത്ഥമെന്നും രണ്ടുതരത്തിലാണർത്ഥം പറഞ്ഞിരിക്കുന്നത്. അതിൽ വാച്യാർത്ഥത്തെയാണ് ഞാനിവിടെ ആദ്യത്തിൽ പറയാൻ പോവുന്നത്. പണ്ഡിതന്മാർ എങ്ങിനെ പറഞ്ഞിട്ടുണ്ടോ; അങ്ങനെതന്നെ അതിനെപ്പറയുകയും ചെയ്യാം.

സമഷ്ടിരൂപമജ്ഞാനം സാഭാസം തത്വബൃംഹിതം
വിയദാദി വിരാഡന്തം സ്വകാര്യേണ സമന്വിതം 710

ബുദ്ധിവൃത്തിയിൽ പ്രതിബിംബിച്ച ആത്മചൈതന്യത്തെയാണ് ചിദാഭാസമെന്നു പറയുന്നത്. ചിദാഭാസൻതന്നെ കർത്തൃഭോക്തൃസ്വരൂപിയായ ജീവൻ. പ്രസ്തുത ജീവനും, ചിത്തബുദ്ധി മനോഹങ്കാരസ്വരൂപമായ അന്തഃക്കരണവും, ആകാശാദി പഞ്ചഭൂതങ്ങളും, അവയുടെ കാര്യങ്ങളായ ശ്രോത്രാദിപഞ്ചേന്ദ്രിയങ്ങളും, ശരീരവും ശബ്ദാദിവിഷയങ്ങളും പ്രാണനും കൂടിച്ചേർന്നതാണ് സമഷ്ടിയായ അജ്ഞാനം. അല്ലെങ്കിൽ അജ്ഞാനത്തിന്റെ സമഷ്ടിസ്വരൂപം.

ചൈതന്യം തദവച്ഛിന്നം സത്യജ്ഞാനാദിലക്ഷണം
സർവ്വജ്ഞത്വേശ്വരത്വാന്തര്യാമിത്വാദിഗുണൈർയുതം 711

പറയപ്പെട്ട അജ്ഞാനത്തിന്റെ വിഭിന്നങ്ങളായ ഘടകങ്ങളാൽ പ്രത്യേകം പ്രത്യേകം പരിച്ഛേദിക്കപ്പെട്ടതോ എന്നു തോന്നത്തക്ക നിലയിലുള്ളതും, എന്നാൽ വാസ്തവത്തിൽ അപരിച്ഛിന്നവും സത്യം, ജ്ഞാനം അനന്തം തുടങ്ങിയ ലക്ഷണങ്ങളോടുകൂടിയതും സർവ്വജ്ഞത്വം, ഈശ്വത്വം, സർവ്വാന്തര്യാമിത്വം തുടങ്ങിയ ഗുണങ്ങളുള്ളതുമായ സത്താമാത്രവും സച്ചിദാനന്ദാകരവുമായ യാതൊരു പരചൈതന്യമുണ്ടോ; അത് –

ജഗൽസ്രഷ്ടൃത്വാപാതൃത്വ സംഹർത്തൃത്വാദിധർമ്മകം
സർവ്വാത്മനാ ഭാസമാനം യദമേയം ഗുണൈശ്ച തൽ 712

ഈ ജഗത്തിന്റെ സൃഷ്ടിസ്ഥിതിസംഹാരാദി ധർമ്മങ്ങളോടു കൂടിയതാണ്; എല്ലാ പ്രകാരത്തിലും പ്രകാശിക്കുന്നതാണ്. പ്രകാശമാനങ്ങളായ എല്ലാ വസ്തുക്കൾക്കും പ്രകാശം കിട്ടുന്നത് അതിൽനിന്നാണ്; എന്നാൽ അതിനെയാകട്ടെ മറ്റൊന്നും പ്രകാശിപ്പിക്കുന്നുമില്ല; സ്വയം പ്രകാശിക്കുന്നു; ജഡമായ ഈ പ്രപഞ്ചം വിളങ്ങുന്നതുപോലും അതിന്റെ പ്രകാശത്തിലാണ്. ഗുണങ്ങളെക്കൊണ്ടോ ധർമ്മങ്ങളെക്കൊണ്ടൊ ഒന്നുകൊണ്ടും ആ പരതത്വം കണക്കാക്കപ്പെടുവാൻ കഴിയാത്തതുമാണ്.

അവ്യക്തമപരം ബ്രഹ്മ വാച്യാർത്ഥ ഇതി കഥ്യതേ
നീലമുൽപ്പലമിത്യത്ര യഥാ വാക്യാർത്ഥസംഗതിഃ 713

കൂടാതെ ആ പരതത്വം ഇന്ദ്രിയമനോബുദ്ധികൾക്ക് അഗോചരമാകയാൽ അവ്യക്തവും, ഈ ജഗൽഭാവത്തിൽ നിന്നതീതമാകയാൽ അപരവുമാണ്. അപ്രകാരമുള്ള പരബ്രഹ്മ തത്വമാണ് 'തൽ' പദത്തിന്റെ വാച്യമായ അർത്ഥം. ശ്രവണമാത്ര ത്തിൽ തോന്നുന്ന പ്രസിദ്ധമായ അർത്ഥമാണ് വാച്യാർത്ഥം. നീലമായിരിക്കുന്ന ഉൽപ്പലമെന്ന് പറയുമ്പോൾ പെട്ടെന്ന് നീലത്താമരയെന്ന് തോന്നുന്നുണ്ടല്ലോ. ഈ സമ്പ്രദായത്തിൽ ശബ്ദാർത്ഥത്തെ ഗ്രഹിക്കുന്നതുതന്നെ വാച്യാർത്ഥം.

തഥാ തത്വമസീത്യത്ര നാസ്തി വാക്യാർത്ഥസംഗതിഃ
പടാൽ വ്യാവർത്തതേ നീല ഉൽപ്പലേന വിശേഷിതഃ 714

എന്നാൽ നീലമായിരിക്കുന്ന ഉൽപ്പലമെന്നു പറയുമ്പോൾ തോന്നപ്പെടുന്നതുപോലുള്ള ഒരു വാക്യാർത്ഥഘടന 'തത്വമസി' വാക്യത്തിനില്ല. അതിലെ ഓരോ പദവും അന്യോന്യ സംബന്ധ

മൊന്നുമില്ലാതെ ഒറ്റയായിത്തന്നെ നിൽക്കുന്നു. ഒരു പദം മറ്റൊന്നിന്റെ വിശേഷണമോ വിശേഷ്യമോ അല്ല. അതിനാൽ പ്രസ്തുതവാക്യത്തിനു നീലമായിരിക്കുന്ന ഉൽപ്പലമെന്നു പറയുന്ന തുപോലുള്ള ഒരു വാക്യസ്വഭാവവുമില്ല. നീലോൽപ്പലത്തിൽ നീലശബ്ദം ഉൽപ്പലത്തിന്റെ വിശേഷണവും ഉൽപ്പലം വിശേഷ്യ വുമാണ്. നീലമെന്നതു വസ്ത്രാദി അന്യവസ്തുക്കളിൽനിന്നു വ്യതി രിക്തമായിരിക്കുന്ന വർണവിശേഷമാണെന്നും, അതു താമരപ്പൂ വിനാൽ വ്യഞ്ജിക്കപ്പെട്ടിരിക്കുന്നുവെന്നും ബോധിക്കാൻ കഴിയു ന്നുണ്ട്. അങ്ങനെയുള്ള ഒരു വാക്യാർത്ഥഘടന 'തത്വമസി' വാക്യത്തിനില്ല.

ശൈവല്യാൽ വ്യാവർത്തതേ നീലേനോല്പലം തു വിശേഷിതം
ഇത്ഥമന്യോന്യഭേദസ്യ വ്യാവർത്തകതയാ തയോഃ 715

വിശേഷണവിശേഷ്യത്വം സംസർഗ്ഗസ്യേതരസ്യ വാ
വാക്യാർത്ഥത്വേ പ്രമാണാന്തരവിരോധോ ന വിദ്യതേ 716

അതുപോലെ കുളത്തിലുള്ള ചണ്ടി തുടങ്ങിയെ വസ്തു ക്കളിൽനിന്നു വ്യതിരിക്തമാണ് താമരെയെന്നും, അതു നീല വർണ്ണത്താൽ വിശിഷ്ടമായിരിക്കുന്നുവെന്നും മനസ്സിലാവുന്നുണ്ട്. ഇങ്ങനെ നീലോൽപ്പലമെന്നു പറയുമ്പോൾ നീലവും ഉൽപ്പലവും തമ്മിലുള്ള ഭേദവും, സംബന്ധവും, വ്യക്തമായി മനസ്സിലാവുന്നുണ്ട്. ഈ നിലയ്ക്കു പ്രസ്തുത രണ്ട് ശബ്ദങ്ങളും അന്യോന്യ സംബന്ധങ്ങളും വിശേഷണ വിശേഷ്യങ്ങളുമാണെ ന്നും സ്പഷ്ടമാവുന്നുണ്ട്. സ്പഷ്ടമായിരിക്കുന്ന ആ അറിവിനെ ഒരു പ്രമാണത്തിന്നും ഖണ്ഡിക്കാനും കഴിയില്ല. ഇങ്ങനെ ബോധി ക്കുന്നതിന്ന് ഒരു പ്രമാണത്തിന്റേയും അപേക്ഷയും ഇല്ല.

അതഃ സംഗച്ഛതേ സമ്യക് വാക്യാർത്ഥോ ബാധവർജ്ജിതഃ
ഏവം തത്വമസീത്യത്ര വാക്യർത്ഥോ ന സമഞ്ജസഃ 717

മുൻ പറഞ്ഞ കാരണങ്ങളാൽ നീലമായിരിക്കുന്ന ഉൽപ്പല മെന്ന വാക്യത്തിന്റെ അർത്ഥം യാതൊരു പൂർവ്വപക്ഷശങ്കകളും കൂടാതെ വ്യക്തമായി ബോധിക്കപ്പെടുന്നുണ്ട്. ഇതുപോലെ ബോധിക്കത്തക്ക അർത്ഥഘടനയല്ല 'തത്വമസി' വാക്യത്തിനു ള്ളത്. അതിനാൽ ഇങ്ങനെ സുഗമമായി ബോധിക്കാവുന്നതല്ല.

തദർത്ഥസ്യ പരോക്ഷത്വാദിവിശിഷ്ടചിതേരപി
ത്വമർത്ഥസ്യാപരോക്ഷത്വാദിവിശിഷ്ടചിതേരപി 718

നീലോൽപ്പലമെന്ന വാക്യത്തിലെ നീലം ഉൽപ്പലം എന്നീ രണ്ടു ശബ്ദങ്ങൾക്കും എപ്രകാരം നിർബാധമായ സംബന്ധം ബോധിക്കാൻ കഴിയുമോ; അതുപോലെ 'തത്വമസി' വാക്യ ത്തിലെ 'തൽ' 'ത്വം' എന്ന രണ്ട് പദങ്ങൾക്കും നിർബ്ബാധമായ സംബന്ധം എളുപ്പത്തിൽ ബോധിക്കാൻ വയ്യ. പരോക്ഷത്വാദി ലക്ഷണങ്ങളോടുകൂടിയ ചൈതന്യമാണ് തൽപദത്തിന്റെ അർത്ഥം. അപരോക്ഷത്വാദി ലക്ഷണങ്ങളോടുകൂടിയ ചൈതന്യ മാണ് ത്വം പദത്തിന്റെ അർത്ഥം. ഇവിടെ ചൈതന്യമെന്ന നിലയ്ക്ക് ഐകരൂപ്യമുണ്ടെങ്കിലും പരോക്ഷാപരോക്ഷഭാവങ്ങൾ അന്യോ ന്യ വിരുദ്ധങ്ങളാണെന്നു പറയാതിരിക്കാൻ വയ്യല്ലോ.

തയൈവാന്യോന്യഭേദസ്യ വ്യാവർത്തകതയാ തയോഃ
വിശേഷണവിശേഷ്യസ്യ സംസർഗ്ഗസ്യേതരസ്യ വാ 719

കൂടാതെ രണ്ടു ശബ്ദങ്ങളുടെയും അർത്ഥവ്യാപ്തിക്കും ഭേദമുണ്ട്. വിശേഷണവിശേഷ്യഭാവമോ, ഇതരസംബന്ധമോ ശബ്ദങ്ങൾക്കു തമ്മിലില്ല. രണ്ടു ശബ്ദങ്ങളുടെയും അർത്ഥത്തെ വിചാരം ചെയ്യുന്നൊരാൾക്ക് അവയ്ക്കു തമ്മിൽ ആനുരൂപ്യത്തെ

ക്കാൾ കൂടുതൽ വൈരുദ്ധ്യമാണ് ബോധിക്കാൻ സാദ്ധ്യതയുള്ളതെന്നു പറയണം.

വാക്യാർത്ഥതോ വിരോധോസ്തി പ്രത്യക്ഷാദികൃതസ്തതഃ
സംഗച്ഛതേ ന വാക്യാർത്ഥസ്തദ്വിരോധം ച വച്മി തേ 720

ഈ കാരണത്താൽ വാക്യാർത്ഥത്തിൽ ശബ്ദാർത്ഥങ്ങൾക്കു അന്യോന്യവൈരുദ്ധ്യം പ്രത്യക്ഷമാണ്. ആ സ്ഥിതിക്ക് ഒരാളെങ്ങിനെ വാക്യാർത്ഥത്തെ വ്യക്തമായി മനസ്സിലാക്കും? സ്വന്തം ബോധത്തിലും ചിന്തയിലും ഒതുങ്ങാൻവയ്യാത്ത നിലയിലുള്ള വൈരുദ്ധ്യമുണ്ടെങ്കിൽ ഒരാൾക്കതിനെ മനസ്സിലാക്കാൻ കഴിയില്ലെന്നുതന്നെ പറയണം. ഇത്ര വലിയ വൈരുദ്ധ്യം എന്താണ് ശബ്ദാർത്ഥത്തിലുള്ളതെന്നാണെങ്കിൽ പറയാം.

സർവ്വേശത്വസ്വതന്ത്രത്വസർവ്വജ്ഞത്വാദിഭിർഗ്ഗുണൈഃ
സർവ്വോത്തമഃ സത്യകാമഃ സത്യസങ്കല്പ ഈശ്വരഃ 721

തൽ, ത്വം എന്ന രണ്ടു ശബ്ദങ്ങളിൽ തൽപദത്തിന്ന് ഈശ്വരനെന്നും, ത്വംപദത്തിന്നു ജീവനെന്നും അർത്ഥമാണല്ലോ. ഈശ്വരന്റെ ഗുണങ്ങളേയും ലക്ഷണങ്ങളെയുമാണ് ഈ ശ്ലോകത്തിൽ പറയുന്നത്. സർവ്വേശ്വരൻ, സർവ്വതന്ത്രസ്വതന്ത്രൻ, സർവ്വജ്ഞൻ, സർവ്വോത്തമൻ, സത്യകാമൻ, സത്യസങ്കല്പൻ എന്നിവയെല്ലാമാണ് ഈശ്വരന്റെ ഗുണങ്ങളും ലക്ഷണങ്ങളും.

തൽപദാർത്ഥസ്ത്വമർത്ഥസ്തു കിഞ്ചിജ്ഞോ ദുഃഖജീവനഃ
സംസാര്യയം തൽഗതികോ ജീവഃ പ്രാകൃതലക്ഷണഃ 722

മുൻപറയപ്പെട്ട ഗുണങ്ങളോടും ലക്ഷണങ്ങളോടും കൂടിയ ഈശ്വരൻ എന്നാണ് തൽപദത്തിന്റെ അർത്ഥം. എന്നാൽ ത്വംപദാർത്ഥമായ ജീവന്റെ ലക്ഷണങ്ങളും ഗുണങ്ങളും ഇവ

യൊന്നുമല്ല. ജീവൻ കിഞ്ചിജ്ഞനും ദുഃഖിയുമാണ്. സംസാരിയും സംസാരമാർഗ്ഗത്തിൽ തന്നെ ചുറ്റിയലഞ്ഞു നടക്കുന്നവനും, അതിൽനിന്നു കരകയറാൻ കഴിയാത്തവനുമാണ്. എന്നുവേണ്ട; പ്രകൃതിക്കതീതനാണ് ഈശ്വരനെങ്കിൽ എല്ലാ പ്രാകൃതധർമ്മങ്ങളിലും മുഴുകിയവനാണ് ജീവൻ.

കതമേകത്വമനയോർഘടതേ വിപരീതയോഃ
പ്രത്യക്ഷേണ വിരോധോ*f*യമുഭയോരുപലഭ്യതേ 723

ഇങ്ങനെ പ്രത്യക്ഷത്തിൽതന്നെ അന്യോന്യവിരുദ്ധങ്ങളായിക്കാണാൻ കഴിയുന്ന ജീവേശ്വരന്മാർക്ക് എങ്ങനെ ഏകത്വം ഘടിക്കും? എല്ലാ ധർമ്മങ്ങളും പരസ്പരം വിരുദ്ധങ്ങളാണ്. അങ്ങനെയുള്ള രണ്ട് തത്വങ്ങൾ ഒന്നെന്നു സമർത്ഥിക്കലാണ് വാക്യാർത്ഥത്തിന്റെ പ്രയോജനം. പക്ഷേ അതു വാച്യാർത്ഥം കൊണ്ടെങ്ങനെ സാധിക്കും? സാധിക്കില്ലെന്നുതന്നെ പറയണം.

വിരുദ്ധധർമ്മാക്രാന്തത്വാൽ പരസ്പരവിലക്ഷണൗ
ജീവേശൗ വഹ്നിതുഹിനാവിവ ശബ്ദാർത്ഥതോ*f*പിച 724

ജീവേശ്വരന്മാരുടെ എല്ലാ ധർമ്മങ്ങളും അന്യോന്യവിരുദ്ധങ്ങളാണ്. അതിനാൽ പ്രസ്തുത രണ്ടു തത്വങ്ങളും അഗ്നിയും മഞ്ഞുമെന്നപോലെ പരസ്പരവിരുദ്ധങ്ങളാണ്. ശബ്ദാർത്ഥം കൊണ്ടുതന്നെ ഈ വൈരുദ്ധ്യം സ്വയം സ്ഫുരിക്കുന്നുമുണ്ട്. ആ സ്ഥിതിക്ക് അവർക്കെങ്ങനെ അഭേദം സിദ്ധമാവും?

പ്രത്യക്ഷാദിവിരോധഃ സ്യാദിത്യൈക്യേ തയോഃ പരിത്യക്തേ
ഭവതി ശ്രുതിവചനവിരോധോ മഹാൻ സ്മൃതിവചനവിരോധശ്ച 725

പ്രത്യക്ഷാനുമാനങ്ങൾ വഴിക്കും, വാക്യത്തിലെ ശബ്ദാർത്ഥബോധനം വഴിക്കും ജീവേശ്വരതത്വങ്ങൾക്കു അന്യോന്യ

വൈരുദ്ധ്യം സ്പഷ്ടമാണ്. ആ സ്ഥിതിക്കു അവർക്ക് ഐക്യം സമർത്ഥിക്കാൻ വിഷമമുണ്ട്. അതിനാൽ ശരിയല്ല എന്നു പറഞ്ഞു പിൻമാറുന്നു എന്നു വന്നാൽ അതും ശരിയാവാൻ വയ്യ. എന്തുകൊണ്ടെനാൽ 'തത്വമസി' വാക്യത്തിലെ അവസാന പദമായ 'അസി' ശബ്ദം അവർക്ക് അഭേദത്തെ സമർത്ഥിക്കുന്ന താണ്. അതിനാൽ ശരിയല്ലെന്നു പറഞ്ഞുപേക്ഷിച്ചാൽ ശ്രുതി സ്മൃതികൾക്കു വിരോധം വരും. ശ്രുതിവാക്യം തെറ്റാൻ വയ്യ. ശ്രുതിവാക്യമാണല്ലോ 'തത്വമസി' എന്ന വാക്യം. അന്യോന്യ വിരുദ്ധധർമ്മങ്ങളുള്ള ജീവേശ്വരതത്വങ്ങൾക്കു അഭേദത്തെ സമർത്ഥിക്കുകയാണ് ശ്രുതി പ്രസ്തുതവാക്യംകൊണ്ടുദ്ദേശിക്കു ന്നതെന്നു സ്പഷ്ടമാണ്.

ശ്രുത്യാപ്യേകത്വമനയോസ്താൽപര്യേണ നിഗദ്യതേ
മുഹുസ്തത്വമസീത്യസ്മാദംഗീകാര്യം ശ്രുതേർവ്വചഃ 726

ജീവേശ്വരതത്വങ്ങളുടെ അഭേദഭാവത്തെയാണ് ശ്രുതി പ്രസ്തുതവാക്യംകൊണ്ടു സിദ്ധാന്തിച്ചിരിക്കുന്നത്. അതിനാൽ പ്രത്യക്ഷത്തിൽ എന്തെല്ലാം വൈരുദ്ധ്യങ്ങൾ തോന്നപ്പെട്ടാലും ആ ശ്രുതിശാസനം അംഗീകരിക്കാൻ വയ്യ. അതിനാൽ എങ്ങനെ തത്ത്വം പദാർത്ഥങ്ങൾക്ക് ഐക്യം സാധിക്കാമെന്നാണ് ചിന്തിക്കേണ്ടിയിരിക്കുന്നത്.

വാക്യാർത്ഥത്വേ വിശിഷ്ടസ്യ സംസർഗ്ഗസ്യ ച വാ പുനഃ
അയഥാർത്ഥതയാ സോയം വാക്യാർത്ഥോ ന മതഃ ശ്രുതേഃ 727

'തത്വമസി' വാക്യത്തിൽ ജീവേശ്വരതത്വങ്ങളുടെ ഐക്യമാണ് ശ്രുതിസമ്മതമായിട്ടിരിക്കുന്നത്. പക്ഷേ അതു വാചാർത്ഥ്യം കൊണ്ടു ബോധിക്കാൻ കഴിയുന്നില്ലെന്നേ ഉള്ളു. ശ്രുതിവിഹിത മായ പ്രസ്തുത അർത്ഥം സാധിക്കാൻ മറ്റു വാക്യങ്ങളുടെ

അപേക്ഷയുണ്ടെന്നും ശ്രുതിക്കഭിപ്രായമില്ല. നിർദ്ദിഷ്ടമായ അർത്ഥസമർത്ഥനത്തിൽ വാക്യം സ്വയം പര്യാപ്തമാണെന്നാണ് ശ്രുത്യഭിപ്രായമെന്നും ധരിക്കണം.

അഖണ്ഡൈകരസത്വേന വാക്യാർത്ഥഃ ശ്രുതിസമ്മതഃ
സ്ഥൂലസൂക്ഷ്മപ്രപഞ്ചസ്യ സന്മാത്രത്വം പുനഃ പുനഃ 728

എങ്ങനെയാണ് അന്യോന്യവിരുദ്ധങ്ങളായ ശബ്ദാർത്ഥങ്ങളെ ഒന്നാണെന്നു സമർത്ഥിക്കുന്നതിൽ വാക്യാർത്ഥത്തിന്നു സ്വയം പര്യാപ്തിയുണ്ടാവുകയെന്നാണെങ്കിൽ വന്നും പോയുമിരിക്കുന്ന ഉണ്ടാവുകയും നശിക്കുകയും ചെയ്തുകൊണ്ടിരിക്കുന്ന സ്ഥൂല സൂക്ഷ്മങ്ങളായ നാമരൂപങ്ങളെ തള്ളിക്കളഞ്ഞാൽ അഖണ്ഡ രസാത്മകമായ ഒരു ചൈതന്യം മാത്രം ശേഷിക്കുന്നു. അതാണ് എല്ലാറ്റിന്റേയും വസ്തുസത്തയെന്നു വരുമ്പോൾ അഭേദഭാവ ത്തിന്നും ഭംഗമില്ലെന്നു വരും. എല്ലാ വസ്തുക്കളുടേയും സൽഭാവത്തിന്നുപോലും അതാണ് കാരണമെന്നു വരുമ്പോൾ വൈരുദ്ധ്യം നീങ്ങി ഏകഭാവം കിട്ടും.

ദർശയിത്വാ സുഷുപ്തൗ തൽ ബ്രഹ്മാഭിന്നത്വാമാത്മനഃ
ഉപപാദ്യ സദൈകത്വം പ്രദർശിയിതുമിച്ഛയാ 729

സുഷുപ്തിയിൽ എല്ലാവിധ ഭേദഭാവങ്ങളും അടങ്ങി അഭേദം സിദ്ധമാവുന്നുണ്ട്. അതിനെ ചൂണ്ടിക്കാണിക്കുന്നു ശ്രുതി. ആത്മ ബ്രഹ്മൈക്യം സുഷുപ്തിയിൽ സിദ്ധമാവുന്നുണ്ട്. അങ്ങനെ അഭേതത്വം സിദ്ധമാവണമെങ്കിൽ അവ രണ്ടു തത്വങ്ങളല്ലെന്നു വരുന്നുണ്ട്. ജാഗ്രൽസ്വപ്നങ്ങളിൽ മാത്രമാണല്ലോ ജീവേശ്വരന്മാ ർക്കു ഭേദമുള്ളതായി തോന്നപ്പെടുന്നത്. അങ്ങനെ തോന്ന പ്പെടുന്നതു പരമാർത്ഥത്തിൽ ഭേദമുണ്ടായിട്ടില്ല; ജാഗ്രൽസ്വപ്ന ങ്ങളാകുന്ന അവസ്ഥകളുടെ സംബന്ധം ഹേതുവായി തോന്ന

പ്പെടുക മാത്രമാണ് ചെയ്യുന്നത്. പരമാർത്ഥത്തിൽ അഭേദ സ്വരൂപമായ അദ്വൈതഭാവമാണുള്ളതെന്നു സദ്വസ്തുവിന്ന് എപ്പോഴും ഭേദഭാവം സംഭവിക്കുന്നില്ലെന്നു ഈ വീക്ഷണത്തി ലൂടേ ശ്രുതി വ്യക്തമാക്കുന്നുമുണ്ട്.

ഐതദാത്മ്യമിദം സർവ്വമിത്യുക്ത്യൈവ സദാത്മനോഃ
ബ്രവീതി ശ്രുതിരേകത്വം ബ്രഹ്മണോfദ്വൈതസിദ്ധയേ 730

ജഗത്തു മുഴുവൻ ബ്രഹ്മമയമാണെന്നു നിസ്സംശയരൂപേണ ശ്രുതി കീർത്തിക്കുന്നുണ്ട്. പല യുക്തികളെക്കൊണ്ടും ഈ സംഗതി സമർത്ഥിക്കപ്പെടുകയും ചെയ്യുന്നുണ്ട്. ഈ നിലയ്ക്കു ബ്രഹ്മത്തിന്റെ അദ്വൈതഭാവത്തെ നിസ്സംശയസ്വരൂപേണ സമർത്ഥിക്കുകയും ചെയ്യുന്നുണ്ടു ശ്രുതി.

സതി പ്രപഞ്ചേ ജീവേ വാfദ്വൈതത്വം ബ്രഹ്മണഃ കുതഃ
അതസ്തയോരഖണ്ഡത്വമേകത്വം ശ്രുതിസമ്മതം 731

പ്രപഞ്ചമോ ജീവനോ ഏതെങ്കിലും ഒരു തത്വം ബ്രഹ്മ ത്തിൽനിന്നു വേറെയായിട്ടുണ്ടെന്നു വന്നാൽ ബ്രഹ്മത്തിന്നു അഖണ്ഡത്വമോ അദ്വൈതത്വമോ സിദ്ധമാവാൻ വയ്യല്ലോ. ജീവ ജഗത്തുകൾ ബ്രഹ്മത്തിൽനിന്നന്യമല്ല; ബ്രഹ്മംതന്നെയാണെന്നു വന്നാലേ അഖണ്ഡത്വം സിദ്ധമാവാൻ വഴിയുള്ളു. അതുകൊണ്ടു തന്നെയാണ് ശ്രുതി ജീവജഗത്തുക്കൾ ബ്രഹ്മത്തിൽനിന്നു വേറെ യല്ല. ബ്രഹ്മംതന്നെയാണ് എന്നു പറയുന്നതും.

വിരുദ്ധാംശപരിത്യാഗാൽ പ്രത്യക്ഷാദിർന്ന ബാധതേ
അവിരുദ്ധാംശഗ്രഹണാൽ ന ശ്രുത്യാപി വിരുദ്ധ്യതേ 732

എങ്ങനെയാണ് അന്യോന്യ വിരുദ്ധധർമ്മങ്ങളുള്ള ജീവേശ്വര ന്മാർക്കു ഏകത്വം കല്പിക്കുന്നത്? വെറുതെ ഒന്നാണെന്നുമാത്രം

പറഞ്ഞാൽ മതിയോ? എന്നാണെങ്കിൽ അങ്ങനെ വെറുതെ പറയലല്ല. അതുകൊണ്ടുമാത്രം ഏകത്വം സിദ്ധമാവാനും പോവുന്നില്ല. യുക്തിപൂർവ്വമുള്ള പ്രതിപാദനംകൊണ്ടല്ലാതെ സമർത്ഥിക്കാൻ സാദ്ധ്യമല്ലല്ലോ. അതിനാൽ അനിഷേദ്ധ്യമായ യുക്തിയോടുകൂടിത്തന്നെയാണ് ശ്രുതി ഏകത്വത്തെ സമർത്ഥിക്കുന്നത്. എന്താണ് യുക്തിയെന്നാണെങ്കിൽ പറയാം. അന്യോന്യവിരുദ്ധങ്ങളും സമാനങ്ങളുമായ ധർമ്മങ്ങൾ രണ്ടു തത്വങ്ങളിലുമുണ്ട്. വിരുദ്ധങ്ങളായ ധർമ്മങ്ങളെ രണ്ടിൽനിന്നും തള്ളിക്കളഞ്ഞ് സമാനങ്ങളായ ധർമ്മങ്ങളെ സ്വീകരിക്കുമ്പോൾ ഏകത്വം സിദ്ധമാവുന്നതു സ്വാഭാവികമാണ്. വിരുദ്ധധർമ്മങ്ങൾ വിശേഷങ്ങളും സമാനധർമ്മങ്ങൾ സാമാന്യങ്ങളുമാണ്. സാമാന്യധർമ്മങ്ങൾ സ്വതവേ ഉള്ളവയും വിശേഷധർമ്മങ്ങൾ താൽക്കാലികമായി വന്നുചേർന്നവയുമാകയാൽ വിശേഷധർമ്മങ്ങളെ തള്ളിക്കളായാനർഹതയുണ്ട്. അവയെ തള്ളിക്കളയുമ്പോൾ ശേഷിക്കുന്നതു സമാനങ്ങളായ സാമാന്യധർമ്മങ്ങൾ മാത്രമാണ്. അപ്പോൾ അഭേദഭാവത്തിനു തടസ്ഥമില്ല. ഈ യുക്തിയിലൂടെയാണ് ശ്രുതി ജീവേശ്വരന്മാർക്കു ഏകത്വത്തെ സമർത്ഥിച്ചിരിക്കുന്നതും.

37. തത്വമസി വാക്യത്തിന്റെ ലക്ഷ്യാർത്ഥം

ലക്ഷണാ ഹ്യുപഗന്തവ്യാ തതോ വാക്യാർത്ഥസിദ്ധയേ
വാച്യാർത്ഥാനുപപത്ത്യൈവ ലക്ഷണാഭ്യുപഗമ്യതേ 733

അതിനാൽ ലക്ഷണാസമ്പ്രദായത്തിൽ വേണം വാക്യാർത്ഥത്തെ നിരൂപിക്കാൻ. അങ്ങനെ നിരൂപിക്കപ്പെടുമ്പോൾ വാക്യാർത്ഥസിദ്ധി സുഗമമാണ്. ശ്രുതിസിദ്ധാന്തം സയുക്തികവും ഏറ്റവും ശരിയുമാണെന്നു ബോദ്ധ്യമാവുകയും ചെയ്യും.

വാക്യത്തിന്റെ വാച്യാർത്ഥത്തിന്നു വേണ്ടത്ര ഉപപത്തിയി ല്ലെന്നും ലക്ഷണാ സമ്പ്രദായത്തിലുള്ള വീക്ഷണത്തിനേ ഉപപത്തിയുള്ളുവെന്നും ബോദ്ധ്യമാവുകയും ചെയ്യും. അതും ഭാഗത്യാഗലക്ഷണയിൽകൂടെ മാത്രം. രണ്ടു തത്വങ്ങളുടേയും ധർമ്മങ്ങളെ നിരൂപിച്ചു വിരുദ്ധധർമ്മങ്ങളെ തള്ളുകയും സമാന ധർമ്മങ്ങളെ സ്വീകരിക്കുകയും ചെയ്യുന്ന സമ്പ്രദായത്തിനാണ് ഭാഗത്യാഗലക്ഷണയെന്നു പറയുന്നത്.

സംബന്ധാനുപപത്യാ ച ലക്ഷണേതി ജഗുർബ്ബുധാഃ
ഗംഗായാം ഘോഷ ഇത്യാദൗ യാ ജഹല്ലക്ഷണാ മതാ 734

'ഒഴിക്കിൽ തൊഴുത്തുണ്ട്' എന്നൊരു വാക്യം പറയുന്നു വെന്നിരിക്കട്ടെ. വാച്യാർത്ഥംകൊണ്ട് അതു ശരിയാവാൻ വയ്യ. അതുകൊണ്ടെന്നാൽ ജലപ്രവാഹത്തിൽ പശുക്കളുടെ ആല നിലനിൽക്കാൻ വയ്യല്ലോ. എങ്കിലും വാക്യം തെറ്റല്ലതാനും. ജല പ്രവാഹത്തിന്റെ തൊട്ടടുത്താണ് തൊഴുത്തു നിൽക്കുന്നതെ ന്നതുകൊണ്ടാണ് 'ഒഴുക്കിൽ തൊഴുത്തുണ്ടെ'ന്ന വാക്യം പറയ പ്പെട്ടത്. ജലപ്രവാഹത്തിൽ തൊഴുത്തു നിൽക്കാൻ വയ്യെന്ന സംഗതി എല്ലാവർക്കും അറിയാവുന്നതുകൊണ്ട് ഒഴുക്കിന്റെ തൊട്ടടുത്തെന്നു ധരിക്കാൻ കഴിയും. അതു കൊണ്ടാണ് വാക്യം തെറ്റല്ലെന്നു പറഞ്ഞത്. ഈ സമ്പ്രദായത്തിലുള്ള പ്രതിപാദന ത്തിനാണ് ലക്ഷണയെന്നു പറയുന്നത്. ഭാഗലക്ഷണ, ത്യാഗ ലക്ഷണ, ഭാഗത്യാഗലക്ഷണ എന്നിങ്ങനെ പ്രസ്തുത സമ്പ്രദായം മൂന്നു പ്രകാരത്തിലുണ്ടുതാനും. വാക്യത്തിലെ ഒരാംശത്തെ മാത്രം സ്വീകരിക്കുന്നതിനു ഭാഗലക്ഷണയെന്നും, ഒരംശത്തെ ത്യാഗം ചെയ്യുന്നതിനു ത്യാഗലക്ഷണയെന്നും, ചില അംശങ്ങളെ സ്വീകരിക്കുകയും, ചില അംശങ്ങളെ തള്ളുകയും ചെയ്യുന്നതിനു ഭാഗത്യാഗലക്ഷണയെന്നും പറയും. അതിൽ ഭാഗലക്ഷണയ്ക്ക്

ഉദാഹരണമാണ് 'ഒഴുക്കിൽ തൊഴുത്തുണ്ട്' എന്ന് ഇവിടെ നിരൂപിക്കപ്പെട്ട വാക്യം. എങ്ങനെയെന്നാൽ ഒഴുക്കിൽ തൊഴുത്തുണ്ടെന്ന വാക്യത്തിലെ തൊഴുത്തുണ്ടെന്ന അംശത്തെ പ്രത്യക്ഷമായി സ്വീകരിച്ചു 'ഒഴുക്കിൽ' എന്നതിനെ അങ്ങനെ തന്നെ സ്വീകരിക്കുന്നില്ല. എങ്കിലും ഉപേക്ഷിക്കുന്നില്ല; ഒഴുക്കിന്നടുത്ത് എന്നർത്ഥത്തിൽ സ്വീകരിക്കുകയും ചെയ്യുന്നു. ഇതാണ് ഭാഗലക്ഷണയുടെ സ്വഭാവം.

ന സാ തത്വമസീത്യത്ര വാക്യ ഏഷാ പ്രവർത്തതേ
ഗംഗായാ അപി ഘോഷസ്യധാരാധേയത്വലക്ഷണം 735

എന്നാൽ പറയപ്പെട്ട സമ്പ്രദായത്തിലുള്ള ഭാഗലക്ഷണാ 'തത്വമസി' വാക്യത്തിലെ തൽത്വം പദങ്ങൾക്കു ഐകരൂപ്യം കാണുന്ന വിഷയത്തിൽ പ്രയോഗികമാവുന്നില്ല. മുൻ പറഞ്ഞ ഉദാഹരണത്തിൽ ഒഴുക്കിന്നു തൊഴുത്തിന്നും അന്യോന്യം ആധാരാധേയത്വലക്ഷണമുണ്ട്. അത് തൽത്വം പദങ്ങൾക്കില്ല. അതുകൊണ്ടും വേറെയും ചില കാരണങ്ങളെക്കൊണ്ടും തൽത്വം പദങ്ങൾക്കു ഐക്യത്തെ കാണുന്ന വിഷയത്തിൽ ഭാഗലക്ഷണ പ്രായോഗികമല്ല.

സർവ്വോ വിരുദ്ധവാക്യാർത്ഥഃ തത്ര പ്രത്യക്ഷതസ്തതഃ
ഗംഗാസംബന്ധവത്തീരേ ലക്ഷണാ സംപ്രവർത്തതേ 736

ഒഴുക്കിൽ തൊഴുത്തുണ്ടെന്ന വാക്യാർത്ഥം വാസ്തവത്തിൽ വിരുദ്ധമാണെന്നു തോന്നാം. പ്രത്യക്ഷത്തിൽ അങ്ങനെയാണു താനും. എന്തുകൊണ്ടെന്നാൽ ഒഴുക്കുള്ളിടത്തു തൊഴുത്തു നിൽക്കാൻ വയ്യല്ലോ. എന്നാൽ ലക്ഷണാർത്ഥപ്രവർത്തികൊണ്ട് അതു ശരിയായിത്തീരുന്നു. ഗംഗാശബ്ദത്തിന്റെ സംബന്ധം കൊണ്ട് തീരത്താണെന്നു വ്യക്തമാവുകയും ചെയ്യുന്നു. ഗംഗാ

ശബ്ദത്തിന്ന് അവിടെ തീരമെന്നേ അർത്ഥമുള്ളൂ എന്നു വരുമ്പോൾ വൈരുദ്ധ്യമില്ല. പക്ഷേ തീരമെന്ന അർത്ഥം കിട്ടുന്നതു ലക്ഷണാർത്ഥപ്രവർത്തികൊണ്ടാണ്. അപ്പോൾ ലക്ഷണാർത്ഥപ്രകാരം വാക്യം തെറ്റല്ലെന്നും വരുന്നു.

തഥാ തത്വമസീത്യത്ര ചൈതന്യൈകത്വലക്ഷണേ
വിവക്ഷിതേ തു വാക്യാർത്ഥേഽപരോക്ഷത്വാദി ലക്ഷണഃ 737

അതുപോലെ 'തത്വമസി' വാക്യത്തിലെ തൽത്വം എന്ന പദങ്ങളുടെ അർത്ഥങ്ങൾക്ക് എന്തെല്ലാം വൈരുദ്ധ്യങ്ങളുണ്ടെങ്കിലും ചൈതന്യത്വം എന്ന അവസ്ഥ രണ്ടു തത്വങ്ങൾക്കുമുണ്ടെന്നു സ്പഷ്ടമാണ്. വൈരുദ്ധ്യങ്ങൾ സ്ഥിരമല്ല; താൽക്കാലികങ്ങളാണെന്നനിലയ്ക്കു തള്ളിക്കളഞ്ഞു ചൈതന്യമാത്രത്വം വാക്യാർത്ഥമായി അംഗീകരിക്കുന്നപക്ഷം ഐക്യത്തിന്നു വിഷമമില്ലല്ലോ. അപരോക്ഷലക്ഷണമായ ചൈതന്യമാത്രത്വംതന്നെയാണ് വാക്യത്തിന്റെ വിവക്ഷിതാർത്ഥവും. പക്ഷേ അതു വാച്യാർത്ഥംകൊണ്ട് കിട്ടാൻ വയ്യ ലക്ഷണാപ്രവർത്തി വേണം എന്നു മാത്രം.

വിരുദ്ധ്യതേ ഭാഗമാത്രോ ന തു സർവ്വോ വിരുദ്ധ്യതേ
തസ്മാൽ ജഹല്ലക്ഷണായാഃ പ്രവർത്തിർന്നാത്ര യുജ്യതേ 738

എങ്കിലും ഭാഗലക്ഷണാസമ്പ്രദായം പോരാ. ഭാഗലക്ഷണയെത്തന്നെയാണ് ജഹല്ലക്ഷണയെന്നും പറയുന്നത്. ജഹല്ലക്ഷണയിൽ വാക്യത്തിന്റെ ഒരംശത്തിന്നു മാത്രമേ വൈരുദ്ധ്യമുള്ളൂ. എന്നാൽ തൽത്വം പദങ്ങളുടെ അർത്ഥസ്വരൂപത്തിന്റെ കഥ അതല്ല. പൂർണ്ണമായ വൈരുദ്ധ്യമാണുള്ളത്. അതിനാൽ ജഹല്ലക്ഷണകൊണ്ടു തത്വങ്ങൾക്കു ഐക്യം കിട്ടാൻ പോവുന്നില്ല.

വാച്യാർത്ഥസ്യ തു സർവ്വസ്യ ത്യാഗേ ന ഫലമീക്ഷ്യതേ
നാളികേരഫലസ്യേവ കഠിനത്വധിയാ നൃണാം 739

വാച്യാർത്ഥത്തെ മുഴുവൻ ഉപേക്ഷിച്ചുകൊണ്ടാണ് തത്വത്തെ ധരിക്കേണ്ടതെന്നു വന്നാലും വിഷമമായി. എന്തുകൊണ്ടെന്നാൽ സാധാരണജനങ്ങൾക്കതു മനസ്സിലാക്കാൻ കഴിയില്ല. നാളികേര ഫലമെന്നപോലെ അതു വളരെ കഠിനമാണ്. ശരിയായ ആയുധമില്ലാതെ നാളികേരഫലത്തെ ആസ്വദിക്കാൻ വയ്യല്ലോ. അതുപോലെ ശരിയായ ശാസ്ത്രബോധമാകുന്ന ആയുധം കയ്യിലു ള്ളവർക്കേ അത്രയും കഠിനമായ അർത്ഥത്തെ ബോധിക്കാൻ സാധിക്കൂ. സാധരണ ജനങ്ങൾക്കതുണ്ടാവാൻ വയ്യല്ലോ. അതി നാൽ വാച്യാർത്ഥത്തെ മുഴുവൻ തള്ളിക്കളഞ്ഞുകൊണ്ടുള്ള അർത്ഥബോധനം കുറെ കഠിനമാണ്.

ഗംഗാപദം യഥാ സ്വാർത്ഥം ത്യക്ത്വാ ലക്ഷയതേ തടം
തൽപദം ത്വംപദം വാപി ത്വക്ത്വാ സാർത്ഥം യഥാഖിലം 740

'ഗാംഗായാം ഘോഷഃ' ഒഴിക്കിൽ തൊഴുത്തുണ്ട് എന്ന വാക്യത്തിൽ ഗംഗാശബ്ദത്തിനു പ്രവാഹമെന്നർത്ഥമാണ്. പ്രവാഹമെന്ന വാചാർത്ഥത്തെ ഉപേക്ഷിച്ചിട്ടാണല്ലോ ലക്ഷണകൊണ്ട് ഒഴുക്കിന്നു തൊട്ടടുത്ത തീരമെന്നർത്ഥത്തെ സമർത്ഥിച്ചത്. ഇതുപോലെ തൽപദത്തിന്നു ത്വംപദത്തിന്നും പ്രത്യക്ഷമായ വാച്യാർത്ഥത്തെ മുഴുവൻ ഉപേക്ഷിച്ചു ലക്ഷണാർത്ഥത്തെ സ്വീകരിക്കുന്നുഎന്നുവന്നാൽ ഇവിടെ ജഹല്ലക്ഷണകൊണ്ടുതന്നെ വാക്യാർത്ഥം ശരിയാവും. പക്ഷേ അതു വളരെ കഠിനമാണെന്നതിനാൽ അപ്രായോഗികമാണ്.

തദർത്ഥം വാ ത്വമർത്ഥം വാ യദി ലക്ഷയതി സ്വയം
തദാ ജഹല്ലക്ഷണയാഃ പ്രവർത്തിരുപപദ്യതേ 741

എന്നാൽ തത്പദത്തിന്റെയൊ ത്വം പദത്തിന്റെയൊ ഏതെങ്കിലും ഒരു പദത്തിന്റെ വാച്യാർത്ഥത്തെതള്ളികളഞ്ഞു ലക്ഷണാർത്ഥത്തെസ്വീകരിച്ചാൽ പോരെ? അങ്ങിനെയായാൽ ജഹല്ലക്ഷണാവൃത്തിശരിയാവുമല്ലോ എന്നാണങ്കിൽ അതു ശരിയല്ല. അത്രമാത്രംകൊണ്ടു വാക്യാർത്ഥം ശരിയാവുകയോ തത്വങ്ങൾക്കു ഐക്യം സിദ്ധിക്കുകയൊ ചെയ്യുന്നില്ല. അതിനാൽ ജഹല്ലക്ഷണ എങ്ങിനെയും ഈ വാക്യാർത്ഥവിഷയത്തിൽ അപ്രായോഗികമാണന്നു തന്നെ പറയണം.

ന ശങ്കനീയമിത്യാര്യൈഃ ജ്ഞാതാർത്ഥേ ന ഹി ലക്ഷണാ
തൽപദം ത്വം പദം വാപി ശ്രൂയതേ ച പ്രതീയതേ 742

പിന്നെ വേറെയും ഒരു കുഴപ്പം ഉണ്ട്. ജ്ഞാതാർത്ഥമായ വാക്യത്തിൽ ലക്ഷണാവൃത്തിക്കു സ്ഥാനമില്ലന്നാണു അഭിജ്ഞമതം. ശ്രവണമാത്രത്തിൽ അർത്ഥം സ്പഷ്ടമാവുന്നങ്കിൽ പിന്നെ ലക്ഷണാവൃത്തിയുടെ ആവശ്യമെന്താണ്? അർത്ഥനിർണ്ണയം ചെയ്യാൻ കഴിയാതെവരുമ്പൊഴല്ലെ ലക്ഷണയേയും മറ്റും ആശ്രയിക്കേണ്ടത്. ആ നിലയ്ക്കു ഇവിടെ ലക്ഷണാവൃത്തിക്കു പ്രസക്തി തന്നെ കുറയും. എന്തുകൊണ്ടെന്നാൽ തത്പദവും ത്വം പദവും രണ്ടും ഒരു പോലെ പ്രസിദ്ധശബ്ദങ്ങളാണ്. ശ്രവണമാത്രത്തിൽ അർത്ഥബോധമുണ്ടാവുകയും ചെയ്യും. ആ സ്ഥിതിയ്ക്ക് ലക്ഷണാവൃത്തിയെ ആശ്രയിക്കുന്നതുതന്നെ ആലോചിച്ചുവേണമെന്നാണിരിക്കുന്നത്.

തദർത്ഥേ ച കഥം തത്ര സംപ്രവർത്തേത ലക്ഷണാ
അത്ര ശോണോ ധാവതീതി വാക്യവന്ന പ്രവർത്തതേ 743

ആ സ്ഥിതിയ്ക്കു തത്പദത്തിന്റെ അർഥനിർണയത്തിൽ എങ്ങിനെയാണു ലക്ഷണ പ്രവർത്തിക്കുന്നത്? അതു ശരിയാ

വാൻ വയ്യ. 'ചുവപ്പ് വർണ്ണം ഓടുന്നു' എന്നൊരു വാക്യം പറയുന്നു എന്നിരിക്കട്ടെ. വാച്യാർത്ഥംകൊണ്ടുമാത്രം അർത്ഥം മനസ്സിലാക്കാവുന്നതല്ല, ലക്ഷണാവൃത്തി ആവശ്യമെന്നതു സ്പഷ്ട മാണ്. എന്തുകൊണ്ടെന്നാൽ ചുവപ്പുവർണ്ണമെന്നതു ഒരു ഗുണ മാണ്. ഏതെങ്കിലും ഒരു ദ്രവ്യത്തോടു ചേർന്നല്ലാതെ അതു പ്രകടമാവാൻ തന്നെവയ്യ. പിന്നെയെങ്ങിനെയാണു ഓടുന്നത്? അതിനാൽ 'ചുവപ്പു ഓടുന്നു' എന്നു പറഞ്ഞാൽ ചുവപ്പുവർണ്ണ ത്തിലുള്ള കുതിരയോ മറ്റോ ഓടുന്നു എന്നർത്ഥം ധരിക്കേണ്ടി വരും. എങ്കിലേ വാക്യാർത്ഥം ശരിയാവാൻ പോകുന്നുള്ളു. അപ്പോൾ വാച്യാർത്ഥം മാത്രം പോരാ; ലക്ഷണാവൃത്തി കൂടി വേണ്ടി വരികയും ചെയ്യും എന്നാൽ അതുപോലെ തത്പദ ത്തിലോ ത്വംപദത്തിലോ ലക്ഷണാവൃത്തിക്കു പ്രവർത്തിക്കാൻ വയ്യ.

അജഹല്ലക്ഷണാ വാപി സാ ജഹല്ലക്ഷണാ യഥാ
ഗുണസ്യഗമനം ലോകേ വിരുദ്ധം ദ്രവ്യമന്തരാ 744

മുൻപു കാണിയ്ക്കപ്പെട്ട ജഹല്ലലക്ഷണയെന്നപോലെ ത്തന്നെ അജഹല്ലക്ഷണ അല്ലെങ്കിൽ ത്യാഗലക്ഷണയാണു ഇത്തരം വാക്യങ്ങളിൽ അർത്ഥസ്ഫുരണത്തിനു വേണ്ടി പ്രവർത്തിക്കുന്നത്. എന്തിനാണു പ്രവർത്തി? വാക്യത്തിൽ നിന്നു തന്നെ അർത്ഥം വെളിവായില്ലേ? എന്നാണങ്കിൽ വെളിവാവില്ല. എന്നു തന്നെ പറയണം. എന്തു കൊണ്ടെന്നാൽ ചുകപ്പെന്നതൊരു ഗുണ മാണ്. ദ്രവ്യസംയോഗമില്ലാതെ അതിനു വിളങ്ങാനോ പ്രവർത്തി ക്കുവാനോ സാദ്ധ്യമല്ല. അതിനാൽ ദ്രവ്യാത്മകമായ ഒരു ശബ്ദം കൂടിയുണ്ടായാലെ വാക്യാർത്ഥം വെളിവാവാൻ പോകുന്നുള്ളു. അതിനു ലക്ഷണാവൃത്തിയുടെ ചേർച്ചയുണ്ടാവുകയും വേണം.

അതസ്തമപരിത്യജ്യ തൽഗുണാശ്രയലക്ഷണഃ
ലക്ഷ്യാദിർല്ലക്ഷ്യതേ തത്ര ലക്ഷണാസൗ പ്രവർത്തതേ 745

എന്നാലും എന്തിനാണു പ്രവർത്തി, പറ്റുന്ന ഏതെങ്കിലും ഒരു പദം വാക്യത്തിലേക്കദ്ധ്യാഹരിച്ചാൽ പോരേ? എന്നാണെങ്കിൽ ഔചിത്യംപോലെ പദത്തെ അദ്ധ്യാഹരിച്ചു ചേർത്തു വാക്യാർത്ഥത്തെ പൂർണ്ണമാക്കി തീർക്കുന്നതുതന്നെയാണു ഇവിടെ ലക്ഷണാപ്രവർത്തിയെന്നു പറയപ്പെട്ടത്. വാക്യത്തിലെ ഗുണശബ്ദത്തെ ഉപേക്ഷിക്കാതെ അതിനാശ്രയഭൂതമായ പദത്തെ കൂട്ടിചേർത്തു വാക്യാർത്ഥത്തെ പൂർണ്ണമാക്കി തീർക്കുന്നതു ലക്ഷണാവൃത്തിയാണ്. ഇതു അജഹല്ലക്ഷണയ്ക്കുദാഹരണവുമാണ്.

വാക്യേ തത്വമസീത്യത്ര ബ്രഹ്മാത്മൈകത്വബോധകേ
പരോക്ഷത്വാപരോക്ഷത്വാദി വിശിഷ്ടചിതോർദ്വയോഃ 746

ഏകത്വരൂപവാക്യാർത്ഥോ വിരുദ്ധാംശാവിവർജ്ജനാൽ
ന സിദ്ധ്യതി യതസ്തസ്മാന്നാജഹല്ലക്ഷണാ മതാ 747

ഈ അജഹല്ലക്ഷണയും 'തത്വമസി' മഹാവാക്യത്തിന്റെ അർത്ഥസമർത്ഥനത്തിൽ പ്രായോഗികമല്ല. എന്തുകൊണ്ടെന്നാൽ തത്വമസി വാക്യം കൊണ്ടു ആത്മബ്രഹ്മൈക്യമാണു സമർത്ഥിക്കപ്പെടേണ്ടതായിരിക്കുന്നത്. അതിനു വേണ്ടിയാണു വാക്യം നിലകൊള്ളുന്നത്. അങ്ങിനെ ജീവേശ്വരതത്വങ്ങളെ അല്ലെങ്കിൽ ആത്മതത്വത്തെയും, ബ്രഹ്മതത്വത്തേയും നിരൂപിച്ചു അവ രണ്ടും ഒന്നെന്നു സമർത്ഥിക്കുമ്പോൾ രണ്ടു തത്വങ്ങൾക്കുമുള്ള വിരുദ്ധ ധർമ്മങ്ങളേയും ലക്ഷണങ്ങളേയും തള്ളേണ്ടി വരും. അല്ലാതെ ഐക്യസിദ്ധിയുണ്ടാവാൻ വയ്യല്ലോ. പരോക്ഷത്വം, അപരോക്ഷത്വം തുടങ്ങിയ വിരുദ്ധധർമ്മങ്ങൾ പ്രസ്തുത രണ്ടു തത്വങ്ങൾ

ക്കുമുണ്ട്. അവയെ തള്ളി ഐക്യത്തെ സമർത്ഥിയ്ക്കാൻപറ്റുന്ന തോതിലാവണം അർത്ഥനിരൂപണം. അജഹല്ലക്ഷണാസമ്പ്രദായം കൊണ്ടു അതു സാദ്ധ്യമല്ല. അതിനാൽ വാക്യാർത്ഥങ്ങളുടെ ഐക്യബോധത്തിനു അജഹല്ലക്ഷണയും അപ്രായോഗികമാണന്നു താല്പര്യം.

തൽപദം ത്വം പദം ചാപി സ്വകീയാർത്ഥവിരോധിനം
അംശം സമ്യക് പരിത്യജ്യ സ്വാവിരുദ്ധാംശസംയുതം 748

തൽ പദവും ത്വം പദവും അന്യോന്യവിരുദ്ധമായ അർത്ഥവ്യാപ്തിയോടും ലക്ഷണങ്ങളോടുംകൂടിയതാണെന്നു പറഞ്ഞുവല്ലോ. അന്യോന്യവിരുദ്ധാംശങ്ങൾ രണ്ടു പദങ്ങളുടെ അർത്ഥത്തിലുമുണ്ടങ്കിലും അവിരുദ്ധാംശവുമുണ്ട്. വിരുദ്ധാംശങ്ങളെ തള്ളിക്കളഞ്ഞു അവിരുദ്ധാംശത്തെ സ്വീകരിക്കലാണു ഇവിടെ ആവശ്യം. എങ്കിലേ വാക്യാർത്ഥം ശരിയാവുന്നുള്ളു. രണ്ടു പദങ്ങളുടേയും അർത്ഥങ്ങൾക്കു ഐക്യരൂപ്യം സിദ്ധമാവണമെങ്കിൽ വിരുദ്ധാംശങ്ങളെ തള്ളുകയും അവിരുദ്ധാംശങ്ങളെ കൊള്ളുകയും വേണമെന്നു സ്പഷ്ടം. ലക്ഷണാവൃത്തി കൊണ്ടു മാത്രമെ ആ പ്രക്രിയക്കു സാദ്ധ്യതയുള്ളു. ഏതു രൂപത്തിലുള്ള ലക്ഷണയാണു അതിനു പ്രായോഗികമായിരിക്കുന്നതെന്നാണു ചിന്താവിഷയം.

തദർത്ഥം വാ ത്വമർത്ഥം വാ സമ്യക് ലക്ഷയതഃ സ്വയം
ഭാഗലക്ഷണയാ സാദ്ധ്യം കിമസ്തീതി ന ശങ്ക്യതാം 749

തത്പദത്തിന്റെയോ, ത്വം പദത്തിന്റെയോ അർത്ഥത്തിൽ അവിരുദ്ധാംശങ്ങളെ കൂട്ടിയോജിപ്പിച്ചു ഐക്യം സമർത്ഥിക്കുന്ന കാര്യം ഭാഗലക്ഷണകൊണ്ടു സാധിക്കാവുന്നതാണൊ എന്നു ശങ്കിക്കേണ്ടതില്ല. തീർച്ചയായും സാധിക്കും. എന്നു മാത്രമല്ല;

ഭാഗലക്ഷണകൊണ്ടുമാത്രമേ ആ പ്രക്രിയ സാധിക്കൂ എന്നു കൂടിപ്പറയണം. പദങ്ങളുടെ അർത്ഥത്തിലെ വിരുദ്ധാംശങ്ങളെ തള്ളലും അവിരുദ്ധാംശങ്ങളെ യോജിപ്പിക്കലുമാവുന്ന രണ്ടു പ്രക്രിയകളാണല്ലൊ വാക്യാർത്ഥസമർത്ഥനത്തിനാവശ്യമായിട്ടി രിക്കുന്നത്. അവയിൽ ഒന്നു (അവിരുദ്ധാംശങ്ങളെ യോജിപ്പി ക്കൽ) ഭാഗലക്ഷണകൊണ്ട് സാധിക്കാവുന്നതാണ് എന്നു താല്പര്യം.

അവിരുദ്ധം പദാർത്ഥാന്തരാംശം സ്വാംശം ച തൽ കഥം
ഏകം പദം ലക്ഷണയാ സംലക്ഷയിതുമർഹതി 750

വിരുദ്ധമല്ലാത്ത അംശങ്ങൾ രണ്ടു പദങ്ങളിലുമുണ്ടങ്കിലും അവ രണ്ടും ഒന്നാക്കിതീർത്തു ലക്ഷണകൊണ്ടു ഏകപദമാക്കി തീർക്കുന്നതെങ്ങിനെയാണന്നു മനസ്സിലാവുന്നില്ല. അതിനുള്ള കഴിവ് ലക്ഷണയ്ക്കുണ്ടോ എന്നു സംശയിക്കുന്നു എന്നാണങ്കിൽ പറയാം.

പദാന്തരേണ സിദ്ധായാം പദാർത്ഥപ്രമിതൗ സ്വതഃ
തദർത്ഥപ്രത്യയാപേക്ഷാ പുനർല്ലക്ഷണയാ കുതഃ 751

ലക്ഷണയന്നതു ഒരു വസ്തുവോ കർമ്മമോ അല്ല. പദങ്ങളുടെ അർത്ഥഗ്രഹണവിഷയത്തിൽ ഒരു സമ്പ്രദായവിശേഷം മാത്ര മാണല്ലോ. രണ്ടുപദങ്ങൾക്കു ഒരുപോലെയുള്ള അർത്ഥമുണ്ടാവു മ്പോൾ അവയ്ക്കു ഐക്യമുണ്ടന്നു ബോധിക്കുന്നതിനെന്താണു വിഷമം? അതു സാധാരണസമ്പ്രദായമല്ലേ? ഒരു പോലെയുള്ള രണ്ടു പദാർത്ഥങ്ങളെ ഒന്നായികരുതുകയെന്നതു ലോകസ്വഭാവ മാണ്. അതിനു ലക്ഷണയൊന്നും ഇല്ലങ്കിൽ കൂടി വിരോധമില്ല. ഇവിടെ ലക്ഷണയെന്നു പറഞ്ഞതു ലക്ഷണാ സമ്പ്രദായബോധ ത്തെയാണ്. അതൊന്നുമില്ലാത്തവരും ഒരു പോലെയുള്ള

രണ്ടർത്ഥങ്ങളെ ഒന്നായി ബോധിക്കുന്നതു സ്വാഭാവികം കൂടിയാണ്.

തസ്മാൽ തത്വമസീത്യത്ര ലക്ഷണാ ഭാഗലക്ഷണാ
വാക്യർത്ഥസത്വാഖണ്ഡൈകരസതാസിദ്ധയേ മതാ 752

അതിനാൽ 'തത്വമസി' വാക്യാർത്ഥത്തിലെ അവിരുദ്ധങ്ങളായ അംശങ്ങളെ സ്വീകരിച്ച് അഖണ്ഡരസസ്വരൂപങ്ങളായ ആത്മ ബ്രഹ്മതത്വങ്ങൾ രണ്ടും ഒന്നെന്നു സമർത്ഥിക്കുന്നതിൽ ഭാഗ ലക്ഷണയാണു പ്രായോഗികമായിട്ടിരിക്കുന്നത്. വാക്യാർത്ഥത്തിലെ വിരുദ്ധാംശങ്ങളെ തള്ളലും, അവിരുദ്ധാംശങ്ങളെ യോജിപ്പിച്ചു ഒന്നെന്നു സമർത്ഥിക്കലുമാകുന്ന രണ്ടു പ്രക്രിയകളാണല്ലോ വാക്യാർത്ഥസമർത്ഥനത്തിലുള്ളത്. അതിൽ അവിരുദ്ധാംശങ്ങളെ യോജിപ്പിച്ചു ഐക്യം സമർത്ഥിക്കുകയെന്ന പ്രക്രിയ ഭാഗലക്ഷണകൊണ്ടാണു സാധിക്കുന്നതെന്നു താല്പര്യം.

ഭാഗം വിരുദ്ധം സംത്യജ്യാഽവിരോധോ ലക്ഷ്യതേ യദാ
സാ ഭാഗലക്ഷണേത്യാഹുർല്ലക്ഷണജ്ഞാ വിചക്ഷണാഃ 753

പദങ്ങളുടെ വിരുദ്ധാർത്ഥാംശങ്ങളെ തള്ളിക്കളഞ്ഞു അവിരുദ്ധാംശങ്ങളെ കൂട്ടിയോജിപ്പിച്ച് ഐക്യം സമർത്ഥിക്കുകയെന്നതാണു ഭാഗലക്ഷണയുടെ സ്വഭാവമെന്നു ലക്ഷണാ സമ്പ്രദായാഭിജ്ഞന്മാരായ വിദ്വാന്മാരെല്ലാം പറയുന്നു. അതാണിവിടെ 'തത്വമസി' മഹാവാക്യത്തിന്റെ അർത്ഥ സമർത്ഥനത്തിനാവശ്യമായിട്ടിരിക്കുന്നതും. ഒരു ഉദാഹരണം കൊണ്ടു ആ സമ്പ്രദായത്തെ വ്യക്തമാക്കാൻ ശ്രമിക്കാം.

സോയം ദേവദത്ത ഇതി വാക്യം വാക്യാർത്ഥ ഏവ വാ
ദേവദത്തൈക്യരൂപസ്വവാക്യാർത്ഥാനവബോധനം 754

'ആ ഈ ദേവദത്തൻ' എന്നൊരു വാക്യം പറയുന്നു എന്നിരിക്കട്ടെ വാക്യത്തിലെ 'ആ' എന്ന വിശേഷണം കൊണ്ട് എന്നൊ ഒരിക്കൽ എവിടയോ വച്ചു ഒരു ദേവദത്തനെ കണ്ടിട്ടുണ്ടായിരുന്നു എന്നാണു. 'ഈ' എന്ന വിശേഷണത്തിനു ഇപ്പോൾ ഇവിടെ വച്ചും ഒരു ദേവദത്തനെ കാണുന്നുണ്ട് എന്നുമാണ്. പ്രസ്തുത രണ്ടു ദേവദത്തന്മാരും രണ്ടല്ല: ഒന്നാണു എന്നാണു വാക്യാർത്ഥം കൊണ്ടു സാധിക്കേണ്ടിയിരിക്കുന്നത്. എന്നാൽ അതിനു കാലദേശങ്ങൾ പ്രതിബന്ധമാണ്. വാക്യത്തിനൊ, വാക്യാർത്ഥത്തിനൊ കാലദേശപ്രതിബന്ധത്തെ നീക്കാൻ സാദ്ധ്യവുമല്ല. അപ്പോൾ എങ്ങിനെ വാക്യാർത്ഥം സമർത്ഥിക്കപ്പെടും. ഇവിടെ ലക്ഷണാവൃത്തികൊണ്ടു പ്രതിബന്ധത്തെ നീക്കുന്നു.

ദേശകാലാദിവൈശിഷ്ട്യം വിരുദ്ധാംശം നിരസ്യ ച
അവിരുദ്ധം ദേവദത്തദേഹമാത്രം സ്വലക്ഷണം 755

'ആ ഈ ദേവദത്തൻ' എന്ന വാക്യത്തിലെ കാലദേശാദി വിരുദ്ധാംശങ്ങളേ തള്ളിക്കളയുമ്പോൾ പണ്ട് എവിടെയോവച്ചു കണ്ട ദേവദത്തനും ഇപ്പോൾ കാണപ്പെടുന്ന ദേവദത്തനും ഒന്നാണന്നു സ്പഷ്ടമാവും. വാക്യാർത്ഥത്തിലെ വിരുദ്ധാംശങ്ങളെ തള്ളിക്കളഞ്ഞു അവിരുദ്ധാംശങ്ങളെ യോജിപ്പിക്കലാവുന്ന പ്രക്രിയയാണിവിടെ ചെയ്തത്. അങ്ങിനെ ചെയ്തപ്പോൾ ആണ് വാക്യാർത്ഥം സ്പഷ്ടമായി സമർത്ഥിക്കപ്പെട്ടതും.

ഭാഗലക്ഷണയാ സമ്യക് ലക്ഷയത്യനയാ യഥാ
തഥാ തത്വമസീത്യത്ര വാക്യം വാക്യാർത്ഥ ഏവ വാ 756

'ആ ഈ ദേവദത്ത'നെന്ന പൂർവ്വവാക്യത്തിൽ ഭാഗലക്ഷണാവൃത്തിയുടെ വ്യാപ്തികൊണ്ടാണല്ലൊ വിരുദ്ധാംശങ്ങളെ തള്ളി

ക്കളഞ്ഞു അവിരുദ്ധാംശങ്ങളെ യോജിപ്പിച്ചു അർത്ഥസമർത്ഥനം സുഗമമായിതീർന്നത്. ഇവിടെ വിരുദ്ധാംശങ്ങൾ കാലദേശങ്ങളും അവിരുദ്ധാംശങ്ങൾ ദേവദത്തശരീരങ്ങളുമാണ്. കാലദേശങ്ങളെ തള്ളിക്കളഞ്ഞു രണ്ടു ദേവദത്തനും ഒന്നാണന്നു ബോധിച്ച തോടെ വാക്യാർത്ഥം ശരിയായി. ദേവദത്തനു ദ്വിത്വം തോന്നാൻ കാരണം കാലദേശങ്ങളുടെ വൈരുദ്ധ്യമാണ്. അവയെ തള്ളി ക്കളഞ്ഞതോടെ ഏകത്വം സിദ്ധമാവുന്നു. ഇതുപോലെ തത്വമസി വാക്യത്തെയും ഭാഗലക്ഷണാവൃത്തിയിൽക്കൂടെ നിരൂപിക്കു മ്പോൾ വാക്യാർത്ഥം സുഗമമായിത്തീരും.

പരോക്ഷത്വാപരോക്ഷത്വാദി വിശിഷ്ടചിതോർദ്വയോഃ
ഏകത്വരൂപവാക്യാർത്ഥവിരുദ്ധാംശമുപസ്ഥിതം 757

പരോക്ഷത്വം അപരോക്ഷത്വം തുടങ്ങിയ ലക്ഷണങ്ങളോടു കൂടിയ രണ്ടു ചൈതന്യങ്ങൾക്കും ചൈതന്യമെന്ന നിലക്ക് ഏകധർമത്വമുണ്ടെങ്കിലും, അന്യോന്യവിരുദ്ധധർമ്മങ്ങളുമുണ്ട്. വിരുദ്ധാംശങ്ങളെ നിരസിച്ചല്ലാതെ സാമ്യാംശങ്ങൾക്കു ഐക്യം കിട്ടാൻ വയ്യ. മുൻപ് വിവരിച്ച ദേവദത്തവാക്യത്തിലെന്നപോലെ വിരുദ്ധാംശങ്ങളെ തള്ളിക്കളയുമ്പോൾ സ്വാഭാവികമായിത്തന്നെ ഏകത്വം സിദ്ധമാവുകയും ചെയ്യും. പക്ഷേ അതിനു ലക്ഷണാ വൃത്തി കൊണ്ട് തന്നെ വീക്ഷിക്കുകയും വേണം.

പരോക്ഷത്വാപരോക്ഷത്വസർവ്വജ്ഞത്വാദിലക്ഷണം
ബുദ്ധ്യാദിസ്ഥൂലപര്യന്തമാവിദ്യകമനാത്മകം 758

പരോക്ഷത്വം, അപരോക്ഷത്വം, സർവ്വജ്ഞത്വം, കിഞ്ചിജ്ഞ ത്വം എന്നിങ്ങനെ വിരുദ്ധങ്ങളായ അനേകധർമ്മങ്ങൾ ആത്മാ വിനും ജീവനുമുണ്ട്. ആത്മാവ് പരോക്ഷമാണങ്കിൽ ജീവൻ അപരോക്ഷമാണ്. ആത്മാവ് സർവജ്ഞനാണങ്കിൽ ജീവൻ

കിഞ്ചിജ്ഞനാണ്. ആത്മാവ് നിത്യമുക്തശുദ്ധബുദ്ധസ്വഭാവനാണെങ്കിൽ ജീവൻ അതിനെല്ലാം വിപരീതസ്വഭാവനാണ്. അങ്ങിനെ പോവുന്നു രണ്ടു ചൈതന്യങ്ങൾക്കുമുള്ള അവസാനമില്ലാത്ത വിരുദ്ധധർമ്മങ്ങൾ. പക്ഷേ ഈ ധർമ്മങ്ങൾ ഒന്നും പരമാർത്ഥങ്ങൾ അല്ല. അവിദ്യാകല്പനങ്ങൾ മാത്രമാണ്. ആത്മാവിന്റെ സർവ്വജ്ഞത്വവും, ജീവന്റെ കിഞ്ചിജ്ഞത്വവും ഒരു പോലെ അവിദ്യാകല്പനങ്ങൾ ആണെന്നു വരുമ്പോൾ രണ്ടും ഒരു പോലെ തള്ളപ്പെടേണ്ടവയാണന്നു സ്പഷ്ടമാവുന്നുമുണ്ടല്ലോ. അങ്ങിനെ കല്പിതധർമ്മങ്ങളെ മുഴുവൻ നിരസിക്കുമ്പോൾ ചൈതന്യമല്ലാതെ മറ്റൊന്നും ശേഷിക്കുന്നില്ല. അപ്പോൾ സത്യമായ അദ്വൈതഭാവം തടസ്ഥമില്ലാതെ സിദ്ധമാവുകയും പ്രകാശിക്കുകയും ചെയ്യുന്നു. പക്ഷേ ബുദ്ധി മുതൽക്കു സ്ഥൂല പ്രപഞ്ചമടക്കമുള്ള അനാത്മവസ്തുക്കളെല്ലാം തന്നെയും ഇതു പോലെ അവിദ്യാകല്പനം മാത്രമാണന്നു ബോധിക്കുകയും, അവയെല്ലാം നിരസിക്കുകയും വേണം. എന്നാൽ വാക്യാർത്ഥമാകുന്ന അദ്വൈതബ്രഹ്മഭാവം സിദ്ധമാവുകയും ചെയ്യും.

പരിത്യജ്യ വിരുദ്ധാംശം ശുദ്ധചൈതന്യലക്ഷണം
വസ്തു കേവലസന്മാത്രം നിർവ്വികല്പം നിരഞ്ജനം 759

വിരുദ്ധാംശങ്ങളെ മുഴുവൻ തള്ളിക്കളയുമ്പോൾ കേവല സത്രാമാത്രവും, നിരുപാധികവും, സച്ചിദാനന്ദാത്മകവുമായ ശുദ്ധചൈതന്യവസ്തു മാത്രം ശേഷിക്കും. അതുതന്നെ അദ്വൈത ബ്രഹ്മതത്വം. വാക്യാർത്ഥവും അതുതന്നെയാണു താനും.

38. തത്വമസി വാക്യാർത്ഥസമന്വയം

ലക്ഷയത്യനയാ സമ്യക് ഭാഗലക്ഷണയാ തതഃ
സർവ്വോപാധിവിനിർമ്മുക്തം സച്ചിദാനന്ദമദ്വയം 760

നിർവ്വിശേഷം നിരാഭാസമതാദൃശമനീദൃശം
അനിർദ്ദേശ്യമനാദ്യാന്തമനന്തം ശാന്തമച്യുതം
അപ്രതർക്ക്യമവിജ്ഞേയം നിർഗ്ഗുണം ബ്രഹ്മ ശിഷ്യതേ 761

മുൻപറയപ്പെട്ട തോതിൽ ആത്മാവിന്റെയും, ജീവന്റെയും വിരുദ്ധധർമ്മങ്ങളെ വേർതിരിച്ചു ഭാഗലക്ഷണാവൃത്തി കൊണ്ടു വൈരുദ്ധ്യങ്ങളെ നിരസിച്ചു സമാനങ്ങളായ ചൈതന്യങ്ങളെ മാത്രം സ്വീകരിക്കുമ്പോൾ ദ്വിത്വം സർവ്വാത്മനാ നീങ്ങി അദ്വൈതത്വം പ്രകാശിക്കും. അപ്പോൾ സർവ്വോപാധി വിനിർമ്മുക്തവും, അല്ലങ്കിൽ യാതൊരുവിധ ഉപാധിസംബന്ധമി ല്ലാത്തതും, സത്ത് ചിത്ത് ആനന്ദലക്ഷണങ്ങളോടുകൂടിയതും അദ്വൈതവും യാതൊരു വിശേഷവുമില്ലാത്ത സൗമ്യഭാവ ത്തോടുകൂടിയതും യാതൊരുവിധ ആഭാസപ്രതിഭാസങ്ങളില്ലാ ത്തതും അങ്ങിനെയുള്ളതെന്നോ, ഇങ്ങനെയുള്ളതെന്നോ ഒന്നും രൂപീകരിച്ചു പറയാൻ കഴിയാത്തതും, മനോബുദ്ധ്യാദികരണ ങ്ങളെകൊണ്ട് ഒരു രൂപവും കല്പിക്കുവാൻ കഴിയാത്തതും ആദി മദ്ധ്യാവസാനമില്ലാത്തതും, അനന്തവും എന്നാൽ ശാന്തവും, നാശരഹിതവും, വ്യവഹരിക്കാനോ അറിയാൻപോലുമോ കഴിയാ ത്തതും, ഗുണസംബന്ധമറ്റതുമായ ബ്രഹ്മം മാത്രം ശേഷിക്കും. അതു തന്നെ വാക്യാർത്ഥവും.

ഉപാധിവൈശിഷ്ട്യകൃതോ വിരോധോ
ബ്രഹ്മാത്മനോരേകതയാധിഗത്യാ

ഉപാധിവൈശിഷ്ട്യ ഉദസ്യമാനേ
ന കശ്ചിദപ്യസ്തി വിരോധ ഏതയോ 762

ആത്മാവിനും, ജീവനും, അല്ലെങ്കിൽ ബ്രഹ്മത്തിനും ആത്മാവിനും തമ്മിൽ ഭേദമുണ്ടന്നും, അവ രണ്ടും രണ്ടാണന്നുള്ള തോന്നൽ കേവലം ഉപാധിസംബന്ധം കൊണ്ടുമാത്രമുണ്ടായി തീർന്നതാണ്. ഉപാധികളും അവയോടുള്ള സംബന്ധവുമെല്ലാം കേവലം മായാകല്പനങ്ങൾ മാത്രമാകയാൽ വിവേകമുള്ളൊരാൾക്കു എപ്പോൾ വേണമെങ്കിലും അവയെ നിരസിക്കാം. അങ്ങിനെ നിരസിക്കാതിരിക്കും കാലത്തോളം മാത്രമാണ് ഭേദഭാവം നിലനില്ക്കുന്നത്. അവിവേകമാണു ഉപാധികളുടെ നിലനില്പിനു ഹേതുവെന്നതിനാൽ വിവേകം കൊണ്ട് അവയെ നിരസിക്കാൻ കഴിയും. അങ്ങിനെ നിരസിക്കപ്പെടുമ്പോൾ ബ്രഹ്മവും ആത്മാവും, അല്ലെങ്കിൽ ആത്മാവും ജീവനും രണ്ടല്ലന്നും അദ്വൈതബ്രഹ്മമൊഴിച്ചു മറ്റൊന്നും തന്നെ സംഭവിച്ചിട്ടില്ലെന്നും ബോധ്യമാവുകയും ചെയ്യും.

തയോരുപാധിശ്ച വിശിഷ്ടതാ ച
തദ്ധർമ്മഭാക്ത്വം ച വിലക്ഷണത്വം
ഭ്രാന്ത്യാ കൃതം സർവ്വമിദം മൃഷൈവ
സ്വപ്നാർത്ഥവൽ ജാഗ്രതി നൈവ സത്യം 763

ആത്മബ്രഹ്മചൈതന്യങ്ങൾക്കു ഉപാധിസംബന്ധവും അതു ഹേതുവായിട്ടുള്ള ഉച്ചനീചത്വങ്ങളും, ഉപാധിധർമ്മങ്ങളോടുള്ള താദാത്മ്യഭാവവുമെല്ലാം വിലക്ഷണങ്ങളാണ്. ഒരിക്കലും സംഭവിക്കാൻ പാടില്ലാത്തവയുമാണ്. ഭ്രമം കൊണ്ടു വെറുതെ കല്പിക്കപ്പെട്ടവയാണു ഈ ഭേദങ്ങളെല്ലാം. യാതൊരുവിധ അസ്തിത്വവും അവയ്ക്കില്ല. എന്നിരുന്നാലും അവിവേകം കൊണ്ടവയെ സത്യമായി ബോധിച്ചുകൊണ്ടിരിക്കുന്നു അജ്ഞന്മാർ. സ്വപ്നദൃഷ്ട പദാർത്ഥങ്ങൾ വാസ്തവത്തിൽ ഇല്ലാത്തവയാണങ്കിലും ഉറങ്ങിക്കിടക്കുന്ന അവയെയെല്ലാം സത്യമായി ബോധിക്കുന്നുണ്ടല്ലോ;

അതുപോലെ. എന്നാൽ ഉറങ്ങുന്ന ആളും ഉണർന്നുകഴിഞ്ഞാൽ ജാഗ്രദവസ്ഥയിൽ സ്വപ്നാനുഭവങ്ങളെയൊന്നും സത്യമെന്നു കരുതുന്നില്ല. അവയെല്ലാം പരമാർത്ഥത്തിൽ ഇല്ലാത്തവയും മനസ്സിന്റെ ഭ്രമംമാത്രമായിരുന്നു എന്നു ബോധിക്കുന്നു. അതു പോലെ അജ്ഞനും വിവേകമുണ്ടവു മ്പോൾ ഭേദഭാവങ്ങളെല്ലാം നീങ്ങുകയും, അവയെല്ലാം ഭ്രമം മാത്രമാണന്നു ബോധ്യമാവു കയും ചെയ്യും.

നിദ്രാസൂതശരീരധർമ്മസുഖദുഃ–
ഖാദി പ്രപഞ്ചോപി വാ
ജീവേശാദി ഭിദാപി വാ ന ച ഋതം
കർത്തും ക്വചിച്ഛക്യതേ
മായാകല്പിതദേശകാലജഗദീ–
ശാദിഭ്രമസ്താദൃശാഃ
കോ ഭേദോƒസ്ത്യനയോർദ്വയോസ്തു കതമഃ
സത്യോƒന്യതഃ കോ ഭവേൽ 764

രാത്രിയിൽ ഉറങ്ങികിടക്കുന്ന ഒരാൾക്ക് സ്വപ്നാവസ്ഥയിൽ തോന്നപ്പെടുന്ന സുഖദു:ഖാദി ശരീരധർമ്മങ്ങളോ, ജീവേശ്വര ഭേദങ്ങളോ ഒരിക്കലും സത്യമാവാൻ വയ്യ. അവ സത്യമാണന്നു വരുത്തി തീർക്കാൻ ആരെക്കൊണ്ടും സാധിക്കുന്നതുമല്ല. അതു പോലെ ജാഗ്രദവസ്ഥയിൽ തോന്നപ്പെടുന്ന കാലം, ദേശം, ജഗത്ത്, ഈശരൻ എന്നിവയും സത്യമല്ല. സ്വപ്നത്തിലെ ദൃശ്യ ങ്ങളും അനുഭവങ്ങളും മനസ്സിന്റെ കല്പനകൾ ആണെങ്കിൽ ജാഗ്രത്തിലെ കാലദേശാദിദൃശ്യങ്ങളും, അനുഭവങ്ങളും മായ യുടെ കല്പനകൾ ആണ്. രണ്ടും തമ്മിൽ യാതൊരു വ്യതാസ വുമില്ല. സ്വപ്നദൃശങ്ങളെ അനുഭവിക്കുകയും, അവയെ സത്യ മെന്നു വിശ്വസിക്കുകയും ചെയ്ത ആൾ തന്നെ ഉണർന്നു

ജാഗ്രത്തിലെത്തുമ്പോൾ അവയെല്ലാം കേവലം ഭ്രമങ്ങൾ മാത്രമായിരുന്നുവെന്നു ബോധിക്കുന്നു. അതുപോലെ മായാ കല്പനങ്ങളായ ജാഗ്രൽദൃശ്യങ്ങളെ സത്യമായിക്കരുതി അനുഭവിക്കുന്ന മൂഢനും വിവേകമുണ്ടാകുമ്പോൾ അവയെ കേവലം ഭ്രമം മാത്രമായി ബോധിക്കുന്നു. ഈ സ്ഥിതിയ്ക്ക് ജാഗ്രൽ ദൃശ്യവും, സ്വപ്നദൃശ്യവും തമ്മിൽ യതൊരു വ്യത്യാസവുമില്ലെന്നും, അദ്വൈതബ്രഹ്മമൊഴിച്ചു മറ്റൊന്നും സംഭവിച്ചിട്ടില്ലന്നും സ്പഷ്ടമാവുന്നു.

ന സ്വപ്നജാഗരണയോരുഭയോർവ്വിശേഷഃ
സംദൃശ്യതേ ക്വചിദപി ഭ്രമജൈർവ്വികല്പൈഃ
യൽദൃഷ്ടദർശനമുഖൈരത ഏവ മിത്ഥ്യാ
സ്വപ്നോ യഥാ നനു തഥൈവ ഹി ജാഗരോപി 765

സ്വപ്നത്തിനും, ജാഗ്രത്തിനും തമ്മിൽ യാതൊരു വ്യത്യാസവുമില്ല. രണ്ടും ബുദ്ധിവൃത്തികളാകുന്ന അവസ്ഥകളാണ്. രണ്ട് അവസ്ഥകളിലും മനസ്സിന്റെ ഭ്രമം ഹേതുവായിട്ട് പല വികല്പങ്ങളും തോന്നപ്പെടുന്നു. ജാഗ്രത്തിലെ ദൃശ്യങ്ങൾ സ്ഥൂലങ്ങളും സ്വപ്നത്തിലേതു സൂക്ഷ്മങ്ങളുമാണെന്നൊരു വ്യത്യാസം വേണമെങ്കിൽ പറയാം. പക്ഷേ രണ്ടും ഭ്രമമാണങ്കിൽ പിന്നെ സ്ഥൂലമെന്നോ സൂക്ഷ്മമെന്നോഉള്ള വ്യത്യാസം കൊണ്ടെന്താണു വിശേഷം? യാതൊരു വിശേഷവുമില്ല. രണ്ടും ഒരുപോലെ മിത്ഥ്യാഭ്രമം തന്നെ. പരമാർത്ഥം ഇതാണെന്നിരിക്കെ ജാഗ്രദവസ്ഥയിലെ ദൃശ്യങ്ങളും അനുഭവങ്ങളുമെല്ലാം സത്യമാണെന്നും, സ്വപ്നത്തിലെ ദൃശ്യങ്ങളും അനുഭവങ്ങളുമെല്ലാം മിത്ഥ്യയാണെന്നും പറയുന്നതിനെന്താണു അർത്ഥം? അതു ശരിയല്ല. സ്വപ്നദൃശ്യം എപ്രകാരം മിത്ഥ്യയാണോ, അതുപോലെ ജാഗ്രൽ ദൃശ്യവും മിത്ഥ്യാഭ്രമം തന്നെ.

അവിദ്യാകാര്യതസ്തുല്യൗ ദ്വാവപി സ്വപ്നജാഗരൗ
ദൃഷ്ടാ ദർശനാദൃശ്യാദി കല്പനോഭയതസ്തഥാ 766

ബുദ്ധിവൃത്തികളെന്നോ, അവിദ്യാകാര്യങ്ങളെന്നോ ഉള്ള നിലയ്ക്കു ജാഗ്രൽ സ്വപ്നങ്ങളാകുന്ന രണ്ടവസ്ഥകളും തുല്യങ്ങളാണ്. രണ്ടവസ്ഥകളും ഒരുപോലെ ബുദ്ധിയുടെ വൃത്തികളാണ്. അല്ലെങ്കിൽ അവിദ്യയുടെ കാര്യങ്ങളാണ്. ആ സ്ഥിതിയ്ക്ക് തന്നെ അവയ്ക്കു തമ്മിൽ യാതൊരു ഭേദവും പറയാൻ വയ്യ. പിന്നെ ദൃഷ്ടം, ദർശനം, ദൃശ്യം എന്നിവകളെകൊണ്ടാണു ഭേദമുണ്ടാവേണ്ടത്. എന്നാൽ അവയും തുല്യങ്ങളാണ്. യാതൊരു വ്യത്യാസവുമില്ല. ആ സ്ഥിതിയ്ക്കു ജാഗ്രവൽ സ്വപ്നാവസ്ഥകൾക്കു തമ്മിൽ എങ്ങിനെ ഭേദമുണ്ടാവും? യാതൊരു ഭേദവുമില്ല. അതിനാൽ സ്വപ്നമെന്നപോലെ ജാഗ്രത്തും കേവലം മിഥ്യ തന്നെ. അതിനാൽ സ്വപ്നദൃഷ്ടപദാർത്ഥങ്ങളെന്നപോലെതന്നെ ജാഗ്രൽദൃഷ്ടപദാർഥങ്ങളായ കാലദേശജഗൽപദാർത്ഥങ്ങളെല്ലാം മിഥ്യകൾ തന്നെ.

അഭാവ ഉഭയോഃ സുപ്തൗ സർവ്വൈരപ്യനുഭൂയതേ
ന കശ്ചിദനയോർഭേദസ്തസ്മാൽ മിഥ്യാത്വമർഹതഃ 767

പ്രസ്തുത ജാഗ്രത്സ്വപ്നങ്ങളാകുന്ന രണ്ടവസ്ഥകളും അവയിലെ എല്ലാ ദൃശ്യങ്ങളും ഒരുപോലെ സുഷുപ്തിയിൽ ഇല്ലാത്തവയായിത്തീരുന്നു. സുഷുപ്ത്യവസ്ഥയെ അപേക്ഷിച്ചു ജാഗ്രത്തും സ്വപ്നവും രണ്ടും ഒരുപോലെയാണു. രണ്ടും മിഥ്യയാണു സുഷുപ്തിയിൽ. ഏതെങ്കിലും ഒന്നു സത്യമാണങ്കിൽ അതിന്റെ പ്രതിഫലനം സുഷുപ്തിയിൽ ഉണ്ടാവേണ്ടതാണ്. സത്യമെന്നു പറഞ്ഞാൽ എപ്പോഴുമുള്ളതെന്നർത്ഥമാണല്ലോ. എപ്പോഴും ഉള്ള വസ്തു ആണങ്കിൽ സുഷുപ്തിയിലും അതിന്റെ ഏതെങ്കിലും രൂപത്തിലുള്ള അനുഭവമുണ്ടാവേണ്ടതാണ്. അങ്ങിനെ സംഭ

വിച്ചുകാണാത്തതിനാൽ സ്വപ്നമെന്നപോലെതന്നെ ജാഗ്രത്തും മിഥ്യാത്വത്തെയാണർഹിക്കുന്നത്.

ഭ്രാന്ത്യാ ബ്രഹ്മണി ഭേദോയം സജാതീയാദിലക്ഷണഃ
കാലത്രയേപി ഹേ വിദ്വൻ വസ്തുതോ നൈവ കശ്ചന 768

സജാതീയം, വിജാതീയം, സ്വഗതം ഇങ്ങനെ മൂന്നു പ്രകാരത്തിലാണു ഭേദങ്ങൾ. ബ്രഹ്മത്തെപ്പോലെ മറ്റൊന്നില്ലാത്തതിനാൽ സജാതീയഭേദം ബ്രഹ്മത്തിനുണ്ടാവാൻ വയ്യ. ബ്രഹ്മമല്ലാതെ മറ്റൊരു വസ്തു ഇല്ലാത്തതിനാൽ വിജാതീയ ഭേദവും ബ്രഹ്മത്തിലുണ്ടാവാൻ വയ്യ. അതുപോലെ അപരിഛിന്നമാണു ബ്രഹ്മമെന്നതിനാൽ സ്വഗതഭേദവും ബ്രഹ്മത്തിലുണ്ടാവാൻ വയ്യ. ആ സ്ഥിതിയ്ക്ക് യതൊരു ഭേദഭാവവും ബ്രഹ്മത്തിനില്ല. ബ്രഹ്മമല്ലാതെ മറ്റൊരു വസ്തു കാലത്രയത്തിലും സംഭവിക്കുന്നുമില്ല. പിന്നെയെങ്ങിനെയാണു പ്രപഞ്ചവും മറ്റും തോന്നപ്പെടുന്നത്? ഭ്രമം കൊണ്ടുമാത്രം തോന്നപ്പെടുന്നതാണന്നു പറയണം. അദ്വൈതബ്രഹ്മതത്വമൊഴിച്ചു മറ്റൊന്നും തന്നെ സംഭവിച്ചിട്ടില്ലെന്നതാണു പരമാർത്ഥം.

യത്ര നാന്യൽ പശ്യതീതി ശ്രുതിർദ്വൈതം നിഷേധതി
കല്പിതസ്യ ഭ്രമാൽ ഭൂമ്നി മിഥ്യാത്വാവഗമായ തത് 769

ഭൂമാവായ ബ്രഹ്മത്തിൽ ഭ്രമം കൊണ്ട് കല്പിയ്ക്കപ്പെടുന്നവയാണു ദ്വൈതമെന്നും അതിനാൽ ദ്വൈതത്തെ മിഥ്യയെന്നറിഞ്ഞ് നിഷേധിയ്ക്കണമെന്നും സനൽകുമാരമഹർഷി ഛാന്ദോഗ്യോപനിഷത്തിൽ നാരദമഹർഷിയ്ക്കുപദേശിച്ചുകൊടുക്കുന്നുണ്ട്. 'യത്ര നാന്യൽ പശ്യതി നാന്യൽ ശൃണോതി, നാന്യദ്വിജാനാതി സ ഭൂമാ'. യാതൊരു തത്വത്തിൽ മറ്റൊന്നിനെ കാണുകയോ, കേൾക്കുകയോ, അറിയുകയോ ചെയ്യുന്നില്ലയൊ അതാണു

ഭൂമാവ് എന്ന്. പ്രസ്തുത ശ്രുതിവാക്യം കൊണ്ട് മനസ്സിലാവുന്നതു രജ്ജുസർപ്പം പോലെ ബ്രഹ്മത്തിൽ ഭ്രാന്തികൊണ്ട് കല്പിക്കപ്പെട്ടതാണു ദ്വൈതമെന്നും, മിഥ്യാഭൂതമായ ദ്വൈതപ്രതിഭാസത്തെ തള്ളിക്കളഞ്ഞു അദ്വൈതബ്രഹ്മതത്ത്വത്തിൽ നിഷ്ഠനാവണമെന്നുമാണ്.

യതസ്തതോ ബ്രഹ്മ സദാദ്വിതീയം
വികല്പശൂന്യം നിരുപാധി നിർമ്മലം
നിരന്തരാനന്ദഘനം നിരീഹം
നിരാസ്പദം കേവലമേകമേവ 770

ദ്വൈതം മിഥ്യയും പ്രതിഭാസമാത്രവുമായതിനാൽ ബ്രഹ്മം എപ്പോഴും അദ്വിതീയമായിത്തന്നെ വിളങ്ങികൊണ്ടിരിക്കുന്നു. വികല്പങ്ങളോ ഉപാധികളോ ഇല്ലാത്തതും അത്യന്തനിർമലവുമാണു ബ്രഹ്മം. വിഷയസ്പർശമാണു മാലിന്യം. ബ്രഹ്മത്തിൽ വിഷയസ്പർശമില്ലാത്തതിനാൽ അത് അത്യന്തനിർമലമാണ്. അപരിച്ഛിന്നവും ആനന്ദഘനസ്വരൂപവും യാതൊരുവിധ വിക്രിയകളുമില്ലാത്തതുമാണ്. അവലംബമില്ലാത്തതും (മറ്റൊന്നിനെ അധിഷ്ഠാനമാക്കാത്തതും) സർവ്വോപാധികളിൽനിന്നും വിനിർമുക്തവും, ഈ വക കാരണങ്ങളെകൊണ്ടുതന്നെ ഏകവുമാണ്.

നൈവാസ്തി കാചന ഭിദാ ന ഗുണപ്രതീതിർ-
ന്നോ വാക്പ്രവൃത്തിരപി വാ ന മനഃപ്രവൃത്തിഃ
യൽ കേവലം പരമശാന്തമനന്തമാദ്യ-
മാനന്ദമാത്രമവഭാതി സദദ്വിതീയം 771

ബ്രഹ്മത്തിൽ യാതൊരുവിധ ഭേദവുമില്ല. സത്വരജസ്തമസ്സുകളാകുന്ന ഗുണങ്ങളുടെ പ്രതീതിയും ബ്രഹ്മത്തിലില്ല. വാഗ്വ്യവഹാരമോ മനോവ്യാപാരമോ ബ്രഹ്മത്തിലില്ല. അതിനാൽ

ബ്രഹ്മത്തെ വാക്കുകൊണ്ടു പറയാനോ, മനസ്സുകൊണ്ട് ചിന്തിക്കാനോ കഴിയില്ല. വാക്കും മനസ്സും അടങ്ങലാണ് ബ്രഹ്മാനുഭൂതിക്കാവശ്യം. നിരുപാധികവും, പരമശാന്തവും, അവസാനമില്ലാത്തതും, ദ്വൈതപ്രതിഭാസത്തിനു മുൻപുതന്നെയുള്ളതും, ആനന്ദമാത്രവും അദ്വിതീയവും മൂന്നുകാലത്തുമുള്ള സദ്വസ്തുവുമായ ബ്രഹ്മം എപ്പോഴും വിളങ്ങികൊണ്ടിരിക്കുന്നു.

യദിദം പരമം സത്യം തത്വം സച്ചിൽസുഖാത്മകം
അജരാമരണം നിത്യം സത്യമേതദ്വചോ മമ 772

സർവോൽകൃഷ്ടവും, സത്യവും, സച്ചിദാനന്ദസ്വരൂപവും, ജരാമരണാദികളില്ലാത്തതും, ശാശ്വതവുമായ ബ്രഹ്മം മാത്രമാണു സത്യമായിട്ടിരിക്കുന്നത്. ആ പരമസത്യത്തെ പ്രദിപാദിക്കുന്ന എന്റെ വാക്കുകൾ സത്യമാണ്. ബ്രഹ്മം മാത്രമാണു പരമസത്യമെന്നു പറയുന്നത് സ്വാനുഭവത്തിൽ നിന്നാകയാൽ എന്റെ വാക്കുകൾ സത്യമാണു എന്നു താല്പര്യം.

ന ഹി ത്വം ദേഹോfസാവസുരപി ച വാപ്യക്ഷനികരോ
മനോ വാ ബുദ്ധിർവാ ക്വചിദപി തഥാഹംകൃതിരപി
നചൈഷാം സംഘാതസ്ത്വമു ഭവതി വിദ്വൻ ശൃണു പരം
യദേതേഷാം സാക്ഷീ സ്ഫുരണമമലം തത്ത്വമസി ഹി 773

നീ ഈ സ്ഥൂലശരീരമോ, പഞ്ചപ്രാണങ്ങളോ, ദശേന്ദ്രിയങ്ങളോ, മനസ്സോ, ബുദ്ധിയോ, അഹംകാരമോ അല്ല. എന്നാൽ ഇവയെല്ലാം കൂടിച്ചേർന്നവനാണോ എന്നാണെങ്കിൽ, അതുമല്ല ഇവയുടെ എല്ലാറ്റിന്റെയും സാക്ഷിയും, പ്രകാശരൂപനും, നിർമലനുമായ ആ പരമതത്വം തന്നെയാണു നീ.

യജ്ജായതേ വസ്തു തദേവ വർദ്ധതേ
തദേവ മൃത്യും സമുപൈതി കാലേ

ജന്മൈവ തേ നാസ്തി തഥൈവ മൃത്യുർ
ന്നാസ്ത്യേവ നിത്യസ്യ വിഭോരജസ്യ 774

യാതൊരു വസ്തു ജനിക്കുന്നുവൊ, അതാണു പിന്നീട് വളരുന്നത്. കാലം വരുമ്പോൾ മരിക്കുന്നതും ഒരിയ്ക്കൽ ജനിച്ച വസ്തുവാണ്. നിത്യനും, സർവ്വശക്തനും അജനുമായ നിനക്കു ജനനവും മരണവുമില്ല. ജനിക്കുന്നതും മരിക്കുന്നതും ശരീരമാണ്. ആത്മാവായ നീയല്ല.

യ ഏഷ ദേഹോ ജനിതഃ സ ഏവ
സമേധതേ നശ്യതി കർമ്മയോഗാൽ
ത്വമേതദീയാസ്വഖിലാസ്വവസ്ഥാ-
സ്വവസ്ഥിതഃ സാക്ഷ്യസി ബോധമാത്രഃ 775

പ്രാരബ്ധകർമ്മമനുസരിച്ചു ജനിക്കുന്നതും, വളരുന്നതും, നശിക്കുന്നതും ഈ സ്ഥൂലശരീരമാണ്. ശരീരത്തിന്റെ ഉല്പത്തിയേയും, വളർച്ചയേയും, നാശത്തേയും സാക്ഷിയായിട്ടറിയുന്നവനും, ശരീരത്തിന്റെ ഈ അവസ്ഥകളിലെല്ലാം നിർവികാരനായിരിക്കുന്നവനും, ബോധസ്വരൂപനുമാണു നീ.

യൽ സ്വപ്രകാശമഖിലാത്മകമാസുഷുപ്തേ-
രേകാത്മനാഹമഹമിത്യവഭാതി നിത്യം
ബുദ്ധേഃ സമസ്തവികൃതേരവികാരി ബോദ്ധൃ
യൽ ബ്രഹ്മതത്ത്വമസി കേവലബോധമാത്രം 776

മറ്റു പ്രകാശവസ്തുക്കളെ ആശ്രയിക്കാതെ സ്വയം പ്രകാശിക്കുന്നതും, സകലജീവജാലങ്ങളിലും ആത്മസ്വരൂപേണ വിളങ്ങുന്നതും സുഷുപ്തിയടക്കമുള്ള മൂന്നവസ്ഥകളിലും 'ഞാൻ, ഞാൻ' എന്നിങ്ങനെ ബോധസ്വരൂപേണ നിത്യവും വിളങ്ങിക്കൊണ്ടിരിക്കുന്നതും, ബുദ്ധിയുടെ എല്ലാവിധ വൃത്തികളേയും

വികാരങ്ങളേയും അറിയുന്നതും, കേവലബോധസ്വരൂപമായ ആ ബ്രഹ്മമാണു നീ.

സ്വാത്മന്യനസ്തമിതസംവിദി കല്പിതസ്യ
വ്യോമാദിസർവ്വജഗതഃ പ്രദദാതി സത്താം
സ്ഫൂർത്തിം സ്വകീയമഹസാ വിതനോതി സാക്ഷാൽ
യദ്ബ്രഹ്മ തത്ത്വമസി കേവലബോധമാത്രം 777

ഉദയസ്തമനങ്ങളില്ലാതെ എപ്പോഴും പ്രകാശിച്ചുകൊണ്ടിരിക്കുന്ന ജ്ഞാനസ്വരൂപനായ ആത്മാവിൽ കല്പിയ്ക്കപ്പെട്ട ആകാശാദി സർവ്വജഗത്തിനും തന്റെ പരമാർത്ഥത്തിലുള്ള മഹിമാവിശേഷത്താൽ സത്തയെയും പ്രകാശത്തേയും കൊടുത്തുകൊണ്ടു വിളങ്ങുന്നതും കേവലബോധമാത്രസ്വരൂപമായ ആ ബ്രഹ്മം തന്നെയാണു നീ.

സമ്യക് സമാധിനിരതൈർവിമലാന്തരംഗേ
സക്ഷാദവേക്ഷ്യ നിജതത്വമപാരസൗഖ്യം
സംതുഷ്യതേ പരമഹംസകുലൈരജസ്രം
യൽ ബ്രഹ്മ തത്ത്വമസി കേവലബോധമാത്രം 778

വളരെക്കാലത്തെ അഭ്യാസം കൊണ്ട് വിഷയവാസനകളെല്ലാമകന്നു അത്യന്തനിർമലമായ അഃന്തകരണത്തിൽ സുദൃഢമായ സമാധിയോഗംകൊണ്ടു സാധകന്മാർ തന്റെ പരമാർത്ഥസ്വരൂപമായ ആത്മാവിനെ അറിയുന്നു. അതോടെ അപാരമായ സുഖാനുഭൂതിയിൽ മുഴുകാനും ഇടയായിത്തീരുന്നു. പരമഹംസന്മാർ എല്ലായ്പ്പോഴും മുറിവില്ലാതെ പ്രസ്തുത ആത്മാനന്ദത്തെ അനുഭവിച്ചുകൊണ്ടു സന്തുഷ്ടരായി കഴിയുകയാണ്. അത്രയും മഹിമയേറിയതും കേവലബോധമാത്രസ്വരൂപവുമായ ആ ബ്രഹ്മം തന്നെയാണു നീ.

അന്തർബഹിഃ സ്വയമഖണ്ഡിതമേകരൂപ–
മാരോപിതാർത്ഥവദുദഞ്ചതി മൂഢബുദ്ധേഃ
മൃൽസ്നാദിവദ്വിഗതവിക്രിയമാത്മവേദ്യം
യൽ ബ്രഹ്മ തത്ത്വമസി കേവലബോധമാത്രം 779

സർവ്വജീവജാലങ്ങളുടെയും അകത്തും പുറത്തും അപരിച്ഛിന്നവും ഏകരൂപവുമായി പ്രകാശിക്കുന്ന ബ്രഹ്മത്തിൽ മൂഢബുദ്ധികൾക്കു ഭ്രമം കൊണ്ടു തോന്നപ്പെടുന്നവയാണു ജഗത്തിന്റെ ആരോപണം. മണ്ണിൽ ഘടം മുതലായ ഏതെല്ലാം പാത്രങ്ങളെ ആരോപിച്ചാലും, മണ്ണിനു യാതൊരു വികാരവുമുണ്ടാവത്തതുപോലെ എല്ലാവിധ ആരോപണങ്ങൾക്കും അധിഷ്ഠാനമായി യാതൊരു വികാരവുമില്ലാത്തതും സ്വസ്വരൂപമായി അറിയേണ്ടതുമാണു ബ്രഹ്മം. കേവലബോധമാത്രസ്വരൂപമായ ആ ബ്രഹ്മമാണു നീ.

ശ്രുത്യുക്തമവ്യയമന്തമനാദിമദ്ധ്യ–
മവ്യക്തമക്ഷരമനാശ്രയമപ്രമേയം
ആനന്ദസൽഘനമനാമയമദ്വിതീയം
യൽ ബ്രഹ്മ തത്ത്വമസി കേവലബോധമാത്രം 780

ശ്രുതിയാൽ ഉദ്ബോധിപ്പിയ്ക്കപ്പെടുന്നതും, ക്ഷമയില്ലാത്തതും, ആദിമദ്ധ്യാവസാനങ്ങളില്ലാത്തതും, മനോബുദ്ധീന്ദ്രയങ്ങളാലറിയാൻ കഴിയാത്തതിനാൽ അവ്യക്തവും, നാശരഹിതവും, ഒന്നിനെയും ആശ്രയിക്കാതെയുള്ളതും, ഇന്നവിധത്തിലുള്ളതെന്നു തിട്ടപ്പെടുത്തി പറയാൻ കഴിയത്തതും, സച്ചിദാനന്ദഘനസ്വരൂപവും, യാതൊരുദോഷമില്ലാത്തതും, അദ്വിതീയവുമാണ് ബ്രഹ്മം. കേവലബോധമാത്രസ്വരൂപമായ ആ ബ്രഹ്മമാണു നീ.

ശരീരദ്വ്യോഗതദീയധർമ്മാ–

ദ്യാരോപണം ഭ്രാന്തിവശാത്ത്വദീയം
ന വസ്തുതഃ കിഞ്ചിദതസ്ത്വജസ്ത്വം
മൃത്യോർഭയം ക്വാസ്തി തവാസി പൂർണ്ണഃ 781

ശരീരവും, ശരീരത്തിന്റെ ചേർച്ചകൊണ്ടുണ്ടായതായി തോന്ന പ്പെടുന്ന ജനനമരണാദി സർവ്വവികാരങ്ങളും നിനക്കുള്ളവയല്ല. നിന്റെ തന്നെ ഭ്രമംകൊണ്ടാണു അവയെല്ലാം ഉള്ളവയായി തോന്നിക്കൊണ്ടിരിക്കുന്നത്. ശാരീരികധർമ്മങ്ങളിലൊന്നു പോലും നിനക്കില്ല. നീ ജനനമില്ലാത്തവനാണ്. സർവ്വത്ര പൂർണ്ണ നായി വിളങ്ങികൊണ്ടിരിക്കുന്ന നിനക്കു മരണഭയം എവിടെ നിന്നും ഉണ്ടാവാനാണ്? ജനിച്ചതായ ശരീരമാണു മരിക്കുന്നത്. ശരീരം ഉണ്ടവുന്നതും നശിക്കുന്നതും സർവ്വത്ര പൂർണ്ണമായ യാതൊരു തത്വത്തിലാണോ ആ ബ്രഹ്മമാണു നീ. അതിനാൽ നിനക്കു മരണഭയമേ ഇല്ല.

യദ്യദ്ദൃഷ്ടം ഭ്രാന്തിമത്യാ സ്വദൃഷ്ടാ
തത്തൽ സമ്യഗ്വസ്തുദൃഷ്ട്യാ ത്വമേവ
ത്വത്തോ നാന്യദ്വസ്തു കിംചിത്തു ലോകേ
കസ്മാൽ ഭീതിസ്തേ ഭവേദദ്വയസ്യ 782

ആത്മാവായ നിന്നിൽനിന്നന്യമായി യാതൊന്നും തന്നെയില്ല. അജ്ഞാനദൃഷ്ടിയിൽകൂടെ നോക്കുമ്പോൾ നിന്നിൽ നിന്നന്യ ങ്ങളായി തോന്നപ്പെടുന്ന വസ്തുക്കൾ പരമാർത്ഥ ദൃഷ്ടിയിൽ കൂടി നോക്കുമ്പോൾ നീ മാത്രമാണ്. സ്വർണ്ണത്തിലാരോപിയ്ക്കപ്പെട്ട കടകകുണ്ഡലാദികൾ പരമാർത്ഥത്തിൽ സ്വർണ്ണംമാത്രമാണല്ലൊ. അപ്രകാരം ആത്മാവായ നീ തന്നെയാണു നിന്റെ ദൃശ്യങ്ങളും ഭോജ്യങ്ങളുമായി വിളങ്ങികൊണ്ടിരിക്കുന്നത്. നീയല്ലാതെ മറ്റൊരു വസ്തുവും ഈ ലോകത്തിലില്ല. നീ അദ്വൈതനാണ്. അതിനാൽ നിനക്കു ആരിൽ നിന്നു ഭയം ഉണ്ടാവാനാണ്?

പശ്യതസ്ത്വഹമേവേദം സർവ്വമിത്യാത്മനാഖിലം
ഭയം സ്യാദ്വിദുഷഃ കസ്മാൽ സ്വസ്മാന്ന ഭയമിഷ്യതേ 783

ആത്മാവായ ഞാൻ തന്നെയാണു ദൃശ്യങ്ങളെല്ലാമായി വിളങ്ങുന്നത്. എന്നു ദൃഢബോദ്ധ്യം വന്നൊരാൾക്ക് ആരിൽ നിന്നു ഭയമുണ്ടാവാനാണ്? തന്നെക്കൂടാതെ മറ്റാരെങ്കിലും ഉണ്ടെങ്കിലല്ലേ തനിയ്ക്ക് ആ ആളിൽനിന്നു ഭയമുണ്ടാവുമെന്നു ശങ്കിയ്ക്കാൻ അവകാശമുള്ളൂ? തന്നിൽനിന്നുതന്നെ തനിയ്ക്ക് ഭയമുണ്ടാവാൻ വയ്യ. അതിനാൽ ആത്മാവിന്റെ അദ്വിതീയത്വം ബോധിച്ച നിനക്കു ഭയത്തിന്നവകാശമില്ല.

തസ്മാത്ത്വമഭയം നിത്യം കേവലാനന്ദലക്ഷണം
നിഷ്കളം നിഷ്ക്രിയം ശാന്തം ബ്രഹ്മൈവാസി സദാദ്വയം 784

അതിനാൽ നീ ഭയമില്ലാത്തവനും, നാശമില്ലാത്തവനും യാതൊരുവിധ ഉപാധിസംബന്ധമില്ലാത്തവനും, ആനന്ദസ്വരൂപനും, അംശത്തോടുകൂടാത്തവനും, യാതൊരുവിധ കർമ്മവുമില്ലാത്തവനും, പരമശാന്തനും, എപ്പോഴും അദ്വയമായി പ്രകാശിച്ചു കൊണ്ടിരിക്കുന്ന ബ്രഹ്മവുമാകുന്നു.

ജ്ഞാതൃജ്ഞാനജ്ഞേയവിഹീനം
ജ്ഞാതുരഭിന്നം ജ്ഞാനമഖണ്ഡം
ജ്ഞേയാജ്ഞേയത്വാദിവിമുക്തം
ശുദ്ധം ബുദ്ധം തത്ത്വമസി ത്വം 785

അറിയുന്നവൻ, അറിയൽ, അറിയപ്പെടുന്ന വസ്തു എന്നിങ്ങനെയുള്ള ത്രിപുടിയില്ലാത്തവനും അഖണ്ഡജ്ഞാനസ്വരൂപനും പരമജ്ഞാതാവായ പരബ്രഹ്മത്തിൽ നിന്നു ഭിന്നതയില്ലാത്തവനുമാണ് ആത്മാവായ നീ. അറിവിനു വിഷയമല്ല ബ്രഹ്മം. എന്നാൽ അറിവുതന്നെ സ്വരൂപമാകയാൽ അറിയാൻ കഴിയാത്തത് എന്നും

പറഞ്ഞുകൂടാ, ജ്ഞാനത്തിനും അജ്ഞാനത്തിനും അതീതമാണു ബ്രഹ്മം. വിഷയസ്പർശമില്ലാത്തതിനാൽ പരമശുദ്ധവും, ജ്ഞാനസ്വരൂപവുമായ ആ ബ്രഹ്മമാണ് നീ.

അന്തഃപ്രജ്ഞതാദിവികാരൈരസ്പൃഷ്ടം യത്തദ്ദൃശിമാത്രം
സത്താമാത്രം സമരസമേകം ശുദ്ധം ബുദ്ധം തത്ത്വമസി ത്വം 786

നിന്നിലുള്ള പ്രജ്ഞയുടെ വികാരങ്ങളായ ജാഗ്രൽസ്വപ്ന സുഷുപ്തികളൊന്നും ആത്മാവായ നിന്നെ സ്പർശിക്കുന്നില്ല. കേവലം ജ്ഞാനസ്വരൂപവും എല്ലാറ്റിന്റെയും മൂലസത്തയും എങ്ങും ഒരുപോലെ വ്യാപിച്ചിരിക്കുന്നതും ഏകവും ശുദ്ധബുദ്ധ സ്വരൂപവുമായ ആബ്രഹ്മമാണ് നീ.

സർവ്വാകാരം സർവ്വമസർവ്വം സർവ്വനിഷേധാവധിഭൂതം യത്
സത്യം ശാശ്വതമേകമനന്തം ശുദ്ധം ബുദ്ധം തത്ത്വമസി ത്വം 787

എല്ലാ നാമരൂപങ്ങളായും വിളങ്ങുന്നത് ബ്രഹ്മമാണ്. എന്നാൽ സ്വയം നാമരൂപങ്ങളൊന്നുമില്ലാത്തതുമാണ്. ബ്രഹ്മം തന്നെയാണു എല്ലാ പദാർത്ഥങ്ങളായും തോന്നപ്പെടുന്നത്. അങ്ങിനെയാണങ്കിലും ആ വക പദാർത്ഥങ്ങളാണോ ബ്രഹ്മമെന്നാണെങ്കിൽ അല്ല താനും. പദാർത്ഥങ്ങളെ ഓരോന്നിനെയും 'ഇതല്ല, ഇതല്ല' എന്നു തള്ളിക്കളഞ്ഞാൽ അവസാനം ശേഷിക്കുന്നതാണു ബ്രഹ്മം. ഭൂതവർത്തമാനഭാവികാലങ്ങളിൽ മാറ്റമില്ലാത്തതിനാൽ സത്യവും എന്നെന്നുമുള്ളതും, ഏകവും അവസാനമില്ലാത്തതും, ശുദ്ധബുദ്ധസ്വരൂപവുമായ ആബ്രഹ്മമാണു നീ.

നിത്യാനന്ദാഖണ്ഡൈകരസം നിഷ്കളമക്രിയമസ്തവികാരം
പ്രത്യഗഭിന്നം പരമവ്യക്തം ശുദ്ധം ബുദ്ധം തത്ത്വമസി ത്വം 788

മുറിവില്ലാത്തതും നിത്യവും സർവ്വത്ര വ്യാപിച്ചതുമായ ആനന്ദസ്വരൂപവും, അശംങ്ങളില്ലാത്തതും യാതൊരുവിധ കർമ്മമോ വികാരമോ ഇല്ലാത്തതാണ് ബ്രഹ്മം. നാമോരുത്തരിലും ആത്മസ്വരൂപേണ വിളങ്ങുന്നതും പ്രസ്തുത ബ്രഹ്മം തന്നെ. ഒരു കരണം കൊണ്ടുമറിയാൻ കഴിയാത്തതും അത്യുൽകൃഷ്ടവും ശുദ്ധബുദ്ധസ്വരൂപവുമായ ആ ബ്രഹ്മമാണ് നീ.

ത്വം പ്രത്യസ്താശേഷവിശേഷം
വ്യോമേവാന്തർബഹിരപി പൂർണ്ണം
ബ്രഹ്മാനന്ദം പരമദ്വൈതം
ശുദ്ധം ബുദ്ധം തത്ത്വമസി ത്വം 789

ഒരു വിധ വിശേഷണങ്ങളെകൊണ്ടും വിശേഷിപ്പിക്കാൻ കഴിയാത്തതും, ആകാശം എങ്ങിനെ അകത്തും പുറത്തും നിറഞ്ഞിരിക്കുന്നുവോ അതുപോലെ സകലജീവജാലങ്ങളുടെയും അകത്തും പുറത്തും നിറഞ്ഞു പൂർണ്ണമായി വിളങ്ങിക്കൊണ്ടിരിക്കുന്നതും, പരമഅദ്വൈതവും ആനന്ദസ്വരൂപവുമാണു ബ്രഹ്മം. ശുദ്ധബുദ്ധസ്വരൂപമായ ആ ബ്രഹ്മമാണ് നീ.

ബ്രഹ്മൈവാഹമഹം ബ്രഹ്മ നിർഗ്ഗുണം നിർവ്വികല്പകം
ഇത്യേവാഖണ്ഡയാ വൃത്ത്യാ തിഷ്ഠ ബ്രഹ്മണി നിഷ്ക്രിയേ 790

സത്വരജസ്തമോഗുണങ്ങളുടെ സ്പർശമില്ലാത്തതും യാതൊരു വികല്പവുമില്ലാത്തതുമായ ബ്രഹ്മമാണു ഞാൻ. ഞാൻ ബ്രഹ്മം തന്നെയാണു എന്നിപ്രകാരം മുറിവില്ലാതെ നിന്റെ ചിത്തവൃത്തിയെ പരമനിർവികാരമായ ബ്രഹ്മത്തിലുറപ്പിച്ചു നിർത്തൂ. ഞാൻ ബ്രഹ്മം തന്നെയെന്ന ബോധത്തെ ഒരു നിമിഷം പോലും മറക്കാനിടവരാതെ തൈലധാരപോലെ നിലനിർത്തി ബ്രഹ്മനിഷ്ഠനായിതീർന്നാലും.

അഖണ്ഡാമേവൈതാം ഘടിതപരമാനന്ദലഹരീം
പരിദ്ധ്വസ്തദ്വൈതപ്രമിതിമമലാം വൃത്തിമനിശം
അമുഞ്ചാനഃ സ്വാത്മന്യനുപമസുഖേ ബ്രഹ്മണി പരേ
രമസ്വ പാരബ്ധം ക്ഷപയ സുഖവൃത്ത്യാ ത്വമനയാ 791

തൈലധാരപോലെ മുറിവില്ലാതെ 'ഞാൻ ബ്രഹ്മം തന്നെ യാകുന്നു'. എന്ന വൃത്തിയെ നിലനിർത്തലാകുന്ന ബ്രഹ്മനിഷ്ഠ കൊണ്ട് എല്ലാ ദ്വൈതപ്രതിഭാസങ്ങളുമടങ്ങിയ പരമനിർമലവും അദ്വൈതവുമായ ബ്രഹ്മാനന്ദം അനുഭവപ്പെടാൻ തുടങ്ങും. പ്രസ്തുത പരമാനന്ദലഹരിയിൽ മുഴുകിക്കൊണ്ട്, ഒരുവിധത്തിലും ഉപമിക്കാൻ കഴിയാത്തതും പരബ്രഹ്മസ്വരൂപമായ ആത്മാവിൽ നിന്നു അനുഭവപ്പെടുന്നതുമായ സുഖത്തിൽ ആനന്ദിച്ചുകൊണ്ട് പ്രാരാബ്ധാവസാനം വരെ ജീവിച്ചാലും. ദ്വൈതവൃത്തികളെല്ലാ മടങ്ങി അഖണ്ഡസുഖൈകരസമായ ബ്രഹ്മാകാരവൃത്തിയിൽ നിർവൃതിയടഞ്ഞുകൊണ്ട് പ്രാരബ്ധം അവസാനിക്കുന്നതുവരെ ആനന്ദിച്ചാലും.

ബ്രഹ്മാനന്ദരസാസ്വാദതല്പരേണൈവ ചേതസാ
സമാധിനിഷ്ഠിതോ ഭൂത്വാ തിഷ്ഠ വിദ്വൻ സദാ മുനേ 792

ഒരിയ്ക്കൽ അനുഭവിച്ചാൽപിന്നെ ഒരിയ്ക്കലും മറക്കാൻ സാധിക്കില്ലാ ബ്രഹ്മാനന്ദത്തെ. മനസ്സ് വീണ്ടും വീണ്ടും പ്രസ്തുത ആനന്ദത്തിനുവേണ്ടി തുടിച്ചുകൊണ്ടിരിക്കും. വീണ്ടും വീണ്ടും സമാധിയിൽ മുഴുകാനും ബ്രഹ്മാനന്ദനിർവൃതിയനുഭവിയ്ക്കാനും വളരെയധികം ഉൽക്കണ്ഠയോടു കൂടിയ മനസ്സുകൊണ്ടു സമാധി നിഷ്ഠനായി വിവേകിയും കരണങ്ങളെ അടക്കിയവനുമായ അങ്ങ് എപ്പോഴും സ്ഥിതി ചെയ്താലും.

ശിഷ്യഃ

അഖണ്ഡാഖ്യാ വൃത്തിരേഷാ വാക്യാർത്ഥശ്രുതിമാത്രതഃ
ശ്രോതുഃ സംജായതേ കിംവാ ക്രിയാന്തരമപേക്ഷതേ 793

ശിഷ്യൻ ചോദിക്കുകയാണ്, തത്ത്വമസി എന്ന വാക്യത്തിന്റെ അർത്ഥത്തെ ശ്രവിയ്ക്കുന്നതുകൊണ്ടുമാത്രം ശിഷ്യനു ഈ അഖണ്ഡാകാരവൃത്തിയുണ്ടാകുമോ? അതോ വേറേ വല്ല അനുഷ്ഠാനവും ചെയ്യേണ്ടതായിട്ടുണ്ടോ?

സമാധിഃ കഃ കതിവിധസ്തൽസിദ്ധേഃ കിമു സാധനം
സമാധേരന്തരായാഃ കേ സർവ്വേമേതന്നിരൂപ്യതാം 794

സമാധി എന്നു പറഞ്ഞാൽ എന്താണ്? എത്ര വിധം സമാധികളുണ്ട്? സമാധിയുണ്ടാവാനെന്തനുഷ്ഠാനമാണു ചെയ്യേണ്ടത്. സമാധിയ്ക്കുള്ള തടസ്ഥങ്ങൾ ഏവ? എന്റെ ഈവക സംശയങ്ങളെ തീർത്തുതന്നനുഗ്രഹിക്കുവാൻ കാരുണ്യമുണ്ടാവണം.

39. ആത്മജ്ഞാനത്തിനുവേണ്ട യോഗ്യത

ശ്രീഗുരുഃ

മുഖ്യഗൗണാദിഭേദേന വിദ്യന്തേƒത്രാധികാരിണഃ
തേഷാം പ്രജ്ഞാനുസാരേണാ ഖണ്ഡാവൃത്തിരുദേഷ്യതേ 795

ശിഷ്യന്റെ ചോദ്യങ്ങൾക്ക് ഗുരു മറുപടി പറയാൻ തുടങ്ങി. ആത്മവിദ്യാശ്രവണത്തിനധികാരികൾ മുഖ്യമെന്നും ഗൗണമെന്നും രണ്ടു വിധത്തിലുണ്ട്. അവരുടെ പ്രജ്ഞാവീര്യത്തിന്റെ തോതനുസരിച്ചാണ് അഖണ്ഡാകാരവൃത്തിയുണ്ടാകുന്നത്.

ശ്രദ്ധാഭക്തിപുരഃസരേണ വിഹിതേ

നൈവേശ്വരം കർമ്മണാ
സംന്തോഷ്യാർജ്ജിതതൽപ്രസാദമഹിമാ
ജന്മന്തരേഷ്വേവ യഃ
നിത്യാനിത്യവിവേകതീവ്രവിരതി
ന്യാസാദിഭിഃ സാധനൈർ
യുക്തഃ സഃ ശ്രവണേ സതാമഭിമതോ
മുഖ്യാധികാരീ ദ്വിജഃ 796

മുഖ്യമെന്നും, ഗൌണമെന്നും രണ്ടുവിധം അധികാരികളെ പറഞ്ഞതിൽ മുഖ്യാധികാരിയുടെ ലക്ഷണങ്ങളെ വിവരിക്കുന്നു. കഴിഞ്ഞ അനേകം ജന്മങ്ങളിൽ ശ്രദ്ധയോടും ഭക്തിയോടും കൂടി തന്റെ വർണ്ണാശ്രമധർമ്മങ്ങൾക്കനുയോജ്യങ്ങളായ വിവിധകർമ്മ ങ്ങളനുഷ്ഠിച്ചു ചിത്തശുദ്ധി വന്നവനും, ഭക്തിയോടുകൂടി ചെയ്ത ഭഗവൽഭജനം കൊണ്ടു ഭഗവാനെ സന്തോഷിപ്പിക്കാനും ഭഗവദ നുഗ്രഹത്തെ സമ്പാദിക്കാനും കഴിഞ്ഞവനും അതിന്റെയെല്ലാം ഫലമായി ഈ ജന്മത്തിലുണ്ടായ നിത്യാനിത്യവസ്തുവിവേകം, തീവ്രവൈരാഗ്യം, സർവ്വസംഗപരിത്യാഗം തുടങ്ങിയ യോഗ്യതക ളോടുകൂടിയവനുമായ ബ്രാഹ്മണനാണ് മഹാവാക്യശ്രവണത്തി ൽ മുഖ്യനായ അധികാരി.

അദ്ധ്യാരോപാപവാദക്രമമനുസരതാ
ദേശികേനാത്ര വേത്താ
വാക്യാർത്ഥേ ബോദ്ധ്യമാനേ സതി സപദി
സതഃ ശുദ്ധബുദ്ധേരമുഷ്യ
നിത്യാനന്ദാദ്വിതീയം നിരുപമമമലം
യൽ പരം തത്വമേകം
തൽ ബ്രഹ്മൈവാഹമസ്മീത്യുദയതി പരമാ–
ഖണ്ഡതാകാരവൃത്തിഃ 797

'തത്ത്വമസി'മഹാവാക്യത്തിന്റെ അർത്ഥത്തെ അദ്ധ്യാരോപം അപവാദം എന്നീ ക്രമത്തെ അനുസരിച്ചു ആചാര്യന്മാർ ഉപദേശിക്കും. കയറിൽ പാമ്പിനെയെന്നപോലെ ആത്മാവിലാരോപിക്കപ്പെട്ടിരിക്കയാണ് ജീവനും ജഗത്തുമെന്നുൽബോധിപ്പിക്കുന്നത് അദ്ധ്യാരോപവും, ദൃശ്യങ്ങളെയെല്ലാം 'നേതി, നേതി' (ഇതല്ല, ഇതല്ല) എന്നു നിഷേധിച്ചു നിഷേധത്തിനാസ്പദമായ ആത്മാവായി സ്ഥിതിചെയ്യൽ അപവാദവുമാണ്. അദ്ധ്യാരോപാപവാദങ്ങളിലൂടെ ആചാര്യൻ മഹാവാക്യത്തിന്റെ താല്പര്യത്തെ ഉൽബോധിപ്പിക്കുന്ന ഉടനെതന്നെ ചിത്തശുദ്ധിവന്ന സാധകനു 'നിത്യവും, ആനന്ദസ്വരൂപവും, അദ്വിതീയവും, ഉപമിയ്ക്കാൻ കഴിയാത്തതും, നിർമലവും, പരമതത്വവുമായ ബ്രഹ്മമാണു ഞാൻ' എന്ന ഉൽകൃഷ്ടമായ അഖണ്ഡാകാരവൃത്തിയുണ്ടാകുന്നു. ചിത്തം രാഗാദിദോഷങ്ങൾ നീങ്ങി നിർമലമായിതീർന്നതിനാൽ ഗുരു 'തത്ത്വമസി' (ബ്രഹ്മമാണു നീ) എന്നുപദേശിയ്ക്കുന്നതോടെ ശരീരം, ഇന്ദ്രിയങ്ങൾ, മനസ്സ്, ബുദ്ധി, അഹംകാരം എന്നിവയിലെല്ലാമുണ്ടായിരുന്ന ഞാൻ എന്ന അഭിമാനം ഇല്ലാതാവുകയും എപ്പോഴും മുറിവില്ലാതെ 'ഞാൻ ബ്രഹ്മമാകുന്നു' എന്ന വൃത്തിയുണ്ടാവുകയും ചെയ്യുന്നു.

അഖണ്ഡാകാരവൃത്തിഃ സാ ചിദാഭാസസമന്വിതാ
ആത്മാഭിന്നം പരം ബ്രഹ്മ വിഷയീകൃത്യ കേവലം 798

ബാധതേ തൽഗതാജ്ഞാനം യദാവരണലക്ഷണം
അഖണ്ഡാകാരയാ വൃത്ത്യാ ത്വജ്ഞാനേ ബാധിതേ സതി799

ഞാൻ ബ്രഹ്മമാകുന്നു എന്ന അഖണ്ഡാകാരവൃത്തി ദൃഢയായിത്തീരുന്നതോടെ പരബ്രഹ്മതത്വത്തെ തന്നിൽ നിന്നു വേറേയല്ലാതെ അഭേദമായി അനുഭവപ്പെടാൻ തുടങ്ങും. ആ അഭേദ

ജ്ഞാനം ജീവത്വത്തെപ്പോലും നശിപ്പിയ്ക്കും. ആത്മസ്വരൂപത്തെ മറയ്ക്കലാകുന്ന ആവരണസ്വരൂപേണയാണല്ലോ അജ്ഞാനം നില നില്ക്കുന്നത്. പ്രസ്തുത ആവരണം കൊണ്ടാണ് ജീവത്വവും നില നില്ക്കുന്നത്. ഞാൻ ബ്രഹ്മമാകുന്നു എന്ന അഭേദജ്ഞാനം ആവരണത്തെ നശിപ്പിക്കുന്നതോടെ ജീവോപാധി നശിക്കുന്ന തിനാൽ ജീവത്വവും ഇല്ലാതാകുന്നു.

തൽകാര്യം സകലം തേന സമം ഭവതി ബാധിതം
തന്തുദാഹേ തു തൽകാര്യപടദാഹോ യഥാ തഥാ 800

അജ്ഞാനത്തിന്റെ കാര്യമാണു ജീവത്വവും ജഗത്തും. കാരണം നശിക്കുന്നതോടെ സ്വാഭാവികമായി കാര്യവും നശി ക്കുന്നു. നൂലു ദഹിക്കുന്നതോടെ നൂലിന്റെ കാര്യമായ വസ്ത്രവും ദഹിയ്ക്കുന്നതു മാതിരിയാണ് മൂലകാരണമായ അജ്ഞാനം ഞാൻ ബ്രഹ്മമാകുന്നു എന്ന അഭേദജ്ഞാനാനുഭൂതികൊണ്ടു നശിക്കു മ്പോൾ അജ്ഞാനകാര്യങ്ങളായജീവനും ജഗത്തുമില്ലാതാവു ന്നത്.

തസ്യ കാര്യതയോ ജീവവൃത്തിർഭവതി ബാധിതാ
ഉപപ്രഭാ യഥാ സൂര്യം പ്രകാശയിതുമക്ഷമാ 801

തദ്വദേവ ചിദാഭാസചൈതന്യം വൃത്തിസംസ്ഥിതം
സ്വപ്രകാശം പരം ബ്രഹ്മ പ്രകാശയിതുമക്ഷമം 802

അഖണ്ഡാകാരവൃത്തിയാൽ അജ്ഞാനം ബാധിയ്ക്കുന്നതോടെ അജ്ഞാനകാര്യമായ ജീവവൃത്തിയും നശിയ്ക്കുന്നു. 'ഞാൻ' എന്ന ഭേദഭാവത്തോടുകൂടിയ വൃത്തിയാണല്ലോ ജീവൻ. ഒരു ചെറിയ വിളക്കിനു സൂര്യനെ പ്രകാശിപ്പിക്കുവാൻ കഴിയാത്തതുപോലെ ജീവനു വൃത്തിജ്ഞാനം കൊണ്ടു തന്റെ പ്രകാശത്തിനു പോലും ഹേതുവായ പരബ്രഹ്മത്തെ പ്രകാശിപ്പിക്കുവാൻ കഴിയുന്നില്ല.

പ്രതിബിംബത്തിന്റെ പ്രകാശത്തിനാസ്പദം ബിംബമാണല്ലോ. അതുപോലെ ജീവന്റെ അറിവിനാസ്പദം ബ്രഹ്മമാണ്. അതിനാൽ ജീവന്റെ ജ്ഞാനംകൊണ്ടു ബ്രഹ്മത്തെ അറിയാൻ കഴിയില്ല.

പ്രചണ്ഡാതപമദ്ധ്യസ്ഥദീപവന്നഷ്ടദീധിതിഃ
തത്തേജസാഭിഭൂതം സല്ലീനോപാധിതയാ തതഃ 803

മദ്ധ്യാഹ്നസൂര്യന്റെ ഉജ്ജ്വലപ്രകാശത്തിൽ സാധാരണവിളക്കിന്റെ പ്രകാശം നിഷ്പ്രഭമായിത്തീരുന്നതുപോലെയാണ് ബ്രഹ്മപ്രകാശത്തിൽ ജീവത്വം നഷ്ടമായിതീരുന്നത്. ഞാൻ ബ്രഹ്മമാകുന്നു എന്ന അഖണ്ഡാകാരമായ ജ്ഞാനം ജീവോപാധിയായ അജ്ഞാനത്തെ നശിപ്പിക്കുന്നതോടെ ജീവത്വം ബ്രഹ്മത്തിലേകീഭവിച്ചു ലയിയ്ക്കുന്നു.

ബിംബഭൂതപരബ്രഹ്മമാത്രം ഭവതി കേവലം
യഥാപനീതേ ത്വാദർശേ പ്രതിബിംബമുഖം സ്വയം
മുഖമാത്രം ഭവേത്തദ്വദേതച്ചോപാധിസംക്ഷയാൽ 804

പരബ്രഹ്മം അവിദ്യയിൽ പ്രതിബിംബിയ്ക്കുമ്പോഴാണല്ലോ ജീവനായിത്തീരുന്നത്. പ്രതിബിംബിക്കാനുള്ള ഉപാധിയായ അവിദ്യ നശിച്ചതോടെ ബിംബം മാത്രം ശേഷിക്കുന്നു. കണ്ണാടിയുള്ളപ്പോൾ മാത്രമാണു പ്രതിബിംബിതമുഖമുള്ളത്. കണ്ണാടി മാറ്റിയാൽ പരമാർത്ഥത്തിലുള്ള മുഖംമാത്രം ശേഷിയ്ക്കുന്നു. അതുപോലെ അജ്ഞാനോപാധി നീങ്ങുന്നതോടെ പ്രതിബിംബമായ ജീവനില്ലാതാവുകയും ബിംബമായ ബ്രഹ്മം മാത്രം ശേഷിയ്ക്കുകയും ചെയ്യുന്നു.

ഘടാജ്ഞാനേ യഥാ വൃത്ത്യാ വ്യാപ്തയാ ബാധിതേ സതി 805

ഘടം വിസ്ഫുരയത്യേഷ ചിദാഭാസഃ സ്വതേജസാ

ന യഥാ സ്വപ്രഭേ ബ്രഹ്മണ്യാഭാസ ഉപയുജ്യതേ 806

ഘടത്തെ അറിയായ്മയാണല്ലോ ഘടാജ്ഞാനം. പ്രസ്തുത അജ്ഞാനം ഘടജ്ഞാനം കൊണ്ടു (ഘടത്തെ അറിയുന്നതു കൊണ്ട്) നിരസിയ്ക്കപ്പെടുമ്പോൾ ഘടം പ്രകാശിക്കുന്നു. അപ്രകാരം അജ്ഞാനം നശിക്കുമ്പോൾ എന്തുകൊണ്ട് ജീവനു ബ്രഹ്മത്തെ അറിയാൻ കഴിയുന്നില്ല എന്നാണങ്കിൽ ഘടംപോലെ ജീവന്റെ ദൃശ്യമല്ലാ ബ്രഹ്മം. മാത്രമല്ല ബ്രഹ്മത്തിന്റെ പ്രതി ബിംബം മാത്രമാണു ജീവൻ, ബിംബത്തെ പ്രതിബിംബത്തിനറി യാൻ കഴിയാത്തതു പോലെ ജീവനു ബ്രഹ്മത്തേയും അറിയാൻ കഴിയില്ല.

അത ഏവ മതം വൃത്തിവ്യാപ്തത്വം വസ്തുനഃ സതാം
ന ഫലവ്യാപ്യതാ തേന ന വിരോധഃ പരസ്പരം 807

അതിനാലാണു ജ്ഞാനികൾ അഖണ്ഡാകാരബ്രഹ്മവൃത്തി മറ്റെല്ലാ വൃത്തികളേയും വ്യാപിക്കുമെന്നുപറയാൻ കാരണം. എന്നാൽ പ്രതിബിംബം മാത്രമായ ജീവന്റെ അറിവിനു വിഷയമായി തീരുന്നില്ല ബ്രഹ്മം. അറിവിനു വിഷയമായി തീരുന്നില്ല ബ്രഹ്മമെന്നതുകൊണ്ട് ശ്രുതിയുടെ താല്പര്യത്തിനു വിരോധം സംഭവിയ്ക്കുന്നില്ല. യാതൊന്നിനെ മനസ്സുകൊണ്ട് അറിയാൻ കഴിയില്ലയോ, മനസ്സിനു അറിയാൻ ഉള്ള കഴിവുണ്ടാകുന്നതു യാതൊന്നിൽ നിന്നാണോ, അതാണു ബ്രഹ്മ മെന്ന കേനോപനിഷദ് വാക്യം ഈ സംഗതിയെ സ്പഷ്ട മാക്കുന്നുണ്ട്.

ശ്രുത്യോദിതസ്തതോ ബ്രഹ്മ ജ്ഞേയം ബുദ്ധ്യൈവ സൂക്ഷ്മയാ
പ്രജ്ഞാമാന്ദ്യം ഭവേദ്യേഷാം തേഷാം ന ശ്രുതിമാത്രതഃ 808

അതുകൊണ്ടാണു അത്യന്തസൂക്ഷ്മയാക്കപ്പെട്ട ബുദ്ധി കൊണ്ടു മാത്രമേ ബ്രഹ്മത്തെ അറിയാൻ കഴിയു എന്നു ശ്രുതി പറയുവാൻ കാരണം. ബുദ്ധി നിശിതവും സൂക്ഷ്മയുമാവാത്തതു പ്രജ്ഞാമാന്ദ്യം കൊണ്ടാണ്. പ്രജ്ഞാമാന്ദ്യമുള്ളവർക്കു ശ്രവണ മാത്രം കൊണ്ട് 'അഹം ബ്രഹ്മാസ്മി' എന്ന് അനുഭവമുണ്ടാകില്ല. ഉത്തമാധികാരികൾക്കേ വേണ്ടത്ര പ്രജ്ഞാശുദ്ധിയും നിശിത ബുദ്ധിയും ഉണ്ടാവൂ. അവർക്ക് ശ്രവണമാത്രത്തിൽ തന്നെ 'ഞാൻ ബ്രഹ്മമാകുന്നു' എന്ന അനുഭവമുണ്ടാകുന്നു. ബുദ്ധി അത്രത്തോളം സൂക്ഷ്മയാവാത്തവർക്കു ശ്രവണത്തിനും പുറമേ മറ്റു ചില അനുഷ്ഠാനങ്ങൾ കൂടി ചെയ്താൽ മാത്രമേ ബ്രഹ്മാനുഭൂതിയുണ്ടാവുകയുള്ളൂ.

സ്യാദഖണ്ഡാകാരവൃത്തിർവിനാ തു മനനാദിനാ
ശ്രവണാൽ മനനാൽ ധ്യാനാൽ താല്പർര്യേണ നിരന്തരം
ബുദ്ധേഃ സൂക്ഷ്മത്വമായാതിഃ തതോ വസ്തൂപലഭ്യതേ 809

പ്രജ്ഞാമാന്ദ്യമുള്ളവർക്കു ബ്രഹ്മതത്ത്വത്തെ വളരെ ശ്രദ്ധ യോടുകൂടി വീണ്ടും ശ്രവിക്കുക, മനനം ചെയ്യുക, ധ്യാനിക്കുക എന്നീ അനുഷ്ഠാനങ്ങൾ നിരന്തരം അഭ്യസിക്കുന്നതുകൊണ്ട് ബുദ്ധിയുടെ സ്ഥൂലതകുറഞ്ഞ് കുറഞ്ഞു അത്യന്തം സൂഷ്മത കൈവരികയും അങ്ങിനെ സൂക്ഷ്മയും ശുദ്ധയുമായ ബുദ്ധി കൊണ്ട് 'ഞാൻബ്രഹ്മമാകുന്നു' എന്ന അനുഭൂതിയുണ്ടായി ത്തീരുകയും ചെയ്യുന്നു. ശബ്ദാദി വിഷയങ്ങളുടെ ചേർച്ച കൊണ്ടാണു ബുദ്ധി സ്ഥൂലയായിതീരുന്നത്. വിഷയാതീതമായ ബ്രഹ്മത്തെപ്പറ്റിയുള്ള ശ്രവണമനനധ്യാനങ്ങളാൽ ബുദ്ധി സൂക്ഷ്മയായിത്തീരും. സൂക്ഷ്മബുദ്ധികൊണ്ട് മഹാവാക്യത്തി ന്റെ ലക്ഷ്യാർത്ഥമായ 'അഹം ബ്രഹ്മാസ്മി' എന്ന അഖണ്ഡാ കാരവൃത്തിയുണ്ടാവാനിടയായിത്തീരുന്നു. അതിനാൽ ഒരു

പ്രാവശ്യം ശ്രവിച്ചതുകൊണ്ട് അഖണ്ഡാകാരവൃത്തിയുണ്ടാവാത്തവർ അതിനുള്ള കാരണം തങ്ങളുടെ പ്രജ്ഞാമാന്ദ്യമാണെന്നു മനസ്സിലാക്കി പ്രജ്ഞാമാന്ദ്യം നീങ്ങാനായി വീണ്ടും വീണ്ടും ശ്രവണമനനധ്യാനങ്ങളെ അഭ്യസിക്കണം.

മന്ദപ്രജ്ഞാവതാം തസ്മാൽ കരണീയം പുനഃ പുനഃ
ശ്രവണം മനനം ധ്യാനം സമ്യഗ്വസ്തൂപലബ്ധയേ 810

മന്ദപ്രജ്ഞന്മാരായവർ വീണ്ടും വീണ്ടും നല്ലപോലെ ശ്രവണം, മനനം, ധ്യാനം എന്നിവയെ അഭ്യസിച്ചു പ്രജ്ഞയെ സൂക്ഷ്മയാക്കുകയും പ്രസ്തുത സൂക്ഷ്മപ്രജ്ഞകൊണ്ട് സദ്വസ്തുവായ ബ്രഹ്മത്തെ പ്രാപിക്കുകയും ചെയ്യണം.

സർവ്വവേദാന്തവാക്യാനാം ഷഡ്ഭിർല്ലിംഗൈഃ സദദ്വയേ
പരേ ബ്രഹ്മൈ താല്പര്യനിശ്ചയം ശ്രവണം വിദുഃ 811

ശ്രവണമെന്നു പറഞ്ഞാൽ എന്തെന്നു വിവരിക്കുന്നു. എല്ലാ വേദാന്തവാക്യങ്ങളുടെയും താല്പര്യം അദ്വിതീയവും സദ്വസ്തുവുമായ പരബ്രഹ്മമാണെന്നും അദ്വൈതബ്രഹ്മാനുഭൂതിയെയാണ് ശ്രുതി ഉൽബോധിപ്പിക്കുന്നത് എന്നും ആറു വിധ ലക്ഷണങ്ങളെകൊണ്ട് ബോദ്ധ്യപ്പെടുത്തലാണു ശ്രവണം. ഉപക്രമോപസംഹാരങ്ങൾ, അഭ്യാസം, ഫലം, അപൂർവത, അർത്ഥവാദം, ഉപപത്തി ഇവയാണു ആറു ലക്ഷണങ്ങൾ. ശ്രവിയ്ക്കുന്ന പ്രകരണത്തിലെ വിഷയം ആദ്യത്തിൽ പ്രതിപാദിക്കുന്നതു ഉപക്രമവും അവസാനത്തിൽ പ്രതിപാദിക്കുന്നതു ഉപസംഹാരവുമാണ്. ആദ്യത്തിലും അവസാനത്തിലും പ്രതിപാദിച്ച വസ്തുവിനെത്തന്നെ മദ്ധ്യത്തിലും വീണ്ടും വീണ്ടും ഉൽബോധിപ്പിക്കലാണു അഭ്യാസം. പ്രതിപാദ്യജ്ഞാനം കൊണ്ടുള്ള പ്രയോജനമാണു ഫലമെന്നു പറയുന്നത്. പ്രതിപാദിതമായ അദ്വൈതവും

അഖണ്ഡൈകരസവുമായ വസ്തുവിൽ പ്രത്യക്ഷാദിപ്രമാണങ്ങളൊന്നും ബാധകമല്ലെന്നതാണ് അപൂർവ്വതയെന്ന ലക്ഷണം കൊണ്ടുൽബോധിപ്പിക്കുന്നത്. പ്രതിപാദ്യവിഷയത്തെ പ്രശംസിക്കലാണ് അർത്ഥവാദം. പ്രതിപാദിതലക്ഷ്യപ്രാപ്തിയ്ക്ക് അവിടവിടെ പറയപ്പെടുന്ന യുക്തി ഉപപത്തിയുമാകുന്നു. ഇപ്രകാരം ആറുവിധ ലക്ഷണങ്ങളോടുകൂടി വേണം വേദാന്തവാക്യങ്ങളെ ശ്രവിപ്പാൻ.

ശ്രുതസ്യൈവാദ്വിതീയസ്യ വസ്തുനഃ പ്രത്യഗാത്മനഃ **812**

വേദാന്തവാക്യാനുഗുണയുക്തിഭിസ്ത്വനുചിന്തനം
മനനം തൽശ്രുതാർത്ഥസ്യ സാക്ഷാൽക്കരണകാരണം **813**

ശ്രവിയ്ക്കപ്പെട്ട അദ്വൈതവും അന്തര്യാമിയുമായ പരമാത്മതത്വത്തെ വേദാന്തവാക്യങ്ങൾക്കനുസരിച്ചു യുക്തികൊണ്ടു വീണ്ടും വീണ്ടും ചിന്തിക്കുന്നതാണ് മനനം. വേദാന്തതാല്പര്യത്തിനനുസൃതമായി ശ്രവിച്ച തത്വത്തെത്തന്നെ പിന്നെയും പിന്നെയും ചിന്തിക്കുന്നതുകൊണ്ടു മനസ്സ് ആത്മവസ്തുവിനോടു താദാത്മ്യം പ്രാപിക്കുകയും അങ്ങിനെ ആത്മസാക്ഷാൽക്കാരത്തിനു കാരണമായിത്തീരുകയും ചെയ്യുന്നു.

വിജാതീയ ശരീരാദി പ്രത്യയത്യാഗപൂർവ്വകം
സജാതീയാത്മവൃത്തീനാം പ്രവാഹകരണം യഥാ
തൈലാധാരാവദവച്ഛിന്നവൃത്ത്യാ തദ്ധ്യാനമിഷ്യതേ **814**

ശരീരം തുടങ്ങിയ വിജാതീയവൃത്തികളെ ത്യാഗം ചെയ്തുകൊണ്ട് 'ഞാൻ ആത്മാവാകുന്നു' എന്ന വൃത്തി തൈലധാരപോലെ എപ്പോഴും ഒഴുകികൊണ്ടിരിക്കുന്നുവെങ്കിൽ അതാണു ധ്യാനം. ധ്യാനം കൊണ്ടു അദ്വൈതവസ്തുവാണ് താനെന്ന അനുഭൂതിയുണ്ടാവും.

താവൽ കാലം പ്രയത്നേന കർത്തവ്യം ശ്രവണം സദാ
പ്രമാണസംശയോ യാവൽ സ്വബുദ്ധേർന നിവർത്തതേ 815

പ്രമാണമായ ശ്രുതിയുടെ ഉപദേശത്തെപ്പറ്റി സംശയമുള്ളട ത്തോളം കാലം ശ്രവണം അഭ്യസിക്കണം. ശ്രവണം കൊണ്ടു മാത്രമേ ആ സംശയം നിവർത്തിക്കുകയുള്ളൂ. അതിനാൽ തന്റെ ബുദ്ധിയിൽ നിന്നും ശ്രുതിവാക്യങ്ങൾ സത്യമാണോ എന്ന സംശയം നിവർത്തിക്കുന്നതുവരെ എപ്പോഴും വളരെ ബുദ്ധിമുട്ടി യിട്ടും വീണ്ടും വീണ്ടും ശ്രവണം അഭ്യസിക്കണം.

പ്രമേയസംശയോ യാവത്താവത്തു ശ്രുതിയുക്തിഭിഃ
ആത്മയാഥാർത്ഥ്യനിശ്ചിത്യൈ കർത്തവ്യം മനനം മുഹുഃ 816

പ്രമാണത്തിലുള്ള സംശയം തീർന്നാലും പ്രമേയത്തിലുള്ള സംശയം ബാക്കിയാവാം. 'തത്ത്വമസി' (നീ അതാകുന്നു) എന്ന ശ്രുതിവാക്യത്തിൽ വിശ്വസിക്കുന്നൊരാൾക്കും എങ്ങിനെയാണു ജീവനായ താൻ ബ്രഹ്മമാകുന്നതെന്നു സംശയം തോന്നാം. അതാണ് പ്രമേയസംശയം. ശ്രുതിവാക്യങ്ങൾക്കും, യുക്തിക്കു മനുസരിച്ചു ദൃഢമായി പിന്നെയും പിന്നെയും ചിന്തിക്കലാകുന്ന മനനം കൊണ്ട് പ്രമേയസംശയം തീരാനും ആത്മാവിന്റെ യഥാർത്ഥതത്വം മനസ്സിലാക്കാനും സാധിയ്ക്കും. അതിനാൽ പ്രമേയത്തിലുള്ള സംശയം തീരുന്നതുവരെ മനനം അഭ്യസി ക്കേണ്ടത് അത്യാവശ്യമാണ്.

വിപരീതാത്മധീർ യാവന്ന വിനശ്യതി ചേതസി
താവന്നിരന്തരം ധ്യാനം കർത്തവ്യം മോക്ഷമിച്ഛതാ 817

പ്രമാണ പ്രമേയസംശയങ്ങളകന്നാലും, അതായത് 'ഞാൻ ബ്രഹ്മമാകുന്നു' എന്ന് നിസ്സംശയസ്വരൂപേണ ബോധിക്കാൻ കഴിഞ്ഞാലും, പിന്നേയും 'ഞാൻ ശരീരമാണ്' എന്നിങ്ങനെ

യുള്ള വിപരീതഭാവങ്ങളുണ്ടാവും. ശരീരത്തേയും, ഇന്ദ്രിയങ്ങ ളേയും, മനസ്സിനേയും, ബുദ്ധിയേയും താനായി അഭിമാനിച്ച് അവയുടെ വൃത്തികൾ തന്റെ അനുഭവങ്ങളായി കരുതുന്നതു തന്നെ വിപരീതബുദ്ധി. അനാത്മവസ്തുക്കളിലുള്ള ആത്മബുദ്ധി നശിക്കുന്നതുവരെ മുമുക്ഷുവായൊരാൾ നിരന്തരധ്യാനത്തെ അനുഷ്ഠിക്കേണ്ടതാകുന്നു. 'അഹം ബ്രഹ്മാസ്മി' എന്ന വൃത്തി യെ തൈലാധാരപോലെ മുറിവില്ലാതെ പ്രവഹിപ്പിക്കലാകുന്ന ധ്യാനംകൊണ്ടു വിപരീതബുദ്ധി നശിക്കുകയും ബ്രഹ്മാനുഭൂതി തടസ്ഥമറ്റതായിത്തീരുകയും ചെയ്യും.

യാവന്ന തർക്കേണ നിരാസിതോസി
ദൃശ്യപ്രപഞ്ചസ്ത്വപരോക്ഷബോധാൽ
വിലീയതേ താവദമുഷ്യ ഭിക്ഷോർ
ധ്യാനാദിസമ്യക്കരണീയമേവ 818

ദൃശ്യപ്രപഞ്ചം പ്രതിഭാസമാത്രവും പരമാർത്ഥത്തിലില്ലാത്ത തുമാണെന്ന് തർക്കംകൊണ്ടും, യുക്തികൊണ്ടും ബോധിച്ചാൽ പോലും അതിന്റെ പ്രതീതിയുണ്ടായിക്കൊണ്ടിരിക്കും. മരു മരീചിക ഇല്ലാത്തതാണെന്നു ബോധിച്ചാലും അതിന്റെ പ്രതീതി പിന്നെയും ഉണ്ടാകുന്നുവല്ലോ. അപ്രകാരം ഇല്ലാത്തതാണെന്നു ബോധിച്ചാലും പിന്നേയും ഉള്ളതായിതോന്നിക്കൊണ്ടിരിക്കും പ്രപഞ്ചം. മനസ്സുള്ളേടത്തോളംകാലം ജഗൽപ്രതിഭാസം നില നില്ക്കും. അപരോക്ഷജ്ഞാനാനുഭൂതിയിൽ മനസ്സ് സമ്പൂർണമായി ലയിച്ചില്ലാതായിത്തീരുകയും, ദൃശ്യപ്രപഞ്ചം പിന്നീടുണ്ടാവാനിട വരാത്തവിധത്തിൽ ആത്മാവിലടങ്ങുകയും ചെയ്യുന്നതുവരെ നിഷ്ഠയോടുകൂടി ധ്യാനം അഭ്യസിക്കുകതന്നെ വേണം. അതു കൊണ്ടുമാത്രമേ അദ്വൈതതത്വാനുഭൂതി അബാധമായിത്തീരൂ.

40. സവികല്പ, നിർവ്വികല്പ സമാധികൾ

സവികൽപോ നിർവ്വികൽപ ഇതി ദ്വേധാ നിഗദ്യതേ
സമാധിഃ സവികൽപസ്യ ലക്ഷണം വച്മി തൽശൃണു 819

സമാധി സവികൽപമെന്നും നിർവികൽപമെന്നും രണ്ടു വിധത്തിലുണ്ട്. ആദ്യമായി സവികൽപസമാധിയുടെ ലക്ഷണ മെന്തെന്നു ഞാൻ വിസ്തരിച്ചു പറഞ്ഞുതരാം. ശ്രദ്ധിച്ചു കേൾക്കൂ.

ജ്ഞാത്രാദ്യവിലയേ നൈവ ജ്ഞേയേ ബ്രഹ്മണി കേവലേ
തദാകാരാകാരിതയാ ചിത്തവൃത്തേരവസ്ഥിതിഃ 820

സദ്ഭിഃ സ ഏവ വിജ്ഞേയഃ സമാധിഃ സവികൽപകഃ

അറിയുന്നവൻ, അറിയപ്പെടുന്ന വസ്തു, അറിയൽ എന്നീ ത്രിപുടി ലയിക്കാതെ ജ്ഞേയവസ്തുവും നിരുപാധികവുമായ ബ്രഹ്മത്തെ അറിഞ്ഞ് ബ്രഹ്മാകാരവൃത്തിയോടുകൂടിയ ചിത്ത ത്തിന്റെ നിലയെയാണ് സജ്ജനങ്ങൾ സവികൽപസമാധിയെന്നു പറയുന്നത്. സവികൽപസമാധിയിൽ ജീവനു 'ഞാൻ ബ്രഹ്മമാ കുന്നു' എന്ന ചിത്തവൃത്തി മുറിവില്ലാതെ ഉണ്ടായിക്കൊണ്ടി രിക്കും. ത്രിപുടി നശിക്കാത്തതിനാൽ ഈ സമാധി സവികൽപ മാകുന്നു.

മൃദ ഏവാവഭാനേƒപി മൃണ്മയദ്വിപഭാനവൽ 821

സന്മാത്രവസ്തുഭാനേƒപി ത്രിപുടീഭാതി സന്മയീ
സമാധിരത ഏവായം സവികൽപ ഇതീര്യതേ 822

മണ്ണുകൊണ്ടുണ്ടാക്കിയ ആനയെ മണ്ണാണെന്നറിഞ്ഞതിനു ശേഷവും ആനയുടെ ആകൃതിതോന്നികൊണ്ടിരിക്കുമല്ലോ. അതുപോലെത്തന്നെ ജഗത്തിന്റെ മൂലസത്തയും സന്മാത്രവസ്തു

വുമായ ബ്രഹ്മത്തെ അറിഞ്ഞുകഴിഞ്ഞതിനുശേഷവും ജ്ഞാതാവ്, ജ്ഞേയം, ജ്ഞാനം എന്നീരൂപത്തിലുള്ള ത്രിപൂടി തോന്നിക്കൊണ്ടിരിക്കും. മണ്ണിൽ കൽപിക്കപ്പെട്ട ആനയെപ്പോലെ സത്യവസ്തുവിലെ പ്രതിഭാസം മാത്രമാണ് ത്രിപുടി. ത്രിപുടി സത്യമെന്നപോലെ തോന്നിക്കൊണ്ടിരിക്കുന്നതുകൊണ്ടാണ് ഈ സമാധിയെ സവികൽപമെന്ന് പറയുന്നത്.

ജ്ഞാത്രാദിഭാവമുത്സൃജ്യ ജ്ഞേയമാത്രസ്ഥിതിർദൃഢാ
മനസോ നിർവ്വികൽപഃ സ്യാൽ സമാധിർയോഗസം 823

ജ്ഞാതാവ് തുടങ്ങിയ ഭാവങ്ങളെല്ലാംവിട്ട് ജ്ഞേയവസ്തുവായ ബ്രഹ്മത്തോട് താദാത്മ്യം പ്രാപിച്ച് ബ്രഹ്മമായിത്തന്നെയുള്ള മനസ്സിന്റെ നിലയേയാണ് നിർവികൽപസമാധിയെന്ന് പറയുന്നത്. മനസ്സിന്റെ ബ്രഹ്മത്തോടുകൂടിച്ചേർന്നുള്ള ഏകീഭാവത്തെ (നിർവ്വികൽപസമാധിയെ)ത്തന്നെയാണ് യോഗമെന്നു പറയുന്നത്.

ജലേ നിക്ഷിപ്തലവണം ജലമാത്രതയാ സ്ഥിതം
പൃഥക് ന ഭാതി കിം ത്വംഭ ഏകമേവാവഭാസതേ 824

മനസ്സ് ബ്രഹ്മത്തിൽ ലയിച്ചേകീഭവിക്കുന്നതിനെ ഒരുദാഹരണം കൊണ്ടു ബോധിപ്പിക്കുന്നു. വെള്ളത്തിൽ കുറച്ച് ഉപ്പിട്ടാൽ ഉപ്പലിഞ്ഞുചേർന്നു വെള്ളത്തോടേകീഭവിക്കുന്നു. വെള്ളത്തിലലിഞ്ഞു ചേർന്നുകഴിഞ്ഞാൽ ഉപ്പു വേറെ വെള്ളം വേറെ എന്നീ രൂപത്തിൽ രണ്ടായി നില്ക്കുന്നില്ല. വെള്ളം മാത്രമായിനില്ക്കുന്നു.

യഥാ തഥൈവ സാ വൃത്തിർ ബ്രഹ്മമാത്രതയാ സ്ഥിതാ
പൃഥങ് ന ഭാതി ബ്രഹ്മൈവാദ്വിതീയമവഭാസതേ 825

അതുപോലെ മനസ്സിന്റെ ബ്രഹ്മാകാരവൃത്തി ബ്രഹ്മമാത്രമായി നില്ക്കുന്നു. വെള്ളത്തിലിട്ട ഉപ്പ് അലിഞ്ഞുചേർന്നു വെള്ളത്തോടേകീഭവിക്കുന്നതുപോലെ, നിരന്തര ബ്രഹ്മദ്ധ്യാനംകൊണ്ട് വേണ്ടത്ര പാകത വന്ന മനസ്സ് ബ്രഹ്മത്തോടേകീഭവിച്ച് ഒന്നായിത്തീരുന്നു. ബ്രഹ്മത്തിൽനിന്നു വേറിട്ട് നിലനിൽപുതന്നെയില്ലാതായിത്തീരുന്നു മനസ്സിന്.

ജ്ഞാത്രാദികൽപനാഭാവാന്മതോ*ƒ*യം നിർവികൽപകഃ
വൃത്തേഃ സത്ഭാവബാധാഭ്യാമുഭയോർഭേദ ഇഷ്യതേ 826

ജ്ഞാതാവ്, ജ്ഞേയം, ജ്ഞാനം എന്നീ രൂപത്തിലുള്ള ത്രിപുടിയില്ലാത്തതിനാൽ ഈ സമാധിയെ നിർവ്വികൽപമെന്നു പറയാം. ത്രിപുടിഭാവമാകുന്ന വൃത്തിയുള്ളപ്പോൾ സവികൽപമെന്നും, യാതൊരുവിധ വൃത്തിയുമില്ലാതെ കേവലം ബ്രഹ്മത്തോടേകീഭവിച്ചിരിക്കുമ്പോൾ നിർവ്വികൽപമെന്നും പറയപ്പെടുന്നു.

41. സമാധിലക്ഷണം

സമാധിസുപ്ത്യോർജ്ഞാനം ചാജ്ഞാനം സുപ്ത്യാത്ര നേഷ്യതേ
സവികല്പോ നിർവ്വികല്പഃ സമാധിർദ്വാവിമൗ ഹൃദി
മുമുക്ഷോർയത്നതഃ കാര്യൗ വിപരീതനിവൃത്തിയേ 827

സവികല്പസമാധിയിൽ ജ്ഞാനവും സുഷുപ്തിയിൽ അജ്ഞാനവും അനുഭവപ്പെടുന്നു. എന്നാൽ പ്രസ്തുത രണ്ടനുഭവങ്ങളും നിർവ്വികല്പസമാധിയിലില്ല. മനസ്സു ബ്രഹ്മത്തോടേകീഭവിച്ചതിനാൽ വൃത്തികളൊന്നുമില്ലാതെ ബ്രഹ്മമാത്രസ്ഥിതിയാണല്ലോ നിർവികല്പസമാധി. ആദ്യത്തിൽ സവികല്പമായനുഭവപ്പെടുന്ന സമാധിയാണ് കാലംകൊണ്ട് നിർവ്വികല്പസമാധിയായിത്തീരുന്നത്. ഒരു മുമുക്ഷു വളരെ പ്രയത്നിച്ചും അഭ്യസിക്കേ

ണ്ടതാണ് സവികല്പവും നിർവ്വികല്പവുമായ സമാധികൾ. നിർവ്വികല്പസമാധികൊണ്ടു മാത്രമേ അനാത്മവസ്തുക്കളിൽ ആത്മബുദ്ധിയാകുന്ന വിപരീതഭാവന നീങ്ങുകയുള്ളു. അതിനാൽ സാധകൻ എപ്പോഴും തന്റെ ഹൃദയത്തിൽ ഈ രണ്ടുവിധ സമാധികളേയും അഭ്യസിച്ചുകൊണ്ടിരിക്കണം.

കൃതേ*ƒ*സ്മിൻ വിപരീതായാ ഭാവനായാ നിവർത്തനം
ജ്ഞാനസ്യാപ്രതിബദ്ധത്വം സദാനന്ദശ്ച സിദ്ധ്യതി. 828

കുറേകാലം തുടർച്ചയായി സവികല്പനിർവ്വികല്പസമാധികളെ അഭ്യസിക്കുന്നതുകൊണ്ട് ശരീരാദികളാണ് താനെന്ന വിപരീത ഭാവന നീങ്ങുന്നു. പിന്നീട് ജ്ഞാനത്തിന്ന് യാതൊരു തടസ്ഥവും സംഭവിക്കുന്നില്ല. മുറിവില്ലാത്ത ജ്ഞാനവും നിരന്തരം ആനന്ദാനുഭൂതിയും അനുഭവപ്പെട്ടുകൊണ്ടിരിക്കും വിപരീത ഭാവനകളകന്നാൽ,

ദൃശ്യാനുവിദ്ധഃ ശബ്ദാനുവിദ്ധശ്ചേതി ദ്വിധാ മതഃ
സവികല്പസ്തയോർത്തല്ലക്ഷണം വച്മി തൽ ശൃണു 829

ദൃശ്യാനുവിദ്ധമെന്നും ശബ്ദാനുവിദ്ധമെന്നും സവികല്പസമാധി രണ്ടു വിധത്തിലുണ്ട്. അവയുടെ ലക്ഷണം പറഞ്ഞുതരാം. ശ്രദ്ധിച്ചു കേൾക്കൂ.

കാമാദിപ്രത്യയൈർദൃശ്യൈഃ സംസർഗ്ഗോ യത്ര ദൃശ്യതേ
സോ*ƒ*യം ദൃശ്യാനുവിദ്ധഃ സ്യാൽ സമാധിസവികല്പകഃ 830

ദൃശ്യവസ്തുക്കളുടെ പ്രതീതിയും ആഗ്രഹവും സമാധിയിൽ അനുഭവപ്പെടുന്നുവെങ്കിൽ അതിനെ ദൃശ്യാനുവിദ്ധസവികല്പ സമാധിയെന്നു പറയുന്നു. ദൃശ്യങ്ങളുടെ പ്രതിഭാസമുണ്ടാവുമ്പോഴും എന്തിലെങ്കിലും അല്പമായിട്ടെങ്കിലും ആഗ്രഹമങ്കുരിക്കു

മ്പോഴും സമാധിക്ക് ഭംഗം വരുന്നതിനാലാണ് ദൃശ്യാനുവിദ്ധ സമാധിയെന്ന് പറയപ്പെടുന്നതു.

അഹംമമേദമിത്യാദി കാമക്രോധാദിവൃത്തയഃ
ദൃശ്യന്തേ യേന സംദൃഷ്ടാ ദൃശ്യാഃ സ്യുരഹമാദയഃ 831

കാമാദിസർവ്വവൃത്തീനാം ദ്രഷ്ടാരമവികാരിണം
സാക്ഷിണം സ്വം വിജാനീയാൽ യസ്താഃ പശ്യതി നിഷ്ക്രിയഃ 832

ശരീരത്തെ ഞാനെന്നും ശരീരത്തിന്റേതായ ഭാര്യാപുത്ര ഗൃഹാദികളെ തന്റേതെന്നും അഭിമാനിക്കുകയും അഭിമാനത്തിൽ നിന്നു അനുകൂലവിഷയത്തിൽ ആഗ്രഹവും പ്രതികൂലവിഷയ ത്തിൽ ക്രോധവുമാകുന്ന വൃത്തികളുണ്ടാവുകയും ചെയ്യുന്നു. ഞാൻ എന്നും എന്റേതെന്നുമുള്ള ഭാവങ്ങളേയും കാമ ക്രോധാദികളായ എല്ലാ വൃത്തികളേയും സാക്ഷിരൂപേണ അറിയുന്നവനും, യാതൊരു വികാരവുമില്ലാത്തവനും, സ്വയം യാതൊരു കർമ്മവുമില്ലാതെ അഹങ്കാരം, ബുദ്ധി, മനസ്സ്, ഇന്ദ്രിയങ്ങൾ, ശരീരം എന്നിവയുടെ വ്യവഹാരങ്ങളെ കണ്ടു കൊണ്ടിരിക്കുന്നവനുമാണ് താനെന്നു ബോധിക്കണം. ദൃശ്യാനു വിദ്ധസമാധിയിൽ ദൃശ്യങ്ങളെക്കൊണ്ടാണല്ലോ സമാധിക്കു ഭംഗ മുണ്ടാകുന്നത്. ദൃശ്യങ്ങളകന്നാൽ മാത്രമേ സമാധി നിർബാധ മായിത്തീരുകയുള്ളൂ. ദൃഷ്യങ്ങളുടെയെല്ലാം അവികാരിയായ ദ്രഷ്ടാവും സാക്ഷിയുമാണ് താനെന്നു ബോധിക്കുന്നത് ദൃശ്യ ങ്ങളെ അകറ്റാനുള്ള ഒരനുഷ്ഠാനമാണ്.

കാമാദീനാമഹം സാക്ഷീ ദൃശ്യന്തേ തേ മയാ തതഃ
ഇതി സാക്ഷിതയാത്മാനം ജാനാത്യാത്മനി സാക്ഷിണം 833

ദൃശ്യം കാമാദിസകലം സ്വാത്മന്യേവ വിലാപയേൽ. 834

എന്നിൽ അപ്പപ്പോളുണ്ടാവുന്ന കാമാദി എല്ലാ പ്രവൃത്തികളേയും ഞാൻ അറിയുന്നു. അതിനാൽ അവയുടെ സാക്ഷിയാണ് ഞാൻ എന്നിങ്ങനെ സകലദൃശ്യങ്ങളുടേയും സാക്ഷിയായ ആത്മാവാണ് താനെന്ന് ബോധിക്കണം. ആത്മാവിൽ വാസനാശക്തിയാൽ വികസിക്കുന്നവയാണ് കാമാദി വൃത്തികളെന്നറിഞ്ഞു അവയെയെല്ലാം ആത്മാവിൽതന്നെ ലയിപ്പിക്കണം. ദൃശ്യങ്ങളെ ആത്മാവിൽ ലയിപ്പിക്കാനുള്ള അനുഷ്ഠാനസമ്പ്രദായത്തെ അടുത്ത ശ്ലോകം മുതൽ വിവരിക്കുന്നു.

നാഹം ദേഹോ നാപ്യസുർനാക്ഷവർഗ്ഗോ
നാഹംകാരോ നോ മനോ നാപി ബുദ്ധിഃ
അന്തസ്തേഷാം ചാപി തദ്വിക്രിയാണാം
സാക്ഷീ നിത്യഃ പ്രത്യഗേവാഹമസ്മി. 835

ഞാൻ ദേഹമോ, പ്രാണങ്ങളോ, ഇന്ദ്രിയങ്ങളോ, അഹംകാരമോ, മനസ്സോ, ബുദ്ധിയോ അല്ല. അവയെക്കാളെല്ലാം സൂക്ഷ്മമായി അവയുടെ വികാരങ്ങൾക്കെല്ലാം സാക്ഷിയായി വിളങ്ങുന്നവനും നിത്യനും അന്തര്യാമിയുമായ ആത്മാവാണ് ഞാൻ. ഇപ്രകാരമുള്ള തത്വവിചാരംകൊണ്ട് ദൃശ്യങ്ങൾ ആത്മാവിലടങ്ങും.

വാചഃ സാക്ഷീ പ്രാണവൃത്തേശ്ച സാക്ഷീ
ബുദ്ധേഃ സാക്ഷീ ബുദ്ധിവൃത്തേശ്ച സാക്ഷീ
ചക്ഷുഃ ശ്രോത്രാദീന്ദ്രിയാണാം ച സാക്ഷീ
സാക്ഷീ നിത്യഃ പ്രത്യഗേവാഹമസ്മി. 836

വാക്കിന്റേയും പ്രാണവൃത്തികളുടേയും സാക്ഷിയാണ് ഞാൻ. ബുദ്ധിയുടേയും; ബുദ്ധിവൃത്തികളാകുന്ന അവസ്ഥാത്രയ

ങ്ങളുടേയും സാക്ഷിയും ഞാൻ തന്നെ. കണ്ണ്, കാത് എന്നീ ഇന്ദ്രിയങ്ങളുടെ സാക്ഷിയായി വിളങ്ങുന്നവനും എല്ലാറ്റിന്റേയും സാക്ഷിയും നിത്യനും അന്തര്യാമിയുമായ ആത്മാവാണ് ഞാൻ.

നാഹം സ്ഥൂലോ നാപി സൂക്ഷ്മോ ന ദീർഘോ
നാഹം ബാലോ നോ യുവാ നാപി വൃദ്ധഃ
നാഹം കാണോ നാപി മൂകോ ന ഷണ്ഡഃ
സാക്ഷീ നിത്യഃ പ്രത്യഗേവാഹമസ്മി. 837

ഞാൻ തടിച്ചവനോ, മെലിഞ്ഞവനോ, ഉയരമുള്ളവനോ, ബാലനോ, യുവാവോ, വൃദ്ധനോ അല്ല. ഇവയെല്ലാം ദേഹ ധർമ്മങ്ങളാണ്. ഞാൻ അന്ധനോ, മൂകനോ, ഷണ്ഡനോ അല്ല. ഇവയെല്ലാം ഇന്ദ്രിയധർമ്മങ്ങളാണ്. ശരീരധർമ്മങ്ങൾക്കും ഇന്ദ്രിയധർമ്മങ്ങൾക്കും സാക്ഷിയും നിത്യനും അന്തര്യാമിയുമായ ആത്മാവാണ് ഞാൻ.

നാസ്മ്യാഗന്താ നാപി ഗന്താ ന ഹന്താ
നാഹം കർത്താ ന പ്രയോക്തോ ന വക്താ
നാഹം ഭോക്താ നോ സുഖീ നൈവ ദുഃഖീ
സാക്ഷീ നിത്യഃ പ്രത്യഗേവാഹമസ്മി. 838

ഞാൻ വരുന്നവനോ പോകുന്നവനോ അല്ല. ഞാൻ ആരേയും കൊല്ലുന്നില്ല. ഞാനൊന്നും പ്രവർത്തിക്കുന്നില്ല. ആരേയും ഒന്നിനും പ്രേരിപ്പിക്കുന്നുമില്ല. ഞാനോന്നും പറയുന്നവനല്ല. യാതൊരനുഭവങ്ങളുടേയും ഭോക്താവുമല്ല ഞാൻ. ഞാൻ സുഖിയുമല്ല. ദുഃഖിയുമല്ല. ഇവയ്ക്കെല്ലാം സാക്ഷിയും നിത്യനും അന്തര്യാമിയുമായ ആത്മാവാണ് ഞാൻ.

നാഹം യോഗീ നോ വിയോഗീ നാ രാഗീ
നാഹം ക്രോധീ നൈവ കാമീ ന ലോഭീ

നാഹം ബദ്ധോ നാപി യുക്തോ ന മുക്തഃ
സാക്ഷീ നിത്യഃ പ്രത്യഗേവാഹമസ്മി **839**

ഞാൻ യോഗിയോ, വിയുക്തനോ അല്ല. യോഗവും വിയോഗവും ചിത്തത്തിനാണ്; ആത്മാവായ എനിയ്ക്കല്ല. ഞാൻ രാഗിയോ, ക്രോധിയോ, കാമിയോ, ലോഭിയോ അല്ല. രാഗം, ക്രോധം, കാമം, ലോഭം എന്നിവ ചിത്തവൃത്തികളാണ്. അവയുടെ സാക്ഷിയായ എനിക്ക് രാഗാദിവൃത്തികളൊന്നും തന്നെയില്ല. ഞാൻ ബദ്ധനോ മുക്തനോ അല്ല. ബന്ധവും മുക്തിയും ജീവനുള്ളവയാണ്. എല്ലാറ്റിനും സാക്ഷിയും, നിത്യനും, അന്തര്യാമിയുമായ ആത്മാവാണ് ഞാൻ. അതിനാൽ ഇവയൊന്നും എനിക്കുള്ളവയല്ല.

നാന്തഃപ്രജ്ഞോ നോ ബഹിഃപ്രജ്ഞകോ വാ
നൈവ പ്രജ്ഞോ നാപി ചാപ്രജ്ഞ ഏഷഃ
നാഹം ശ്രോതാ നാപി മന്താ ന ബോദ്ധാ
സാക്ഷീ നിത്യഃ പ്രത്യഗേവാഹമസ്മി **840**

എനിക്ക് സുഷുപ്ത്യവസ്ഥയില്ലാത്തതിനാൽ ഞാൻ അന്തഃ പ്രജ്ഞനല്ല. പ്രജ്ഞ ഹൃദയത്തിലടങ്ങുമ്പോഴാണല്ലോ സുഷുപ്തിയനുഭവപ്പെടുന്നത്. പ്രജ്ഞ പുറമേയുള്ള ശബ്ദാദി വിഷയങ്ങളിൽ വ്യാപരിക്കുമ്പോൾ ജാഗ്രത്തുമുണ്ടാവുന്നു. എനിക്ക് പ്രജ്ഞ ഉള്ളിലടങ്ങാത്തതിനാൽ സുഷുപ്തിയും പുറമേ വ്യാപരിക്കാത്തതിനാൽ ജാഗ്രത്തുമില്ല. അതിനാൽ ഞാൻ അന്തഃപ്രജ്ഞനോ ബഹിഃപ്രജ്ഞനോ അല്ല. പ്രജ്ഞ യോടു കൂടിയവനെന്നോ പ്രജ്ഞയില്ലാത്തവനെന്നോ എന്നെ പറയാൻ വയ്യ. ഞാനൊന്നിനേയും കേൾക്കുകയോ വിചാരിക്കു കയോ, അറിയുകയോ ചെയ്യുന്നില്ല. അവസ്ഥത്രയങ്ങളുടേയും,

കേൾക്കൽ, വിചാരിക്കൽ, അറിയൽ എന്നീ വൃത്തികളുടേയും സാക്ഷിയും നിത്യനും അന്തര്യാമിയുമായ ആത്മാവാണ് ഞാൻ.

നമേƒസ്തി ദേഹേന്ദ്രിയബുദ്ധിയോഗോ
ന പുണ്യലേശോƒപി ന പാപലേശഃ
ക്ഷുധാപിപാസാദി ഷഡൂർമ്മിദൂരഃ
സദാ വിമുക്തോƒസ്മി ചിദേവ കേവലഃ 841

ദേഹം, ഇന്ദ്രിയങ്ങൾ, ബുദ്ധി എന്നിവയോടുള്ള ചേർച്ച എനിക്കൊരിക്കലും ഉണ്ടായിട്ടില്ല. പുണ്യത്തിന്റേയോ പാപത്തിന്റേയോ ഒരു കണിക പോലും എനിക്കില്ല. വിശപ്പ്, ദാഹം, വാർദ്ധക്യം, മരണം, ശോകം, മോഹം എന്നീ ഷഡൂർമ്മികളും എനിക്കില്ല. എപ്പോഴും മുക്തനും, നിരുപാധികമായ ജ്ഞാന സ്വരൂപനാണ് ഞാൻ.

അപാണി പാദോഹമവാഗചക്ഷുഷീ
അപ്രാണ ഏവാസ്മ്യമനാ ഹ്യബുദ്ധിഃ
വ്യോമേവ പൂർണ്ണോƒസ്മി വിനിർമ്മലോƒസ്മി
സദൈകരൂപോƒസ്മി ചിദേവ കേവലഃ 842

എനിക്ക് കൈ, കാൽ, വാക്ക്, കണ്ണ് എന്നീ ഇന്ദ്രിയങ്ങളൊന്നുംതന്നെയില്ല. പ്രാണനോ, മനസ്സോ, ബുദ്ധിയോ ഇല്ല. ആകാശംപോലെ സർവ്വത്ര നിറഞ്ഞവനും അത്യന്തശുദ്ധനുമാണ് ഞാൻ. എപ്പോഴും മാറ്റമില്ലാതെ ഒരേ സ്വരൂപത്തിൽ വിളങ്ങിക്കൊണ്ടിരിക്കുന്ന നിരുപാധിക ജ്ഞാനസ്വരൂപനാണ് ഞാൻ.

ഇതിസ്വമാത്മാനമേവക്ഷമാണഃ
പ്രതീതദൃശ്യം പ്രവിലാപയൻ സദാ
ജഹാതി വിദ്വാൻ വിപരീതഭാവം

സ്വാഭാവികം ഭ്രാന്തിവശാൽ പ്രതീതം. 843

ഇങ്ങിനെ എപ്പോഴും സാക്ഷിസ്വരൂപനായ ആത്മാവാണ് താനെന്നോർമ്മിച്ചുകൊണ്ടും തന്നിൽ പ്രതിഭാസിക്കുന്ന ദൃശ്യങ്ങളെ തന്നിൽതന്നെ ലയിപ്പിച്ചുകൊണ്ടും കുറേക്കാലം അനുഷ്ഠാനം നടത്തുന്ന വിവേകി, ഭ്രമംകൊണ്ടുവന്നുചേർന്നതും ശരീരാദികളിൽ 'ഞാൻ' എന്ന രൂപത്തിൽ സ്ഥിതിചെയ്യുന്നതുമായ വിപരീതഭാവത്തെ ഉപേക്ഷിക്കുകയും തന്റെ സ്വാഭാവികമായ ആത്മസ്വരൂപത്തിൽ സ്ഥിതിചെയ്യുകയും ചെയ്യുന്നു. വിപരീതഭാവം പൂർണമായി നീങ്ങി സ്വാഭാവികരൂപം മാത്രമായിത്തീരുന്നതുവരെ ദൃശ്യങ്ങളെ ലയിപ്പിക്കലാകുന്ന അഭ്യാസം തുടർന്നുകൊണ്ടിരിക്കണം.

വിപരീതാത്മതാസ്ഫൂർത്തിരേവമുക്തിരിതീര്യതേ
സദാസമാഹിതസ്യൈവ സൈഷാ സിദ്ധ്യതി നാന്യഥാ 844

അനാത്മവസ്തുക്കളുടെ സ്ഫുരണംപോലുമില്ലാതാവലിനെയാണ് മുക്തിയെന്ന് പറയുന്നത്. ആത്മാവ് മറയപ്പെടുമ്പോഴാണല്ലോ അനാത്മവസ്തുക്കളുടെ സ്ഫുരണമുണ്ടാവുന്നത്. ആത്മനിഷ്ഠയുടെ ദൃഢതകൊണ്ട് എല്ലാ ദൃശ്യങ്ങളേയും ആത്മാവിൽ ലയിപ്പിച്ച് അവയെ പിന്നീട് പൊന്താനിടവരാതെ സൂക്ഷിച്ചാൽ മുക്തനാവാം. എപ്പോഴും സമാധി അഭ്യസിച്ചുകൊണ്ടിരിക്കുന്നൊരാൾക്കു മാത്രമേ ദൃശ്യങ്ങൾ പിന്നീടുണ്ടാവാത്ത വിധത്തിൽ ആത്മാവിൽ ലയിപ്പിച്ച് കേവലം ആത്മസ്വരൂപനായിരിക്കാൻ കഴിയൂ. അതിനാൽ മുമുക്ഷുക്കൾ എപ്പോഴും സമാധിയെ അഭ്യസിച്ചുകൊണ്ടിരിക്കണം.

ന വേഷഭാഷാദിരമുഷ്യ മുക്തിർ
യാ കേവലാഖണ്ഡ ചിദാത്മനാ സ്ഥിതിഃ

തൽസിദ്ധയേ സ്വാത്മനി സർവ്വദാ സ്ഥിതോ
ജഹ്യാദഹന്താം മമതാമുപാധൗ 845

നിരുപാധികവും, അപരിഛിന്നവും, ജ്ഞാനസ്വരൂപവുമായ ആത്മാവായി സ്ഥിതിചെയ്യലാണ് മുക്തി. അല്ലാതെ വേഷമോ ഭാഷയോ മുക്തിക്ക് കാരണമാവുന്നില്ല. പുറമേയുള്ള വേഷവും സംസാരിക്കുന്ന ഭാഷയുമൊന്നുമല്ല മുക്തിയുടെ ലക്ഷണം; ആത്മനിഷ്ഠയാണ്. ആത്മനിഷ്ഠക്ക് തടസ്ഥമായി നില്ക്കുന്നത് ശരീരേന്ദ്രിയമനോബുദ്ധികളാകുന്ന ഉപാധികളിൽ ഞാനെന്നും എന്റേതെന്നുമുള്ള തോന്നലാകുന്ന അഹന്താമമതകളാണ്. അഹന്താമമതകളകന്നാൽ മാത്രമേ മുക്തനാവാൻ കഴിയൂ. അതിനാൽ ആത്മാവാണ് താനെന്ന ബോധത്തിലുറച്ചുനിന്നു കൊണ്ട് ഉപാധികളിലുള്ള അഹന്താമമതകളെ അകറ്റാൻ ശ്രമിച്ചുകൊണ്ടിരിക്കണം.

സ്വാത്മത്വം സമാലംബ്യ കുര്യാൽ പ്രകൃതിനാശനം
തേനൈവ മുക്തോ ഭവതി നാന്യഥാ കർമ്മകോടിഭിഃ 846

ആത്മതത്വത്തെ അവലംബിച്ചു പ്രകൃതിയെ നശിപ്പിക്കണം. അതായത് ഞാൻ ആത്മാവാണെന്ന ദൃഢബോധത്തിലുറച്ചിരുന്നുകൊണ്ട് ബുദ്ധിവൃത്തികളെ തന്നിൽത്തന്നെ ലയിപ്പിക്കണം. ഈ അനുഷ്ഠാനംകൊണ്ട് മുക്തനായിത്തീരുന്നു. ഈ വിധത്തിലല്ലാതെ അനേകം കർമ്മങ്ങൾ ചെയ്തുകൊണ്ടൊന്നും മുക്തനാവില്ല.

ജ്ഞാത്വാ ദേവം സർവ്വപാശപ്രഹാനിഃ
ക്ഷീണൈഃ ക്ലേശൈർജ്ജന്മമൃത്യുപ്രഹാനിഃ
ഇത്യേവൈഷാ വൈദികീ വാക് ബ്രവീതി
ക്ലേശക്ഷത്യാം ജന്മമൃത്യുപ്രഹാനിം 847

ആത്മസ്വരൂപിയായ ദേവനെ അറിയുന്നതോടെ എല്ലാ ബന്ധങ്ങളും നശിക്കുന്നു. അവിദ്യാ, അസ്മിത, രാഗം, ദ്വേഷം, അഭിനിവേശം എന്നീ ക്ലേശങ്ങൾ നശിച്ചാൽ ജനനമരണ സ്വരൂപമായ സംസാരത്തിൽനിന്നുതന്നെ മുക്തനായിത്തീരാമെന്നാണ് ശ്രുതി പറയുന്നത്. ശ്ലോകത്തിന്റെ പൂർവ്വാർദ്ധം ശ്വേതാശ്വതരോപനിഷത്തിലെ മന്ത്രമാണത്.

ഭൂയോ ജന്മാദ്യപ്രസക്തിർവിമുക്തിഃ
ക്ലേശക്ഷത്യാം ഭാതി ജന്മാദ്യഭാവഃ
ക്ലേശക്ഷത്യാ ഹേതുരാത്മൈകനിഷ്ഠാ
തസ്മാൽ കാര്യാ ഹ്യാത്മനിഷ്ഠാ മുമുക്ഷോഃ 848

വീണ്ടും ജനനത്തിന്റെ ആവശ്യമില്ലാതായിത്തീരലാണ് മോക്ഷം. അവിദ്യ തുടങ്ങിയ ക്ലേശങ്ങളില്ലാതായാൽപ്പിന്നെ ജനിക്കേണ്ട ആവശ്യമില്ല. ക്ലേശങ്ങൾ നശിക്കാനുള്ള ഒരേ ഒരനുഷ്ഠാനം ആത്മനിഷ്ഠമാത്രമാണ്. അതിനാൽ മുമുക്ഷുക്കൾ അവശ്യം ആത്മനിഷ്ഠയെ അഭ്യസിക്കണം.

ക്ലേശാഃ സ്യുർവാസനാ ഏവ ജന്തോർജന്മാദികാരണം
ജ്ഞാനനിഷ്ഠാഗ്നിനാ ദാഹേ താസാം നോജന്മഹേതുതാ 849

ക്ലേശങ്ങൾ ജീവന്റെ പുനർജ്ജന്മത്തിനു കാരണമായ വാസനകളാണ്. വാസനകളെ ജ്ഞാനനിഷ്ഠയാകുന്ന അഗ്നിയിൽ ദഹിപ്പിക്കണം. എന്നാൽ പിന്നെ പുനർജ്ജന്മത്തിന്റെ കാരണം തന്നെ നശിച്ചതിനാൽ വീണ്ടും ജനിക്കേണ്ടിവരില്ല.

ബീജാന്യഗ്നിപ്രദഗ്ദ്ധാനി ന രോഹന്തി യഥാ പുനഃ
ജ്ഞാനദഗ്ദ്ധൈസ്തഥാ ക്ലേശൈർനാത്മാ സംപദ്യതേ പുനഃ 850

അഗ്നിയിൽ ദഹിച്ച വിത്തുക്കൾ വീണ്ടും മുളക്കാത്തതു പോലെ ജ്ഞാനാഗ്നിയിൽ ദഹിച്ച വാസനകൾ ജീവന്റെ പുനർജ്ജന്മത്തിനു കാരണമാവുന്നില്ല.

തസ്മാന്മുമുക്ഷോഃ കർത്തവ്യാ ജ്ഞാനനിഷ്ഠാ പ്രയത്നതഃ
നിശ്ശേഷവാസനാക്ഷയ്യൈ വിപരീതനിവൃത്തയേ 851

അതിനാൽ മുമുക്ഷുവായ സാധകൻ എല്ലാ വാസനകളും നശിക്കാനും അനാത്മവസ്തുക്കളിൽ ആത്മബുദ്ധിയാകുന്ന വിപരീത ഭാവം നീങ്ങാനും ജ്ഞാനനിഷ്ഠയെ അബ്യസിക്കണം.

ജ്ഞാനനിഷ്ഠാ തല്പരസ്യ നൈവകർമ്മോപയുജ്യതേ
കർമ്മണോ ജ്ഞാനനിഷ്ഠായാ നസിദ്ധ്യതി സഹസ്ഥിതിഃ 852

ജ്ഞാനനിഷ്ഠയിൽ താല്പര്യത്തോടുകൂടി അഭ്യാസം നടത്തുന്ന സാധകന് കർമ്മം ചെയ്യേണ്ടുന്ന ആവശ്യമില്ല. കർമ്മവും ജ്ഞാനനിഷ്ഠയും ഒന്നിച്ചഭ്യസ്സിക്കാൻ കഴിയില്ല. അതിനാൽ ജ്ഞാനനിഷ്ഠൻ കർമ്മങ്ങളെയെല്ലാം സമ്പൂർണമായി ഉപേക്ഷി ക്കുകയാണ് വേണ്ടത്.

പരസ്പരവിരുദ്ധത്വാത്തയോർ ഭിന്നസ്വഭാവയോഃ
കർത്തൃത്വഭാവനാപൂർവ്വം കർമ്മജ്ഞാനം വിലക്ഷണം 853

കർമ്മവും ജ്ഞാനവും അത്യന്തവിരുദ്ധസ്വഭാവത്തോടു കൂടിയവയായതുകൊണ്ടാണ് മുമുക്ഷുവായ ജ്ഞാനനിഷ്ഠൻ കർമ്മത്തെ ഉപേക്ഷിക്കണമെന്നു പറഞ്ഞത്. 'ഞാൻ ചെയ്യുന്ന വൻ' എന്നീ രൂപത്തിലുള്ള കർത്തൃത്വാഭിമാനത്തെ വളർത്തുന്ന താണ് കർമ്മം. 'ഞാൻ' എന്ന അഭിമാനത്തെത്തന്നെ നശിപ്പിക്കുന്നതാണ് ജ്ഞാനം. അതിനാൽ ജ്ഞാനവും കർമ്മവും ഒന്നിച്ചനുഷ്ഠിക്കാൻ വയ്യ.

ദേഹാത്മബുദ്ധേർ വിച്ഛിത്ത്യൈ ജ്ഞാനം കർമ്മവിവൃദ്ധയേ
അജ്ഞാനമൂലകം കർമ്മ ജ്ഞാനം തൂഭയനാശകം 854

ദേഹാത്മബുദ്ധിയെ നശിപ്പിക്കുകയാണ് ജ്ഞാനം ചെയ്യുന്നത്. എന്നാൽ കർമ്മമാകട്ടെ ദേഹാത്മബുദ്ധിയെ (ഞാൻ ശരീരമാണെന്ന വിചാരത്തെ) വളർത്തുകയേയുള്ളു. കർമ്മം ചെയ്യാൻതന്നെ കാരണം അജ്ഞാനമാണ്. ജ്ഞാനമാകട്ടെ അജ്ഞാനത്തേയും അജ്ഞാനം ഹേതുവായി ചെയ്യപ്പെടുന്ന കർമ്മങ്ങളേയും നശിപ്പിക്കുന്നതുമാണ്.

ജ്ഞാനേന കർമ്മണോ യോഗം കഥം സിദ്ധ്യതി വൈരിണാ
സഹയോഗോ ന ഘടതേ യഥാ തിമിരതേജസോഃ 855

ജ്ഞാനവും കർമ്മവും അത്യന്തവിരുദ്ധധർമ്മങ്ങളോടുകൂടിയ ശത്രുക്കളാണ്. ഒരിക്കലും അവ ഒന്നുചേർന്നു നിൽക്കില്ല. ജ്ഞാനമുള്ളേടത്ത് കർമ്മമോ കർമ്മമുള്ളേടത്ത് ജ്ഞാനമോ ഉണ്ടാവാൻ വയ്യ. പ്രകാശവും ഇരുട്ടും ഒന്നിച്ച് നില്ക്കാത്തതുപോലെ ജ്ഞാനവും കർമ്മവും ചേർന്നു നില്ക്കില്ല. പ്രകാശം ഇരുട്ടിനെ നശിപ്പിക്കുന്നതുപോലെ ജ്ഞാനം കർമ്മത്തിന്റെ മൂലകാരണമായ അജ്ഞാനത്തേയും നശിപ്പിക്കുന്നു.

നിമേഷോന്മേഷയോർ വാപി തഥൈവ ജ്ഞാനകർമ്മണോഃ
പ്രതീചീം പശ്യതഃ പുംസാം കുതഃ പ്രാചീ വിലോകനം
പ്രത്യക്പ്രവണചിത്തസ്യ കുതഃ കർമ്മണി യോഗ്യതാ 856

നിമേഷോന്മേഷങ്ങൾ (കണ്ണടക്കലും തുറക്കലും) ഒരേ സമയത്ത് സാധിക്കാത്തതുമാതിരി അസാദ്ധ്യമാണ് ജ്ഞാനവും കർമ്മവും ഒരേ സമയത്തഭ്യസിക്കൽ. കണ്ണടക്കലിനു വിപരീതമാണ് കണ്ണ് തുറക്കൽ. അതുപോലെ കർമ്മത്തിനു വിരോധമാണ്

ജ്ഞാനം. പടിഞ്ഞാറുഭാഗത്തേക്കുനോക്കിക്കൊണ്ടിരിക്കുന്നോരാ ൾക്ക് എങ്ങിനെയാണ് കിഴക്കുദിക്കിനെ കാണാൻ കഴിയുന്നത്? അതുപോലെ കർമ്മംചെയ്തുകൊണ്ടിരിക്കുമ്പോൾ ജ്ഞാനനിഷ്ഠ യോ ജ്ഞാനനിഷ്ഠയിലിരിക്കുമ്പോൾ കർമ്മമോ സംഭവിക്കുന്നില്ല. ചിത്തവൃത്തി അന്തർമ്മുഖമായിത്തീർന്നവന് എങ്ങിനെയാണ് കർമ്മം ചെയ്യാൻ കഴിയുക?

ജ്ഞാനൈകനിഷ്ഠാനിരതസ്യ ഭിക്ഷോർ
നൈവാവകാശോ*f*സ്തി ഹി കർമ്മതന്ത്രേ
തദേവകർമ്മാസ്യ തദേവ സന്ധ്യാ
തദേവ സർവ്വം ന തദയദസ്തി. 857

ജ്ഞാനത്തിൽത്തന്നെ നിഷ്ഠയോടുകൂടിയ സന്യാസിക്ക് കർമ്മങ്ങളിലോ കർമ്മപ്രതിപാദകങ്ങളായ ശാസ്ത്രങ്ങളിലോ ശ്രദ്ധിക്കാനുള്ള സമയമോ ആവശ്യമോ ഇല്ല. ജ്ഞാനനിഷ്ഠ തന്നെയാണ് അദ്ദേഹത്തിന്റെ കർമ്മം. അതുതന്നെയാണ് സന്ധ്യാവന്ദനം. അദ്ദേഹത്തിന്റെ എല്ലാഅനുഷ്ഠാനങ്ങളും ജ്ഞാനനിഷ്ഠ മാത്രമാണ്. മറ്റോരു കർത്തവ്യവും അദ്ദേഹത്തി നില്ല. നിത്യനൈമിത്തികങ്ങളായ എല്ലാകർമ്മങ്ങളും ജ്ഞാന നിഷ്ഠയിലടങ്ങുന്നു.

ബുദ്ധികല്പിതമാലിന്യക്ഷാളനം സ്നാനമാത്മനഃ
തേനൈവ ശുദ്ധിരേതസ്യ ന മൃദാ ന ജലേന വാ 858

ബുദ്ധിയാൽ കല്പിക്കപ്പെട്ടതായ നാനാത്വഭ്രമത്തെ അദ്വൈത ബ്രഹ്മനിഷ്ഠകൊണ്ടു കഴുകിക്കളയലാണ് ജ്ഞാനിയുടെ സ്നാനം. ചിത്തമാലിന്യത്തെ കഴുകിക്കളയൽകൊണ്ടുത്തന്നെ അദ്ദേഹം ശുദ്ധനാവുന്നു. അല്ലാതെ മണ്ണും വെള്ളവുമുപയോഗിച്ചുള്ള ശരീരത്തിന്റെ സ്നാനമല്ല അദ്ദേഹത്തിന്റെ ശുദ്ധിക്കു ഹേതു.

സ്വസ്വരൂപേ മനഃസ്ഥാനമനുഷ്ഠാനം തദിഷ്യതേ
കരണത്രയസാദ്ധ്യം യത്തന്മൃഷാ തദസത്യതഃ 859

തന്റെ പരമാർഥസ്വരൂപമായ ആത്മാവിൽ മനസ്സിനെ ഉറപ്പിച്ചു നിർത്തലാണ് ജ്ഞാനിയുടെ അനുഷ്ഠാനം. അല്ലാതെ വൈദികാനുഷ്ഠാനമൊന്നുമല്ല. ശരീരമനോബുദ്ധികൾ അസൽസ്വരൂപങ്ങളാകയാൽ അവയാൽ ചെയ്യപ്പെടുന്ന കർമ്മങ്ങളും അസൽസ്വരൂപങ്ങളാകാനെ വഴിയുള്ളു. സത്യവസ്തുവിനെ അസൽസ്വരൂപങ്ങളായ കർമ്മങ്ങളെക്കൊണ്ട് പ്രാപിക്കാൻ വയ്യ.

വിനിഷിദ്ധ്യാഖിലം ദൃശ്യം സ്വസ്വരൂപേണ യാ സ്ഥിതിഃ
സാ സന്ധ്യാ തദനുഷ്ഠാനം തദ്ദാനം തദ്ധി ഭോജനം 860

എല്ലാ ദൃശ്യപ്രതിഭാസങ്ങളേയും അവ അസത്യമാണെന്നു ബോധിച്ചു തള്ളിക്കളഞ്ഞു തന്റെ പരമാർത്ഥസ്വരൂപമായ ആത്മാവായിട്ടുള്ള സ്ഥിതിയാണ് ജ്ഞാനിയുടെ സന്ധ്യാവന്ദനവും, അനുഷ്ഠാനവും, ദാനവും, ഭോജനവും എല്ലാം തന്നെയും.

വിജ്ഞാതപരമാർത്ഥാനാം ശുദ്ധസത്വാത്മനാം സതാം
യതീനാം കിമനുഷ്ഠാനം സ്വാനുസന്ധിം വിനാ പരം 861

പരമാർത്ഥമായ ബ്രഹ്മതത്ത്വത്തെയറിഞ്ഞവരും, അന്തഃകരണം പരിശുദ്ധമായവരുമായ സംന്യാസിമാർക്കു സ്വസ്വരൂപമായ ആത്മാവിൽ സ്ഥിതിയല്ലാതെ മറ്റെന്തനുഷ്ഠാനമാണ് ചെയ്യേണ്ടതായിട്ടുള്ളത്?

തസ്മാൽ ക്രിയാന്തരം ത്യക്ത്വാ ജ്ഞാനനിഷ്ഠപരോ യതിഃ
സദാത്മനിഷ്ഠയാ തിഷ്ഠേന്നിശ്ചലസ്തൽപരായണഃ 862

അതിനാൽ സാധകൻ മറ്റു കർമ്മങ്ങളെല്ലാമുപേക്ഷിച്ച് ജ്ഞാനനിഷ്ഠയെ ശ്രേഷ്ഠമായിക്കണ്ടുകൊണ്ട് എപ്പോഴും ആത്മ നിഷ്ഠയിൽ സ്ഥിതിചെയ്തുകൊണ്ടിരിക്കണം. എപ്പോഴും പരമ നിശ്ചലമായ ആത്മതത്വാനുഭൂതിയിൽത്തന്നെ മുഴുകിക്കൊണ്ടിരി ക്കണം. ബ്രഹ്മനിഷ്ഠന് കർമ്മാചരണത്തിന്റെ ആവശ്യമില്ല.

കർത്തവ്യം സ്വോചിതം കർമ്മ യോഗമാരോഢുമിച്ഛതാ
ആരോഹണം കുർവ്വതസ്തു കർമ്മണാരോഹണം മതം 863

യോഗത്തിലാരോഹണം ചെയ്യാനിച്ഛിക്കുന്ന മുമുക്ഷു വർണ്ണാശ്രമത്തിന്നനുയോജ്യങ്ങളായ തന്റെ കർമ്മങ്ങളെ ആചരിക്കുകതന്നെ വേണം. അങ്ങിനെയുള്ള വൈദികകർമ്മാ ചരണം കൊണ്ടുമാത്രമേ ചിത്തശുദ്ധിവന്നു യോഗിയായി ത്തീരാൻ കഴിയൂ. എന്നാൽ യോഗാരൂഢനായിക്കഴിഞ്ഞാൽ പിന്നെ കർമ്മാചരണത്തിന്റെ ആവശ്യമില്ലെന്നാണ് വിദ്വാന്മാരുടെ അഭിപ്രായം.

യോഗം സമാരോഹതി യോ മുമുക്ഷുഃ
ക്രിയാന്തരം തസ്യ ന യുക്തമീഷൽ
ക്രിയാന്തരാസക്തമനാഃ പതത്യസൗ
താലദ്രുമാരോഹണകർത്തൃവദ് ധ്രുവം 864

യോഗാരൂഢനായി (ആത്മനിഷ്ഠനായി)ക്കഴിഞ്ഞ മുമുക്ഷു വിന് മറ്റൊരു കർമ്മവും ചെയ്യേണ്ടതില്ല. ബ്രഹ്മനിഷ്ഠയൊഴിച്ച് മറ്റുള്ള കർമ്മാനുഷ്ഠാനങ്ങളിൽ താൽപര്യമുണ്ടായാൽ ബ്രഹ്മനിഷ്ഠ യിൽനിന്നുപോലും തെറ്റാനിടവരും. കരിമ്പനയിന്മേൽ കയറു ന്നൊരാൾ കയറലൊഴിച്ച് മറ്റെന്തെങ്കിലും പ്രവർത്തി ചെയ്താൽ താഴെ വീഴുന്നതുപോലെ ബ്രഹ്മനിഷ്ഠൻ കർമ്മങ്ങൾ ചെയ്താൽ സ്വരൂപസ്ഥിതിയിൽനിന്നു തെറ്റി അധഃപതിക്കാനിടവന്നേക്കും.

യോഗാരൂഢസ്യ സിദ്ധസ്യ കൃതകൃതസ്യ ധീമതഃ
നാസ്ത്യേവ ഹി ബഹിർദൃഷ്ടിഃ കാ കഥാ തത്രകർമ്മണാം
ദൃശ്യാനുവിദ്ധഃ കഥിതഃ സമാധിഃ സവികല്പകഃ 865

യോഗാരൂഢനും, സിദ്ധനും, കൃതകൃത്യനുമായിത്തീർന്ന ജ്ഞാനിക്ക് ബാഹ്യദൃഷ്ടിതന്നെയില്ല. ചിത്തവൃത്തിയെപ്പോഴും ആത്മാഭിമുഖമായി പ്രവഹിച്ചുകൊണ്ടിരിക്കുന്ന അദ്ദേഹത്തിന് ശരീരമനോബുദ്ധികളുടെ ഓർമ്മപോലും മിക്കപ്പോഴുമുണ്ടാവുന്നില്ല. പിന്നെ കർമ്മത്തിന്റെ കഥ പറയാനുണ്ടോ? ബഹിർമുഖമായ പ്രജ്ഞയോടുകൂടിയവർക്കല്ലേ കർമ്മങ്ങൾ ചെയ്യാൻ കഴിയൂ. അതിനാൽ ജ്ഞാനിക്കു കർമ്മം ചെയ്യേണ്ട ആവശ്യമേ ഉണ്ടാവുന്നില്ല. കഴിഞ്ഞ മുപ്പത്താറു ശ്ലോകങ്ങളെക്കൊണ്ട് ദൃശ്യാനുവിദ്ധസവികല്പസമാധിയുടെ ലക്ഷണത്തേയും ദൃശ്യങ്ങളെ അകറ്റാനുള്ള അനുഷ്ഠാനസമ്പ്രദായത്തേയുമാണ് വിവരിച്ചത്. അടുത്ത ശ്ലോകം മുതൽ ശബ്ദാനുവിദ്ധസവികല്പസമാധിയെ വർണ്ണിക്കുന്നു.

42. ശബ്ദാനുവിദ്ധ സവികല്പ സമാധി

ശുദ്ധോƒഹം ബുദ്ധോƒഹം പ്രത്യഗ്രൂപേണ നിത്യസിദ്ധോƒഹം
ശാന്തോƒഹമനന്തോƒഹം സതതപരാനന്ദ സിന്ധുരേവാഹം 866

വിഷയസ്പർശമില്ലാത്തതിനാൽ ഞാൻ ശുദ്ധനാണ്. തത്വത്തെ അറിഞ്ഞവനാകയാൽ ഞാൻ ബുദ്ധനുമാണ്. എല്ലാറ്റിനുമുള്ളിൽ അന്തർയ്യാമിയായി വിളങ്ങിക്കൊണ്ടിരിക്കുകയാണ് ഞാൻ. ശാന്തനും, അനന്തനുമായ (അവസാനമില്ലാത്തവനുമായ) ഞാൻ എപ്പോഴും പരമാനന്ദസമുദ്രമായിത്തന്നെ വിളങ്ങിക്കൊണ്ടിരിക്കുന്നു.

ആദ്യോƒഹ മനാദ്യോƒഹം വാങ്മനസാ
സാധ്യാവസ്തുമാത്രോƒഹം
നിഗമവചോവേദ്യോƒഹമനവദ്യാ–
ഖണ്ഡബോധരൂപോƒഹം 867

ജഗത്തിനുമുമ്പുതന്നെയുള്ളവനാകയാൽ ഞാൻ ആദ്യനാണ്. എനിക്ക് ആദിയില്ലാത്തതിനാൽ ഞാൻ അനാദ്യനാണ്. വാക്കു കൊണ്ട് പറയപ്പെടുന്നതും മനസ്സുകൊണ്ട് വിചാരിക്കുന്നതുമായ എല്ലാ വസ്തുക്കളും ഞാൻ തന്നെ. വേദവാക്യങ്ങളാലറിയ പ്പെടുന്നവനാണ് ഞാൻ. മുറിവില്ലാത്തതും ശുദ്ധവുമായ ബോധ സ്വരൂപനാണ് ഞാൻ.

വിദിതാവിദിതാന്യോƒഹം മായാ
തൽകാര്യലേശശൂന്യോƒഹം
കേവലദൃഗാത്മകോƒഹം സംവിന്മാത്രഃ
സകൃദ്വിഭാതോƒഹം 868

ഞാൻ അറിവിനു വിഷയമല്ല. എന്നാൽ ഞാൻ അറിയായ്മ യുമല്ല. അറിവിനും അറിയായ്മക്കും അതീതനാണു ഞാൻ. മായയോടും മായാകാര്യമായ ദൃശ്യങ്ങളോടും കൂടാത്തവനാണ് ഞാൻ. കേവലം സാക്ഷിയും ജ്ഞാനമാത്രനും എപ്പോഴും പ്രകാശിച്ചുകൊണ്ടിരിക്കുന്നവനുമായ ആത്മാവാണ് ഞാൻ.

അപരോƒഹമനപരോƒഹം
ബഹിരന്തശ്ചാപി പൂർണ്ണ ഏവാഹം
അജരോƒഹമക്ഷരോƒഹം
നിത്യാനന്ദോƒഹമദ്വിതീയോƒഹം. 869

ഞാൻ ഒന്നിന്റേയും കാര്യമോ കാരണമോ അല്ല. എല്ലാ ത്തിന്റേയും അകത്തും പുറത്തും നിറഞ്ഞു പൂർണ്ണനായി

വിളങ്ങിക്കൊണ്ടിരിക്കുന്നു ഞാൻ. ജരയും നാശവുമില്ലാത്തവനും, എപ്പോഴും ആനന്ദസ്വരൂപനും, അദ്വിതീയനുമാകുന്നു ഞാൻ.

പ്രത്യഗഭിന്നമഖണ്ഡം സത്യജ്ഞാനാദി ലക്ഷണം ശുദ്ധം
ശ്രുത്യവഗമ്യം തഥ്യം ബ്രഹ്മൈവാഹം പരം ജ്യോതിഃ 870

അന്തർയ്യാമിയായ ആത്മാവും, അപരിഛിന്നനും, സത്യം, ജ്ഞാനം മുതലായ ലക്ഷണങ്ങളോടുകൂടിയവനും, ശുദ്ധനും, വേദത്താൽ പ്രാപിക്കപ്പെടുന്നവനും, സത്യസ്വരൂപനും, പരമ ജ്യോതിസ്വരൂപനുമായ ബ്രഹ്മമാകുന്നു ഞാൻ.

ഏവം സന്മാത്രഗാഹിണ്യാ വൃത്ത്യാ തന്മാത്രഗ്രാഹകൈഃ
ശബ്ദൈഃ സമർപ്പിതം വസ്തു ഭാവയേന്നിശ്ചലോ യതിഃ 871

ഇപ്രകാരം സദ്വസ്തുവായ ബ്രഹ്മത്തെ ഉൽബോധിപ്പിക്കുന്ന ശ്രുതിവാക്യങ്ങളെ വിചാരം ചെയ്തുകൊണ്ട് ചിത്തവൃത്തികളും സദ്വസ്തുവിന്റെ ലക്ഷണങ്ങളോടുകൂടിയവയായിത്തീരും. ശുദ്ധോഹം ബുദ്ധോഹം തുടങ്ങിയ ശ്രുതിവാക്യങ്ങളാൽ ഉൽബോധിപ്പിക്കപ്പെടുന്ന സദ്വസ്തുവായ ബ്രഹ്മത്തിൽ യതി തന്റെ ചിത്തത്തെ പരമനിശ്ചലമാക്കി ഉറപ്പിക്കണം.

കാമാദിദൃശ്യ പ്രവിലാപ പൂർവ്വകം
ശുദ്ധോഽഹമിത്യാദികശബ്ദമിശ്രഃ
ദൃശ്യേവ നിഷ്ഠസ്യ യ ഏഷ ഭാവഃ
ശബ്ദാനുവിദ്ധഃ കഥിതഃ സമാധിഃ 872

കാമാദിവൃത്തികളെ തന്നിൽത്തന്നെ ലയിപ്പിച്ച്, ഞാൻ ശുദ്ധനായ ആത്മാവാണ് എന്നീ ഓർമ്മയോടുകൂടി ദ്രഷ്ടാവായ

ആത്മാവായിട്ടുള്ള നിലയെയാണ് ശബ്ദാനുവിദ്ധ സമാധിയെന്ന് പറയുന്നത്. കാമാദിവൃത്തികളെല്ലാമടങ്ങിയതിനാൽ ദൃശ്യങ്ങളി ല്ലാതായി. ദ്രഷ്ടാവായ തന്നിൽ ശ്രുതിവാക്യങ്ങളായ "ഞാൻ ശുദ്ധനാണ്, ബുദ്ധനാണ്" എന്നീ വൃത്തികളുടെ സ്ഫുരണ മുണ്ടാവുന്നു. അതിനാൽ ഈ സമാധിയെ ശബ്ദാനുവിദ്ധ സവികല്പസമാധിയെന്നു പറയുന്നു. ഇവിടെ ദൃശ്യങ്ങളല്ല ശബ്ദങ്ങളാണ് വികല്പത്തിനു കാരണം. അതിനാലാണ് ശബ്ദാനു വിദ്ധമെന്നു പറയുന്നത്.

ദൃശ്യസ്യാപി ച സാക്ഷിത്വാൽ സമുല്ലേഖനമാത്മനി
നിവർത്തകമനോവസ്ഥാ നിർവ്വികല്പ ഇതീര്യതേ 873

താൻ ദൃശ്യങ്ങളുടെ സാക്ഷിയാണ്. കല്ലിൽ കൊത്തപ്പെട്ട ചിത്രങ്ങളെന്നപോലെയാണ് ആത്മാവായ തന്നിൽ ദൃശ്യങ്ങൾ പ്രതിഭാസിച്ചുകൊണ്ടിരിക്കുന്നത്. കല്ലിനെ രൂപങ്ങളായിട്ടറിയുന്ന തുപോലെ ആത്മാവിനെത്തന്നെയാണ് ദൃശ്യങ്ങളായി ധരിക്കു ന്നത്. ആത്മാവല്ലാതെ ദൃശ്യങ്ങൾതന്നെയില്ലെന്ന് ബോദ്ധ്യംവന്ന് എല്ലാ ദൃശ്യപ്രതിഭാസങ്ങളിൽനിന്നും നിവർത്തിക്കുന്ന മനസ്സി ന്റെ അവസ്ഥയെയാണ് നിർവ്വികല്പമെന്ന് പറയുന്നത്. ആത്മാ വായ തന്നിൽ തന്നെക്കൂടാതെ മറ്റുചില വസ്തുക്കളുണ്ടെന്ന തോന്നലാണ് വികല്പത്തിന്നു ഹേതു. ഏകമായ ആത്മാവു മാത്രമേ സത്യമായിട്ടുള്ളുവെന്ന് ബോധിച്ചൊരാൾക്ക് എല്ലാ വികല്പങ്ങളുമടങ്ങി നിർവ്വികല്പാവസ്ഥ അനുഭവപ്പെടും.

സവികല്പസമാധിം യോ ദീർഘകാലം നിരന്തരം
സംസ്കാരപൂർവ്വകം കര്യാൽ നിർവ്വികല്പോസ്യ സിദ്ധ്യതി 874

വളരെക്കാലം ഇടവിടാതെ സവികല്പസമാധിയെ അഭ്യസിക്കു ന്നൊരാൾക്ക് അഭ്യാസദാർഢ്യംകൊണ്ട് സമാധിവാസന വളരാ

നും അവസാനത്തിൽ നിർവ്വികല്പസമാധി അനുഭവപ്പെടാനും ഇടയായിത്തീരുന്നു. ദീർഘകാലം നിരന്തരം അഭ്യസിച്ചാൽ മാത്രമേ ദൃശ്യങ്ങളും ശബ്ദങ്ങളുമടങ്ങി സമാധി നിർവ്വികല്പമായി ത്തീരുകയുള്ളു.

നിർവ്വികല്പകസമാധിനിഷ്ഠയാ
തിഷ്ഠതോ ഭവതി നിത്യതാ ധ്രുവം
ഉത്തവാദ്യപഗതിർനിരർഗ്ഗളാ
നിത്യനിശ്ചലനിരന്തനിർവൃതിഃ 875

നിർവ്വികല്പസമാധിനിഷ്ഠയിൽ തന്നെ സ്ഥിതിചെയ്യുന്നതു കൊണ്ട് സാധകൻ നാശരഹിതവും ശാശ്വതവുമായ ബ്രഹ്മം തന്നെയായിത്തീരുന്നു. ജീവോപാധിയായ സൂക്ഷ്മശരീരം അതിന്റെ മൂലസത്തയായ ബ്രഹ്മത്തിൽ ലയിക്കുന്നതിനാൽ സാധകൻ ബ്രഹ്മത്തിൽ ലയിച്ചേകീഭവിക്കുന്നു. ജനനമരണ സ്വരൂപമായ സംസാരം അതോടെ അവസാനിച്ചു. നിത്യവും, നിശ്ചലവും, അവസാനമില്ലാത്തതുമായ നിർവൃതിയാണ് നിർവ്വികല്പസമാധിയിലെ അനുഭവം.

വിദ്വാനഹമിദമിതി വാ കിംചിൽ
ബാഹ്യാഭ്യന്തരവേദനശൂന്യഃ
സ്വാനന്ദാമൃതസിന്ധുനിമഗ്ന–
സ്തുഷ്ണീമാസ്തേ കശ്ചിദനന്യഃ 876

നിർവികല്പസമാധിയിൽ ജ്ഞാനി 'ഞാൻ' എന്നോ 'ഇതെ' ന്നോ അകത്തോ പുറത്തോ ഒന്നിനേയും അറിയുന്നില്ല. തന്റെ തന്നെ പരമാർത്ഥസ്വരൂപമായ ആനന്ദാമൃതസമുദ്രത്തിൽ മുഴുകി ക്കൊണ്ട് മറ്റൊന്നിന്റേയും ചേർച്ചയില്ലാതെ ഏകനായി മൗനിയു മായിരിക്കുന്നു.

നിർവ്വികല്പം പരംബ്രഹ്മ യത്തസ്മിന്നേവ നിഷ്ഠിതാഃ
ഏതേ ധന്യാ ഏവ മുക്താ ജീവന്തോƒപി ബഹിർദൃശാം 877

നിർവ്വികല്പം എന്നു പറയുന്നതു പരബ്രഹ്മത്തെത്തന്നെയാണ്. അതിനാൽ നിർവ്വികല്പസമാധിയിലെ നിഷ്ഠ ബ്രഹ്മനിഷ്ഠ തന്നെ. നിർവ്വികല്പസമാധിനിഷ്ഠ സാധിക്കുന്നവർ ജീവിക്കുന്നുണ്ടെങ്കിലും മുക്തന്മാരും ആ കാരണത്തൽ ധന്യന്മാരുമാണ്. സാധാരണക്കാരുടെ ദൃഷ്ടിയിൽമാത്രമാണ് അവർ ജീവിക്കുന്നത്. പരമാർത്ഥത്തിൽ അവർ ബ്രഹ്മമായിത്തീർന്നുകഴിഞ്ഞു. പ്രാരബ്ധം അവസാനിക്കാത്തതിനാൽ ശരീരം നിലനില്ക്കുന്നു എന്നു മാത്രം.

യഥാ സമാധിത്രിതയം യത്നേന ക്രിയതേ ഹൃദി
തഥൈവ ബാഹ്യദേശേƒപി കാര്യം ദ്വൈതനിവൃത്തയേ 878

ദൃശ്യാനുവിദ്ധസവികല്പസമാധി, ശബ്ദാനുവിദ്ധസവികല്പസമാധി, നിർവ്വികല്പസമാധി എന്നീ മൂന്നുവിധ സമാധികളെ എപ്രകാരം തന്റെ ഹൃദയത്തിൽ അഭ്യസിച്ച് ബ്രഹ്മനിഷ്ഠനായിത്തീരുന്നുവോ അതുപോലെയുള്ള അനുഷ്ഠാനം ബാഹ്യപ്രപഞ്ചത്തിലും ചെയ്യണം. എന്നാൽമാത്രമേ ദ്വൈതത്തിന്റെ ആത്യന്തികനിവൃത്തിയുണ്ടാവൂ. ഹൃദയത്തിലഭ്യസിക്കുന്ന സമാധികൊണ്ടുള്ള ദ്വൈതനിവൃത്തി സമാധിയിൽനിന്നുണർന്നാലും കിട്ടണമെങ്കിൽ പുറമേയും ദ്വൈതനിവൃത്തിക്കുള്ള അനുഷ്ഠാനം ചെയ്യണം.

തൽപ്രകാരം പ്രവക്ഷ്യാമി നിശാമയ സമാസതഃ
അധിഷ്ഠാനം പരം ബ്രഹ്മ സച്ചിദാനന്ദലക്ഷണം 879

ബാഹ്യപ്രപഞ്ചത്തിലെ ദ്വൈതനിവൃത്തിക്കുള്ള അനുഷ്ഠാനസമ്പ്രദായം ചുരുക്കിപറഞ്ഞുതരാം. ശ്രദ്ധിച്ചു കേൾക്കൂ. സത്ത്, ചിത്ത്, ആനന്ദം എന്നീ ലക്ഷണങ്ങളോടുകൂടിയ പരബ്രഹ്മമാണ്

ജഗത്തിലെ ഏതൊരു വസ്തുവിനും ആധാരമായി (അവലംബമായി) സ്ഥിതിചെയ്യുന്നവസ്തു.

തത്രാധ്യാസ്തമിദം ഭാതി നാമരൂപാത്മകം ജഗത്
സത്ത്വം ചിത്ത്വം തഥാനന്ദരൂപം യൽ ബ്രഹ്മണസ്ത്രയം 880

ബ്രഹ്മത്തിലാണ് നാമരൂപാത്മകമായ ഈ ജഗത്ത് ആരോപിക്കപ്പെട്ടിരിക്കുന്നത്. സത്ത്വം (ഉണ്മ), ചിത്ത്വം (ജ്ഞാനം), ആനന്ദരൂപം (സുഖം) ഇവ മൂന്നും ബ്രഹ്മത്തിന്റെ ലക്ഷണങ്ങളാണല്ലോ. അതിനാൽ ഏതു പദാർത്ഥത്തിന്റേയും സത്യത്വവും, ചേതനാത്മകത്വവും, സുഖവും ബ്രഹ്മധർമ്മങ്ങളാണ്.

അധ്യസ്തജഗതോരൂപം നാമരൂപമിദം ദ്വയം

ബ്രഹ്മത്തിൽ ആരോപിക്കപ്പെട്ടതായ ജഗത്തിന്റെ സ്വരൂപമാണ് നാമവും രൂപവും (ആകൃതിയും, പേരും).

ഏതാനി സച്ചിദാനന്ദ നാമരൂപാണി പഞ്ച ച 881
ഏകീകൃത്യോച്യതേ മൂർഖൈരിദം വിശ്വമിതി ഭ്രമാൽ

സത്യവസ്തുവും അധിഷ്ഠാനവുമായ ബ്രഹ്മത്തിന്റെ ലക്ഷണങ്ങളായ സച്ചിദാനന്ദങ്ങളേയും ആരോപിക്കപ്പെട്ട മിഥ്യയായ നാമരൂപങ്ങളെയും കൂട്ടിച്ചേർത്തിട്ട് അവിവേകികൾ ഭ്രമംകൊണ്ട് ഇതു ജഗത്താണ് എന്ന് പറയുന്നു.

ശൈത്യം ശ്വേതം രസം ദ്രാവ്യം തരംഗ ഇതി നാമ ച
ഏകീകൃതതരംഗോയമിതിനിർദ്ദിശ്യതേ യഥാ 882

ശൈത്യം, വെളുപ്പുനിറം, രസം (സ്വാദ്), ദ്രവത്വം (വെള്ളമായിരിക്കുക എന്ന അവസ്ഥ), തിര എന്നിവയെ കൂട്ടിച്ചേർത്ത്

ഇത് തിരയാണ് എന്ന് പറയുന്നതുപോലെയാണ് ബ്രഹ്മലക്ഷണങ്ങളായ സത്ത്, ചിത്ത്, ആനന്ദം എന്നിവയേയും ആരോപിതങ്ങളായ നാമരൂപങ്ങളെയും കൂട്ടിചേർത്ത് ഇത് ജഗത്താണെന്ന് പറയുന്നത്. ജലത്തിലുള്ള ഒരു തോന്നൽ മാത്രമാണ് തിര. അതുപോലെ ബ്രഹ്മത്തിലുള്ള ഒരു പ്രതിഭാസം മാത്രമാണ് നാമരൂപങ്ങൾ.

ആരോപിതേ നാമരൂപേ ഉപേക്ഷ്യ ബ്രഹ്മണഃ സതഃ 883

സ്വരൂപമാത്രഗ്രഹണം സമാധിർ ബാഹ്യ ആദിമഃ

സത്യവസ്തുവായ ബ്രഹ്മത്തിൽ ആരോപിക്കപ്പെട്ടതായ നാമരൂപങ്ങളെ തള്ളിക്കളഞ്ഞ് പരമാർത്ഥസ്വരൂപത്തെമാത്രം സ്വീകരിക്കലാണ് ബാഹ്യപ്രപഞ്ചത്തിലഭ്യസിക്കുന്ന സമാധിയുടെ ആദിരൂപം. തിരമാലകളെ കാണുമ്പോഴും അവ പ്രതിഭാസങ്ങൾ മാത്രമാണെന്നും ജലമാണ് തിരമാലയുടെ രൂപത്തിൽ വിളങ്ങുന്നതെന്നും അറിയാൻ കഴിയുന്നതുമാതിരി പ്രപഞ്ചത്തിലെ ഏതൊരു വസ്തുവിനെ കാണുമ്പോഴും അതിന്റെ നാമരൂപങ്ങളെ തള്ളിക്കളഞ്ഞ് അധിഷ്ഠാനമായ ബ്രഹമത്തെ ഗ്രഹിക്കലാണ് പുറമെയുള്ള സമാധിയുടെ ആദ്യത്തെ അനുഷ്ഠാന സമ്പ്രദയം.

സച്ചിദാനന്ദരൂപസ്യ സകാശാൽ ബ്രഹ്മണോ യതിഃ 884

നാമരൂപേ പൃഥക് കൃത്വാ ബ്രഹ്മണ്യേവ വിലാപയൻ
അധിഷ്ഠാനം പരം ബ്രഹ്മ സച്ചിദാനന്ദമദ്വയം
യത്തദേവാഹമിത്യേവ നിശ്ചിതാത്മാ ഭവേൽ ധ്രുവം. 885

സച്ചിദാനന്ദലക്ഷണത്തോടുകൂടിയ ബ്രഹ്മത്തെ അറിഞ്ഞ സാധകൻ നാമരൂപങ്ങളെ ബ്രഹ്മത്തിൽനിന്നു വേറെയായി

തിരിച്ചറിഞ്ഞു ആരോപണമായ അവയെ അധിഷ്ഠാനമായ ബ്രഹ്മത്തിൽതന്നെ ലയിപ്പിക്കണം. നാമരൂപ പ്രതിഭാസത്തിനധിഷ്ഠാനവും സർവ്വോൽകൃഷ്ടവും സച്ചിദാനന്ദവും അദ്വിതീയവുമായ ബ്രഹ്മംതന്നെയാണ് ഞാനെന്നു നിശ്ചയിച്ച് ബ്രഹ്മമായിത്തീരണം.

ഇയം ഭൂർന സന്നാപി തോയം ന തേജോ
ന വായുർ ന ഖം നാപി തൽകാര്യജാതം
യദേഷാമധിഷ്ഠാനഭൂതം വിശുദ്ധം
സദേകം പരം സത്തദേവാഹമസ്മി. 886

ബാഹ്യപ്രപഞ്ചത്തിൽ അദ്വൈതദർശനത്തിനുള്ള അനുഷ്ഠാനത്തെ വിവരിക്കുന്നു. ഈ ഭൂമിയും, ജലവും അഗ്നിയും വായുവും, ആകാശവും സത്യമല്ല. പഞ്ചഭൂതങ്ങളുടെ കാര്യങ്ങളാണല്ലോ ജഗത്തിലുള്ള പദാർത്ഥങ്ങളെയെല്ലാംതന്നേയും. അവയും സത്യമല്ല. ഇവയ്ക്കെല്ലാമധിഷ്ഠാനവും, നിർമ്മലവും, ഏകവും സർവ്വോൽകൃഷ്ടവുമായ സത്യവസ്തുവാണ് ഞാൻ.

ന ശബ്ദോ ന രൂപം ന ച സ്പർശകോ വാ
തഥാ നോ രസോ നാപി ഗന്ധോ ന ചാന്യഃ
യദേഷാമധിഷ്ഠാനഭൂതം വിശുദ്ധം
സദേകം പരം സത്തദേവാഹമസ്മി. 887

ശബ്ദസ്പർശരൂപരസഗന്ധങ്ങളൊന്നുംതന്നെ ബ്രഹ്മമല്ല. ശബ്ദാദി വിഷയങ്ങൾക്കധിഷ്ഠാനവും, നിർമ്മലവും, ഏകവും, സർവ്വോൽകൃഷ്ടവുമായ സത്യവസ്തുവാണ് ഞാൻ.

ന സദ്ദ്രവ്യജാതം ഗുണാ ന ക്രിയാ വാ
ന ജാതിർവിശേഷാ നാ ചാന്യഃ കദാപി

യദേഷാമധിഷ്ഠാനഭൂതം വിശുദ്ധം
സദേകം പരം സത്തദേവാഹമസ്മി. 888

ദ്രവ്യങ്ങളോ ഗുണങ്ങളോ, ക്രിയയോ, ജാതിയോ, വിശേഷമോ ഒന്നും സത്യമല്ല. അവയ്ക്കെല്ലാമധിഷ്ഠാനവും, നിർമ്മലവും, ഏകവും, സർവ്വോൽകൃഷ്ടവുമായ സത്യവസ്തുവാകുന്നു ഞാൻ.

ന ദേഹോ ന ചാക്ഷാണി ന പ്രാണവായുർ–
മ്മനോ നാപി ബുദ്ധിർ ന ചിത്തം ഹ്യഹം ധീഃ
യദേഷാമധിഷ്ഠാനഭൂതം വിശുദ്ധം
സദേകം പരം സത്തദേവാഹമസ്മി. 889

ദേഹം, ഇന്ദ്രിയങ്ങൾ, പ്രാണവായുക്കൾ, മനസ്സ്, ബുദ്ധി, ചിത്തം, അഹംകാരം ഇവയൊന്നും സത്യമല്ല. അവയ്ക്കെല്ലാമധിഷ്ഠാനവും, നിർമ്മലവും, ഏകവും, സർവോൽകൃഷ്ടവുമാകുന്ന സത്യവസ്തുവാണ് ഞാൻ.

ന ദേശോ ന കാലോ ന ദിഗ്വാപി സൽസ്യാ–
ന്ന വസ്ത്വന്തരം സ്ഥൂലസൂക്ഷ്മാദിരൂപം
യദേഷാമധിഷ്ഠാനഭൂതം വിശുദ്ധം
സദേകം പരം സത്തദേവാഹമസ്മി. 890

ദേശമോ, കാലമോ, ദിക്കുകളോ, സ്ഥൂലമോ, സൂക്ഷ്മമോ ആയ മറ്റെന്തെങ്കിലും വസ്തുവോ സത്യമാവാൻ വയ്യ. അവയ്ക്കെല്ലാമധിഷ്ഠാനവും, നിർമ്മലവും, ഏകവും, സർവോൽകൃഷ്ടവുമാകുന്ന സത്യവസ്തുവാണ് ഞാൻ.

ഏതദ്ദൃശ്യം നാമരൂപാത്മകം യോ*ƒ*
ധിഷ്ഠാനം തൽ ബ്രഹ്മസത്യം സദേതി

ഗച്ഛംസ്തിഷ്ഠൻ വാ ശയാനോfപി നിത്യം
കുര്യാദ്വിദ്വാൻ ബാഹ്യദൃശ്യാനുവിദ്ധം 891

നാമരൂപാത്മകമായ ഈ ദൃശ്യങ്ങൾ മിഥ്യയാണ്; ഇവയ്ക്കധിഷ്ഠാനമായി വിളങ്ങിക്കൊണ്ടിരിക്കുന്ന ബ്രഹ്മമാണ് സത്യം. എന്നിങ്ങനെ നടക്കുമ്പോഴും, നിൽക്കുമ്പോഴും, കിടക്കുമ്പോഴും എല്ലാ സമയത്തും വിദ്വാൻ അറിഞ്ഞുക്കൊണ്ടിരിക്കും. നാമരൂപങ്ങളാകുന്ന ദൃശ്യങ്ങൾ പ്രതിഭാസിക്കുമ്പോൾ ബ്രഹ്മം മറയപ്പെടുന്നതുപോലെ തോന്നുകയാണ്. നാമരൂപങ്ങൾ പ്രതിഭാസിക്കുന്നത് യാതൊരധിഷ്ഠാനവസ്തുവിലാണോ ആ ബ്രഹ്മം മാത്രമാണ് സത്യം എന്നുള്ള ബോധത്തെ വിവേകി എല്ലാസമയത്തും നിലനിർത്തിക്കൊണ്ടിരിക്കണം.

അധ്യസ്തനാമരൂപാദി പ്രവിലാപേന നിർമ്മലം
അദ്വൈതം പരമാനന്ദം ബ്രഹ്മൈവാസ്മീതി ഭാവയേൽ 892

ആരോപണങ്ങളായ നാമരൂപങ്ങളെ അധിഷ്ഠാനമായ ബ്രഹ്മത്തിൽ ലയിപ്പിച്ച് പരമനിർമ്മലവും, അദ്വിതീയവും, പരമാനന്ദസ്വരൂപവുമായ ബ്രഹ്മംതന്നെയാകുന്നു ഞാൻ എന്നു ബോധിക്കണം.

നിർവ്വികാരം നിരാകാരം നിരഞ്ജനമനാമയം
ആദ്യന്തരരഹിതം പൂർണ്ണം ബ്രഹ്മൈവാഹം ന സംശയഃ 893

യാതൊരു വികാരമില്ലാത്തതും, രൂപമില്ലാത്തതും, ദോഷമോ ദുഃഖമോ ഇല്ലാത്തതും, ആദ്യന്തങ്ങളില്ലാത്തതും എങ്ങും നിറഞ്ഞതുമായ ബ്രഹ്മംതന്നെയാണ് ഞാൻ. സംശയമില്ല.

നിഷ്ക്കളങ്കം നിരാതങ്കം ത്രിവിധച്ഛേദവർജ്ജിതം
ആനന്ദമക്ഷരം മുക്തം ബ്രഹ്മൈവാസ്മീതി ഭാവയേൽ 894

കളങ്കമില്ലാത്തതും, ഭയമില്ലാത്തതും, കാലത്താലോ, ദേശത്താലോ, സ്വഭാവത്താലോ, പരിഛേദിക്കാൻ കഴിയാത്തതും, ആനന്ദസ്വരൂപവും, നാശരഹിതവും, സർവ്വോപാധികളിൽനിന്നും മുക്തവുമായ ബ്രഹ്മംതന്നെ ഞാൻ എന്നു ദൃഢമായി ധ്യാനിച്ചുറപ്പിക്കണം.

നിർവ്വിശേഷം നിരാഭാസം നിത്യമുക്തവിക്രിയം
പ്രജ്ഞാനൈകരസം സത്യം ബ്രഹ്മൈവാസ്മീതിഭാവയേൽ 895

യാതൊരുവിധത്തിലും വിശേഷിപ്പിക്കാൻ കഴിയാത്തതും, പ്രതിഭാസത്തോടുകൂടാത്തതും, നിത്യമുക്തവും, വികാരമില്ലാത്തതും, പ്രജ്ഞാനൈകരസസ്വരൂപവും, സത്യവുമായ ബ്രഹ്മമാകുന്നു ഞാൻ എന്നു ദൃഢമായി ധ്യാനിച്ചുറപ്പിക്കണം.

ശുദ്ധം ബുദ്ധം തത്വസിദ്ധം പരം പ്രത്യഗഖണ്ഡിതം
സ്വപ്രകാശം പരാകാശം ബ്രഹ്മൈവാസ്മീതീ ഭാവയേൽ 896

വിഷയസ്പർശമില്ലാത്തതിനാൽ ശുദ്ധവും, അജ്ഞാനബാധയില്ലാത്തതിനാൽ ബുദ്ധവും (ജ്ഞാനസ്വരൂപവും), പരമതത്വമായി സാക്ഷാൽകരിക്കാൻ കഴിയുന്നതും, അന്തർയ്യാമി സ്വരൂപേണ വിളങ്ങുന്നതും, ഉപാധികളാൽ പരിച്ഛേദിക്കപ്പെടാത്തതും, സ്വയം വിളങ്ങുന്നതും, ആകാശത്തെപ്പോലും അതിക്രമിച്ചതുമായ ബ്രഹ്മംതന്നെ ഞാൻ എന്നു ദൃഢമായി ധ്യാനിച്ചുറപ്പിക്കണം.

സുസൂക്ഷ്മമസ്തിതാമാത്രം നിർവ്വികല്പം മഹത്തമം
കേവലം പരമാദ്വൈതം ബ്രഹ്മൈവാസ്മീതിഭാവയേൽ 897

അത്യന്തസൂക്ഷ്മവും, ഉണ്മയാകുന്ന ഭാവത്തോടുകൂടിയതും, യാതൊരുവിധ കല്പങ്ങളുമില്ലാത്തതും, മഹത്തിൽവെച്ചു

മഹത്തും, നിരുപാധികവും, പരമ അദ്വൈതവുമായ ബ്രഹ്മം തന്നെ ഞാൻ എന്നു ദൃഢമായി ധ്യാനിച്ചുറപ്പിക്കണം.

ഇത്യേവം നിർവ്വികാരാദി ശബ്ദമാത്രസമർപ്പിതം
ധ്യായതഃ കേവലം വസ്തു ലക്ഷ്യേ ചിത്തം പ്രതിഷ്ഠതി 898

നിർവ്വികാരം തുടങ്ങിയ ലക്ഷണങ്ങളാൽ സൂചിപ്പിക്കപ്പെട്ട പരമാർത്ഥവസ്തുവായ ബ്രഹ്മത്തെ എപ്പോഴും ധ്യാനിക്കുന്ന സാധകന്റെ ചിത്തം കാലംകൊണ്ട് ലക്ഷ്യമായ ബ്രഹ്മത്തിൽ ഉറച്ചുനില്ക്കാനിടയായിത്തീരുന്നു.

43. നിർവ്വികല്പസമാധി

ബ്രഹ്മാനന്ദരസാവേശാദേകീഭൂയ തദാത്മനാ
വൃത്തേർ യാ നിശ്ചലാവസ്ഥാ സ സമാധിരകല്പകഃ 899

ബ്രഹ്മാനന്ദരസാനുഭൂതിയിൽ മുഴുകിക്കൊണ്ട് ബ്രഹ്മാകാര മായിത്തീർന്ന ബുദ്ധിവൃത്തിയുടെ നിശ്ചലാവസ്ഥയെയാണ് നിർവ്വികല്പസമാധിയെന്ന് പറയുന്നത്.

ഉത്ഥാനേവാപ്യനുത്ഥാനേƒപ്യപ്രമത്തോ ജിതേന്ദ്രിയഃ
സമാധിഷട്കം കുർവ്വീത സർവ്വദാ പ്രയതോ യതിഃ 900

സാധകൻ കിടക്കുമ്പോഴും നടക്കുമ്പോഴും എപ്പോഴും ജിതേന്ദ്രിയനും പ്രമാദം പറ്റാത്തവനുമായിട്ട് ശ്രദ്ധയോടുകൂടി ആറുവിധത്തിലുള്ള സമാധിയെ അഭ്യസിച്ചുക്കൊണ്ടിരിക്കണം. ദൃശ്യാനുവിദ്ധം, ശബ്ദാനുവിദ്ധം, നിർവികല്പം എന്നീ മൂന്നിവിധ സമാധികൾ ഹൃദയത്തിലും ബാഹ്യപ്രപഞ്ചത്തിലും അഭ്യസിക്കു ന്നതിനെയാണ് ആറുവിധ സമാധിയെന്നു പറഞ്ഞത്. പ്രസ്തുത ആറു സമാധികളും സാധകൻ അനുഷ്ഠിച്ചുകൊണ്ടിരിക്കണം.

വിപരീതാർത്ഥധീർ യാവന്ന നിശ്ശേഷം നിവർത്തതേ
സ്വരൂപസ്ഫുരണം യാവന്ന പ്രസിദ്ധ്യത്യനർഗ്ഗളം
താവൽ സമാധിഷ്ടകേന നയേൽ കാലം നിരന്തരം 901

അനാത്മവസ്തുക്കളിൽ സത്യബുദ്ധി നിശ്ശേഷം നിവർത്തിക്കുകയും ആത്മനിഷ്ഠ മുറിവില്ലാത്തതായിത്തീരുകയും ചെയ്യുന്നതുവരെ സാധകൻ ആറുവിധ സമാധികളേയും നിരന്തരം ശ്രദ്ധയോടുകൂടി അഭ്യസിച്ചുകൊണ്ടിരിക്കണം.

ന പ്രമാദോfത്ര കർത്തവ്യോ വിദുഷാ മോക്ഷമിച്ഛതാ
പ്രമാദേ ജൃംഭതേ മായാ സൂര്യാപായേ തമോ യഥാ 902

മുമുക്ഷുവായ വിദ്വാനൊരിക്കലും അലസനായിരിക്കരുത്. എപ്പോഴും ജാഗ്രതയോടെയിരിക്കണം. സൂര്യൻ മറഞ്ഞാൽ ഉടനെ ഇരുട്ട് വ്യാപിക്കുന്നതുപോലെ ഒരു നിമിഷനേരംപോലും ലക്ഷ്യത്തെ മറന്നാൽ ഉടനെ മായ വികസിക്കും. അതിനാൽ ലക്ഷ്യവിസ്മൃതിയാകുന്ന പ്രമാദം പറ്റാതെ വളരെ ജാഗ്രതയോടെ ഇരിക്കണം.

സ്വാനുഭൂതിം പരിത്യജ്യ ന തിഷ്ഠന്തി ക്ഷണം ബുധാഃ
സ്വാനുഭൂതൗ പ്രമാദോ യഃ സ മൃത്യുർ ന യമഃ സതാം 903

സ്വാനുഭൂതിയാകുന്ന ബ്രഹ്മനിഷ്ഠയെവിട്ടു വിവേകികൾ ക്ഷണനേരംപോലും സ്ഥിതിചെയ്യുന്നില്ല. സ്വാനുഭൂതിയിലുള്ള പ്രമാദത്തെ (ആത്മവിസ്മൃതിയെ)യാണ് സത്തുക്കൾ മൃത്യുവായിട്ട് കാണുന്നത്. അല്ലാതെ യമനെയല്ല. അതിനാൽ സ്വാനുഭൂതിയിൽ പ്രമാദം പറ്റാതിരിക്കാൻ നന്നെ മനസ്സിരുത്തണം.

അസ്മിൻ സമാധൗ കുരുതേ പ്രയാസം
യസ്തസ്യ നൈവാസ്തി പുനർവികല്പഃ
സർവ്വാത്മഭാവോƒപ്യമുനൈവ സിദ്ധ്യേൽ
സർവ്വാത്മഭാവഃ ഖലു കേവലത്വം. 904

ബ്രഹ്മനിഷ്ഠയാകുന്ന ഈ സമാധി അഭ്യസിക്കുന്നവന് പിന്നീടു ഒരുവിധ സംശയങ്ങളും ഉണ്ടാവുന്നില്ല. എല്ലാറ്റിനും അധിഷ്ഠാനമായ ആത്മാവാണ് താനെന്നുള്ള അനുഭവമുണ്ടായതിനാൽ സർവ്വാത്മഭാവത്തേയും അദ്ദേഹം പ്രാപിക്കുന്നു. സർവാത്മഭാവം (എല്ലാമായി വിളങ്ങുന്നതും ആത്മാവുതന്നെ) എന്ന അനുഭവമാണല്ലോ കൈവല്യം അഥവാ മുക്തി.

സർവ്വാത്മഭാവോ വിദുഷോ ബ്രഹ്മവിദ്യാഫലം വിദുഃ
ജീവന്മുക്തസ്യ തസ്യൈവ സ്വാനന്ദനുഭവഃ ഫലം. 905

വിദ്വാന് ബ്രഹ്മവിദ്യകൊണ്ടുണ്ടാവേണ്ട ഫലം സർവ്വാത്മഭാവമുണ്ടാവലാണ്. എല്ലാമാത്മാവായി കാണാൻ കഴിഞ്ഞാൽ അദ്ദേഹം ജീവന്മുക്തനായികഴിഞ്ഞു. തന്റെ പരമാർത്ഥസ്വരൂപമായ ആനന്ദത്തിന്റെ അനുഭൂതിയാണ് ജീവന്മുക്തികൊണ്ട് സാധിക്കേണ്ടതായ ഫലം.

യോƒഹം മമേത്യാദ്യാസദാത്മഗാഹകോ
ഗ്രന്ഥിർലയം യാതി സവാസനാമയഃ
സമാധിനാനശ്യതി കർമ്മബന്ധോ
ബ്രഹ്മാത്മബോധോƒപ്രതിബന്ധ ഇഷ്യതേ 906

സമാധിയിൽ ഞാനെന്നും എന്റേതെന്നുമുള്ളതും വാസനാസ്വരൂപവുമായ ഹൃദയഗ്രന്ഥി തീരെ അറ്റുപോകുന്നു. സമാധി അഭ്യസിക്കുന്നതുകൊണ്ട് കർമ്മബന്ധങ്ങൾ നശിക്കുകയും

ഞാൻ ബ്രഹ്മമാകുന്നു എന്ന അനുഭവം തടസ്ഥമറ്റതുമായി ത്തീരുന്നു.

ഏഷ നിഷ്ക്കണ്ടകഃ പന്ഥാ മുക്തേർബ്രഹ്മാത്മനാ സ്ഥിതേഃ
ശുദ്ധാത്മനാം മുമുക്ഷൂണാം യൽസദേകത്വദർശനം 907

ബ്രഹ്മവും ആത്മാവുമൊന്നുതന്നെയെന്നു ബോധിച്ചു ബ്രഹ്മം തന്നെയായിട്ടുള്ള സ്ഥിതിയാണ് മുക്തിക്കുള്ള സുഗമമാർഗ്ഗം. ബ്രഹ്മംതന്നെയാണ് താനെന്നുള്ള അനുഭവം കൊണ്ടുമാത്രമേ ഏകത്വദർശനം സാധിക്കുകയുള്ളു. ഏകമായ സദ്വസ്തുതന്നെ യാണ് എല്ലാമായി കാണപ്പെടുന്നതെന്ന ദൃഢബോധം കൊണ്ട് നാനാത്വത്തെ കാണുമ്പോഴും അവയുടെ അധിഷ്ഠാനമായ ബ്രഹ്മ ത്തെ കാണാൻ കഴിയും. അതിനാൽ ശുദ്ധാന്തഃക്കരണന്മാരായ മുമുക്ഷുക്കൾ എപ്പോഴും ബ്രഹ്മനിഷ്ഠയിൽതന്നെ ഇരിക്കുവാൻ അഭ്യസിക്കണം.

തസ്മാത്ത്വം ചാപ്യപ്രമത്തഃ സമാധീൻ
കൃത്വാ ഗ്രന്ഥിം സാധുനിർദഹ്യ യുക്തഃ
നിത്യം ബ്രഹ്മാനന്ദപീയൂഷസിന്ധൗ
മജ്ജൻ ക്രീഡൻ മോദമാനോ രമസ്വ 908

അതിനാൽ നീ പ്രമാദം കൂടാതെ സവികല്പനിർവ്വികല്പസമാധി കളെ അഭ്യസിച്ച് മോഹംകൊണ്ടുണ്ടായിത്തീർന്നതും ശരീരാദിക ളിൽ ഞാനെന്ന ഭാവത്തെ നിലനിർത്തുന്നതുമായ ഹൃദയഗ്രന്ഥി യെ നശിപ്പിക്കണം. കുറേക്കാലം നിഷ്ഠയോടുക്കൂടിയുള്ള സമാധ്യാഭ്യാസംകൊണ്ട് അതു സാധിക്കും. ഹൃദയഗ്രന്ഥിയെ നശിപ്പിക്കാൻ കഴിഞ്ഞാൽ നീ രക്ഷപ്പെട്ടു. പിന്നെ എപ്പോഴും ബ്രഹ്മാനന്ദാമൃതസമുദ്രത്തിൽ മുങ്ങിപ്പൊങ്ങിക്കൊണ്ടും നീന്തി ക്കളിച്ചുകൊണ്ടും സന്തോഷത്തോടുകൂടി സുഖിച്ചാലും.

44. ജീവബ്രഹ്മൈക്യം

നിർവ്വികല്പസമാധിർയോ വൃത്തിനൈശ്ചല്യലക്ഷണാ
തമേവ യോഗ ഇത്യാഹുർയോഗശാസ്ത്രാർത്ഥകോവിദാഃ909

ചിത്തവൃത്തിയുടെ പരമനിശ്ചലാവസ്ഥയാണ് നിർവ്വികല്പ സമാധിയുടെ ലക്ഷണം. യോഗശാസ്ത്രത്തിന്റെ അർത്ഥമറിയുന്ന പണ്ഡിതന്മാർ അതിനെത്തന്നെയാണ് യോഗമെന്നു പറയുന്നത്. 'യോഗശ്ചിത്തവൃത്തിനിരോധഃ' (യോഗമെന്നത് ചിത്തവൃത്തിയെ നിരോധിക്കലാണ്) എന്നാണല്ലോ യോഗശാസ്ത്രം ആരംഭിക്കുന്നത്.

അഷ്ടാവംഗാനി യോഗസ്യ യമോ നിയമ ആസനം
പ്രാണായമസ്തഥാ പ്രത്യാഹാരശ്ചാപി ച ധാരണാ
ധ്യാനം സമാധിരിത്യേവ നിഗദന്തി മനീഷിണഃ 910

വിദ്വാന്മാർ യോഗത്തിന് എട്ടംഗങ്ങളെ പറയാറുണ്ട്. അവ യമം, നിയമം, ആസനം, പ്രാണായാമം, പ്രത്യാഹാരം, ധാരണ, ധ്യാനം, സമാധി എന്നിവയാണ്. എട്ടംഗങ്ങളോടുകൂടിയതായതുകൊണ്ടാണ് അഷ്ടാംഗയോഗമെന്നുപറയുന്നത്.

സർവ്വം ബ്രഹ്മേതി വിജ്ഞാനാദിന്ദ്രിയഗ്രാമസംയമഃ
യമോƒയമിതി സംപ്രോക്തോƒഭ്യസനീയോ മുഹുർമുഹുഃ911

എല്ലാം ബ്രഹ്മമാണെന്നുള്ള അറിവുകൊണ്ട് ഇന്ദ്രിയങ്ങളെ അടക്കലിനെയാണ് യമമെന്നു പറയുന്നത്. എല്ലാം ബ്രഹ്മമാണെന്നു ബോദ്ധ്യമായാൽ ശബ്ദാദിവിഷയഗ്രഹണത്തിന്റെ ആവശ്യമില്ലാതാവുകയും അതുകൊണ്ട് ഇന്ദ്രിയങ്ങൾ സ്വാഭാവികമായിതന്നെ അടങ്ങുകയും ചെയ്യും. എല്ലാം ബ്രഹ്മം തന്നെയെന്നു വീണ്ടും വീണ്ടും ചിന്തിച്ച് ഇന്ദ്രിയങ്ങൾ വിഷയങ്ങളി

ലേക്കു പോകുമ്പോഴെല്ലാം അവയെ അടക്കുന്ന സമ്പ്രദായത്തെ യാണ് 'യമം' എന്നു പറയുന്നത്. ഇന്ദ്രിയങ്ങൾ സമ്പൂർണ്ണമായി അടങ്ങുന്നതുവരെ യമം വീണ്ടും വീണ്ടും അഭ്യസിച്ചുകൊണ്ടി രിക്കണം.

സജാതീയ പ്രവാഹശ്ച വിജാതീയതിരസ്കൃതിഃ
നിയമോ ഹി പരാനന്ദോ നിയമാൽ ക്രിയതേ ബുധൈഃ 912

എല്ലാം ബ്രഹ്മമാകുന്നു എന്ന അനുഭവത്തിന്നനുകൂലമായ ചിന്താഗതിയുടെ പ്രവാഹവും അതിന്നു വിരുദ്ധമായ ചിന്താ ഗതിയുടെ തിരസ്കാരവുമാണ് നിയമം. അഹം ബ്രഹ്മാസ്മി (ഞാൻ ബ്രഹ്മമാകുന്നു), സർവ്വം ഖല്വിദം ബ്രഹ്മ (ഇതെല്ലാം ബ്രഹ്മം തന്നെ) എന്നെല്ലാമുള്ള ശ്രുതിവാക്യങ്ങൾക്കനുകൂലമായ ചിന്താഗതിയെ വളർത്താലും പ്രതികൂലചിന്താഗതിയെ അകറ്റ ലും തന്നെ 'നിയമം'. ഈ നിയമത്തെ അനുഷ്ഠിക്കുന്നതുകൊണ്ടു തന്നെ പരമാനന്ദം അനുഭവപ്പെടും. അതിനാൽ വിദ്വാന്മാർ വളരെ ശ്രദ്ധയോടുകൂടി അനുഷ്ഠിക്കുന്ന ഒന്നാണ് ഈ 'നിയമം'.

സുഖേനൈവ ഭവേദ്യസ്മിന്നജസ്രം ബ്രഹ്മചിന്തനം
ആസനം തദ്വിജാനീയാദിതരം സുഖനാശനം 913

സുഖമായും മുറിവില്ലാതേയും ബ്രഹ്മചിന്തനം സാധിക്കുന്നത് എങ്ങിനെ ഇരുന്നാലാണോ അതിനെയാണ് 'ആസനം' എന്നു പറയുന്നത്. ബ്രഹ്മചിന്തനത്തിന്നനുകൂലമായ ഇരിപ്പാണ് ആസനം. അതിന് പറ്റാത്ത ഇരിപ്പ് സുഖത്തെ നശിപ്പിക്കുന്ന തുമാണ്.

ചിത്താദി സർവ്വഭാവേഷു ബ്രഹ്മത്വേനൈവ ഭാവനാൽ
നിരോധഃ സർവ്വവൃത്തീനാം പ്രാണായാമഃ സ ഉച്യതേ 914

ചിത്തവും ചിത്തവൃത്തികളുമെല്ലാം ബ്രഹ്മമാണ് എന്ന ദൃഢ ഭാവനകൊണ്ട് എല്ലാ വൃത്തികളേയും അടക്കുന്ന അനുഷ്ഠാന ത്തെയാണ് പ്രാണായാമമെന്നു പറയുന്നത്.

നിഷേധനം പ്രപഞ്ചസ്യ രേചകാഖ്യഃ സമീരണഃ
ബ്രഹ്മൈവാസ്മീതി യാ വൃത്തിഃ പൂരകോ വായുരീരിതഃ 915

തതസ്തദ്വൃത്തിനൈശ്ചല്യം കുംഭകഃ പ്രാണസംയമഃ

രേചകം, പൂരകം, കുംഭകം എന്നീ മൂന്നംഗങ്ങളോടുകൂടിയതാണല്ലോ പ്രാണായാമം. പ്രപഞ്ചം മിഥ്യയാണെന്നറിഞ്ഞു നിഷേധിക്കലാണ് രേചകം. ഞാൻ ബ്രഹ്മംതന്നെയെന്നുള്ള ചിത്തവൃത്തിപ്രവാഹം പൂരകമാണ്. ഞാൻ ബ്രഹ്മമാകുന്നു എന്ന വൃത്തിയുടെ നിശ്ചലാവസ്ഥ കുംഭകവുമാണ്. പ്രപഞ്ചത്തെ രേചകത്തിലൂടെ നിഷേധിച്ചു ഞാൻ ബ്രഹ്മമാകുന്നു എന്ന വൃത്തിയെ പൂരകത്തിലൂടെ നിറച്ച് ആ വൃത്തിയുടെ നിശ്ചലത യെ നിലനിർത്തലാകുന്ന കുംഭകത്തെയും അഭ്യസിക്കുന്ന സമ്പ്രദായമാണ് പ്രാണായാമം.

അയം ചാപി പ്രബുദ്ധാനാമജ്ഞാനം ഘ്രാണപീഡനം 916

വിവേകികളുനുഷ്ഠിക്കുന്ന പ്രാണായമസമ്പ്രദായത്തെയാണ് മുകളിൽ വിവരിച്ചത്. ഇപ്രകാരമുള്ള പ്രണായാമാഭ്യാസം കൊണ്ടേ വേണ്ടത്ര പ്രയോജനമുണ്ടാവൂ. മൂക്കിനെ വേദനിപ്പി ച്ചുകൊണ്ടുള്ള പ്രാണായാമം അജ്ഞന്മാരുടെ അനുഷ്ഠാനമാണ്.

വിഷയേഷ്വാത്മതാം ത്യക്ത്വാ മനസശ്ചിതിമജ്ജനം
പ്രത്യാഹാരഃ സവിജ്ഞേയോ ƒഭ്യസനീയോ മുമുക്ഷുഭിഃ 917

ശബ്ദാദി വിഷയങ്ങളിൽ സത്യബുദ്ധിയെ ഉപേക്ഷിച്ച് മനസ്സിനെ ജ്ഞാനസ്വരൂപനായ ആത്മാവിൽ ലയിപ്പിക്കലാണ് പ്രത്യാഹാരം.

യത്ര യത്ര മനോ യാതി ബ്രഹ്മണസ്തത്രദർശനാൽ
മനസോ ധാരണം ചൈവ ധാരണാ സാ പരാ മതാ 918

എവിടെയെല്ലാം മനസ്സു സഞ്ചരിക്കുന്നുവോ അവിടെയെല്ലാം ബ്രഹ്മത്തെ കാണാൻ കഴിഞ്ഞാൽ മനസ്സിന്റെ ചഞ്ചലത അടങ്ങി അതു ഒരിടത്തുതന്നെ ഉറച്ചുനിൽക്കാൻ തുടങ്ങും. ഈ അനുഷ്ഠാനത്തെയാണ് ഉൽകൃഷ്ടയായ ധാരണയെന്നു പറയുന്നത്.

ബ്രഹ്മൈവാസ്മീതി സദ്വൃത്ത്യാ നിരാലംബതയാ സ്ഥിതിഃ
ധ്യാനശബ്ദേന വിഖ്യാതാ പരമാനന്ദദായിനീ 919

ഞാൻ ബ്രഹ്മംതന്നെയാകുന്നു എന്ന ജ്ഞാനംകൊണ്ട് ബാഹ്യമോ ആന്തരമോ ആയ ഒന്നിനേയുമവലംബിക്കാതെയുള്ള സ്ഥിതിയെയാണ് ധ്യാനമെന്നു പറയുന്നത്. ഈ വിധത്തിലുള്ള ധ്യാനം പരമാനന്ദത്തെ പ്രദാനംചെയ്യുന്നതാണ്.

നിർവ്വികാരതയാ വൃത്ത്യാ ബ്രഹ്മാകാരതയാ പുനഃ
വൃത്തിവിസ്മരണം സമ്യക് സമാധിർ ധ്യാനസംജ്ഞികഃ 920

യാതൊരു വികാരവുമില്ലാത്തതും പരമനിർമ്മലവും ബ്രഹ്മാകാരവുമായ (ഞാൻ ബ്രഹ്മമാകുന്നു എന്നീ രുപത്തിലുള്ള) വൃത്തിയെ വീണ്ടും വീണ്ടും അഭ്യസിച്ചതിന്റെ ഫലമായി അവസാനത്തിൽ ബ്രഹ്മാകാരവൃത്തിയെകൂടി തീരെ മറക്കുന്നതിനെയാണ് സമാധിയെന്നു പറയുന്നത്. ധ്യാനിക്കുന്നവൻ, ധ്യേയവസ്തു, ധ്യാനം എന്ന ത്രിപുടികൂടി അടങ്ങുന്ന അവസ്ഥയാണ്

സമാധി. സർവ്വവിധവൃത്തികളുടേയും വിലയം സംഭവിക്കുന്നു സമാധിയിൽ.

45. യോഗവിഘ്നങ്ങൾ

സമാധൗ ക്രിയമാണേ തു വിഘ്നാ ഹ്യായാന്തി വൈ ബലാൽ
അനുസന്ധാനരാഹിത്യമാലസ്യം ഭോഗലാലസം 921

ഭയം തമശ്ച വിക്ഷേപസ്തേജസ്സ്പന്ദശ്ചശൂന്യതാ 922

സമാധി അഭ്യസിക്കുന്ന സമയത്തു പലവിധവിഘ്നങ്ങളും ബലാൽക്കാരമായി സാധകനെ ബാധിക്കും. ബ്രഹ്മാനുസന്ധാനം ചെയ്യാൻ കഴിയായ്മ. അലസത, വിഷയങ്ങളിലാഗ്രഹം, ഭയം, അജ്ഞാനം, വിക്ഷേപം, പ്രകാശസ്ഫുരണം, ശൂന്യതാ എന്നിവ യാണ് സാധരണ സമാധിക്കു വിഘ്നങ്ങളായി സാധകനെ തടസ്ഥപ്പെടുത്തുന്നത്.

ഏവം യദ്വിഘ്നബാഹുല്യം ത്യാജ്യം തൽ ബ്രഹ്മവിജ്ജനൈഃ
വിഘ്നാനേതാൻ പരിത്യക്ത്വാ പ്രമാദരഹിതോ വശീ
സമാധിനിഷ്ഠയാ ബ്രഹ്മ സാക്ഷാൽ ഭവിതുമർഹസി 923

ഈ വിധത്തിലുണ്ടാവുന്ന വിഘ്നങ്ങളെയെല്ലാം ജ്ഞാനി അതിക്രമിക്കുകതന്നെ വേണം. ഈ തടസ്ഥങ്ങളെയെല്ലാം അകറ്റി പ്രമാദം കൂടാതെ അത്യന്തം ശ്രദ്ധാലുവും ഇന്ദ്രിയ മനോബുദ്ധികളെ അടക്കിയവനുമായിട്ട് എപ്പോഴും സമാധി നിഷ്ഠയെത്തന്നെ അഭ്യസിച്ചുകൊണ്ടിരിക്കുന്ന സാധകൻ കാലം കൊണ്ട് സാക്ഷാൽ ബ്രഹ്മംതന്നെ ആയിത്തീരുന്നു.

46. സ്വാനുഭൂതി

ഇതി ഗുരുവചനാൽ ശ്രുതിപ്രമാണാൽ
പരമവഗമ്യ സ്വതത്വമാത്മയുക്ത്യാ
പ്രശമിതകരണഃ സമാഹിതാത്മാ
ക്വചിദചലാകൃതിരാത്മനിഷ്ഠിതോƒഭൂൽ 924

ഇങ്ങിനെ വേദത്തെ പ്രമാണികരിച്ചുകൊണ്ടുള്ള സൽഗുരുവിന്റെ ഉപദേശത്താൽ തന്റെ പരമാർത്ഥസ്വരൂപമായ പരമാത്മഭാവത്തെ ശിഷ്യനറിയാൻ കഴിഞ്ഞു. ഗുരു ഉപദേശിച്ച തത്വത്തെ ശ്രുതിസിദ്ധാന്തത്തിനനുസരിച്ചു ഏകാഗ്രമായി വിചാരംചെയ്തു ശിഷ്യന്റെ പ്രജ്ഞ അനാത്മവസ്തുക്കളെയെല്ലാം വിട്ട് ആത്മാവിൽ ചെന്നുമുട്ടി. ആത്മതത്വത്തെ അറിഞ്ഞതോടെ ശിഷ്യന്റെ കരണങ്ങളെല്ലാമടങ്ങി. ചിത്തം സകലവൃത്തികളുമടങ്ങി ഉപശമത്തെ പ്രാപിച്ചതിനാൽ കുറെ അധികം കാലം ആത്മനിഷ്ഠനായി അഥവാ ആത്മസ്വരൂപിയായി പരമനിശ്ചലനായി സമാധിയിലുറച്ചിരുന്നു. അങ്ങിനെയുള്ള നിർവ്വികല്പസമാധിയിൽ കാലഭുക്തിയില്ലാത്തതിനാൽ എത്രകാലമാണ് ആത്മനിഷ്ഠനായിരുന്നതെന്നു പറയാത്തതാണ്.

ബഹുകാലം സമാധായ സ്വസ്വരൂപേ തു മാനസം
ഉത്ഥായ പരമാനന്ദാൽ ഗുരുമേത്യ പുനർമുദാ
പ്രണാമ പൂർവ്വകം ധീമാൻ സ ഗൽഗദമുവാച ഹ 925

തന്റെ പരമാർത്ഥസ്വരൂപമായ ആത്മാവിൽ മനസ്സിനെ ഉറപ്പിച്ചുകൊണ്ട് വളരെക്കാലം സമാധിനിഷ്ഠയിൽ മുഴുകിക്കൊണ്ടിരുന്നു. പരമാനന്ദസ്വരൂപമായ സമാധിയിൽനിന്നുണർന്നതിനുശേഷം സന്തോഷത്തോടുകൂടി ഗുരുവിനെ സമീപിച്ച്

അദ്ദേഹത്തിന്റെ പാദങ്ങളിൽ ഭക്തിപൂർവ്വം നമസ്കരിച്ച് ഗൽഗദ കണ്ഠത്തോടെ ഇങ്ങിനെ പറയാൻ തുടങ്ങി.

നമോ നമസ്തേ ഗുരവേ നിത്യാനന്ദസ്വരൂപിണേ
മുക്തസംഗായ ശാന്തായ ത്യക്താഹന്തായ തേ നമഃ 926

ദയാധാമ്നേ നമോഭൂമ്നേ മഹിമ്നഃ പരമസ്യ തേ
നൈവാസ്തിയൽ കടാക്ഷേണ ബ്രഹ്മൈവാഭവമദ്വയം 927

നിത്യാനന്ദസ്വരൂപനായ ഗുരുവിന്നു വീണ്ടുംവീണ്ടും നമസ്കാരം. സകലവിധ സംഗങ്ങളിൽനിന്നും നിവർത്തിച്ചവനും, ശാന്തനും, അഹംകാരത്തെ ഉപേക്ഷിച്ചവനുമായ അവിടുത്തേക്ക് നമസ്കാരം. കാരുണ്യത്തിന്റെ ഇരിപ്പിടമായ അവിടുത്തെ മഹിമക്കവസാനമില്ല. അവിടുത്തെ കാരുണ്യകടാക്ഷംകൊണ്ടാണല്ലോ ഞാൻ അദ്വിതീയായ ബ്രഹ്മംതന്നെയായിത്തീർന്നത്.

കിം കരോമി ക്വ ഗച്ഛാമി കിം ഗൃഹ്ണാമി ത്യജാമി കിം
യന്മയാ പൂരിതം വിശ്വം മഹാകല്പാംബുനാ യഥാ 928

പ്രളയകാലത്ത് ലോകം മുഴുവൻ നിറയുന്നതുപോലെ ബ്രഹ്മസ്വരൂപനായ എന്നാൽ ഈ ജഗത്തു മുഴുവൻ നിറയപ്പെട്ടിരിക്കുന്നു. അതിനാൽ ഞാൻ എന്തുചെയ്യണമെന്നോ, എങ്ങോട്ടു പോകണമെന്നോ എന്തിനെ സ്വീകരിക്കണമെന്നോ, എന്തിനെ ഉപേക്ഷിക്കണമെന്നോ അറിയുന്നില്ല.

മയി സുഖബോധപയോധൗ
മഹതി ബ്രഹ്മാണ്ഡബുൽബുദസഹസ്രം
മായാമയേന മരുതാ
ഭൂത്വാ ഭൂത്വാ പുനസ്തിരോധത്തേ 929

കാറ്റടിക്കുമ്പോൾ സമുദ്രത്തിൽ പലേ കുമിളകളുമുണ്ടായി നിലനിന്ന് ലയിക്കാറുണ്ടല്ലോ. അതുപോലെ ഞാനാകുന്ന ജ്ഞാനാനന്ദമഹാസമുദ്രത്തിൽ മായയാകുന്ന കാറ്റു വീശുമ്പോൾ ആയിരിക്കണക്കിന് ബ്രഹ്മാണ്ഡങ്ങളാകുന്ന കുമിളകൾ ഉണ്ടായി ലയിക്കുന്നു.

നിത്യാനന്ദസ്വരൂപോഹമാത്മാഹം ത്വദനുഗ്രഹാൽ
പൂർണ്ണോഹമനവദ്യോഹം കേവലോഹം ച സൽഗുരോ 930

അല്ലയോ സൽഗുരോ, അവിടുത്തെ അനുഗ്രഹംകൊണ്ട് ഞാൻ നിത്യാനന്ദസ്വരൂപനും, യാതൊരു വിധ ദോഷവുമില്ലാത്തവനും, നിരുപാധികനുമായ ആത്മാവായിത്തീർന്നു കഴിഞ്ഞു. അവിടുത്തെ അനുഗ്രഹത്തിന്റെ മഹിമ എന്നല്ലാതെ എന്തു പറയട്ടെ.

ആകർത്താഹമഭോക്താഹമവികാരോ ƒഹമക്രിയഃ
ആനന്ദഘന ഏവാഹമസംഗോഹം സദാശിവഃ 931

യാതൊന്നും ചെയ്യാനില്ലാത്തതിനാൽ ഞാൻ അകർത്താവും, ഒന്നും അനുഭവിക്കാനില്ലാത്തതിനാൽ ഞാൻ അഭോക്താവുമാണ്. എനിക്ക് വികാരങ്ങളോ കർമ്മങ്ങളോ ഇല്ല. ആനന്ദഘനസ്വരൂപനും, പരമനിസ്സംഗനും, എപ്പോഴും മംഗളസ്വരൂപനായി വിളങ്ങുന്നവനുമാണ് ഞാൻ.

ത്വൽക്കടാക്ഷവരചാന്ദ്രചന്ദ്രികാ–
പാതധൂതഭവതാപജഃ ശ്രമഃ
പ്രാപ്തവാനഹമഖണ്ഡവൈഭവാ–
നന്ദമാത്മപദമക്ഷയം ക്ഷണാൽ 932

അവിടുത്തെ കടാക്ഷമാകുന്ന കുളിർനിലാവേറ്റതിനാൽ സംസാരതാപംകൊണ്ട് എനിക്കുണ്ടായിരുന്ന ക്ലേശം തീരെ മാറി. മുറിവില്ലാത്തെ ആനന്ദത്തെ പ്രദാനംചെയ്യുന്നതും, അപാരമഹിമ യോടുകൂടിയതും, ക്ഷയമില്ലാത്തതുമായ ആത്മപദത്തെ എത്ര വേഗത്തിലാണ് എനിക്ക് പ്രാപിക്കാൻ കഴിഞ്ഞത്. അവിടുത്തെ കാരുണ്യകടാക്ഷത്തിന്റെ മഹിമ.

ഛായയാ സ്പൃഷ്ടമുഷ്ണം വാ ശീതം വാ ദുഷ്ടു സുഷ്ടു വാ
ന സ്പൃശത്യേവ യൽ കിഞ്ചിൽ പുരുഷം തദ്വിലക്ഷണം 933

നിഴൽ ചൂടുള്ള വസ്തുക്കളെ തൊട്ടാൽ ചൂടോ, തണുപ്പുള്ള വസ്തുക്കളെ തൊട്ടാൽ തണുപ്പോ, നല്ലതോ, ചീത്തയോ, ആയ വസ്തുക്കളെ സ്പർശിച്ചാൽ അവയുടെ നന്മതിന്മയോ, നിഴലിൽ നിന്നു വേറെയായ പുരുഷനെ സ്പർശിക്കുന്നില്ലല്ലോ. അപ്രകാരം ശരീരാദികളുടെ ധർമ്മങ്ങൾ ആത്മാവായ എന്നെ സ്പർശിക്കു ന്നില്ല.

ന സാക്ഷിണം സാക്ഷ്യധർമ്മാ ന സ്പൃശന്തി വിലക്ഷണം
അവികാരമുദാസീനം ഗൃഹധർമ്മാഃ പ്രദീപവൽ 934

ഗൃഹത്തിനകത്ത് എന്തെല്ലാം നടന്നാലും അതൊന്നും എല്ലാ പ്രവർത്തികളേയും കണ്ടുംകൊണ്ടും പ്രകാശിപ്പിച്ചുകൊണ്ടുമിരി ക്കുന്ന വിളക്കിനെ സ്പർശിക്കാത്തതുമാതിരി സാക്ഷിയായ ആത്മാവിനെ തന്റെ ദൃശ്യങ്ങളായ ബുദ്ധി, മനസ്സ്, ഇന്ദ്രിയങ്ങൾ, പ്രാണങ്ങൾ, ശരീരം എന്നിവയുടെ ധർമ്മങ്ങൾ സ്പർശിക്കുന്നില്ല. എന്തെന്നാൽ സാക്ഷിയായ ആത്മാവ് ദൃശ്യങ്ങളിൽനിന്നെല്ലാം വേറെയാണല്ലോ.

രവേർയഥാ കർമ്മണി സാക്ഷിഭാവോ
വഹ്നേർയഥാ വായസി ദാഹകത്വം

രജ്ജ്വാർയഥാരോപിത വസ്തുസംഗ–
സ്തഥൈവ കൂടസ്ഥചിദാത്മനോ മേ 935

ലോകത്തിൽ നടക്കുന്ന കർമ്മങ്ങൾക്കെല്ലാം സൂര്യനെന്ന പോലെ മനോബുദ്ധീന്ദ്രിയശരീരങ്ങളുടെ വ്യവഹാരങ്ങൾക്കും ഞാൻ സാക്ഷിയാണ്. ചുട്ടുപഴുപ്പിച്ച ഇരുമ്പിനു ദഹിപ്പിക്കാനുള്ള ശക്തിയുണ്ടാവുന്നതുപോലെ ആത്മാവായ എന്റെ വ്യാപ്തി കൊണ്ടാണ് ജഡങ്ങളായ ശരീരാദി ദൃശ്യവസ്തുക്കൾ ചേഷ്ടിക്കുന്നത്. പഴുപ്പിച്ച ഇരുമ്പിൽ വ്യാപിച്ച അഗ്നി ഞാൻ ദാഹകനാണെന്നഭിമാനിക്കാത്തതുപോലെ ശരീരാദികളിൽ വ്യാപിച്ച ഞാനും അവയുടെ ചേഷ്ടകളിൽ അഭിമാനിക്കുന്നില്ല. കയറിൽ ആരോപിക്കപ്പെട്ട പാമ്പിനോടു കയറിന് ചേർച്ചയില്ലാത്തതു പോലെ ആത്മാവായ എന്നിൽ ആരോപിക്കപ്പെട്ട ശരീരാദി ദൃശ്യങ്ങളോട് നിർവികാരനും ജ്ഞാനസ്വരൂപനുമായ എനിക്കു യാതൊരു സംബന്ധവുമില്ല. സൂര്യൻ കർമ്മങ്ങളോടും അഗ്നി ഇരുമ്പിനോടും, കയറ് തന്നിൽ ആരോപിക്കപ്പെട്ട പാമ്പിനോടും ബന്ധപ്പെടാത്തതുമാതിരി ആത്മാവായ ഞാൻ എന്നിൽ ആരോപിക്കപ്പെട്ട ദൃശ്യവസ്തുക്കളോടും ബന്ധപ്പെടുന്നില്ല.

ഇത്യുക്ത്വാ സ ഗുരും സ്തുത്വാ പ്രശ്രയേണ കൃതാനതിഃ
മുമുക്ഷോരുപകാരായ പ്രഷ്ടവ്യാംശമപൃച്ഛത 936

ഇങ്ങിനെ തന്റെ അനുഭൂതിയെ വിളംബരം ചെയ്തുകൊണ്ട് ഗുരുവിനെ ഭക്തിപൂർവ്വം സ്തുതിക്കുകയും വിനയത്തോടുകൂടി അദ്ദേഹത്തിന്റെ തൃപ്പാദങ്ങളിൽ വീണ്ടും വീണ്ടും നമസ്കരിക്കുകയും ചെയ്തതിനുശേഷം ശിഷ്യൻ മുമുക്ഷുക്കൾക്കത്യന്തം പ്രയോജനകരമായ ഒരു ചോദ്യത്തെ ചോദിച്ചു.

ജീവന്മുക്തസ്യ ഭഗവന്നനുഭൂതേശ്ച ലക്ഷണം
വിദേഹമുക്തസ്യ ച മേ കൃപയാ ബ്രൂഹി തത്വതഃ 937

ശിഷ്യൻ ചോദിക്കുകയാണ്. അല്ലയോ ഭഗവാനേ ജീവന്മുക്തന്റെയും വിദേഹമുക്തന്റെയും അവരുടെ അനുഭൂതിയുടേയും ലക്ഷണങ്ങൾ വിസ്തരിച്ചു കേട്ടാൽക്കൊള്ളാമെന്നുണ്ട്. പറഞ്ഞു തരുവാൻ കാരുണ്യമുണ്ടാവണം.

47. സപ്തഭൂമികകൾ

ശ്രീഗുരുഃ

വക്ഷ്യേ തുഭ്യം ജ്ഞാനഭൂമികായാ
ലക്ഷണമാദിതഃ
ജ്ഞാതേയസ്മിംസ്ത്വയാസർവ്വം
ജ്ഞാതം സ്യാൽ പൃഷ്ടമദ്യ യൽ 938

ശിഷ്യന്റെ ചോദ്യത്തിന് ശ്രീഗുരു മറുപടി പറയാൻ തുടങ്ങി. ആദ്യമായി ഞാൻ ജ്ഞാനഭൂമികളുടെ ലക്ഷണം പറഞ്ഞുതരാം. അതറിഞ്ഞാൽ ഇപ്പൊളെന്നോട് ചോദിച്ച കാര്യങ്ങളെല്ലാമറിയാറായിത്തീരും. ജ്ഞാനഭൂമികളെ മനസ്സിലാക്കാൻ കഴിഞ്ഞാൽ ജീവന്മുക്തന്റെയും വിദേഹമുക്തന്റെയും അവരുടെ അനുഭൂതിയുടേയും സ്വഭാവം മനസിലാകും.

ജ്ഞാനഭൂമിഃ ശുഭേച്ഛാ സ്യാൽ പ്രഥമാ സമുദീരിതാ
വിചാരണാ ദ്വിതീയാ തു തൃതീയാ തനുമാനസീ 939

സത്വാപത്തിശ്ചതുർത്ഥീ സ്യാത്തതോƒസംസക്തിനാമികാ
പദാർത്ഥഭാവനാ ഷഷ്ഠീ സപ്തമീ തുര്യഗാ സ്മൃതാ 940

ശുഭേച്ഛയാണ് ഒന്നാമത്തെ ജ്ഞാനഭൂമികയായി പറയപ്പെട്ടു വരുന്നത്. വിചാരണ രണ്ടാമത്തെ ഭൂമികയും, തനുമാനസി മൂന്നാമത്തെ ഭൂമികയുമാണ്. നാലാമത്തെ ഭൂമിക സത്വാപത്തി യും അഞ്ചാമത്തേത് അസംസക്തി എന്ന പേരോടുകൂടിയതു മാണ്. പദാർത്ഥഭാവനയെന്നാണ് ആറാമത്തെ ഭൂമികക്ക് പേർ. ഏഴാമത്തെ ജ്ഞാനഭൂമിക തുര്യഗയെന്ന പേരിലാണറിയപ്പെട്ടു വരുന്നത്.

സ്ഥിതഃ കിം മൂഢ ഏവാസ്മി
പ്രേക്ഷ്യോfഹം ശാസ്ത്രസജ്ജനൈഃ
വൈരാഗ്യപൂർവ്വമിച്ഛേതി
ശുഭേച്ഛാ ചോച്യതേ ബുധൈഃ 941

ഞാൻ അജ്ഞാനിയായി എത്രകാലമാണ് നഷ്ടപ്പെടുത്തിയത്. ഇത്രകാലമായിട്ടും എന്റെ അജ്ഞാനം നശിച്ചില്ലല്ലോ. ഇനിയെ ങ്കിലും അധ്യാത്മശാസ്ത്രവാക്യങ്ങളെ ഗ്രഹിച്ചനുഷ്ഠിച്ചും സജ്ജന ങ്ങളെ ആശ്രയിച്ചും അജ്ഞാനനാശത്തിനും ജ്ഞാനപ്രാപ്തി ക്കും വേണ്ടി ഞാൻ ശ്രമിക്കുന്നുണ്ട്. ഇപ്രകാരം വൈരാഗ്യ ത്തോടുകൂടിയുള്ള മോക്ഷേച്ഛയാണ് ശുഭേച്ഛ എന്ന ആദ്യത്തെ ജ്ഞാനഭൂമികയെന്ന് വിദ്വാന്മാർ പറയുന്നു

ശാസ്ത്രസജ്ജനസമ്പർക്കവൈരാഗ്യാഭ്യാസപൂർവ്വകം
സദാചാരപ്രവർത്തിർ യാ പ്രോച്യതേ സാ വിചാരണാ 942

അധ്യാത്മശാസ്ത്രങ്ങളോടും ജ്ഞാനികളായ സജ്ജനങ്ങളോടു മുള്ള സമ്പർക്കവും തീവ്രവൈരാഗ്യവും കുറച്ചുകാലമഭ്യസിക്കു മ്പോൾ ആ സാധകന് സൽക്കർമ്മങ്ങളെക്കൊണ്ടു മാത്രമേ സദ്വാസനകൾ വളരൂ എന്നും സദ്വാസനകൊണ്ടേ ചിത്തശുദ്ധി വന്നു ജ്ഞാനം പ്രകാശിക്കുകയുള്ളൂ എന്നും ബോദ്ധ്യംവരും.

അത് ഹേതുവായിട്ട് സദാചാരനിഷ്ഠമായ ഒരു ജീവിതം നയിക്കാൻ തുടങ്ങും. അതാണ് വിചാരണയെന്ന രണ്ടാമത്തെ ഭൂമിക.

വിചാരണാശുഭേച്ഛാഭ്യാമിന്ദ്രിയാർത്ഥേഷ്വരക്തതാ
യത്ര സാ തനുതാമേതി പ്രോച്യതേ തനുമാനസീ 943

ശുഭേച്ഛയും വിചാരണയുമാകുന്ന ആദ്യത്തെ രണ്ട് ഭൂമികകൾ കുറച്ചുകാലം ശ്രദ്ധയോടുകൂടി അഭ്യസിക്കുമ്പോൾ ഇന്ദ്രിയങ്ങളുടെ വിഷയങ്ങളായ ശബ്ദാദികളിലുള്ള താല്പര്യം കുറഞ്ഞുവരാൻ തുടങ്ങും. അതാണ് മൂന്നാമത്തെ ഭൂമികയായ തനുമാനസിയുടെ ലക്ഷണം. വിഷയങ്ങളിലുള്ള താല്പര്യമാണ് മനസ്സിനെ പോഷിപ്പിക്കുന്നത്. അവയിൽ താല്പര്യം കുറയും തോറും മനസ്സും സൂക്ഷ്മമായിത്തീരും. അങ്ങിനെ മനസ്സ് സൂക്ഷ്മതയെ പ്രാപിക്കുന്നതുകൊണ്ടാണ് ഈ ഭൂമികക്ക് തനുമാനസീ എന്ന പേരുവരാൻ കാരണം.

ഭൂമികാത്രിതയാഭ്യാസാൽ ചിത്താർത്ഥവിരതേർവശാൽ
സത്വാത്മനി സ്ഥിതേ ശുദ്ധേ സത്വാപത്തിരുദാഹൃതാ 944

ആദ്യത്തെ മൂന്നു ഭുമികകളും വീണ്ടുംവീണ്ടുമഭ്യസിക്കുന്നതുകൊണ്ട് ചിത്തം വിഷയങ്ങളിൽനിന്ന് നിവർത്തിക്കുകയും ശുദ്ധമായ ആത്മാവിന്നഭിമുഖമായിത്തീരുകയുംചെയ്യും. സത്വാപത്തിയെന്നാണ് ഈ ഭൂമികക്കു പേർ.

ദശാചതുഷ്ടയാഭ്യാസാദസംസർഗ്ഗഫലാ തു യാ
രൂഢസത്വചമൽക്കാരാ പ്രോക്താഽസംസക്തിനാമികാ 945

നാലു ഭൂമികകളും ശ്രദ്ധയോടുകൂടി അഭ്യസിക്കുന്നതുകൊണ്ടുണ്ടാവുന്ന വൈരാഗ്യം ഹേതുവായിട്ട് ചിത്തത്തിൽ സത്വഗുണം വളരാനിടയായിത്തീരും. സത്വഗുണം വളരുന്നതോടെ

ചിത്തം മറ്റെല്ലാറ്റിനോടുമുള്ള ചേർച്ചയെ വിട്ട് ആത്മാവിലുറച്ചു നിൽക്കും. അഞ്ചാമത്തേതുമായ ഈ ഭൂമികയുടെ പേർ അസംസക്തിയെന്നാണ്.

ഭൂമികാപഞ്ചകാഭ്യാസാൽ സ്വാത്മാരാമതയാ ഭൃശം
ആഭ്യന്തരാണാം ബാഹ്യാനാം പദാർത്ഥാനാമഭാവനാൽ 946

പരപ്രയുക്തേന ചിരപ്രയത്നേനാത്മബോധനം
പദാർത്ഥഭാവനാ നാമ ഷഷ്ഠീ ഭവതീ ഭൂമികാ 947

അഞ്ചു ഭൂമികകളെ അഭ്യസിക്കുന്ന സാധകൻ ആത്മാവിൽ തന്നെ ആനന്ദിക്കാൻ തുടങ്ങും. ആത്മാനന്ദം കൂടുതൽ കൂടുതൽ അനുഭവപ്പെടുംതോറും പുറമെയുള്ള പദാർത്ഥങ്ങളേയും മനസ്സിലുള്ള സങ്കല്പങ്ങളേയും വിസ്മരിക്കും. ആത്മാരാമത്വം ദൃഢപ്പെടുന്നതോടെ അകത്തും പുറത്തുമുള്ള ഒന്നിനേയും ഓർമ്മിക്കാതാവും. ആത്മാരാമനായി സമാധിയിൽ മുഴുകിക്കൊണ്ടിരിക്കുന്ന അദ്ദേഹത്തെ വളരെ പ്രയത്നിച്ചാൽ മാത്രമേ സമാധിയിൽനിന്നുണർത്താൻ കഴിയു. അങ്ങിനെ മറ്റുള്ളവരുടെ പ്രേരണകൊണ്ടു മാത്രം ചിലപ്പോൾ ബാഹ്യലോകസ്മരണയുണ്ടായിക്കൊണ്ടും മറ്റുള്ള സമയത്തെല്ലാം ആത്മാരാമനായി സമാധിയിൽ മുഴുകിക്കൊണ്ടുമുള്ള അവസ്ഥയെയാണ് പദാർത്ഥഭാവന എന്ന ആറാമത്തെ ഭൂമികയെന്നു പറയുന്നത്.

ഷഡ്ഭൂമികാ ചിരാഭ്യാസാൽ ഭേദസ്യാനുപലംഭനാൽ
യൽ സ്വാഭാവൈകനിഷ്ഠത്വം സാ ജ്ഞേയാ തുര്യഗാ ഗതിഃ 948

ആറു ഭൂമികകളിലും വളരെക്കാലമഭ്യസിക്കുന്ന മുമുക്ഷുവിന് സകല ഭേദഭാവങ്ങളും നീങ്ങും. തന്റെ വാസ്തവസ്വരൂപമായി തന്നെയുള്ളസ്ഥിതിയാണ് പിന്നത്തെ അനുഭവം. അതിനെയാണ് തുര്യഗ എന്ന ഏഴാമത്തെ ഭൂമികയായി പറയുന്നത്. ജാഗ്രൽ

സ്വപ്നസുഷുപ്തികൾക്കതീതമായ തുരീയാവസ്ഥയാണ് ഈ ഭൂമികയിലെ അനുഭവം.

48. ജ്ഞാനലക്ഷണം

ഇദം മമേതി സർവ്വേഷു ദൃശ്യഭാവേഷ്വഭാവനാ
ജാഗ്രൽജാഗ്രതിദിപ്രാഹുർമഹാന്തോ ബ്രഹ്മവിത്തമഃ 949

കാണപ്പെടുന്ന വസ്തുക്കളിലൊന്നും ഇത് എന്റേതാണെന്ന ഭാവന ഇല്ലാതായിത്തീരലാണ് ജാഗ്രത്തിലെ ജാഗ്രത്തെന്നും ബ്രഹ്മജ്ഞന്മാരിൽവെച്ച് ശ്രേഷ്ഠന്മാരായ മഹാത്മാക്കൾ പറയുന്നു. ജ്ഞാനികൾക്കുമാത്രമെ ജാഗ്രൽ ജാഗ്രത്തിന്റെ അനുഭവമുണ്ടാകുകയുള്ളു.

വിദിത്വാ സച്ചിദാനന്ദേ മയി ദൃശ്യപരമ്പരാം
നാമരൂപപരിത്യാഗോ ജാഗ്രൽസ്വപ്നഃ സമീര്യതേ 950

സദ്, ചിത്, ആനന്ദം എന്നീ ലക്ഷണങ്ങളോടുകൂടിയ എന്നിൽ പ്രതിഭാസിക്കുന്നവയാണ് ദൃശ്യങ്ങളെല്ലാം തന്നെയും എന്ന റിഞ്ഞ് നാമരൂപങ്ങളെ ഉപേക്ഷിക്കലിനെയാണ് ജാഗ്രൽസ്വപ്ന മെന്നുപറയുന്നത്. നാമരൂപങ്ങൾ ആരോപണങ്ങളാണെന്നറി ഞ്ഞാൽ അവയെ ഉപേക്ഷിക്കാൻ എളുപ്പത്തിൽ കഴിയും.

പരിപൂർണ്ണചിദാകാശേ മയി ബോധാത്മതാം വിനാ
ന കിംചിദന്യദസ്തീതി ജാഗ്രൽസുപ്തി സമീര്യതേ 951

എങ്ങും നിറഞ്ഞവനും ചിദാകാശസ്വരൂപനുമായ എന്നിൽ ശുദ്ധമായ ജ്ഞാനമൊഴികെ മറ്റൊരുവസ്തുവുമില്ലന്ന അനുഭവ മാണ് ജാഗ്രത്തിലെ സുഷുപ്തിയെന്നുപറയുന്നത്.

മൂലാജ്ഞാനവിനാശേന കാരണാഭാസചേഷ്ടിതൈഃ
ബന്ധോനമേ*f*സ്തി സ്വല്പോ*f*പി സ്വപ്നജാഗ്രദിതീര്യതേ 952

മൂലഅജ്ഞാനം നശിച്ചുകഴിഞ്ഞതിനാൽ അജ്ഞാനം ഹേതുവായിട്ടുള്ളതായി തോന്നിയിരുന്ന മനോബുദ്ധീന്ദ്രിയങ്ങളുടെ ചേഷ്ട കൊണ്ട് എനിക്കല്പംപോലും ബന്ധമില്ലെന്ന ദൃഢബോധമാണ് സ്വപ്നജാഗ്രത്തെന്നു പരയുന്നത്.

കാരണജ്ഞാനനാശാദ് യൽ ദ്രഷ്ടൃദർശനദൃശ്യതാ
ന കാര്യമസ്തി തൽജ്ഞാനം സ്വപ്നഃസ്വപ്നഃ സമീര്യതേ 953

ദ്രഷ്ടാവ്, ദർശനം, ദൃശ്യം എന്നീ മൂന്നു ഭാവങ്ങൾ (ത്രിപുടി) യുണ്ടാവാനുള്ള കാരണം അജ്ഞാനമാണ്. കാരണമാകുന്ന അജ്ഞാനം നശിച്ചതോടെ കാര്യമായ ദ്രഷ്ടാവ്, ദർശനം, ദൃശ്യം എന്നിവയും സ്വാഭാവികമായിതന്നെ ഇല്ലാതാവുന്നു. ഈ അനുഭൂതിയെയാണ് സ്വപ്നത്തിലെ സ്വപ്നമെന്നു പറയപ്പെടുന്നത്.

അതിസൂക്ഷ്മവിമർശേന സ്വധീവൃത്തിരചഞ്ചലാ
വിലീയതേ യദാ ബോധേ സ്വപ്നസുപ്തിരിതീര്യതേ 954

അതിസൂക്ഷ്മമായ വിചാരംകൊണ്ട് അത്യന്തനിശ്ചലയായിത്തീർന്ന ബുദ്ധിവൃത്തി എപ്പോൾ ജ്ഞാനത്തിൽ ലയിക്കുന്നുവോ ആ അവസ്ഥയെയാണ് സ്വപ്നസുഷുപ്തിയെന്നു പറയുന്നത്.

ചിന്മയാകാരമതയോ ധീവൃത്തിപ്രസരൈർഗതഃ
ആനന്ദാനുഭവോ വിദ്വൻ സുപ്തിജാഗ്രദിതീര്യതേ 955

മനസ്സുതന്നെ ജ്ഞാനാകാരമായി പരിണമിച്ചതു ഹേതുവായിട്ട് ജീവഭാവംതന്നെയില്ലാതാവുകയും ചിത്തവൃത്തികൾ എന്നന്നേക്കുമായടങ്ങുകയും ചെയ്തുകൊണ്ട് ആനന്ദാനുഭവം തടസ്ഥമറ്റ

തായിത്തീരും. അല്ലയോ വിദ്വാനായ ശിഷ്യ, ഈ അനുഭവ ത്തെയാണ് സുഷുപ്തിയിലെ ജാഗ്രത്തെന്നു പറയുന്നത്.

വൃത്തൗ ചിരാനുഭൂതാന്തരാനാന്ദനുഭവസ്ഥിതൗ
സമാത്മതാം യോ യാത്യേഷ സുപ്തിസ്വപ്ന ഇതീര്യതേ 956

കുറേ അധികം കാലം തുടർച്ചയായി ആത്മാനന്ദം അനുഭവി ച്ചതുകൊണ്ട് വൃത്തികളെല്ലാമടങ്ങി ചിത്തം പരമനിശ്ചലവും ആത്മാവിനോട് തുല്യവുമായിത്തീരും. ആ അവസ്ഥയെയാണ് സുഷുപ്തിയിലെ സ്വപ്നമെന്നു പറയുന്നത്.

ദൃശ്യധീവൃത്തിരേതസ്യ കേവലീഭാവഭാവനാ
പരം ബോധൈകതാവാപ്തിഃ സുപ്തിസുപ്തിരിതീര്യതേ957

പരമജ്ഞാനസ്വരൂപവും നിരുപാധികവുമായ ബ്രഹ്മത്തെ നിരന്തരം ധ്യാനിക്കുന്നതുകൊണ്ട് ക്രമേണ ചിത്തവും ചിത്ത വൃത്തികളും കേവലബോധസ്വരൂപമായ ബ്രഹ്മത്താൽ നിറയാ നിടയായിത്തീരും. ചിത്തവൃത്തികളിലെല്ലാം ജ്ഞാനം വ്യാപിക്കു ന്നതോടെ ഏകരസമായ അദ്വൈതാനുഭൂതിയാണനുഭവപ്പെടുക. ഈ അവസ്ഥ സുഷുപ്തിയിലെ സുഷുപ്തിയെന്നു പറയപ്പെ ടുന്നു.

പരബ്രഹ്മവദാഭാതി നിർവ്വികാരൈകരൂപിണീ
സർവ്വാവസ്ഥാസു ധാരൈകാ തുര്യാഖ്യാ പരികീർത്തിതാ958

ജാഗ്രൽജാഗ്രത്തുതൊട്ട് സുഷുപ്തിയിലെ സുഷുപ്തി വരെ യുള്ള ഒമ്പതവസ്ഥകളിലും പരബ്രഹ്മംപോലെ യാതൊരു വികാരമില്ലാതെ ഒഴുകിക്കൊണ്ടിരിക്കുന്ന ജ്ഞാനധാരയെയാണ് തുരീയമെന്നു പറയുന്നത്. അവസ്ഥകളുടെ വികാരങ്ങളൊന്നും ജ്ഞാനധാരയെ ബാധിക്കുന്നില്ല. പ്രസ്തുത ഒമ്പതവസ്ഥകളും

തന്നിലുണ്ടായി നിലനിന്നു ലയിക്കുന്നത് സാക്ഷിരൂപേണ അറിയുന്ന അറിവിനെയാണ് തുരീയമെന്നു പറയുന്നത്.

ഇത്യവസ്ഥാസമുല്ലാസം വിമൃശൻ മുച്യതേ സുധീഃ
ശുഭേച്ഛാദിത്രയം ഭൂമിഭേദാഭേദയുതം സ്മൃതം 959

ഇങ്ങിനെ ജാഗ്രദാദി അവസ്ഥകളുടെ വികാസത്തെത്തന്നെ സൂക്ഷ്മമായി വിചാരംചെയ്യുന്ന സാധകൻ മുക്തനായിത്തീരുന്നു. ശുഭേച്ഛ തുടങ്ങിയ ആദ്യത്തെ മൂന്നു ഭൂമികകൾ ഭേദാഭേദ സ്വരൂപങ്ങളാണ്. അവയിൽ അഭ്യാസം നടത്തുന്ന സാധകന്റെ ഭേദഭാവം മുഴുവൻ നീങ്ങിയിട്ടില്ലാത്തതിനാൽ ചില സമയത്തെല്ലാം അഭേദഭാവവും (അദ്വൈതഭാവവും) അനുഭവപ്പെടും. ഇങ്ങനെ ഭേദാഭേദസ്വരൂപമാണ് ആദ്യത്തെ മൂന്നു ഭൂമികകൾ.

യഥാവൽഭേദബുദ്ധ്യേദം ജഗജ്ജാഗ്രദിതീര്യതേ

ആദ്യത്തെ മൂന്നു ഭൂമികകൾ ജാഗ്രദവസ്ഥയിലെ അനുഭവങ്ങളായിട്ടാണ് പറയപ്പെട്ടുവരുന്നത്. ഭേദഭാവന നിശേഷം നീങ്ങുന്നില്ല ഈ ഭൂമികകളിലെന്നതിനാലാണ് ആദ്യത്തെ മൂന്നു ഭൂമികകളെ ജാഗ്രദവസ്ഥയിൽ ഉൾപ്പെടുത്തിയത്.

അദ്വൈതേ സ്ഥൈര്യമായാതേ ദ്വൈതേ ച പ്രശമംഗതേ 960

ശയന്തി സ്വപ്നവല്ലോകം തുര്യഭൂമിസുയോഗതഃ

അദ്വൈതത്തിൽ ദൃഢത കിട്ടുംതോറും ദ്വൈതാനുഭൂതി ക്ഷയിച്ചുവരാൻ തുടങ്ങും. ലോകപദാർത്ഥങ്ങളെ സ്വപ്നപദാർത്ഥങ്ങളെയെന്നപോലെ അവ്യക്തമായിട്ടാണ് ഈ അവസ്ഥയിൽ കാണുക. ഇതാണ് നാലാമത്തെ ഭൂമികയായ അസംസക്തിയിലെ അനുഭവം. സ്വപ്നദൃശ്യങ്ങളെയെന്നപോലെ അവ്യക്തമായും മിഥ്യാസ്വരൂപമായും ലോകപദാർത്ഥങ്ങളെക്കാണുന്നു ഈ

അവസ്ഥയിൽ എന്നതിനാൽ നാലാമത്തെ ഭൂമിക സ്വപ്നാവസ്ഥ യാണെന്നു പറയപ്പെടുന്നു. ലോകപദാർത്ഥങ്ങളിൽ സത്യത്വ ബുദ്ധിയില്ലാതാവുന്ന ഈ അവസ്ഥയിലെന്നകാരണം ഹേതു വായിട്ട് സകല ലോകവ്യവഹാരങ്ങളിൽനിന്നും നിവൃത്തനായി ട്ടാണ് സാധകൻ നാലാമത്തെ ഭൂമികയിൽ സ്ഥിതിചെയ്യുന്നത്.

പഞ്ചമീം ഭൂമിമാരുഹ്യ സഷുപ്തിപദനാമികാം. 961

ശാന്താശേഷവിശേഷാംശസ്തിഷ്ഠേദദ്വൈതമാത്രകേ

അഞ്ചാമത്തെ ഭൂമികയെ സുഷുപ്തിയായിട്ടാണ് പറയാറ്. സർവ്വവിധ ഭേദഭാവങ്ങളുമടങ്ങി കേവലം അദ്വൈതവസ്തുവിൽ തന്നെ സ്ഥിതിചെയ്യുന്നു അഞ്ചാമത്തെ ഭൂമികയിൽ. സുഷുപ്തി യിൽ ഭേദഭാവനകൾ ഒന്നുമില്ലല്ലൊ. അതിനാലാണ് ഭൂമികക ളിലെ സുഷുപ്തിയെന്നു അഞ്ചാമത്തെ ഭൂമികയെ പറയുന്നത്.

അന്തർമ്മുഖതയാ നിത്യം ഷഷ്ഠിം ഭൂമിമുപാശ്രിതഃ 962

പരിശ്രാന്തതയാ ഗാഢനിദ്രാലുരിവ ലക്ഷ്യതേ

എപ്പോഴും അന്തർമുഖനായിരിക്കും ആറാമത്തെ ഭൂമികയിലെ ത്തിയ സാധകൻ. ചിത്തവൃത്തി ഏകാകാരമായിത്തീർന്ന ആത്മാ വിന്നഭിമുഖമായി എപ്പോഴും പ്രവഹിച്ചുകൊണ്ടിരിക്കും. അദ്ദേഹ ത്തിനെ കാണുന്നവർക്ക് അദ്ദേഹം തളർന്നുറങ്ങുകയാണെന്നേ തോന്നുകയുള്ളു. ബാഹ്യപ്രപഞ്ചത്തെ അറിയാത്ത അവസ്ഥയെ ഉറക്കമായിട്ടാണല്ലോ സാധാരണജനങ്ങൾ ധരിക്കുക. അതിനാ ലാണ് അദ്ദേഹം ഉറങ്ങുകയാണെന്നു കാണുന്നവർ വിചാരിക്കു ന്നത്. ബാഹ്യപ്രപഞ്ചത്തിൽനിന്നു മനോബുന്ദ്രിയങ്ങൾ നിവർത്തിച്ചതിനാൽ പ്രപഞ്ചദൃഷ്ടിയിൽ ഉറങ്ങുന്ന അദ്ദേഹം

പരമാർത്ഥത്തിൽ ആത്മാവിലുണർന്നിരിക്കുകയാണ്. ഇതാണ് ആറാമത്തെ ഭൂമികയിലെ അനുഭവം.

കുർവ്വന്നഭ്യാസമേതസ്യാം ഭൂമ്യാം സമ്യഗ്വിവാസനഃ 963

തുര്യാവസ്ഥാം സപ്തഭൂമിം ക്രമാദാപ്നോതി യോഗിരാട്
വിദേഹമുക്തിരേവാത്ര തുര്യാതീതദശോച്യതേ 964

ആറാമത്തെ ഭുമികയിൽ കുറച്ചുകാലം അഭ്യാസത്തെ അനുഷ്ഠിക്കുന്ന സാധകന്റെ വാസനകളെല്ലാം തന്നെയും ക്ഷയിക്കുന്നു. അങ്ങിനെ വാസനകൾ തീരെ ക്ഷയിച്ചുകഴിഞ്ഞ യോഗിശ്രേഷ്ഠൻ ക്രമേണ ഏഴാമത്തെ ഭൂമികയായ തുര്യഗയിലേയ്ക്ക് പ്രവേശിക്കുന്നു. ജാഗ്രൽസ്വപ്നസുഷുപ്തികളെ അതിക്രമിച്ച തുര്യാവസ്ഥയെയാണ് ഏഴാമത്തെ ഭുമികയായി പറയുന്നത്. തുരീയാവസ്ഥയേയും അതിക്രമിക്കുമ്പോഴാണ് വിദേഹമുക്തനാവുന്നത്.

യത്ര നാസന്ന സച്ചാപി നാഹം നാപ്യനഹംകൃതിഃ
കേവലം ക്ഷീണമനന ആസ്തേƒദ്വൈതേƒതിനിർഭയഃ 965

വിദേഹമുക്താവസ്ഥയിൽ ഒന്നിന്റേയും ഭാവും അഭാവവുമില്ല; ഉണ്മയോ ഇല്ലായ്മയോ ഇല്ല. അഹംകാരമോ അനഹംകാരമോ (ഞാനെന്ന തോന്നലിന്റെ വികാസമോ ലയമോ) സംഭവിക്കുന്നില്ല. യാതൊന്നും വിചാരിക്കാതെ സകല സങ്കല്പങ്ങളുമടങ്ങി പരമനിർഭയനായി അദ്വൈതതത്ത്വത്തോടേകീഭവിച്ചുകൊണ്ടുള്ള സ്ഥിതിയാണ് വിദേഹമുക്തി.

അന്തഃശൂന്യോ ബഹിഃശൂന്യഃ ശൂന്യകുംഭ ഇവാംബരേ
അന്തഃപൂർണ്ണോ ബഹിഃപൂർണ്ണഃ പൂർണ്ണകുംഭ ഇവാർണ്ണവേ 966

ആകാശത്തിൽ വെച്ചിരിക്കുന്ന ഒരു ഘടത്തിന്റെ അകത്തും പുറത്തും യാതൊരു പദാർത്ഥവുമില്ലാത്തതിനാൽ ശൂന്യതയാണ്. അതുപോലെ ഉള്ളിലും പുറത്തും യാതൊരു വിഷയത്തിന്റെയും പ്രതീതിയില്ലാതെ അദ്വൈതനിഷ്ഠയോടുകൂടിയ വിദേഹമുക്തന്റെ അകത്തും പുറത്തും ശൂന്യതയാണ്. സമുദ്രത്തിൽ മുക്കിയിട്ടിരിക്കുന്ന കുടത്തിന്റെ അകത്തും പുറത്തും സമുദ്രജലം നിറഞ്ഞിരിക്കുന്നതുപോലെ ബ്രഹ്മത്തിൽ മുഴുകിക്കിടക്കുന്ന വിദേഹമുക്തന്റെ അകവും പുറവും ബ്രഹ്മത്താൽ പൂർണ്ണമാണ്. വിദേഹമുക്തന്റെ അകത്തും പുറത്തും ദൃശ്യങ്ങളില്ലാത്തതിനാൽ ശൂന്യതയും ബ്രഹ്മത്താൽ വ്യാപ്തമായതിനാൽ പൂർണ്ണതയുമാണ്.

യഥാസ്ഥിതമിദം സർവ്വം വ്യവഹാരവതോ ƒപിച
അസ്തം ഗതം സ്ഥിതം വ്യോമ സ ജീവന്മുക്ത ഉച്യതേ 967

ലോകത്തിൽ വ്യാപരിച്ചുകൊണ്ടിരിക്കുന്നുണ്ടെങ്കിലും ലോകപദാർത്ഥങ്ങളെല്ലാം മുമ്പത്തെപ്പോലെ കാണപ്പെടുന്നുണ്ടെങ്കിലും അവയെല്ലാം സങ്കല്പമാത്രങ്ങളാണെന്നറിഞ്ഞ് ആകാശതുല്യം അവയോടൊന്നും ബന്ധപ്പെടാതിരിക്കുന്നവനാണ് ജീവമുക്തനെന്നു പറയപ്പെടുന്നു. അദ്ദേഹത്തിന് ജഗത്തിലുണ്ടായിരുന്ന സത്യബുദ്ധി അസ്തമിച്ചിരിക്കുന്നു. ആകാശംപോലെ നിർല്ലേപനായിരുന്നുകൊണ്ടാണ് പരിമിതമായ ലോകവ്യാപാരം അദ്ദേഹം നിർവഹിക്കുന്നത്.

നോദേതി നാസ്തമായാതി സുഖദുഃഖേ മനഃപ്രഭാ
യഥാ പ്രാപ്തസ്ഥിതിർയസ്യ സ ജീവന്മുക്ത ഉച്യതേ 968

സുഖപ്രാപ്തിയിൽ മനസ്സ് സന്തോഷംകൊണ്ടു വികസിക്കുകയോ, ദു:ഖം വരുമ്പോൾ സങ്കടംകൊണ്ട് സങ്കോചിക്കുകയോ

ചെയ്യാതെ എന്തുവന്നാലും മനസ്സിന്റെ ശാന്തഭാവത്തിനു മാറ്റ മില്ലാതിരിക്കുന്നവനെയാണ് ജീവമുക്തനെന്നു പറയുന്നത്.

യോ ജാഗർത്തി സുഷുപ്തിസ്ഥോ യസ്യ ജാഗ്രന്ന വിദ്യതേ
യസ്യ നിർവ്വാസനോ ബോധഃ സ ജീവന്മുക്ത ഉച്യതേ 969

സുഷുപ്തിയിൽ ഉണർന്നിരിക്കുന്നവനാണ് ജീവന്മുക്തൻ. ലോകത്തിലെ ഒരു വിഷയത്തെയും അറിയുന്നില്ല എന്നതിനാൽ സുഷുപ്തിയിൽ സ്ഥിതിചെയ്യുന്നു എങ്കിലും സ്വരൂപനിഷ്ഠയോടു കൂടിയാണിരിക്കുന്നതെന്നതിനാൽ ആത്മാവിലുണർന്നിരിക്കുക യാണ്. സ്ഥൂലേന്ദ്രിയങ്ങളെക്കൊണ്ട് ശബ്ദാദി വിഷയങ്ങളെ സ്വീകരിക്കാത്തതിനാൽ അദ്ദേഹത്തിന് ജാഗ്രദവസ്ഥതന്നെയില്ല. വാസനകളെല്ലാമടങ്ങിയ ശുദ്ധബോധത്തോടുകൂടിയ മഹാത്മാ വാണ് ജീവന്മുക്തൻ.

രാഗദ്വേഷഭയാദീനാമനുരൂപം ചരന്നപി
യോfന്തർവ്യോമവദത്യച്ഛഃ സജീവന്മുക്ത ഉച്യതേ 970

ജീവന്മുക്തന്റെ ബാഹ്യവ്യവഹാരം കാണുന്നവർക്കു ചില പ്പോൾ അദ്ദേഹം, രാഗം, ദ്വേഷം ഭയം എന്നീ വികാരങ്ങളെ ക്കൊണ്ടാണോ പ്രവർത്തിക്കുന്നത് എന്നുതോന്നാം. പക്ഷെ അദ്ദേഹത്തിന്റെ ചിത്തം ആകാശംപോലെ പരമനിർമ്മലമായി രിക്കും. രാഗം ദ്വേഷം, ഭയം മുതലായ വൃത്തികൾക്കൊന്നും അവിടെ സ്ഥാനമുണ്ടാവില്ല. അങ്ങിനെയുള്ള മഹാത്മാവിനേ യാണ് ജീവന്മുക്തനെന്നു പറയുന്നത്.

യസ്യ നാഹം കൃതോ ഭാവോ ബുദ്ധിർയസ്യ ന ലിപ്യതേ
കുർവ്വതോfകുർവ്വതോ വാപി സ ജീവന്മുക്ത ഉച്യതേ 971

എന്തു പ്രവർത്തിക്കുമ്പോഴും ഞാൻചെയ്യുന്നു എന്ന ഭാവമാവട്ടെ ഒരു പ്രവൃത്തിയും ചെയ്യാതിരിക്കുമ്പോൾ ഞാനൊന്നും ചെയ്യുന്നില്ല എന്ന അഭിമാനമാവട്ടെ അദ്ദേഹത്തിന് ഉണ്ടാവുന്നില്ല. പ്രവൃത്തിയോടും നിവർത്തിയോടും അദ്ദേഹത്തിന്റെ ബുദ്ധി ബന്ധപ്പെടുന്നില്ല. അങ്ങിനെയുള്ള മഹാത്മാവിനെയാണ് ജീവമുക്തനെന്നു പറയുന്നത്.

യഃ സമസ്താർത്ഥജാലേഷു വ്യവഹാര്യപി ശീതളഃ
പരാർത്ഥേഷ്വിവ പൂർണ്ണാത്മാ സ ജീവന്മുക്ത ഉച്യതേ 972

എന്തു വ്യവഹാരത്തിൽ വ്യാപരിക്കുമ്പോഴും അദ്ദേഹത്തിന്റെ ചിത്തം പരമശീതളമായിരിക്കും. പരിഭ്രമമോ ഫലമെന്താവുമെന്ന ചിന്തയോ ഉണ്ടാവില്ല. അന്യനുവേണ്ടി പ്രവർത്തിക്കുന്ന ആൾക്ക് എപ്രകാരം പ്രവൃത്തിയുടെ ഫലമായുണ്ടാവുന്ന ഗുണദോഷങ്ങളിൽ ബന്ധമുണ്ടാവുന്നില്ലയോ അപ്രകാരമായിരിക്കും അദ്ദേഹത്തിന്റെ വ്യവഹാരം. വ്യവഹരിക്കുമ്പോഴും ഒന്നും ചെയ്യാതിരിക്കുമ്പോഴും കൃതകൃത്യനും പൂർണ്ണമായി പ്രാപിക്കപ്പെട്ട ലക്ഷ്യത്തോടുകൂടിയവനുമായ മാഹാത്മാവിനെയാണ് ജീവമുക്തനെന്നു പറയുന്നത്.

ദ്വൈതവർജ്ജിതചിന്മാത്രേ പദേ പരമപാവനേ
അക്ഷുബ്ധചിത്തവിശ്രാന്തഃ സ ജീവന്മുക്ത ഉച്യതേ 973

ദ്വൈതത്തിന്റെ പ്രതീതിപോലുമില്ലാത്തതും ജ്ഞാനമാത്രവും, അത്യന്ത പവിത്രവുമായ പരമപദത്തിൽ ചിത്തം യാതൊരു ചലനവുമില്ലാതെ വിശ്രമിച്ചുകൊണ്ടിരിക്കും. അങ്ങിനെയുള്ള മഹാത്മാവാണ് ജീവന്മുക്തൻ.

ഇദം ജഗദയം സോ൯യം ദൃശ്യജാതമവാസ്തവം
യസ്യ ചിത്തേ ന സ്ഫുരതി സ ജീന്മുക്ത ഉച്യതേ 974

ഇത് ജഗത്താണ്, ഇവൻ ഇന്ന ആളാണ് എന്നീ ദൃശ്യങ്ങളൊന്നും തന്നെ അദ്ദേഹത്തിന്റെ ചിത്തത്തിൽ സ്ഫുരിക്കുന്നില്ല. എന്തുകൊണ്ടെന്നാൽ അവ സത്യമല്ലെന്നു അദ്ദേഹത്തിന്നുറപ്പു വന്നിരിക്കുന്നു. അസത്യവസ്തുക്കളായ ദൃശ്യങ്ങളുടെ സ്ഫുരണം പോലും ചിത്തത്തിലങ്കരിക്കാത്ത മഹാത്മാവിനെയാണ് ജീവന്മുക്തനെന്നു പറയുന്നത്.

ചിദാത്മാഹം പരാത്മാഹം നിർഗ്ഗുണോ*ƒ*ഹം പരാൽപരഃ
ആത്മമാത്രേണ യസ്തിഷ്ഠേൽ സ ജീവന്മുക്ത ഉച്യതേ 975

ഞാൻ ജ്ഞാനസ്വരൂപനും നിർഗ്ഗുണസർവ്വോൽകൃഷ്ടനുമായ പരമാത്മാവാണ് എന്ന ബോധത്തോടെ കേവലം ആത്മസ്വരൂപനായിട്ട് സ്ഥിതിചെയ്യുന്ന മഹാത്മാവിനെയാണ് ജീവമുക്തനെന്നു പറയുന്നത്.

ദേഹത്രയാതിരിക്തോ*ƒ*ഹം ശുദ്ധചൈതന്യമസ്മ്യഹം
ബ്രഹ്മാഹമിതി യസ്യാന്തഃ സ ജീവന്മുക്ത ഉച്യതേ 976

സ്ഥൂലസൂക്ഷമകാരണങ്ങളാകുന്ന മൂന്നുവിധ ശരീരങ്ങളേയും അതിക്രമിച്ചവനും ശുദ്ധചൈതന്യസ്വരൂപനുമായ ബ്രഹ്മം തന്നെ ഞാനെന്നബോധം എപ്പോഴും ചിത്തത്തിലുള്ള മഹാത്മാവിനെയാണ് ജീവമുക്തനെന്നു പറയുന്നത്.

യസ്യ ദേഹാദികം നാസ്തി യസ്യ ബ്രഹ്മേതി നിശ്ചയഃ
പരമാനന്ദപൂർണ്ണോയഃ സ ജീവന്മുക്ത ഉച്യതേ 977

ദേഹം മുതലായവ ഇല്ലാത്തവനും, ബ്രഹ്മമാണ് താനെന്ന് നിശ്ചയമുള്ളവനും, പരമാനന്ദപൂർണ്ണനുമായ മഹാത്മാവിനെയാണ് ജീവന്മുക്തനെന്ന് പറയുന്നത്.[2]

അഹം ബ്രഹ്മാസ്മ്യഹം ബ്രഹ്മാസ്മ്യഹം ബ്രഹ്മേതി നിശ്ചയഃ
ചിദഹം ചിദഹം ചേതി സ ജീവൻമുക്ത ഉച്യതേ 978

ഞാൻ ബ്രഹ്മമാകുന്നു, ഞാൻ ബ്രഹ്മംതന്നെ എന്നും ഞാൻ നിരുപാധികസ്വരൂപനാണെന്നുമുറച്ച വിശ്വാസവും ബ്രഹ്മാത്മബോധത്തെ ദൃഢപ്പെടുത്താനുപകരിക്കും. ശുദ്ധചൈതന്യസ്വരൂപമായ ബ്രഹ്മം തന്നെ ഞാനെന്നബോധം എപ്പോഴും ചിത്തത്തിലുള്ള മഹാത്മാവിനേയാണ് ജീവന്മുക്തനെന്നു പറയുന്നത്.

49. വിദേഹമുക്തി

ജീവന്മുക്തിപദം ത്യക്ത്വാ സ്വദേഹേ കാലസാൽകൃതേ
വിശത്യദേഹമുക്തിത്വം പവനോഽസ്പന്ദതാമിവ 979

ജീവന്മുക്തന്റെ ശരീരം കാലംകൊണ്ട് വീണുപോകുന്നസമയത്തു അദ്ദേഹം പ്രാപിക്കുന്ന അനുഭവത്തെയാണ് വിദേഹമുക്തിയെന്നു പറയുന്നത്. വായു നിശ്ചലമായിത്തീരുന്നതുപോലെയാണ് ജീവമുക്തൻ ശരീരപാതത്തോടെ വിദേഹമുക്തിയെ പ്രാപിക്കുന്നത്.

തതസ്തൽ സംബഭൂവാസൗ യൽഗിരാമപ്യഗോചരം
യൽശൂന്യവാദിനാം ശൂന്യം ബ്രഹ്മ ബ്രഹ്മവിദാം ച യൽ 980

---

[2] ഈ ശ്ലോകത്തിന്റെ അർത്ഥം മുഴുവനായും അടുത്ത ശ്ലോകത്തിന്റെ രണ്ടാമത്തെ വരിയുടെ അർത്ഥം ഭാഗികമായും വ്യാഖ്യാനത്തിൽ വിട്ടുപോയിരുന്നു. ഇവിടെ ചേർത്തിരിക്കുന്ന അർത്ഥം ഇ–ബുക്ക് തയ്യാറാക്കിയ സമ്പാദകന്റേതാണ്.

വിജ്ഞാനം വിജ്ഞാനവിദാം മലാനാം ച മലാത്മകം
പുരുഷഃ സാംഖ്യദൃഷ്ടീനാമീശ്വരോ യോഗവാദിനാം 981

ശിവഃ ശൈവാഗമസ്ഥാനാം കാലഃ കാലൈകവാദിനാം
യൽസർവ്വശാസ്ത്രസിദ്ധാന്തം യൽസർവ്വഹൃദയാനുഗം
യൽസർവ്വം സർവ്വഗം വസ്തു തത്തത്വം തദസൗ സ്ഥിതഃ 982

വിദേഹമുക്തിയടഞ്ഞ മഹാത്മാവ് വാക്കുകൊണ്ട് വർണ്ണിക്കാൻ കഴിയാത്തതായ അവസ്ഥയെപ്രാപിച്ചുകഴിഞ്ഞു. ശൂന്യവാദികൾ ശൂന്യമെന്നും ബ്രഹ്മജ്ഞന്മാർ ബ്രഹ്മമെന്നും പറയുന്ന തത്വമായിത്തീർന്നിരിക്കുന്നു. വിദേഹമുക്തൻ. വിജ്ഞാനവാദികളുടെ വിജ്ഞാനവും, മലിനവസ്തുക്കളിൽവെച്ച് എറ്റവും വലിയ മലമായ ശരീരവും. (ജൈനമതത്തിൽ ഒരു വിഭാഗക്കാരുടെ സിദ്ധാന്തം ശരീരമാണ് ലക്ഷ്യമെന്നാണ്) സാംഖ്യരുടെ പുരുഷനും, യോഗികളുടെ ഈശ്വരനുമായിത്തീർന്നു വിദേഹമുക്തൻ. ശൈവസിദ്ധാന്തപ്രകാരം ശൈവന്മാരുടെ പ്രാപ്യസ്ഥാനമായ ശിവനും, കാലമാണ് എല്ലാറ്റിന്റേയും മൂലകാരണമെന്നു വാദിക്കുന്നവരുടെ പ്രാപ്യസ്ഥാനമായ കാലവും. എല്ലാ ശാസ്ത്രങ്ങളുടെയും പരമസിദ്ധാന്തവും, എല്ലാവരുടേയും ഹൃദയത്തിൽ അന്തര്യാമിയായി വിളങ്ങന്നതും, എല്ലാമായും എങ്ങും നിറഞ്ഞും യാതൊരു പരമതത്വം വിളങ്ങന്നുവോ അതായിസ്ഥിതിചെയ്യുന്നു വിദേഹമുക്തൻ.

ബ്രഹ്മൈവാഹം ചിദൈവാഹമേവം വാപി ന ചിന്ത്യതേ
ചിന്മാത്രമേവ യസ്തിഷ്ഠേദ്വിദേഹോ മുക്ത ഏവ സഃ 983

ഞാൻ ബ്രഹ്മമാണ്, ഞാൻ ചിത്സ്വരൂപനാണ് എന്നിങ്ങനെയുള്ള ചിന്തപോലുമില്ലാതെ കേവലം ജ്ഞാനസ്വരൂപനായി സ്ഥിതിചെയ്യുന്ന മഹാത്മാവാണ് വിദേഹമുക്തൻ.

യസ്യ പ്രപഞ്ചഭാനം ന ബ്രഹ്മാകാരമപീഹ ന
അതീതാതീതഭാവോ യോ വിദേഹോമുക്ത ഏവ സഃ 984

പ്രപഞ്ചത്തിന്റെ പ്രതീതിയാവട്ടെ ബ്രഹ്മാകാരവൃത്തിയാവട്ടെ (ഞാൻ ബ്രഹ്മമാകുന്നു എന്നീ രൂപത്തിലുള്ള ചിത്തവൃത്തി പോലും) അദ്ദേഹത്തിനില്ല. ദൃശ്യങ്ങളുടെ ഭാവത്തിനും അഭാവ ത്തിനും (ഉണ്ടാവലിനും ഇല്ലാതാവലിനും) അതീതനായ മഹാത്മാവാണ് വിദേഹമുക്തൻ.

ചിത്തവൃത്തേരതീതോ യശ്ചിത്തവൃത്ത്യവഭാസകഃ
ചിത്തവൃത്തിവിഹീനോ യോ വിദേഹോമുക്ത ഏവ സഃ 985

ചിത്തവൃത്തികൾക്കെല്ലാമതീതനും, ചിത്തവൃത്തികളെ പ്രകാ ശിപ്പിക്കുന്നവനും, ചിത്തവൃത്തികൾതന്നെയില്ലാതായിത്തീർന്നവ നുമായ മഹാത്മാവാണ് വിദേഹമുക്തൻ.

ജീവാത്മേതി പരാത്മേതി സർവ്വ ചിന്താവിവർജ്ജിതഃ
സർവ്വസങ്കല്പഹീനാത്മാ വിദേഹോമുക്ത ഏവ സഃ 986

ജീവാത്മാവ് പരമാത്മാവ് എന്നിങ്ങനെയുള്ള എല്ലാ ചിന്ത കളുമടങ്ങിയവനും, യാതൊരുവിധ സങ്കല്പങ്ങളുമില്ലാത്തവനു മായ മഹാത്മാവാണ് വിദേഹമുക്തൻ.

ഓംകാരവാച്യഹീനാത്മാ സർവ്വവാച്യവിവർജ്ജിതഃ
അവസ്ഥാത്രയഹീനാത്മാ വിദേഹോ മുക്ത ഏവ സഃ 987

ജാഗ്രൽസ്വപ്നസുഷുപ്തികളാകുന്ന മൂന്നവസ്ഥകളേയും അതിക്രമിച്ചവനും. വാക്കുകളെക്കൊണ്ട് വർണ്ണിക്കാൻ കഴിയുന്ന എല്ലാറ്റിനുമതീതനും ഓംകാരത്താൽപോലും പ്രതിപാദിക്കാൻ കഴിയാത്തവനുമാണ് വിദേഹമുക്തൻ. വാക്കുകളെക്കൊണ്ട്

വർണ്ണിക്കാൻ സാധിക്കാത്തതാണ് വിദേഹമുക്തന്റെ അനുഭവ മെന്നർത്ഥം.

അഹിനിർലയനീ സർപ്പനിർമ്മോകോ ജീവവർജ്ജിതഃ
വത്മീകേ പതിതസ്തിഷ്ഠേസ്തം സർപ്പോ നാഭിമന്യതെ 988

ഏവം സ്ഥൂലം ച സൂക്ഷ്മം ച ശരീരം നാഭിമന്യതേ

പാമ്പ്, പുറ്റിൽ കിടക്കുന്നതും തന്നിൽനിന്ന് ഊരിപ്പോയതും ജീവനില്ലാത്തതുമായ തന്റെ ഉറയെ താനെന്നഭിമാനിക്കാറില്ല. അതുപോലെ സ്ഥൂലശരീരത്തേയും സൂക്ഷമശരീരത്തേയും വിദേഹമുക്തൻ താനെന്നഭിമാനിക്കാറില്ല. ജീവനില്ലാത്ത പാമ്പിന്റെ ഉറയെപ്പോലെയാണ് ജഡമായ തന്റെ ശരീരത്തെ വിദേഹമുക്തൻ കണക്കാക്കുന്നത്.

പ്രത്യഗ്ജ്ഞാനശിഖിധ്വസ്തേ മിത്ഥ്യാജ്ഞാനേ സഹേതുകേ 989

നേതിനേതീത്യരൂപത്വാദശരീരോ ഭവത്യയം

ജ്ഞാനമാകുന്ന അഗ്നിയിൽ മിഥ്യയായ അജ്ഞാനവും അജ്ഞാനകാര്യങ്ങളായ സ്ഥൂലസൂക്ഷമശരീരങ്ങളും അവയുടെ അനുഭവങ്ങളും ദഹിച്ചില്ലാതാവുന്നു. എല്ലാ ദൃശ്യങ്ങളേയും ഇതല്ല, ഇതല്ല എന്നു നിഷേധിച്ച് അവസാനത്തിൽ സ്ഥൂല സൂക്ഷമകാരണങ്ങളായ ശരീരത്രയങ്ങൾക്കതീതനായിത്തീരുന്നു വിദേഹമുക്തനായ മഹാത്മാവ്.

വിശ്വശ്ച തൈജസശ്ചൈവ പ്രാജ്ഞശ്ചേതി ച തേ ത്രയം 990

വിരാട് ഹിരണ്യഗർഭശ്ച ഈശ്വരശ്ചേതി തേ ത്രയം
ബ്രഹ്മാണ്ഡം ചൈവ പിണ്ഡാണ്ഡം ലോകാഃ ഭൂരാദയഃ ക്രമാൽ 991

സ്വസ്വോപാധിലയാദേവ ലീയന്തേ പ്രത്യഗാത്മനി
തൂഷ്ണീമേവ തതസ്തൂഷ്ണീം തൂഷ്ണീം സത്യം ന കിഞ്ചന 992

വിശ്വൻ, തൈജസൻ, പ്രാജ്ഞൻ എന്ന ജീവന്റെ മൂന്നു ഭാവങ്ങളും വിരാട്, ഹിരണ്യഗർഭൻ, ഈശ്വരൻ എന്നീ സമഷ്ടി ഭാവങ്ങളും, സമഷ്ടിപ്രപഞ്ചവുമായ ബ്രഹ്മാണ്ഡവും, വ്യഷ്ടി സ്വരൂപവുമായ ശരീരവും, ഭൂലോകം തുടങ്ങിയ ലോകങ്ങളും എല്ലാം അതാതിന്റെ ഉപാധികൾ ലയിക്കുന്നതിനാൽ പ്രത്യഗാത്മാവായ ബ്രഹ്മത്തിൽ ലയിച്ചേകീഭവിക്കുന്നു. ബ്രഹ്മത്തിൽ ഈ വകഭേദങ്ങളെല്ലാം വന്നുചേർന്നത് ഉപാധികളെക്കൊണ്ടാണ്. ഉപാധികൾ ലയിച്ചതോടെ ഭേദങ്ങളെല്ലാമാകന്നു ആത്മാവു മാത്രം ശേഷിക്കുന്നു. പിന്നീടുള്ള അവസ്ഥ ഒരു മഹാമൌനമാണ്. പ്രസ്തുത മൌനത്തിനു തടസ്ഥകരങ്ങളായ ഉപാധികളെല്ലാം ലയിച്ചതിനാൽ പിന്നീട് മുറിവില്ലാത്തതായ മഹാമൗനമാണനുഭവപ്പെടുന്നത്. ആ മഹാമൌനാവസ്ഥയാണ് സത്യം. മറ്റെല്ലാം അസത്യവുമാണ്.

കാലഭേദം വസ്തുഭേദം ദേശഭേദം സ്വഭേദകം
കിംചിൽ ഭേദം ന തസ്യാസ്തി കിംചിദ്വാപി ന വിദ്യതേ 993

ഭൂതവർത്തമാനഭാവികളാകുന്ന കാലത്തിന്റെ ഭേദമാകട്ടെ, സ്ഥൂലം, സൂക്ഷ്മം തുടങ്ങിയ വസ്തുഭേദമാവട്ടെ, ദേശഭേദമാവട്ടെ, തന്നിൽതന്നെയുള്ള ബാല്യ യൌവ്വന വാർദ്ധക്യാദി ഭേദമാവട്ടെ, മറ്റെന്തെങ്കിലും ഭേദമാവട്ടെ തെല്ലുപോലും അദ്ദേഹത്തിനില്ല. ഭേദഭാവം സ്ഫുരിക്കുന്നത് ചിത്തവൃത്തികളുള്ളപ്പോളാണല്ലോ. വൃത്തികളടങ്ങി ചിത്തം തിരയടങ്ങിയ കടൽപോലെ ആത്മാവിൽ ലയിച്ചേകീഭവിച്ച വിദേഹമുക്തന് യാതൊരുവിധ ഭേദവുമില്ല.

ജീവേശ്വരേതി വാക്യേ ച വേദശാസ്ത്രേഷ്വഹം ത്വിതി
ഇദം ചൈതന്യമേവേത്യഹം ചൈതന്യമിത്യപി 994

ഇതിനിശ്ചയശൂന്യോ യോ വൈദേഹോ മുക്ത ഏവ സഃ
ബ്രഹ്മൈവ വിദ്യതേ സാക്ഷാദ്വസ്തുതോ൯വസ്തുതോ൯പിച 995

തദ്വിദ്യാ വിഷയം ബ്രഹ്മ സത്യജ്ഞാനസുഖാത്മകം
ശാന്തം ച തദതീതം ച പരം ബ്രഹ്മ തദുച്യതേ 996

വേദങ്ങളിലും ശാസ്ത്രങ്ങളിലും പ്രതിപാദിച്ചിരിക്കുന്ന ജീവ ഭാവത്തിൽനിന്നും ഈശ്വരഭാവത്തിൽനിന്നും അതീതനായിക്കഴി ഞ്ഞു ആ മഹാത്മാവ്. ഇത് ചൈതന്യമാണെന്നോ, ആ ചൈതന്യവസ്തുവാണ് താനെന്നോ ഉള്ള യാതൊരുവിധ സങ്കല്പ ങ്ങളുമില്ലാത്ത മഹാത്മാവാണ് വിദേഹമുക്തൻ. പരമാർത്ഥവസ്തു ബ്രഹ്മംമാത്രമാണ്. അസത്യസ്വരൂപമായ ജഗത്തായി കാണപ്പെടുന്നതും ബ്രഹ്മത്തെത്തന്നെയാണ്. കയറാ യും കയറിൽ ഭ്രമംകൊണ്ട് ആരോപിക്കപ്പെട്ട പാമ്പായും വിളങ്ങു ന്നത് കയറാണല്ലോ. അപ്രകാരം ജ്ഞാനാവസ്ഥയിൽ ബ്രഹ്മ മായും അജ്ഞാനാവസ്ഥയിൽ ജഗത്തായും വിളങ്ങുന്നത് ബ്രഹ്മം തന്നെയാണ്. ജ്ഞാനംകൊണ്ടുമാത്രം പ്രാപിക്കാൻ കഴിയുന്നതാണ് സത്യം, ജ്ഞാനം, ആനന്ദം എന്നീ സ്വരൂപ ലക്ഷണങ്ങളോടുകൂടിയ ബ്രഹ്മം. അതിനും അതീതമാണ് പരമശാന്തമായ (സത്യജ്ഞാനാനന്ദാദി ലക്ഷണങ്ങൾ പോലുമി ല്ലാത്തതും, ഒരുവിധത്തിലും നിർവ്വചിക്കാൻ കഴിയാത്തതുമായ) പരബ്രഹ്മം.

സിദ്ധാന്തോധ്യാത്മശാസ്ത്രാണാം സർവ്വപഹ്നവ ഏവഹി
നാവിദ്യാസ്തീഹ നോ മായാ ശാന്തം ബ്രഹ്മൈവ തദ്വിനാ 997

എല്ലാം (ദൃശ്യങ്ങൾ) ഇല്ലാതാവലാണ് അദ്ധ്യാത്മശാസ്ത്രങ്ങളുടെയെല്ലാം പരമസിദ്ധാന്തം. നാനാത്വമില്ലാതായാലല്ലാതെ അദ്വൈതബ്രഹ്മം മാത്രമായിത്തീരലുണ്ടാവില്ലല്ലോ. അവിദ്യയോ മായയോ ഒന്നുംതന്നെയില്ല. ശാന്തമായ ബ്രഹ്മമൊഴിച്ചു മറ്റൊന്നും തന്നെയില്ല.

പ്രിയേഷു സ്വേഷു സുകൃതമപ്രിയേഷു ച ദുഷ്കൃതം
വിസൃജ്യ ധ്യാനയോഗേന ബ്രഹ്മാപ്യേതി സനാതനം 998

പുണ്യപാപങ്ങളൊന്നും വിദേഹമുക്തനിൽ ശേഷിക്കുന്നില്ല. അദ്ദേഹത്തെ മാനിക്കുന്നവർക്കു പുണ്യവും, നിന്ദിക്കുന്നവർക്കു അദ്ദേഹത്തിന്റെ പാപവും കിട്ടുന്നു. പുണ്യവാസനകളും പാപവാസനകളും ക്ഷയിച്ച് അദ്ദേഹം നിരന്തരമായി ചെയ്യുന്ന ധ്യാനയോഗം കൊണ്ട് ബ്രഹ്മംതന്നെയായിത്തീരുന്നു.

യാവദ്യാവച്ച സൽബുദ്ധേ സ്വയം സംത്യജത്യേƒഖിലം
താവത്താവൽ പരാനന്ദഃ പരമാത്മൈവ ശിഷ്യതേ 999

ശുദ്ധാന്തഃകരണനായ അല്ലയോ ശിഷ്യ, നീ എത്രത്തോളം എല്ലാറ്റിനേയും ഉപാക്ഷിക്കുന്നുവോ അത്രത്തോളം പരമാനന്ദസ്വരൂപനായ പരമാത്മാവാണ് ശേഷിക്കുന്നത്. ദൃശ്യങ്ങളാണല്ലോ പരമാത്മാവിന് മറവായിനിൽക്കുന്നത്. അവയെ എത്രത്തോളം അകറ്റാൻ കഴിയുന്നുവോ അത്രത്തോളം പരമാത്മാവിനോടടുക്കാനും മുഴുവനുമകറ്റാൻ കഴിഞ്ഞാൽ പരമാത്മാവ് മാത്രമായിത്തീരാനും ഇടയായിത്തീരും.

യത്ര യത്ര മൃതോ ജ്ഞാനീ പരമാക്ഷരവിത്സദാ
പരേ ബ്രഹ്മണി ലീയേത ന തസ്യോൽക്രാന്തിരിഷ്യതേ 1000

നാശരഹിതമായ പരബ്രഹ്മത്തെ അറിയുന്ന ജ്ഞാനി എവിടെവെച്ച് ഏതവസ്ഥയിൽ ശരീരത്യാഗം ചെയ്താലും പരബ്രഹ്മത്തിൽ ലയിക്കുന്നു. അദ്ദേഹത്തിന് പിന്നീട് പുനർജന്മമുണ്ടാവുന്നില്ല.

യത്തൽ സ്വാഭിമതം വസ്തു തത്ത്യജൻ മോക്ഷമശ്നുതേ
അസംകല്പേന ശാസ്ത്രേണ ഛിന്നം ചിത്തമിദം യദാ 1001

സർവ്വം സർവ്വഗതം ശാന്തം ബ്രഹ്മസംപദ്യതേ തദാ
ഇതിശ്രുത്വാ ഗുരോർ വാക്യം ശിഷ്യസ്തു ഛിന്നസംശയഃ 1002

ജ്ഞാതജ്ഞേയഃ സംപ്രണമ്യ സൽഗുരോശ്ചരണാംബുജം
സ തേന സമനുജ്ഞാതോ യയൗനിർമ്മുക്തബന്ധനഃ 1003

തനിക്കേറ്റവും പ്രിയപ്പെട്ട വസ്തുക്കളെയെല്ലാം ഓരോന്നായി ഉപേക്ഷിക്കാൻ കഴിഞ്ഞാൽ അദ്ദേഹത്തിനു മുക്തനാവാൻ കഴിയും. ഏതെങ്കിലും വസ്തുവിൽ പ്രിയമുള്ളേടത്തോളംകാലം അതിനെപറ്റിയുള്ള സങ്കല്പങ്ങളുമുണ്ടായിരിക്കും. സങ്കല്പങ്ങളാണല്ലോ ചിത്തത്തെ നിലനിർത്തിക്കൊണ്ടിരിക്കുന്നത് പ്രിയവസ്തുക്കളെ ഉപേക്ഷിക്കാൻ സാധിച്ചാൽ സങ്കല്പങ്ങളടങ്ങും. ഒന്നിനേയും സങ്കല്പിക്കാതിരിക്കലാകുന്ന ആയുധംകൊണ്ട് ചിത്തത്തെ മുറിക്കാൻ കഴിഞ്ഞാൽ എല്ലാമായും, സർവ്വത്ര നിറഞ്ഞും, ശാന്തമായും വിളങ്ങുന്ന ബ്രഹ്മമായിത്തീരുന്നു. ചിത്തമാണ് ബ്രഹ്മപ്രാപ്തിക്ക് തടസ്ഥം. അസങ്കല്പംകൊണ്ട് ചിത്തത്തെ നശിപ്പിച്ചാൽ ആ മഹാത്മാവ് ബ്രഹ്മം തന്നെയായിത്തീരുന്നു.

ഇപ്രകാരമുള്ള ഗുരുവിന്റെ ഉപദേശംകൊണ്ട് ശിഷ്യന്റെ എല്ലാ സംശയങ്ങളും തീർന്നു. അറിയേണ്ടതായ ബ്രഹ്മത്തെ അറിയാൻ കഴിഞ്ഞവനും കൃതാർത്ഥനുമായ ശിഷ്യൻ സൽഗുരുവിന്റെ പാദാരവിന്ദങ്ങളിൽ ദണ്ഡനമസ്കാരം ചെയ്തു. സകല

ബന്ധങ്ങളുമറ്റ അദ്ദേഹം ഗുരുനാഥന്റെ അനുജ്ഞ വാങ്ങി അവിടെനിന്നു എങ്ങോട്ടെന്നില്ലാതെ യാത്രയായി.

ഗുരുരേഷ സദാനന്ദസിന്ധൗ നിർമ്മഗ്നമാനസഃ
പാവയൻ വസുധാം സർവ്വാം വിചചാര നിരുത്തരഃ 1004

ഗുരുവാകട്ടെ, എപ്പോഴും ആനന്ദസമുദ്രത്തിൽ മുഴുകിക്കൊണ്ടും തന്റെ സാന്നിദ്ധ്യവിശേഷം കൊണ്ടും മഹാമൌനം കൊണ്ടും ലോകത്തെ അനുഗ്രഹിച്ചുകൊണ്ട് ഭൂമിയിൽ സഞ്ചരിക്കുന്നു.

ഇത്യാചാര്യസ്യ ശിഷ്യസ്യ സംവാദേനാത്മലക്ഷണം
നിരൂപിതം മുമുക്ഷൂണാം സുഖബോധോപപത്തയേ 1005

മുമുക്ഷുക്കൾക്കെളുപ്പത്തിൽ മനസിലാവണമെന്ന ഉദ്ദേശത്തെ മുൻനിർത്തിക്കൊണ്ട് ഗുരുശിഷ്യ സദവാദസ്വരൂപേണ ആത്മസ്വരൂപത്തെ ഇപ്രകാരം നിരൂപിക്കപ്പെട്ടു.

സർവ്വവേദാന്തസിദ്ധാന്തസാരസംഗ്രഹനാമകഃ
ഗ്രന്ഥോയം ഹൃദയഗ്രന്ഥിവിച്ഛിത്യൈ രചിതഃ സതാം 1006

അന്തഃകരണപരിശുദ്ധി വന്ന സജ്ജനങ്ങളുടെ ഹൃദയഗ്രന്ഥിയാകുന്ന അജ്ഞാനത്തെ നശിപ്പിക്കാനാണ് സർവ്വവേദാന്തസിദ്ധാന്തസംരഗ്രഹമെന്ന ഈ ഗ്രന്ഥം നിർമ്മിച്ചത്. ഇതിനെ പഠിച്ചു മനനം ചെയ്താൽതന്നെ അതുകൊണ്ട് ഹൃദയഗ്രന്ഥി നശിക്കാനും മുക്തനായിത്തീരാനും ഇടയായിത്തീരും.

സമാപ്തം